താങ്കൾക്ക് ബൈബിൾ ഗ്രഹിക്കാം

# പുതിയനിയമ നിരീക്ഷണം

# മത്തായി – വെളിപ്പാട്

BOB UTLEY
PROFESSOR OF HERMENEUTICS
(BIBLE INTERPRETATION)

BIBLE LESSONS INTERNATIONAL:MARSHALL, TEXAS
2000 (REVISED 2007)

## ഉള്ളടക്കം:


ഉത്തമ വേദപുസ്തക വായനയ്ക്കുള്ള മാർഗ്ഗനിർദ്ദേശം ........ 3
പ്രാരംഭപ്രസ്താവന ........ 11
പ്രാരംഭപ്രസ്താവന മത്തായിയുടെ സുവിശേഷം: ഒരു മുഖവുര ........ 13
മർക്കൊസിന്റെ സുവിശേഷം: ഒരു മുഖവുര ........ 19
ലൂക്കൊസിന്റെ സുവിശേഷം: ഒരു മുഖവുര ........ 26
യോഹന്നാന്റെ സുവിശേഷം: ഒരു മുഖവുര ........ 34
അപ്പോസ്തല പ്രവൃത്തികൾ: ഒരു മുഖവുര ........ 44
റോമാലേഖനം: ഒരു മുഖവുര ........ 55
കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം: ഒരു മുഖവുര ........ 61
കൊരിന്ത്യർക്കെഴുതിയ ര ാം ലേഖനം: ഒരു മുഖവുര ........ 69
ഗലാത്യ ലേഖനം: ഒരു മുഖവുര ........ 76
എഫെസ്യ ലേഖനം: ഒരു മുഖവുര ........ 81
ഫിലിപ്പ്യ ലേഖനം: ഒരു മുഖവുര ........ 91
കൊലൊസ്യ ലേഖനം: ഒരു മുഖവുര ........ 98
തെസ്സലോനിക്യ ലേഖനങ്ങൾ: ഒരു മുഖവുര ........ 107
ഇടയലേഖനങ്ങൾ: ഒരു മുഖവുര 1, 2 തിമഥെയൊസ്, തിത്തോസ് ........ 119
തീത്തോസിന്റെ ലേഖനം : ഒരു മുഖവുര ........ 126
ഫിലേമോന്റെ ലേഖനം : ഒരു മുഖവുര ........ 128
എബ്രായർ ലേഖനം : ഒരു മുഖവുര ........ 131
യാക്കോബിന്റെ ലേഖനം : ഒരു മുഖവുര ........ 138
1 പത്രോസിന്റെ ലേഖനം : ഒരു മുഖവുര ........ 144
പത്രൊസ് എന്ന മനുഷ്യൻ: ........ 149
2 പത്രോസിന്റെ ലേഖനം : ഒരു മുഖവുര ........ 153
1 യോഹന്നാന്റെ ലേഖനം : ഒരു മുഖവുര ........ 158
2, 3 യോഹന്നാന്റെ ലേഖനങ്ങൾ : ഒരു മുഖവുര ........ 164
യൂദായുടെ ലേഖനം : ഒരു മുഖവുര ........ 167
പഴയ നിയമ പ്രവചനങ്ങൾ: ഒരു മുഖവുര ........ 172
വെളിപ്പാട് പുസ്തകം: ഒരു മുഖവുര ........ 177
വെളിപ്പാടുപുസ്തകത്തിനൊരു നിർണ്ണായകമായ മുഖവുര ........ 190
അനുബന്ധം ഒന്ന് ........ 198
അനുബന്ധം ര ് ........ 209
അനുബന്ധം മൂന്ന് ........ 213

# ഫലപ്രദമായ വേദപുസ്തക വായനയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ: സത്യങ്ങൾ തെളിയിക്കുന്നതിനുവേ ി ഒരു വ്യക്തിഗത അന്വേഷണം

സത്യമറിയുവാൻ നമുക്ക് കഴിയുമോ? എവിടെയാണ് സത്യം ക ത്തുക? സത്യം യുക്തിപരമായി തെളിയിക്കാനാകുമോ? ഒരു ആത്യന്തിക പരമാധികാരം ഉ േ ാ? നമ്മുടെ ജീവിതവും, നമ്മുടെ ലോകവും നയിക്കത്തക്ക ഒരു അഖണ്ഡ സത്യം ഉ േ ാ? ജീവിതത്തിനൊരു അർത്ഥമു േ ാ? നാമെന്തിനാണ് ഈ ഭൂമിയിലായിരിക്കുന്നത്? നാം എങ്ങോട്ടാണ് പോകുന്നത്? യുക്തിവാദികൾ-ഉന്നയിക്കുന്നതും പര്യാലോചിക്കുന്നതുമായ-ചോദ്യങ്ങളാണിവ. പ്രാരംഭകാലം മുതൽ മനുഷ്യബുദ്ധിയെ തുടരെ ചോദ്യം ചെയ്യുന്ന ചോദ്യങ്ങളാണിവ (സഭാപ്രസംഗി 1:13-18; 3:9-11)

എന്റെ വ്യക്തിജീവിത കേന്ദ്രതലത്തിൽ ഈ അന്വേഷണതത്വം സംയോജിപ്പിച്ചതു ഞാൻ ഓർമ്മിക്കുന്നു. എന്റെ ഭവനത്തിലെ പ്രധാന വ്യക്തികളുടെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ യൗവന പ്രായത്തിൽത്തന്നെ ഒരു ക്രിസ്തുവിശ്വാസിയായിത്തീർന്നു. ഞാൻ പ്രായമാകുന്നതനുസരിച്ച് ലോകത്തെപ്പറ്റിയും എന്നെക്കുറിച്ചുമുള്ള ചോദ്യങ്ങളും വർദ്ധിച്ചുകൊ ിരുന്നു. ഞാൻ വായിച്ചും അഭിമുഖീകരിച്ചും അനുഭവിച്ചവ അർത്ഥസമ്പൂർണ്ണമാണെന്നും എന്നാൽ കേവല മത-സാംസ്കാരിക കഥകൾ അർത്ഥരഹിതവുമാണെന്ന തിരിച്ചറിവ് കാലക്രമേണ എനിക്ക് ലഭിച്ചു. ഞാൻ ജീവിക്കുന്ന കാഠിന്യം നിറഞ്ഞതും ചേതനയറ്റതുമായ ഈ ലോകത്തിൽ എന്റെ അന്വേഷണങ്ങളും, താൽപര്യവും, പലപ്പോഴും പ്രതീക്ഷകളറ്റതും ആശയക്കുഴപ്പം സൃഷ്ടിക്കുന്നമായിത്തീർന്നു.

ഈ ആത്യന്തിക ചോദ്യങ്ങൾക്കുള്ള ഉത്തരം തങ്ങൾക്കുെ ന്ന് പലരും അവകാശപ്പെട്ടു. എങ്കിലും എന്റെ ഗവേഷണത്തിന്റെയും പര്യാലോചനയുടെയും ഫലമായി ഈ ഉത്തരങ്ങളായ (1) വ്യക്തിഗത തത്ത്വങ്ങളും (2) പുരാതന മിഥ്യാകഥകളും (3) വ്യക്തിഗത അനുഭവങ്ങളും അതുമല്ലെങ്കിൽ (4) മാനസിക കല്പനകളാണെന്നും എനിക്ക് വ്യക്തമായി ബോധ്യപ്പെട്ടു. എന്റെ വീക്ഷണവും ഉദ്ഗ്രഥനവും, ജീവിക്കുന്നതിനുള്ള കാരണവും ഒരു പരിധിവരെ യുക്തിപൂർവം, തെളിവുകളാൽ ആധികാരികമായി സ്ഥിരീകരിക്കണമെന്ന് ഞാൻ ദൃഢനിശ്ചയമെടുത്തു.

എന്റെ വേദപുസ്തക പഠനത്തിൽ ഈ വസ്തുതകൾ ക ു. വേദപുസ്തകത്തിന്റെ വിശ്വാസ്യതയുടെ തെളിവുകൾ ഞാൻ അന്വേഷിക്കുവാനാരംഭിച്ചു. (1) പുരാവസ്തുശേഖരപ്രകാരം വേദപുസ്തക ചരിത്രവിശ്വാസ്യത; (2) പഴയനിയമ പ്രവചനങ്ങളുടെ കൃത്യത; (3) നീ 1600 വർഷങ്ങൾക്കൊ ് എഴുതപ്പെട്ട വേദപുസ്തക സന്ദേശങ്ങളുടെ അതുല്യ ഐക്യത (4) വേദപുസ്തക സന്ദേശങ്ങൾ മുഖാന്തിരം ജീവിതം സ്ഥായിയായി രൂപാന്തരപ്പെട്ടവരുടെ വ്യക്തിപരമായ അനുഭവസാക്ഷ്യങ്ങൾ. വേദപുസ്തകത്തിന്റെ ആധികാരികതയും വിശ്വാസീയതയും, വേദപുസ്തകം ദൈവവചനമാണെന്ന സ്ഥിരീകരണവും ഉറപ്പും എന്നിൽ പകർന്നു. വിശ്വാസപ്രമാണങ്ങളുടെ ഏകീകൃത സംസ്ഥാപനമെന്ന നിലയിൽ, മനുഷ്യന്റെ സങ്കീർണ്ണമായ ചോദ്യങ്ങൾ വ്യക്തമായി കൈകാര്യം ചെയ്യുവാൻ ക്രിസ്തീയതയ്ക്ക് സാധിക്കുമെന്ന് എനിക്കുറപ്പായി. എന്റെ യുക്തിസഹജമായ ഒരു ചട്ടക്കൂടായി മാത്രമല്ല വേദപുസ്തക വിശ്വാസത്തിന്റെ അനുഭവതലം എന്നിൽ വൈകാരിക സന്തോഷവും സ്ഥിരതയും നൽകി.

വേദപുസ്തകത്തെ-എന്റെ ജീവിതത്തിന്റെ കേന്ദ്രഉദ്ഗ്രഥനമായി ഞാൻ ക ത്തിയതായി ചിന്തിച്ചു. ഇത് ഒരുതരം ലഹരിയും വൈകാരികമോചനവും എനിക്ക് നൽകി. ഒരേ സഭയിലും വേദപഠന ശാലകളിലും എത്രയധികം വ്യത്യസ്ത വ്യാഖ്യാനങ്ങളാണ് വേദപുസ്തകത്തിന് നൽകുന്നത് എന്ന വസ്തുത ഞാൻ മനസ്സിലാക്കിയപ്പോൾ എന്നിൽ ഞെട്ടലും വേദനയുമു ായി. വേദപുസ്തകത്തിന്റെ വിശ്വാസ്യതയും ദൈവശ്വസനവും സ്ഥിരീകരിക്കുന്നത് ഒരു അവസാനമില്ല, പ്രത്യുത അത് ആരംഭം മാത്രമാകുന്നു. വചനത്തിന്റെ ആധികാരികതയും വിശ്വാസ്യതയും അവകാശപ്പെടുന്നവർ മനസ്സിലാക്കുവാൻ പ്രയാസമുള്ള അനേക വേദഭാഗങ്ങൾക്ക് നൽകുന്ന വൈവിധ്യവും വൈരുദ്ധ്യവുമായ വ്യാഖ്യാനങ്ങൾ ഞാൻ എങ്ങനെ സ്ഥിരീകരിക്കും അല്ലെങ്കിൽ നിരസിക്കും എന്ന ചോദ്യം എന്നിൽ ശക്തമായി.

ഈ കൃത്യം എന്റെ ജീവിതകാല ലക്ഷ്യമായും വിശ്വാസപ്രയാണമായും പരിണമിച്ചു. ക്രിസ്തുവിലുള്ള എന്റെ വിശ്വാസം എന്നിൽ മഹനീയ സമാധാനവും സന്തോഷവും പ്രദാനം ചെയ്തുവെന്ന് ഞാൻ ഗ്രഹിച്ചു. എന്റെ ആപേക്ഷിക സംസ്കാരം, മതസമ്പ്രദായങ്ങളുടെ തെളിവില്ലാത്ത സ്വാഭിപ്രായകലഹം, സഭാവിഭാഗ അധികാരഗർവ്വ് എന്നിവയുടെ മദ്ധ്യത്തിൽ എന്റെ മനസ്സ് അഖണ്ഡിത സത്യങ്ങൾക്കായി ദാഹിച്ചു. പുരാതന സാഹിത്യ വ്യാഖ്യാനങ്ങൾക്കായി പ്രബല സമീപനങ്ങൾ പരിശോധിച്ചപ്പോൾ എന്റെ ചരിത്ര-സാംസ്കാരിക, സഭാവിഭാഗ അനുഭവങ്ങളുടെ മുൻവിധികളും പക്ഷാപാത ചായ്‌വും ക ത്തിയപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടു. എന്റെ സ്വന്തം കാഴ്ചപ്പാടുകൾ വീ ും ദൃഢീകരിക്കുന്ന വേദവായനാ രീതിയായിരുന്നു പലപ്പോഴും എനിക്കു ായിരുന്നത്. എന്റെ ഈ കാഴ്ചപ്പാടുകൾ ആധാരമാക്കി മറ്റുള്ളവരെ രൂക്ഷമായി വിമർശിക്കുകയും സ്വന്തം അരക്ഷിതത്വവും അപര്യാപ്തതയും ഞാൻ ഉറപ്പിക്കുകയും ചെയ്തുപോന്നു. ഈ തിരിച്ചറിവ് എന്നിൽ എത്രയധികം വേദനയുളവാക്കിയെന്നോ!

ഒരിക്കലും എനിക്ക് പരിപൂർണ്ണമായി വേദപുസ്തകം പഠിക്കുവാൻ സാധിക്കില്ലെങ്കിൽത്തന്നെയും ഒരു മികച്ച വായനാരീതിയും ശീലവും അവലംബിക്കാൻ എനിക്ക് സാധിക്കും. നീതിയുക്തമല്ലാത്ത വ്യാഖ്യാനങ്ങളുടെ സാന്നിധ്യം തിരിച്ചറിഞ്ഞ് തെറ്റുകൾ നിയന്ത്രിക്കുന്നതിന് എനിക്ക് സാധിക്കും. ഞാൻ

അവയിൽനിന്നും സ്വതന്ത്രനല്ലെങ്കിലും എന്റെ വ്യാഖ്യാന പാളിച്ചകൾ കൈകാര്യം ചെയ്യുക സാധ്യമാണ്. ചിലപ്പോൾ, മികച്ച വേദവായനയുടെ തീവ്ര എതിരാളിയാണ് ഒരു വ്യാഖ്യാനി!

അതുകൊ ്, വേദപഠനത്തിൽ എനിക്കുള്ള ദീർഘദർശിതങ്ങളിൽ ചിലതു ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു, വായനക്കാരായ നിങ്ങൾ എന്നോടൊപ്പം ഇവ പരിശോധിക്കുക.

1. ഏകസത്യദൈവത്തിന്റെ സ്വയശ്വസീയ വെളിപ്പെടുത്തലാണ് വേദപുസ്തകമെന്ന് ഞാൻ വിശ്വസിക്കുന്നു. ആകയാൽ, നിർദ്ദിഷ്ട ചരിത്രപശ്ചാത്തലത്തിൽ നിന്നുകൊ ് ഒരു മാനുഷ്യ ഗ്രന്ഥകർത്താവാൽ രചിക്കപ്പെട്ടതും മൂലകാരണമായ ഗ്രന്ഥകർത്താവായ ദൈവത്തിന്റെ ഉദ്ദേശ്യവും ഗ്രഹിച്ചുകൊ ് മാത്രമായിരിക്കണം വേദപുസ്തകം വ്യാഖ്യാനിക്കേ ത്.
2. സാധാരണക്കാരായ -സർവ്വമാനവരാശിയ്ക്കുംവേ ി പൊതുവായി എഴുതപ്പെട്ട ഗ്രന്ഥമാണ് വേദപുസ്തകം എന്ന് ഞാൻ വിശ്വസിക്കുന്നു! ഒരു ചരിത്ര-സാംസ്കാരിക പശ്ചാത്തലാടി സ്ഥാനത്തിനുള്ളിൽ നിന്നുകൊ ് മനുഷ്യനോട് സംഭാഷിക്കുന്നതിന് ദൈവം പൊരുത്തപ്പെട്ടു എന്നു ഞാൻ വിശ്വസിക്കുന്നു. ദൈവം സത്യം മൂടിവയ്ക്കുന്നില്ല-നാം അവ മനസ്സിലാക്കണ മെന്ന് ദൈവമാഗ്രഹിക്കുന്നു! ആകയാൽ, നമ്മുടെ കാലഘട്ടത്തിനനുസരിച്ചല്ല, എഴുതപ്പെട്ട കാലത്തിനനുസരിച്ച് വചനം വ്യാഖ്യാനിക്കണം. പ്രഥമ വായനക്കാർ വായിച്ചപ്പോഴും കേട്ടപ്പോഴും അവർക്ക് അർത്ഥമാകാതിരുന്നവ ഒരിക്കലും നമുക്കും അർത്ഥമാകുന്നില്ല. ഒരു ശരാശരി മനുഷ്യമനസ്സിന് മനസ്സിലാകുന്ന വിധത്തിലും സാധാരണ മനുഷ്യർക്ക് അനായായസം ഗ്രഹിക്കാവുന്ന ആശയവിനിമയ ഘടനയും സമ്പ്രദായവും ബൈബിളിൽ അവലംബിച്ചിട്ടു ്.
3. വേദപുസ്തകത്തിന് ഒരു ഏകീകൃത സന്ദേശവും ഉദ്ദേശ്യവും ഉ ന്നും ഞാൻ വിശ്വസിക്കുന്നു. ഗ്രഹിക്കുവാൻ പ്രയാസമുള്ളതും വിരോധാഭാസമു ന്നു തോന്നുന്നതുമായ ഭാഗങ്ങളും ബൈബിളിൽ ഉൾപ്പെടുന്നുവെങ്കിലും ഇവ തമ്മിൽ തമ്മിൽ വൈരുദ്ധ്യങ്ങളല്ല. ആകയാൽ, വേദപുസ്തകത്തിന്റെ ഉത്തമ വ്യാഖ്യാനി വേദപുസ്തകം തന്നെയാകുന്നു.
4. ദൈവത്താൽ പ്രചോദിക്കപ്പെട്ട പ്രഥമ ഗ്രന്ഥകർത്താക്കളുടെ ഉദ്ദേശ്യത്തെ ആധാരമാക്കിയുള്ള ഏക അർത്ഥം മാത്രമാണ് ഓരോ വേദഭാഗത്തിനുമുള്ളത് (പ്രവചനങ്ങൾ ഒഴികെ). പ്രഥമ ഗ്രന്ഥകർത്താക്കളുടെ യഥാർത്ഥ ഉദ്ദേശ്യം അഖണ്ഡിതമായി മനസ്സിലാക്കുന്നത് അസാധ്യമാണെങ്കിലും ശരിയായ അർത്ഥം നമുക്ക് ഗ്രഹിക്കുവാൻ സഹായകരമായ വിവിധ സൂചനകൾ അതാത് വേദഭാഗങ്ങളിലു ്.
    1. സന്ദേശം വെളിപ്പെടുത്തുവാൻ തിരഞ്ഞെടുത്ത സാഹിത്യശൈലി (Genre)
        - (a) രചന വെളിപ്പെടുത്തിയതിന്റെ പ്രത്യേക സാഹചര്യവും ചരിത്ര പശ്ചാത്തലവും
        - (b) ഓരോ പുസ്തകത്തിന്റെയും ആകമാന സാഹിത്യശൈലിയും ഓരോ ഭാഗങ്ങളുടെ സാഹിത്യശൈലിയും
        - (c) സമ്പൂർണ്ണ സന്ദേശവുമായി ഓരോ സാഹിത്യ ഘടനയുടെയും മൂലഗ്രന്ഥാനുസൃത രൂപകല്പന ബന്ധപ്പെട്ടിരിക്കുന്ന വിധം.
        - (d) ഒരു സന്ദേശം ആശയവിനിമയം ചെയ്യുന്നതിന് അവലംബിച്ച പ്രത്യേക വ്യാകരണ ലക്ഷണങ്ങൾ.
        - (e) സന്ദേശം അവതരിപ്പിക്കുന്നതിന് തെരഞ്ഞെടുത്ത പദങ്ങൾ

ഒരു വേദഭാഗം പഠിക്കുമ്പോൾ ലക്ഷ്യങ്ങളായി ഈ ഓരോ തലങ്ങളും പഠനവിധേയമാക്കണം. അനുയോജ്യമായ വേദവായനയ്ക്കുവേ ി ഞാൻ നിർദ്ദേശിക്കുന്ന സമ്പ്രദായം (രീതി) വിവരിക്കുന്നതിന് മുൻപായി, നാം നിലവിൽ സർവ്വസാധാരണയായി ഉപയോഗിച്ചുവരുന്നതും നാനാത്വ അർത്ഥങ്ങൾ (വ്യാഖ്യാനങ്ങൾ) കൊ ുവരുന്നതുമായ, എന്നാൽ തികച്ചും ഒഴിവാക്കേ , അനുചിത വായനാരീതികൾ വ്യക്തമാക്കുന്നതും ഏറെ സഹായകരമാകുന്നു.


1. വേദപുസ്കത്തിന്റെ ആകമാന പശ്ചാത്തലം, വാചകങ്ങൾ, വാക്കുകൾ ഒറ്റപ്പെട്ട പദങ്ങൾ എന്നിവ ഗ്രന്ഥകർത്താവ് ഉദ്ദേശിക്കാത്തതായ സത്യപ്രസ്താവനകളായി അവതരിപ്പിക്കുന്ന രീതിയും, ഓരോ പുസ്തത്തിന്റെയും സാഹിത്യശൈലി അവഗണിക്കുന്നതും നാം ഒഴിവാക്കണം. ഇതിനെ ''തെറ്റുകൾ ഉദ്ധരിക്കുക'' (proof texting) എന്ന് വിളിക്കാറു ്.
2. മൂലവേദവാക്യവുമായി യാതൊരു പിൻതാങ്ങലുമില്ലാത്ത സാങ്കല്പിക ചരിത്ര പശ്ചാത്തലം യഥാർത്ഥ ചരിത്ര പശ്ചാത്തലത്തിന് പകരം വീക്ഷിക്കുന്ന രീതി നാം ഒഴിവാക്കണം.
3. വേദപുസ്തകപുസ്തകങ്ങളുടെ ഓരോ ചരിത്ര പശ്ചാത്തലവും അവഗണിക്കുകയും, ഓരോ ആധുനിക ക്രിസ്ത്യാനികൾക്കും എഴുതപ്പെട്ട പ്രാദേശിക പ്രഭാത വാർത്താ പത്രം പോലെ ദൈവവചനം വായിക്കുന്ന രീതിയും നാം ഒഴിവാക്കണം.
4. ഗ്രന്ഥകർത്താവിന്റെ പ്രഥമ ഉദ്ദേശ്യവും, പ്രഥമ വായനക്കാർ ഗ്രഹിച്ച അർത്ഥവും അവഗണിച്ചിട്ട് യാതൊരു ബന്ധവുമില്ലാത്ത തത്ത്വജ്ഞാന/വേദശാസ്ത്രപര ദൃഷ്ടാന്ത സന്ദേശങ്ങൾ അവതരിപ്പിക്കുന്നതും നാം ഒഴിവാക്കണം.

5. പ്രഥമ സന്ദേശം അവഗണിക്കുകയും രചനയുടെ ലക്ഷ്യവും പ്രസ്താവിക്കപ്പെട്ട സന്ദേശവുമായി യാതൊരു ബന്ധമില്ലാത്തതും, വ്യക്തിഗത വ്യാഖ്യാന രീതിയുടെ അടിസ്ഥാനത്തിൽ ഓരോരുത്തർ അവരവർക്കിഷ്ടപ്പെട്ട ഉപദേശങ്ങൾ സമകാലിക പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്നതുമായ രീതികൾ തികച്ചും ഒഴിവാക്കുക.
പ്രസംഗകന്റെ അധികാരം ഉറപ്പിക്കുന്ന പ്രവണതയായി വചനവായനയുടെ പ്രാരംഭം എന്ന രീതി പരിണമിക്കാറു ്. ഈ ‘‘വായനക്കാരന്റെ പ്രതികരണ രീതി’’ (വചനം-എനിക്കെങ്ങനെ അർത്ഥമായി എന്ന-വ്യാഖ്യാന രീതി) എന്ന് സാധാരണയായി പരാമർശിക്കുന്ന ഒരു രീതിയായി മാറിക്കഴിഞ്ഞു.

എല്ലാ മാനുഷിക രചനാ ആയശവിനിമയങ്ങളിലും ബന്ധപ്പെട്ടിരിക്കുന്ന മൂന്ന് ഘടകങ്ങൾ നിലവിലു ്:




മുൻകാലത്ത്, ഈ മൂന്ന് ഘടകങ്ങളിലോരോന്നിനും വ്യത്യസ്ത വായനാസമ്പ്രദായങ്ങൾക്ക് ശ്രദ്ധ നൽകിയിരുന്നു. വേദപുസ്തകത്തിന്റെ അദ്വീത ദൈവശ്വാസീയതയ്ക്ക് വിപുലീകരിച്ച ഈ രേഖാചിത്രം കൂടുതൽ അനുയോജ്യമാകുന്നു.




യഥാർത്ഥത്തിൽ, വ്യാഖ്യാന പ്രക്രീയയിൽ ഈ മൂന്നു ഘടകങ്ങളും ഉൾപ്പെടുത്തണം. ഇതു തെളിയിക്കുന്നതിന് എന്റെ വ്യാഖ്യാനരീതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് ര ് ഘടകങ്ങളിലാണ്: പ്രഥമ ഗ്രന്ഥകർത്താവും വേദഭാഗവും. ഒരുപക്ഷേ നിരീക്ഷിക്കപ്പെട്ട ദുരുപയോഗങ്ങളോട് ഞാൻ പ്രതികരിക്കുന്നതായിരിക്കാം. (1) വേദഭാഗങ്ങളുടെ ആത്മീകവൽക്കരണ-ദൃഷ്ടാന്തപര വ്യാഖ്യാന രീതി (2) വായനക്കാരന്റെ പ്രതികരണ രീതി (വചനം-എനിക്കെങ്ങനെ-അർത്ഥമായി). വ്യാഖ്യാനത്തിന്റെ ഏത് ഘട്ടത്തിലും ദുർവ്യാഖ്യാനം സംഭവിക്കാനിടയു ്. നാം എല്ലായ്പ്പോഴും (ദുർവ്യാഖ്യാനം) നമ്മുടെ ആന്തരോദ്ദേശ്യവും, മുൻവിധികളും, സാങ്കേതികത്വവും പ്രോയോഗികതയും പരിശോധിക്കണം. എന്നാൽ വചനവ്യാഖ്യാനത്തിന് ചില നിയമങ്ങളും പരിമിധികളും മാനദണ്ഡങ്ങളുമില്ലെങ്കിൽ നാം എപ്രകാരം വ്യാഖ്യാനരീതി പരിശോധിക്കും? സാധ്യവും ന്യായവുമായ വ്യാഖ്യാനങ്ങളുടെ സാധ്യത നിശ്ചയിക്കുന്നതിന് ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യവും വേദഭാഗങ്ങളുടെ ഘടനയും ഏറെ സഹായകരമാകുന്നു.

ഈ സന്ദർഭത്തിൽ പൊരുത്തക്കേടുകളുള്ള വായനാ സമ്പ്രദായങ്ങളുടെ വെളിച്ചത്തിൽ, നമ്മെ ബോധ്യപ്പെടുത്തുന്നതും സ്ഥിരതയുള്ളതുമായ വ്യാഖ്യാനങ്ങൾ ഫലപ്രദമായ വേദവായനയ്ക്ക് അനുയോജ്യമായ സമീപനങ്ങൾ നിശ്ചയിക്കുന്നു.

ഈ ഘട്ടത്തിൽ വ്യാഖ്യാന ശാസ്ത്രത്തിലെ പ്രത്യേക സാഹിത്യശൈലികളും വ്യത്യസ്ഥ സമ്പ്രദായങ്ങളും ഞാൻ ചർച്ചാവിധേയമാക്കുന്നില്ല. പ്രത്യുത, എല്ലാവിധ വേദഭാഗങ്ങളും വ്യാഖ്യാനിക്കുന്നതിന് അനുയോജ്യമായ പൊതുവ്യാഖ്യാന തത്വങ്ങൾ രേഖപ്പെടുത്തുന്നു. Zondervan (സോൻഡർവാൻ) പ്രസിദ്ധീകരിച്ചിട്ടുള്ള Gorden Fee and Douglas Stuart-ന്റെ *'How to read the Bible For all its worth* (*വേദപുസ്തകം പരമാവധി മനസ്സിലാക്കുവാൻ എങ്ങനെ വായിക്കണം*) എന്ന പുസ്തകത്തിൽ ഓരോ സാഹിത്യ ശൈലിയും വ്യാഖ്യാന സമീപനങ്ങളും വ്യക്തമായി വിശദീകരിച്ചിട്ടു ്.

നാല് വ്യക്തിഗത വായനാചക്രങ്ങളിലൂടെ വചനം പരിശുദ്ധാത്മാവിനാൽ പ്രകാശിക്കപ്പെടേ തിന് വായനക്കാർ ഏല്പിച്ചുകൊടുക്കുന്ന പഠന രീതിയാണ് ഞാൻ പ്രാരംഭത്തിൽ പ്രോത്സാഹിപ്പിക്കുന്നത്. വിവിധ വേദപുസ്തക ഭാഷ്യങ്ങൾ അനുചിതമായി സ്വാധീനിക്കാതിരിക്കുവാൻ വായനക്കാരെ ഈ പഠനരീതി ഏറെ സംരക്ഷിക്കും. ‘‘ഭാഷ്യങ്ങളുടെമേൽ ദൈവവചനം ധാരാളം വെളിച്ചം വീശുന്നു ്’’ എന്നും ഞാൻ കേട്ടിട്ടു ്. പഠനോപാധികളുടെ പ്രസക്തിയെ ഞാൻ വിലകുറച്ചു കാണിക്കുന്നതിനാഗ്രഹിക്കുന്നില്ല, എന്നാൽ അതിലുപരി ഇവയുടെ ഉപയോഗം അനുയോജ്യമായ സമയത്ത് മാത്രമായി പരിമിതപ്പെടുത്തണം എന്ന് അപേക്ഷിക്കുന്നു.

വ്യാഖ്യാനങ്ങൾ വേദഭാഗത്തുനിന്നുതന്നെ പിൻതുണയ്ക്കണം, തെളിയിക്കണം. പരിമിതമായി തെളിയിക്കുന്നതിന് പ്രധാനമായും അഞ്ച് മേഖലകൾ നിർദ്ദേശിക്കുന്നു.

(1) ചരിത്ര സന്ദർഭം
(2) സാഹിത്യ പശ്ചാത്തലം
(3) വ്യാകരണ ഘടന (പദവ്യവസ്ഥ)
(4) സമകാലീന പദപ്രയോഗം
(5) പ്രസക്ത സമാന്തര ഖണ്ഡികകൾ

നമ്മുടെ വ്യാഖ്യാനങ്ങൾ കാരണങ്ങളും യുക്തിയും നൽകി വ്യക്തമാക്കുന്നതിന് സാധിക്കണം. നമ്മുടെ വിശ്വാസത്തിനും പ്രായോഗികതയ്ക്കും ഏക ഉറവിടം വേദപുസ്തകം മാത്രമാണ്. എങ്കിലും, വേദപുസ്തകം പഠിപ്പിക്കുന്നത് നിശ്ചയിക്കുന്ന മാനദണ്ഡങ്ങളോട് ക്രിസ്ത്യാനികൾ പലപ്പോഴും വിയോജിക്കാറുെ ന്നുള്ള വസ്തുത ഖേദകരമാകുന്നു. ശരിയായ വ്യാഖ്യാനത്തിന് ഉൾക്കാഴ്ച നൽകുന്ന

നാല് വായനാ പരിവൃത്തി (Reading cycle) ആസൂത്രണം ചെയ്തിട്ടു ്.

(1) ഒന്നാമത്തെ വായന പരിവൃത്തി

(a) ഒറ്റയിരിപ്പിൽ ഒരു പുസ്തകം പൂർണ്ണമായും വായിച്ചു തീർക്കുക. തുടർന്ന്, മറ്റൊരു പരിഭാഷയിലും വായിക്കുക (ഒരേ പരിഭാഷാരീതി അവലംബിച്ച പരിഭാഷ തിരഞ്ഞെടുക്കുന്നത് നല്ലതാണ്):

(i) അക്ഷരാർത്ഥ വ്യാഖ്യാനം (NKJV, NASB, NRSV)

(ii) സമാനാർത്ഥപദ വ്യാഖ്യാനം (TEV, JB)

(iii) ഭാവാർത്ഥവിവരണ വ്യാഖ്യാനം (Living Bible, Amplified Bible)

(b) സമഗ്ര എഴുത്തിന്റെ കേന്ദ്രലക്ഷ്യം മനസ്സിലാക്കി, പ്രമേയം തിരിച്ചറിയുക.

(c) ഈ കേന്ദ്രലക്ഷ്യം അഥവാ പ്രമേയം വ്യക്തമായി വെളിപ്പെടുത്തുന്ന ഒരു സാഹിത്യഭാഗം, അല്ലെങ്കിൽ ഒരു അദ്ധ്യായം, ഒരു ഖണ്ഡിക അല്ലെങ്കിൽ ഒരു വാചകം പ്രത്യേകം തിരിച്ചറിയുക. (അടയാളപ്പെടുത്തുക)

(d) പ്രാമുഖ്യമുള്ള സാഹിത്യശൈലി തിരിച്ചറിയുക.

(i) പഴയനിയമം
1) എബ്രായ ആഖ്യാനം
2) എബ്രായ കാവ്യം (ജ്ഞാനസാഹിത്യം, സങ്കീർത്തനം)
3) എബ്രായ പ്രവചനം (ഗദ്യം, കവിത)
4) നിയമഗ്രന്ഥങ്ങൾ

(ii) പുതിയ നിയമം
1) ആഖ്യാനം (സുവിശേഷങ്ങൾ, അപ്പൊസ്തല പ്രവൃത്തികൾ)
2) ലേഖനങ്ങൾ/എഴുത്തുകൾ
3) വെളിപ്പാട് സാഹിത്യം

(2) ര ാം വായനാ പരിവൃത്തി

(a) പുസ്തകം വീ ും സമ്പൂർണ്ണമായി വായിക്കുക പ്രധാന വിഷയങ്ങൾ തിരിച്ചറിയുക.

(b) പ്രധാന പ്രതിപാദ്യവിഷയങ്ങളുടെ രൂപരേഖ തയ്യാറാക്കുകയും ഉള്ളടക്കസംഗ്രഹം ഒരു പ്രഖ്യാപക പ്രസ്താവനയായി രേഖപ്പെടുത്തുകയും ചെയ്യുക.

(c) നിങ്ങളുടെ ലക്ഷ്യപ്രസ്താവനയും വിശാല രൂപരേഖയും പഠനോപാധികളുമായി ചേർത്ത് പരിശോധിക്കുക.

(3) മൂന്നാം വായനാ പരിവൃത്തി

(a) തിരഞ്ഞെടുത്ത പുസ്തകം ഒരാവർത്തിക്കൂടെ വായിക്കുക. എഴുതുവാൻ സംജാതമായ പ്രത്യേക സാഹചര്യവും ചരിത്ര സന്ദർഭവും തിരിച്ചറിയുക.

(b) ഈ ചരിത്ര വസ്തുതകൾ എഴുതുക.

(i) ഗ്രന്ഥകാരൻ

(ii) എഴുതിയ കാലം (വർഷം)

(iii) സ്വീകർത്താക്കൾ

(iv) എഴുതുവാനുള്ള പ്രത്യേക കാരണം

(v) സാംസ്കാരിക സന്ദർഭങ്ങൾ എഴുത്തിന്റെ ലക്ഷ്യവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.

(c) താങ്കൾ വ്യാഖ്യാനിക്കുന്ന പുസ്തകത്തിന്റെ ഒരു ഭാഗത്ത് താങ്കളുടെ രൂപരേഖ (ഘടന) ഒരു ഖണ്ഡികയായി വികസിപ്പിക്കുക. ഓരോ സാഹിത്യഭാഗവും വേർതിരിച്ചറിഞ്ഞ്

അവ പ്രത്യേക ഘടനയക്കുക. ഒരുപക്ഷേ ഇവ ചില അദ്ധ്യായങ്ങളോ ഖണ്ഡികകളോ ആയിരിക്കാം. യഥാർത്ഥ ഗ്രന്ഥകാരന്റെ യുക്തിയും മൂലവാക്യ രൂപഘടനയും ഗ്രഹിച്ചുകൊ ് വചനം വായിക്കുന്നതിന് ഈ രീതി ഏറെ സഹായിക്കുന്നു.

(d) ചരിത്രസംസ്കാര സന്ദർഭവും നിർണ്ണയിക്കുക

(4) നാലാം വായനാ പരിവൃത്തി

(a) പ്രത്യേക സാഹിത്യ വേദഭാഗം വിവധ പരിഭാഷകളിൽ വായിക്കുക.

(b) സാഹിത്യ-വ്യാകരണ ഘടനകൾ പ്രത്യേകം മനസ്സിലാക്കുക

(i) ആവർത്തിച്ചിരിക്കുന്ന പദപ്രയോഗങ്ങൾ

(ii) ആവർത്തിച്ചിരിക്കുന്ന വ്യാകരണ രൂപഘടന

(iii) വൈരുദ്ധ്യ ആശയങ്ങൾ

(c) താഴെ എഴുതിയിരിക്കുന്നവയുടെ പട്ടിക തയ്യാറാക്കുക:

(i) പ്രസക്ത പദങ്ങൾ

(ii) അസാധാരണ പദങ്ങൾ

(iii) പ്രസക്ത വ്യാകരണ ഘടനകൾ

(iv) പ്രയാസമുള്ള പദങ്ങൾ, ഉപവാക്യങ്ങൾ, വാചകങ്ങൾ

(d) പ്രസക്തമായ സമാന്തര വേദഭാഗങ്ങൾ നിർണ്ണയിക്കുക

(i) ഈ വിഷയം വ്യക്തമായി വിവരിക്കുന്ന മറ്റ് പ്രസക്ത വേദഭാഗങ്ങളുമായി ഒത്തുനോക്കുക:

a) ''വ്യവസ്ഥാപിത ദൈവശാസ്ത്ര'' പുസ്തകങ്ങൾ

b) സൂചനാ-പഠന വേദപുസ്തകങ്ങൾ

c) ശബ്ദസൂചിക

(ii) പഠന വിധേയമാക്കിയ വിഷയത്തിനുള്ളിൽത്തന്നെ സാധ്യമായ പ്രത്യക്ഷ വിപരീത ആശയങ്ങൾ നോക്കുക; അനേക വേദപുസ്തക സത്യങ്ങളും പ്രാദേശിക ഭാഷയിൽ അവതരിപ്പിച്ചിട്ടു ്. ഉന്നത സഭാവിഭാഗ ഭിന്നതകളും പല വേദഭാഗങ്ങളും തെറ്റായി വ്യാഖ്യാനിക്കുന്നതിന്റെ ഫലമാണ്. വേദ പുസ്തകം പൂർണ്ണമായും ദൈവശ്വാസീയമാകുന്നു. ആകയാൽ, നമ്മുടെ വേദവ്യാഖ്യാനം ഒരു രീതിയിൽ സന്തുലിതാവസ്ഥ നിലനിർത്തിക്കൊ ് വചനത്തിന്റെ പൂർണ്ണ സന്ദേശം പിരഗണിക്കേ തു ്.

(iii) നാം വായിക്കുവാൻ തെരഞ്ഞെടുത്ത പുസ്തകത്തിൽത്തന്നെയോ, അതേ ഗ്രന്ഥകർത്താവിന്റെ മറ്റ് പുസ്തകങ്ങളിലോ അതേ സാഹിത്യശൈലിയിലു മുള്ളതോ ആയ സമാന്തരവേദഭാഗങ്ങൾ ക ുപിടിക്കുക. വേദപുസ്തകം തന്നെയാണ് വചനത്തിന്റെ വ്യാഖ്യാനസഹായി. കാരണം, ഒരൊറ്റ ഗ്രന്ഥ കർത്താവും ഒരേ ആത്മാവുമാണ് രചനയുടെ പിന്നിൽ പ്രവർത്തിച്ചിട്ടുള്ളത്.

(e) പഠനഗ്രന്ഥങ്ങൾ ഉപയോഗിച്ച് ചരിത്ര സന്ദർഭവും സാഹചര്യവും പുന:പരിശോധിക്കുക.

(i) പഠന വേദപുസ്തകങ്ങൾ (Study Bibles)

(ii) വേദപുസ്തക നിഘണ്ടു, വേദപുസ്തക സംഗ്രഹ പുസ്തകം, വേദപുസ്തക വിജ്ഞാനകോശം

(iii) വേദപുസ്തക മുഖവുര

(iv) വേദപുസ്തക ഭാഷ്യങ്ങൾ (താങ്കൾക്ക് വിശ്വാസമുള്ള ഒരു കമ്മന്ററി (ഭാഷ്യം) ഉപയോഗിച്ച് വ്യക്തിഗത പഠനവിവരങ്ങൾ പുന:പരിശോധിക്കുക)

വചനത്തിന്റെ പ്രായോഗിക വശങ്ങളാണ് ഇനി നാം പരിഗണിക്കുന്നത്. വേദഭാഗത്തിന്റെ പ്രഥമ സന്ദർഭം നാം മനസ്സിലാക്കുന്നതിന് അദ്ധ്വാനിച്ചു; നമ്മുടെ സംസ്കാരത്തിൽ ഈ വചനം എങ്ങനെ പ്രായോഗികമാക്കാം എന്ന് ഇനി പഠിക്കാം. ''യഥാർത്ഥ ഗ്രന്ഥകാരൻ തന്റെ കാലഘട്ടത്ത് പ്രസ്താവിക്കാൻ ശ്രമിച്ച സത്യങ്ങൾ നമുക്ക് ഇന്ന് എപ്രകാരം പ്രായോഗികമാക്കാം എന്ന് മനസ്സിലാക്കുന്ന രീതിയെ വേദപുസ്തക ആധികാരിത'' എന്ന് ഞാൻ വിശേഷിപ്പിക്കുന്നു.

പ്രഥമ ഗ്രന്ഥകാരൻ ഉദ്ദേശിച്ച വ്യാഖ്യാന സമയത്തോടും യുക്തിപൂർവ്വമായ ചിന്തയോടും ബന്ധപ്പെടുത്തി പ്രോയോഗിക തത്ത്വങ്ങൾ പ്രസ്താവിക്കണം! അക്കാലത്ത് വേദഭാഗങ്ങൾ ഉദ്ദേശിച്ച അർത്ഥം ഗ്രഹിക്കാതെ അതിന്റെ പ്രായോഗികതകൾ ഇന്ന് എടുക്കുവാൻ സാധിക്കില്ല!

ഖണ്ഡികയുടെ വിശദാംശ രൂപരേഖ (#3 വായനാ പരിവൃത്തി) നിങ്ങൾക്ക് ഒരു മാർഗ്ഗദർശിയാണ്. പ്രോയോഗിക ആശയങ്ങൾ പദാനുപദങ്ങളിൽ നിന്നല്ല, ഖണ്ഡികയിൽ നിന്നുമാണ് ഉത്ഭവിക്കുന്നത്. പദങ്ങൾക്കും ഉപവാക്യങ്ങൾക്കും, വാചകങ്ങൾക്കും സന്ദർഭാടിസ്ഥാന അർത്ഥമാണുള്ളത്. യഥാർത്ഥ എഴുത്തുകാരൻ മാത്രമാണ് വ്യാഖ്യാന പ്രകാശനം ലഭിച്ച വ്യക്തി. ഇന്ന് പരിശുദ്ധാത്മാവിന്റെ സഹായത്താൽ നാം അവ അനുഗമിക്കുക മാത്രമാണ് ചെയ്യുന്നത്. പ്രകാശനം ദൈവശ്വാസീയമല്ല. ''ഇപ്രകാരം യഹോവ അരുളിച്ചെയ്യുന്നു'' എന്ന് യഥാർത്ഥ എഴുത്തുകാരൻ പറയുന്നത് നാം സ്വീകരിക്കുകയാണ് ചെയ്യുന്നത്. ഗ്രന്ഥത്തിന്റെ പൂർണ്ണ ഉദ്ദേശ്യവും പ്രത്യേക സാഹിത്യഘടകവും ആശയങ്ങൾ ഖണ്ഡികകളിലൂടെ വികസിപ്പിച്ചിട്ടുള്ളതും കണക്കിലെടുത്താണ് നാം പ്രായോഗിക ആശയങ്ങൾ മെനയുന്നത്.

നമ്മുടെ ഇന്നത്തെ പ്രശ്നങ്ങളല്ല വചനവ്യാഖ്യാനത്തിനാധാരം. വചനം സംസാരിക്കട്ടെ! ഇത് വേദഭാഗങ്ങളുടെ അർത്ഥം അടിസ്ഥാന തത്ത്വങ്ങളാക്കി പ്രസ്താവിക്കുവാൻ നമ്മെ സഹായിക്കും. ഒരു തത്വത്തെ വേദഭാഗം പിന്തുണയ്ക്കുമെങ്കിൽ അത് ''നമ്മുടെ തത്ത്വങ്ങൾ'' ''നമ്മുടെ'' മാത്രം തത്വങ്ങളാകുന്നു -വചനത്തിന്റെയല്ല എന്ന് തിരിച്ചറിയണം.

ഒരു വേദഭാഗത്തിന് ഒരർത്ഥം മാത്രമാണുള്ളത് (പ്രവചനങ്ങൾ ഒഴികെ) എന്ന പരമപ്രധാന സത്യം പ്രായോഗികതകളോട് ചേർത്ത് ഓർത്തിരിക്കണം. പ്രഥമഗ്രന്ഥകാരന്റെ കാലത്തു ായിരുന്ന വിഷയങ്ങളെ അഭിസംബോധന ചെയ്താണല്ലോ ഗ്രന്ഥരചന, ആകയാൽ ഗ്രന്ഥകാരന്റെ ഉദ്ദേശ്യമാണ് കൃത്യമായ അർത്ഥത്തിനാധാരം. ഒരു വേദഭാഗത്തിന്റെ ഏക അർത്ഥത്തിൽ നിന്നും പല പ്രായോഗിക ആശയങ്ങൾ സ്വീകരിക്കുന്നത് സാധ്യമാണ്. വചനത്തിന്റെ പ്രഥമ അർത്ഥവുമായും ശ്രോതാക്കളുടെ സമകാലീന വിഷയങ്ങളുമായും അവ പ്രസക്തമായി ബന്ധപ്പെടുത്തണം.

വചനത്തിന്റെ വ്യാഖ്യാനതലവും പ്രയോഗികതലവും യുക്തിപൂർവ്വമായി നാം ഇതുവരെ ചർച്ചാവിധേയമാക്കി. തുടർന്ന് വ്യാഖ്യാനത്തിന്റെ ആത്മികവശം ചുരുക്കമായി ചർച്ച ചെയ്യുന്നു. ഈ വസ്തുതകൾ അതിന് സഹായകരമാണ്.

(1) ആത്മസഹായത്തിന് വേ ി പ്രാർത്ഥിക്കുക (ഒ.നോ.1 കൊരിന്തിയർ 1:26-2:16)
(2) വ്യക്തിപര പാപങ്ങളുടെ കഴുകലിന് ക്ഷമയ്ക്കുമായി പ്രാർത്ഥിക്കുക. (1 യോഹന്നാൻ 1:9)
(3) ദൈവത്തെ അഗാധമായി അറിയാനുള്ള ദാഹത്തിനായി പ്രാർത്ഥിക്കുക (സങ്കീ. 19:7-14; 42:1 119:1 ff).
(4) പുതിയ വെളിപ്പാടുകൾ സ്വന്തം ജീവിതത്തിൽ ഉടനെ പ്രായോഗികമാക്കുക
(5) താഴ്മയും പഠനമനോഭാവവും എപ്പോഴും നിലനിർത്തുക.

പരിശുദ്ധാത്മാവിന്റെ സഹായത്താലുള്ള ആത്മനിയോഗവും യുക്തിപര പ്രക്രിയയും സന്തുലിതാവസ്ഥയിൽ നിലനിർത്തുന്നത് ആയാസകരമാണ്. ഇവ ര ും അപ്രകാരം നിലനിർത്തുന്നതിന് എന്നെ സഹായിച്ച ര ് ഉദ്ധരണികൾ ശ്രദ്ധിക്കുക.

(1) James W. Sire-ന്റെ *Scripture Twisting*, IVP. പേജ്. 17-18 ൽ നിന്നും:-

''പ്രമാണിസംഘത്തിനല്ല-ദൈവജനത്തിന്റെ മനസ്സിലേക്കാണ് ആത്മപ്രകാശനം ലഭിക്കുന്നത്. വേദപുസ്തക ക്രിസ്തീയതയിൽ ഗുരു സമ്പ്രദായമില്ല, പ്രകാശിപ്പിക്കുന്ന ആൾ ദൈവങ്ങളില്ല, എല്ലാ ഭാഗങ്ങൾക്കും ശരിയായ വ്യാഖ്യാനം മാത്രം നൽകുന്നതിനായി ഒരു പ്രത്യേക ജനവിഭാഗവുമില്ല. പരിശുദ്ധാത്മാവ്, ജ്ഞാനം, അറിവ്, ആത്മവിവേചനം എന്നീ വരങ്ങൾ നൽകുമ്പോൾത്തന്നെ, ദൈവവചനത്തിന്റെ ആധികാരിക വ്യാഖ്യാതാക്കളായി വരംലഭിച്ച ക്രിസ്ത്യാനികളെ ദൈവം നിയോഗിച്ചിട്ടില്ല. പ്രത്യേക കഴിവും വരങ്ങളും നൽകിയിട്ടുള്ള വരുൾപ്പെടെ എല്ലാ ദൈജനവും വചനം പഠിച്ച്, അപഗ്രഹിച്ച് തിരിച്ചറിയുവാനുള്ള അധികാരം ഓരോരുത്തർക്കും ദൈവം നൽകുന്നു. ദൈവവചനത്തെപ്പറ്റിയുള്ള എന്റെ ഈ നിരൂപണം ചുരുക്കത്തിൽ ഇപ്രകാരമാണ്. സകല വസ്തുതകളിലും വച്ച് വചനത്തിനാണ് ആത്യന്തിക അധികാരം, ഇത് പൂർണ്ണമായും രഹസ്യമല്ല, പ്രത്യത ഓരോ സംസ്കാരത്തിലുമുള്ള സാധാരണക്കാർക്ക് പര്യാപ്തമായി ഗ്രഹിക്കാനാകുന്നതാണ്.''

(2) Kierkegaard-ന്റെ വാക്കുകളിൽ, Bernard Ramm-ന്റെ *Protestant Biblical Interpretataion* (Grand Rapids, Michigan: Baker Book House, 1970), പുസ്തകത്തിൽ പേജ്.75-ൽ: വേദപുസ്തകത്തിന്റെ സത്യവായനയ്ക്ക് പ്രാഥമികമായി വേദപുസ്തക വ്യാകരണ-പദപര-ചരിത്രപര പഠനം അനിവാര്യമാണെന്ന് രേഖപ്പെടുത്തുന്നു. ''വേദപുസ്തകം *ദൈവവചനമായി* ഒരു വ്യക്തി വായിക്കുന്നതിനായി തന്റെ അധരത്തിൽ ഹൃദയം സ്ഥാപിക്കണം. കാലിന്റെ തള്ളവിരലുകളിൻമേൽ നിന്നുകൊ ് സകല ഊർജ്ജത്തോടും-ദാഹത്തോടും ഒരുവൻ ദൈവസന്ദേശമായി വചനം വായിക്കണം. ഒരു ചിന്തയുമില്ലാതെ, അലസമായും സിദ്ധാന്ത പരമായും പാണ്ഡിത്യപരമായും തൊഴിൽപരമായും വേദപുസ്തകം വായിച്ചാൽ അത് 'ദൈവവചന' വായനയാകുന്നില്ല. ദൈവവചനം ഒരു പ്രേമലേഖനമെന്നവിധം വായിക്കുമ്പോൾ ദൈവവചനമായി അത് പരിവർത്തിക്കുന്നു''.

(3) H.H.Rowley, *The Relevance of the Bible-ൽ*, പേജ്.19-ൽ (ദൈവവചനത്തിന്റെ പ്രസക്തി) രേഖപ്പെടുത്തുന്നു.

''വേദപുസ്തകത്തെപ്പറ്റിയുള്ള കേവല ബൗദ്ധിക അറിവ്, അത് എത്ര പൂർണ്ണമായാലും, അതിലെ നിക്ഷേപങ്ങൾ സ്വായത്തമാക്കുക അസാധ്യമാണ്. ബൗദ്ധിക അറിവിനെ നാം തള്ളിക്കളയുന്നില്ല, അത് വചന പഠനത്തിന്റെ പൂർണ്ണതയ്ക്ക് അനിവാര്യമാകുന്നു. എങ്കിലും അത് പൂർണ്ണമാകണമെങ്കിൽ ആത്മിക നിക്ഷേപങ്ങളുടെ ആത്മിക അറിവിലേക്ക് നയിക്കപ്പെടണം. ബൗദ്ധിക ജാഗ്രതയ്ക്കുപരി ആത്മിക വിചിന്തണം (അറിവ്) അതിന് അനിവാര്യമാകുന്നു. ആത്മീക വിഷയങ്ങൾ ആത്മീകമായി വിവേചിക്കുന്നു. ഒരു വേദപഠിതാവിന് ആത്മീക സ്വീകാര്യതാ മനോഭാവവും തന്നോടു അടുത്തുവരുന്ന ദൈവത്തെ അറിയാനുള്ള അതിയായ ആത്മദാഹവും ആവശ്യമാകുന്നു. എങ്കിൽ മാത്രമേ ഒരു വ്യക്തിക്ക് ശാസ്ത്രീയ പഠനത്തിലുപരിയായി സകല ഗ്രന്ഥങ്ങളിലും വച്ച് പരമഗ്രന്ഥമായ വേദപുസ്തകത്തിന്റെ അത്യന്ത ധനവും അവകാശവും ആസ്വദിക്കാനാവുകയുള്ളൂ.

വ്യാഖ്യാന പ്രക്രിയ പിന്തുണയ്ക്കുന്നതിന് ചില രൂപകല്പനകൾ *The Study Guide Commentary* നിർദേശിക്കുന്നത് താഴെ വിവരിക്കുന്നു.

1. ഓരോ പുസ്തകത്തിന്റെയും മുഖവുരയിൽ, ഒരു ചെറുചരിത്ര സംഗ്രഹം ചേർക്കുന്നു. 'വായനാചക്രം #3' പൂർത്തിയാക്കിയശേഷം, താങ്കൾ മനസ്സിലാക്കിയ വിവരങ്ങൾ പുഃനപരിശോധിക്കുക.
2. ഓരോ അദ്ധ്യായത്തിന്റെയും പ്രാരംഭത്തിൽ പശ്ചാത്തല ഉൾക്കാഴ്ച ചേർത്തിരിക്കുന്നത് ഭാഗത്തിന്റെ സാഹിത്യഘടന മനസ്സിലാക്കുന്നതിന് താങ്കളെ സഹായിക്കുന്നു.
3. ഖണ്ഡികയുടെ വിഭജനവും അവയുടെ വർണ്ണനാശീർഷകങ്ങളും വിവധ ആധുനിക പരിഭാഷകളിൽ നിന്നും നൽകിയിട്ടു ്.
   a. യുണൈറ്റഡ് ബൈബിൾ സൊസൈറ്റി ഗ്രീക്ക് പുസ്തകം നാലാം പതിപ്പ് (VBS[4])
   b. അമേരിക്കൻ സ്റ്റാൻഡേർഡ് വേദപുസ്തകം, 1995, (NASB പരിഷ്കരിച്ച പതിപ്പ്)
   c. ന്യൂകിംഗ് ജെയിംസ് വേർഷൻ (NKJV)
   d. ന്യൂ റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ (NRSV)
   e. റ്റുഡേയ്സ് ഇംഗ്ലീഷ് വേർഷൻ (TEV)
   f. ജെറുശലേം ബൈബിൾ (JB)

   ഖണ്ഡികകളുടെ വിഭജനം ദൈവശ്വാസീയമല്ല, അവ പശ്ചാത്തലാടിസ്ഥാനപ്രകാരം നിജപ്പെടുത്തണം. വിവധ ആധുനിക പരിഭാഷകൾ, വ്യത്യസ്ഥ പരിഭാഷ സിദ്ധാന്തങ്ങൾ, ഉപദേശ വീക്ഷണങ്ങൾ എന്നിവ കണക്കിലെടുത്ത് യഥാർത്ഥ ഗ്രന്ഥകർത്താവ് ഉദ്ദേശിച്ച വചനം വിശകലനം ചെയ്തു ഒരാൾക്ക് ഖണ്ഡികാവിഭജനം (ഘടന) നിർണ്ണയിക്കാനാകും.

   ഓരോ ഖണ്ഡികയ്ക്കും ഓരോ സുപ്രധാന പ്രമേയമു ്. ''വേദഭാഗത്തിന്റെ പ്രതിപാദ്യവിഷയം'' അഥവാ വേദഭാഗത്തിന്റെ കേന്ദ്രപ്രമേയം എന്ന് ഇതിനെ വിശേഷിപ്പിക്കുന്നു. ചരിത്ര വ്യാകരണ വ്യാഖ്യാനത്തിന് തക്കതായ താക്കോലാണ് ഈ ഏകീകൃത പ്രമേയം. ഒരു ഖണ്ഡികയിൽക്കുറച്ചുള്ള വാക്യങ്ങൾ ഒരിക്കലും വ്യാഖ്യാനിക്കുകയോ, പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ അരുത്. ഓരോ ഖണ്ഡികകളും പശ്ചാത്തലത്തിലുള്ള മറ്റ് ഖണ്ഡികകളുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് പ്രത്യേകം ശ്രദ്ധിക്കണം. ഖണ്ഡികകളുടെ തലങ്ങൾ അനുസരിച്ചുള്ള രേഖാരൂപം ഓരോ പുസ്തകത്തിനും അനിവാര്യമാകുന്നു. യഥാർത്ഥ ഗ്രന്ഥകാരൻ ഉദ്ദേശിച്ചതും എഴുതിയതുമായ പ്രധാന വിഷയത്തിന്റെ യുക്തിപരമായ പ്രവാഹം ഒരു വ്യാഖ്യാനി തിരിച്ചറിയണം.
4. വാക്യം-പ്രതി-വാക്യ വ്യാഖ്യാന രീതിയാണ് ഈ പഠനസഹായ ഗ്രന്ഥത്തിൽ അവലംബിച്ചിച്ചുള്ളത്. പ്രഥമ ഗ്രന്ഥകർത്താക്കൾ ഉദ്ദേശിച്ച പ്രമേയം പിന്തുടരുവാൻ ഈ രീതി സഹായകരമാണ്. വ്യത്യസ്ത മേഖലകളിൽനിന്നുള്ള വിവരങ്ങൾ ഈ ഭാഷ്യത്തിൽ ഉൾപ്പെടുന്നു.
   a. സാഹിത്യ പശ്ചാത്തലം
   b. ചരിത്ര-സംസ്കാരിക ഉൾക്കാഴ്ചകൾ
   c. വ്യാകരണ വിവരങ്ങൾ
   d. പദപഠനം
   e. പ്രസക്ത സമാന്തര ഭാഗങ്ങൾ
5. വേദഭാഗങ്ങളുടെ വ്യാഖ്യാനത്തിന്റെ (പുസ്തക ഭാഷ്യം) ചിലയിടങ്ങളിൽ, ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് പരിഭാഷയുടെ പരിഷ്കരിച്ച പതിപ്പിനൊപ്പം വ്യത്യസ്ത ആധുനിക പരിഭാഷകൾ ഉപയോഗിച്ചിട്ടു ്.
   a. ''ടെക്റ്റസ് റിസപ്റ്റ്സ്'' (Textus receptus) ന്റെ കൈയെഴുത്തുപ്രതി പിന്തുടരുന്ന The New King James Version (NKJV).
   b. നാഷണൽ കൗൺസിൽ ഫോസ് ചർച്ചസിന്റെ വാക്യം പ്രതിവാക്യം പരിഷ്കരിച്ച The New Revised Standeard Version (NRSV)

c. അമേരിക്കൻ ബൈബിൾ സൊസൈറ്റിയിൽ നിന്നും ചലനാത്മക സമാനതയുടെ പരിഭാഷയായ The Today's English Version (TEV)

d. ഫ്രഞ്ച് കാതോലിക് ഡൈനാമിക് ഇക്യുലവന്റ് (പരിഭാഷ അടിസ്ഥാനമാക്കിയുള്ള ഇംഗ്ലീഷ് പരിഭാഷയായ The Jerusalem Bible (JB)

6. ഗ്രീക്കുഭാഷ അനായാസം കൈകാര്യം ചെയ്യാൻ പ്രയാസമുള്ളവർ പഠിക്കുവാൻ പ്രയാസമുള്ള വേദഭാഗങ്ങളുടെ വിവധ ഇംഗ്ലീഷ് പരിഭാഷകൾ താരതമ്യം ചെയ്തു മനസ്സിലാക്കുക.

a. വ്യത്യസ്ത കൈയെഴുത്തു പ്രതികൾ

b. പര്യായപദങ്ങൾ

c. ദുഷ്കരമായ വ്യാകരണ ഭാഗങ്ങളും ഘടനകളും

d. അവ്യക്ത വേദഭാഗങ്ങൾ

ഈ അവ്യക്തതകൾ ഇംഗ്ലീഷ് പരിഭാഷകളിൽ പൂർണ്ണമായും പരിഹരിക്കപ്പെടുകയില്ലെങ്കിലും, കുറച്ചുകൂടി വ്യക്തതയും വിശദീകരണവും ഉറപ്പ് നൽകുന്നു.

7. ഓരോ അദ്ധ്യായത്തിലെയും സുപ്രധാന വ്യാഖ്യാന വിഷയങ്ങൾ ലക്ഷ്യമാക്കി ചർച്ചയ്ക്കുള്ള പ്രസക്തമായ ചോദ്യാവലി ഓരോ അദ്ധ്യായത്തിന്റെയും അവസാന ഭാഗത്ത് ചേർത്തിരിക്കുന്നു.

താഴെ രേഖപ്പെടുത്തിയിട്ടുള്ള *Study Guide Commentary* (പഠന സഹായ ഭാഷ്യം) ലഭ്യമാണ്.

Vol. 0 "താങ്കൾക്ക് വേദപുസ്തകം മനസ്സിലാക്കാം" ഒരു സെമിനാർ

Vol. 1 മത്തായി: പ്രഥമക്രിസ്തീയ: ഗ്രന്ഥം

Vol. 2 പത്രോസിന്റെ സുവിശേഷം: മർക്കോസ് 1&11 പത്രൊസ്

Vol. 3A ചരിത്രകാരൻ ലൂക്കോസ്: ലൂക്കോസിന്റെ സുവിശേഷം

Vol. 3B ചരിത്രകാരൻ ലൂക്കോസ്: അപ്പൊസ്തല പ്രവർത്തികൾ

Vol. 4 പ്രിയശിഷ്യന്റെ സ്മരണകളും ലേഖനങ്ങളും: യോഹന്നാന്റെ സുവിശേഷം, 1,2,3 യോഹന്നാൻ

Vol. 5 പൗലോസിന്റെ സുവിശേഷം: റോമർ

Vol. 6 തകരാറുകളുള്ള സഭയ്ക്കുള്ള പൗലോസിന്റെ ലേഖനം: 1,2 കൊരിന്ത്യർ

Vol. 7 പൗലോസിന്റെ പ്രാരംഭ ലേഖനങ്ങൾ: ഗലാത്യർ, 1,2 തെസ്സലോനിക്യർ

Vol. 8 പൗലോസിന്റെ കാരാഗൃഹ ലേഖനങ്ങൾ:കൊലൊസ്സ്യർ, എഫെസ്യർ, ഫിലെമോൻ,ഫിലിപ്പിയർ

Vol. 9 പൗലോസിന്റെ നാലാം മിഷണറി ദൗത്യയാത്ര: 1 തിമൊഥെയോസ്, തീത്തൊസ്, 2 തിമൊഥെയൊസ്

Vol. 10 പുതുനിയമത്തിന്റെ പ്രഭാവം (Superiority)-എബ്രായർ

Vol. 11 യേശുവിന്റെ അർദ്ധസഹോദരൻമാരുടെ ശബ്ദം: യാക്കൊബ്, യൂദാ

Vol. 12 കഠിന സമയങ്ങളിൽ പ്രത്യാശ-അന്ത്യതിരശ്ശീല-വെളിപ്പാട്

പഴയ നിയമ വാല്യങ്ങൾ:

Vol. 1AOT ഉല്പത്തി 1-11: സകലവും എങ്ങനെ ആരംഭിച്ചു

Vol. 8OT പ്രവാസ കാലാനന്തര കാലഘട്ടം: എസ്രാ, നെഹമ്യാവ്, എസ്ഥേർ

Vol. 10OT എട്ടാം നൂറ്റാ ിലെ പ്രവാചകൻമാർ: ആമോസ്, ഹോശയ, യോന, മീഖാ

Vol. 14OT പഴയ നിയമ വെളിപ്പാടുകൾ: ദാനിയേൽ-യെഹസ്ക്കേൽ.

# പ്രാരംഭ പ്രസ്താവന

I. പൊതുപദങ്ങളുടെ നിർവ്വചനം

A. ദൈവത്വ നാമങ്ങൾ

1) കർത്താവ് (യാഹ്‌വെ/കുറിയോസ്)

2) ദൈവം (ഏലോഹിം/തെയോസ്)

3) മനുഷ്യപുത്രൻ

4) ദൈവപുത്രൻ

5) രക്ഷകൻ

6) യേശു

7) ക്രിസ്തു

B. മൂലഗ്രന്ഥങ്ങളുടെ നാമങ്ങളും പരിഭാഷകളും

1) മോശൈകഗ്രന്ഥം (Moseretic Text)

2) സെപ്റ്റുജന്റ് (പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷ (Septeguitnt)

3) റ്റർഗംസ് (Targums)

4) വൾഗേറ്റ് (Vulgate)

5) പെഷിറ്റ (Peshita)

6) ചാവുകടൽ ചുരുളുകൾ (Dead sea scrolls)

C. പദസമുച്ചയം (അനുബന്ധം 1 കാണുക)

D. ഗ്രന്ഥവിമർശനം (അനുബന്ധം 2 കാണുക)

E. വ്യാഖ്യാനത്തെ സ്വാധീനിക്കുന്ന ഗ്രീക്കു വ്യാകരണ പദങ്ങൾ (അനുബന്ധം 3 കാണുക)

III പുതിയ നിയമത്തിന്റെ അടിസ്ഥാന കാലഗതി

III. ഒന്നാം നൂറ്റാ ിലെ മെഡിറ്ററെനിയൻ ലോകത്തിന്റെ അടിസ്ഥാന ഭൂപടം

A. സമുദ്രങ്ങൾ

| | | | |
|---|---|---|---|
| 1) | മെഡിറ്ററേനിയൻ സമുദ്രം | 4) | ഈജിയൻ കടൽ |
| 2) | കരിങ്കടൽ | 5) | നൈൽ നദി |
| 3) | അദ്രിയാർട്ടിക് കടൽ | 6) | യോർദ്ദാൻ നദി |

B. പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന രാജ്യങ്ങൾ

| | | | |
|---|---|---|---|
| 1) | ഈജിപ്ത് | 11) | പംഫുല്യ |

2) യഹൂദ്യാ
3) ശമര്യാ
4) ദെക്കപ്പൊലിസ്
5) ഗലീല
6) സിറിയ
7) സുറാഫൊയിനീക്യ
8) സിലിക്യ
9) കപ്പദൊക്യ
10) ഗലാത്യ
12) ലൂസിയ
13) ബെഥാന്യ
14) പൊന്തൊസ്
15) ആസ്യ
16) അഖായിയ
17) മക്കദൊന്യ
18) ഇല്ലിരിക്യാ
19) ഇറ്റലി (റോം)

C. പുതിയ നിയമത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ദ്വീപുകൾ

1) കുപ്രൊസ്
2) ക്രേത്ത
3) പത്മൊസ്
4) മെലിത്ത
5) സിലിക്യ

D. പ്രധാന പട്ടണങ്ങൾ

1) അലക്സാന്ത്രിയ
2) മെംഫിസ്
3) യെരുശലേം
4) അന്ത്യോക്യ
5) തർശീശ്
6) എഫേസ്യ
7) പെർഗ്ഗമോസ്
8) കൊരിന്ത്
9) അഥേന
10) റോം
11) തെസ്സലൊനിക്യ

# മത്തായിയുടെ സുവിശേഷം: ഒരു മുഖവുര

## I. പ്രാരംഭ പ്രസ്താവന

A. മത്തായിയുടെ സുവിശേഷമാണ് പ്രഥമ സുവിശേഷമെന്ന് നവോത്ഥാന കാലം വരെ ചിന്തിച്ചിരുന്നു. (റോമാ കത്തോലിക്ക സഭ ഇപ്പോഴും ഇപ്രകാരം വിശ്വസിക്കുന്നു).

B. മതബോധന ക്ലാസ്സുകളിൽ ഏറ്റവുമധികം പകർത്തിയിട്ടുള്ളതും, ഉദ്ധരിച്ചിട്ടുള്ളതും, ഉപയോഗിച്ചിട്ടുള്ളതും മത്തായിയുടെ സുവിശേഷത്തിൽ നിന്നുമാണ്, കൂടാതെ ആദ്യത്തെ ര ് നൂറ്റാ ുകളിലെ ആരാധനാക്രമത്തിലും ഈ സുവിശേഷ ഭാഗങ്ങൾ ധാരാളമായി ഉപയോഗിച്ചിരുന്നു.

C. *The first Three gospels* (ആദ്യത്തെ മൂന്ന് സുവിശേഷങ്ങളിൽ) (പേജ്.19) William Barclay ഇപ്രകാരം അഭിപ്രായപ്പെടുന്നു. ''മത്തായിയുടെ സുവിശേഷം യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശങ്ങളും പൂർണ്ണമായും ക്രമീകൃതമായും ഉൾക്കൊള്ളുന്നതിനാൽ ക്രിസ്തീയ വിശ്വാസത്തിന്റെ ഏക സുപ്രധാന രേഖയായി പരിഗണിക്കാവുന്നതാണ്.'' പ്രമേയാടിസ്ഥാനത്തിലാണ് ഈ സുവിശേഷം വിപുലപ്പെടുത്തിയിട്ടുള്ളത്. ക്രിസ്തുവെന്ന നസറയനായ യേശുവിന്റെ സന്ദേശവും ജീവിതവും പുതിയ (യഹൂദാ-ജാതീയ) വിശ്വാസികൾക്ക് ഏറെ പ്രയോജനമുള്ളതാണ്.

D. ഇത് പഴയ-പുതിയ ഉടമ്പടികൾ തമ്മിൽ അഥവാ യഹൂദാ വിശ്വാസികളെയും ജാതികളിൽ നിന്നുള്ള വിശ്വാസികളെയും തമ്മിൽ യുക്തിസഹജം പരസ്പരം ബന്ധിപ്പിക്കുന്നു. പ്രവൃത്തികളുടെ പുസ്തകത്തിലെ *kerigma* (പ്രസംഗം) എന്നറിയപ്പെടുന്ന പ്രാരംഭകാല പ്രസംഗങ്ങൾപോലെ പഴയനിയമ വാഗ്ദാനങ്ങളുടെ പൂർത്തീകരണ രീതിയായി ഈ പുസ്തകം ഉപയോഗിച്ചിരിക്കുന്നു. അൻപതിൽപരം പഴയനിയമ ഉദ്ധരണികളും അനേക പരാമർശങ്ങളും മത്തായിയുടെ സുവിശേഷത്തിലടങ്ങിയിരിക്കുന്നു. യഹോവ (യാഹേ-YHWH) എന്നതിന് സദൃശ്യമായി പല പേരുകളും യേശുക്രിസ്തുവിന്റെ നാമത്തിന് നൽകിയിട്ടു ്.

E. പ്രേക്ഷിത നിയോഗത്തിന്റെ ര ് തലങ്ങളായ സുവിശേഷീകരണവും ശിഷ്യത്വവുമാണ് മത്തായിയുടെ സുവിശേഷത്തിന്റെ ലക്ഷ്യം. (28:19-20)

1. യേശുവിന്റെ ജീവിതവും ഉപദേശങ്ങളും പഠിപ്പിച്ചുകൊ ് യഹൂദാ മതക്കാരുടെയിടയിൽ സുവിശേഷവൽക്കരണം നടത്തണമായിരുന്നു.
2. യഹൂദാ-ജാതീയ മാർഗ്ഗത്തിൽ നിന്നും ക്രിസ്തുവിൽ വിശ്വസിച്ചവരെ ക്രിസ്തീയ ജീവിതത്തിനായി ശിഷ്യൻമാരാക്കണമായിരുന്നു.

## II. ഗ്രന്ഥകർത്താവ്

A. പ്രാരംഭ ഗ്രീക്ക് പുതിയനിയമങ്ങളിൽ (എ.ഡി. 200-400) ''മത്തായിയുടെ സുവിശേഷം'' എന്ന ശീർഷകമാണെങ്കിലും, ഗ്രന്ഥരചയിതാവ് ആരെന്നത് അജ്ഞാതമാണ്.

B. ചുങ്കക്കാരനും (ഒ.നോ. മത്തായി 9:9, 10:3) യേശുവിന്റെ ശിഷ്യനുമായ മത്തായി (ലേവി എന്ന് അപരനാമം, ഒ.നോ. മർക്കൊസ് 2:14; ലൂക്കോസ് 5:27, 29) യാണ് ഗ്രന്ഥകർത്താവെന്ന് സഭയുടെ ആദ്യകാല പാരമ്പര്യം ഒരുപോലെ കരുതുന്നു.

C. മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നീ സുവിശേഷങ്ങൾ വിസ്മയിപ്പിക്കും വിധം സാമ്യമുള്ളവയാണ്:

1) മോശൈക പുസ്തകങ്ങളിലും സെപ്റ്റുജന്റിലും ഇല്ലാത്ത ചില പഴയനിയമ ഉദ്ധരണികൾ ഉപയോഗിച്ചിട്ടുള്ളതിൽ ഇവർ മൂവരും പലപ്പോഴും യോജിക്കുന്നുവെന്നു കാണാം.
2) അസാധാരണ ഗ്രീക്കുപദങ്ങളും-വ്യാകരണഘടനയുപയോഗിച്ച് യേശുവിനെപ്പറ്റി ഉദ്ധരിക്കുന്നതിലും മൂന്ന് സുവിശേഷങ്ങൾക്കും സാമ്യമു ്.

3) ഒരേ ഗ്രീക്കുപദങ്ങൾ കൊ ുള്ള കൃത്യം വാചകങ്ങളും പദപ്രയോഗങ്ങളും പലപ്പോഴും ഉപയോഗിച്ചിട്ടുള്ളതിലും സാമ്യമു ്.
4) സാഹിത്യ കടമെടുക്കൽ പ്രകടമാണ്.

D. മത്തായി, മർക്കോസ്, ലൂക്കോസ് തമ്മിലുള്ള ബന്ധത്തെപ്പറ്റി വിവിധ സിദ്ധാന്തങ്ങൾ രൂപപ്പെട്ടിട്ടു ്. (സമാന്തര സുവിശേഷങ്ങൾ -Synoptic Gospels).

1) ചുങ്കക്കാരനും യേശുവിന്റെ ശിഷ്യനുമായ മത്തായിയാണ് (ലേവി) ഈ സുവിശേഷ കർത്താവെന്ന് പ്രാരംഭസഭാ പാരമ്പര്യം ഐക്യമായി കരുതുന്നു. നവോത്ഥാനകാലം വരെ അപ്പൊസ്തലനായ മത്തായിയാണ് എഴുതിയതെന്ന് ഏകകണ്ഠമായി ഉറപ്പിച്ചിട്ടു ്.

2) 1776-ൽ A.E. Lessing (പിന്നീട് 1818-ൽ Gieseler ഉം) സമാന്തര സുവിശേഷങ്ങളുടെ (''ഒരുമിച്ച് വീക്ഷിക്കൽ'') വികസനത്തെപ്പറ്റി വാമൊഴിയാൻ ഒരു സിദ്ധാന്തം അവതരിപ്പിച്ചു. പുരാതന വാമൊഴി പാരമ്പര്യത്തിൽ പുരാതന പാരമ്പര്യപ്രകാരമുള്ള വാമൊഴി വിവരങ്ങൾ ഗ്രന്ഥകർത്താക്കൾ ശേഖരിക്കുകയും തുടർന്ന് തങ്ങളുടെ ഉദ്ദിഷ്ട പ്രേക്ഷകകർക്കനുസരിച്ച് പരിഷ്കരിച്ചതാണെന്നും സ്ഥിരീകരിച്ചു.

   a. മത്തായി : ജൂതർക്കെഴുതി
   b. മർക്കൊസ് : റോമാക്കാർക്കെഴുതി
   c. ലൂക്കൊസ് : ജാതികൾക്കെഴുതി

   വ്യത്യസ്ത ഭൂമിശാസ്ത്രപര കേന്ദ്രങ്ങളിലെ ക്രിസ്ത്യാനികളുമായി ഓരോ സുവിശേഷവും ബന്ധപ്പെട്ടിരിക്കുന്നു.

   a. മത്തായി : അന്ത്യോക്യാ, സിറിയ
   b. മർക്കൊസ് : റോം, ഇറ്റലി
   c. ലൂക്കൊസ് : കൈസര്യ നദിക്കരികെ, പാലസ്തീൻ
   d. യോഹന്നാൻ : എഫേസസ്, ഏഷ്യാ ഭൂഖണ്ഡം

3) യേശുക്രിസ്തുവിന്റെ ജീവിതത്തെപ്പറ്റി മത്തായിയും ലൂക്കൊസും തികച്ചും സ്വതന്ത്രമായി വ്യത്യസ്ത വിവരണങ്ങൾ എഴുതിയെന്ന് പത്തൊൻപതാം നൂറ്റാ ിന്റെ പ്രാരംഭ കാലത്ത് J.J. Griesbach സിദ്ധാന്തം ആവിഷ്കരിച്ചു. ഈ ര ു വിവരണങ്ങൾക്കിടയിൽ മർക്കൊസ് മറ്റൊരു സുവിശേഷ സംഗ്രഹത്തിനും ശ്രമിച്ചു.

4) മർക്കൊസാണ് പ്രഥമ സുവിശേഷ കർത്താവെന്നും, തുടർന്ന് മത്തായി ലൂക്കോസ് ഈ സുവിശേഷത്തെയും യേശുവിന്റെ വചനങ്ങൾ എന്നറിയപ്പെടുന്ന Q (ജർമൻ quelle or 'ഉറവിടം') രേഖകളും ചേർത്ത് സുവിശേഷങ്ങൾ എഴുതി എന്ന് ഇരുപതാം നൂറ്റാ ിന്റെ പ്രാരംഭത്തിൽ H.J.Holtzmann മറ്റൊരു സിദ്ധാന്തം അവതരിപ്പിച്ചു.

5) ''ര ് ഉറവിട'' (Two source) സിദ്ധാന്തം പരിഷ്കരിച്ച്, ''പ്രഥമ ലൂക്കോസും'' മർക്കൊസും, Q എന്ന രേഖയും ചേർത്ത് ''ചതുർ ഉറവിട''സിദ്ധാന്തം (The four source) B.H. Streeter പിൽക്കാലത്ത് പരിചയപ്പെടുത്തി.

6) മേൽപ്രസ്താവിച്ചിട്ടുള്ള സമാന്തര സുവിശേഷ രൂപവൽക്കരണം തികച്ചും ഊഹം മാത്രമാകുന്നു. പ്രഥമ ലൂക്കോസ് (Proto Luke) Q ഉറവിടം എന്നിവയ്ക്ക് ചരിത്രപരമോ-യഥാർത്ഥമോ ആയ കൈയെഴുത്തുപ്രതി തെളിവുകൾ ഇല്ല.
ഈ സുവിശേഷങ്ങൾ എപ്രകാരം രൂപവൽക്കരിച്ചുവെന്നും, ഗ്രന്ഥകർത്താക്കൾ ആരെല്ലാമാണെന്നും ആധുനിക പണ്ഡിതർക്ക് നിശ്ചയമില്ല (പഴയനിയമ നിയമങ്ങൾ മുൻകാലപ്രവാചകർ എന്നിവയും അപ്രകാരമാണ്). എന്നിരുന്നാലും, ഈ സുവിശേഷ ങ്ങളുടെ ദൈവശ്വാസീയതയ്ക്കും, ചരിത്രവിശ്വാസ്യതയ്ക്കും, വിശ്വാസരേഖയ്ക്കും ഈ വിവരങ്ങളുടെ അപര്യാപ്തത സഭയുടെ കാഴ്ചപ്പാടുകളെ ബാധിക്കുന്നില്ല.

7) സമാന്തര സുവിശേഷങ്ങളുടെ ഘടന-പദങ്ങൾ എന്നിവയിൽ സ്പഷ്ടമായ സാമ്യങ്ങളും ശ്രദ്ധയാകർഷിക്കുന്ന വ്യത്യാസങ്ങളുമു ്. ദൃക്സാക്ഷി വിവരണങ്ങളിൽ വ്യത്യാസങ്ങൾ സർവ്വസാധാരണമാണ്. യേശുക്രിസ്തുവിന്റെ ജീവിതത്തിന്റെ മൂന്ന് ദൃക്സാക്ഷി വിവരണങ്ങളിലെ വ്യത്യസ്തതകൾ ആദ്യകാല സഭയെ അലട്ടിയിട്ടില്ല.
വിവരണത്തിലെ പൊരുത്തമില്ലായ്മകൾക്കുള്ള കാരണങ്ങൾ ഉദ്ദിഷ്ട പ്രേക്ഷകൾ, ഗ്രന്ഥകർത്താവിന്റെ സാഹിത്യശൈലി, വിവിധ ഭാഷകൾ (അരാമിക്-ഗ്രീക്ക്) എന്നിവയാകാം. യേശുക്രിസ്തുവിന്റെ ജീവിതം, ഉപദേശങ്ങൾ, സംഭവങ്ങൾ എന്നിവ തെരഞ്ഞെടുക്കുന്നതിനും, ക്രമീകരിക്കുന്നതിനും, കടമെടുക്കുന്നതിനും, പരിഷ്കരിക്കുന്നതിനും, സംഗ്രഹിക്കുന്നതിനും ദൈവം നിയോഗിച്ച ഗ്രന്ഥകർത്താ

ക്കൾക്കും, പ്രസാധകർക്കും, സമാഹർക്കും തികച്ചും സ്വാതന്ത്ര്യം ഉ ായിരുന്നു. (ഒ.നോ.Fee and stuart എഴുതിയ *How to read the Bible for all its worth,* പേ.113-148)

E. അരാമ്യഭാഷയിലാണ് മത്തായി സുവിശേഷം എഴുതിയതെന്ന് യൂസെബിയൊസിന്റെ *Historical Ecclesiasticus* 3:39:16ൽ ഹെയറോപ്പൊലിസിലെ ബിഷപ്പായ പപ്പിയാസിന്റെ (എ.ഡി.130) ഒരു പുരാതന സഭാപരാമ്പര്യ അഭിപ്രായം രേഖപ്പെടുത്തിയിട്ടു ്. എങ്കിലും ആധുനിക പണ്ഡിതർ ഈ പാരമ്പര്യ അഭിപ്രായം തള്ളിക്കളയുന്നു; അതിന്റെ കാരണങ്ങൾ:

1) അരാമ്യഭാഷയുടെ പരിഭാഷാ സ്വഭാവങ്ങൾ ഒന്നുംതന്നെ മത്തായിയുടെ ഗ്രീക്കുഭാഷയിലെ സുവിശേഷത്തിനില്ല.
2) ഗ്രീക്കു പദപ്രയോഗങ്ങൾ വിപുലമാണ്. (ഒ.നോ 6:16; 21:41; 24:30)
3) കൂടുതൽ പഴയനിയമ ഉദ്ധരണികളും പ്രത്യത സെപ്റ്റുജന്റിൽ നിന്നുമാണ് എടുത്തിരിക്കുന്നത്, മൊശൈക എബ്രായ രേഖയിൽനിന്നുമല്ല.

മത്തായിയുടെ ഗ്രന്ഥകർതൃത്വത്തിന് സാധ്യത 10:3-ൽ ദർശിക്കാം. 'ചുങ്കം പിരിവുകാരനായ' എന്ന് പേരിനോടൊപ്പം ചേർത്തിട്ടു ്. സ്വയം ആക്ഷേപ സൂചന മർക്കൊസിൽ ഇല്ല.പുതിയ നിയമത്തിലും ആദിമ സഭയിലും മത്തായി പ്രശസ്തനല്ലായിരുന്നു. ആദ്യ അപ്പൊസ്തലിക സുവിശേഷത്തെയും ഗ്രന്ഥകാരനെയുംപ്പറ്റി ധാരാളം സിദ്ധാന്തങ്ങൾ വികസിപ്പിക്കപ്പെട്ടതിന്റെ കാരണം എന്തായിരിക്കാം?

## III. കാലഘട്ടം

A. വിവിധ തലങ്ങളിൽ രചനാകാലം സമാന്തര സുവിശേഷ വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നു. പ്രഥമ സുവിശേഷം ഏതാണ്, ആര് ആരിൽ നിന്നുമാണ് കടമെടുത്തത്?

1) മർക്കൊസിന്റെ സുവിശേഷം ഒരു ഘടനാമാർഗ്ഗ ദർശിയായി മത്തായി ഉപയോഗിച്ചുവെന്ന് *Historical Ecelesisticus* 3:39:15-ൽ യൂസേബിയസ് പറയുന്നു.
2) അതേസമയം മത്തായിയുടെ സംഗ്രഹ ഗ്രന്ഥകർത്താവും 'കൂടാര അനുഗാമിയുമാണ്' മർക്കൊസ് എന്ന് അഗസ്റ്റിൻ പ്രസ്താവിച്ചു.

B. രചനാ സമയത്തിന്റെ സാധ്യമായ പരിമിധികൾ നിശ്ചയിച്ചുള്ള ഒരു സമീപനമാണ് ഇവിടെ സ്വീകാര്യം.

1) എ.ഡി. 96 അല്ലെങ്കിൽ 115 ന് മുൻപായിരിക്കും എഴുതപ്പെട്ടത്.
   a. കൊരിന്ത്യക്കാർക്ക് എഴുതിയ ഒരു കത്തിൽ മത്തായിയുടെ സുവിശേഷത്തെപ്പറ്റി റോമിലെ ക്ലെമന്ത് (എ.ഡി. 96 ൽ) പരാമർശിച്ചിട്ടു ്.
   b. സ്മുർന്നക്കാർക്ക് എഴുതിയ ഒരു കത്തിൽ അന്ത്യോക്യയിലെ ബിഷപ്പ് ഇഗ്നേഷ്യസ് (എ.ഡി. 110-115 ) മത്തായി 3:15 ഉദ്ധരിച്ചിട്ടു ്.
2) എത്രത്തോളം നേരത്തെയുള്ളതാണ് ഗ്രന്ഥരചന എന്ന ചോദ്യമാണ് നിർണ്ണായകം?
   a. രേഖപ്പെടുത്തിയ സംഭവങ്ങൾക്ക് ശേഷം എ.ഡി 30 കൾക്ക് ശേഷമാണ് രചന
   b. പുസ്തകത്തിന്റെ ആവശ്യം, സംഗ്രഥനം, പ്രചരണം എന്നിവയ്ക്ക് ചില വർഷങ്ങളുടെ ആവശ്യകതയു ്.
   c. എ.ഡി. 70-ലെ യെരുശലെമിന്റെ തകർച്ചയുമായി മത്തായി 24-ന്റെ ബന്ധം എന്താണ്? മത്തായിയിലെ ചില ഭാഗങ്ങളുടെ അടിസ്ഥാനത്തിൽ യാഗസംവിധാനം അന്ന് നിലവിലു ായിരുന്നുവെന്ന് കാണാം. (5:23 -24; 12:5 -7; 17:24-27; 26:60-61) എ.ഡി. 70-ന് മുൻപാണ് രചന എന്നാണിതിനർത്ഥം.
   d. പൗലോസിന്റെ ശുശ്രൂഷാകാലത്താണ് (എ.ഡി.48-68) മത്തായിയും മർക്കൊസും എഴുതിയതെങ്കിൽ എന്തുകൊ ് താൻ അവരെപ്പറ്റി പരാമർശിച്ചില്ല? പത്രൊസും പൗലൊസും റോമിലായിരുന്നപ്പോഴാണ് മത്തായി തന്റെ സുവിശേഷം എഴുതിയതെന്ന് യുസേബിയസിന്റെ Historical ecclesiasticus-ൽ നിന്നും ഐറെനിയസ് ഉദ്ധരിച്ചിരിക്കുന്നു. എ.ഡി.68-നുള്ളിൽ നീറോ ചക്രവർത്തിയുടെ വാഴ്ചയിൽ പത്രൊസും പൗലൊസും കൊല്ലപ്പെടുകയു ായി.
   e. എ.ഡി.50-ലാണ് ഈ സുവിശേഷ രചന എന്നു ആധുനിക പണ്ഡിതർ അഭിപ്രായപ്പെടുന്നു.

C. ക്രിസ്ത്യാനിത്വത്തിന്റെ പാരമ്പര്യവുമായല്ല ഭൂമിശാസ്ത്രപര കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിയാണ് നാലു സുവിശേഷങ്ങളും എഴുതിയതെന്ന് അനേക പണ്ഡിതർ വിശ്വസിക്കുന്നു. എ.ഡി.60 അല്ലെങ്കിൽ എ.ഡി.70 ന് മുൻപായി യഹൂദാ-ജാതീയ സഭാവിഷയങ്ങൾ കണക്കിലെടുത്ത് സിറിയയിലെ അന്ത്യോക്യയിൽ നിന്നുമായിരിക്കും മത്തായി എഴുതിയത്.

## IV. സ്വീകർത്താക്കൾ

A. ഗ്രന്ഥകർതൃത്ത്വവും കാലഘട്ടവും അനിശ്ചിതമാണെന്നതുപോലെയാണ് സ്വീകർത്താക്കളുടെ കാര്യവും. വിശ്വസിക്കുന്ന യഹൂദാ-ജാതീയ ജനങ്ങളാണെന്നു കരുതുന്നതാണ് ഉത്തമം. ഈ ചെറുവിവരണത്തിന് ആദ്യനൂറ്റാ ിലെ സിറിയയിലെ അന്ത്യോക്യസഭയാണ് ഏറെ അനുയോജ്യം.

B. യഹൂദാ-വിശ്വാസികൾക്കാണ് ഈ സുവിശേഷം എഴുതിയതെന്ന് ഒറിഗൺ-ന്റെ അഭിപ്രായം. *Historical Ecclesiasticus* 6:25:4-ൽ യൂസേബിയസ് ഉദ്ധരിച്ചിട്ടു ്.

## V. വിഷയവിഭജനം (Outline)

A. ഈ സുവിശേഷത്തിന്റെ രൂപഘടനയെപ്രകാരമാണ്? ഒരു പുസ്തകത്തിന്റെ സമഗ്ര രൂപഘടന ഒരു വിശകലനത്തിലൂടെ ദൈവനിയോഗപ്രകാരമുള്ള ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യം ഏറ്റവും മികച്ച രീതിയിൽ നിർണ്ണയിക്കുവാൻ ഒരാൾക്ക് സാധിക്കും.

B. വിവിധ ഘടനകൾ വേദപണ്ഡിതർ നിർദ്ദേശിച്ചിട്ടു ്.

1) യേശുവിന്റെ ഭൂമിശാസ്ത്രപര നീക്കങ്ങൾ
   a. ഗലീല
   b. വടക്ക് ഗലീല
   c. പെരയാ, യഹൂദ്യാ (യെരുശലേം യാത്രയിൽ)
   d. യെരുശലേം

2) മത്തായിയുടെ അഞ്ച് പ്രതിപാദ്യവിഷയ ഘടകങ്ങൾ ''ഈ വചനങ്ങളെ യേശു പറഞ്ഞു തീർന്നശേഷം'' എന്ന പദങ്ങളിൽ നിന്നും ഘടന വിവേചിച്ചറിയാൻ സാധിക്കുന്നു. (ഒ.നോ 7:28; 11:1; 13:53; 19:1; 26:1) യേശുവിനെ ''പുതിയ മോശയായി'' മത്തായി അവതരിപ്പിക്കുന്നതിന് ഈ അഞ്ച് ഘടകങ്ങളിലൂടെ ശ്രമിച്ചുവെന്ന് പല പണ്ഡിതരും അഭിപ്രായപ്പെടുന്നു. മോശയുടെ പഞ്ചഗ്രന്ഥങ്ങൾക്ക് (ഉല്പത്തി, പുറപ്പാട്, ലേവ്യാ സംഖ്യാ, ആവർത്തനം) സാമ്യമുള്ള അഞ്ച് ഘടകങ്ങളാണ് ഇവ.
   a. ആഖ്യാനവും പ്രഭാഷണവും തമ്മിൽ ഇടവിട്ടുള്ള വാചാടോപ (chiastic) ഘടനാപ്രയോഗം.
   b. ''അന്നുമുതൽ യേശു'' (ഒ.നോ 4:17; 16:21) എന്ന പുനരാവൃത്തി പദപ്രയോഗം ഉപദേശപരവും ജീവചരിത്രപരവുമായ രൂപഘടനയിലൂടെ ഈ സുവിശേഷത്തെ മൂന്ന് പ്രധാന ഭാഗങ്ങളായി വിഭജിച്ചിരുന്നു. (1:1–4:16; 4:17–16:20; 16:21–28:29)
   c. ''നിവൃത്തിയായി'' എന്ന പദമുപയോഗിച്ച് പഴയനിയമ പ്രവചന ഭാഗങ്ങൾക്ക് മത്തായി ഊന്നൽ നൽകി.

( ഒ.നോ 1:22; 2:15,17,23; 4:17; 12:17; 13:35; 21:4; 27:9 & 27:35)

C. ''സുവിശേഷങ്ങൾ'' വിശിഷ്ട സാഹിത്യശൈലിയാണ്. അവ ജീവചരിത്രമല്ല. അവ ചരിത്ര ആഖ്യാനവുമല്ല. അവ തെരഞ്ഞെടുക്കപ്പെട്ട ഉപദേശപരവും ഉന്നതമായ ഘടനയുള്ള സാഹിത്യശൈലിയുമാണ്. അവരവരുടെ ഉദ്ദിഷ്ട പ്രേക്ഷകർക്കുവേ ി വിശിഷ്ട ശൈലിയിൽ യേശുവിന്റെ ജീവിതവും ഉപദേശങ്ങളും മനോഹരമായി രേഖപ്പെടുത്തിയ സുവിശേഷീകരണ ലഘുലേഖകളാണ് സുവിശേഷങ്ങൾ.

## VI. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. മശിഹ, 1:1
2. കന്യക, 1:12, 25
3. ഇമ്മാനുവൽ, 1: 23
4. വിദ്വാൻമാർ, 2:1
5. നസ്രായൻ, 2: 23
6. മാനസാന്തരം, 3:2

7. ഏറ്റുപറച്ചിൽ, 3:6
8. പരീശൻമാർ, 3:7
9. സദൂക്യർ, 3:7
10. "ചെരുപ്പിന്റെ വാർ അഴിക്കുക," 3:11
11. "ഇവൻ എന്റെ പ്രിയപുത്രൻ," 3:17
12. "ദൈവാലയത്തിന്റെ അഗ്രം, " 4:5
13. "ന്യായപ്രമാണം അല്ലെങ്കിൽ പ്രവാചകൻമാർ, " 5:17
14. "ഉപേക്ഷണപത്രം, " 5:31
15. "അവന്റെ പാദപീഠം, " 5:35
16. പള്ളി, 6:2
17. ഇടുക്ക് വാതിൽ, 7: 13
18. ശാസ്ത്രി, 8:19
19. ഭൂതഗ്രസ്തൻ, 8: 28
20. ഭഷണത്തിന് ഇരിക്കുമ്പോൾ 9:10
21. തുരുത്തി, 9:17
22. കുഴലൂത്തുകാർ, 9:23
23. അപ്പോസ്തലർ, 10:2
24. നുഖം, 11:29, 30
25. ഈ ലോകത്തിലും വരുവാനുള്ളതിലും, 12:32
26. ഉപമ, 13:3
27. ഞാറ്, 13:25
28. പൂർവ്വൻമാരുടെ സമ്പദായം, 15:2
29. പാതാളം, 16:18
30. രൂപാന്തരം, 17:2
31. ചന്ദ്രരോഗം, 17:15
32. ദ്വിദ്രഹ്മപ്പണം, 17:24
33. വെള്ളികാശ്, 20:2, 9
34. ഹോശാന്ന അക്ഷരാർത്ഥത്തിൽ "ഇപ്പോൾ ഞങ്ങളെ രക്ഷിക്കുക," അരാമ്യയിൽ രാജകീയ അധികാരം 21:9
35. ഈറ്റുനോവ് 24:8
36. ശൂന്യമാക്കുന്ന മ്ലേച്ഛത 24:15
37. താലന്ത് 25:20
38. ന്യായാധിപസംഘം 26:59
39. ആകാശമേഘങ്ങളെ വാഹനമാക്കി 26:64
40. രക്തനിലം 27:8
41. പട്ടാള ആസ്ഥാനം 27:27
42. ഗൊല്ഗൊഥ 27:33
43. ചിലർ സംശയിച്ചു 28:17

## VII. സംക്ഷിപ്തമായി അിറഞ്ഞിരിക്കേ ിയ വ്യക്തികൾ

1. സെരുബ്ബാബ്ബേൽ 1:12
2. ഹെരോദാവ് 2:13
3. ദാവീദ് പുത്രൻ 10:27
4. മനുഷ്യപുത്രൻ 10:23
5. എന്റെ ദാസൻ 12:18
6. ബെയെത്സെബൂൽ 12:24
7. ഹെരോദാവ്
8. ബർയോനാ ശീമോൻ 16:17
9. മഹാപുരോഹിതൻമാരും മൂപ്പൻമാരും 2:23
10. ഹെരോദ്യർ 22:16
11. റബ്ബി 23:7
12. കയ്യഫാവ് 26:3
13. പീലാത്തൊസ് 27:2
14. ബറാബ്ബാസ് 27:16
15. മഗ്ദലക്കാരി മറിയ 27:56
16. യോസേഫ് 27:57
17. അരിമഥ്യക്കാരൻ

## VIII ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. ബേത്ത്‌ലേഹെം 2:1
2. യെഹൂദ്യ മരുഭൂമി 3:1
3. ഗലീലി 3:13
4. നസറെത്ത് 4:13
5. കഫർന്നബൂം 4:13
6. സൊദോം ഗമൊറ 10:15
7. ബേത്ത്സയിദ 11:21
8. സീദൊൻ 15:21
9. കൈസരിയയിലെ ഫിലിപ്പ്യ 16:13
10. ഒലിവ്മല 21:2
11. ഗെത്ത്ശെമന 26:36

## IX. ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ

1. മത്തായിയിലെയും ലൂക്കൊസിലെയും വംശാവലികൾ വ്യത്യസ്ഥമായിരിക്കുന്നതിന്റെ കാരണമെന്ത്?
2. താമാർ, രാഹാബ്, രൂത്ത് ഇവരുടെ പൊതുസവിശേഷതകൾ എന്തെല്ലാം?
3. ഏലിയാവിനും യോഹന്നാൻ സ്നാപകനും പൊതുവായിട്ടുള്ള സവിശേഷതയെന്ത്?
4. ''സ്വർഗ്ഗരാജ്യം'' എന്നാൽഎന്ത്?
5. മരുഭൂമിയിൽ യേശുവിനെ എങ്ങനെയാണ് സാത്താൻ പരീക്ഷിച്ചത്?
6. 5:17 സ്വന്തം വാക്കുകളിൽ വിവരിക്കുക.
7. 5:48 സ്വന്തം വാക്കുകളിൽ വിവരിക്കുക.
8. 7:6 സ്വന്തം വാക്കുകളിൽ വിവരിക്കുക.
9. 8:5-13 അസാധാരണമായിരിക്കുന്നതിന്റെ കാരണവും അതിന്റെ പ്രാധാന്യവും എന്ത്?
10. 10:38 സ്വന്തം വാക്കുകളിൽ വിവരിക്കുക.
11. 10:19 സ്വന്തം വാക്കുകളിൽ വിവരിക്കുക.
12. യേശു ശബ്ബത്തു ദിവസം സൗഖ്യമാക്കിയതിന്റെ കാരണമെന്ത്?
13. പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണം എന്താണ്? (12:31-32)
14. വിതയ്ക്കുന്നവന്റെ ഉപമയിൽ നിലവും മുളയ്ക്കുന്നതും ഫലം കായ്ക്കുന്നതുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? (13)
15. 13:44 സ്വന്തം വാക്കുകളിൽ വിവരിക്കുക.
16. 15:11 സ്വന്തം വാക്കുകളിൽ വിവരിക്കുക.
17. 16:20 സ്വന്തം വാക്കുകളിൽ വിവരിക്കുക.
18. 18:8 സ്വന്തം വാക്കുകളിൽ വിവരിക്കുക.
19. ഓരോ വിശ്വാസികൾക്കും സംരക്ഷക ദൂതൻ ഉ ാ?
20. യേശു ദൈവപുത്രൻ എന്ന പ്രമേയം 19:17 പ്രകാരം വിവരിക്കുക.
21. 21:18-19 സ്വന്തം വാക്കുകളിൽ വിവരിക്കുക.
22. 23-ാം അദ്ധ്യായത്തിൽ യേശു പരീശരോടും ശാസ്ത്രിമാരോടും വളരെ പരുഷമായി സംസാരിച്ചതിന്റെ കാരണമെന്ത്?
23. 24:36 ന്റെ പ്രസക്തിയെന്ത്?

# മർക്കൊസ്: ഒരു മുഖവുര

## I. പ്രാരംഭ പ്രസ്താവന

A. മത്തായി, ലൂക്കൊസ് എന്നീ സുവിശേഷങ്ങളെ അപേക്ഷിച്ച് മർക്കൊസിന്റെ സുവിശേഷത്തിൽ നിന്നും ഉദ്ധരിക്കുന്നതിൽനിന്നും, പഠിപ്പിക്കുന്നതിൽനിന്നും ആദിമ സഭ സാധാരണയായി ഒഴിഞ്ഞുമാറി. മർക്കൊസിന്റെ സുവിശേഷം 'വായനക്കാർക്ക് സംക്ഷേപഗ്രന്ഥമായി' (സംക്ഷിപ്ത സുവിശേഷം), പ്രത്യേകാൽ, അഗസ്റ്റിൻ ഉൾപ്പെടെ, പലരും പ്രസ്താവിച്ചു.

B. പുരാതന യവന സഭാപിതാക്കൻമാരോ ര ാം നൂറ്റാ ിലെ വക്താക്കളോ (വിശ്വാസപ്രതിരോധകർ) മർക്കൊസിൽ നിന്നും സാധാരണയായി ഉദ്ധരിച്ചിട്ടില്ല.

C. വേദപുസ്തക വ്യാഖ്യാനത്തിലെ ആധുനിക ചരിത്ര-വ്യാകരണ സമീപനത്തിന്റെ ഉദയം മുതൽ മർക്കൊസിന് ഒരു നവ-പ്രാമുഖ്യം കൈവരിച്ചു, അതിന്റെ കാരണം മർക്കൊസിന്റേത് പ്രഥമ സുവിശേഷമാണെന്ന വീക്ഷണമാണ്. യേശുവിന്റെ ജീവിതവും പ്രസക്തിയും അവതരിപ്പിച്ചപ്പോൾ മത്തായിയും ലൂക്കൊസും ഈ സുവിശേഷം ആധാരമായി ഉപയോഗിച്ചുവെന്നും കണക്കാക്കുന്നു. യേശുവിന്റെ ജീവിതത്തിന്റെ പ്രഥമ ഔദ്യോഗിക വിവരണം എന്ന നിലയിൽ മർക്കൊസിന്റെ സുവിശേഷം സഭയുടെ അടിസ്ഥാനരേഖയായി.

## II. സാഹിത്യശൈലി

A. ആധുനിക ചരിത്രമോ ജീവചരിത്രങ്ങളോ അല്ല സുവിശേഷങ്ങൾ. വിവിധ പ്രേക്ഷകർക്ക് യേശുവിനെ പരിചയപ്പെടുത്തുന്നതിനും, അവരെ ക്രിസ്തുവിന്റെ വിശ്വാസത്തിലേക്ക് നയിക്കുന്നതിനും തെരഞ്ഞെടക്കപ്പെട്ട ദൈവശാസ്ത്രപര രേഖകളാണ് അവ. സുവിശേഷീകരണ ദൗത്യത്തിനുള്ള യേശുവിന്റെ ജീവിത വിവരണമായ ''സദ്വർത്തമാനമാണ്'' (ഒ.നോ. യോഹ 20:30-31) ഈ സുവിശേഷം.

B. നാലു വ്യത്യസ്ത ചരിത്രപശ്ചാത്തലവും നാല് ദൈവശാസ്ത്രപര, ഉദ്ദേശ്യങ്ങളും മർക്കൊസ് സംബോധന ചെയ്യുന്നു.
1) യേശുവിന്റെ ജീവിതവും അദ്ധ്യാപനവും
2) പത്രൊസിന്റെ ജീവിതവും ശുശ്രൂഷയും
3) ആദിമസഭയുടെ ആവശ്യങ്ങൾ
4) യോഹന്നാനായ മർക്കൊസിന്റെ സുവിശേഷ ലക്ഷ്യം.

C. പൗരസ്ത്യ റോമാ-ഗ്രീക്ക് സാഹിത്യത്തിൽ നാലു സുവിശേഷങ്ങൾക്ക് നിസ്തുല്യ സ്ഥാനമു ്. യേശുവിന്റെ സ്വഭാവസവിശേഷതകളും ലക്ഷ്യവും വ്യക്തമായി വെളിപ്പെടുത്തുന്ന ഉപദേശങ്ങളും പ്രവൃത്തികളും പരിശുദ്ധാത്മാവിന്റെ സഹായത്താൽ തെരഞ്ഞെടുക്കേ തായ ദൗത്യം പ്രചോദിപ്പിക്കപ്പെട്ട ഗ്രന്ഥകർത്താക്കൾക്കു ായിരുന്നു.

വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെ ഈ ഉപദേശങ്ങളും പ്രവൃത്തികളും അവർ ക്രമീകരിച്ചു. ലൂക്കൊസിലുള്ള യേശുവിന്റെ സമതലത്തിലെ (മരുഭൂമിയിലെ) പ്രഭാഷണവും മത്തായിയിലെ ഗിരിപ്രഭാഷണവും (മത്തായി 5-7) തമ്മിലുള്ള താരതമ്യം ഒരു ഉദാഹരണമാണ്. ഈ ദീർഘ പ്രഭാഷണം മത്തായി സമാഹരിച്ച് ഒരു ഭാഗത്ത് ഒരുമിച്ച് രേഖപ്പെടുത്തിയപ്പോൾ ലൂക്കൊസ് ഇതേ പ്രഭാഷണം തന്റെ സുവിശേഷത്തിലുടനീളം പല ഭാഗങ്ങളിലായി രേഖപ്പെടുത്തി. യേശുവിന്റെ അത്ഭുതങ്ങൾ മത്തായി ഒരുമിച്ച് ക്രമീകരിച്ചപ്പോൾ ലൂക്കൊസ് അവ പല ഭാഗങ്ങളിലായി വ്യാപിപ്പിച്ചു ക്രമീകരിച്ചെഴുതി.

യേശുവിന്റെ ഉപദേശങ്ങൾ തെരഞ്ഞെടുത്തു ക്രമീകരിക്കുവാനുള്ള സുവിശേഷരചയിതാക്കളുടെ കഴിവ് മാത്രമല്ല, അവ ദൈവശാസ്ത്ര ലക്ഷ്യപ്രകാരം സ്വീകരിക്കാനും അവർക്ക് സാധിച്ചു. (Fee & Stuart *How to Read the Bible for all its work*, pp 113-134 വായിക്കുക) സുവിശേഷം വായിക്കുമ്പോൾ അതിലെ ഉപദേശവിഷയങ്ങൾ തുടർമാനമായി അന്വേഷിക്കണം. ഓരോ അത്ഭുതവും, അടയാളവും, അദ്ധ്യാപനവും എന്തുകൊ ് ഗ്രന്ഥകർത്താക്കൾ ഉൾപ്പെടുത്തിയെന്ന് ഗ്രഹിക്കണം.

D. മദ്ധ്യധരണ്യാഴിയിലെ (Mediterranean World) ജനങ്ങളുടെ ഉപഭാഷയായ പൊതുയവനഭാഷയ്ക്ക് (Koine Greek) ഉത്തമ ഉദാഹരണമാണ് മർക്കൊസിന്റെ സുവിശേഷം. മർക്കൊസിന്റെ മാതൃഭാഷ അരാമ്യഭാഷയാണ് (യേശുവിനും ഒന്നാം നൂറ്റാ ിലെ എല്ലാ

യഹൂദ്യർക്കും മാതൃഭാഷ അരാമ്യഭാഷയായിരുന്നു). യഹൂദാ വർഗ്ഗത്തോടുള്ള അഭിരുചി മർക്കൊസിന്റെ സുവിശേഷത്തിന്റെ സവിശേഷതയാകുന്നു.

## III. ഗ്രന്ഥകർത്താവ്

A. ഈ സുവിശേഷ രചനയിൽ അപ്പൊസ്തലനായ പത്രൊസിനൊപ്പം യോഹന്നാനായ മർക്കൊസിനെയും പാരമ്പര്യപ്രകാരം തിരിച്ചറിയുന്നു. ഈ സുവിശേഷത്തിന്റെയും കർതൃത്ത്വം (മറ്റ് സുവിശേഷങ്ങൾക്ക് സമാനമായി) അജ്ഞാതമാണ്.

B. പത്രൊസ് വ്യക്തിപരമായി ഉൾപ്പെട്ട മൂന്ന് പ്രത്യേക സംഭവങ്ങൾ ഉ ് അവ മർക്കൊസ് ഉൾപ്പെടുത്തിയില്ലയെന്നതുതന്നെ പത്രോസ് ദൃക്സാക്ഷിയാണെന്നതിനു തെളിവാകുന്നു.

1) പത്രൊസ് വെള്ളത്തിൻമേൽ നടക്കുന്നത് (ഒ.നോ. മത്തായി 14:28 –33)
2) പന്ത്ര ് പേരുടെ വിശ്വാസത്തിന് ഹേതുവായി കൈസര്യയിലെ ഫിലിപ്പയിൽ പ്രസംഗിച്ചതും (ഒ.നോ. മത്തായി 16:13–20), മർക്കൊസിൽ 8:27–30 വരെ മാത്രം, 'ഈ പാറമേൽ' 'രാജ്യത്തിന്റെ താക്കോൽ' എന്നീ ഭാഗങ്ങൾ ഒഴിവാക്കിയിരിക്കുന്നു.
3) തനിക്കും യേശുവിനുംവേ ിയുള്ള ദൈവാലയ നികുതിയുടെ സമ്പാദനം (ഒ.നോ. മത്തായി 17:24–27) തന്റെ പ്രഭാഷണങ്ങളിൽ ഇവയ്ക്ക് ഊന്നൽ നൽകാതിരിക്കുന്നതിന് പത്രോസിന്റെ വിനയം ഉത്സാഹിപ്പിച്ചുവെന്ന് കാണാം.

C. ആദിമ സഭാപാരമ്പര്യം

1) മർക്കൊസിന്റെ ഗ്രന്ഥകർതൃത്വത്തെപ്പറ്റി എ.ഡി. 95–ൽ റോമിൽ നിന്നും എഴുതിയ ക്ലെമന്ത് ഒന്നാമൻ പരാമർശിച്ചു. (ഹെർമസ് ഇടയൻ (*Shepherd of Hermon* ചെയ്തതുപോലെ)
2) ഹെയരപ്പൊലിസിലെ ബിഷപ്പ് പപ്പിയസ് (ഏകദേശം എ.ഡി.130) *Interpretation of the Lord's sayings* (കർത്താവിന്റെ വചനങ്ങളുടെ വ്യാഖ്യാനം) എഴുതി, അത് *Ecclesiastical History* (സഭാചരിത്രം) 3.39.15 എന്ന ഗ്രന്ഥത്തിൽ യൂസെബിയസ് ഉദ്ധരിച്ചിട്ടു ്. യേശുവിനെപ്പറ്റിയുള്ള പത്രൊസിന്റെ സ്മരണകൾ കാലഗണനാപരമായല്ല, എന്നാൽ കൃത്യമായി രേഖപ്പെടുത്തിയെന്നും, മർക്കൊസ് പത്രൊസിന്റെ പരിഭാഷകനാണെന്നും മർക്കൊസ് സ്വീകരിച്ചു, അവ സുവിശേഷക്രമമായി അവതരിപ്പിച്ചുവെന്നതും സ്പഷ്ടമാണ്. അപ്പൊസ്തലനായ യോഹന്നാനെ പരാമർശിച്ചുകൊ ് ''മൂപ്പനിൽ'' നിന്നും സ്വീകരിച്ചുവെന്ന് പപ്പിയാസ് അവകാശപ്പെടുന്നു.
3) മർക്കൊസ് 3:17 ഉദ്ധരിച്ചുകൊ ് ഇത് പത്രൊസിന്റെ സ്മരണകളിൽ നിന്നാണെന്ന് രക്തസാക്ഷിയായ Justin Martyr (എ.ഡി.150) ഉദ്ധരിക്കുന്നു.
4) മർക്കൊസിന്റെ സുവിശേഷത്തിന്റെ ദൃക്സാക്ഷിയാണ് പത്രൊസെന്ന് എ.ഡി.180–ൽ മർക്കൊസിന്റെ ആമുഖമായി Anti-Marcionite രേഖപ്പെടുത്തിയിട്ടു ്. പത്രൊസിന്റെ മരണാനന്തരം ഇറ്റലി (Italy ഇത്തൊല്യ) യിൽ നിന്നും മർക്കൊസ് സുവിശേഷം എഴുതിയെന്നും പ്രസ്താവിക്കുന്നു. (പാരമ്പര്യപ്രകാരം എ.ഡി. 65–ൽ റോമിൽ നിന്നും എന്ന് കരുതുന്നു)
5) പത്രൊസിന്റെ മരണാനന്തരം തന്റെ വ്യാഖ്യാതാവായും സമാഹർത്താവുമായി യോഹന്നാനായ മർക്കൊസ് വർത്തിച്ചുവെന്ന് Irenaus (ഐറേണിയസ്) ഏകദേശം 180 യിൽ രേഖപ്പെടുത്തി.) (ഒ.നോ. Contra Haereses 3:1:2)
6) റോമിൽവച്ച് പത്രൊസിന്റെ പ്രസംഗം കേട്ടവർ, പ്രസംഗങ്ങൾ രേഖപ്പെടുത്തുവാൻ മർക്കൊസിനോട് ആവശ്യപ്പെട്ടുവെന്ന് Clement of Alexandia (അലക്സന്ത്രയിലെ ക്ലെമന്ത്) (AD 195) ഉറപ്പിച്ചു പറയുന്നു.
7) റോമിൽ നിന്നും എ.ഡി.200–ൽ എഴുതിയ The Muratorian Fragment (മുറാട്ടോറിയൻ കക്ഷണം) (ie കനോനികം) അവ അപൂർണ്ണ രേഖയാണെങ്കിലും, പത്രൊസിന്റെ പ്രസംഗങ്ങൾ മർക്കൊസ് രേഖപ്പെടുത്തിയെന്ന് ഉറപ്പിക്കുന്നു.
8) 'പത്രൊസിന്റെ സ്മരണകൾ' മർക്കൊസ് പ്രസിദ്ധപ്പെടുത്തിയെന്ന് *Against Marcion* (4:5) നിൽ തെർത്തുല്യൻ (എ.ഡി.200) പ്രസ്താവിച്ചു.
9) ആദിമസഭാപാരമ്പര്യങ്ങൾ ഭൂമിശാസ്ത്രപരമായി വൈവിധ്യമായ സഭാകേന്ദ്രങ്ങളിൽ നിന്നുമുള്ളവയാണെന്ന പ്രസക്ത പരാമർശം Walter wessel തന്റെ *The Expositor's Bible Commentary* Vol.8.p. 606–ൽ ചേർത്തിട്ടു ്.

a. ഏഷ്യൻ ഭൂഖണ്ഡത്തിലെ പാപ്പിയസ്

b. റോമിൽ നിന്നുമുള്ള Anti-marcion ആമുഖവും Muratorian Fragment ഉം.

c. ഫ്രാൻസിലെ Lyons (ലിയോൺസ്) ലെ ഐറേണിയസ് വടക്കൻ ആഫ്രിക്കയിലെ തെർത്തുല്യൻ, (ഒ.നോ. *Adv. Marc* 4.5) ഈജിപ്റ്റിൽ നിന്നുള്ള അലക്സന്ത്രയിലെ ക്ലെമന്ത് എന്നിവർ ഐറേണിയസ് പാരമ്പര്യം വ്യക്തമാക്കുന്നു. (cf Hypotyposeis 6, യുസേബിയസ്, *Eccl. His* 2.15.1-2; 3.24.5-8; 6:14:6-7) -ൽ ഉദ്ധരിച്ചിട്ടു ്. ആദിമ പാരമ്പര്യത്തിന് പരക്കെ അംഗീകാരമു ായിരുന്നതിനാൽ ഈ ഭൂമിശാസ്ത്ര വൈവിധ്യം അതിന്റെ വിശ്വാസ്യതയ്ക്ക് ഉറപ്പ് നൽകുന്നു.

10) യൂസെബിയൊസിന്റെ *Eccl His.* 4:25 (സഭാചരിത്രം) പ്രകാരം ഒറിഗന്റെ (എ.ഡി. 230) *Commentray on Mathew* (മത്തായിയുടെ ഭാഷ്യത്തിൽ, 5-ാം നൂറ്റാ ുവരെ മർക്കൊസിന്റെ ഭാഷ്യം ഉള്ളതായി ആരും രേഖപ്പെടുത്തുന്നില്ല) പത്രൊസ് വിശദീകരണം നൽകിയതുപ്രകാരം മർക്കൊസ് സുവിശേഷം എഴുതിയെന്ന് പറയുന്നു.

11) *Eccl. His.* 2:15 (സഭാചരിത്രം)-ൽ യൂസെബിയൊസ് മർക്കൊസിന്റെ സുവിശേഷം സ്വയം ചർച്ചാവിധേയമാക്കിക്കൊ ് പറയുന്നു. പത്രൊസിന്റെ പ്രസംഗങ്ങൾ ശ്രവിച്ചശേഷം തന്റെ നിർദ്ദേശമനുസരിച്ച് മറ്റ് സഭകളിൽ വായിക്കേ തിനായി മർക്കൊസ് രേഖപ്പെടുത്തിയെന്ന് അലക്സന്ത്രയിലെ ക്ലെമന്തിന്റെ ഗ്രന്ഥങ്ങളെ ആധാരമാക്കി യൂസെബിയസ് ഈ പാരമ്പര്യം ഉറപ്പിക്കുന്നു.

D. മർക്കൊസ് എന്ന് മറുപേരുള്ള യോഹന്നാനെപ്പറ്റി നമുക്ക് എന്തെല്ലാം അറിയാം.

1) തന്റെ മാതാവ് യെരുശലെമിലെ ഒരു അറിയപ്പെട്ട വിശ്വാസിയും, തങ്ങളുടെ ഭവനത്തിൽ സഭ കൂടിവരികയും ചെയ്തു. കർത്താവിന്റെമേശ ആചരിച്ച രാത്രി അതിന്റെ ഒരു സാധ്യതയാകുന്നു. (ഒ.നോ. മർക്കൊസ് 14:14-15; പ്രവൃത്തി 1:13-14; പ്രവൃത്തി 12:12). ഗത്ത്ശേമനയിൽ നിന്നും ഓടിപ്പോയ ബാല്യക്കാരൻ മർക്കൊസായിരിക്കാനും സാധ്യതയു ് (മർക്കൊസ് 14:51-52).

2) മർക്കൊസിന്റെ മാവനായ ബർണബാസിനും (കൊലൊ 4:10) പൗലോസിനുമൊപ്പം യെരുശലെമിൽ നിന്നും താനും അന്ത്യൊക്യയിലേക്ക് തിരികെ വന്നു. (പ്രവൃത്തി 12:25)

3) ഒന്നാം ദൗത്യയാത്രയിൽ ബർണബാസിനും പൗലോസിനുമൊപ്പം മർക്കൊസും അനുകാരിയായിരുന്നു (പ്രവൃത്തി 13:5) എന്നാൽ താൻ ഉടനെതന്നെ ഭവനത്തിലേക്ക് മടങ്ങിപ്പോന്നു (പ്രവൃത്തി 13:13)

4) തുടർന്ന്, ര ാം പ്രേക്ഷിത ദൗത്യയാത്രയിൽ മർക്കൊസിനെയും കൂടെക്കൂട്ടുവാൻ ബർണബാസ് ആഗ്രഹിച്ചുവെന്നതും അത് പൗലോസും ബർണബാസും തമ്മിൽ തുടർച്ചയു ാകുന്നതിനും കാരണമായിത്തീർന്നുവെന്നതും (പ്രവൃത്തി 15:37-40) വ്യക്തമാണ്.

5) എന്നാൽ പിൽക്കാലത്ത് അവർ ഒരുമിക്കുകയും സ്നേഹിതരും സഹപ്രവർത്തകരുമായിത്തീരുകയും ചെയ്തു (കൊലൊ 4:10; 2 മൊഥെയോസ് 4:11; ഫില 24)

6) പത്രൊസിന്റെ സഹകാരിയും സഹപ്രവർത്തകനുമായി മർക്കൊസ് റോമിൽ പ്രവർത്തിച്ചു. (1 പത്രൊസ് 5:13)

E. യേശുവിനെ പിടിച്ചതിനുശേഷം ഗത്ത്ശമന തോട്ടത്തിൽ നിന്നും നഗ്നനായി ഓടിപ്പോയ 14:51-52 ലെ വിവരണം മർക്കൊസിന് യേശുവുമായിട്ടുള്ള പരിചയത്തിന്റെ വ്യക്തിപര സൂചനയാകുന്നു. ഈ അസാധാരണവും തികച്ചും അപ്രതീക്ഷിതവുമായ വിവരണം മർക്കൊസിന്റെ അനുഭവത്തിന്റെ പ്രതിഫലനമാകുന്നു.

## IV. കാലഘട്ടം

A. പ്രത്യക്ഷത്തിൽ പത്രൊസിന്റെ പ്രസംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്തതായ യേശുവിന്റെ ജീവിതം, പ്രവർത്തനം, ഉപദേശങ്ങൾ എന്നിവയുടെ ദൃക്സാക്ഷി വിവരണവും അതിന്റെ വ്യാഖ്യാനവുമാണ് ഈ സുവിശേഷം. Anti-marcionitesa ആമുഖവും ഐറേണിയസിന്റെ അഭിപ്രായവും (പൗലൊസിന്റെ മരണാനന്തര വിവരണവും ചേർത്തിട്ടാണ്) പ്രകാരം പത്രൊസിന്റെ മരണത്തിനുശേഷം അവ സമാഹരിച്ച് വ്യാപിച്ചതാണിത്. നീറോ ചക്രവർത്തിയുടെ കാലത്ത് (എ.ഡി. 54-68)-ൽ പത്രൊസും പൗലൊസും റോമിൽ (സഭാപാരമ്പര്യം) വച്ച് കൊല്ലപ്പെട്ടു. കൃത്യകാലഘട്ടം ഉറപ്പില്ലെങ്കിലും, മർക്കൊസ് എഴുതിയ കാലം അറുപതുകളുടെ മദ്ധ്യത്തിലാണെന്ന് അനുമാനിക്കാം.

B. Anti-marcionite ആമുഖവും ഐറേണിയസും പത്രൊസിന്റെ മരണവിവരമല്ല എന്നാൽ റോമിൽ നിന്നുള്ള തന്റെ പുറപ്പാടാണ് (യാത്ര) പരാമർശിക്കുന്നത്. ക്ലൊദയൊസിന്റെ

(Claudios) വാഴ്ചാകാലത്ത് (എ.ഡി. 41-54) (യൂയെബിയസ് Eccl. His. 2.14.6) പത്രൊസ് റോം സന്ദർശിച്ചതിന് ചില പാരമ്പര്യ തെളിവുകളു ്. (ie. Justin and Hippolytus)

C. അറുപതുകളുടെ പ്രാരംഭത്തിൽ പൗലൊസ് കാരാഗൃഹത്തിൽ തുടർന്നു എന്ന് പ്രവൃത്തികളുടെ പുസ്തകത്തിലെ ലൂക്കൊസിന്റെ ഉപസംഹാരം സൂചിപ്പിക്കുന്നു. മർക്കൊസിന്റെ സുവിശേഷം ലൂക്കൊസ് തന്റെ രചനയ്ക്ക് പരിശോധിച്ചിട്ടു ങ്കിൽ, അറുപതുകൾക്കും മുൻപാണ് മർക്കൊസ് സുവിശേഷം എഴുതിയത്.

D. മർക്കൊസിന്റെ ഗ്രന്ഥകർതൃത്വം, രചനാകാലം സുവിശേഷ (ഏതായാലും) സത്യങ്ങളുടെ ചരിത്ര/ഉപദേശപര/സുവിശേഷ മേഖലകളെ ബാധിക്കുന്നില്ല!

E. എ.ഡി. 70-ൽ റോമാപടത്തലവനും തുടർന്ന് ചക്രവർത്തിയുമായ തിത്തൊസിനാലുള്ള യെരുശലെമിന്റെ നശീകരണത്തെക്കുറിച്ച് ( മത്തായി 24; മർക്കൊസ് 13; ലൂക്കൊസ് 21) (എ.ഡി. 95-96-ൽ എഴുതിയ യോഹന്നാനുൾപ്പെടെ) ഒരു സുവിശേഷ ഗ്രന്ഥകർത്താക്കളും പ്രത്യക്ഷമായി പരാമർശിക്കുന്നില്ല എന്നതും വിസ്മയകരമാണ്. ഈ സംഭവത്തിന് മുൻപായിരിക്കണം മർക്കൊസ് എഴുതിയത്. യഹൂദമതത്തിൻമേലുള്ള ഈ സുപ്രധാന വിധി നടപ്പിലാക്കുന്നതിന് മുൻപ് മത്തായിയും ലൂക്കൊസും എഴുതപ്പെട്ടു. ചുരുക്കത്തിൽ സമാന്തര സുവിശേഷങ്ങളുടെ കൃത്യരചനാകാലം (പരസ്പരമുള്ള സാഹിത്യ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ) ഇപ്പോൾ അനിശ്ചിതമാണ്.

## V സ്വീകർത്താക്കൾ

A. വിവിധ ആദിമ സഭാ ഗ്രന്ഥകർത്താക്കളാൽ റോമുമായി മർക്കൊസിന് ബന്ധമു ്.
   1) പത്രൊസ് 5:13
   2) Anti-marcionite ആമുഖം (ഇത്തൊല്യ)
   3) ഐറേണിയസ് (റോം; cf *Adv. Haer* 3.1.2)
   4) അലക്സന്ത്രയിലെ ക്ലെമന്ത് (റോം. ഒ.നോ. യൂസെബിയസ് *Eccl. Hist* 4.14.6-7; 6.14.5-7)

B. തന്റെ സുവിശേഷ രചനാ ഉദ്ദേശ്യം കൃത്യമായി മർക്കൊസ് വ്യക്തമാക്കുന്നില്ല, അതുമായി ബന്ധപ്പെട്ട് വിവിധ സിദ്ധാന്തങ്ങളുമു ്.
   1) റോമാക്കാർക്ക് മുൻഗണന നൽകിക്കൊ ് (ഒ.നോ. 1:15; 10:45) എഴുതിയ ഒരു പൊതുസുവിശേഷ ലഘുലേഖ (ഒ.നോ. 1:1)
      a. യഹൂദ്യാ വിഷയങ്ങൾ വ്യാഖ്യാനിച്ചിട്ടു ്. (ഒ.നോ. 7:3-4; 14:12; 15:42)
      b. അരാമ്യ പദങ്ങൾ പരിഭാഷപ്പെടുത്തി (ഒ.നോ. 3:17; 5:41; 7:1,34; 10:46; 14:36; 15:22,34)
      c. അനവധി ലത്തീൻ പദങ്ങളുടെ ഉപയോഗം (ഒ.നോ. അകമ്പടി 6:27 7:4; സെൻസസ് (ജനസംഖ്യകണക്ക്) 12:14; ഒരു പൈസ (quadrans) 12:42; മണ്ഡപം (praetorium) 15.16; ശതാധിപൻ (centurio) 15:39; ശ്രേഷ്ഠമന്ത്രി (flagellare) 15:42
      d. യേശുവുമായി ബന്ധപ്പെട്ട ആസകല ഭാഷ
         1) പാലസ്തീനിലെ ആസകല ഭാഷ (ഒ.നോ. 1:5, 28, 33, 39; 2:13 4:1; 6:33,39,41,55)
         2) സകല ജനങ്ങളുമായി ബന്ധപ്പെട്ട ആസകല ഭാഷ (ഒ.നോ. 13:10)
   **2)** ക്രിസ്ത്യാനികളെ ദഹിപ്പിക്കുന്നതിന്, വിശ്വാസികളുടെമേലുള്ള ഭയാനക പീഢനത്തിന് തുടക്കമിട്ട AD 64-ലെ നീറോ ചക്രവർത്തിയുടെ തീവയ്പ്. മർക്കൊസ് പലപ്പോഴും പീഢനങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നു. (ഒ.നോ. യേശുവിന്റെ കഷ്ടത 8:31; 9:39; 10:33-34,45; ഒ.നോ. തന്റെ അനുഗാമികളുടെ കഷ്ടത 8:34-38: 10:21,30,35-44.
   3) കർത്താവിന്റെ ര ാം വരവിന്റെ താമസം
   4) അപ്പൊസ്തലരുടെയും യേശുവിന്റെ ദൃക്സാക്ഷികളുടെയും മരണം.
   5)വ്യാപിച്ച ക്രിസ്തീയ സഭകൾക്കുള്ളിൽ അങ്കുരിച്ച വേദവിരുദ്ധ വാദങ്ങൾ
      a. യഹൂദ്യാ മതം (ഗലാത്യർ)
      b. ജ്ഞാനേയ വാദം (1 യോഹന്നാൻ)
      c. ഈ ര ് വാദങ്ങളുടെയും സങ്കലനം (ie., കൊലൊസ്സ്യർ, എഫേസ്യർ; 2 പത്രൊസ് 2)

## VI. വിഷയവിഭജനം (Outline)

A. പുസ്തകത്തിന്റെ മൂന്നിലൊരു ഭാഗം യേശുവിന്റെ അവസാന ആഴ്ച വിശദീകരിക്കും വിധമാണ് മർക്കൊസ് എഴുതിയത്. പെസഹാ വാരത്തിലെ ദൈവശാസ്ത്രത്തിന്റെ പ്രസക്തി പ്രകടമാണ്.

B. ആദിമ സഭാപാരമ്പര്യ പ്രകാരം, പത്രൊസിൽ നിന്നും വിവരം ശേഖരിച്ച് (ie; മിക്കവാറും റോമിൽ) മർക്കൊസ് എഴുതിയതുകൊ ് യേശുവിന്റെ ജനനവിവരണം രേഖപ്പെടുത്തിയില്ലെന്നതും ഒരു തെളിവാണ്. യേശുവിനെ ഒരു മുതിർന്ന വ്യക്തിയായി, പത്രൊസിന്റെ അനുഭവം ആരംഭിക്കുന്നിടത്താണ് മർക്കൊസ് പ്രാരംഭം കുറിക്കുന്നത്. ഉപദേശപരമായി, യോഹന്നാൻ സ്നാപകന്റെ മാനസാന്തര സന്ദേശവും മശിഹായുടെ പ്രവർത്തനത്തിന്റെ ഒരുക്കത്തിനുള്ള വിശ്വാസവുമാണ് സുവിശേഷ പ്രാരംഭം.

''ദൈവപുത്രൻ'' ''മനുഷ്യ പുത്രൻ'' എന്നീ ആശയങ്ങൾ പത്രൊസിന്റെ പ്രഭാഷണങ്ങളിൽ ഉൾപ്പെടുത്തിയിട്ടു ്. യേശുവിന്റെ വ്യക്തിഭാവത്തിന് ഊന്നൽ നൽകിയുള്ള പത്രൊസിന്റെ ഉപദേശം സുവിശേഷത്തിൽ പ്രതിഫലിക്കുന്നു. പ്രാരംഭത്തിൽ യേശുവിനെ ഗുരുവായും പിന്നീട് സൗഖ്യദായകനായും അനന്തരം താൻ മശിഹായാണെന്നും പരാമർശിക്കുന്നു. ഈ 'മശിഹ' പ്രതീക്ഷപോലെ ശ്രീലാളിതനായ പടത്തലവനായില്ല പ്രത്യുത പീഢിതനായ ഒരു ദാസനായി (ഒ.നോ. യെശയ്യാവ് 53).

C. മർക്കൊസിന്റെ അടിസ്ഥാന ഭൂമിശാസ്ത്ര ഘടനാരൂപരേഖ മറ്റ് സമാന്തര സുവിശേഷങ്ങളുമായി പങ്കിടുന്നു. (ie., മത്തായി, ലൂക്കൊസ്)

1) ഗലീലാ ശുശ്രൂഷ (1:14-6:13)
2) ഗലീലയ്ക്കു പുറത്തുള്ള ശുശ്രൂഷ (6:14-8:30)
3) യെരുശലെമിലേക്കുള്ള യാത്ര (8:31-10:52)
4) യെരുശലെമിലെ അന്ത്യവാരം (11:1-16:8)

D. ആദിമ അപ്പൊസ്തലിക പ്രഭാഷണങ്ങളുടെ മാതൃകയുമായി കിടപിടിക്കുന്നതാണ് മർക്കൊസിന്റെ സുവിശേഷ ഘടന (ie., പ്രവൃത്തി 10:37-43, ഒ.നോ. C.H. Dodds *New Testament Studies* pp 1-11). ഇതു വാസ്തവമെങ്കിൽ വാമൊഴി പാരമ്പര്യ കാലത്തിന്റെ ഉച്ചസ്ഥാനത്താണ് സുവിശേഷ രചനകൾ (ie, *kerygma*/പ്രസംഗം) എഴുതപ്പെട്ട രേഖകളെക്കാൾ ശ്രേഷ്ഠമായി 'വാമൊഴി' അദ്ധ്യാപനത്തെ യഹൂദർ കണക്കാക്കുന്നു.

E. യേശുവിന്റെ ജീവിതത്തിന്റെ അതിവേഗം സഞ്ചരിക്കുന്ന രേഖയായി (ie.,''പെട്ടെന്ന്'' ഒ.നോ., 1:10) മർക്കൊസിനെ വിശേഷിപ്പിക്കുന്നു. അദ്ധ്യാപന ഭാഗങ്ങൾ ദീർഘിപ്പിക്കാതെ ഒരു സംഭവത്തിൽ നിന്നും അടുത്തതിലേക്ക് അതിവേഗം സഞ്ചരിക്കുന്ന രീതി മർക്കൊസ് സ്വീകരിച്ചു. (ie,''പെട്ടെന്ന്, ഉടനെ'' എന്ന ആവർത്തനം) യേശുവിന്റെ പ്രവർത്തികളുടെ വെളിപ്പാടാണ് മർക്കൊസിന്റെ സുവിശേഷം എന്നിരുന്നാലും, ഈ അതിവേഗ രേഖയിൽ ഉജ്ജ്വല ദൃക്സാക്ഷി വിവരണം പലയിടത്തായി വിതറിയിട്ടു ്. ( ie.,പത്രൊസ്).

## VII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1) മാനസാന്തര സ്നാനം 1:4
2) ഒട്ടകരോമം കൊ ുള്ള ഉടുപ്പ് 1:5
3) പ്രാവുപോലെ 1:10
4) നാല്പതു ദിവസം 1:13
5) ദൈവരാജ്യം സമീപിച്ചിരിക്കുന്നു 1:15
6) പള്ളിയിൽ 1:23
7) ദൈവദൂഷണം 2:7
8) ശാസ്ത്രിമാർ 2:6
9) തുരുത്തി 2:22
10) ഉപമകൾ 4:2
11) വസ്ത്രം 5:27
12) പരീശന്മാരുടെ പുളിച്ചമാവ് 8:15

13) സാത്താനേ എന്നെ വിട്ടുപോകുക; 8:33
14) രൂപാന്തരപ്പെട്ടു 9:2
15) അഗ്നിനരകം 9:47
16) എന്റെ ആലയം സകല ജാതികൾക്കും പ്രാർത്ഥാലയം 11:17
17) വെള്ളിക്കാശ് 12:15
18) പെസഹാ 14:1
19) സ്വച്ഛജടമാംസി 14:3
20) ഈ പാനപാത്രം 14:36
21) നാഴിക വന്നു 14:41
22) ഒരുക്കനാൾ 15:42
23) ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ 16:2

## VIII. ഈ സുവിശേഷത്തിൽ അിറഞ്ഞിരിക്കേ വ്യക്തികൾ

1) ശിമോൻ 1:16
2) സെബെദി 1:20
3) അശുദ്ധാത്മാവ് 1:23
4) ലേവി 2:14
5) അബ്യാഥാർ 2:26
6) കനാന്യൻ 3:18
7) ബെയെത്സെബൂൽ 3:22
8) ലെഗ്യോൻ 5:9
9) ഹെരോദാ രാജാവ് 6:14
10) ഹെരോദാ 6:17
11) സൂറഫൊയീനിക്യ 7:26
12) ബർത്തിമാസ് 10:46
13) കൈസർ 12:14
14) ശൂന്യമാക്കുന്ന മ്ലേച്ഛത 13:14
15) തിരഞ്ഞെടുക്കപ്പെട്ടവർ 13:20
16) കള്ളക്രിസ്തു 13:22
17) മഹാപുരോഹിതർ 14:1
18) അബ്ബാ 14:36
19) ന്യായാധിപസംഘം 14:55
20) ബറബ്ബാസ് 15:7, 11
21) കുറേനക്കാരനായ ശിമോൻ 15:21
22) ശലോമി 15:40
23) ശതാധിപൻ 15:45

## IX. ഭൂപടത്തിൽ അിറഞ്ഞിരിക്കേ സ്ഥലങ്ങൾ

1) യെഹൂദ്യ 1:4
2) യെറുശലേം 1:4
3) യോർദ്ദാൻ നദി 1:5
4) നസറെത്ത് 1:9
5) ഗലീലി 1:9
6) കഫർണഹൂം 1:21
7) എദോം 3:8
8) സോർ 3:8
9) സീദോൻ 3:8
10) ഗദരദേശം 5:1
11) ദെക്കപ്പൊലി 5:20
12) ബേത്ത്സയിദ 6:45
13) ദല്മനൂഥ 8:10
14) യെരീഹോ 10:46
15) ഒലിവ്മല 11:1
16) ഗെത്ത്ശെമന 14:32

## X. ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1) പരിശുദ്ധാത്മ സ്നാനം എന്നാൽ എന്ത്? (1:8)
2) പുതുനിയമത്തിന്റെ ആവശ്യകോപാധികൾ എന്ത്? (1:15)
3) യേശുവിന്റെ ഉപദേശത്തിങ്കൽ ശ്രോതാക്കൾ അതിശയിച്ചതിന്റെ കാരണമെന്ത്? (1:22)
4) ഭൂതങ്ങൾ സംസാരിക്കുന്നതിന് യേശു അനുവദിക്കാതിരുന്നതിന് കാരണമെന്ത്? (1:34)
5) സൗഖ്യമായവരോട് ആരോടും പറയരുതെന്ന് യേശു കല്പിച്ചതിന് കാരണമെന്ത്? (1:43)
6) 2-ാം അദ്ധ്യായത്തിൽ, യേശു ദൈവദൂഷണം പറഞ്ഞു എന്ന് ആക്ഷേപിച്ചതിന്റെ കാരണമെന്ത്?
7) 2:7 സ്വന്തം വാചകങ്ങളിൽ വിവരിക്കുക
8) പലപ്പോഴായി ശബ്ബത്തുനാളുകളിൽ യേശു സൗഖ്യമാക്കിയതിന്റെ കാരണമെന്ത്?
9) ഉപമകളാൽ യേശു പഠിപ്പിച്ചതിന്റെ കാരണമെന്ത്? (3:10-13)
10) മണ്ണിന്റെ ഉപമയെപ്പറ്റി സ്വന്തം വാക്കുകളിൽ വിവരിക്കുക (4:3 -9)
11) സ്വന്തം പട്ടണത്തിൽ അനേക അത്ഭുതങ്ങൾ യേശു പ്രവർത്തിക്കാതിരുന്നതിന്റെ കാരണമെന്ത്? (6:4-6)
12) യേശു വെള്ളത്തിൻമേൽ നടന്നതിന്റെ കാരണമെന്ത്? അദ്ധ്യായം 6?
13) 7:6-7-ൽ യെശയ്യാ പ്രവചനം ഉൾപ്പെടുത്തിയതിന് കാരണമെന്ത്?
14) 7:15 സ്വന്തം വാക്കുകളിൽ വിവരിക്കുക
15) യേശുവിന്റെ അരാമ്യവാക്കുകൾ മർക്കോസ് ഉദ്ധരിച്ചതെന്തുകൊ ്?
16) 8:38 സ്വന്തം വാക്കുകളിൽ വിവരിക്കുക
17) 10-ാം അദ്ധ്യായത്തിൽ പരീശൻമാർ യേശുവിനോട് വിവാഹമോചനത്തെപ്പറ്റി ചോദിച്ചതിന് കാരണമെന്ത്?
18) യേശു 10:25-ൽ പറഞ്ഞ വിഷയത്തിൽ ശിഷ്യൻമാർ അതിശയിച്ചതിനു (10:26) കാരണമെന്ത്?
19) യേശു കഴുതപ്പുറത്ത് സഞ്ചരിച്ചതിന്റെ അദ്ധ്യായം 11, എന്ത്?
20) യേശു ദേവാലയം ശുദ്ധീകരിച്ചതിന് കാരണമെന്ത്, അദ്ധ്യായം 11?
21) 11:28 ലെ ചോദ്യത്തിന്റെ പ്രാധാന്യമെന്ത്?
22) 12-ാം അദ്ധ്യായത്തിന്റെ പ്രാരംഭത്തിലുള്ള ഉപമയും എന്തുകൊ ാണ് അതിശക്തമായിരിക്കുന്നത്, അത് ആരെയാണ് പരാമർശിക്കുന്നത്?
23) പഴയനിയമത്തിലെ അതിപ്രധാന കല്പന ഏത്?
24) 13:30 വ്യാഖ്യാനിക്കുവാൻ പ്രയാസമായിരിക്കുന്നതിന്റെ കാരണമെന്ത്?
25) 15:34 സ്വന്തം വാക്കുകളിൽ വിവരിക്കുക.

# ലൂക്കൊസിന്റെ സുവിശേഷം: ഒരു മുഖവുര

## I. പ്രാരംഭ പ്രസ്താവന

A. ദീർഘമേറിയ സുവിശേഷമാണ് ലൂക്കൊസിന്റേത്. മറ്റ് പുതിയ നിയമ ഗ്രന്ഥകർത്താക്കളെ അപേക്ഷിച്ച് (എബ്രയാർ എഴുതിയത് പൗലോസല്ല എന്ന് അഭിപ്രായപ്പെട്ടാൽ) ലൂക്കൊസും അപ്പൊസ്തല പ്രവൃത്തികളുംകൂടി ചേർത്തുവച്ചാൽ തന്റെ രചനകൾക്കാണ് ഏറ്റവും കൂടുതൽ പേജുകളുള്ളത് എന്ന് കാണാം. ലൂക്കൊസ് ഒരു യവനവനും ര ാം തലമുറ ക്രിസ്തു വിശ്വാസിയുമാണ്!

B. എബ്രായ ലേഖകനെ മാറ്റി നിർത്തിയാൽ മറ്റെല്ലാ പുതിയ നിയമ ഗ്രന്ഥകർത്താക്കളിലും വച്ച് ഏറ്റവും മികച്ച കൊയ്നേ ഗ്രീക്കു (പൊതുഗ്രീക്കു) ഭാഷയാണ് ലൂക്കൊസിന്റേത്. പ്രത്യക്ഷത്തിൽ ഗ്രീക്കു തന്റെ മാതൃഭാഷയായിരുന്നുവെന്ന് മനസ്സിലാക്കാം. താൻ ഉന്നത വിദ്യാഭ്യാസത്തിനുടമയും ഒരു വൈദ്യനുമായിരുന്നു. (ഒ.നോ. കൊലാസ്യർ 4:14)

C. യഹൂദാ മതനേതൃത്വം ഒരിക്കലും ശ്രദ്ധ നൽകാതിരുന്ന കൂട്ടർക്ക് യേശു സ്നേഹവും കരുതലും നൽകിയ വിവരം ലൂക്കൊസ് ഊന്നിപ്പറയുന്നു.

1) സ്ത്രീകൾ (ഉദാ: മറിയ, ഏലിസബെത്ത്, അന്ന, മറിയയും മാർത്തയും)
2) ദരിദ്രർ (ഒ.നോ. ലൂക്കൊസിലെ ഭാഗ്യവചനങ്ങൾ; 6:20–23, ധനത്തെപ്പറ്റിയുള്ള ഉപദേശം, ഒ.നോ. 12:13–21, 16:9–13, 19–31).
3) സാമൂഹികമായും, വർഗ്ഗീയമായും, മതപരമായും ഭ്രഷ്ടാക്കപ്പെട്ടവർ
    a. പാപിനിയായ സ്ത്രീ (ഒ.നോ.7:36-50)
    b. ശമര്യക്കാർ (ഒ.നോ. 9:51-56;10:29-37; 17:11-16)
    c. കുഷ്ടരോഗികൾ (ഒ.നോ.17:11-19)
    d. ചുങ്കം പിരിവുകാർ (ഒ.നോ.3:12-13;18:9-14;19:1-10)
    e. കുറ്റവാളികൾ (ഒ.നോ.23:35-43)

D. മറിയയുടെ ദൃക്സാക്ഷി വിവരണവും (i.e, പ്രവൃത്തികളിലെ ആദ്യ ര ് അദ്ധ്യായങ്ങൾ) അവളുടെ വംശാവലിയും (i.e, 3:23–38) ലൂക്കൊസ് രേഖപ്പെടുത്തുന്നു. യഹൂദൻമാരോടും ജാതികളോടുമുള്ള യേശുവിന്റെ താൽപര്യം ലൂക്കൊസ് രേഖപ്പെടുത്തിയിട്ടു ്.

## II. ഗ്രന്ഥകർത്താവ്

A. ഏകാഭിപ്രായമുള്ള ആദിമസഭാ പാരമ്പര്യത്തിന്റെ ഏകാഭിപ്രായം

1) പൗലോസിന്റെ സുവിശേഷ പ്രസംഗങ്ങൾ ലൂക്കൊസ് ഒരു പുസ്തകത്തിൽ രേഖപ്പെടുത്തിയെന്ന് ഐറേണിയസിന്റെ (എ.ഡി. 175 –195) ദുരുപദേശങ്ങൾക്ക് എതിർപ്പ് (Against Heresies ൽ 3.1.1; 3.14.10) വ്യക്തമായി പ്രസ്താവിക്കുന്നു.
2) ലൂക്കൊസാണ് സുവിശേഷ ഗ്രന്ഥകർത്താവെന്ന് ലൂക്കൊസിന്റെ Anti-marcion ആമുഖത്തിൽ (എ.ഡി. 175) പ്രസ്താവിക്കുന്നു.
3) പൗലോസിന്റെ സുവിശേഷ സംഗ്രഹം ലൂക്കൊസ് എഴുതിയെന്ന് തെർത്തുല്ല്യൻ പ്രസ്താവിക്കുന്നു. ( എ.ഡി.. 150–160–220/ 240–Against Marcion 4:2,3, 4:5,3)
4) ലൂക്കൊസ് ഗ്രന്ഥകർത്താവാണെന്നും, പൗലോസിന്റെ സഹകാരിയായ വൈദ്യനുമാണെന്ന് Muratorian fragment (മുറാട്ടോറിയൻ കക്ഷണം) (എ.ഡി.180–200)- ൽ സൂചിപ്പിക്കുന്നു. കേട്ടുകേൾവിയിൽ നിന്നും ഒരു പുസ്തകം എഴുതപ്പെട്ടുവെന്നും അത് പറയുന്നു. (ദൃക്സാക്ഷികളുമായി കൂടിക്കാഴ്ച നടത്തി എന്നർത്ഥം)
5) മത്തായിയുടെ ഭാഷ്യത്തിൽ നിന്നുള്ള യൂസെബിയസിന്റെ സഭാചരിത്രത്തെ (*Hist.Ecc.*6.25.6) അധികരിച്ച് ഈ സുവിശേഷ കർത്താവ് ലൂക്കൊസാണെന്ന് Oregin (ഒറെഗൻ) ഉദ്ധരിച്ചു.
6) ലൂക്കൊസും അപ്പ.പ്രവർത്തികളും എഴുതിയത് ലൂക്കൊസാണെന്ന് യൂസെബിയസ് സഭാചരിത്രത്തെ (*Hist.Ecc.* 3.4.2,6-7) സ്ഥിരീകരിക്കുന്നു.

B. ലൂക്കൊസിന്റെ ഗ്രന്ഥകർതൃത്വത്തിനുള്ള ആന്തരിക തെളിവ്

1) പല ഗ്രന്ഥകർതൃത്ത്വത്തിനുമുള്ളതുപോലെ ഈ സുവിശേഷത്തിന്റെ ഗ്രന്ഥകർതൃത്ത്വവും സ്പഷ്ടമായ ആന്തരിക തെളിവുകളാൽ അജ്ഞാതമാണ്.

2) ലൂക്കൊസും പ്രവൃത്തികളും ര ് വാല്യഗണമാണെങ്കിൽ, അത് മുഖവരപ്രകാരം വാസ്തവമാണെന്ന് കരുതാം, അങ്ങനെയെങ്കിൽ പ്രവൃത്തികളിലെ ''നാം'' എന്ന ഭാഗങ്ങൾ (cf. 16:10-17;20:5-16;21;1-18;27;1-28:16) പൗലോസിന്റെ പ്രേക്ഷിത ദൗത്യയാത്രകളുടെ ഒരു ദൃക്സാക്ഷി വിവരണമാണെന്ന് ധ്വനിയുമു ്.

3) യേശുവിന്റെ ജീവിതത്തിന്റെ ചരിത്രപര സമീപനപ്രകാരം ഒരു വിവരണം എഴുതുന്നതിനായി ദൃക്സാക്ഷി വിവരണങ്ങളിൽ താൻ ഒരു ഗവേഷണം നടത്തിയെന്ന് ലൂക്കൊസിന്റെ ആമുഖത്തിൽ (cf. 1:1-4) പ്രസ്താവിക്കുന്നു, താൻ ര ാം തലമുറയിലെ വിശ്വാസിയാണെന്ന് ഇത് സൂചിപ്പിക്കുന്നു. ലൂക്കൊസിന്റെ മുഖവുര പ്രവർത്തികളെയും ഉൾപ്പെടുത്തുന്നു. ലൂക്കൊസിന്റെയും പ്രവൃത്തികളുടെയും രചനാകാലം ഏകദേശം കവിഞ്ഞുകിടക്കുന്നു. (i.e, പുനരുത്ഥാനാനന്തര സംഭവങ്ങൾ)

## III. ലൂക്കൊസ് എന്ന വ്യക്തി

A. ലൂക്കൊസിന്റെ Anti-marcion ആമുഖം (എ.ഡി. 175)

1. സിറിയയിലെ അന്ത്യൊക്യക്കാരൻ
2. വൈദ്യൻ
3. അവിവാഹിതൻ
4. പൗലോസിന്റെ അനുഗാമി
5. ആഖായിയായിൽ (ഗ്രീക്ക്) നിന്ന് എഴുതി
6. ബോയെയോട്ടിയൽ വച്ച് 84-ാം വയസ്സിൽ അന്തരിച്ചു.

B. കൈസര്യയിലെ യൂസെബിയസ് (എ.ഡി.275-339) *Hist, Eccl.* III 4.2

1. അന്ത്യൊക്യയിൽ നിന്നുള്ള വ്യക്തി
2. പൗലോസിന്റെ മിഷണറി സഹകാരി
3. സുവിശേഷവും അപ്പൊ. പ്രവൃത്തികളും എഴുതി

C. Jerome (ജെറോം, എ.ഡി. 346-420- Migna XXVI.18)

1. അഖായിയയിൽ നിന്നും എഴുതി
2. ബൊയെയേട്ടിയയിൽ വച്ച് അന്തരിച്ചു.

D. ഉന്നത വിദ്യാഭ്യാസ സമ്പന്നൻ

1. മികച്ച കൊയ്നേ ഗ്രീക്കുഭാഷയും വ്യാകരണവും
2. വിപുലമായ പദസമ്പത്ത് (വൈദ്യ-നാവിക മേഖലകൾ)
3. ഗവേഷണ രീതി (cf 1:1-4)
4. താൻ ഒരു വൈദ്യനായിരിക്കാനാണ് സാധ്യത (cf. കൊലൊസ്യർ 4:14). വൈദ്യൻമാരെപ്പറ്റിയുള്ള മർക്കൊസിന്റെ 5:26 ലെ പ്രതികൂല പരാമർശം സമാന്തരഭാഗമായ ലൂക്കൊസ് 8:43-ൽ ഒഴിവാക്കി. ഏകദേശം 300 ലധികം പ്രാവശ്യം മരുന്ന്, സൗഖ്യം, രോഗം മുതലായ വൈദ്യപദങ്ങൾ ലൂക്കൊസ് ഉപയോഗിച്ചിട്ടു ്. (ലൂക്കൊസിന്റെ വൈദ്യഭാഷ). (ഒ.നോ. W. K. Hobart, *The Medical Lnguage of Luke*, or A. Harnack, *Luke The Physician*).

E. ലൂക്കൊസ് ഒരു ജാതീയനായിരുന്നു.

1. കൊലെസ്യർ 4:10-11 ൽ തന്റെ സഹായികളുടെ കൂട്ടുവേലക്കാരുടെ ലിസ്റ്റിൽ (ie; പരിഛേദനക്കാരിൽ നിന്നുള്ളവർ) മറ്റ് കൂട്ടുവേലക്കാർ (ie; എപ്പഫ്രാസ്, ലൂക്കൊസ്, ദേമാസ്) എന്നിങ്ങനെ ഒരു വ്യത്യാസം പൗലോസ് എടുത്തുകാട്ടുന്നു.
2. അരാമ്യഭാഷയെപ്പറ്റി ''അവരുടെ സ്വന്തം ഭാഷകളിൽ'' എന്ന് പ്രവൃത്തി 1:9-ൽ പറയുമ്പോൾ അത് തന്റെ ഭാഷയല്ല എന്ന് അർത്ഥമാക്കുന്നു.
3. യഹൂദാ വാമൊഴിയും ന്യായപ്രമാണങ്ങളെപ്പറ്റിയുമുള്ള പരീശൻമാരുമായുള്ള സകല വിവാദ വിഷയങ്ങളും ലൂക്കൊസ് തന്റെ സുവിശേഷത്തിൽനിന്നും ഒഴിവാക്കുന്നു.

F. പ്രവൃത്തികൾ ചേർത്തുവച്ച്, ഏറ്റവും ദൈർഘ്യമേറിയ സുവിശേഷ ഗ്രന്ഥകർത്താവെന്ന നിലയിൽ, വളരെ കുറച്ചുമാത്രം അറിയാവുന്നതും ഒരു ദൃക്സാക്ഷിയല്ലാത്തതുമായ (ie. അപ്പോസ്തലനല്ലാത്ത വ്യക്തി)ഒരു ജാതീയ വ്യക്തിയെ ദൈവം തെരഞ്ഞെടുത്തത് വിസ്മയം തന്നെ! എങ്കിലും, ഭിന്നാഭിപ്രായമില്ലാതെ ആദിമസഭയുടെ ഏകാഭിപ്രായമുള്ള പാരമ്പര്യം ഇതിനുു ന്നതും അതിശയകരമാകുന്നു!

## IV. കാലഘട്ടം

A. ലൂക്കൊസിന്റെ രചനകൾ തമ്മിലുള്ള ബന്ധത്തിന്റെ കൃത്യത അജ്ഞാതമാണ്. (1) ലൂക്കൊസിന്റെ പ്രഥമ ഗവേഷണ കുറിപ്പുകൾ (പൗലോസ് കൈസര്യയിലെ കാരാഗൃഹത്തിലായിരുന്നപ്പോഴാകാനാണ് സാധ്യത (ഒ.നോ.. പ്രവൃത്തി 23-26 പ്രത്യേകിച്ച് 24:27) (2) തന്റെ അവസാന രചന (ie. മർക്കൊസിന്റെ 'Q' സുവിശേഷം ഉപയോഗിച്ചുള്ള ലൂക്കൊസ് സുവിശേഷം (3) ലൂക്കൊസിന്റെ-അപ്പൊ.പ്രവൃത്തികൾ പ്രചരണം (തെയൊഫിലൊസ്)

B. അപ്പൊ. പ്രവൃത്തികളിൽ നിന്നും ക്ലെമന്ത് ഒന്നാമൻ ഉദ്ധരിച്ചിട്ടു ്. അപ്പൊ.പ്രവൃത്തികൾ സുവിശേഷനാന്തര രചനയാണ്, ആകയാൽ ഈ സുവിശേഷത്തിന്റെ രചന എ.ഡി. 95 ന് മുൻപായിരിക്കണം.

1. പ്രവൃത്തി 13:22- ക്ലെമന്ത്-I, 18:1
2. പ്രവൃത്തി 20:36- ക്ലെമന്ത്-I, 2:1

C. റോമാപടത്തലവനായ റ്റൈറ്റസ് യെരുശലെം തകർത്തതിന് (എ.ഡി. 70) മുൻപാണ് പ്രവൃത്തികൾ എഴുതിയത്.

1. ഇവരുടെ മരണം രേഖപ്പെടുത്തിയിട്ടില്ല
   1. അപ്പെസ്തലനായ യാക്കൊബ് (.62)
   2. അപ്പൊസ്തലനായ പൗലോസ് (എ.ഡി. 64-67)
2. യഹൂദാ മതത്തിന്റെ മേലുള്ള ദൈവിക ന്യായവിധിയായ യെരുശലെമിന്റെ വിനാശത്തെപ്പറ്റി സ്തേഫാനൊസിന്റെ പ്രസംഗത്തിൽ, പ്രവൃത്തികൾ 7-ൽ, പരാമർശിക്കുന്നില്ല.
3. പൗലോസ് യെരുശലേം സന്ദർശിച്ച വസ്തുത പ്രവൃത്തി 21 രേഖപ്പെടുത്തിയിട്ടു ്. എ.ഡി.70 ശേഷമാണ് ലൂക്കൊസ് എഴുതിയിരുന്നതെങ്കിൽ അത് സൂചിപ്പിക്കുമായിരുന്നു എന്ന് കരുതാം.

D. ലൂക്കൊസ് മർക്കൊസിന്റെ സുവിശേഷം ഉപയോഗിച്ചിട്ടു ങ്കിൽ അൻപതുകളുടെ അവസാനമോ അറുപതുകളുടെ പ്രാരംഭത്തിലോ ആയിരിക്കും തന്റെ ഗവേഷണം നടന്നത്. (പൗലോസ് റോമാ കാരാഗൃഹത്തിലായിരുന്നപ്പോൾത്തന്നെ എ.ഡി. 62-63-ൽ പ്രവൃത്തികളുടെ പുസ്തകവും ലൂക്കൊസ് എഴുതിയിരിക്കണം)

## V. സ്വീകർത്താക്കൾ

A. തെയൊഫിലൊസിസ് സമർപ്പിച്ച സുവിശേഷം (ഒ.നോ. ലൂക്കൊസ് 1:1-4; പ്രവൃത്തികൾ 1:1) ഈ സവിശേഷതയ്ക്ക് വിവിധ സിദ്ധാന്തങ്ങളു ്.

1. ഒരു റോമൻ ഭരണ ഉദ്യോഗസ്ഥൻ ആയിരിക്കണം, 1:3-ൽ 'മഹാനായ' എന്ന വിശേഷണം ലൂക്കൊസ് നൽകുന്നു. ഫേലിക്സിനും (ഒ.നോ. പ്രവൃത്തി 23:26; 24:3) ഫെസ്താസിനും (ഒ.നോ. പ്രവൃത്തി 26:25) നും ഇതേ വിശേഷണം ലൂക്കൊസ് നൽകുന്നു.
2. ലൂക്കൊസ്, അപ്പൊ.പ്രവൃത്തികൾ എന്നിവയുടെ രചന, പകർപ്പെഴുത്ത് വിതരണം എന്നീ മേഖലകളിൽ കൈതാങ്ങിയ ഒരു ധനിക രക്ഷാധികാരിയാണ് താൻ (തെയോഫിലൊസ് എന്ന നാമം യഹൂദാ യവന ഭാഷകളിൽ സാധാരണമാണ്)
3. ''ദൈവംസ്നേഹിച്ചു'' ''ദൈവത്തെ സ്നേഹിക്കുന്നവൻ'' എന്നീ അർത്ഥങ്ങളാണ് ഈ നാമത്തിനുള്ളത്. ചില ക്രിസ്തു വിശ്വാസികൾക്ക് ഗൂഢസൂചന നൽകുന്നതായിരിക്കും ഇതെന്ന് അനുമാനിക്കാം.

B. യവനരെ ലക്ഷ്യമാക്കിയുള്ളതാണ് ലൂക്കൊസിന്റെ സുവിശേഷം.

1. യഹൂദാമത ആചാരങ്ങളുടെ വിവരണം
2. സകലർക്കുമുള്ള സുവിശേഷം (ഒ.നോ. 2:10)
3. സകല ജഡം എന്ന പ്രവചന പരാമർശം (ഒ.നോ. 3:5-6 യെശയ്യാവ് 40 ലെ ഉദ്ധരണി)

4. വംശാവലി ആദം വരെ നീളുന്നു. (ie; സകല മനുഷ്യരും, ഒ.നോ. 3:38)
5. ജാതികളോടുള്ള ദൈവസ്നേഹത്തിന്റെ അനവധി ഉദാഹരണങ്ങൾ (ഉദാ: മശീഹാ വിരുന്നിലേക്കുള്ള ക്ഷണം എല്ലാ അതിരുകളിലേക്കും വ്യാപിക്കുന്നു 13:29)
4. ജാതികളോടുള്ള ദൈവസ്നേഹത്തിന്റെ ഘോഷണം പഴയ നിയമ ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുന്നു (ഒ.നോ. 2:32, 4:25:77)
5. സകല ജാതികൾക്കുമുള്ള പാപമോചന സന്ദേശം-ലൂക്കൊസിന്റെ പ്രേക്ഷിത നിയോഗ രേഖ (ഒ.നോ. 24:47).

## VI. ലൂക്കൊസിന്റെ സുവിശേഷത്തിന്റെ ഉദ്ദേശ്യങ്ങൾ

A. സുവിശേഷീകരണ ലക്ഷ്യത്തോടുകൂടി ഓരോ ജനവിഭാഗങ്ങളെ ഉന്നമാക്കിയാണ് എല്ലാ സുവിശേഷങ്ങളും എഴുതപ്പെട്ടത് (ഒ.നോ. യോഹന്നാൻ 20:30–31)

1. യഹൂദർക്കുവേ ി മത്തായി എഴുതി
2. റോമാക്കാർക്കായി മർക്കൊസ് എഴുതി
3. ജാതികൾക്കായി ലൂക്കൊസ് എഴുതി
4. ജാതികൾക്കായി യോഹന്നാൻ എഴുതി

എഴുപത് പേരുടെ ദൗത്യനിർവഹണം ലൂക്കൊസ് അതിവിശിഷ്ടമായി പ്രസ്താവിക്കുന്നു. (ഒ.നോ. 10:1–24) യഹൂദ നിയമം 70 എന്ന അക്കം പണ്ഡിതരെ സംബന്ധിച്ചിടത്തോളം ലോകഭാഷകളെ പരാമർശിക്കുന്നതാണ്. (ഒ.നോ.ഉല്പത്തി 10) യേശു 70 പ്രസംഗകരെ സുവിശേഷവുമായി അയച്ചപ്പോൾ, സുവിശേഷം സകല ജാതികൾക്കുമുള്ളതാണെന്ന ഒരു വലിയ ധ്വനിയു ്.

B. മറ്റ് സാധ്യമായ ഉദ്ദേശ്യങ്ങൾ

1. യേശുവിന്റെ ര ാം വരവിന്റെ താമസം കൈകാര്യം ചെയ്യുക.
   a. യേശുവിന്റെ ആസന്നവരവും ലോകാവസാനവും സൂചിപ്പിക്കുന്ന മത്തായി 24 ഉം മർക്കൊസ് 13 ഉം, അല്പം വ്യത്യാസങ്ങളു ങ്കിലും, ലൂക്കൊസ് 21 ഉം അതിന് സമാനമാണ്.
   b. എന്നിരുന്നാലും, സഭ പൂർത്തിയാക്കേ തായ ലോകസുവിശേഷീകരണത്തെ പ്പറ്റി ലൂക്കൊസ് എഴുതുന്നു. (24:47)
   c. ദൈവരാജ്യം ഇപ്പോൾ ഇവിടെയും (ഒ.നോ. 10:9,11; 11:20; 17:21) ഭാവിയിലു മാണെന്ന് ലൂക്കൊസ് (പൗലോസിനെപ്പോലെ) ഊന്നിപ്പറയുന്നു.
   d. വിവിധ വേദപണ്ഡിതരുടെ അഭിപ്രായങ്ങളുടെയും ചർച്ചകളുടെയും സംഗ്രഹം Anchor Bible Vol. 28, pp.231-235ൽ കാണാൻ സാധിക്കുന്നു.
2. റോമാഭരണാധികാരികൾക്കുവേ ി ക്രിസ്തീയത വിവരിക്കുന്നതിന്.
   a. മുഖവുരയിൽ, 'മഹാനായ' എന്ന വിശേഷണം
   b. "ഈ മനുഷ്യനിൽ ഞാനൊരു കുറ്റവും കാണുന്നില്ല" (ഒ.നോ. 23:4,14-15,22)എന്ന പീലാത്തൊസിന്റെ പ്രസ്താവന മൂന്നുപ്രാവശ്യം ലൂക്കൊസ് ആവർത്തിക്കുന്നു.
   c. പ്രവൃത്തികളിൽ ഭരണാധികരികളെ ബഹുമാനപൂർവ്വം അവതരിപ്പിച്ചിരിക്കുന്നു. റോമൻ ഭരണാധികാരികളെ പൗലൊസും ബഹുമാനിച്ചു, അവർ അപ്രകാരം തന്നെ പൌലൊസിനെയും തിരികെ ബഹുമാനിച്ചു. (ഒ.നോ. 26:31–32)
   d. റോമക്കാരനായ ശതാധിപനും യേശുവിന്റെ ക്രൂശികരണ സമയത്ത് അനുകൂലമായി സാക്ഷ്യം നൽകി (ഒ.നോ. ലൂക്കൊസ് 23:47)

C. ലൂക്കൊസിന്റെ സുവിശേഷരചനയുടെ ലക്ഷ്യത്തിന് മുഖ്യപങ്ക് വഹിക്കുന്ന വിശിഷ്ട വേദശാസ്ത്ര പ്രമേയങ്ങളു ്.

1. ചില ജനവിഭാഗങ്ങൾക്ക് ലൂക്കൊസ് പ്രത്യേക പരിഗണന നൽകുന്നു.
   a. ദരിദ്രർ-ധനികൻ (ഉദാ; ലൂക്കൊസിലെ ഭാഗ്യവചനങ്ങൾ, ലൂക്കൊസ് 6:20–23)
   b. ബഹിഷ്കൃതർ
      (1) പാപിനിയായ സ്ത്രീ (ഒ.നോ. ലൂക്കൊസ് 7:36–50)
      (2) ശമര്യർ (ഒ.നോ. ലൂക്കൊസ് 9:51–56; 10:29 –37
      (3) നിഷേധിയായി വീട് വിട്ടുപോയ മകൻ (ഒ.നോ. ലൂക്കൊസ് 15:11–32)
      (4) ചുങ്കക്കാർ (ഒ.നോ. ലൂക്കൊസ് 19:1–10)
      (5) കുഷ്ഠരോഗികൾ (ഒ.നോ. ലൂക്കൊസ് 17:11–19)
      (6) കുറ്റവാളികൾ (ഒ.നോ. ലൂക്കൊസ് 23:39–43)

2. യെരുശലേം ദേവാലയത്തെപ്പറ്റി ലൂക്കൊസ് സൂചിപ്പിക്കുന്നു. യഹൂദരെയും തിരുവെഴുത്തുകളെയും ഉൾപ്പെടുത്തിയാണ് ഈ സുവിശേഷത്തിന് ആരംഭം കുറിക്കുന്നത് (ie; യേശു പഴയ നിയമ പ്രവചനം പൂർത്തിയാക്കി). അപ്പോൾത്തന്നെ, അവർ യേശുവിനെ തള്ളിപ്പറഞ്ഞു (ഒ.നോ. 11:14-36) തന്റെ സർവ്വ ലോകത്തിന്റെയും രക്ഷകനായിത്തീർന്നു (ഒ.നോ. 10:1-24) ആലയത്തിനു പകരം യേശുവിനെത്തന്നെ പുനഃസ്ഥാപിച്ചു (cf?)

## VII. ലൂക്കൊസിന്റെ സുവിശേഷത്തിന്റെ ഉത്ഭവം (സ്രോതസ്സ്)

A. മത്തായി, മർക്കൊസ്, ലൂക്കൊസ് (സമാന്തര സുവിശേഷങ്ങൾ) എന്നിവ തമ്മിലുള്ള ബന്ധത്തെപ്പറ്റി വിവിധ സിദ്ധാന്തങ്ങൾ പുരോഗമിച്ചിട്ടു ്.

1. ആദിമ സഭയുടെ സമാന പാരമ്പര്യപ്രകാരം, ജാതീയ വൈദ്യനും പൗലൊസിന്റെ ദൗത്യയാത്ര സഹകാരിയുമായ ലൂക്കൊസാണ് ഈ സുവിശേഷം എഴുതിയത്.
2. സമാന്തര സുവിശേഷങ്ങളുടെ (ഒരുമിച്ച് വീക്ഷിക്കുക) ഒരു വാമൊഴി വികസനത്തെപ്പറ്റി ഒരു സിദ്ധാന്തം ഏകദേശം 1776-ൽ A.E. Lessing (തുടർന്ന് 1818-ൽ ie. Geisler ഉം) നൽകുന്നു. രചയിതാക്കൾ പ്രാഥമികമായി വാമൊഴി പാരമ്പര്യം തുടർന്ന് അവരവരുടേതായ ലക്ഷ്യശ്രോതാക്കൾക്കായി അവ പരിഷ്കരിച്ചുവെന്ന് താൻ സ്ഥിരീകരിക്കുന്നു.

   a. മത്തായി:യഹൂദർക്ക്

   b. മർക്കൊസ് റോമാക്കാർക്ക്

   c. ലൂക്കൊസ്:യഹൂദർക്ക്

   ഓരോന്നും ഭൂമിശാസ്ത്രപ്രകാരം വ്യത്യസ്ത സ്ഥലങ്ങളിലുള്ള ക്രിസ്ത്യാനിത്വവുമായി ബന്ധപ്പെട്ടതാണ്.

   a. മത്തായി, അന്ത്യോക്യ, സിറിയ, അല്ലെങ്കിൽ യഹൂദ്യ

   b. മർക്കൊസ്:റോം, ഇറ്റലി

   c. ലൂക്കൊസ്: കൈസര്യയ്ക്ക് സമീപമുള്ള നദി, പാലസ്തീൻ അല്ലെങ്കിൽ അഖായിയ

   d. യോഹന്നാൻ: എഫേസസ്, ഏഷ്യാ ഭൂഖണ്ഡം
3. മത്തായിയും ലൂക്കൊസും തികച്ചും സ്വതന്ത്രമായും, വ്യത്യസ്തമായും വിവരണങ്ങൾ എഴുതിയെന്ന് പത്തൊൻപതാം നൂറ്റാ ിന്റെ പ്രാരംഭത്തിൽ J.J.Griesbach സിദ്ധാന്തീകരിച്ചു. ഈ ര ് വിവരണത്തിനും തമ്മിൽ മദ്ധ്യത്തിലായി മർക്കൊസും എഴുതി.
4. മർക്കൊസിന്റേത് പ്രഥമ സുവിശേഷമാണെന്നും, മത്തായിയും ലൂക്കൊസും ഈ സുവിശേഷ ഘടന ഉപയോഗിച്ചുവെന്നും, എന്നാൽ യേശുവിന്റെ വാമൊഴികൾ 'Q' (ഉറവിടം എന്നർത്ഥമുള്ള 'quelle' എന്ന ജർമൻ പദം) വിൽനിന്നും സ്വീകരിച്ചുവെന്നും പത്തൊൻപതാം നൂറ്റാ ിലെ പ്രാരംഭകാലത്തിൽ H.J.HoHzmann ഉം സിദ്ധാന്തം രൂപികരിച്ചു. ''ദ്വിസ്രോതസ്സ്'' എന്നാണ് ഇതിന്റെ നാമകരണം (Fredrick Schleiermacher 1832-ൽ സാക്ഷ്യപ്പെടുത്തുന്നു).

   പഴയനിയമ ജ്ഞാനം സാഹിത്യ ഘടനയ്ക്ക് സമാനമായ യേശുവിന്റെ ഉദ്ധരണികളിൽ നിന്നുമായിരിക്കാം മത്തായി കടമെടുത്തതെന്ന് പപ്പിയാസിൽ രേഖപ്പെടുത്തിയിട്ടു ്. യേശുവിന്റെ മൊഴികളും ഈ രേഖകൾ ഒന്നും അവശേഷിക്കുന്നില്ല എന്നുമാത്രമാണ് പ്രതിസന്ധി. സഭയാണ് സുവിശേഷത്തെ പരിപോഷിപ്പിച്ചതെങ്കിൽ, മത്തായിയും ലൂക്കൊസും ഉപയോഗിച്ചെന്ന് അവകാശപ്പെടുന്ന വിശ്വാസസ്ഥാപകന്റെ മൊഴികൾ നഷ്ടപ്പെട്ടതെങ്ങനെ?
5. പിൽക്കാലത്ത് 'ദ്വിസ്രോതസ്സ്' (Hetrosource) സിദ്ധാന്തം B.H.Streeter പരിഷ്കരിച്ച് ''ചതുർസ്രോതസ്സ് (the four source) സിദ്ധാന്തം അവതരിപ്പിച്ചു. അത് ''പ്രഥമ ലൂക്കൊസ്'', മർക്കൊസ്, 'Q' എന്നിവയുടെ സങ്കലനമെന്ന് സങ്കല്പിക്കുന്നു.
6. മേൽ പ്രസ്താവിക്കപ്പെട്ട സിദ്ധാന്തങ്ങളെല്ലാം തികച്ചും സാങ്കല്പികം മാത്രം. 'പ്രഥമ ലൂക്കൊസ്' Q സ്രോതസ്സ് എന്നിവയുടെ കൈയെഴുത്തു പ്രതിയോ ചരിത്രരേഖയോ തെളിവോ ലഭ്യമല്ല.

   സുവിശേഷങ്ങളുടെ വികാസത്തെക്കുറിച്ചും അവയുടെ ഗ്രന്ഥകർതൃത്വത്തെക്കുറിച്ചും ആധുനിക പണ്ഡിതർക്ക് അറിവില്ല, (പഴയനിയമ ന്യായപ്രമാണത്തെയും പ്രവചന പ്രവാചകരെയും പോലെ) എന്നിരുന്നാലും ചില വിവരങ്ങളുടെ അഭാവം ഈ

പുസ്തകങ്ങളുടെ ദൈവവചന നിശ്വാസിയതയ്ക്കും വിശ്വാസ രേഖയ്ക്കും, സത്യസന്ധതയ്ക്കും മങ്ങലേൽക്കുന്നില്ല.

7. സമാന്തര സുവിശേഷങ്ങളുടെ ഘടനയ്ക്കും പദങ്ങൾക്കും തമ്മിൽ പ്രകടമായ സാമ്യവും ശ്രദ്ധയാകർഷിക്കുന്ന വ്യത്യാസങ്ങളുമു ്. ദൃക്സാക്ഷി വിവരണത്തിൽ വ്യത്യാസങ്ങൾ സർവ്വസാധാരണം. ദൃക്സാക്ഷി വിവരണത്തിലെ ഈ വ്യത്യാസങ്ങൾ പ്രാരംഭ സഭയെ അലട്ടിയിട്ടില്ല എന്നതും പ്രസക്തം.
എഴുത്തുകാർ ലക്ഷ്യമാക്കിയ ശ്രോതാക്കൾ, രചനാശൈലി, വിവിധ ഭാഷകൾ (അരാമ്യ-യവന) ഈ വ്യത്യാസങ്ങൾക്കുള്ള ചില കാരണങ്ങളാകുന്നു. യേശുവിന്റെ ജീവിതവും, സംഭവങ്ങളും, അദ്ധ്യാപനവും തെരഞ്ഞെടുക്കുന്നതിനും, ക്രമീകരിക്കുന്നതിനും, സ്വീകരിക്കുന്നതിനും, സംഗ്രഹിക്കുന്നതിന് ദൈവം നിയോഗിച്ച ഗ്രന്ഥകർത്താക്കൾക്കും, ഗ്രന്ഥപരിശോധകർക്കും സമാഹകർക്കും സ്വാതന്ത്ര്യമു ായിരുന്നു. (ഒ.നോ. Fee & Stuart ന്റെ *How to Read The Bible For All Its worth*, pp.113-148)

B. യേശുവിന്റെ ജീവിതത്തിന്റെ ദൃക്സാക്ഷി വിവരണത്തിന്റെ ഒരു ഗവേഷണം (ഒ.നോ. ലൂക്കൊസ് 1:1-4) നടത്തിയെന്ന് ലൂക്കൊസ് പ്രത്യേകം അവകാശപ്പെടുന്നു. പാലസ്തീനിലെ നദിക്കരയിലെ കൈസര്യയിൽ പൗലോസ് തടവുകാരനായിരുന്നതിനാൽ ഈ ജനങ്ങളുമായും കാലഘട്ടവുമായും ലൂക്കൊസിന് നേരിട്ടൊരു അവസരം ലഭിച്ചു. മറിയയുടെ ഓർമ്മകളുടെ പ്രതിഫലനമായിരിക്കാം 1-2 അദ്ധ്യായങ്ങൾ, (ഒ.നോ. Sir William Ramsay, W*as Christ Born at Bethlehem?)* അതുപോലെ മൂന്നാം അദ്ധ്യായത്തിലെ വംശാവലിയും.

C. അപ്പൊസ്തലനായ പൗലോസിന്റെ ദൗത്യയാത്രാസഖിയായിരുന്നു ലൂക്കൊസ് എന്ന് അനേക ആദിമസഭാ രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പൗലോസിന്റെ പ്രസംഗങ്ങൾ ലൂക്കൊസിന്റെ രചനയ്ക്ക് സ്വാധീനം ചെലുത്തിയിട്ടു ന്നും ചില ആദിമസഭാ സ്രോതസ്സുകൾ വ്യക്തമാക്കുന്നു. ലോകവ്യാപകമായിട്ടുള്ള സുവിശേഷദൗത്യം ലൂക്കൊസ്, പ്രവൃത്തികൾ, പൗലൊസ് എന്നിവരുടെ എഴുത്തുകളിൽ പൂർത്തിയാക്കപ്പെട്ടിട്ടു ് എന്നതു അവഗണിക്കാനാകാത്ത സത്യം.

## VII. ലൂക്കൊസിന്റെ സവിശേഷതകൾ

A. 3:23-28 ലെ വംശാവലിപോലെ, ആദ്യത്തെ ര ് അദ്ധ്യായങ്ങൾ മറിയയുടെ ഓർമ്മകളിൽ നിന്നുള്ളതും ലൂക്കൊസിൽ മാത്രം സവിശേഷമായി കാണുന്നതുമാകുന്നു.

B. ലൂക്കൊസിൽ മാത്രം സവിശേഷമായുള്ള അത്ഭുതങ്ങൾ

1. നയീനിലെ വിധവയുടെ മകന്റെ പുനർജ്ജീവിപ്പിക്കൽ, 7:12-17
2. ശബ്ബത്തുനാൾ പള്ളിയിൽ വച്ച് സൗഖ്യമാക്കപ്പെട്ട രോഗിണിയായ സ്ത്രീ, 13:10-17
3. സബ്ബത്തുനാൾ പള്ളിയിൽ വച്ച് സൗഖ്യമാക്കപ്പെട്ട രോഗിയായ പുരുഷൻ,14:1-6
4. സൗഖ്യമാക്കപ്പെട്ട പത്തു കുഷ്ഠരോഗികൾ, ശമര്യക്കാരനായ ഒരാൾ മാത്രം മടങ്ങിവന്ന് നന്ദി അർപ്പിക്കുന്നു, 17:11-18

C. ലൂക്കൊസിൽ സവിശേഷമായുള്ള ഉപമകൾ

1. നല്ല ശമര്യക്കാരൻ, 10:25-37
2. ചിരസ്ഥായിയായ സ്നേഹിതൻ, 11:5-13
3. ധനവാനായ മൂഢൻ, 12:13-21
4. നഷ്ടപ്പെട്ട ബ്രഹ്മ, 11:8-10
5. നഷ്ടപ്പെട്ട മകൻ , 15:11-32
6. അവിശ്വസ്ത കാര്യവിചാരകൻ, 16:1-8
7. ധനവാനും ലാസറും, 16:19-39
8. അനീതിയുള്ള ന്യായാധിപൻ, 18:1-8
9. പരീശനും, ചുങ്കക്കാരനും, 18:9-14

D. ലൂക്കൊസിലെ ഉപമകൾ, എന്നാൽ മത്തായി വ്യത്യസ്തമായി എഴുതിയവ

1. 12:39-46 (മത്തായി 24:43-44)
2. 14:16-24 (മത്തായി 22:2-14)
3. 19:11-27 (മത്തായി 25:14-30)

E. സവിശേഷമായ മറ്റ് ചില രേഖകൾ
1. ആദ്യത്തെ ര ് അദ്ധ്യായങ്ങളിലെ സംഭവങ്ങൾ
2. ചുങ്കക്കാരനായ സഖായി 19:1-10
3. യേശുവിനെ പരിശോധിക്കാൻ പീലാത്തോസ് ഹെരോദാവിന്റെ അരികിലേക്ക് അയയ്ക്കുന്നു.23:8-12
4. എമ്മെവുസിലേക്ക് യാത്രചെയ്യുന്ന ര ു വ്യക്തികൾ 24:13-32

F. ലൂക്കൊസിലെ അതിവിശിഷ്ട ഭാഗങ്ങൾ 9:51-18:14ൽ ദൃശ്യമാണ്. ഇവിടെ മർക്കൊസിനെയോ 'Q' രേഖയെയോ ലൂക്കൊസ് ആശ്രയിക്കുന്നില്ല (ഒരുപക്ഷേ മത്തായി എഴുതിയ യേശുവിൻ മൊഴികൾ) വ്യത്യസ്ത രൂപത്തിൽ എഴുതിയ സമാന സംഭവങ്ങളും ഉപദേശങ്ങളും. യേശുവിന്റെ ക്രൂശിലേക്കുള്ള യാത്രയിൽ എന്ന് ഏകീകരിക്കുന്ന ഭാഗം (ഒ.നോ. 9:51; 13:22,33; 17:11; 18:31; 19:11,28) യെരുശലേമിലേക്കുള്ള യാത്രയിൽ).

## IX. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. മച്ചിയായവൾ, 1:7
2. വീേ ടുപ്പ്, 1:6,8
3. രക്ഷയുടെ കൊമ്പ്, 1:69
4. കൈസർ,2:1
5. എരിവുകാർ, 6:15
6. ദൈവരാജ്യം, 6:20
7. കുഴലൂത്ത്, 7:32
8. പള്ളിപ്രമാണി, 8:49
9. മനുഷ്യപുത്രൻ പലതും സഹിക്കണം, 9:22
10. ശമര്യക്കാരൻ, 10:33
11. നിനക്ക് അയ്യോ കഷ്ടം! 11:42,43,44,47,52
12. മാനസാന്തരപ്പെടുവിൻ, 13:3,5
13. ഇടുക്കു വാതിൽ, 13:24
14. തന്റെ ക്രൂശ് ചുമക്കുക, 14:27
15. മാമ്മോൻ, 16:11
16. ന്യായപ്രമാണത്തിന്റെ പ്രവാചകൻമാർ, 16:16
17. അബ്രഹാമിന്റെ മടി, 16:22
18. തിരികല്ല്, 17:2
19. ജാതികളുടെ കാലം തികയുവോളം, 21:24
20. ജനത്തിന്റെ മൂപ്പൻമാരുടെ സംഘം, 22:66
21. പറുദീസ, 23:43

## X. ഈ ലേഖനത്തിൽ അിറഞ്ഞിരിക്കേ വ്യക്തികൾ

1. തെയോഫിലോസ്, 1:3
2. സെഖര്യാവ്, 1:5
3. ദൂതൻ 1:11; 2:9
4. ഗബ്രീയേൽ, 1:26
5. കുറേന്യൊസ് 2:2
6. ഹന്നാ, 2:36
7. തിബെര്യൊസ്, 3:1
8. ഇടപ്രഭുവായ ഹെരോദാവ്, 3:1,19
9. കയ്യഫാവ്, 3;2
10. നയമാൻ, 4:2
11. തെക്കേരാജ്ഞി, 11:31
12. സെഖര്യാവ്, 10:51
13. ലാസർ, 16:23

14. സക്കായി, 19:2
15. യോസഫ്, 23:50
16. ക്ലെയൊപ്പാവ്, 24:18

## XI ഭൂപടത്തിൽ അിറഞ്ഞിരിക്കേ സ്ഥലങ്ങൾ

1. ഗലീലി, 1:26
2. നസറെത്ത്, 1:4
3. ബത്ത്ലഹേം, 1:4
4. ഇതൂര്യ, 3:1
5. ബെത്ത്സെയിദ, 9:10
6. കോരസീൻ, 10:13
7. സോർ, 10:13
8. കഫർന്നഹൂം, 10:15
9. ശമര്യ, 17:11
10. സോദോം, 17:29
11. യെരീഹോവ്, 19:1
12. എമ്മവുസ്സ്, 24:13
13. ബെഥാന്യ 24:50

## XII ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ

1. യേശുവിന്റെ ജനനവിവരം പ്രഥമമായി ആട്ടിടയൻമാർക്ക് ദൈവം വെളിപ്പെടുത്തിയതിന്റെ പ്രസക്തിയെന്ത്?
2. 2:49-ലെ യേശുവിന്റെ പ്രസ്താവനയുടെ പ്രസക്തിയെന്ത്?
3. ലൂക്കൊസിലെ വംശാവലി ആദം വരെ ദീർഘമായിരിക്കുന്നതിന്റെ കാരണമെന്ത്?
4. 6:1-5 ൽ ശിഷ്യൻമാർ ന്യായപ്രമാണം ലംഘിക്കുന്നതെങ്ങനെ? അവർ ലംഘിച്ച പ്രമാണം ഏത്?
5. 6:46 ലെ യേശുവിന്റെ വാക്കുകൾ വിവരിക്കുക.
6. അദ്ധ്യായം 7:18-23 ൽ യേശുവാണ് വാഗ്ദത്ത മശീഹായെന്ന് യോഹന്നാൻ സംശയിച്ചതിന്റെ കാരണമെന്ത്?
7. ഗെരസനയിലെ ജനങ്ങൾ യേശു അവിടം വിട്ടുപോകണമെന്ന് ഗെരസനയിലെ ജനങ്ങൾ ആവശ്യപ്പെട്ടതിന്റെ കാരണമെന്ത്?
8. 9:62 ലെ ധ്വനി സ്വന്തം വാചകങ്ങളിൽ വിവരിക്കുക.
9. സാത്താൻ സ്വർഗ്ഗത്തിൽ നിന്നും വീണതെപ്പോൾ? (10:18)
10. ശമര്യരെ യഹൂദ്യർ വെറുത്തതിന്റെ കാരണമെന്ത്?
11. ശിക്ഷയുടെ/ന്യായവിധിയുടെ പടികളാണോ അതോ നരകത്തിലെ വിവിധ നിലകളാണോ 12:41-48 വരെ അർത്ഥമാക്കുന്നത്? 13:28-30 സ്വന്തം വാക്കുകളിൽ വിവരിക്കുക.
12. 15:11-32മുടിയനായ പുത്രന്റെ ഉപമയുടെ ഉദ്ദേശ്യങ്ങൾ എന്തെല്ലാം?
13. ചരിത്രപശ്ചാത്തലത്തിൽ 16:18 വ്യാഖ്യാനിക്കുക, അവ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.
14. ഒരു രഹസ്യ ഉൽപ്രാപണത്തെയാണോ 17:34-35 പിന്താങ്ങുന്നത്? ശരിയോ തെറ്റോഎന്തുകൊ ്?
15. 20:2 ലെ ചോദ്യം സുപ്രധാനമായിരിക്കുന്നതിന്റെ കാരണമെന്ത്?
16. മുന്തിരിത്തോട്ടത്തിലെ കുടിയാൻമാർ ആരെല്ലാം?
17. 22:3 ന്റെ വെളിച്ചത്തിൽ യൂദാ തന്റെ പ്രവൃത്തികൾക്കുത്തരവാദിയാണോ?
18. 23:30 ലൂക്കൊസ് സുപ്രധാനമായി രേഖപ്പെടുത്തിയതിന്റെ കാരണമെന്തായിരിക്കും?

# യോഹന്നാന്റെ സുവിശേഷം: ഒരു മുഖവുര

## I. പ്രാരംഭ പ്രസ്താവനകൾ

A. മത്തായിയും ലൂക്കോസും സുവിശേഷം ആരംഭിക്കുന്നത് യേശുവിന്റെ ജനന വിവരണത്തോടുകൂടിയും മർക്കോസ് യേശുവിന്റെ സ്നാനവിവരണത്തോടുകൂടിയാണെങ്കിൽ യോഹന്നാൻ സൃഷ്ടിക്കു മുൻപുള്ള യേശുവിന്റെ നിത്യാസ്തിക്യവിവരണത്തോടുകൂടി സുവിശേഷം ആരംഭിക്കുന്നു.

B. യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ ഒന്നാം അദ്ധ്യായത്തിന്റെ ഒന്നാം വാകൃത്തിൽ നസറായനായ യേശുവിന്റെ സമ്പൂർണ്ണ ദൈവത്വം അവതരിപ്പിച്ച്, പുസ്തകത്തിലുടനീളം അതിന് ഊന്നൽ നൽകുന്നു. സമാന്തരസുവിശേഷങ്ങളിൽ (Synoptic) ഈ വിഷയം രചനകളുടെ അവസാന ഭാഗം വരെ ഈ സത്യം മൂടിവെച്ചിരിക്കുന്നു. (മശിഹാ രഹസ്യം)

C. പ്രത്യക്ഷത്തിൽ സമാന (സമാന്തര) സുവിശേഷങ്ങളുടെ അടിസ്ഥാനസിദ്ധാന്തങ്ങളിൽ അധിഷ്ഠിതമായാണ് യോഹന്നാൻ തന്റെ സുവിശേഷം വികസിപ്പിച്ചിരിക്കുന്നത്. പ്രാരംഭസഭയുടെ (ഒന്നാം നൂറ്റാിന്റെ അവസാനം) ആവശ്യത്തിന്റെ വെളിച്ചത്തിലാണ് യേശക്രിസ്തുവിന്റെ ജീവിതവും ഉപദേശങ്ങളും പൂരിപ്പിക്കാനും വ്യാഖ്യാനിക്കുവാനും യോഹന്നാൻ ശ്രമിക്കുന്നത്.

D. മശിഹയെന്ന യേശുവിനെ യോഹന്നാൻ പ്രതിപാദിക്കുന്നത് ചുവടെ ചേർത്തിരിക്കുന്ന ഘടനയിലാ
കുന്നു.

1. ഏഴു അടയാളങ്ങൾ/അത്ഭുതങ്ങൾ-അവയുടെ വ്യാഖ്യാനം
2. വ്യക്തികളുമായുള്ള ഇരുപത്തിയേഴു അഭിമുഖങ്ങൾ/അല്ലെങ്കിൽ, സംഭാഷണങ്ങൾ
3. ഏതാനും ആരാധനാ-ഉത്സവ ദിവസങ്ങൾ
    a. ശബ്ബത്ത്
    b. പെസഹാ (ഒ.നോ 5-6 അദ്ധ്യായങ്ങൾ)
    c. കൂടാരപ്പെരുന്നാൾ (ഒ.നോ 7-10 അദ്ധ്യായങ്ങൾ)
    d. പ്രതിഷ്ഠോത്സവം (ഒ.നോ എന്ന 10:22-39)
4. 'ഞാൻ ആകുന്നു' എന്ന പ്രസ്താവനകൾ
    a. ദൈവികനാമത്തോടു ബന്ധപ്പെട്ടവ (യാഹ്‌വേ YHWA))
        1. ഞാനാകുന്നവൻ (4:26, 8:24, 28; 13:19; 18:5-6)
        2. അബ്രഹാമിന് മുൻപേ ഞാൻ ഉ ് (8:54-59)
    b. ആഖ്യ പൂർണ്ണക്രിയാവിധത്തിൽ
        1. ഞാൻ ജീവന്റെ അപ്പമാകുന്നു (6:35, 41, 48, 51)
        2. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു (8:12)
        3. ആടുകളുടെ വാതിൽ ഞാൻ ആകുന്നു (10:7,9
        4. ഞാൻ നല്ല ഇടയൻ ആകുന്നു (10:11, 14)
        5. ഞാൻ തന്നേ പുന:രുത്ഥാനവും ജീവനും ആകുന്നു. (11:25)
        6. ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു (14:6)
        7. ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു (15:1, 5)

E. യോഹന്നാനും സമാന്തര സുവിശേഷങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ

1. യോഹന്നാന്റെ പ്രഥമ ഉദ്ദേശ്യം വേദശാസ്ത്രപരമെങ്കിലും തന്റെ ചരിത്ര-ഭൂമിശാസ്ത്ര വിവരണം തികച്ചും സമഗ്രവും കൃത്യവുമാണ്. സമാന സുവിശേഷങ്ങളും യോഹന്നാനും തമ്മിലുള്ള അന്തരത്തിന്റെ കൃത്യമായ കാരണം നിശ്ചയമില്ല.
    a. ഒരു ആദ്യകാല യെഹൂദ്യ ശുശ്രൂഷ (പ്രഥമ ആലയ ശുദ്ധീകരണം)

b. യേശുവിന്റെ ജീവിതത്തിലെ അവസാന ആഴ്ചയിലെ സമയവും കാലഗണനവും.

2. യോഹന്നാന്റെ സുവിശേഷവും സമാനസുവിശേഷങ്ങളും തമ്മിലുള്ള പ്രത്യക്ഷമായ അന്തരത്തിന്റെ ചർച്ച പ്രയോജനകരമായിരിക്കും. പ്രധാന വ്യത്യാസങ്ങളെപ്പറ്റി Eldon Ladd ന്റെ, *'A Theology of the New Testament'* (പുതിയ നിയമവേദശാസ്ത്രം) ൽ നിന്നും ഞാൻ ഉദ്ദരിക്കട്ടെ:

a. നാലാമത്തെ സുവിശേഷം സമാനസുവിശേഷങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായിരി
ക്കുന്നു എന്ന വിഷയം, സത്യസന്ധമായി നാം നേരിടുമ്പോൾ ഉയരുന്ന ചോദ്യമിതാണ്: യഥാർത്ഥത്തിൽ യേശുവിന്റെ ഉപദേശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയതാണോ അതോ വേദശാസ്ത്രപര വ്യാഖ്യാനങ്ങൾ ചരിത്രത്തെ മൂടിക്കളയുംവിധം ക്രിസ്തീയ വിശ്വാസം പാരമ്പര്യത്തെ പരിഷ്കരിച്ചതാണോ? (പേജ് 215)

b. യേശുവിന്റെ ഉപദേശങ്ങൾ യോഹന്നാന്റെ ശൈലിയിൽ ആവിഷ്കരിച്ചു എന്ന് തിരിച്ചറിയുന്ന
താണ് പ്രധാന പരിഹാരം. യോഹന്നാന്റെ ഭാഷാശൈലിയിൽ മറച്ചു വയ്ക്കുന്നതാണ് സുവിശേഷമെന്നും ഇത് ശരിയായ പരിഹാരമെന്നും തീരുമാനിച്ചാൽ മറ്റൊരു പ്രധാന ചോദ്യം പിന്തുടരുന്നു . യേശുക്രിസ്തുവിന്റേതിനേക്കാളും യോഹന്നാന്റെ ഉപദേശശാസ്ത്രത്തിന് (നാലാമത്തെ സുവിശേഷത്തിൽ) എത്രത്തോളം വ്യത്യാസമു ? യേശുവിന്റെ യഥാർത്ഥ ഉപദേശങ്ങളുടെ കൃത്യമായ ഒരു പ്രതിനിധിയെന്നതിനേക്കാൾ നമ്മുക്കു ലക്ഷ്യമായിരിക്കുന്നത് യോഹന്നാന്റെ വ്യാഖ്യാനമാണെങ്കിലും, യേശുവിന്റെ ഉപദേശങ്ങൾ യോഹന്നാന്റെ മനസ്സിൽ എത്രത്തോളം ആഗിരണം ചെയ്യപ്പെട്ടിട്ടു ാവണം? (പേജ് 215).

c. W D Davies ന്റെ പുതിയ നിയമ പശ്ചാത്തലവും അതിന്റെ ഭാവികാല ശാസ്ത്രവും (The background of the New Testament and its Eschatology) എന്ന ഗ്രന്ഥത്തിൽ W.F. Albright എഴുതിയ "Recent Discoveries in Palestine and the Gospel of John" (പാലസ്തീനിലെ അടുത്തകാല ഗവേഷണങ്ങളും യോഹന്നാന്റെ സുവിശേഷവും) എന്ന ഭാഗത്തു നിന്നും Ladd വീ ും ഉദ്ധരിക്കുന്നത് ഇപ്രകാരമാണ്:

"യോഹന്നാന്റെയും മറ്റ് സുവിശേഷങ്ങളുടെയും ഉപദേശങ്ങളിൽ അടിസ്ഥാനവ്യത്യാസങ്ങൾ ഇല്ല; ക്രിസ്തുവിന്റെ ഉപദേശങ്ങളുടെ ഏതാനും കാഴ്ചപ്പാടുകൾക്കൊപ്പം പാരമ്പര്യത്തിനു നൽകിയ ശ്രദ്ധയാണ് ഇവ തമ്മിലുള്ള അന്തരം, പ്രത്യേകാൽ, എസീനസ് (Essenes) ഉപദേശങ്ങളുമായി ഇവ കൂടുതൽ വളരെ അടുത്ത സാദൃശ്യം പുലർത്തുന്നതായി തോന്നാം"

യേശുവിന്റെ ഏതെങ്കിലും ഉപദേശങ്ങൾ വളച്ചൊടിച്ചതായോ, അതിൽ കൃത്രൃമം ചേർത്തുതായോ, പുതിയതും നിർണ്ണായകവുമായ ഏതെങ്കിലും വസ്തുതകൾ കൂട്ടിച്ചേർക്കപ്പെടുകയോ ചെയ്തിട്ടില്ലെന്നത് സംശയരഹിതമാണ്. പ്രാരംഭ സഭയുടെ ആവശ്യങ്ങളനുസരിച്ച് സുവിശേഷ വിഷയങ്ങൾ തിരഞ്ഞെടുത്ത് ഉൾക്കൊള്ളിച്ചതിൽ സ്വാധീനം ചെലുത്തിയിട്ടു ന്ന് നമ്മുക്കു നിഷ്പ്രയാസം അംഗീകരിക്കാം, അതേസമയം, ദൈവശാസ്ത്രപര പ്രാബല്യത്തിന്റെ പുതുമയ്ക്കും ക ുപിടുത്തങ്ങൾക്കും സഭയുടെ അവശ്യങ്ങൾക്ക് ഉത്തരവാദിത്തമു ായിരുന്നു വെന്ന് അനുമാനിക്കുവാനും കാരണവുമില്ല.

പ്രാരംഭകാല ക്രിസ്തീയ വേദശാസ്ത്രജ്ഞടമാരുടെ ഇടയിലുള്ള അഭിപ്രായ വ്യത്യാസവും യേശുക്രിസ്തുവിന്റെ മനസ്സ് വളരെ പരിമിതപ്പെട്ടതാണ് എന്നുള്ള ചില വേദപണ്ഡിതരുടെ സങ്കൽപ്പവുമാണ് യോഹന്നാന്റെ സുവിശേഷവും സമാന്തര സുവിശേഷങ്ങളും തമ്മിലുള്ള വ്യത്യാസത്തിന്റെ കാരണമെന്ന് വിമർശകരായ ചില പുതിയനിയമ വേദപണ്ഡിതൻമാർക്ക് അഭിപ്രായമു . ഓരോ പ്രമുഖ ചിന്തകരും വ്യക്തികളും തങ്ങൾ ക തിൽ നിന്നും കേട്ടതിൽ നിന്നും ഏറെ പ്രയോജനകരവും പൊരുത്തവുമുള്ളവയും തിരഞ്ഞെടുത്ത് അവ വ്യത്യസ്തമായി വ്യാഖ്യാനിക്കുകയുമാണ് ചെയ്തിട്ടുള്ളത്. (പേജ് 170–171)

d. George E. Laddന്റെ ചില ഉദ്ധരണികൾകൂടെ ശ്രദ്ധിക്കാം:
സമാനസുവിശേഷങ്ങളെക്കാൾ യോഹന്നാൻ കൂടുതൽ ദൈവശാസ്ത്രപരമെന്നല്ല പ്രത്യുത ഓരോ സുവിശേഷവും വ്യത്യസ്ഥ രീതിയിൽ ദൈവശാസ്ത്രപരമാണ്. കാലാനുസൃത സംഭവ വിവരണത്തെക്കാൾ സംഭവങ്ങളുടെ യഥാർത്ഥ വസ്തുതകൾ പ്രതിനിധീകരിക്കുന്നതാണ് വ്യാഖ്യാനിക്കപ്പെട്ട ചരിത്രം. യോഹന്നാന്റെ സുവിശേഷം ദൈവശാസ്ത്രപര വ്യാഖ്യാനമെങ്കിൽ ചരിത്രത്തിൽ സംഭവിച്ചവയുടെ തെളിയിക്കപ്പെട്ടതും ബോധ്യപ്പെട്ടതുമായ വ്യാഖ്യാനമാണവ. യേശുവിന്റെ കൃത്യമായ വാക്കുകളും (ipsissma verba) തന്റെ ജീവചരിത്രവും അതുപോലെ അവതരിപ്പിക്കലല്ല സമാന സുവിശേഷങ്ങളുടെ പ്രത്യക്ഷ ലക്ഷ്യം, പ്രത്യുത, യേശുവിന്റെ ഉപദേശങ്ങളുടെ വർണ്ണനയും സംഗ്രഹവുമാകുന്നു അവ. മാർക്കോസ് തന്റെ സുവിശേഷത്തിൽ വിഷയങ്ങൾ പുന:ക്രമീകരിക്കുന്നതിന് ഗണ്യമായ സ്വാതന്ത്ര്യം ഉപയോഗിക്കുന്നതിന് മത്തായിക്കും ലൂക്കോസിനും എതിർപ്പില്ലായിരുന്നു. മത്തായി, ലൂക്കോസ് എന്നിവരെക്കാൾ യോഹന്നാൻ സ്വാതന്ത്ര്യമെടുത്തെങ്കിൽ അത് യേശുവിനെ കൂടുതൽ യാഥാർത്ഥ്യത്തോടും, ആത്യന്തികമായും, ആധികാരികമായും വർണ്ണിക്കേ തിനാകുന്നു. (പേജ് 221 -222)

## II. ഗ്രന്ഥകർത്താവ്

A. സുവിശേഷഗ്രന്ഥകർതൃത്വം അജ്ഞാതമാണെങ്കിലും യോഹന്നാനായിരിക്കും ഗ്രന്ഥകാരൻ എന്നതിന് ചില സൂചനകളു ്.

1. ദൃക്സാക്ഷിയായ ഗ്രന്ഥകർത്താവ്. (ഒ.നോ 19:35)
2. 'പ്രിയ ശിഷ്യൻ' എന്ന പദപ്രയോഗം (പോളിക്രേത്തസും ഐറേണിയസും ഇതു യോഹന്നാൻ അപ്പൊസ്തലൻ എഴുതി എന്ന് കണുക്കാക്കുന്നു.)
3. സെബദിയുടെ മകൻ യോഹന്നാൻ, എന്നാൽ ഈ പേര് ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

B. സുവിശേഷത്തിൽ ചരിത്ര പശ്ചാത്തലം പ്രത്യക്ഷമായതിനാൽ, വ്യാഖ്യാനത്തിന് ഗ്രന്ഥകർതൃത്വം ഒരു സങ്കീർണ്ണഘടകമല്ല. ദൈവനിശ്വാസ്യതയുടെ ഉറപ്പാണ് സങ്കീർണ്ണം! യോഹന്നാന്റെ സുവിശേഷത്തിന്റെ ഗ്രന്ഥകർതൃത്വമോ എഴുതിയ കാലമോ ദൈവനിശ്വാസ്യതയെയല്ല എന്നാൽ വ്യാഖ്യാനത്തെയാണ് ബാധിക്കുന്നത്. പുസ്തകമെഴുതുവാൻ സംജാതമായ സാഹചര്യവും ചരിത്ര പശ്ചാത്തലവുമാണ് വ്യാഖ്യാതാക്കൾ പരിഗണിക്കുന്നത്. യോഹന്നാന്റെ ഈ വിഷയങ്ങളിലെ ദ്വന്ദ്വഭാവം താരതമ്യവിധേയമാണ്. 1) യെഹൂദന്റെ ര ് കാലങ്ങൾ (യുഗങ്ങൾ) 2) ക്യുമ്രാനിലെ നീതിയുടെ (Qumran) ഉപദേഷ്ടാവ് 3) സൊരാസ്ട്രിയൻ മതം (Zoroastrian 4) തത്ത്വവാദ ആശയം 5) യേശുവിന്റെ വേറിട്ട കാഴ്ചപ്പാടുകൾ?

C. മാനുഷിക- ദൃക്സാക്ഷിയായ സെബദിയുടെ മകനായ യോഹന്നാൻ അപ്പൊസ്തലനാണ് ഗ്രന്ഥകർത്താവെന്നാണ് ആദ്യകാലപാരമ്പര്യ വീക്ഷണം. ര ാം നൂറ്റാ ിലെ ബാഹ്യഉറവിടങ്ങൾ മറ്റുള്ളവരെയും സുവിശേഷ ആവിഷ്കാരത്തിന് ശൃംഗലയാക്കാനുള്ള സാധ്യത ഉള്ളതുകൊ ് ഈ ആശയം വ്യക്തമാക്കപ്പെടേണം.

1. വൃദ്ധനായ അപ്പൊസ്തലനാണ് ഈ സുവിശേഷം എഴുതിയതെന്ന് സഹവിശ്വാസികളും എഫേസൊസിലെ മുപ്പൻമാരും കരുതുന്നു. (യുസേബിയോസ് ഉദ്ധരണികൾ, അലക്സാന്തരയിലെ ക്ലെമന്ത്)
2. ഒരു സഹഅപ്പൊസ്തലനായ അന്ത്രയോസ് (റോമിലെ ഒരു മുറാറ്റോറിയൻ തെളിവ് (muratorian fragment AD 180-200)

D. സാഹിത്യശൈലിയും വിഷയവും പരിഗണിച്ച് ആധുനിക വേദപണ്ഡിതർ മറ്റൊരു ഗ്രന്ഥകർതൃത്തിനും പ്രാധാന്യം നൽകുന്നു ്. ര ാം നൂറ്റാ ിന്റെ പ്രാരംഭ കാലത്തെ സുവിശേഷമായും പലരും ഇതിനെ സങ്കല്പിക്കുന്നു. (എ.ഡി. 115 ന് മുൻപ്)

1. തന്റെ ഉപദേശങ്ങൾ സ്മരിച്ചുകൊ ് യോഹന്നാന്റെ ശിഷ്യഗണം എഴുതി എന്നും ചിലർ കരുതുന്നു. (യോഹന്നന്റെ സ്വാധീനം വലയം) (J. Weiss, B.Lightfoot, C.H.Dodd, O.Collmann, R.A.Colpepper C.K.Barret)

2. പെപ്പൈറെസിലെ (എ.ഡി. 70-146) ഒരു അവ്യക്ത ഭാഗത്തെ അടിസ്ഥാനമാക്കി മൂപ്പനായ യോഹന്നാനാണ് ഗ്രന്ഥകർത്താവ് എന്ന് യൂസേബിയസ് (എ.ഡി. 280-339) ഉദ്ധരിച്ചിരിക്കുന്നു (യോഹന്നാൻ അപ്പൊസ്തലന്റെ ദൈവശാസ്ത്രവും-ഭാഷാശൈലിയും സ്വാധീനിച്ച ആസ്യയിലെ ഒരു മുൻനിര നേതാക്കൻമാരിലൊരാളായ യോഹന്നാൻ).

E. ഈ സുവിശേഷത്തിന്റെ ഉള്ളടക്കത്തിന്റെ പ്രാഥമിക സ്രോതസ് യോഹന്നാൻ തന്നെയാണെന്നുള്ളതിന് ചില തെളിവുകൾ.

1. ആന്തരിക തെളിവുകൾ

a. യെഹൂദ്യ ഉപദേശങ്ങളും ആചാരങ്ങളും, അതുപോലെ പങ്കിടപ്പെട്ടിട്ടുള്ള പഴയനിയമ കാഴ്ചപ്പാടുകളും ഈ ഗ്രന്ഥകർത്താവിന് സുപരിചതമാണ്.

b. എ.ഡി. 70.. ന് മുൻപുള്ള പാലസ്തീൻ-യെരുശലേം അവസ്ഥ ഗ്രന്ഥകർത്താവിന് സുപരിചിതമാകുന്നു.

c. ഗ്രന്ഥകാരൻ യേശുവിന്റെ ദൃക്സാക്ഷിയാണെന്ന് അവകാശപ്പെടുന്നു.

1) 1:14

2) 19:35

3) 21:24

d. ഗ്രന്ഥകാരൻ അപ്പൊസ്തോലിക ഗണത്തിലെ ഒരംഗവും ചില വസ്തുതകളിൽ താൻ സുപരിചിതനാണ്.

1) സ്ഥലകാല വിശദാംശങ്ങൾ (രാത്രിയിലെ വിസ്താരം)

2) കണക്കുകളുടെ വിശദാംശങ്ങൾ (2: 6 ലെ കൽഭരണി)

3) വ്യക്തികളെക്കുറിച്ചുള്ള വിശദാംശങ്ങൾ

4) വിവിധ സംഭവങ്ങളും അവയോടുള്ള പ്രതികരണങ്ങളുടെ വിശദാംശങ്ങളും.

5) 'പ്രിയ ശിഷ്യൻ' എന്ന് ഗ്രന്ഥകാരൻ സ്വയം അവരോധിക്കുന്നു.

a) 13:23, 25

b) 19:26-27, 34-35

c) 20:2-5, 8

d) 21:7, 20-24

6) ഗ്രന്ഥകാരൻ പത്രോസിനൊപ്പം ആഭ്യന്തര ഗണത്തിലെ അംഗമായിരിക്കണം

a) 13:24

b) 20:2

c) 21:7

7) സെബദിയുടെ മകനായ യോഹന്നാൻ എന്ന പേര് ഈ സുവിശേഷത്തിൽ അപ്രത്യക്ഷമാണ്. അപ്പൊസ്തലിക ആഭ്യന്തരഗണത്തിലെ ഒരു അംഗത്തിന്റെ പേര് വിവരണങ്ങളിൽ അപ്രത്യക്ഷമാകുന്നത് അസാധാരണവുമാണ്.

e. ബാഹ്യതെളിവുകൾ

1) ഈ സുവിശേഷവുമായി പരിചയമുള്ളവർ

a) പോളികാർപ്പിന്റെ സഹായിയായിരുന്ന ഐറേണിയസ് (എ.ഡി. 120-202) യോഹന്നാൻ അപ്പൊസ്തലനെ അറിയാമായിരിന്നു. (ഒ.നോ യൂസേബിയസ് സഭാചരിത്രം (Historical Eccleasticus 5:20:6-7) കർത്താവിന്റെ മാറിലണഞ്ഞ യോഹന്നാൻ എന്ന ശിഷ്യൻ തന്നെയാണ് ആസയിലെ എഫേസോസിൽ നിന്നും സുവിശേഷം എഴുതിയത്.

b) അലക്സന്ത്രിയിലെ ക്ലെമന്ത് (എ.ഡി. 153-2017) യോഹന്നാൻ തന്റെ സ്നേഹിതരുടെ പ്രചോദനവും പരിശുദ്ധാത്മ ദൈവിക നിയോഗവും ഉറ്റുകൊ ് ഒരു ആത്മിക സുവിശേഷം രചിച്ചു. (യൂസേബിയസ് Eusebius Historical Eceleasticus 6: 147)

c) Trypho യുമായി സംഭാഷിക്കുന്ന രക്തസാക്ഷി ജസ്റ്റിൻ മാർട്ടിയർ (എ.ഡി.110-165) 8:4

d) തെർത്തുല്യൻ (എ.ഡി. 145-220)

2) ആദ്യകാല ദൃക്സാക്ഷികൾ യോഹന്നാന്റെ ഗ്രന്ഥകർതൃത്വം സമർത്ഥിക്കുന്നു.

a) സ്മുർന്നയിലെ സഭാദ്ധ്യക്ഷനായിരുന്ന പോളികാർപ്പ് (എ.ഡി.155, എ.ഡി. 70-150) ൽ ഐറേണിയസ് രേഖപ്പെടുത്തിയിട്ടു ്.)

b) ഫ്രുർഗ്ഗയിലെ ഹെയറോപൊലിസിലെ (Hierapolis) സഭാദ്ധ്യക്ഷനായിരുന്ന പാപ്പിയാസ് ശിഷ്യനും അപ്പൊസ്തലനുമായ യോഹന്നാനാണ് ഗ്രന്ഥകർത്താവെന്ന് രേഖപ്പെടുത്തുന്നു. (എ.ഡി. 70-146) ൽ റോമ-യൂസേബിയോസ് നിന്നും ആന്റി മർക്കോൈെ ൻ (Aniti – Marcontie) മുഖവരയിൽ രേഖപ്പെടുത്തിയിട്ടു ്.

F. പാരമ്പര്യ ഗ്രന്ഥകർതൃത്വം സംശയിക്കുന്നതിന്റെ കാര്യകാരണങ്ങൾ

1. ജ്ഞാനവാദപ്രമേയവുമായി സുവിശേഷത്തിനുള്ള ബന്ധം
2. 21-ാം അദ്ധ്യായത്തിലെ പ്രകടമായ അനുബന്ധം.
3. സമാനസുവിശേഷങ്ങളുമായുള്ള കാലക്രമ പൊരുത്തമില്ലായ്മ.
4. "പ്രിയശിഷ്യൻ" എന്ന് യോഹന്നാൻ സ്വയം പരമാമർശിക്കുവാൻ സാധ്യതയില്ല.
5. സമാനസുവിശേഷങ്ങളിൽ യേശുവിനെപ്പറ്റി പ്രസ്താവിക്കുന്ന വാക്കുകളുടെയും സാഹിത്യ രീതിയുടെയും വ്യത്യാസങ്ങൾ.

G. യോഹന്നാൻ അപ്പൊസ്തലനാണ് ഗ്രന്ഥകാരൻ എന്ന് നാം അനുമാനിക്കയാണെങ്കിൽ 'ആ മനുഷ്യൻ' എന്നത് ആരെക്കുറിച്ചാണെന്ന് അനുമാനിക്കും?

1. താൻ എഫെസോസിൽ നിന്നും എഴുതി ("എഫേസോസിൽ നിന്നും പ്രസിദ്ധീകരിച്ചു" എന്ന് ഐറേണിയസ് പറയുന്നു.
2. താൻ വൃദ്ധനായശേഷം എഴുതിയെന്ന് രേഖപ്പെടുത്തിയിട്ടു ്.(ട്രാജന്റെ കാലമായ എ.ഡി. 98-117 നിടയിൽ യോഹന്നാൻ ജീവിച്ചുവെന്ന് ഐറേണിയസ് പറയുന്നു.

## III. കാലഘട്ടം

A. യോഹന്നാൻ അപ്പൊസ്തലൻ എന്ന് സങ്കല്പിച്ചാൽ!

1. റോമാ പടത്തലവനായിരുന്ന (പിന്നീട് ചക്രവർത്തിയായ) റൈറ്റസ് എ.ഡി. 70ന് യെരുശലേം ഉൻമൂലനം ചെയ്യുന്നതിന് മുൻപ്

a. യോഹന്നാൻ 5:2-ൽ "യെരുശലേമിൽ ആട്ടുവാതില്ക്കൽ എന്നു എബ്രായപേരുള്ള ഒരു കുളം ഉ ്; അതിനു അഞ്ചു മണ്ഡപം ഉ ു..."

b. അപ്പൊസ്തലിക ഗണ്യത്തെ സൂചിപ്പിക്കുന്നതിന് ആദ്യകാല ' ശിഷ്യൻമാർ' എന്ന പദപ്രയോഗം ആവർത്തിക്കുന്നു.

c. പിൽക്കാല സാങ്കല്പിത ജ്ഞാനേയവാദ ഘടകങ്ങൾ ഇപ്പോൾ ചാവുകടൽ ചുരുളുകളിൽ (Dead Sea Scrolls) നിന്നും ക െടുത്തിട്ടു ്, അവ ഒന്നാം നൂറ്റാ ിലെ വേദശാസ്ത്രപര ഭാഷാശൈലിയുടെ ഭാഗമെന്നു തെളിയിക്കുന്നു.

d. AD 70 ലെ യെരുശലേം ദേവാലയമോ പട്ടണമോ നശിപ്പിച്ചതിനെക്കുറിച്ച് ഒരു ഈ സുവിശേഷത്തിൽ പരാമർശവുമില്ല.

e. ഈ സുവിശേഷം എഴുതപ്പെട്ടത് എ.ഡി. 70കളുടെ അവസാനം അല്ലെങ്കിൽ എ.ഡി. 80കളുടെ തുടക്കത്തിലാണെന്ന് അമേരിക്കയിലെ പ്രശ്സത പുരാവസ്തു ഗവേഷകനായ W.F. Albright സ്ഥാപിക്കുന്നു.

2. ഒന്നാം നൂറ്റാ ിന്റെ അവസാനം

a. യോഹന്നാന്റെ വികസിക്കപ്പെട്ട വേദശാസ്ത്രം

b. യെരുശലേമിന്റെ വീഴ്ച ഏകദേശം ഇരുപതു വർഷങ്ങൾക്കു മുൻപു സംഭവിച്ചതായതിനാൽ അത് രേഖപ്പെടുത്തിയിരിക്കില്ല.

c. ജ്ഞാനേയ വാദ ശൈലിയും പദപ്രയോഗവും ഊന്നലും യോഹന്നാൻ ഉപയോഗിച്ചിരിക്കുന്നു.

d. സഭയുടെ പൂർവ്വകാല പാരമ്പര്യങ്ങൾ

1) ഐറേണിയസ് (Irenaeus)

2) യൂസേബിയസ് (Eusebius)

B. ''മൂപ്പനായ യോഹന്നാനാണ്'' ഗ്രന്ഥകാരൻ എന്ന് നാം സങ്കല്പിച്ചാൽ ര ാം നൂറ്റാ ിന്റെ ആരംഭത്തിനും മധ്യകാലത്തിനും ഇടയിലായിരിക്കണം ഗ്രന്ഥരചന. യോഹന്നാൻ അപ്പൊസ്തലന്റെ ഗ്രന്ഥകർത്വത്വം നിരാകരിച്ചുകൊ ് (സാഹിത്യകാരണത്താൽ) ഡയനീഷ്യസ് (Dionysius) ആരംഭിച്ച സിദ്ധാന്തമാണിത്. വേദശാസ്ത്രപര കാരണങ്ങളാൽ യോഹന്നാൻ അപ്പൊസ്തലന്റെ വെളിപ്പാടിന്റെ ഗ്രന്ഥകർതൃത്വം നിരാകരിച്ച യുസെബിയസ് ചുരുൾ (papias) ഉദ്ധരണിയിൽ മറ്റൊരു യോഹന്നാനെ കൃത്യസമയത്തും സ്ഥലത്തും ക ു എന്ന് പരാമർശിക്കുന്നു (Histrocial Eccleasticus 3: 39:5, 6) ര ് പേര് വിവരം നൽകുന്നു: (1)യോഹന്നാൻ അപ്പൊസ്തലൻ (2) യോഹന്നാൻ മൂപ്പൻ (പ്രസ്ബിറ്റർ)

## IV. സ്വീകർത്താക്കൾ

A. ഏഷ്യയിലെ റോമാ പ്രവിശ്യയിലെ, പ്രത്യേകിച്ച്, എഫേസൊസിലുള്ള സഭകൾക്കെഴുതി എന്നാണ് പ്രഥാമിക നിഗമനം

B. എഴുത്തിന്റെ അഗാധ ലാളിത്യവും നസറയനായ യേശുവിന്റെ വ്യക്തിത്വത്തിന്റെയും ജീവചരിത്രത്തിന്റെയും അഗാധവിവരശേഖരവും ഹെലനിസ്റ്റിക് (Hellentstic) ഈ സുവിശേഷം ജാതികൾക്കും ജ്ഞാനേയവാദികൾക്കും ഒരുപോലെ പ്രിയമുള്ളതാക്കി.

## V. രചനയുടെ ലക്ഷ്യം

A. സുവിശേഷീകരണ ലക്ഷ്യം സ്വയം അവകാശപ്പെടുന്നതാണ് ഈ സുവിശേഷം 20:30-31

1. യഹൂദാ വായനക്കാർ
2. യവന വായനക്കാർ
3. പുതിയ ജ്ഞാനേയവാദ (Apologetic) വായനക്കാർ

B. തർക്കം തെളിയിക്കുന്ന ശൈലി തോന്നിപ്പിക്കുന്നു.

1. യോഹന്നാൻ സ്നാപകന്റെ മതഭ്രാന്തൻമാരായ അനുയായികൾക്കെതിരെ.
2. പുതിയ ജ്ഞാനേയവാദ ഉപദേഷ്ടാക്കൻമാർക്കെതിരെ (പ്രത്യേകാൽ ആമുഖം). പുതിയ നിയമത്തിലെ മറ്റ് പുസ്തകങ്ങൾക്കും ഒരു പശ്ചാത്തലമൊരുക്കിയത് ഈ ജ്ഞാനേയ വാദ ഉപദേശങ്ങളാകുന്നു.)

a. എഫേസ്യലേഖനം

b. കൊലൊസ്സ്യ ലേഖനം

c. ഇടയലേഖനങ്ങൾ (1 തിമൊഥെയൊസ്, 2 തിമൊഥെയൊസ്, തീത്തൊസ്)

d. 1. യോഹന്നൻ (1 യോഹന്നാൻ ഈ സുവിശേഷത്തിന് ഒരു ആവരണ എഴുത്തായി പ്രവർത്തിക്കുന്നു ാവാം.

C. രക്ഷ എന്ന വിഷയം വിവരിക്കുന്നത് വ്യാകരണപ്രകാരം വർത്തമാനകാലം സ്ഥിരമായി ഉപയോഗിക്കുന്നതിനാൽ 20 : 31 -ലെ ഉദ്ദേശപ്രസ്താവന രക്ഷയുടെ ഭദ്രതയുടെയും സുവിശേഷീകരണത്തിന്റെയും ഉപദേശം പ്രോത്സാഹിപ്പിക്കുന്നുതിനുള്ള ഒരു സാധ്യതയാകുന്നു. അങ്ങനെയെങ്കിൽ, യാക്കോബിനെപ്പോലെ യോഹന്നാനും ഏഷ്യാഭൂഖണ്ഡത്തിലെ ചിലർ പൗലോസിന്റെ വേദശസ്ത്രത്തിന് അധിക ഊന്നൽ നൽകിയതിനെ ഒന്നു സന്തുലിതാവസ്ഥയിലാക്കുവാൻ സഹായിക്കുന്നു (ഒ. നോ 2 പത്രോസ് 3 : 15- 16). പൗലോസുമായല്ല പ്രത്യുത യോഹന്നനുമായാണ് പൂർവ്വ സഭാ പാരമ്പര്യം എഫേസൊസിനെ ബന്ധിപ്പിക്കുന്നത് എന്ന വിഷയം അതിശയകരമായ വസ്തുതയാകുന്നു (ഒ. നോ F.F Bruce'ന്റെ Peter, Stephen, James and

John.) പത്രോസ്, സ്തെഫാനൊസ്, യാക്കോബ്, യോഹന്നാൻ) (Studies in Non positive Christianity പേജ് 120-21)

D. സഭയുടെ പ്രാരംഭകാല പ്രധാന ചോദ്യങ്ങൾക്കുള്ള മറുപടിയായി ഉപസംഹാരത്തെ (അദ്ധ്യായം 21) കണക്കാക്കാം.

1. സമാന്തര സുവിശേഷങ്ങളുടെ പൂരകമാണ് യോഹന്നാൻന്റെ സുവിശേഷം. എന്നിരുന്നാലും താൻ യേശുവിന്റെ യഹൂദ്യയിലെ, പ്രത്യേകാൽ, യെരുശലേമിലെ ശുശ്രൂഷയ്ക്ക് മുൻതൂക്കം നൽകുന്നു.
2. അനുബന്ധത്തിൽ, അദ്ധ്യായം 21, ര ് ചോദ്യങ്ങൾ കൈകാര്യം ചെയ്യുന്നു.
   a. പത്രോസിന്റെ പുനഃപ്രതിഷ്ഠ
   b. യോഹന്നാന്റെ ദിർഘായുസ്സ്
   c. യേശുവിന്റെ പുനരാഗമന താമസം

E. 3-ാം അദ്ധ്യായത്തിലും (സ്നാനം) 6 -ാം അദ്ധ്യായത്തിലും (കർത്താവിന്റെ മേശ) വ്യക്തമായ പശ്ചാത്തല സാഹചര്യം ഉ ായിരിന്നിട്ടും, യോഹന്നാൻ കൂദാശകളെക്കുറിച്ചും, അനുഷ്ഠാനങ്ങളെക്കുറിച്ചും മനഃപൂർവ്വമായി ഒഴിവാക്കുന്നതായോ അവ രേഖപ്പെടുത്താതെ വേ ത്ര ഉന്നൽ നൽകാതിരിക്കുന്നതായോ ചില വേദപണ്ഡിതൻ നിരീക്ഷിക്കുന്നു.

## VI. വിഷയവിഭജനം (Outline)

A. തത്ത്വപര/ വേദശാസ്ത്രപര മുഖവരയും (1:1-18) പ്രായോഗിക ഉപസംഹാരവും (അദ്ധ്യായം 21).

B. യേശുവിന്റെ പരസ്യശുശ്രൂഷയിലെ ഏഴ് അത്ഭുത അടയാളങ്ങളും (2-12 അദ്ധ്യായങ്ങൾ) അവയുടെ വ്യാഖ്യാനവും.

1. കാനാവിലെ വിവാഹവിരുന്നിൽ വെള്ളം വീഞ്ഞാക്കുന്നു. (2:1-11)
2. കഫർന്നഹൂമിലെ രാജഭൃത്യന്റെ മകനെ സൗഖ്യമാക്കുന്നു ( 4:46- 54)
3. ബേഥെസ്ദാ കുളക്കരയിലെ തളർവാത രോഗിയെ യേശു സൗഖ്യമാക്കുന്നു. (5: 1-18)
4. ഗലീലയിലെ 5000 പേരെ പോക്ഷിപ്പിക്കുന്നു. (6:1-15)
5. ഗലീലിക്കടലിനുമുകളിലൂടെ യേശു നടക്കുന്നു. (6:16-21)
6. യെരുശലേമിൽ ജനനം മുതൽ അന്ധനായ മനുഷ്യനെ സൗഖ്യമാക്കുന്നു. (9:1-41)
7. ബേഥാന്യയിലെ ലാസറിനെ ഉയർപ്പിക്കുന്നു. (11:1-57)

C. വ്യക്തികളുമായുള്ള അഭിമുഖങ്ങളും സംഭാഷണവും.

1. യോഹന്നാൻ സ്നാപകൻ (1: 19-34; 3: 22-36)
2. ശിഷ്യഗണം
   a. അന്ത്രയൊസും പത്രൊസും (1:35-42)
   b. ഫിലിപ്പൊസും നഥനയെലും (1:43-51)
3. നിക്കോദേമോസ് (3:1-21)
4. ശമര്യാ സ്ത്രീ (4:1-45)
5. യെരുശലേമിലെ യെഹൂദ്യർ (5:10-47)
6. ഗലീലയിലെ പുരുഷാരം (6:22-66)
7. പത്രൊസും ശിഷ്യൻമാരും (6:67-71)
8. യേശുവിന്റെ സഹോദരൻമാർ (7:1-13)
9. യെരുശലേമിലെ യെഹൂദ്യർ (7:14-8:59; 10: 1-42)
10. മാളിക മുറിയിലെ ശിഷ്യൻമാർ (13:1-17: 26)
11. യെഹൂദൻമാർ യേശുവിനെ തടവിലാക്കുന്നതും, വിസ്താരവും (18:1-27)

12. റോമാ വിസ്താരം (18:28–19:16)
13. പുനഃരുത്ഥാനാനന്തര ആശയവിനിമയങ്ങൾ (20:11–29)
    a. മറിയയുമായി
    b. 10 അപ്പൊസ്തലരുമായി
    c. തോമാസുമായി
14. പത്രൊസുമായുള്ള ഉപസംഹാര സംഭാഷണം (21: 1–25)
15. (7:53–8:11 പാപിനിയായ സ്ത്രീയുടെ കഥ: യോഹന്നാന്റെ സുവിശേഷത്തിന്റെ പ്രഥമ പ്രതിയിൽ ഈ ഭാഗം ഇല്ല!)

D. ഏതാനും ആരാധന / ഉത്സവ ദിവസങ്ങൾ
1. ശബത്ത് (5:9; 7:22; 9:14, 19:31)
2. പെസഹകൾ (2:13; 6:4; 11:55; 18:28)
3. കൂടാരപ്പെരുന്നാൾ (8–9 അദ്ധ്യായങ്ങൾ)
4. പ്രതിഷ്ഠോത്സവം (വെള്ളിച്ചോത്സവം Hanukak) (ഒ. നോ 10:22)

E. "ഞാൻ ആകുന്നു" എന്ന പ്രസ്താവനകളുടെ പ്രയോഗം.
1. ഞാൻ ആകുന്നവൻ ഞാനാകുന്നു (4:26; 6:20; 8:24,28; 54–59; 13:19, 18:5–6,8)
2. ഞാൻ ജീവന്റെ അപ്പമാകുന്നു (6:35, 41, 48, 51)
3. ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു (8:12)
4. ആടുകളുടെ വാതിൽ ഞാൻ ആകുന്നു (10:7; 9:5)
5. ഞാൻ നല്ല ഇടയൻ ആകുന്നു (10:11,14)
6. ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു.(11:25)
7. ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു (14:6)
8. ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു (15:1,5)

## VII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ    വാക്കുകളും പ്രയോഗങ്ങളും

1. വചനം 1:1
2. വിശ്വസം 1:7
3. "ലോകം അവൻ മുഖാന്തരം ഉളവായി" 1:10
4. "വചനം ജഡമായിത്തീർന്നു" 1:14
5. സത്യം 1:17
6. ആ പ്രവാചകൻ ? 1 :21
7. ദൈവത്തിന്റെ കുഞ്ഞാട് 1: 29
8. "പ്രാവുപോലെ" 1:32
9. "റബ്ബീ," 1:38
10. ആമേൻ, ആമേൻ 1:51
11. "ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നു" 1:51
12. "ആറു കല്പാത്രം" 2:6
13. "യഹുദന്മാരുടെ ഒരു പ്രമാണി" 3:1
14. "പുതുജനനം" 3:3
15. "മനുഷ്യ പുത്രനെയും ഉയർത്തേ    താകുന്നു" 3:14;12:34
16. "നിത്യജീവൻ" 3:16
17. "ഞാൻ ജീവന്റെ അപ്പം ആകുന്നു" 6:35,48
18. "യെഹുദന്മാരുടെ കൂടാരപ്പെരുന്നാൾ" 7:2
19. "നിനക്ക് ഭൂതം ഉ   "" 7:20; 8:48; 10:20

20. " ചിതറിപ്പാർക്കുന്നവർ" 7:35
21. "യേശു അന്ന് തേജസ്കരിക്കപ്പെട്ടിട്ടില്ലായിരുന്നു" 7:39
22. "അബ്രഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉ " 8:58
23. "പള്ളി ഭ്രഷ്ടരാക്കുക" 9:22
24. "ആടുകളുടെ വാതിൽ ഞാൻ ആകുന്നു" 10:7
25. "പ്രതിഷ്ഠോത്സവം"10:22
26. "ദൈവദൂഷണം" 10:36
27. "ഒരു ചെറിയ കഴുതയെ ക ിട്ട് അതിന്മേൽ കയറി" 12:14
28. "നാഴിക" 12:23
29. "സാത്താൻ അവനിൽ കടന്നു" 13:27
30. "പുതിയൊരു കല്പന" 13:34
31. "അനേകം വാസസ്ഥലങ്ങൾ" 14:2
32. "എന്നിൽ വസിപ്പിൻ," 15:4
33. "യേശു സ്വർഗ്ഗത്തേക്കു നോക്കി" 17:1
34. "ഏകസത്യദൈവം 17:3
35. "ലോകസ്ഥാപനത്തിനു മുമ്പേ" 17:24
36. "ചമ്മട്ടി" 19:1
37. ഗബ്ബഥാ 19:13
38. ഗൊല്ഗൊഥാ 19:17
39. 'അവരുടെ കാൽ ഒടിച്ച് എടുപ്പിക്കേണം എന്നു അപേക്ഷിച്ചു.' 19:31
40. യെഹൂദന്മാരുടെ ഒരുക്കനാൾ 19:42

## VIII. ഈ ലേഖനത്തിൽ അിറഞ്ഞിരിക്കേ വ്യക്തികൾ

1. യോഹന്നാൻ 1:6
2. ദൈവ പുത്രൻ 1:34
3. മശീഹാ 1:41
4. കേഫാ 1:42
5. നീക്കോദേമൊസ് 3:1
6. പ്രവാചകൻ 7:40
7. ലാസർ 11:2
8. ദിദിമൊസ് 11:16
9. യൂദാ ഈസ്കര്യോത്താവ് 13:2
10. കാര്യസ്ഥൻ 14:26
11. മാൽക്കസ് 18:10
12. ഹന്നാ 18:24
13. ക്ലെയോപ്പാവിന്റെ ഭാര്യ മിറയ 19:25

## IX. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. ഗലീല 1:43
2. നസറെത്ത് 1:45
3. കാനാ 2:1
4. കഫർന്നഹൂം 2:12
5. ശലേമിന് അരികിലുള്ള ഐനോൻ 3:23

6. ശമര്യ 4:4
7. തിബെര്യാസ് 6:1
8. ബേത്ലഹേം 7:42
9. ബേഥാന്യ 11:1
10. കെദ്രോൻ 18:1
11. തിബേര്യാസ് കടൽ 21:1

## X. ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ

1. യോഹന്നാൻ 1:1 ന്റെ പ്രാധാന്യം എന്ത് ?
2. യോഹന്നാന്റെ സ്നാനത്തിന്റെ അസ്വാഭാവിക എന്തുകൊ ് ?
3. വീ ും ജനിക്കുക എന്നതിന്റെ അർത്ഥം എന്ത് ?
4. 3: 35 ലെ ' വിശ്വാസവും' ' അനുസരണവും' ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ ?
5. 4:24 ന്റെ അർത്ഥം ബ്രായ്ക്കറ്റിൽ എഴുതിയിരിക്കുന്നതിന്റെ കാരണം എന്ത് ?
6. യോഹന്നാൻ 5: 4 ബ്രയ്ക്കറ്റിൽ എഴുതിയിരിക്കുന്നതിന്റെ കാരണം എന്ത് ?
7. 9: 2 പുനർജനനമാണോ പരാമർശിക്കുന്നത് ?
8. 9 : 41 -ലെ വിപരീത പ്രയോഗം വിവരിക്കുക.
9. 10 : 34 – 35 സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.
10. അദ്ധ്യായം 13 -ൽ യേശു ശിഷ്യരുടെ പാദങ്ങൾ കഴുകിയതിന്റെ കാരണം വ്യക്തമാക്കുക? 13–17 അദ്ധ്യായങ്ങളുടെ സന്ദർഭം എന്ത് ?
11. യോഹന്നാൻ 14 : 6 പ്രസ്കതമാണ്, എന്തുകൊ ് ?
12. യോഹന്നാൻ 14: 23 വളരെ പ്രധാനപ്പെട്ടതാണ്, എന്തുകൊ ്?
13. യോഹന്നാൻ 15: 16 വിവരിക്കുക?
14. യോഹന്നാൻ 17, ''യേശുവിന്റെ മഹാപുരോഹിത പ്രാർത്ഥന'' എന്നാണറിയപ്പെടുന്നത്, മൂന്ന് കൂട്ടർക്കായി യേശു പ്രാർത്ഥിക്കുന്നു ്, ആരെല്ലാമാണ് ഈ മൂന്ന് കൂട്ടർ?
15. യോഹന്നാൻ 18: 33–38 -ലെ യേശുവും പീലാത്തോസും ഇടകലർപ്പ് വിവരിക്കുക.
16. 20: 22 ലാണോ അപ്പൊസ്തല പ്രവൃത്തി 21–ലെ പെന്തകോസ്തു നാളിലാണോ ശിഷ്യഗണം പരിശുദ്ധാത്മാവ് പ്രാപിച്ചത്?
17. യോഹന്നാൻ 20 : 31 ന്റെ പ്രസക്തി എന്ത്?

# അപ്പോസ്തല പ്രവൃത്തികൾ: ഒരു മുഖവുര

## I. പ്രാരംഭ പ്രസ്താവന

A. യേശുക്രിസ്തുവിന്റെ ജീവചരിത്രം (സുവിശേഷങ്ങൾ), പ്രവൃത്തികളിലെ പ്രസംഗങ്ങൾ, അവയുടെ വ്യാഖ്യാനം, പുതിയനിയമ അപ്പോസ്തലിക ലേഖനങ്ങളിലെ പ്രായോഗികത എന്നിവയുമായി അപ്പോസ്തല പ്രവർത്തികൾ ഒരു ആത്യന്തിക (അനുപേക്ഷണീയ) ചങ്ങലയായി വർത്തിക്കുന്നു.

B പുതിയ നിയമ എഴുത്തുകളുടെ ര ് ശേഖരമാണ് ആദിമസഭ വികസിപ്പിച്ചത്: (1) സുവിശേഷങ്ങൾ (നാല്) (2) അപ്പോസ്തൊലികം (പൗലോസിന്റെ ലേഖനങ്ങൾ). എന്നിരുന്നാലും, ര ാം നൂറ്റാ ിലെ പൂർവ്വ ക്രിസ്തുശാസ്ത്ര ദുരുപദേശങ്ങളുടെ പശ്ചാത്തലത്തിൽ അപ്പോസ്തല പ്രവൃത്തികളുടെ മൂല്യം പ്രകടമാണ്. സുവിശേഷങ്ങളുടെ ഉള്ളടക്കവും, അപ്പോസ്തലിക പ്രസംഗങ്ങളുടെ (Kerygma) ഉദ്ദേശ്യവും സുവിശേഷങ്ങളുടെ അത്ഭുതകരമായ ഫലങ്ങളും അപ്പോസ്തല പ്രവൃത്തികൾ വെളിപ്പെടുത്തുന്നു.

C. റോമൻ ഗവൺമെന്റിലെ ഉദ്യോഗസ്ഥരുടെ സ്ഥാനമാനങ്ങൾ (ഉദാ. *Strategoi*, 16:20, 20, 35, 36) ആലയ പടനായകർക്കും (മേധാവികൾക്കും) സ്ഥാനമാനം ഉ ്, ലൂക്കോസ് 22:4, 52; പ്രവൃത്തി 4:1; 5: 24–26) *Politarchas*, 17:6,8 Proto, Acts 28:7, of A.N. Sherwin-White, *roman Society and Roman Law in New Testament*) ആധുനിക പുരാവസ്തു ഗവേഷണ ക ുപിടിത്തങ്ങളുടെ അടിസ്ഥാനത്തിൽ ഉറപ്പിക്കുന്നതിനാൽ അപ്പൊസ്തല പ്രവൃത്തികളുടെ ചരിത്രകൃത്യത നിർണ്ണയിക്കാനാകും. പൗലോസും ബർണബാസും തമ്മിലു ായ ആശയസംഘർഷം (c.f 15: 39) ഉൾപ്പെടെ ആദിമ സഭയിലെ പ്രതിസന്ധികൾ ലൂക്കോസ് രേഖപ്പെടുത്തുന്നു. തൃപ്തികരവും വിട്ടുവീഴ്ചയില്ലാത്തതുമായ ഒരു ചരിത്ര / ദേവ ശാസ്ത്ര രചനാരീതി പ്രതിഫലിക്കുന്നു.

D. പുരാതന ക്രീക്കു പകർപ്പുകളിൽ ഈ പുസ്തകത്തിന്റെ ശീർഷകങ്ങൾ വ്യത്യസ്തമാണ്:

1. കൈയെഴുത്തു പകർപ്പിൽ (Manuscript ℵ-Sinaiticus) തെർത്തുല്യൻ, ദിദിമൊസ്, യൂസേബിയസ് ഈ പുസ്തകത്തിന് 'പ്രവർത്തികൾ' എന്ന ശീർഷകം നൽകിയിരിക്കുന്നു. (ASV-NIV)
2. കൈയെഴുത്തു പകർപ്പ് B (Maniscripts B-Vaticanus), D, (ie- Benae) ''അപ്പോസ്തലൻമാരുടെ പ്രവൃത്തികൾ'' എന്ന് ശീർഷകമാണ് ഐറനിയസ്, തെർത്തുല്ല്യൻ, സിറിയൻ, അത്നേഷ്യസ് എന്നിവരുടെ കൈവശമുള്ള (KJV, RSV, NEB) യിൽ കാണുന്നത്.
3. കൈയെഴുത്തു പകർപ്പ് $A^2$ (ie., Alexandrinus ന്റെ പ്രഥമ തിരുത്ത്) ''വിശുദ്ധരായ അപ്പോസ്തലരുടെ പ്രവൃത്തികൾ'' എന്നാണ് E.G. ക്രിസ്റ്റോസത്തിന്റെ കൈവശമുള്ള പകർപ്പിലെ ശീർഷകം.

പ്രശസ്തരും സ്വാധീനശക്തരുമായവരുടെ (ie. യോഹന്നാൻ പത്രോസ്, സ്തേഫനൊസ്, ഫിലിപ്പോസ്, പൗലോസ്) ജീവിതവും പ്രവൃത്തികളും എഴുതന്നതിന് പുരാതന മെഡിറ്ററേറിയൻ സാഹിത്യ ശൈലിയിൽ *Praxeis, praxis* (i.e, പ്രവൃത്തി, വഴികൾ, പെരുമാറ്റം, ശീലം, കർമ്മങ്ങൾ എന്നർത്ഥം) എന്നീ ഗ്രീക്കു വാദങ്ങൾ സാധാരണ ഉപയോഗിച്ചുവന്നു. ഒരു പക്ഷേ, ഈ പുസ്തകത്തിന് ഒരു ശീർഷകം ഇല്ലായിരുന്നിരിക്കാം (ലൂക്കോസിന്റെ സുവിശേഷം പോലെ)

E. പ്രവൃത്തികൾക്ക് ര ് വ്യത്യസ്ഥ മൂലഗ്രന്ഥ പാരമ്പര്യങ്ങളാണുള്ളത്. അലക്സാന്ത്രിയൻ അതിൽ ഹ്രസ്വമാകുന്നു. (MSS $P^{45}$, $P^{74}$, ℵ, ABC) പാശ്ചാത്യ കൈയെഴുത്തു പകർപ്പിന്റെ കുടുംബത്തിൽ ($P^{29}$, $p^{38}$, $p^{48}$ ഉം D ഉം) കൂടുതൽ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചിട്ടു ്. ഈ വിശദാംശങ്ങൾ പ്രഥമ ഗ്രന്ഥകർത്താവിന്റേതാണോ, ശാസ്ത്രിമാർ ആദിമസഭാ പാരമ്പര്യപ്രകാരം എഴുതി ചേർത്തതാണോ എന്ന് നിശ്ചയമില്ല. പാശ്ചാത്യ കൈയെഴുത്തു പകർപ്പുകളിൽ പിൽക്കാലത്ത് കൂട്ടി ചേർത്തതാണെന്ന് ബഹുഭൂരിപക്ഷം മൂലഗ്രന്ഥ പണ്ഡിതൻമാരും വിശ്വസിക്കുന്നു. അതിന്റെ കാരണങ്ങൾ: (1) പ്രയാസമുള്ളതും അസാധാരണവുമായ വേദഭാഗങ്ങൾ ലളിതമാക്കുക. (2) വിശദാംശങ്ങൾ കൂട്ടിച്ചേർക്കുക (3) ക്രിസ്തുവിന്റെ ദൈവത്വം ഊന്നിപ്പറയുന്നതിന് ചില പ്രത്യേക പദങ്ങൾ ചേർക്കുക. (4) ആദ്യത്തെ മൂന്ന് നൂറ്റാ ുകളിലെ ക്രിസ്തീയ എഴുത്തുകാർ ഇവ ഉദ്ധരിച്ചിട്ടില്ല (cf F.F Bruice,

Acts: Greek Text,pp.69-80 കൂടുതൽ വിശദാംശങ്ങൾക്ക് United Bible Societies പ്രസിദ്ധീകരിച്ച A textual Commentary on the Greek New Testament പരിശോധിക്കുക).
പിൽക്കാലത്തു, ബഹുലമായി കൂട്ടിച്ചേർത്ത ഭാഗങ്ങൾ ഈ ഭാഷ്യത്തിൽ കൈകാര്യം ചെയ്യുന്നില്ല. വ്യാഖ്യാനപ്രതിസന്ധികൾ നേരിടുന്നവ മാത്രം വിവിധ മൂലഗ്രന്ഥത്തിലെ വ്യത്യസ്ഥതകൾ ഈ ഭാഷ്യത്തിൽ പരിശോധിക്കുന്നുള്ളൂ.

## II. ഗ്രന്ഥകർത്താവ്

**A.** ഗ്രന്ഥകർതൃത്ത്വം ആജ്ഞാതം, എന്നാൽ ലൂക്കോസാണെന്ന് ശക്തമായ ധ്വനിയു ്.

1. അതുല്യവും, അതിശയകരവുമായ വിധത്തിൽ "ഞങ്ങൾ" എന്ന ഭാഗങ്ങൾ, 16:10–17 (ഫിലിപ്പിയിലേക്കുള്ള ര ാം ദൗത്യയാത്ര) 20: 5–15, 21: 1–18 (മൂന്നാം ദൗത്യയാത്രയുടെ അവസാനം) 27: 1–28: 16 (പൗലോസിനെ റോമിലേക്കു തടവുകാരനായി അയക്ക്കുന്നു) ഇവയെല്ലാം ലൂക്കോസിന്റെ ഗ്രന്ഥകർതൃത്ത്വത്തിന് പിൻബലമാണ്.
2. ലൂക്കോസ് 1: 1–4 ഉം പ്രവൃത്തികൾ 1: 1–2 ഉം തമ്മിലുള്ള താരതമ്യം മൂന്നാം സുവിശേഷവും പ്രവൃത്തികളും തമ്മിലുള്ള ബന്ധം പ്രകടമാക്കുന്നു.
3. പൗലോസിന്റെ യാത്രാസഖിയും ഒരു ജാതീയ വൈദ്യനുമായ ലൂക്കോസിനെപ്പററി കൊലൊ. 4:10– 14 ലും ഫിലെമോൻ 24 ലും 2 തിമൊത്തിയോസ് 4:11 ലും സൂചിപ്പിക്കുന്നു. പുതിയ നിയമത്തിലെ ഏക ജാതീയ ഗ്രന്ഥകാരനാണ് ലൂക്കോസ്.
4. ലൂക്കോസാണ് ഗ്രഥകാരനെന്ന് ആദിമ സഭാ ദൃക്സാക്ഷികൾ ഐക്യകണ്ഠേന അഭിപ്രായപ്പെടുന്നു.
   a. മുറാട്ടോറിയൻ കക്ഷണം (എ.ഡി. 180–200 ൽ റോമിൽ നിന്നും വൈദ്യനായ ലൂക്കോസ് എഴുതയതെന്ന് പറയുന്നു.)
   b. ഐറേനിയസിന്റെ എഴുത്തുകൾ (എ.ഡി. 130-200))
   c. അലക്സാന്ത്രയിലെ ക്ലെമന്തിന്റെ രചനകൾ (എ.ഡി. 156-215)
   d. തെർത്തുല്ല്യന്റെ രചനകൾ (എ.ഡി. 160-200)
   e. രചനകൾ(എ.ഡി. 185-254)
5. ആന്തരിക തെളിവുകളായ രചനാ ശൈലിയും, പദപ്രയോഗങ്ങളും (പ്രത്യേകാൽ, വൈദ്യമേഖലയിലെ വാദങ്ങൾ) ലൂക്കോസിന്റെ ഗ്രന്ഥകർത്വത്ത്വത്തിന് ശക്തി പകരുന്നു (ie., Sir William Romsay and A Harnack)

B. ലൂക്കൊസിനെപ്പറ്റി മൂന്ന് സ്രോതസ്സിൽ നിന്നുള്ള വിവരങ്ങൾ ലഭ്യമാണ്.

1. പുതിയനിയമത്തിലെ മൂന്ന് വേദഭാഗങ്ങൾ (കൊലൊ 4:10–4; ഫിലെമൊൻ 24;2 തിമൊഥെയൊസ് 4:11), അപ്പൊസ്തലൻമാരുടെ പ്രവർത്തികൾ എന്ന പുസ്തകം.
2. ര ാം നൂറ്റാ ിലെ ലൂക്കൊസിന്റെ Anti-marcion ആമുഖം (AD 160-180)
3. നാലാം നൂറ്റാ ിലെ ആദിമ സഭാചരിത്രകാരനായ യൂസെബിയസ്, തന്റെ Ecclesiastical History 3:4-ൽ പ്രസ്താവിക്കുന്നു, "അന്ത്യൊക്യക്കാരനും, ഔദ്യോഗികമായി വൈദ്യനുമായ ലൂക്കൊസ് പൗലൊസിനൊപ്പം പ്രധാനമായി സഹയാത്രികനായി, എന്നാൽ മറ്റ് അപ്പൊസ്തലരുമായി കുറച്ച് സഹകരണം മാത്രമായിരുന്നു. ആത്മാക്കളെ സൗഖ്യമാക്കിയ വിവരണം നമുക്ക് മാതൃകാപരവും ആ വിവരങ്ങൾ ദൈവനിശ്വാസീയമായ സുവിശേഷത്തിലും അപ്പൊസ്തലൻമാരുടെ പ്രവൃത്ഥികളിലും രേഖപ്പെടുത്തി.
4. ലൂക്കൊസിനെക്കുറിച്ച് ഒരു സമ്മിക്ര ചെറുവിവരണം.
   a. ഒരു ജാതീയൻ (കൊലൊസ്യർ 4:12–14-ൽ എപ്പഫ്രാസ് ദേമാസ് എന്നീ സഹായികൾക്കൊപ്പം ഉൾപ്പെടുത്തി, എന്നാൽ യഹൂദാ സഹായികൾക്കൊപ്പം ചേർത്തിട്ടില്ല)
   b. സിറിയയിലെ അന്ത്യോക്യയിൽ നിന്നോ മക്കദൊന്യയിലെ ഫിലിപ്പിയയിൽ നിന്നോ ഉള്ള വ്യക്തി. (ലൂക്കൊസിന്റെ Anti-marcion ആമുഖം ശരിയെങ്കിൽ) (ie.., Sir William Ramsay-പ്രവൃത്തികൾ 16:19).
   c. ഒരു വൈദ്യൻ (cf. കൊലൊ 4:14, അല്ലെങ്കിൽ വിദ്യാസമ്പന്നനായ മറ്റൊരാൾ)

d. അന്ത്യോക്യയിൽ സഭ ആരംഭിച്ചശേഷം മദ്ധ്യയൗവനത്തിൽ ഒരു ക്രിസ്തുവിശ്വാസിയായ വ്യക്തി Anti-marcion ആമുഖം)

e. പൗലൊസിന്റെ യാത്രാസഖി (പ്രവൃത്തികളിലെ "ഞങ്ങൾ" പ്രയോഗം)

f. അവിവാഹിതൻ

g. മൂന്നാമത്തെ സുവിശേഷത്തിന്റെയും അ.പ്രകളുടെയും ഗ്രന്ഥകാരൻ (ആമുഖം, ശൈലി, പദപ്രയോഗം സാമ്യം)

h. Boeotia (ബോയൊട്ടിയ) യിൽ വച്ച് 84-ാം വയസ്സിൽ നിര്യാതനായി

C. ലൂക്കോസിന്റെ ഗ്രന്ഥകർതൃത്വത്തിനുള്ള വെല്ലുവിളികൾ

1. അഥേനയിലെ അരയോപഗമദ്ധ്യേത്തിൽ പൗലോസ് യവനതത്വവകുപ്പുകൾ ഉപയോഗിച്ച് ഒരു പൊതുകാരണം അടിസ്ഥാനമാക്കി പ്രസംഗിച്ചു (ഒ.നോ. പ്രവൃത്തി 17) എന്നാൽ റോമർ 1-2 ൽ പൊതുകാരണങ്ങൾക്കല്ല പ്രത്യേക കൃത്യതയ്ക്ക് പ്രാധാന്യം നൽകി. (ie., പ്രകൃതി, ആന്തരിക ധാർമ്മിക സാക്ഷ്യം)
2. മോശയ്ക്ക് പ്രാധാന്യം നൽകികൊ ് ഒരു യഹൂദാ ക്രിസ്ത്യാനിയെന്ന നിലയിൽ പൗലോസ് പ്രസംഗിച്ച വിവരം പ്രവൃത്തികളിൽ പ്രകടമാണ്. എന്നാൽ പൗലോസിന്റെ ലേഖനങ്ങളിൽ ന്യായപ്രമാണം കഴിഞ്ഞുപോകുന്നതും ശിക്ഷിക്കുവാനുമുള്ളതാണ് എന്ന വിധത്തിൽ ന്യായ പ്രമാണത്തിന് മൂല്യശോഷണം വന്നതായി വ്യക്തമാകുന്നു.
3. ആദ്യപുസ്തകങ്ങളിൽ ശ്രദ്ധ നൽകുന്ന ഭാവികാല ശാസ്ത്ര വിശദാംശങ്ങൾ പ്രവൃത്തികളിൽ കാണുന്നു, അവ പ്രസംഗങ്ങളിലില്ല. (ie.,1& 2തെസ്സലോനിക്യർ)
4. വൈരുദ്ധ്യ പദ-ശൈലി പ്രയോഗങ്ങൾ അഖണ്ഡ്യമല്ല എന്നാൽ താൽപര്യമുളവാക്കുന്നതാണ്. സുവിശേഷങ്ങൾ പരിഗണിക്കുമ്പോൾ സമാന്തര സുവിശേഷങ്ങളും യോഹന്നാനും യേശുവിനെ പരിചയപ്പെടുത്തുന്ന വിധത്തിന് വ്യത്യസ്ഥതകളു ന്ന് ഗ്രഹിക്കാം. യേശുവിന്റെ ജീവിത വിവരണത്തിന്റെ അന്ത:സത്തയെ അതു ബാധിക്കുന്നില്ലെന്ന് ഭൂരിപക്ഷം പണ്ഡിതരും അഭിപ്രായപ്പെടുന്നു.

D. പ്രവൃത്തികളുടെ ഗ്രന്ഥകർത്വത്ത്വം ചർച്ചാവിധേയമാകുമ്പോൾ, ആദ്യത്തെ പതിനഞ്ചു അദ്ധ്യായങ്ങൾക്കും ലൂക്കോസ് അരാമ്യരേഖകൾ (വാമൊഴി പാരമ്പര്യം) പരിശോധിച്ചെന്ന് പല പണ്ഡിതരും (ie., Torrey) അഭിപ്രായപ്പെടുന്നു. ഇതു ശരിയെങ്കിൽ, ലൂക്കോസ് ഈ പുസ്തകത്തിന്റെ ഗ്രന്ഥ പരിശോധകനാണ്, എഴുത്തുകാരനല്ല. പിൽക്കാല സന്ദേശങ്ങളിലും പൗലോസിന്റെ പ്രസംഗങ്ങളുടെ സംഗ്രഹം മാത്രമാണ് ലൂക്കോസ് എഴുതുന്നത്. ഈ ഗ്രന്ഥകർതൃത്വത്തിന് ലൂക്കോസ് ഉപയോഗിച്ച സ്രോതസ്സ് ഏതെന്ന ചോദ്യം നിലനിൽക്കുന്നു.

## III. കാലഘട്ടം

A. പ്രവൃത്തികളുടെ പുസ്തകം എഴുതിയ കാലഘട്ടം സംബന്ധിച്ച് വിവിധ ചർച്ചകളും അഭിപ്രായ ഭിന്നതകളും നിലവിലു ങ്കിലും അതിലെ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ എ.ഡി. 30-63 കാലഘട്ടത്തിലായിരിക്കും എന്ന് നിശ്ചയിക്കാം. (എ.ഡി. 60കളിലാണ് പൗലോസ് റോമാകാരാഗൃഹത്തിൽ നിന്നും വിട്ടയയ്ക്കപ്പെട്ടതും വീ ും തടവിലാക്കപ്പെട്ടതും, ഏകദേശം എ.ഡി. 65 ൽ നീറോ ചക്രവർത്തിയുടെ പീഡനകാലത്തു രക്തസാക്ഷിയായിത്തീർന്നതും).

B. റോമാഭരണത്തെപ്പറ്റിയുള്ള ഈ പുസ്തകത്തിന്റെ തർക്കവാദസ്വഭാവം സങ്കല്പിച്ചാൽ ലഭിക്കുന്ന തീയതി, (1) എ.ഡി. 64 ന് മുൻപ് (റോമിലെ ക്രിസ്ത്യനികളെ നീറോ ചക്രവർത്തി പീഡിപ്പിക്കുന്നതിന് മുൻപ്) അല്ലെങ്കിൽ (2) യഹൂദൻമാരുടെ പ്രക്ഷോഭവുമായി ബന്ധപ്പെട്ടത് എ.ഡി. 66-73.

C. ലൂക്കോസ് സുവിശേഷത്തിന്റെ അനുവർത്തനമാണ് പ്രവൃത്തികൾ എന്ന് ആരെങ്കിലും ബന്ധപ്പെടുത്താൻ ശ്രമിച്ചാൽ ലൂക്കോസ് എഴുതിയ കാലഘട്ടം പ്രവർത്തികളുടെ രചനയെ സ്വാധീനിക്കുന്നു എന്ന് കരുതണം. തീത്തോസിനാൽ യെരുശലെമിന്റെ എ.ഡി. 70 ലെ വീഴ്ച

പ്രവചിച്ചു. (ie. ലൂക്കോസ് 21) എന്നാൽ അതിനാൽ വിവരിച്ചിട്ടില്ലാത്തതിന് ഗ്രന്ഥരചന എ.ഡി. 70ന് മുൻപായി കണക്കാക്കാം. അപ്പോൾ തന്നെ 80 തുകളിൽ എന്നും അഭിപ്രായപ്പെടുന്നു.

D. രചനാകാലം ഒരു അപൂർണ്ണ ഉപസംഹാരമാണെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ (ie., പൌലൊസ് റോമാ കാരാഗൃഹത്തിലായിരിക്കുമ്പോൾ, F.F.Bruce) പൗലോസിന്റെ ആദ്യത്തെ റോമാ കാരാഗൃഹ കാലമായി എ.ഡി. 58-63 എന്നതും രചനാകാലമായി പരിഗണിക്കാം.

E. പ്രവൃത്തികളിൽ എഴുതപ്പെട്ട ചില ചരിത്രസംഭവങ്ങളുടെ ചരിത്രകാലഘട്ടങ്ങൾ

1. ക്ലൌദ്യോസിന്റെ കാലത്തെ മഹാക്ഷാമം, പ്രവൃത്തികൾ 11:28, എ.ഡി. 44-48
2. ഹെരോദാവ് അഗ്രിപ്പാവ് ഒന്നാമന്റെ മരണം. എ.ഡി. 44 (വസന്തകാലം)
3. സെർഗ്ഗ്യോസ് പൗലോസിന്റെ സ്ഥാനപതിത്വം, പ്രവൃത്തി 13:7 എ.ഡി.53-ൽ നിയമിക്കപ്പെട്ടു.
4. ക്ലൌദ്യോസ് റോമിൽനിന്നും യഹൂദൻമാരെ പുറത്താക്കിയ സംഭവം, - പ്രവൃത്തി 18: 2 - 49 എ.ഡി. (?)
5. ഗല്ലിയൊയുടെ സ്ഥാനപതിത്വം (ദേശാധിപത്യം), പ്രവൃത്തികൾ 18:12, എ.ഡി. 51 അല്ലെങ്കിൽ എ.ഡി. 52(?)
6. ഫെലിക്സിന്റെ ദേശാദിപത്യം പ്രവൃത്തികൾ 23:26; 24:27, എ.ഡി. 52-56 (?).
7. ഫെലിക്സിന്റെ പിൻഗാമിയായി ഫെസ്തൊസിന്റെ സ്ഥാനാപതിത്വം, പ്രവൃ 24:27, എ.ഡി. 57-60 (?)
8. യഹൂദയിലെ റോമാൻ ഉദ്യോഗസ്ഥർ
    a. മുക്ത്യാർ കാര്യസ്ഥർ
        (1) പൊന്തിയോസ് പീലാത്തോസ് എ.ഡി. 26-36.
        (2) മാർക്കല്ലസ് (Marcellus) എ.ഡി. 36-37
        (3) മാറല്ലസ് (Marullus, എ.ഡി. 37-41
    b എ.ഡി. 41-ൽ മുക്താർകാര്യസ്ഥൻ റോമൻ ഭരണ സംവിധാനത്തിനു പകരം ചക്രവർത്തി ഭരണം രൂപപ്പെട്ടു. ക്ലോദ്യോസ് റോമൻ ചക്രവർത്തി എ.ഡി. 41 ൽ ഹെരോദാവ് അഗ്രിപ്പാവ് ഒന്നാമനെ നിയമിച്ചു.
    c. എ.ഡി. 44-ൽ ഹെരോദാവ് അഗ്രിപ്പാവ് ഒന്നാമൻ അന്തരിച്ചശേഷം മുക്താർകാര്യസ്ഥ ഭരണ സംവിധാനം എ.ഡി. 66 വരെ പുന:സ്ഥാപിച്ചു.
        (1) അന്തോണിയസ് ഫേലിക്സ് (Antonius Felix)
        (2) പോർക്യസ് ഫേസ്തോസ് (Porcius Festus)

## IV ഉദ്ദേശ്യവും ഘടനയും

A. യേശുവിന്റെ ശിഷ്യഗണത്തിന്റെ യഹൂദാപാരമ്പര്യത്തിൽ നിന്നും സർവ്വലോകത്തിലേക്കും, അഥവാ അടച്ചിട്ട മാളികമുറിയിൽ നിന്നും കൈസരുടെ കൊട്ടാരത്തിലേക്കുമുള്ള, സുവിശേഷത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച രേഖപ്പെടുത്തുകയാണ് ഈ പുസ്തകത്തിന്റെ ഒരു ലക്ഷ്യം:

1. പ്രേക്ഷിതനിയോഗത്തിന്റെ (മത്തായി 28:19–20) പ്രവർത്തനം പ്രവൃത്തികളിൽ 1:8 പ്രകാരം ഭൂമിശാസ്ത്ര മേഖലയിൽ സംഭവിക്കുന്നു.
2. ഈ ഭൂമിശാസ്ത്ര പ്രകാരമുള്ള വികാസം വിവിധ നിലകളിൽ പ്രകടമാകുന്നു.
    a. പ്രധാന പട്ടണങ്ങളും അതിരുകളും ഉൾപ്പെടുന്നു. 32 രാജ്യങ്ങൾ 54 പട്ടണങ്ങൾ 9 മെഡിറ്ററേനിയൻ (മദ്ധ്യധരണി) ദീപുകൾ എന്നിവ പ്രവൃത്തികളിൽ പരാമർശിച്ചിട്ടു ്. യെരുശലെമും, അന്ത്യോക്യയും, റോമും എന്നിവ സുപ്രധാന പട്ടണങ്ങളാകുന്നു. (ഒ.നോ.. പ്രവൃത്തികൾ 9:15)
    b. പ്രധാനവ്യക്തിത്വങ്ങളുടെ പരമാർശം പത്രോസിന്റെയും പൗലോസിന്റെയും ശുശ്രൂഷകൾ എന്നിങ്ങനെ പ്രവൃത്തികളുടെ പുസ്തകം ര ായി ഭാഗിക്കാം. 95 വ്യക്തികളെക്കുറിച്ച് അപ്പോസ്തല പ്രവർത്തികളിൽ എഴുതിയിരിക്കുന്നു.

അവരിൽ <u>പത്രോസ്</u>, സ്തേഫാനോസ്, ഫിലിപ്പോസ്, ബെർണബാസ്, യാക്കോബ്, <u>പൗലോസ്</u> എന്നിവർ പ്രധാന വ്യക്തിത്വങ്ങളാണ്.

c. രൂപരേഖയിൽ (ഘടനയിൽ) ഗ്രന്ഥകാരന്റെ വിമോചന കഴിവ് പ്രതിഫലിക്കും വിധം ര ് മൂന്ന് സാഹിത്യ ശൈലികൾ അപ്പോസ്തല പ്രവൃത്തികളിൽ ആവർത്തിച്ചുപയോഗിച്ചിട്ടു ്.

| **(1) സംഗ്രഹ പ്രസ്താവനകൾ** | **(2) വളർച്ചയുടെ പ്രസ്താവനകൾ** | **(3) സംഖ്യകളുടെ ഉപയോഗം** |
|---|---|---|
| 1:1-6:7 (യെരുശലെമിൽ) | 2:47 | 3: 41 |
| 6:8-9:31 (പാലസ്തീനിൽ) | 5:14 | 4:4 |
| 9:32-12:24 (അന്ത്യോക്യായ്ക്ക്) | 6:7 | 5:14 |
| 12:25-15:5 (ഏഷ്യാഭൂഖണ്ഡത്തിന്) | 9:31 | 6:7 |
| 16:6-19:20 (ഗ്രീസിന്) | 12:24 | 9:31 |
| 19:21-28:31 (റോമിന്) | 16:5 | 11:21,24 |
| | 19:20 | 12:24 |
| | | 14:1 |
| | | 19:20 |

B. വിശ്വാസഘാതകത്വവുമയി ബന്ധപ്പെട്ടുള്ള യേശുവിന്റെ മരണത്തെച്ചുറ്റിപ്പറ്റിയുള്ള അഭ്യൂഹങ്ങളും തെറ്റിദ്ധാരണകളുമായി ബന്ധപ്പെട്ടതാണ് പ്രവൃത്തികളുടെ പുസ്തകം. ലൂക്കോസ് ജാതികൾക്കുവേ ി എഴുതുന്നു. (തെയോഫിലോസ് ഒരു റോമർ ഉദ്യോഗസ്ഥനായിരിക്കാം) (1) യഹൂദരുടെ ഉപായം പ്രദർശിപ്പിക്കുവാൻ പത്രോസ്, സ്തേഫാനോസ്, പൗലോസ് എന്നിവരുടെ പ്രഭാഷണങ്ങൾ (1) ക്രിസ്തീയതയോട് റോമാഭരണാധികാരികൾ പ്രദർശിപ്പിച്ച അനുകൂല നിലപാടുകൾ എന്നിവ താൻ പ്രയോജനപ്പെടുത്തി.

1. ക്രിസ്തീയ നേതാക്കൻമാരുടെ പ്രഭാഷണം
   a. പത്രോസ് 2:14-40; 3:12—26; 4:8-12; 10:34-43
   b. സ്തേഫാനൊസ്, 7:1-53
   c. പൗലോസ്, 13:10-42; 17:22-31; 20:17-25; 21:40-22:21; 23:1-6; 24:10-21; 26:1-29
2. സർക്കാർ ഉദ്യോഗസ്ഥരുമായുള്ള സമ്പർക്കം
   a. പൊന്തിയൊസ് പീലാത്തൊസ് ലൂക്കൊസ് 23:13-25
   b. സെർഗ്ഗ്യോസ് പൗലൊസ്, അപ്പോ.പ്രവൃ. 13:7,12
   c. ഫിലിപ്പയിലെ മുഖ്യ അധിപതി, അപ്പോ.പ്രവൃ. 16:35-40
   d. ഗല്ല്യോൻ അപ്പോ.പ്രവൃ. 18:12-17
   e. ആസ്യാധിപൻമാർ (പ്രത്യേകിച്ച് 31) അപ്പോ.പ്രവൃ. 19:23-41 (വാ.31)
   f. ക്ലൗദ്യോസ് ലൂസിയസ് അപ്പോ.പ്രവൃ. 23:29
   g. ഫേലിക്സ്, അപ്പോ.പ്രവൃ. 24
   h. രാജശ്രീ ഫേലിക്സ് , അപ്പോ.പ്രവൃ. 24
   i. അഗ്രിപ്പാവ് ര ാമൻ, അപ്പോ.പ്രവൃ. 26 (വാ.32)
   j. പബ്ലിയൊസ്, അപ്പോ.പ്രവൃ. 28:7-10
3. പത്രോസിന്റെ പ്രസംഗങ്ങൾ പൗലോസിന്റേതുമായി താരതമ്യം ചെയ്യുമ്പോൾ പൗലോസ് നവീകരണ കർത്താവല്ല പ്രത്യുത, അപ്പോസ്തലിക സുവിശേഷ സത്യങ്ങളുടെ വിശ്വസ്ത പ്രഘോഷകനാണെന്ന് പ്രകടമാകുന്നു. 'പ്രസംഗം' ഏകീകൃതമാണ്.

C. റോമഭരണാധികാരികൾക്കു മുമ്പിൽ ക്രിസ്തീയതയെ പ്രതിരോധിക്കുക മാത്രമല്ല, ജാതീയ സഭയുടെ മുൻപിൽ പൗലോസിനെ ന്യായീകരിക്കുന്നതിനും ലൂക്കോസ് തന്റെ രചനയിലൂടെ ശ്രമിച്ചു. യഹൂദാ വിഭാഗക്കാരാലും (ഉന്നത അപ്പോസ്തലരെന്ന, ഗലാത്യ യഹൂദാ മതാനുസാരികൾ, 2 കൊരിന്തിയർ 10-13) ഗ്രീക്കു-യഹൂദാ വിഭാഗക്കാരാലും (കൊലോസ്യ-എഫേസ്യ ജ്ഞാനേയവാദികൾ) പൗലോസ് നിരന്തരം ആക്രമിക്കപ്പെട്ടു. പൗലോസിന്റെ ഹൃദയവും തന്റെ യാത്രകളിലെ ഉപദേശവും പ്രസംഗങ്ങളും സാധാരണ നിലയിൽ ലൂക്കോസ് വ്യക്തമായി എഴുതുന്നു.

D. അപ്പൊസ്തല പ്രവർത്തികൾ ഒരു വേദശാസ്ത്ര പുസ്തകമല്ലെങ്കിലും അപ്പൊസ്തലൻമാരുടെ "പ്രസംഗങ്ങലെ" ഘടകങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടു ്. C.H. Dodd പ്രസംഗം (*kerigma*) എന്നുവിളിക്കുന്നു. (i.e. യേശുവിനെപ്പറ്റിയുള്ള അടിസ്ഥാന സത്യങ്ങൾ). യേശുക്രിസ്തുവിന്റെ മരണ പുനരുത്ഥാന മുൾപ്പെട്ട പ്രസക്തമായ സുവിശേഷ അടിസ്ഥാനങ്ങൾ നാം അറിയണമെന്ന് അവർക്കു ബോധ്യമായി.

## പ്രത്യേക വിഷയം : ആദിമ സഭയുടെ പ്രസംഗവിഷയം (Kerygma)

A. പഴയ നിയമത്തിലെ ദൈവിക വാഗ്ദത്ത മശീഹ എന്ന യേശുവിന്റെ ആഗമനത്തോടുകൂടി പൂർത്തിയാക്കപ്പെട്ടു (പ്രവൃത്തി. 2: 30; 3: 19, 24; 10: 43, 26:6–7,22 റോമർ 1:2–4, 1 തിമൊഥെയോസ് 3:16, എബ്രായർ 1:1–2, 1 പത്രോസ് 1:10–12, 2 പത്രോസ് 1: 18–19)

B. യേശുവിന്റെ സ്നാനസമയത്ത് ദൈവം തന്നെ മാശിഹായായി അഭിഷേകം ചെയ്തു. (പ്രവൃത്തി. 10:38)

C. യേശുവിന്റെ സ്നാനത്തിനുശേഷം ഗലീലയിലെ ശുശ്രൂഷ താൻ ആരംഭിച്ചു. (പ്രവൃത്തി. 10:37)

D. ദൈവശക്തിയാൽ, സൽപ്രവർത്തികളാലും അത്ഭുതങ്ങളാലും തെളിയിക്കുന്നതായിരുന്നു യേശുവിന്റെ ശുശ്രൂഷകൾ. (മർക്കോസ് 10:45; അ.പ്ര. 2:22; 10:38)

E. ദൈവിക നിത്യപദ്ധതിപ്രകാരം മശീഹാ ക്രൂശിക്കപ്പെട്ടു. (മർക്കോസ് 10:45; യോഹന്നാൻ 3:16 പ്രവൃത്തികൾ 2:23;3:13—15,18; 4:11; 10:39; 26:23; റോമർ 8:34; 1 കൊരിന്തിയർ 1:17-18;15:3 ഗലാത്യർ 1:4; എബ്രായർ 1:3; 1 പത്രോസ് 1:2,19;3:18 1 യോഹന്നാൻ 4:10)

F. താൻ മരണത്തെ ജയിച്ചുയർത്തെഴുന്നേറ്റ് തന്റെ ശിഷ്യൻമാർക്കു പ്രത്യക്ഷനായി (പ്രവൃത്തികൾ 2:24, 31-32; 3:15,26; 10:40,41; 17:31;26:23; റോമർ 8:34;10:9; 1 കൊരിന്തിയർ 15:4-7,12 ff; 1 തെസ്സലോനികൃർ 1:10; 1 തിമൊഥെയൊസ് 3:16; 1 പത്രോസ് 1:2;3:18,21)

G. ദൈവത്താൽ യേശു മഹത്വീകരിക്കപ്പെടുകയും "കർത്താവെന്ന" നാമം നൽകപ്പെടുകയുമു ായി. (പ്രവൃ. 2:25-29, 33-36; 3:13;10:36; റോമർ 8:34; 10:9; 1 തിമൊ 3:16; എബ്രായർ 1:3; 1 പത്രൊസ് 3:22)

H. പുതിയ സഭ രൂപീകരിക്കാൻ ദൈവം പരിശുദ്ധാത്മാവിനെ അയച്ചു (പ്രവൃത്തികൾ 1:8; 2:14-18, 38-39; 10:44-47; 1 പത്രോസ് 1:12)

I. ന്യായം വിധിക്കുന്നതിനും സകലവും പുനഃസ്ഥാപിക്കുന്നതിനും യേശു മടങ്ങിവരും. (പ്രവൃത്തികൾ 3:20,21; 10:42; 17:31; 1 കൊരിന്തിയർ 15:20-28; 1 തെസ്സ 1:10)

J. ഈ സന്ദേശം ശ്രവിക്കുന്നവർ മാനസാന്തരപ്പെട്ട് സ്നാമേൽക്കണം. (പ്രവൃത്തികൾ 2:21,38; 3:19; 10:43,47,48; 17:30; 26:20; റോമർ 1:17; 10:9; 1 പ ത്രൊസ് 3:21)

അടിസ്ഥാന സന്ദേശങ്ങളുടെ ഈ സംക്ഷിപ്ത സംഗ്രഹം ആദിമ സഭയുടെ അടിസ്ഥാന പ്രസക്ത ഘോഷണമാകുന്നു. വിവിധ ഗ്രന്ഥകാർത്താക്കൾ ചില വസ്തുതകൾ തങ്ങളുടെ *പ്രസംഗങ്ങളിൽ* (*kerigma*) സന്ദേശത്തിന്റെ സാഹചര്യമനുസരിച്ച് ഒഴിവാക്കിയിരിക്കാം. റോമിൽ പത്രോസി പ്രസംഗിച്ച പ്രസംഗങ്ങളുടെ ഉള്ളടക്കത്തിന്റെ ഒരു എഴുതപ്പെട്ട സുവിശേഷമാണ് മർക്കോസിന്റെതെന്ന് പാരമ്പര്യമായി വീക്ഷിക്കുന്നു.

E. എങ്കിലും, കർശനമായ യഹൂദാ ദേശീയതയിൽ നിന്നും യേശുവിന്റെ സന്ദേശം സാർവ്വലൗകികമായി സകലമനുഷ്യർക്കും എന്ന വിശാല ചലനമാണ് ഈ പുസ്തകത്തിന്റെ പ്രാഥമിക ഉദ്ദേശമെന്നു Frank Stagg തന്റെ *The Book of Acts, the Early Struggle for an Unhindered Gospel,* ഭാഷ്യത്തിൽ ബോധ്യപ്പെടുത്തുന്നു. പ്രവൃത്തികളുടെ പുസ്തകത്തിലെ ലൂക്കോസിന്റെ ഉദ്ദേശ്യം വ്യക്തമാക്കുന്നതാണ് Stagg ന്റെ ഭാഷ്യം. മനോഹരമായ സംഗ്രഹവും വിവിധ സിദ്ധാന്തങ്ങളുടെ അപഗ്രഥനവും 1–18 വരെയുള്ള പേജുകളിൽ ദൃശ്യമാണ്. അതിർവരമ്പുകൾ ഭേദിച്ചുള്ള ക്രിസ്തീയ വിശ്വാസത്തിന്റെ വ്യാപ്തിക്കു ഊന്നൽ നൽകുന്നത് 28:31 ലെ "വിഘ്നം കൂടാതെ" എന്ന പദത്തിന്റെ അസാധാരണ ഉപസംഹാരം കണക്കിലെടുത്താണ്.

F. അൻപതു പ്രാവശ്യം പരിശുദ്ധാത്മാവിനെക്കുറിച്ച് പ്രവൃത്തികളിൽ പരാമർശിക്കുന്നുവെങ്കിലും അത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളല്ല. പരിശുദ്ധാത്മാവിനെക്കുറിച്ച് പതിനൊന്ന് അദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുമില്ല. ആദ്യത്തെ പകുതി ഭാഗങ്ങളിലാണ് പരിശുദ്ധാത്മാവി നെപ്പറ്റി സൂചിക്കുന്നത്. (ഒരുപക്ഷേ, ഇവ അരാമ്യ ഭാഷയിൽ എഴുതപ്പെട്ടതായിരിക്കാം.)

പരിശുദ്ധാത്മാവിനെക്കുറിച്ചുള്ളതല്ല, സുവിശേഷങ്ങൾ യേശുവിനെക്കുറിച്ചുള്ളതായിരിക്കുന്ന പ്രകാരം അപ്പൊസ്തല പ്രവർത്തികൾ. പരിശുദ്ധാത്മാവിന്റെ പ്രാധാന്യം വിലകുറച്ചുകാട്ടാനല്ല, പ്രത്യുത പ്രവൃത്തികളുടെ പുസ്തകത്തിൽ നിന്നും മാത്രം ആത്മാവിനെപ്പറ്റി ഒരു ഉപദേശം രൂപീകരിക്കാതെ ശ്രദ്ധിക്കുന്നതിനായി എഴുതുന്നു.

G. ഉപദേശങ്ങളുടെ രൂപീകരണത്തിനുള്ളതല്ല ഈ പുസ്തകം (cf. Fee & Stuart, *How to read the Bible for all its worth* pp.94-112) അപ്പൊസ്തല പ്രവൃത്തികൾ നിന്നുമാത്രം മാനസാന്തരത്തിന്റെ ഉപദേശം അടിസ്ഥാനപ്പെടുത്തിയാൽ അത് തികച്ചും പരാജയമാണ്. പ്രവൃത്തികളിലെ സുവിശേഷ, രീതിയുടെ ക്രമവും ഉള്ളടക്കവും ഓരോന്നിലും വ്യത്യസ്ഥമാകുന്നു. ആകയാൽ അവയിൽ ഏതായിരിക്കും ശരിയായ മാനദണ്ഡം? ആകയാൽ ഉപദേശ സഹായത്തിനായി ലേഖനങ്ങളുംകൂടി സ്വീകരിക്കേ ത് അനിവാര്യമാണ്.

എന്നിരുന്നാലും, പിൽക്കാലത്തുള്ള പറുദീസയെപ്പറ്റി ഒരു ക്ഷമാസേവന സമീപനം ലൂക്കോസ് സ്വീകരിക്കുകയും, ഒന്നാം നൂറ്റാ ിലെ സമീപകാല ഭാവിശാസ്ത്രത്തിലേക്കു താൻ ഏവരുടേയും ശ്രദ്ധയാകർഷിക്കുകയുമാണ് ചെയ്യുന്നത്, എന്ന് പല പണ്ഡിതരും (ie., Hans, Conzelmann) അഭിപ്രായപ്പെടുന്നു. ദൈവരാജ്യം ഇപ്പോൾ അധികാരത്തിൽ ഇവിടെയു ്, അനേക ജീവിതങ്ങളെ അത് രൂപാന്തരപ്പെടുത്തു. സഭയുടെ പ്രവർത്തനമാണ് ഇപ്പോൾ ശ്രദ്ധാകേന്ദ്രം, ഭാവികാല പ്രത്യാശയല്ല.

H. റോമർ 9–11 ന് സാമ്യമാണ് അപ്പോസ്തല പ്രവൃത്തികളുടെ മറ്റൊരു സാധ്യമായ ഉദ്ദേശ്യം. യഹൂദാമശിഹയെ യഹൂദർ തള്ളിക്കളഞ്ഞതും ബഹുഭൂരിപക്ഷം ജാതികളെ ഉൾപ്പെടുത്തി സഭ ആരംഭിച്ചതിന്റെയും കാരണമെന്ത്? സാർവ്വലോക വ്യാപകമായി സുവിശേഷ ഘോഷണ സ്വഭാവം അപ്പോസ്തല പ്രവൃത്തികളിൽ വ്യക്തമാണ്. യേശു തന്റെ ശിഷ്യരെ സകല മനുഷ്യരിലേയ്ക്കും അയയ്ക്കുന്നു (cf 1:8) യെഹൂദർ യേശുവിനെ തള്ളിക്കളയുമ്പോൾ ജാതികൾ യേശുവിനെ സ്വീകരിക്കുകയും, തന്റെ സന്ദേശം റോമിലെത്തുകയുമു ായി.
യഹൂദാക്രിസ്ത്യാനികൾക്കും (പത്രോസ്) ജാതീയ ക്രിസ്ത്യാനികൾക്കും (പൗലോസ്) ഒരുമിച്ച് ജീവിക്കാനും വളരാനും സാധിക്കുമെന്ന് ലൂക്കോസ് തെളിയിക്കുന്നു. ഇരുകൂട്ടരും മത്സരത്തിലല്ല, പ്രത്യുത ലോക സുവിശേഷീകരണത്തിൽ ഒരുമിക്കുന്നു.

I. ലൂക്കോസിന്റെ സവിശേഷവും അപ്പൊസ്തല പ്രവർത്തികളും ഒരു വാല്യമായിരുന്നുവെന്ന് (ലൂക്കോസ് 1:1-4) ആമുഖത്തിന്റെ അടിസ്ഥാനത്തിൽ ഉദ്ദേശ സംബന്ധമായി (F.F. Bruce) സ്ഥാപിക്കുന്നതിനോട് ഞാൻ യോജിക്കുന്നു. ലൂക്കോസ് എല്ലാ സംഭവങ്ങൾക്കും ദൃക്സാക്ഷിയായിരുന്നില്ലെങ്കിലും താൻ ഒരു സൂക്ഷ്മ ഗവേഷണത്തിലൂടെ ഒരു സ്വതന്ത്ര-ചരിത്ര, സാഹിത്യ ഉപദേശചട്ടക്കൂടിൽ നിന്നുകൊ ് അവ കൃത്യമായി രേഖപ്പെടുത്തിയിട്ടു ്.
ലൂക്കോസ് തന്റെ സുവിശേഷത്തിലും സഭാ ചരിത്രവിവരണത്തിലും യേശുക്രിസ്തുവിന്റെയും സഭയുടെയും ചരിത്രയാഥാർത്ഥ്യവും ഉപദേശ വിശ്വസനീയതയും (ഒ.നോ. ലൂക്കോസ് 1:4) പ്രദർശിപ്പിക്കുന്നു. (പ്രവചന നിവൃത്തിയുടെ പ്രമേയമായിരിക്കാം പ്രവൃത്തികളിലെ ശ്രദ്ധാകേന്ദ്രം. (cf.വിഘ്നം കൂടാതെ എന്ന 28:31 ലെ താക്കോൽ പദം,) ഈ പ്രമേയം വിവിധ പദങ്ങളും ഉപവാക്യങ്ങളും ഉപയോഗിച്ച് സമർത്ഥിക്കുന്നു. (ഒ.നോ. Walter L. Liefield, *Interpreting the book of Acts*, pp. 23-24) സുവിശേഷാനന്തര, ചിന്തയോ ര ാം പദ്ധതിയോ, പുതിയ ആശയമോ അല്ല. ഇത് ദൈവത്തിന്റെ മുൻ നിർണ്ണയ പദ്ധതിയാകുന്നു. (ഒ.നോ. പ്രവത്തികൾ 2:23;3:18;4:28;13:29)

## V. സാഹിത്യശൈലി

A. പഴയനിയമത്തിൽ യേശു മുതൽ 2 രാജാക്കൻമാരുടെ പുസ്തകം വരെ ഒരു ചരിത്രവിവരണം ആയിരിക്കുന്നതുപോലെയാണ് പുതിയ നിയമത്തിൽ അപ്പൊസ്തലപ്രവൃത്തികൾ. വേദപുസ്തക ചരിത്രവിവരണം വസ്തുനിഷ്ഠമാണ്. ആകയാൽ കാലക്രമ വിവരണമോ സംഭവങ്ങളുടെ സമഗ്ര രേഖയോ അല്ല. ദൈവം ആരെന്നും നാം ആരെന്നും ദൈവവുമായി നാം എങ്ങനെ നിരപ്പു പ്രാപിക്കുന്നുവെന്നും, നാം ദൈവഹിതപ്രകാരം എങ്ങനെ ജീവിക്കണമെന്നും വിവരിക്കുവാൻ നിശ്ചിത സംഭവങ്ങൾ ലൂക്കോസ് തെരഞ്ഞെടുത്തിരിക്കുന്നു.

B. വേദപുസ്തക ആഖ്യാന ഗ്രന്ഥകർത്താക്കൾ (1) രചനയുടെ ഉദ്ദേശ്യം (2) പ്രധാന സത്യം/സന്ദേശം (3) രേഖപ്പെടുത്തിയവ എങ്ങനെ കൈകാര്യം ചെയ്യണം എന്നീ വ്യാഖ്യാന വിഷയങ്ങൾ നിർദ്ദേശിക്കുന്നില്ല, ആയതിനാൽ വായനക്കാർ ഈ ചോദ്യങ്ങൾ തങ്ങളുടെ പഠനത്തിനായി ഉന്നയിക്കണം.

1. ഓരോ സംഭവവും രേഖപ്പെടുത്തിയതിന്റെ പിന്നിലെ കാരണമെന്ത്?
2. മുൻവേദഭാഗവുമായി ഇത് എപ്രകാരമാണ് ബന്ധപ്പെട്ടിരിക്കുന്നത്?
3. പുസ്തകത്തിന്റെ കേന്ദ്രവിഷയം / സത്യം എന്താണ്?
4. സാഹിത്യ പശ്ചാത്തലത്തിന് എന്തെങ്കിലും പ്രസക്തിയുട ാ? (ഓരോ സംഭവങ്ങൾക്കുശേഷവും അതു കഴിഞ്ഞും എന്താണ് സംഭവിക്കുന്നത്? മറ്റെവിടെയെങ്കിലും ഈ വിഷയം രേഖപ്പെടുത്തിയിട്ടുട ാ?)
5. ഈ സാഹിത്യ ശൈലി എത്രത്തോളം വലുതാണ്? (ചിലപ്പോഴെക്കെ, വലിയ ആഖ്യാനം ഒരു പ്രത്യേക വേദശാസ്ത്ര പ്രമേയമോ ഉദ്ദേശ്യമോ രൂപീകരിക്കും)

C. ചരിത്രത്തിന്റെ ആഖ്യാനം ഉപദേശരൂപീകരണത്തിനുള്ള ഏക സ്രോതസ്സല്ല. ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യത്തിനുവേ ി ചില സംഭവങ്ങൾ രേഖപ്പെടുത്തുന്നത് സ്വാഭാവികമാണ്. വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള മറ്റ് സത്യങ്ങൾ ഉദാഹരിക്കുവാൻ ചരിത്രആഖ്യാനത്തിന് സാധിക്കും. സംഭവിച്ച എന്തെങ്കിലും കാര്യങ്ങൾ എക്കാലത്തുമുള്ള സകലവിശ്വാസികൾക്കുമുള്ളതല്ല എന്നും തിരിച്ചറിയണം (ഉദാ. ആത്മഹത്യ, ബഹുഭാര്യാ-ഭർത്തൃത്വം, ഹസ്തദാനം മുതലായവ.)

D. ആഖ്യാന വ്യാഖ്യാനം മികച്ചതായിരിക്കുന്നതിന് ചുരുക്കരൂപത്തിൽ ഒരു ഉത്തമ ചർച്ച Fee, Douglas Staurt's ന്റെ *How to read the Bible for all its worth* പുസ്തകത്തിൽ 78-93, 94-112 പേജുകളിലു ്.

## VI. ചരിത്ര പശ്ചാത്തലത്തിന്റെ ഗ്രന്ഥസൂചിക.

ശാസ്ത്രീയ പ്രമാണങ്ങൾ അനുസരിക്കുന്നവർ നിർദ്ദേശിക്കുന്ന ഒന്നാം നൂറ്റാ ിലെ പശ്ചാത്തലപ്രകാരം അപ്പോസ്തല പ്രവർത്തികളുടെ പുതിയ പുസ്തകങ്ങൾ ഉ ്. പാരസ്പരിക അനുശാസ സമീപനം പുതിയനിയമം മനസ്സിലാക്കുന്നതിന് യാഥാർത്ഥത്തിൽ സഹായിക്കുന്നു. ഈ പരമ്പരയുടെ ഗ്രന്ഥപരിശോധന നടത്തിയത് Bruce M. Minter ആകുന്നു.

A. *The Book of Acts in Its Ancient Literray Setting (പുരാതന സാഹിത്യ പസ്ചാത്തലപ്രകാരമുള്ള അപ്പൊസ്തല പ്രവർത്തികളുടെ പുസ്തകം.)*

B. *The Book of Acts in Its Greco-Roman Setting (ഗ്രീക്ക്-റോമാ പശ്ചാത്തലപ്രകാരമുള്ള അപ്പൊ: പ്രവർത്തികൾ*

C. *The Book of Acts and Paul in Roman Custody* ( യവന-റോമാ സൂക്ഷിച്ച് പ്രകാരമുള്ള അപ്പോസ്തല പ്രവർത്തികളും പൗലോസും)

D. *The Book of The Acts in Its Palestinian Setting (പാലസ്തീൻ പശ്ചാത്തലപ്രകാരമുള്ള അപ്പൊസ്തല പ്രവൃത്തികൾ)*

E. *The Book of Acts in Its Diaspora Setting (യിസ്രായേലിന് പുറത്തുള്ള ജൂതൻമാരുടെ പശ്ചാത്തലത്തിൽ അപ്പൊസ്തല പ്രവൃത്തികൾ)*

F. *The Book of Acts in Its Theological Setting (ദൈവശാസ്ത്ര പശ്ചാത്തലത്തിലുള്ള പ്രവർത്തികൾ)*

*മറ്റ് പഠനസഹായ പുസ്തകങ്ങൾ:*

1. A. N Sherwin-White, *Roman Society and Roman Law in the New Testament* (പുതിയ *നിയമത്തിലെ റോമാ സമൂഹവും റോമാ നിയമവും)*
2. Paul Barnett, *Jesus and Rise of Early Christianity* (യേശുവും ആദിമ ക്രിസ്തീയതയും)

3. James S. Jeffers, *The Greco-Roman World* (ഗ്രീക്ക്-റോമാ ലോകം)

## VII. തിരിച്ചറിയേ തായ പദങ്ങളും ഉപവാക്യങ്ങളും

1. അനേക ദൃഷ്ടാന്തങ്ങൽ 1:3
2. നാല്പതുദിവസം 1:3
3. ദൈവരാജ്യം 1:3
4. മേഘം അവനെ മൂടി 1:9
5. ഒരു ശബ്ബത്തു നാൾ ദൂരെ 1:12
6. രക്തനിലം 1:19
7. ചീട്ട് 1:26
8. പെന്തക്കൊസ്തുനാൾ 2:1
9. പരിശുദ്ധാത്മാവിൽ നിറഞ്ഞു 2:4
10. അന്യഭാഷകളിൽ സംസാരിച്ചു 2:4
11. യഹൂദാ മതാനുസാരികൾ 2:10; 13:43
12. ദൈവത്തിന്റെ സ്ഥിരനിർണ്ണയവും മുന്നറിവും 2:23
13. പാതാളം 2:31
14. ദൈവത്തിന്റെ വലത്തുഭാഗം 2:33
15. മാനസാന്തരം 2: 38, 3: 19
16. അപ്പം നുറുക്കൽ 2:42, 46
17. പ്രാർത്ഥനാസമയം 3:1
18. ഭിക്ഷാടനം 3:2
19. ശലോമോന്റെ മണ്ഡപം 3:11;5:12
20. പരിശുദ്ധനാം നീതിമാനുമായവൻ 3:14
21. ആശ്വാസകാലങ്ങൾ 3:19
22. പഠിപ്പില്ലാത്തവരും സാമാന്യരും 4:13
23. നിദ്രപ്രാപിച്ചു 7:60
24. വഴി 9:2
25. കൈവയ്പ്പ് 9:12 (ഒ.നോ.8:17)
26. പട്ടാളം 10:1
27. ക്രിസ്ത്യാനികൾ 11:26
28. വെളിച്ചപ്പാടത്തി 16:16
29. സകുടുംബം 16:33
30. എപ്പിക്കൂര്യർ 17:18
31. സ്തോയിക്കർ 17:18
32. അരയോപഗര 17:22
33. യഹൂദാ മന്ത്രവാദികൾ 19:13
34. ക്ഷുദ്രപ്രയോഗം പുസ്തകങ്ങൾ 19:19
35. വെള്ളികൊ ുള്ള അർത്തമിസ് ദേവിയുടെ ക്ഷേത്രരൂപങ്ങൾ 19: 24

## VIII. ചുരുക്കത്തിൽ തിരിച്ചറിയേ വ്യക്തിത്വങ്ങൾ

1. തിയോഫെലസ് 1:1
2. സ്ത്രീകൾ 1:4
3. മത്ഥിയാസ് 1:23
4. സദൂക്യർ 4:1, 5:17
5. ഹന്നാവ് 4:6
6. കയ്യഫാവ് 4:6
7. ജനത്തിന്റെ മൂപ്പൻമാരും പ്രമാണികളും 4:8
8. അനന്യാസ് 5:1, 9: 10
9. സഫീറ 5:1
10. ഗമാലിയേൽ 5:34
11. സ്തേഫാനോസ് 6:5
12. ശൗൽ 7:58, 8:1, 9:1
13. ഫിലിപ്പോസ് 8:5
14. പേടമാൻ 9:36
15. കൊർന്നെല്യോസ് 10:1

16. അഗബൊസ് 11:28, 21:10
17. യൂത്തിക്കൊസ് 20:9

## IX. സ്ഥാനം നിർണ്ണയിക്കേ   ഭൂമിശാസ്ത്ര സ്ഥലങ്ങൾ

1. യെരുശലേം 1: 8
2. യഹൂദ്യ 1:8
3. ശമര്യ 1:8
4. പർത്ഥർ 2:9
5. കപ്പദോക്യ 2:9
6. പൊന്തോസ് 2:9
7. ആസ്യ 2:9
8. പ്രുഗ്യ 2:10
9. പംഫുല്യ 2:10
10. മിസ്രയീം 2:10
11. ലിബ്യാ 2:10
12. കുറേന 2:10
13. ക്രേത്യ 2:11
14. നസറേത്ത് 2:22
15. അലക്സന്തറിയ 6:9
16. കിലിക്യ 6:9
17. ദമസ്കൊസ് 9:2
18. കൈസര്യ
19. യോപ്പ 9:36
20. ഫൊയ്നിക്യ 11:19
21. കുപ്രൊസ് 11:20
22. തർശീശ് 11:25
23. സിദോൻ 12:20
24. ഫിലിപ്പിയ 16:12
25. ബെരോവ 17:10
26. അഥേന 17:16
27. കൊരിന്ത് 18:1

## XI. ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ

1. അപ്പോസ്തലരുടെ അറിവിന് കുറവു   ായിരുന്നുവെന്ന് 1:6 വെളിപ്പെടുത്തുന്നതെങ്ങനെ?
2. 1:8 മത്തായി 28:19-20 വുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
3. ഒരു അപ്പോസ്തലനു   ായിരിക്കേ   തായ സവിശേഷതകൾ ഏവ? (1:22)
4. ''കാറ്റ്'' ''തീ'' എന്നീ പദങ്ങൾ പരിശുദ്ധാത്മാവുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ? (2:2-3)
5. 2:8-ലെ അത്ഭുതം വിവരിക്കുക.
6. യോവേൽ പ്രവചനം നിവൃത്തിയായെന്ന് പത്രോസ് പ്രസ്താവിക്കുന്നു. അങ്ങനെയെങ്കിൽ 1:17 ഉം 19-20 ഉം നിങ്ങൾ എങ്ങനെ വിവരിക്കും
7. യേശുവിനെ കർത്താവ് ക്രിസ്തു എന്നിങ്ങനെ വിളിക്കുന്നതിലെ വേദശാസ്ത്ര പ്രസക്തി എന്ത്? (2:36)
8. 2:44 സ്ഥിതിസമത്വസിദ്ധാന്തത്തിനുള്ള വേദപുസ്തക കല്പനയാണോ? (4:34-35)
9. 3:18 ന്റെ വിവക്ഷിതാർത്ഥം വിവരിക്കുക.
10. പ്രവൃത്തികൾ 4:11 പഴയ നിയമം യേശുവുമായി പ്രായോഗികമാകുന്നത് വിവരിക്കുക.
11. പ്രവർത്തികളിലെ സാക്ഷിയാകുന്ന സന്ദർഭങ്ങളിലെല്ലാം ആത്മനിറവ് സഹവർത്തിച്ചുവോ?
12. പ്രവർത്തികൾ 6 ലെ ഏഴുപേരെ തെരെഞ്ഞെടുക്കുന്നതിന് മാനദണ്ഡമായ സവിശേഷതകൾ ഏവ? അവർ ശുശ്രൂഷകർ (ഡീക്കൻ) ആയിരുന്നുവോ?
13. ക്രിസ്ത്യാനകളോട് ശൗൽ ഭ്രാന്തമായി പെരുമാറിയതിന്റെ കാരണമെന്ത്? (8: 13)
14. ആധുനിക വിശ്വാസികൾക്കും 8:15-16 രക്ഷയുമായി ബന്ധപ്പെട്ട സംഭവങ്ങളുടെ ക്രമമാണോ ഉ   ാകേ   ത്?
15. 10:44-48 ലെ അന്യഭാഷയുടെ ഉദ്ദേശമെന്താണ്?
16. പൗലോസ് ആദ്യം പള്ളികളിൽ പ്രസംഗിച്ചതിന്റെ കാരണമെന്ത്? (13:5)

17. പൗലോസും ബർണബാസും തങ്ങളുടെ വസ്ത്രം കീറുവാൻ കാരണമായി ലൂസ്ത്രയിൽ എന്താണ് സംഭവിച്ചത്? (14:8-18)
18. പ്രവർത്തികൾ 15 ലെ യെരുശലേം ഉപദേശക സമിതിയുടെ (Council) ഉദ്ദേശ്യം എന്തായിരുന്നു?
19. പൗലോസും ബർണബാസും തമ്മിൽ ഇടർച്ചയു ായതിന്റെ കാരണമെന്ത്? (15: 36-41)
20. അസ്യയിൽ പോകുന്നതിൽ നിന്നും ആത്മാവ് പൗലോസിനെ വിലക്കിയതന്തുകൊ ്? (16:6)
21. 16:35-40 ൽ പട്ടണത്തിലെ അധിപധികൾ ഭയപ്പെട്ടതിന്റെ കാരണമെന്ത്?
22. അപ്പൊല്ലോസിനെ അക്വിലാസും പ്രസ്കില്ലയും സഹായിച്ചതെപ്രകാരം?(18:24-28)
23. 20:21 വാക്യത്തിന്റെ പ്രകസ്തിയെന്ത്?
24. 21:9 ന്റെ വിവക്ഷിതാർത്ഥം എന്ത്?
25. പ്രവർത്തികൾ 21 ൽ പൗലോസ് കാരാഗ്രഹത്തിലാക്കപ്പെട്ടതിന്റെ കാരണമെന്ത്?
26. 23:6-7 സ്വന്തം വാക്കുകളിൽ വിവരിക്കുക.

# റോമാലേഖനം: ഒരു മുഖവുര

## I. പ്രാരംഭ പ്രസ്താവന

A. അപ്പൊസ്തലനായ പൌലൊസിന്റെ ഏറ്റവും ക്രമീകൃതവും യുക്തിപരവുമായി എഴുതപ്പെട്ട വേദശാസ്ത്രപുസ്തകമാണ് റോമാലേഖനം. റോമിൽ ഉടലെടുത്ത സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ എഴുതപ്പെട്ടതിനാൽ ''സന്ദർഭോചിത'' രേഖയാണിത്. പൌലൊസ് എഴുതുന്നതിന് പശ്ചാത്തലമൊരുക്കിയ ചിലത് സംഭവിച്ചു. പൗലൊസിന്റെ എഴുത്തുകളിൽവച്ച് ഏറ്റവും നിഷ്പക്ഷമാണ് ഈ ലേഖനം. പൗലൊസിന്റെ രീതിയിൽ ഒരു പ്രശ്നത്തെ (യഹൂദാ വിശ്വാസികളും ജാതീയ നേതൃത്വവും തമ്മിലുള്ള അസൂയ ആയിരിക്കാം) വ്യക്തമായ സുവിശേഷ അവതരണവും ദൈനംദിന ജീവിതത്തിനാവശ്യമായ വിവക്ഷിതാർത്ഥവും നൽകി വ്യക്തമാക്കുന്നു.

B. റോമാലേഖനത്തിലെ പൗലൊസിന്റെ സുവിശേഷാവതരണം ഏതു കാലഘട്ടത്തുമുള്ള സഭകളെ സ്വാധീനിക്കുന്നതാണ്.

1. റോമാലേഖനം 13:13-14 വായിച്ചതിന്റെ ഫലമായി അഗസ്റ്റീൻ എ.ഡി. 386-ൽ മാനസാന്തരപ്പെട്ടു.
2. സങ്കീർത്തനം 31:1 ഉം റോമർ 1:17 (cf. ഹബക്കൂക്ക് 2:4) ഉം ഒരു താരതമ്യ പഠനത്തിലൂടെ 'രക്ഷയെപ്പറ്റി' ഗ്രഹിച്ചപ്പോൾ മാർട്ടിൻ ലൂഥർ എ.ഡി. 1513-ൽ പരിപൂർണ്ണമായി രൂപാന്തരപ്പെട്ടു.
3. റോമാലേഖനത്തിന്റെ മുഖവുര ലൂഥർ പ്രസംഗിച്ചതു ശ്രവിച്ച ജോൺ വെസ്ലി എ.ഡി. 1738-ൽ മാനസാന്തരപ്പെട്ടു.

C. റോമാലേഖനം അറിയുകയെന്നത് ക്രിസ്തീയതയെ അറിയുകയാണ്! യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശങ്ങളും ഈ ലേഖനത്തിലൂടെ എക്കാലത്തുമുള്ള സഭകൾക്ക് അടിസ്ഥാനമാകുന്നു.

## II. ഗ്രന്ഥകർത്താവ്

നിശ്ചയമായും പൗലൊസാണ് ഈ ലേഖനത്തിന്റെ ഗ്രന്ഥകർത്താവ് തന്റെ സുവിശേഷ അഭിവാദനം 1:1-ൽ ദർശിക്കാം. ''പൗലൊസിന്റെ ജഡത്തിലെ ''ശൂലം'' എന്നത് തന്റെ കാഴ്ചക്കുറവായിരിക്കാം എന്നാണ് അഭിപ്രായം, അതുകൊ ്, താൻ സ്വയമായിട്ടല്ല, ഒരു ശാസ്ത്രിയുടെ Tertius സഹായത്താലാണ് ഈ ലേഖനം എഴുതിയതെന്ന് കണക്കാക്കാം. (cf. 16:22)

## III. കാലഘട്ടം

A. ഗ്രന്ഥരചന എ.ഡി. 56-58 ആയിരിക്കാം. ഏകദേശം കൃത്യമായി രചനാകാലഘട്ടം കണക്കാക്കുവാൻ സാധിക്കുന്ന ഒരു പുതിയ നിയമ പുസ്തകമാണ് ഈ ലേഖനം. ഇത് പ്രവൃത്തികൾ 20:2ff. മുതലുള്ള ഭാഗങ്ങൾ റോമർ 15:17ff. തുടർന്നുള്ള ഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മനസ്സിലാക്കാം. യെരുശലെം വിടുന്നതിനുമുൻപ്, പൗലൊസിന്റെ മൂന്നാം ദൗത്യയാത്രയുടെ അവസാനത്തിൽ കൊരിന്തിൽ നിന്നുമായിരിക്കാം ഈ ലേഖനം എഴുതിയത്.

B. F. Bruce & Murry Harris-ന്റെ എഴുത്തുകൾ പ്രകാരം, നേരിയ അനുരൂപീകരണപ്രകാരം പൗലൊസിന്റെ ലേഖനങ്ങളുടെ ഒരു കാലഗണനം.

| | പുസ്തകം | രചനാകാലം | എഴുതിയ കാലം | അ.പ്ര.കളുമായുള്ള ബന്ധം |
|---|---|---|---|---|
| 1. | ഗലാത്യർ | 48 | അന്ത്യോക്യ-സിറിയ | 14:28, 15:2 |
| 2. | തെസ്സലോനിക്യർ | 50 | കൊരിന്ത് | 18:5 |
| 3. | 2 തെസ്സലോനിക്യർ | 50 | കൊരിന്ത് | |
| 4. | 1 കൊരിന്തിയർ | 55 | എഫേസസ് | 19:20 |
| 5. | 2 കൊരിന്തിയർ | 56 | മക്കദൊന്യ | 20:2 |
| 6. | റോമർ | 57 | കൊരിന്ത് | 20:3 |
| 7-10 | കാരാഗൃഹ ലേഖനങ്ങൾ | | | |
| | കൊലൊസ്സ്യർ | 60 കളുടെ തുടക്കം | | |
| | എഫേസ്യർ | 60 കളുടെ തുടക്കം | റോം | |
| | ഫിലേമോൻ | 60 കളുടെ തുടക്കം | | |

| | | | | |
|---|---|---|---|---|
| | ഫിലിപ്പിയർ | 62-63 ഒടുവിൽ | | 28:30, 31 |
| 11-13 | നാലാം ദൗത്യയാത്ര | | | |
| | 1 തിമൊഥെയൊസ് | 63 (അതിനുശേഷം) | മക്കദൊന്യ | |
| | തീത്തൊസ് | 63, ന് മുൻപ് | എഫേസസ് (?) | |
| | 2 തിമൊഥെയൊസ് | 64- (AD 68) | റോം | |

## IV. സ്വീകർത്താക്കൾ

റോമിലുള്ളവർക്കുവേ  ിയാണ് ഈ ലേഖനം എഴുതിയെന്നത് സുവ്യക്തം. റോമിലെ സഭാസ്ഥാപകൻ ആരെന്നത് നമുക്കജ്ഞാതമാണ്.

A. പെന്തക്കൊസ്തുനാളിൽ യെരുശലെം സന്ദർശിച്ചവരിൽ ചിലർ മാനസാന്തരപ്പെട്ടു യേശുവിൽ വിശ്വസിച്ചിട്ട്, സ്വദേശത്ത് തിരികെയെത്തി സഭ സ്ഥാപിച്ചു. (cf. പ്രവൃത്തികൾ 2:10);

B. സ്തേഫാനൊസിന്റെ രക്തസാക്ഷിത്വത്തിനുശേഷം യെരുശലെമിലെ പീഢനത്തിൽനിന്നും ഓടിപ്പോയ ശിഷ്യൻമാർ ആയിരിക്കാം സഭാസ്ഥാപകർ (പ്രവൃത്തി 8:4) അല്ലെങ്കിൽ

C. പൗലൊസിന്റെ മിഷണറി പ്രവർത്തനഫലമായി രക്ഷിക്കപ്പെട്ടവർ റോമിലേക്ക് യാത്ര ചെയ്തിരിക്കാം. പൗലൊസ് ഈ സഭ സന്ദർശിച്ചിട്ടില്ല, എന്നാൽ അതിന് താൻ ആഗ്രഹിച്ചു (cf. പ്രവൃത്തി 19:21). തനിക്ക് അനേക സ്നേഹിതർ അവിടെയു  ായിരുന്നു. (cf. റോമർ 16).

''സ്നേഹകൂട്ടായ്മ'' യെരുശലെത്തിച്ചശേഷം സ്പാന്യ (Spain) ലേക്കുള്ള യാത്രയിൽ റോം സന്ദർശിക്കാനായിരുന്നു പ്രത്യക്ഷത്തിൽ തന്റെ കണക്കുക്കൂട്ടൽ. കിഴക്കൻ മദ്ധ്യധരണി (Mediteranian) ശുശ്രൂഷ താൻ പൂർത്തിയാക്കി എന്ന് ബോധ്യമായി (cf. 16:20-23). അതേ ദിശയിൽ യാത്ര ചെയ്ത ശുശ്രൂഷക്കാരത്തി (Deaconess) യായ ഫേബായായിരിക്കാം ഗ്രീസിൽ പൗലൊസിൽനിന്നും ഈ ലേഖനം റോമിലെത്തിച്ചത്. (cf. റോമർ 16:1). ഒന്നാം നൂറ്റാ  ിൽ കൊരിന്തിലെ ഒരു തെരുവിൽനിന്നും കൂടാരവേല ചെയ്ത താൻ എഴുതിയ ലേഖനത്തിന്റെ പ്രസക്തിയും മൂല്യവുമെന്താണ്? ''പുതിയനിയമത്തിലെ മുഖ്യവും പവിത്രവുമായ ലേഖനം'' എന്ന് മാർട്ടിൻ ലൂഥർ ഈ ലേഖനത്തെ വിശേഷിപ്പിച്ചു. ജാതികളുടെ അപ്പൊസ്തലൻ എന്ന് വിളിക്കപ്പെട്ട തർശീശുകാരനായ ശൗൽ സുവിശേഷം അഗാധമായി വിശദീകരിക്കുന്നുവെന്നതാണ് ഇതിന്റെ മൂല്യം. പ്രാദേശിക സാഹചര്യവുമായി ശക്തമായി ബന്ധപ്പെട്ടതാണ് പൗലൊസിന്റെ മിക്ക ലേഖനങ്ങളും, എന്നാൽ റോമാ ലേഖനം അപ്രകാരമല്ല.

ഒരു അപ്പൊസ്തലന്റെ അജീവാനന്ത വിശ്വാസത്തിന്റെ ക്രമീകൃത അവതരണമാണ് വിശ്വാസം എന്ന് വിവരിക്കുന്ന അനേക സാങ്കേതിക പദങ്ങൾ (''നീതീകരണം'' ''ചുമത്തുക'', ''ദത്തെടുക്കൽ'', ''വിശുദ്ധീകരണം'') റോമാ ലേഖനത്തിൽ നിന്നുമുള്ളതാണ്. ഇന്ന് നമ്മുടെ ജീവിതത്തിലെ ദൈവഹിതം അറിയുവാൻ ഈ വിശിഷ്ട ലേഖനം ഗ്രഹിക്കുവാൻ ദൈവം ദൃഷ്ടികളെ പ്രകാശിപ്പിക്കാൻ പ്രാർത്ഥിക്കുന്നു.

## V. രചനയുടെ ലക്ഷ്യം

A. സ്പാന്യയിലേക്കുള്ള മിഷണറി യാത്രയ്ക്ക് ഒരു സഹകരണ അപേക്ഷയാണ് ലക്ഷ്യം. ഈ കിഴക്കൻ മദ്ധ്യധരണിയിൽ അപ്പൊസ്തല ശുശ്രൂഷ പൂർത്തിയാക്കിയതായി പൗലൊസ് പറയുന്നു. (cf. 16:20-23).

B. റോമാ സഭയിലെ യഹൂദാ-ജാതീയ വിശ്വാസികൾ തമ്മിലുള്ള പ്രതിസന്ധികൾ അഭിസംബോധന ചെയ്യുന്നതിന് എഴുതി. റോമിൽ നിന്നും യഹൂദരെ നാടുകടത്തുകയും പിന്നീട് മടങ്ങിവരികയും ചെയ്തതിന്റെ ഫലമായിരിക്കാം ഇത്. ഈ കാലത്തിനുള്ളിൽ യഹൂദാ ക്രിസ്തീയ നേതൃത്വത്തിനു പകരം ജാതീയ ക്രിസ്തീയ നേതൃത്വം രംഗപ്രവേശനം ചെയ്തു.

C. റോമൻ സഭയ്ക്ക് സ്വയം പരിചയപ്പെടുത്തുന്നതിന് യെരുശലെമിലെ രൂപാന്തരപ്പെട്ടതും നിഷ്കളങ്കരുമായ യഹൂദാ ക്രിസ്ത്യാനികളിൽ നിന്നും, (യെരുശലെം ഉപദേശക സമിതി, പ്രവൃത്തികൾ 15) കപട യഹൂദ്യരിൽ നിന്നും, (ഗലാത്യയിലെയും 2 കൊരി 3:10-13 ലെയും യഹൂദാ മതാനുസാരികൾ) സുവിശേഷത്തോട് തങ്ങൾ താലോലിക്കുന്ന സിദ്ധാന്തങ്ങളും തത്ത്വങ്ങളും ലയിപ്പിക്കുവാൻ ശ്രമിച്ച ജാതികളിൽ നിന്നും (കൊലൊസ്സ്യർ, എഫേസ്യർ) പൗലൊസിന് വലിയ എതിർപ്പ് നേരിടേ ിവന്നു.

D. യേശുവിന്റെ ഉപദേശങ്ങളോട് സാഹസികമായി വസ്തുതകൾ കൂട്ടിച്ചേർത്ത ഒരു അപകടകാരിയായ നവീകരണ വക്താവായി പൗലൊസിനെ അവർ കുറ്റം ചുമത്തി, ചിത്രീകരിച്ചു. യേശുക്രിസ്തുവിന്റെ ഉപദേശങ്ങളും (സുവിശേഷം) പഴയനിയമവും ഉപയോഗിച്ച് തന്റെ സുവിശേഷം സത്യസന്ധമാണെന്ന് ക്രമീകൃതമായി പ്രതിരോധിക്കുന്ന പുസ്തകമാണ് റോമാലേഖനം.

## VI. വിഷയവിഭജനം (Outline)

A. മുഖവര (1:1-17)
   1. അഭിവാദ്യം (1:1-17)
      a. ഗ്രന്ഥകർത്താവ് (1-5)
      b. ഉദ്ധിഷ്ടസ്ഥാനം (6-7a)
      c. അഭിവന്ദനം (7b)
   2. സാഹചര്യം (1:8-15)
   3. പ്രമേയം (1:16-17)

B. ദൈവീക നീതീകരണത്തിന്റെ ആവശ്യകത (1:18-3:20)
   1. ജാതീയ ലോകത്തിന്റെ അധഃപതനം(1:18-32)
   2. യഹൂദരുടെ അല്ലെങ്കിൽ വിഗ്രഹസേവകരുടെ ദ്വൈമുഖം (2:1-16)
   3. യഹൂദർക്കുള്ള ന്യായവിധി (2:17-3:8)
   4. സാർവ്വത്രിക ശിക്ഷാവിധി (3:9-20)

C. എന്താണ് ദൈവീക നീതി? (3:21-8:39)
   1. വിശ്വാസത്താൽ മാത്രമുള്ള നീതീകരണം (3:21-31)
   2. നീതീകരണത്തിന്റെ അടിസ്ഥാനം. ദൈവീക വാഗ്ദത്തം(4:1-25)
      a. അബ്രഹാമിന്റെ ശരിയായ സ്ഥാനം (4:1-5)
      b. ദാവീദ് (4:6-8)
      c. പരിച്ഛേദനയുമായി അബ്രഹാമിനുള്ള ബന്ധം (4:9-12)
      d. അബ്രഹാമിനുള്ള ദൈവീക വാഗദത്തം (4:13-25)
   3. നീതീകരണത്തിന്റെ ആർജ്ജനം (5:1-21)
      a. വിഷയസംബന്ധമായ തലം: അനർഹസ്നേഹം, അതുല്യ സന്തോഷം (5:1-5)
      b. വസ്തുനിഷ്ഠമായ തലം: ദൈവത്തിന്റെ അതിശയ സ്നേഹം (5:6-11)
      c. ആദാം/ക്രിസ്തു സൂചകോപദേശം:ആദാമ്യ അപരാധവും ദൈവീക കരുതലും(5:12-21)
   4. ദൈവീക നീതിയിലൂടെ വ്യക്തിപര നീതീകരണം സാധ്യമാകണം (6:1-7:25)
      a. പാപത്തിൽ നിന്നും സ്വാതന്ത്ര്യം (6:1-14)
         (1) സാങ്കല്പിക പ്രതിഷേധം (6:1-2)
         (2) സ്നാനത്തിന്റെ അർത്ഥം (6:3-14)
      b. സാത്താന്റെ അടിമയോ ദൈവത്തിന്റെ അടിമയോ: അവരവരുടെ തീരുമാനം (6:15-23)
      c. ന്യായപ്രമാണത്തോട് മനുഷ്യന്റെ ഉടമ്പടി (7:1-6)
      d. ന്യായപ്രമാണം നല്ലതാണ്, എന്നാൽ പാപം നല്ലതിനെ തടയുന്നു (7:7-14)
      e. ഒരു വിശ്വാസിയിൽ നൻമ-തിൻമകളുടെ നിത്യമായ പോരാട്ടം (7:15-25)

5. ദൈവീക നീതിയുടെ നിരീക്ഷീക്കാവുന്ന (പ്രകടമായ) ഫലങ്ങൾ (8:1-31)
   a. ആത്മാവിലുള്ള ജീവിതം (8:1-17)
   b. സൃഷ്ടിയുടെ വീേ ടുപ്പ് (8:18-25)
   c. ആത്മാവിന്റെ നിരന്തര സഹായം (8:26-30)
   d. വിശ്വാസത്താലുള്ള നീതീകരണത്തിന്റെ ന്യായാധിപ വിജയം (8:31-39)

D. സകലമാനവരാശിക്കുമുള്ള ദൈവീക പദ്ധതി (9:1-11:32)

1. യിസ്രായേലിന്റെ തിരഞ്ഞെടുപ്പ് (9:1-33)
   a. വിശ്വാസത്തിന്റെ യഥാർത്ഥ അവകാശികൾ (9:1-13)
   b. ദൈവീക പരമാധികാരം (9:14-26)
   c. ദൈവത്തിന്റെ ആഗോള പരമായ പദ്ധതിയിൽ ജാതികളെയും ഉൾപ്പെടുത്തി. (9:27-33)
2. യിസ്രായേലിന്റെ രക്ഷ (10:1-21)
   a. ദൈവിക നീതികരണവും മനുഷ്യ നീതീകരണവും ഒരു താരതമ്യം (10:1-13)
   b. ലോക സുവിശേഷീകരണത്തിൽ ദൈവിക കരുണയുടെ പങ്ക് ദൂതുവാഹകർക്കുള്ള ക്ഷീണം (10:14-18)
   c. നിരന്തരം ക്രിസ്തുവിൽ അവിശ്വസിക്കുന്ന യിസ്രായേൽ (10:19-21)
3. യിസ്രായേലിന്റെ പരാജയം (11:1-36)
   a. യഹുദാ ശേഷിപ്പ് (11:1-10)
   b. യഹുദാ അസുയ (11:11-24)
   c. യിസ്രായേലിന്റെ താല്ക്കാലിക അന്ധത (11:25-32)
   d. പൗലോസിന്റെ സ്തുതിയുടെ (ആരാധനയുടെ) വിസ്ഫോടനം (ആരംഭം) (11:33-36)

E. ദൈവീക നീതീകരണ ദാനത്തിന്റ ഫലം (12:1-15:13)

1. സമർപ്പണത്തിനുള്ള ആഹ്വാനം (12:1-2)
2. വരങ്ങളുടെ ഉപയോഗം (12:3-8)
3. വിശ്വാസികളുടെ അന്യോന്യമുള്ള ബന്ധം(പരസ്പര) (12:9-21)
4. സംസ്ഥാനം-രാജ്യവുമായുള്ള വിശ്വാസികളുടെ ബന്ധം (13:1-7)
5. അയൽവാസികളുമായി വിശ്വാസികൾക്കുള്ള ബന്ധം (13:8-10)
6. കർത്താവുമായി വിശ്വാസികൾക്കുള്ള ബന്ധം (13:11-14)
7. കൂട്ടുവിശ്വാസികൾ തമ്മിലുള്ള ബന്ധം (14:1-12)
8. നമ്മുള്ള കടപ്പാട് മറ്റുള്ളവരോട് (12:13-23)
9. ക്രിസ്തുഭാവത്തിലുള്ള ബന്ധങ്ങൾ (15:1-13)

F. ഉപസംഹാരം (15:14-33)

1. പൗലോസിന്റെ വ്യക്തിപര പദ്ധതികൾ (15:14-29)
2. പ്രാർത്ഥനയ്ക്കുള്ള അപേക്ഷകൾ (15:30-33)

G. അനുബന്ധം (16:1-27)

1. അഭിവാദനം (16:1-24)
2. ആശീർവാദം (16:25-27)

## VII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. അപ്പൊസ്തലൻ 1:1
2. ‘‘ജഢപ്രകാരം ദാവീദിന്റെ സന്തതി’’ 1: 3

3. വിശുദ്ധൻമാർ 1:7
4. നീതീകരണം 1:17
5. ദൈവകോപം 1:18
6. മാനസാന്തരം 2:4
7. ''ദൈവത്തിന് മുഖപക്ഷമില്ല'' 2:11
8. പരിശ്ഛേദന 2:25
9. ''ദൈവത്തിന്റെ വെളിപ്പാട്'' 3:2
10. നീതീകരിക്കപ്പെട്ടു 3:4
11. അനുരഞ്ജനം (പ്രായശ്ചിത്തം) 3:25
12. ''ഞങ്ങളും കഷ്ടങ്ങളിൽ പ്രശംസിക്കുന്നു'' 5:3
13. ''അവന്റെ രക്തത്താൽ പുതുക്കം പ്രാപിച്ചു'' 5:9
14. ''നീതീകരണം എന്ന ദാനം'' 5:17
15. ക്രിസ്തുവിൽ മരിച്ചവർ പാപത്തിൽ നിന്നും സ്വതന്ത്രമാക്കപ്പെട്ടു 6:7
16. വിശുദ്ധീകരണം 6:19
17. ''ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു'' 8:9
18. അബ്ബാ 8:15
19. കാക്കപ്പെടൽ 8:25
20. മുന്നറിഞ്ഞു 8:29
21. മുൻനിർണ്ണയിച്ചു 8:29
22. തേജസ്കരിച്ചു 8:29
23. ''ദൈവത്തിന്റെ വലത്തുഭാഗം'' 8:34
24. ''വാഴ്ചകൾ..........അധികാരങ്ങൾ'' 8:38
25. പുത്രത്വം 9:4
26. ഉടമ്പടികൾ 9:4
27. ''ഇടർച്ചക്കല്ല്'' 9:33
28. ഏറ്റുപറച്ചിൽ 10:9
29. വിശ്വസിക്കുക 10:4,11
30. സ്വാഭാവിക കൊമ്പുകൾ 11:21
31. മർമ്മം 11:25
32. ആമേൻ 11:36
33. അതിഥിസൽക്കാരം 12:13
34. ശാപം 12:14
35. ''ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങിയിരിക്കുക'' 13:1
36. ''വെച്ചുകളയുക.........ധരിക്കുക'' 13:12
37. ''വിശ്വാസത്തിൽ നടക്കുക'' 14:1
38. ''ശക്തരായ നാം'' 15:1

## VIII. ഈ ലേഖനത്തിൽ അിറഞ്ഞിരിക്കേ വ്യക്തികൾ

1. അബ്രഹാം 4:1
2. പിതാക്കൻമാർ 9:5
3. ഏശാവ് 9:13
4. ബാൽ 11:4
5. ഫേബാ 16:1
6. പ്രിസ്കില്ലയും അക്വിലാവും 16:3
7. യൂണിസ് 16:7
8. തെർതൊസ് 16:22

## IX. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. റോം 1:7
2. കെംക്ര 16:1

## X. ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ

1. 1:16 പൗലൊസിന് സവിശേഷമായിരിക്കുന്നതിന്റെ കാരണമെന്ത്?

2. സർവ്വമാനവരാശിയും ര ് വിധങ്ങളിൽ ദൈവത്തെ അറിയുന്നു, അവ ഏവ?
(ie,1-12അദ്ധ്യായങ്ങൾ)
3. ഇക്കാലത്തെ 'സ്വവർഗ്ഗ രതി'യെന്ന വിഷയം 1:26-27 എപ്രകാരം കൈകാര്യം ചെയ്യുന്നു?
4. 2:6 എങ്ങനെയാണ് ഗലാത്യർ 6:7 മായി ബന്ധപ്പെട്ടിരിക്കുന്നത്?
5. മൂന്നാം അദ്ധ്യായത്തിലെ 9-18 വാക്യങ്ങൾ പഴയനിയമ ഉദ്ധരണികളുടെ ഒരു പരമ്പരയാണ്. ഏത് ഉപദേശ സത്യവുമായിട്ടാണ് അത് ബന്ധപ്പെട്ടിരിക്കുന്നത്?
6. 4:6 സുപ്രധാനമായിരിക്കുന്നതിന്റെ കാരണമെന്ത്?
7. 4:15 സ്വന്തം വാക്കുകളിൽ വിശദീകരിക്കുക.
8. 5:8 ദൈവത്തെപ്പറ്റി പറയുന്നതെന്താണ്?
9. 5:18-ഉം 19-ഉം എങ്ങനെയാണ് സമാന്തരമായിരിക്കുന്നത്?
10. 6:11 ന്റെ പ്രായോഗിക വിവക്ഷിതാർത്ഥം എന്ത്?
11. സുവിശേഷത്തിന്റെ സംഗ്രഹം എന്ന് 6:23-നെ വിശേഷിപ്പിക്കുന്നതെന്തുകൊ ്?
12. ''ആത്മാവിന്റെ പുതുക്കം'' ''അക്ഷരത്തിന്റെ പഴക്കം'' ഇവയുടെ വ്യത്യാസം വിവരിക്കുക (7:6)

# കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിനം: ഒരു മുഖവുര

(പ്രശ്ന സങ്കീർണ്ണമായ സഭയ്ക്കുള്ള പ്രായോഗിക നിർദ്ദേശങ്ങൾ)

## I. ഈ ലേഖനത്തിന്റെ പ്രത്യേകതകൾ

A. 'പൗലൊസിന്റെ മറ്റേതു ലേഖനത്തെക്കാളും സഭാപിതാക്കന്മാർ ഏറ്റവും ആദ്യമായി ഉദ്ധരിച്ചിട്ടുള്ളതും ഏറ്റവും അധികം ഉദ്ധരിച്ചിട്ടുള്ളതും ഈ ലേഖനത്തിൽ നിന്നാണ്' എന്നു പറയുമ്പോൾ ഈ ലേഖനം എത്ര മാത്രം പ്രാധാന്യമർഹിക്കുന്നു എന്ന് എടുത്തു പറയേ തില്ലല്ലോ?

B. മുററ്റോറിയൻ ലിഖിതങ്ങളിൽ (റോമിൽ നിന്നുള്ള കാനോനിക പുസ്തകങ്ങളെക്കുറിച്ചുള്ള ഒരു പട്ടിക) പൗലൊസിന്റെ ലേഖനങ്ങളിൽ ആദ്യം പ്രത്യക്ഷപ്പെട്ടിരിക്കുന്നത് ഈ ലേഖനമാണ്(എ.ഡി.200).

C. പൗലൊസ് ഈ ലേഖനത്തിൽ മാത്രം, തന്റെ വ്യക്തിപരമായ നിർദ്ദേശങ്ങളും കർത്താവിന്റെ കല്പനകളും വെവ്വേറെ പറഞ്ഞിരിക്കുന്നു. വ്യക്തിപരമായ ഈ അഭിപ്രായങ്ങൾ, കർത്താവായ യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളിൽ തനിക്കുള്ള വ്യക്തമായ ധാരണയുടെ അടിസ്ഥാനത്തിൽ തന്നെയാണ് പറഞ്ഞിരിക്കുന്നത്. തന്റെ ഈ അഭിപ്രായങ്ങൾ ആധികാരികതയുള്ള ദൈവനിശ്വസനീയ വചനങ്ങൾ എന്നു തന്നെയാണ് തന്റെ പരാമർശ്ശം(7:25,40).

D. സഭാപരമായ പൗലൊസിന്റെ പ്രധാന തത്വമെന്നത്, വിശ്വാസികളുടെ വ്യക്തിപരമായ സ്വാതന്ത്ര്യവും അവർ തമ്മിലുള്ള കൂട്ടായ ഉത്തരവാദിത്വങ്ങളും ചില നിയമങ്ങളിലെന്നതിനെക്കാളും സ്നേഹത്തിൽ അധിഷ്ഠിതമെന്നതാണ്. സഭയുടെ ആരോഗ്യപരമായ വളർച്ചയും അതിന്റെ കെട്ടുറപ്പും വ്യക്തിപരമായ എല്ലാ സ്വാതന്ത്ര്യങ്ങൾക്കും പരിഗണനകൾക്കും അതീതമാണ്(12:7).

E. ഈ ലേഖനം (ര ാം ലേഖനവും) ആദിമ പുതിയനിയമ സഭയുടെ ഘടന, രീതി, സന്ദേശം എന്നിവയെക്കുറിച്ച് നമുക്ക് അറിവു നല്കുന്നു. അതേ സമയം ഈ സഭ പ്രശ്നസങ്കീർണ്ണമായ, അമാതൃകയായ ഒന്നായിരുന്നു എന്നും മറന്നുപോകരുത്.

## II. കൊരിന്ത്യ പട്ടണം

A. ഗ്രീസിന്റെ തെക്കേയറ്റത്തു കൂടെയുള്ള (ie,Cape Malea) മഞ്ഞു കാലത്തെ യാത്ര കപ്പലുകളെ സംബന്ധിച്ചിടത്തോളം വളരെ അപകടകരമാണ്. അതിനാൽ താരതമ്യേന എളുപ്പമായ ഒരു കരമാർഗ്ഗം അത്യാവശ്യമായിത്തീർന്നു. ഭൂപ്രകൃതിപരമായി ചിന്തിക്കുമ്പോൾ, കൊരിന്ത്യൻ കടലിടുക്കിനും (Adriatic Sea) സരോനിക് കടലിടുക്കിനും (Aegean Sea) ഇടയ്ക്കുള്ള 4മൈൽ ദൈർഘ്യമുള്ള കൊരിന്ത്യൻ കരയിടുക്ക്, ഈ പട്ടണത്തെ വാണിജ്യ പ്രാധാന്യമുള്ള പ്രധാനപ്പെട്ട തുറമുഖമായും കച്ചവട കേന്ദ്രമായും (പ്രധാനമായും മൺപാത്ര വ്യവസായവും ഒരു പ്രത്യേകയിനം ചെമ്പു വ്യവസായവും) പട്ടാളത്താവളമായും മാറ്റി. പൗലൊസിന്റെ കാലത്ത് ആക്ഷരികമായും പാശ്ചാത്യ പൗരസ്ത്യ സംസ്ക്കാരങ്ങൾ തൊട്ടുരുമ്മി നിന്നത് ഇവിടെയാണ്.

B. യവന റോമൻ സംസ്ക്കാര ലോകത്തിൽ കൊരിന്ത്യപട്ടണം ഒരു സാംസ്ക്കാരിക കേന്ദ്രമായിരുന്നു. കാരണം ഇവിടെയായിരുന്നു ബി.സി.581–ൽ പോസിഡോൺ ക്ഷേത്രത്തിൽ ആരംഭിച്ച് ര ുവർഷത്തിൽ ഒരിക്കൽ നടന്നുവന്ന 'ഇസ്തുമിയൻ' മത്സരങ്ങൾ നടന്നിരുന്നത് (Isthmian Games). അഥേനയിലെ നാലു വർഷത്തിലൊരിക്കലുള്ള ഒളിമ്പിക്സ് മത്സരങ്ങൾ ആണ് വലുപ്പത്തിലും പ്രാധാന്യത്തിലും ഇതിനെ വെന്നിരുന്നത്.

C. 146 ബി.സി.യിൽ റോമിനെതിരായി കൊരിന്ത് ഒരു വിപ്ലവത്തിലേർപ്പെടുകയും അത് റോമൻ ജനറലായിരുന്ന ലൂസിയസ് മമ്മിയസ് പരാജയപ്പെടുത്തുകയും ചെയ്തതു മുഖേന യവന ജനത അടിമത്വത്തിലേക്ക് പതിക്കപ്പെട്ടു. എന്നാൽ ഈ പട്ടണത്തിന്റെ രാഷ്ട്രീയ, സൈനിക പ്രാധാന്യം പരിഗണിച്ച് ജൂലിയസ് സീസർ 46 ബി.സി.യിലോ 48 ബി.സി.യിലോ പണികഴിപ്പിച്ചു. വിരമിക്കപ്പെട്ട റോമൻ പടയാളികളുടെ കോളനിയായി ഇതു മാറി. വാസ്തു ശില്പ കലയിലും പെരുമാറ്റ രീതികളിലും റോമിന്റെ ഒരു ചെറു പതിപ്പായിത്തീർന്ന ഈ പട്ടണം ബി.സി.27–ൽ അഖായ പ്രവിശ്യയുടെ തലസ്ഥാനപട്ടണമായിരുന്നു. എ.ഡി.15 ആയപ്പോഴേക്കും ഒരു രാജകീയ നഗരമായി ഇതു മാറിക്കഴിഞ്ഞിരുന്നു.

D. സമതലത്തിൽ നിന്നും 1880 അടി മുകളിലേക്ക് നില്ക്കുന്ന പ്രാചീന ഏഥൻസിലെ(പഴയ കൊരിന്തുപട്ടണം) കോട്ടയായ 'അക്രോപൊലിസ്'-ൽ ആയിരുന്നു 'അഫ്രോഡിറ്റ്' എന്ന പ്രാചീന ക്ഷേത്രം നിലനിന്നിരുന്നത്. അവിടെ ആയിരം ദേവദാസികൾ ഉ ായിരുന്നു. ഒരു 'കൊരിന്ത്യൻ' എന്നു വിളിക്കപ്പെട്ടാൽ തന്നെ അവന്റെ അധാർമ്മിക, വഴിവിട്ട ജീവിതത്തെയാണ് കാണിക്കുന്നത്. പൗലൊസ് ഇവിടെ എത്തുന്നതിനും 150 വർഷങ്ങൾക്കു മുമ്പ് ഒരു ഭൂകമ്പം കാരണം ഈ ക്ഷേത്രവും പട്ടണത്തിന്റെ നല്ലൊരു ഭാഗവും നശിക്കപ്പെട്ടിരുന്നു. അത് എ.ഡി.77-ൽ ആവർത്തിക്കപ്പെട്ടു. 146 ബി.സി.യിൽ റോമാക്കാർ ഈ പട്ടണത്തെ പിടിക്കുകയും ജനങ്ങളെ കൊല്ലുകയും അടിമകളാക്കുകയും ചെയ്തപ്പോൾ, അവിടെയു ായിരുന്ന യവന സംസ്ക്കാരത്തിൻമീതെ റോമൻ കോളനി വ്യവസ്ഥയ്ക്ക് പ്രാമാണ്യമു ായി. ഈ പുതിയ സംസ്ക്കാര രീതിയെക്കുറിച്ചുള്ള അറിവാണ് ഒന്നാം ലേഖനം വ്യാഖ്യാനിക്കുന്നതിൽ ഏറ്റവും പ്രധാനമായിരിക്കുന്നത്.

## III. ഗ്രന്ഥകർ ത്താവ്

A. ഈ പട്ടണത്തിലായിരുന്നു പൗലൊസ് തന്റെ ര ാം മിഷണറി യാത്രയിൽ എത്തിച്ചേർന്നത്. ഇതിന്റെ വിവരണം അ.പ്ര.18:1-21 - ൽ നാം വായിക്കുന്നു. ഒരു ദർശനത്തിലൂടെ കർത്താവ് പൗലൊസിനോട് ആ പട്ടണത്തിൽ അനേകർ വിശ്വസിക്കുമെന്നും വലിയ പ്രതിസന്ധികൾ ഒന്നും ഉ ാവുകയില്ല എന്നും വെളിപ്പെടുത്തിയിരുന്നു(അ.പ്ര.18:9,10).

B. പൗലൊസിന്റെ രീതി ആദ്യം പ്രധാന പട്ടണങ്ങളിൽ സുവിശേഷം അറിയിക്കുക എന്നതായിരുന്നു. കാരണം അവിടെ നിന്നും വിവിധ സ്ഥലങ്ങളിലേക്കു പോകുന്ന സഞ്ചാരികളും കച്ചവടക്കാരും തങ്ങൾ പോകുന്ന ഇടങ്ങളിലേക്ക് സുവിശേഷ സന്ദേശം കൊ ുപൊയ്ക്കൊള്ളും. ഇങ്ങനെ സ്ഥാപിക്കപ്പെടുന്ന പ്രാദേശിക സഭകളിലൂടെയാണ് ചുറ്റുപാടുമുള്ള സ്ഥലങ്ങളിലേക്ക് സുവിശേഷ സന്ദേശം പ്രചരിക്കേ ത്.

C. കൊരിന്ത്യയിൽ അക്വിലാസിനെയും പ്രിസ്ക്കില്ലയെയും ഉൾപ്പെടെയുള്ള കൂടാരപ്പണിക്കാരെയും തുകൽപണിക്കാരെയും പൗലൊസ് ക ു. യഹൂദന്മാരുടെ ആചാരാനുഷ്ഠാനങ്ങൾക്കെതിരായ ക്ലൗദിയൊസ് ചക്രവർത്തി, അവരെല്ലാവരും റോമിനു പുറത്തു പോകണമെന്നു കല്പനയിറക്കിയതിനാൽ എ.ഡി.49-ൽ പുറത്തുപോകേ ി വന്നതായിരുന്നു. പൗലൊസ് ഏകനായിട്ടായിരുന്നു അങ്ങനെ കൊരിന്ത്യയിൽ എത്തിയത്(അ.പ്ര.18:1-5). താൻ എല്പിച്ച ദൗത്യ പൂർത്തീകരണത്തിനായി തിമൊഥെയൊസും ശീലാസും മക്കദോന്യയിൽ തന്നെ ആയിരുന്നു(18:5). താൻ വളരെ നിരുത്സാഹിയായിരുന്നെങ്കിലും (അ.പ്ര.18:9-19; 1കൊരി.2:3) കൊരിന്ത്യയിൽ പതിനെട്ടു മാസങ്ങൾ ഉ ായിരുന്നു(അ.പ്ര.18:11).

D. എ.ഡി. 95-96 കാലങ്ങളിൽ കൊരിന്ത്യർക്ക് ലേഖനം എഴുതിയ റോമിലെ ക്ലെമന്റ്, പൗലൊസിന്റെ കർതൃത്വം അംഗീകരിച്ചിട്ടു ്. ഇന്നത്തെ ആധുനിക നിരൂപകർവരെയും പൗലൊസിന്റെ കർതൃത്വം ചോദ്യം ചെയ്തിട്ടില്ല.

## IV. കാലഘട്ടം

A. പൗലൊസ് കൊരിന്ത്യ സന്ദർശ്ശിച്ച കാലം തെളിയിക്കപ്പെടുന്നത്, ക്ലൗദിയസ് ചക്രവർത്തിയുടെ, ഡെൽഫിയിൽ നിന്നും ക ടുത്ത ഒരു ലിഖിതവുമായി ബന്ധപ്പെട്ടാണ്. ഈ രേഖയിൽ ഗല്ലിയോന്റെ കാലം എ.ഡി.51 ജൂലൈ മുതൽ 52 ജൂലൈ വരെയായിരുന്നു എന്നു വ്യക്തമാകുന്നു ്. (cf അ.പ്ര.18:12-17). അങ്ങനെയെങ്കിൽ എ.ഡി.49-50 കാലഘട്ടത്തിൽ പൗലൊസ് കൊരിന്ത്യയിൽ എത്തിയിരിക്കണം.

B. പൗലൊസിന്റെ എഴുത്തിന്റെ കാലം 50-കളുടെ മധ്യത്തിൽ ആയിരിക്കണം. ര ാ മൂന്നോ വർഷങ്ങൾ താൻ എഫെസൊസിൽ ശുശ്രൂഷിച്ചിരുന്ന കാലത്താണ് താനിത് എഴുതിയത്(അ.പ്ര.19:10; 20:34).

C. എഫ്.എഫ് ബ്രൂസിന്റെയും ഹാരീസിന്റെയും കാലഗണന പട്ടികയിൽ ചില വ്യതിയാനങ്ങൾ വരുത്തി ചുവടെ ചേർക്കുന്നു.

| പുസ്തകം | കാലം | സ്ഥലം | വേദഭാഗം അ.പ്രവൃത്തിയിൽ |
|---|---|---|---|
| 1. ഗലാത്യർ | 48 | സിറിയയിലെ അന്ത്യോക്ക്യ | 14:28; 15:2 |
| 2. 1തെസ്സലോനിക്യർ | 50 | കൊരിന്ത്യ | 18:5 |

| | | | | |
|---|---|---|---|---|
| 3. | 2തെസ്സലോനിക്യർ | 50 | കൊരിന്ത്യ | – |
| 4. | 1കൊരിന്ത്യർ | 55 | എഫെസൊസ് | 19:20 |
| 5. | 2കൊരിന്ത്യർ | 56–57 | മക്കദോന്യ | 20:2 |
| 6. | റോമർ | 57 | കൊരിന്ത്യ | 20:3 |
| 7–10 | കാരാഗൃഹലേഖനങ്ങൾ | | | |
| | കൊലൊസ്യർ | 60-കളിൽ ആദ്യം | റോം | – |
| | എഫെസ്യർ | 60-കളിൽ ആദ്യം | റോം | |
| | ഫിലേമോൻ | 60-കളിൽ ആദ്യം | റോം | |
| | ഫിലിപ്പിയർ | 62–63 കളുടെ അന്ത്യത്തിൽ | റോം | 28:30,31 |
| 11–13 | നാലാം മിഷണറി യാത്ര | | | |
| | 1തിമൊഥെയൊസ് | 63-ൽ അല്ലെങ്കിൽ 63 നു ശേഷം | മക്കദോന്യ | |
| | തീത്തൊസ് | 63-നു മുമ്പ് | എഫെസൊസ്? | |
| | 2തിമൊഥെയൊസ് | 64 എ.ഡി | റോം | |

(എ.ഡി.65 ആയപ്പോഴേക്കും പൗലൊസ് വധിക്കപ്പെട്ടിരിക്കാം)

## V. സ്വീകർത്താക്കൾ

A. യവന ഭൂരിപക്ഷമുള്ള പറക്കമുറ്റാകാത്ത ഒരു സഭയ്ക്കാണ് പൗലൊസ് ഇതെഴുതിയത്. അവിടത്തെ ജനസമൂഹം ജാതീയമായും രീതികളാലും ഇടകലരപ്പെട്ടവരായിരുന്നു. പുരാവസ്തു ശാസ്ത്രവും ബൈബിളും അവിടെ ഒരു പള്ളി ഉ ായിരുന്നു എന്നു വ്യക്തമാക്കുന്നു(അ.പ്ര.18:4-8).

B. റോമൻ പടയാളികൾ 20 വർഷത്തെ സേവനത്തിനു ശേഷം വിരമിക്കുന്നു. കൊരിന്ത്യ ഒരു സ്വതന്ത്ര പട്ടണവും റോമൻ കോളനിയും റോമൻ പ്രവിശ്യയായ അഖായയുടെ തലസ്ഥാനവുമായിരുന്നു.

C. സഭയിലെ വിവിധ വിഭാഗക്കാരെക്കുറിച്ച് ഈ ലേഖനം അറിവു നല്കുന്നു. 1) ബൗദ്ധികരായ യവനന്മാർ. അവർ തങ്ങളുടെ താത്വിക ജ്ഞാനത്തിൽ അഭിമാനമുള്ളവരാകയാൽ ക്രിസ്തീയ മാർഗ്ഗത്തെ അവരുടെ പഴയ പ്രമാണങ്ങളും വിശ്വാസങ്ങളുമായി പൊരുത്തപ്പെടുത്തി ചിന്തിക്കുവാൻ ശ്രമിച്ചിരുന്നു. 2) റോമൻ വ്യവസ്ഥകളുമായി ഇടകലർന്നവർ - സാമൂഹികമായും മതപരമായും 3) യഹൂദന്മാരിൽ നിന്നും വന്ന ഭക്തന്മാരായ ആളുകളും 'ദൈവഭക്തന്മാരായ യവനരും' - സിനഗോഗുമായി ബന്ധപ്പെട്ടവരായിരുന്നു ഇക്കൂട്ടർ. 4) ക്രിസ്തീയ മാർഗ്ഗത്തിലേക്കു കടന്നുവന്ന ഒരു വലിയ വിഭാഗം ആളുകൾ.

## VI. ലേഖനത്തിന്റെ ഉദ്ദേശ്യം

A. കൊരിന്തിൽ ഉ ായ പ്രശ്നങ്ങളെക്കുറിച്ച് പൗലൊസിന് നാലു വിധത്തിൽ അറിവു ലഭിച്ചു.

1. ക്ലോവയുടെ ആൾക്കാർ (1:11)
2. കൊരിന്ത്യ സഭക്കാർ അയച്ച കത്ത് (7:1,25; 8:1; 12:1; 16:1,2)
3. സ്തെഫനാസും ഫൊർത്തുനാതൊസും അഖായിക്കൊസും തന്നെ സന്ദർശിച്ചിരുന്നു(16:17). ഈ ലേഖനം പൗലൊസിന്റെ കയ്യിൽ എത്തിച്ചത് അവരായിരിക്കാം.

ഹാരിസ് (Murry Harris) കൊരിന്ത്യ ലേഖനത്തെ വിഭജിച്ചിരിക്കുന്നത് പൗലൊസിന് ഇപ്രകാരം ലഭിച്ച അറിവുകളുടെ അടിസ്ഥാനത്തിലാണ് എന്നത് ആശ്ചര്യകരമാണ്.

1. ക്ലോവയുടെ ആൾക്കാർ മുഖേന കിട്ടിയ അറിവ്(1-4)
2. സഭാപ്രതിനിധികൾ മുഖേന ലഭിച്ച അറിവ് (5,6 അദ്ധ്യായങ്ങൾ)
3. സഭ എഴുതി അയച്ച കത്തിന്റെ മറുപടി (അദ്ധ്യാ.7-16)

B. പല നേതൃത്വങ്ങൾ എന്ന വിധം സഭ ഛിദ്രിക്കപ്പെട്ടു. അവിടെ പൗലൊസിന്റെ പക്ഷക്കാർ, അപ്പൊല്ലോസിന്റെ പക്ഷക്കാർ,പത്രൊസിന്റെ പക്ഷക്കാർ, കൂടാതെ ക്രിസ്തുവിന്റെ പക്ഷ ക്കാരും ഉ ായിരുന്നു(1:12). ഇതു കൂടാതെ തന്നെ പല വിധമായ അധാർമ്മിക പ്രശ്നങ്ങളും, കൃപാവരങ്ങളോടുള്ള കാര്യങ്ങളിൽ ആശയക്കുഴപ്പങ്ങളും ഉ ായിരുന്നു. മറ്റൊരു പ്രധാന കാര്യം പൗലൊസിന്റെ അപ്പൊസ്തലത്വത്തെക്കുറിച്ചുള്ള സംശയങ്ങളായിരുന്നു.

## VII. പൗലൊസിന് കൊരിന്ത്യ സഭയുമായുള്ള ബന്ധം.

### A. കൊരിന്ത്യർക്ക് പൗലൊസ് എത്ര ലേഖനങ്ങൾ എഴുതി?

1. രണ്ടെണ്ണം മാത്രം - ഒന്നാം ലേഖനവും രണ്ടാം ലേഖനവും
2. മൂന്നെണ്ണം - ഒരെണ്ണം നഷ്ടപ്പെട്ടുപോയി.
3. നാലെണ്ണം - രണ്ടെണ്ണം നഷ്ടപ്പെട്ടുപോയി.
4. രണ്ടെണ്ണം നഷ്ടപ്പെട്ടുപോയി എന്നതിന് സൂചനകൾ ഉണ്ടെന്ന് ചില ആധുനിക പണ്ഡിതന്മാർ വാദിക്കുന്നു.
   a) മുമ്പ് എഴുതിയ ലേഖനം. 1കൊരി.5:9; (2കൊരി.6:14-17:1)
   b) താക്കീത് നല്കി എഴുതിയ ലേഖനം. 2കൊരി. 2:3-4,9; 7:8-12 (2കൊരി.10-13)
5. അഞ്ച് - (2കൊരിന്ത്യർ 10 മുതൽ 13 വരെ) തീത്തൊസിന്റെ കയ്യാൽ ലഭിച്ച വാർത്തകൾക്ക് മറുപടി നല്കിയ ലേഖനം.

**B. മൂന്നാമത്തെ അഭിപ്രായമായിരിക്കാം ഏറ്റവും സ്വീകാര്യം.**

1) മുമ്പ് എഴുതിയ ലേഖനം(1കൊരി.5:9)
2) 1കൊരിന്ത്യർ
3) കർശ്ശനമായി എഴുതിയ ലേഖനം (അതിന്റെ ഭാഗങ്ങൾ ആയിരിക്കാം. 2 കൊരിന്ത്യർ. 2:1-11 ലും 7:8-12 ലും പറഞ്ഞിരിക്കുന്നത്.)
4) 2 കൊരിന്ത്യർ

**C. സാധ്യത എന്താണെന്ന് താഴെ കാണുന്ന പട്ടിക വെളിപ്പെടുത്തുന്നു.**

| കാലഘട്ടം | സന്ദർശനം | ലേഖനം |
|---|---|---|
| എ.ഡി.50-52 പൗലൊസിന്റെ രണ്ടാം മിഷണറി യാത്ര | **a.** പൗലൊസിന്റെ രണ്ടാം മിഷണറി യാത്രയിൽ താൻ കൊരിന്ത്യയിൽ 18 മാസങ്ങൾ ഉണ്ടായിരുന്നു (അ.പ്ര.18:1-11). | |
| എ.ഡി.52 ഗല്ലിയോൻ ഭരിക്കുവാൻ തുടങ്ങിയത് എ.ഡി 52-ൽ ആയിരുന്നു.(അ.പ്ര.18:12-17). | | **a.** 1കൊരി.5:9-11 ൽ നിന്നും താൻ ദുർന്നടപ്പുകാരെ പരാമർശ്ശിച്ച് ഒരു കത്തെഴുതിയിരുന്നു എന്നു മനസ്സിലാക്കാം. ഈ കത്ത് നഷ്ടപ്പെട്ടുപോയ ഒന്നായിരിക്കാം. അല്ലാത്ത പക്ഷം 1) ചിലർ സംശയിക്കുന്നതുപോലെ 2കൊരി.6:14 മുതൽ 7:1 വരെയുള്ള ഭാഗങ്ങൾ ആ കത്തിന്റെ ഭാഗമായിരിക്കാം. അല്ലെങ്കിൽ 2) 2കൊരി.2:3,4,9-ലെ 'epistolary aorists' 2-ാം ലേഖനത്തെ തന്നെ പരാമർശ്ശിക്കുന്നതായിരിക്കാം. |
| എ.ഡി.56 | b. താൻ എഫെസൊസിൽ ആയിരുന്നപ്പോൾ സഭയിലെ വിഭാഗീയതയെക്കുറിച്ച് രണ്ടു കാരണങ്ങളാൽ അറിഞ്ഞു. 1) ക്ലോവയുടെ ആൾക്കാർ 1കൊരി.1:11 2) തന്നെ കാണുവാൻ വന്ന മൂന്നു പേർ(16:17). അവർ തന്നെയായിരിക്കണം സഭ എഴുതിയ കത്ത് പൗലൊസിനെ ഏല്പിച്ചത്(7:1). | |
| എ.ഡി.57 or എ.ഡി.57 | | b. പൗലൊസ് ഈ ചോദ്യങ്ങൾക്ക് (1കൊരി.7:1,25; 8:1; 12:1; 16:12) ഉത്തരം നല്കിയത് ഒന്നാം ലേഖനത്തിലൂടെയാണ്. തിമൊഥെയൊസ്എഫെസൊസിലെ വിശേഷങ്ങളുമായി വന്നു (1കൊരി.4:17). എന്നാൽ തിമൊഥെയൊസിന് വിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിഞ്ഞില്ല(1കൊരി.16:8) |
| | c. പൗലൊസ് വളരെ തിടുക്കത്തോടുകൂടെ മനോഭാരത്തോടെ കൊരിന്ത്യ സഭ സന്ദർശ്ശിച്ചു. (ഇക്കാര്യം അ.പ്രവൃത്തിയിൽ പറഞ്ഞിട്ടില്ല. 2കൊരി.2:1) ഈ സന്ദർശ്ശനം ഫലം കണ്ടില്ല. | |
| | | c. പൗലൊസ് വളരെ താക്കീത് നല്കി ഒരു കത്തെഴുതി (2കൊരി.2:3-4:9; 7:8-12). ഈ കത്ത് തീത്തൊസ് ആണ് കൊണ്ടുകൊടുത്തത് (2കൊരി.2:13; |

| | | |
|---|---|---|
| | | 7:13-15). ഈ കത്ത് നഷ്ടപ്പെട്ടുപോയിരിക്കാം. ചിലർ കരുതുന്നത് 2കൊരി.10-13 അദ്ധ്യായങ്ങൾ ആ കത്തിലേതെന്നാണ്. |
| | d. പൗലൊസ് ത്രോവാസിൽ വച്ച് തീത്തൊസിനെ കാണുവാൻ ശ്രമിച്ചു. എന്നാൽ തീത്തൊസ് എത്തിച്ചേർന്നില്ല. അങ്ങനെ പൗലൊസ് മക്കദോന്യയ്ക്കു പോയി(2കൊരി.2:13; 7:5,13). ഫിലിപ്പിയിൽ താൻ എത്തിയിരിക്കാം. | |
| | | d. തീത്തൊസിനെ ക പ്പോൾ സഭ തന്റെ നേതൃത്വത്തെ അംഗീകരിക്കുന്നു എന്നറിയുകയും 2കൊരിന്ത്യലേഖനം നന്ദി പറഞ്ഞ് എഴുതുകയു ായി(7:11-16). ഇത് തീത്തൊസ് തന്നെയായിരിക്കണം ഏല്പിച്ചത്. |
| എ.ഡി.57-58 | e. പൗലൊസ് കൊരിന്ത്യ അവസാനമായി സന്ദർശ്ശിച്ചത് അ.പ്ര.20:2-3 വരെയുള്ള വാക്യങ്ങളിൽ പറഞ്ഞിരിക്കുന്നതായിരിക്കാം. അവിടെ ഇക്കാര്യം എടുത്തു പറഞ്ഞിട്ടില്ലെങ്കിലും അങ്ങനെ അനുമാനിക്കപ്പെടുന്നു. അദ്ദേഹം അവിടെ മഞ്ഞുകാലമെല്ലാം കഴിഞ്ഞിരിക്കാം. | e. 1 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളുമായി നോക്കുമ്പോൾ 10 മുതൽ 13 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്ന ചെറിയ വൈകാരിക വ്യതിയാനം പരിഗണിച്ച് ചില പണ്ഡിതന്മാർ പറയുന്നത്, പൗലൊസ് 1മുതൽ 9 വരെയുള്ള അധ്യായങ്ങൾ എഴുതിക്കഴിഞ്ഞ ശേഷം വീ ും കൊരിന്ത്യ സഭയിൽ നിന്നും ചില മോശമായ വാർത്തകൾ തന്റെ അടുക്കൽ എത്തിയിരിക്കാം എന്നാണ്. (ഈ വാർത്തകൾ ആദ്യം തന്നെ ഇക്കാര്യങ്ങൾ അറിയിച്ചവരോ, ചില പ്പോൾ മറ്റു ചിലരോ എത്തിച്ചതായിരിക്കാം.) (F.F.Bruce) |

## VIII. ഉപസംഹാരം

A. സഭയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു പാസ്റ്ററായിട്ടാണ് പൗലൊസിനെ ഒന്നാം ലേഖനത്തിൽ നാം കാണുന്നത്. ഈ ലേഖനത്തിലും ഗലാത്യ ലേഖനത്തിലും സർവ്വലൗകിക സുവിശേഷ സത്യത്തെ മറ്റൊരു രീതിയിൽ - സഭയുടെ അപ്പോഴത്തെ ആവശ്യകത അനുസരിച്ച് - പ്രയോഗിക്കുകയാണ് പൗലൊസ് ചെയ്തിരിക്കുന്നത്. ഗലാത്യരോടുള്ള ബന്ധത്തിൽ സ്വാതന്ത്ര്യത്തെക്കുറിച്ചും കൊരിന്ത്യരോടുള്ള ബന്ധത്തിൽ സ്വാതന്ത്ര്യത്തിന്റെ പരിമിതികളെക്കുറിച്ചും.

B. ഈ കത്ത്, മറികടക്കുവാൻ പ്രയാസമായ തെറ്റായ ആചാരമര്യാദകളുടെ ഒരു സമാഹരവും അത്തരം ഒരു ആചാരമര്യാദകൾ പാലിക്കുന്നവരിൽ നല്കപ്പെടുന്ന പ്രായോഗിക സത്യം എന്നോ പറയാം. നാം 'സത്യം' എന്താണെന്നും 'ഒരു ആചാരമര്യാദയുടെ അടിസ്ഥാനത്തിൽ സത്യം' എന്താണെന്നും തരം തിരിച്ചറിഞ്ഞിരിക്കണം. ഇത്തരത്തിലുള്ള വ്യാഖ്യാനപരമായ കാര്യങ്ങളെക്കുറിച്ചുള്ള കൂടുതൽ അറിവിനായി Gordan D.Fee and Douglas Stuart's How To Read the Bible for All Its Worth, pp. 65-76 വായിക്കുക.

C. വചനം വ്യാഖ്യാനിക്കുവാൻ നാം എത്രത്തോളം പ്രാപ്തരാണെന്ന് ഈ ലേഖനം പഠിക്കുവാൻ ശ്രമിക്കുന്നതിലൂടെ മനസ്സിലാക്കാം. നമ്മുടെ ദൈവശാസ്ത്രത്തെക്കുറിച്ചുള്ള അറിവ് എത്രത്തോളം എന്ന് ഒരു വിചിന്തനത്തിന് ഇത് വഴിയൊരുക്കുന്നു. പ്രായോഗികമായി പറഞ്ഞാൽ, നമ്മോടുള്ള ദൈവഹിതം എന്താണെന്നറിയുവാനുള്ള ഒരു ജാലകം ആണ് ഈ ലേഖനം.

## IX. വിഷയവിഭജനം (Outline)

A. മുഖവുര 1:1-9

1. പൗലൊസിന്റെ വന്ദനം 1:1–3
2. പൗലൊസ് നന്ദി പറയുന്നു 1:4–9

B. കൊരിന്തിലെ പ്രശ്നങ്ങൾ 1:10–6:20
1. സഭയിലെ വിഭാഗീയത 1:10–4:12
2. അധാർമ്മികത 5:1–13
3. ക്രിസ്തീയ മാർഗ്ഗവും കോടതിക്കേസുകളും 6:1–11
4. ക്രിസ്തീയ സ്വാതന്ത്ര്യം 6:12–20

C. സംശയനിവാരണത്തിനായി സഭ അയച്ച കത്തിനുള്ള മറുപടി 7:1–16:4
1. ലൈംഗികപരമായ സംശയങ്ങൾ 7:1–40
2. ക്രിസ്തീയ സ്വാതന്ത്ര്യവും വിഗ്രഹാർപ്പിതവും 8:1–11:1
3. ക്രിസ്തീയ ആരാധനയും ആത്മീയതയും 11:2–14:40
4. ഭാവികാലത്തെക്കുറിച്ചുള്ള പരാമർശ്ശം - മരിച്ചവരുടെ ഉയിർപ്പ് 15:1–58
5. മാതൃസഭയായ യെരുശലേം സഭയ്ക്കുള്ള സഹായം 16:1–4

D. ഉപസംഹാരം
1. പൗലൊസിന്റെ യാത്രാവിവരണം 16:5–12
2. അന്തിമമായ പ്രബോധനങ്ങൾ 16:13–24

## X. വായിച്ചിരിക്കേ   പുസ്തകങ്ങൾ

A. *The Mind of St. Paul*, William Barclay, published by Harper & Row
B. *Paul, Apostle of the Heart Set Free*, F. F. Bruce, published by Eerdmans
C. *The Origins of Paul's Religion,* J. Gresham Machen, published by Eerdmans
D. *Paul, An Outline of His Theology*, Herman Ridderbos (translated by John De Witt), published by Eerdmans
E. *Epochs in the Life of Paul,* A. T. Robertson, published by Baker
F. *A Man In Christ*, James S. Stewart, published by Harper & Row
G. *Dictionary of Paul and His Letters*, published by IVP
H. *Paul in the Roman World*, *The Conflict at Corinth*, Robert M. Grant, publ. Westminister, John Knox Press
I. *Philo and Paul Among the Sophists*, Bruce W. Winter, published by Eerdmans
J. *After Paul Left Corinth*, Bruce W. Winter

## XI. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ   വാക്കുകളും പ്രയോഗങ്ങളും

1. 'വിശുദ്ധീകരിക്കപ്പെട്ടു' 1:2
2. 'യുഗങ്ങൾ' 2:7,8
3. 'ദൈവത്തിന്റെ ആഴങ്ങൾ' 2:10
4. 'ദൈവത്തിന്റെ മന്ദിരം' 3:9
5. 'നിങ്ങൾ ദൈവത്തിന്റെ മന്ദിരമാകുന്നു' 3:16,17
6. 'ദൈവിക മർമ്മങ്ങൾ' 4:1
7. 'അങ്ങനെയുള്ളവനെ സാത്താന്റെ കയ്യിൽ ഏല്പിക്കുക' 5:5
8. 'നാം ദൂതന്മാരെ വിധിക്കും' 6:3
9. 'നിങ്ങളും ആ വകക്കാർ ആയിരുന്നു' 6:11
10. 'കന്യകമാരെക്കുറിച്ചോ' 7:25
11. 'ഞാൻ തന്നെ അയോഗ്യനായിരിക്കാതിരിക്കേ   തിന്' 9:27
12. 'ഭൂതങ്ങൾക്കുള്ള ബലി' 10:20
13. 'കർത്താവിന്റെ പാനപാത്രത്തിൽ നിന്നും കുടിക്കുക' 10:21
14. 'ദൂതന്മാർ മുഖാന്തരം' 11:10
15. 'നിങ്ങളുടെ ഇടയിൽ ഭിന്നത ഉ   ന്നു കേൾക്കുന്നു' 11:18
16. 'യേശു ശപിക്കപ്പെട്ടവൻ' 12:3
17. 'ആത്മാവിന്റെ വിവേചനം' 12:10
18. 'ചിലമ്പുന്ന കൈത്താളം' 13:1

19. ‘പൂർണ്ണമായതു വരുമ്പോഴോ’ 13:10
20. ‘കണ്ണാടിയിൽ അവ്യക്തമായി കാണുന്നു’ 13:12
21. ‘പ്രവചനം’ 14:39
22. ‘നീക്കം വരുത്തും’ 15:24
23. ‘വിശുദ്ധന്മാർക്കു വേ   ിയുള്ള ധർമ്മ ശേഖരം’ 16:1

## XII. ഈ ലേഖനത്തിൽ അിറഞ്ഞിരിക്കേ   വ്യക്തികൾ

1. സോസ്തെനേസ് 1:1
2. ക്ലോവയുടെ ആളുകൾ 1:11
3. അപ്പൊല്ലൊസ് 1:12
4. കേഫാ 1:12
5. ക്രിസ്പൊസ്, ഗായൊസ് 1:14
6. ഈ ലോകത്തിന്റെ പ്രഭുക്കന്മാർ 2:6,8
7. പ്രാകൃത മനുഷ്യൻ 2:14
8. ആത്മികൻ 3:1
9. ക്രിസ്തുവിൽ ശിശു 3:1
10. കേഫാ 15:5
11. പന്തിരുവർ 15:5
12. യാക്കോബ് 15:7

## XIII. ഭൂപടത്തിൽ അറിഞ്ഞിരിക്കേ   സ്ഥലങ്ങൾ

1. കൊരിന്ത് 1:2
2. ഗലാത്യയിലെ സഭകൾ 16:1
3. യെരുശലേം 16:3
4. മക്കദോന്യ 16:5
5. എഫെസൊസ് 16:8
6. അഖായ 16:15
7. ആസ്യ 16:19

## XIV. ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ

1. എന്തുകൊ ് യഹൂദന്മാർ യേശുവിനെ മശിഹയായി സ്വീകരിക്കാതെ നിരസിച്ചുകളഞ്ഞു?
2. എന്തുകൊ ് യവനന്മാർ യേശുവിനെ തള്ളിക്കളഞ്ഞു?
3. എന്തുകൊ ാണ് പൗലൊസ് 1:18-25 ലും 2:1-5 ലും തത്വശാസ്ത്രത്തെ അത്രത്തോളം തരംതാഴ്ത്തി
4. സംസാരിക്കുന്നത്?
5. 1:26-31 വാക്യങ്ങളിലെ പ്രായോഗിക പാഠങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുക?
6. 3:10-15 വാക്യങ്ങളിൽ ആരെയാണ് പരാമർശിച്ചിരിക്കുന്നത്?
7. പൗലൊസ് സഭയെ എന്തുകൊ ാണ് കുറ്റപ്പെടുത്തുന്നത്? 5:1-8
8. ഇന്നും ക്രിസ്ത്യാനികൾ കോടതിയിൽ പോകരുതെന്നാണോ 6:1-11 ൽ പറഞ്ഞിരിക്കുന്നത്?
9. അവിവാഹിത അവസ്ഥയാണ് ദൈവഹിതമെന്നാണോ 7-ാം അദ്ധ്യായം പറയുന്നത്?
10. ഒരു വിശ്വാസിക്ക് അവിശ്വാസിയെ വിവാഹം കഴിക്കാമെന്നാണോ 7:12-13 പറയുന്നത്?
11. എങ്ങനെയാണ് 8-ാം അദ്ധ്യായം റോമർ 14-ാം അദ്ധ്യായവുമായി സാമ്യപ്പെട്ടിരിക്കുന്നത്?
12. എന്തുകൊ ാണ് പൗലൊസ് കൊരിന്ത്യ സഭയിൽ നിന്നും സാമ്പത്തിക സഹായം കൈപ്പറ്റാത്തത്?
13. 9:19-23 ന്റെ പ്രായോഗിക സാധ്യതകൾ എന്തെല്ലാം?
14. 10:1-13 സ്വന്തം വാക്കുകളിൽ വിശദീകരിക്കുക?
15. എന്തുകൊ ാണ് 10:13 ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം വിലയേറിയതായിരിക്കുന്നത്?
16. 10:23-ലെ ആത്മിക മൂല്യങ്ങൾ സ്വന്തം വാക്കുകളിൽ വ്യക്തമാക്കുക?
17. എങ്ങനെയാണ് 11:5, 14:34- മായി പൊരുത്തപ്പെടാതിരിക്കുന്നത്?
18. 11:30 പറയുന്നത് തിരുവത്താഴം അയോഗ്യമായി എടുത്തതിനാൽ ചിലർ മരിച്ചുപോയി എന്നാണോ?
19. പൗലൊസ് 11:34-ൽ പറയുന്ന പ്രസ്താവനയുടെ പശ്ചാത്തലമെന്ത്?

20. 11:7-ൽ പറയുന്ന ആത്മിക തത്വത്തിന്റെ പ്രായോഗിക തലമെന്ത്?
21. എങ്ങനെയാണ് ആത്മിക വരങ്ങൾ താലന്തുമായി ബന്ധപ്പെട്ടിരിക്കുന്നത്? എപ്പോഴാണ് ഒരു വിശ്വാസിക്ക്
22. ആത്മിക വരങ്ങൾ ലഭിക്കുന്നത്?
23. ‘‘എല്ലാവരും അന്യഭാഷയിൽ സംസാരിക്കുന്നുവോ?’’ (14:5) എന്നുള്ള പൗലൊസിന്റെ വാക്കുകളുടെ അർത്ഥം 12:29-30 ന്റെ അടിസ്ഥാനത്തിൽ എന്താണ്?

# പൗലൊസ് കൊരിന്ത്യർക്കെഴുതിയ ര ാം ലേഖനത്തിനൊരു മുഖവുര

## I. പ്രാരംഭ പ്രസ്താവനകൾ

A. ഈ പുസ്തകം അപ്പൊസ്തലന്റെ മറ്റേതു പുസ്തകത്തെക്കാളും തനിക്ക് ജാതികളോടുള്ള ഹൃദയ ഭാരവും മാനസ്സിക അടുപ്പവും വെളിപ്പെടുത്തുന്നു. ആത്മിക/ഇടയത്വപരമായി ഇതു തന്നെയാണ് ആത്മകഥയെന്നോളം തന്റെ ജീവിതവുമായി ഏറ്റവും അടുത്തുനില്ക്കുന്നത്.

B. ഈ പുസ്തകം, പൗലൊസ് പൂർത്തിയാക്കിയ ഏറ്റവും വലിയ സാഹിത്യരൂപമെന്നു കരുതാം. Raymond E Brown -ന്റെ "An Introduction to the New Testament' -ൽ ''പൗലൊസിന്റെ ലേഖനങ്ങളിൽവച്ച് 'പ്രസംഗശൈലിയിൽ' ഏറ്റവും സ്വാധീന ശക്തിയുള്ള ഭാഷ ഈ ലേഖനത്തിലാണ് കാണുന്നത്'' എന്നു പറഞ്ഞിരിക്കുന്നു. കൊരിന്തിൽ വന്ന് പൗലൊസിന്റെ പരസ്യസന്ദേശങ്ങളെയും ആശയങ്ങളെയും ഖണ്ഡിക്കുവാൻ ശ്രമിച്ച 'സോഫിറ്റ്സ്' എന്നറിയപ്പെട്ടിരുന്ന യുക്തിപരമായി വാദിക്കുന്നവർക്കെതിരായിട്ടാണ് പൗലൊസ് ഇത്തരം ഒരു ശൈലി അവലംബിച്ചിരിക്കുന്നത്.

**പഠനക്കുറിപ്പ് - സോഫിറ്റ്സ് (SOPHISTS)**

സോഫിയ എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം ജ്ഞാനം എന്നാണ്. അതുമായി ബന്ധപ്പെട്ട 'Sophistes' എന്ന വാക്കിന് 'പരിചയ സമ്പന്നനായ', 'പ്രസംഗ കലയിൽ നിപുണനായ' എന്നൊക്കെ അർത്ഥമു ് . ഇത് പലപ്പോഴും പര്യടനം നടത്തി പ്രസംഗിച്ച് തന്റെ ഒരു പാടവത്തിലൂടെ ഒരു പട്ടണത്തിൽ അവിടത്തെ അഭ്യസ്ത വിദ്യരുടെ മക്കളെ പരിശീലിപ്പിക്കുവാൻ ഒരു വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുവാൻ ശ്രമിക്കുന്ന ഒരുവനെക്കുറിച്ചാണ് ഉപയോഗിക്കാറുള്ളത്. അവന്റെ പരസ്യ സന്ദേശത്തിലെ കഴമ്പിലും സന്ദേശത്തിന്റെ സ്വാധീനത്താലുമാണ് മാതാപിതാക്കൾ അവരുടെ മക്കളെ അദ്ദേഹത്തിന്റെ കീഴിൽ അഭ്യസിപ്പിക്കുവാൻ തീരുമാനമെടുക്കുന്നത്.

വിദ്യാർത്ഥികളെ പരമാവധി സ്വാധീനിക്കുവാൻ ഇത്തരക്കാരുടെ ഇടയിൽ അവാച്യമായ മത്സരം ഉ ായിരുന്നു. അവർ തങ്ങളുടെ പ്രാരംഭ സന്ദേശം അതിനനുസൃതമായി ചിട്ടവട്ടപ്പെടുത്തിയിരുന്നു.തന്റെ സാധ്യതകളും ശ്രേഷ്ഠതകളും പറഞ്ഞു ഫലിപ്പിക്കുകയാണ് അവയിൽ പ്രധാനം.

കൊരിന്ത്യരോടുള്ള ബന്ധത്തിൽ പൗലൊസിന്റെ പ്രശ്നം ഇവയായിരിക്കാം.

1) സഭയിലെ വിഭാഗീയത. ഓരോരുത്തനും ഓരോ പ്രത്യേക ഗുരുവിനെ അനുഗമിക്കുന്നു എന്നവകാശപ്പെടുന്നു. (1കൊരി.1-4)
2 യെരുശലേമിൽ നിന്നും വന്ന യവന സംസ്ക്കാര പരമായി സ്വാധീനിക്കപ്പെട്ട യഹൂദ ഗുരുക്കന്മാർ.(2കൊരി. 10-13)

1 കൊരിന്ത്യർ 1 മുതൽ 4 വരെയുള്ള അദ്ധ്യായങ്ങളിൽ പൗലൊസ് 'ലോകജ്ഞാനത്തെ' നിരസിക്കുമ്പൊൾ -അതിനു കാരണം തങ്ങളുടെ തത്വശാസ്ത്രപരമായും കലാപരമായുമുള്ള അഭ്യസനത്തിൽ ഊറ്റം കൊ ് ഒരു കൂട്ടർ മറ്റെല്ലാറ്റിനെയും അവരുടെ മാനദണ്ഡം വച്ച് വിമർശിച്ച് ചോദ്യം ചെയ്തതായിരുന്നു. യഹൂദ ഗുരുക്കന്മാർ ഇത്തരം തത്വശാസ്ത്ര വിഭാഗങ്ങളിൽ ആകൃഷ്ടരായിത്തീരുവാനുള്ള കാരണം യഹൂദമതത്തിൽ ഇതിന്റെ വിത്തു പാകിയ അലക്സാഡ്രിയയിലെ ഫിലോയുടെയും അലക്സാസിയയിലെ അപ്പല്ലൊസിന്റെയും പശ്ചാത്തലവും പരിശീലനവും ആയിരിക്കാം.

പൗലൊസ് വളരെ നിപുണനായ ഒരു പ്രഭാഷകനല്ലായിരുന്നു. അതിനാൽത്തന്നെ അദ്ദേഹം ചോദ്യം ചെയ്യപ്പെട്ടിട്ടുമു ്. അതിനാൽ പൗലൊസ് അവരുടെ അതേ മാതൃകകയിൽ തന്റെ എഴുത്തിനെ ഏകോപിപ്പിച്ച് ശൈലീധനമാക്കി കരുപിടിപ്പിച്ചാണ് 2കൊരിന്ത്യർ 10 മുതൽ 13 വരെയുള്ള ഭാഗം എഴുതിയിരിക്കുന്നത്.

C. പൗലൊസിനെപ്പോലെ തന്നെ, ആത്മിക വേലിയേറ്റ വേലിയിറക്കങ്ങൾ (കോപം മുതൽ ഉദാത്തമായ സന്തോഷം വരെയുള്ള വികാരങ്ങൾ അനുസ്യൂതം ഒഴുകുന്ന) വിചിത്രമം വിധം സമ്മേളിക്കുന്ന ഒരു പുസ്തകമാണിത്.

D. ഈ പുസ്തകം തികെച്ചും ഒരു കത്ത് ആണെന്നതിനാൽ സംസാരഭാഷയുമായി തട്ടിച്ചു നോക്കുമ്പോൾ ആശയത്തിന്റെ പകുതി മാത്രമേ അവാചകരിൽ എത്തുന്നുള്ളൂ. പൗലൊസിന്റെ പ്രതികരണങ്ങൾക്കു പിന്നിലെ പല യുക്തിപരമായ പശ്ചാത്തലങ്ങളും ന്യായങ്ങളും വ്യക്തമായി തെളിഞ്ഞു എന്നു വരില്ല. പുതിയ നിയമ ലേഖനങ്ങൾ എല്ലാം തന്നെ ഇതുപോലെ പുതിയ നിയമ എഴുത്തുകളെല്ലാം എന്തെങ്കിലും ദൈവശാസ്ത്രപരമായ പ്രബന്ധങ്ങൾ അല്ല. അന്നത്തെ സാഹചര്യങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്ന ലേഖനങ്ങൾ ആണ്.

E. ഈ പുസ്തകം അഗാധമായ പഠനങ്ങൾക്കും പ്രസംഗങ്ങൾക്കും വിഷയീഭവിക്കുന്നില്ല. ഇത് വളരെ പരിതാപകരമാണ്. കാരണം ക്രിസ്തീയ ജീവിതത്തിലെ കഷ്ടതകളെക്കുറിച്ച് പൗലൊസ് ആധികാരികമായി പറയുന്ന ലേഖനമാണിത്.

F. പ്രാദേശിക സഭകളിലെ പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്ന ഒരു ഉൾക്കാഴ്ച്ച ഇടയശുശ്രൂഷ ചെയ്യുന്നവർക്ക് ഈ ലേഖനത്തിലൂടെ ലഭിക്കുന്നു. വ്യക്തിപരമായ പകയും തെറ്റിദ്ധാരണകളുമുള്ള സാഹചര്യങ്ങളിലും എങ്ങനെയാണ് നാം മുന്നോട്ടു പോകേ തെന്ന മാതൃകയാണ് പൗലൊസ് നല്കിയിരിക്കുന്നത്.

## II. എഴുത്തുകാരൻ

A. ആധുനിക ലോകത്തിൽ ബൈബിളിലെ പല പുസ്തകങ്ങളുടെയും കർതൃത്വം ചോദ്യം ചെയ്യപ്പെടുന്നു എങ്കിലും ഈ പുസ്തകം പൗലൊസിന്റേതല്ല എന്ന ഒരു വാദവും ഉയർന്നുവന്നിട്ടില്ല.

B. ഈ ലേഖനം ഒരു ജീവിത കഥ പോലെയുള്ളതിനാൽ ഇതിലെ പല പ്രയോഗങ്ങളും മനസ്സിലാക്കുവാൻ വളരെ പ്രയാസമാണ്. അതിനാൽ പൗലൊസിനെ അനുകരിച്ച് ആരോ ഇങ്ങനെ എഴുതി എന്ന വാദം സ്വീകാര്യമല്ല. ഈ ലേഖനത്തിന്റെ പ്രത്യേകതകളും ലേഖനത്തിലെ മനസ്സിലാക്കുവാൻ ബുദ്ധിമുട്ടുള്ള വസ്തുതകളും ഈ ലേഖനത്തിന്റെ മേന്മയെ വിളിച്ചോതുന്നു. പൗലൊസിന്റെ തന്നെ പല കത്തുകളുടെ സമാഹാരമാണ് 2കൊരിന്ത്യർ എന്നു ചിന്തിക്കുന്ന പല പണ്ഡിതന്മാരും ഉ ്. എന്നാൽ ഈ എഴുത്തുകാരൻ ഈ ലേഖനത്തിന്റെ അഖണ്ഡതയിൽ വിശ്വസിക്കുന്നു.

1. പുരാതന കയ്യെഴുത്തു പ്രതികളിൽ ഈ ലേഖനം ഒരു ഏകീകൃത എഴുത്തെന്നതിനു വിപരീതമായ പൊരുത്തക്കേടുകളുടെ യാതൊരു സൂചനയുമില്ല.
   a. ഭാഷാശൈലിപരമായി നോക്കിയാൽ ഇതിനെ പല എഴുത്തുകളായി തിരിക്കുവാൻ കഴിയുകയില്ല.
   b. ആകെയുള്ള 13 അദ്ധ്യായങ്ങളും ഇല്ലാത്ത ഒരു കയ്യെഴുത്തു പ്രതി പോലുമില്ല.
2. 2കൊരി.13 റോമിലെ ക്ലമന്റിന് (എ.ഡി.96) അന്യമായിരുന്നു എന്നു പറയപ്പെടുന്നു എങ്കിലും പോളിക്കാർപ്പ് അതിൽ നിന്നും ഉദ്ധരിച്ചിട്ടു ്. (എ.ഡി.105)
3. ഈ പുസ്തകത്തെ ഒരു യൂണിറ്റ് ആയി കരുതണം. ഈ പുസ്തകത്തിലെ 'കഷ്ടത' എന്ന പോലെയുള്ള പല പ്രധാന പ്രതിപാദ്യങ്ങളും പുസ്തകത്തിന്റെ അഖണ്ഡതയെ പിൻതാങ്ങുന്നു ്.
4. ഈ ലേഖനത്തെ പല ഖണ്ഡങ്ങളായി തിരിക്കത്തക്കവണ്ണമുള്ള യാതൊരു കാരണങ്ങളും ആന്തരിക തെളിവുകളായി ഈ ലേഖനത്തിലില്ല.

C. 1:1 ലും 10:1 ലും പൗലൊസാണ് ഈ ലേഖനത്തിന്റെ എഴുത്തുകാരനെന്നു പറഞ്ഞിട്ടു ്.

## III. കാലഘട്ടം

**A.** ര ാം ലേഖനമെഴുതിയ കാലം കണക്കാക്കുമ്പോൾ ഒന്നാം ലേഖനത്തെയും അപ്പൊസ്തല പ്രവൃത്തിയുടെ പുസ്തകത്തെയും അവഗണിക്കുവാൻ പറ്റുകയില്ല.

B. അ.പ്ര.18:1-18 വരെയും 20:2-3 വരെയുള്ള ഭാഗങ്ങൾ പൗലൊസ് അന്ന് കൊരിന്തിൽ ആയിരുന്നു എന്നു വ്യക്തമാക്കുന്നു. എന്നാൽ രേഖപ്പെടുത്താത്ത മറ്റൊരു കൊരിന്ത്യൻ സന്ദർശ്ശനം കൂടെ ഉ ായിരുന്നു എന്ന സൂചനയു ്. (2 കൊരി.2:1; മൂന്നാമത്തെ സന്ദർശ്ശനം 12:14, 13:1-2 എന്നിവിടങ്ങളിൽ സൂചിപ്പിച്ചിട്ടു ്. )

C. പൗലൊസിന്റെ ഈ സന്ദർശ്ശനങ്ങളും തന്റെ ലേഖനങ്ങളും തമ്മിൽ എത്രത്തോളം സമയപരമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് ഏറ്റവും വലിയ ചോദ്യം.

D. ഈ ലേഖനത്തിന്റെ കാലഗണനയ്ക്കുള്ള നേരിടുന്ന യഥാർത്ഥ പ്രശ്നമെന്നത് ബാഹ്യമായ തെളിവുകളുടെ അഭാവവും അ.പ്ര.18:1-18 മുതൽ അ.പ്ര. 20:2-3 വരെയുള്ള സംഭവങ്ങളുടെ അവ്യക്തതയുമാണ്.

E. പൗലൊസിന് കൊരിന്ത്യ സഭയുമായുള്ള ബന്ധം - സാധ്യതയുള്ളൊരു അഴിച്ചുപണി.

| കാലഘട്ടം | സന്ദർശനം | ലേഖനം |
|---|---|---|
| എ.ഡി.50-52 പൗലൊസിന്റെ ര ാം മിഷണറി യാത്ര<br><br>എ.ഡി.52 ഗല്ലിയോൻ ഭരിക്കുവാൻ തുടങ്ങിയത് എ.ഡി 52-ൽ ആയിരുന്നു.(അ.പ്ര.18:12-17). | **a.**പൗലൊസിന്റെ ര ാം മിഷണറി യാത്രയിൽ താൻ കൊരിന്ത്യയിൽ 18 മാസങ്ങൾ ഉ ായിരുന്നു (അ.പ്ര.18:1-11) | **a.**1കൊരി.5:9-11 ൽ നിന്നും താൻ ദുർന്നടപ്പുകാരെ പരാമർശ്ശിച്ച് ഒരു കത്തെഴുതിയിരുന്നു എന്നു മനസ്സിലാക്കാം. ഈ കത്ത് നഷ്ടപ്പെട്ടുപോയ ഒന്നായിരിക്കാം. അല്ലാത്ത പക്ഷം (1) ചിലർ സംശയിക്കുന്നതുപോലെ 2കൊരി.6:14 മുതൽ 7:1 വരെയുള്ള ഭാഗങ്ങൾ ആ കത്തിന്റെ ഭാഗമായിരിക്കാം. അല്ലെങ്കിൽ (2) 2കൊരി.2:3,4,9-ലെ 'epistolary aorists' 2-ാം ലേഖനത്തെ തന്നെ പരാമർശ്ശിക്കുന്നതായിരിക്ക |
| എ.ഡി.56 | b. താൻ എഫെസൊസിൽ ആയിരുന്നപ്പോൾ സഭയിലെ വിഭാഗീയതയെക്കുറിച്ച് ര ു കാരണങ്ങളാൽ അറിഞ്ഞു. 1) ക്ലോവയുടെ ആൾക്കാർ 1കൊരി.1:11 2) തന്നെ കാണുവാൻ വന്ന മൂന്നു പേർ(16:17). അവർ തന്നെയായിരിക്കണം സഭ എഴുതിയ കത്ത് പൗലൊസിനെ ഏല്പിച്ചത്(7:1). | |
| എ.ഡി.56 or എ.ഡി.57 | | b.പൗലൊസ് ഈ ചോദ്യങ്ങൾക്ക് (1കൊരി.7:1,25; 8:1; 12:1; 16:12) ഉത്തരം നല്കിയത് ഒന്നാം ലേഖനത്തിലൂടെയാണ്. തിമൊഥെയൊസ്എഫെസൊസിലെ വിശേഷങ്ങളുമായി വന്നു (1കൊരി.4:17). എന്നാൽ തിമൊഥെയൊസിന് വിഷയങ്ങൾ കൈകാര്യം ചെയ്യാൻ കഴിഞ്ഞില്ല(1കൊരി.16:8). |
| | c. പൗലൊസ് വളരെ തിടുക്കത്തോടുകൂടെ മനോഭാരത്തോടെ കൊരിന്ത്യ സഭ സന്ദർശ്ശിച്ചു. (ഇക്കാര്യം അ.പ്രവൃത്തിയിൽ പറഞ്ഞിട്ടില്ല. 2കൊരി.2:1) ഈ സന്ദർശ്ശനം ഫലം ക ില്ല. | |
| | | c. പൗലൊസ് വളരെ താക്കീത് നല്കി ഒരു കത്തെഴുതി (2കൊരി.2:3-4:9; 7:8-12). ഈ കത്ത് തീത്തൊസ് ആണ് കൊ ുകൊടുത്തത് (2കൊരി.2:13; 7:13-15). ഈ കത്ത് നഷ്ടപ്പെട്ടുപോയിരിക്കാം. ചിലർ കരുതുന്നത് 2കൊരി.10-13 അദ്ധ്യായങ്ങൾ ആ കത്തിലേതെന്നാണ്. |
| | d. പൗലൊസ് ത്രോവാസിൽ വച്ച് തീത്തൊസിനെ കാണുവാൻ ശ്രമിച്ചു. എന്നാൽ തീത്തൊസ് എത്തിച്ചേർന്നില്ല. അങ്ങനെ പൗലൊസ് മക്കദോന്യയ്ക്കു പോയി(2കൊരി.2:13; 7:5,13). ഫിലിപ്പിയിൽ താൻ എത്തിയിരിക്കാം. | |
| | | d. തീത്തൊസിനെ ക പ്പോൾ സഭ തന്റെ നേതൃത്വത്തെ അംഗീകരിക്കുന്നു എന്നറിയുകയും 2കൊരിന്ത്യലേഖനം നന്ദി പറഞ്ഞ് എഴുതുകയു ായി(7:11-16). ഇത് തീത്തൊസ് തന്നെയായിരിക്കണം ഏല്പിച്ചത്. |
| എ.ഡി.57-58 | e. പൗലൊസ് കൊരിന്ത്യ അവസാനമായി സന്ദർശ്ശിച്ചത് അ.പ്ര.20:2-3 വരെയുള്ള | e. 1 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളുമായി നോക്കുമ്പോൾ 10 |

| | | |
|---|---|---|
| | വാകൃങ്ങളിൽ പറഞ്ഞിരിക്കുന്നതായിരിക്കാം. അവിടെ ഇക്കാര്യം എടുത്തു പറഞ്ഞിട്ടില്ലെങ്കിലും അങ്ങനെ അനുമാനിക്കപ്പെടുന്നു. അദ്ദേഹം അവിടെ മഞ്ഞുകാലമെല്ലാം കഴിഞ്ഞിരിക്കാം. | മുതൽ 13 വരെയുള്ള അദ്ധ്യായങ്ങളിൽ കാണുന്ന ചെറിയ വൈകാരിക വ്യതിയാനം പരിഗണിച്ച് ചില പണ്ഡിതന്മാർ പറയുന്നത്, പൗലൊസ് 1മുതൽ 9 വരെയുള്ള അധ്യായങ്ങൾ എഴുതിക്കഴിഞ്ഞ ശേഷം വീ ും കൊരിന്ത്യ സഭയിൽ നിന്നും ചില മോശമായ വാർത്തകൾ തന്റെ അടുക്കൽ എത്തിയിരിക്കാം എന്നാണ്. (F.F.Bruce) അല്ലായെങ്കിൽ, 1 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങൾ കൊരിന്ത്യസഭയിലെ വിശ്വസ്തരായ വിശ്വാസികളെ കേന്ദ്രീകരിച്ചെഴുതിയതും 10 മുതൽ 13 വരെയുള്ള അദ്ധ്യായങ്ങൾ പ്രശ്നക്കാരായവരെ ലക്ഷ്യമിട്ട് എഴുതിയതുമായിരിക്കാം. (from J.W.Mac Gorman) |

## VI. കൊരിന്ത്യർക്ക് പൗലൊസ് എത്ര ലേഖനങ്ങൾ എഴുതി?

A. രെ ണ്ണം മാത്രം - ഒന്നാം ലേഖനവും ര ാം ലേഖനവും

B. മൂന്നെണ്ണം - ഒരെണ്ണം നഷ്ടപ്പെട്ടുപോയി.

C. നാലെണ്ണം - രെ ണ്ണം നഷ്ടപ്പെട്ടുപോയി.

D. രെ ണ്ണം നഷ്ടപ്പെട്ടുപോയി എന്നതിന് സൂചനകൾ ഉ ന്ന് ചില ആധുനിക പണ്ഡിതന്മാർ വാദിക്കുന്നു.
   1. മുമ്പ് എഴുതിയ ലേഖനം. 1കൊരി.5:9; (2കൊരി.6:14-17:1)
   2. താക്കീത് നല്കി എഴുതിയ ലേഖനം. 2കൊരി. 2:3-4,9; 7:8-12 (2കൊരി.10-13)

E. അഞ്ച് - (2കൊരിന്ത്യർ 10 മുതൽ 13 വരെ) തീത്തൊസിന്റെ കയ്യാൽ ലഭിച്ച വാർത്തകൾക്ക് മറുപടി നല്കിയ ലേഖനം.

F. മൂന്നാമത്തെ അഭിപ്രായമായിരിക്കാം ഏറ്റവും സ്വീകാര്യം.
   1. മുമ്പ് എഴുതിയ ലേഖനം (1കൊരി.5:9)
   2. 1 കൊരിന്ത്യർ
   3. കർശ്ശനമായി എഴുതിയ ലേഖനം (അതിന്റെ ഭാഗങ്ങൾ ആയിരിക്കാം. 2കൊരിന്ത്യർ.2:1-11ലും 7:8-12 ലും പറഞ്ഞിരിക്കുന്നത്.)
   4. 2 കൊരിന്ത്യർ

## V. കൊരിന്തിലെ പൗലൊസിന്റെ ശത്രുക്കൾ

A. ര ാം ലേഖനത്തിലെ പ്രശ്നമെന്നത് കൊരിന്തിലെ വിവിധ പ്രാദേശിക സഭകളിൽ മേൽക്കോയ്മയിൽ ഉ ായിരുന്ന വിഭാഗീയതയാണ്. (ഇത് ഒന്നാം ലേഖനത്തിൽ ഉ ായിരുന്ന അതേ വിഭാഗീയത ആയിരിക്കണമെന്നില്ല. )
   1. പരമ്പരാഗതമായ റോമൻ രീതികളെയും ആചാരങ്ങളെയും അനുകൂലിക്കുന്ന ഒരു വിഭാഗം വിശ്വാസികൾ അവിടെ ഉ ായിരുന്നു.
   2. പരമ്പരാഗതമായ യവന രീതികളെ അനുകൂലിക്കുന്ന ഒരു കൂട്ടം വിശ്വാസികൾ അവിടെ ഉ ായിരുന്നു.
   3. പരമ്പരാഗതമായ യഹൂദ ആചാരാനുഷ്ഠാനങ്ങൾ അനുകൂലിക്കുന്ന ഒരു കൂട്ടം വിശ്വാസികൾ അവിടെ ഉ ായിരുന്നു.
   4. ഒരു പൗരനെന്ന അവകാശമൊന്നുമില്ലാത്ത അവകാശങ്ങൾ നിഷേധിക്കപ്പെട്ട ഒരു വിഭാഗം വിശ്വാസികൾ അവിടെ ഉ ായിരുന്നു.

B. പാലസ്തീനിൽ നിന്നും എത്തിയ യഹൂദന്മാരായ പ്രക്നക്കാരായ ആളുകൾ ഇതിനോടുകൂടെ മറ്റു ഛിദ്രിപ്പുകൾ ഉ ാക്കി. (cf.2.കൊരി.10-13). ഗലാത്യയിലുള്ള ജൂത മതക്കാരിൽ നിന്നും (കൊലൊസ്യയിലെ യഹൂദ യവന യാഥാസ്ഥിതികരിൽ നിന്നും) ഇവർ വ്യത്യസ്തരായിരുന്നു. അവർ പലപ്പോഴും അപ്പൊല്ലോസിനു സമമായി മനോഹരമായി പരിശീലിപ്പിക്കപ്പെട്ട കരിസ്മാറ്റിക് വക്താക്കൾ ആയിരിക്കാം.

C. തനിക്കെതിരായി വന്ന ആരോപണങ്ങൾക്ക് പൗലൊസ് പ്രതികരിച്ചിട്ടുള്ളവ താഴെ പറയുന്നവയാണ്.

1. പൗലൊസ് ചഞ്ചല ഹൃദയനാണ്. (ie. താൻ തന്റെ യാത്രാപദ്ധതികൾ മാറ്റാറു ്. (1:15)
2. പൗലൊസ് ശക്തനായ എഴുത്തുകാരനാണ്; എന്നാൽ ശരീര പ്രകൃതി വളരെ ബലഹീനമാണ് (10:10)
3. പൗലൊസ് വളരെ തഴക്കം ചെന്ന പ്രസംഗകൻ അല്ല. (10:10, 11:6)
4. പൗലൊസ് സാമ്പത്തിക സഹായം സ്വീകരിക്കുന്നില്ല. 11:7 ള്ള 12:13 ള്ള
5. പൗലൊസ് ഒരു യഥാർത്ഥ അപ്പൊസ്തലൻ അല്ല. 11:5,13,12:4
6. പൗലൊസ് ഒരു പ്രതിബദ്ധതയുള്ള യഹൂദനല്ല. 11:21 ള്ള
7. തങ്ങൾക്ക് ലഭിച്ചതു പോലെ പൗലൊസിന് നേരിട്ടുള്ള വെളിപ്പാടുകളോ ദർശ്ശനങ്ങളോ സിദ്ധിച്ചിരുന്നില്ല. 12:1 ff.

## VI. ര ാം ലേഖനം എഴുതുവാനുള്ള കാരണവും എഴുത്തിന്റെ ലക്ഷ്യവും

A. പൗലൊസിന്റെ നേതൃത്വത്തോട് ക്രിയാത്മകമായി പ്രതികരിച്ച സഭയോടുള്ള നന്ദി പറയുക.. (cf 2:12,13; 7:11–16)

B. തന്റെ മൂന്നാമത്തെ സന്ദർശനത്തിനുള്ള തയാറെടുപ്പ് (10:1–11)
തന്റെ ര ാമത്തെ സന്ദർശനം വേദനാജനകവും ഫലശൂന്യവുമായിരിക്കാം. 10 മുതൽ 13 വരെയുള്ള അദ്ധ്യായങ്ങളിൽ ഈ ഒരു വൈകാരിക വ്യതിയാനം വ്യക്തമാണ്. ഇതിൽ നിന്നും ചിലർ വിചാരിക്കുന്നത് പൗലൊസ് എഴുതിയ പല ലേഖനങ്ങളുടെ സമാഹാരമാണ് 2കൊരിന്ത്യർ എന്നാണ്. തന്റെ എഴുത്തു പുരോഗമിക്കവെ കൊരിന്ത്യ സഭയിൽ ഉ ായ പുതിയ സംഭവവികാസങ്ങൾ അറിഞ്ഞിട്ടാകാം ഇങ്ങനെ എഴുതേ ിവന്നത്. വൈകാരിക പ്രസക്തിയുള്ള ഒരു അനുബന്ധമായി ഇതിനെ പരിഗണിക്കാം.

C. പൗലൊസിന്റെ
1. വ്യക്തിത്വം
2. ഉദ്ദേശ ശുദ്ധി
3. അധികാരം
4. പ്രസംഗശൈലി
5. സുവിശേഷ സന്ദേശം

എന്നിവയെ ചോദ്യം ചെയ്യുന്ന പ്രസംഗകർക്ക് (10–12) ന്യായമായ മറുപടി നല്കുക.

## VII. പുസ്തകത്തിന്റെ വിഷയവിഭജനം (Outline)

A. ഈ പുസ്തകത്തിന്റെ വിഷയവിഭജനം വളരെ പ്രയാസമാണ്. കാരണം,
1. ലേഖനത്തിൽ അവിടവിടെ കാണുന്ന വൈകാരിക മാറ്റം (mood swings)
2. വിഭിന്നമായ വിഷയങ്ങൾ
3. വിഷയങ്ങൾക്കിടയിൽ വരുന്ന വിശാലമായ അധിക വിശദീകരണങ്ങൾ 2:14–7:1 or 7:4
4. അന്നത്തെ പ്രാദേശിക സ്ഥിതിഗതികളെക്കുറിച്ചുള്ള നമ്മുടെ അജ്ഞത

B. എങ്കിലും, വ്യക്തമായും, മൂന്നു പ്രധാനപ്പെട്ട വിഭജനം സാധ്യമാണ്.
1. തീത്തൊസിന്റെ സന്ദേശത്തിനനുസൃതമായി പൗലൊസ് തന്റെ യാത്രകൾ ക്രമീകരിക്കുന്നു. (അദ്ധ്യാ.1–7) (ഈ ഭാഗത്ത് തന്റെ അപ്പൊസ്തലത്വത്തെ പരാമർശ്ശിക്കുന്ന ഒരു അധിക വിശദീകരണം നാം കാണുന്നു). (2:14–7:1 or 7:4)
2. യെരുശലേം സഭയ്ക്കുള്ള സാമ്പത്തിക സഹായത്തിനു വേ ിയുള്ള പൗലൊസിന്റെ പ്രോത്സാഹനം (അദ്ധ്യാ.8,9)
3. തന്റെ അപ്പൊസ്തലത്വം തെളിയിക്കുന്നു അദ്ധ്യാ.10–13

C. ര ാം ലേഖനത്തിന്റെ അഖണ്ഡത ഈ ലേഖകൻ തറപ്പിച്ചു പറയുവാൻ കാരണങ്ങൾ
1. പുരാതന കയ്യെഴുത്തു പ്രതികളിൽ ഈ ലേഖനം ഒരു ഏകീകൃത എഴുത്തെന്നതിനു വിപരീതമായ പൊരുത്തക്കേടുകളുടെ യാതൊരു സൂചനയുമില്ല.
   a. ഭാഷാശൈലിപരമായി നോക്കിയാൽ ഇതിനെ പല എഴുത്തുകളായി തിരിക്കുവാൻ കഴിയുകയില്ല.
   b. ആകെയുള്ള 13 അദ്ധ്യായങ്ങളും ഇല്ലാത്ത ഒരു കയ്യെഴുത്തു പ്രതി പോലുമില്ല.

2. 2 കൊരി.13 റോമിലെ ക്ലമന്റിന് (എ.ഡി.96) അന്യമായിരുന്നു എന്നു പറയപ്പെടുന്നു എങ്കിലും പോളിക്കാർപ്പ് അതിൽ നിന്നും ഉദ്ധരിച്ചിട്ടു ്. (എ.ഡി.105)
3. ഈ പുസ്തകത്തെ ഒരു യൂണിറ്റ് ആയി കരുതണം. ഈ പുസ്തകത്തിലെ 'കഷ്ടത' എന്ന പോലെയുള്ള പല പ്രധാന പ്രതിപാദ്യങ്ങളും പുസ്തകത്തിന്റെ അഖണ്ഡതയെ പിൻതാങ്ങുന്നു ്.
4. ഈ ലേഖനത്തെ പല ഖണ്ഡങ്ങളായി തിരിക്കത്തക്കവണ്ണമുള്ള യാതൊരു കാരണങ്ങളും ആന്തരിക തെളിവുകളായി ഈ ലേഖനത്തിലില്ല.

## VIII. അിറഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. 'കൃപയും സമാധാനവും' 1:2
2. 'കർത്താവായ യേശുവിന്റെ നാളിൽ' 1:14
3. മുദ്രയിട്ടിരിക്കുന്നു 1:22
4. ജയോത്സവമായി നടത്തുന്നു 2:14
5. വാസന 2:14
6. ദൈവവചനത്തിൽ കൂട്ടുചേർക്കുക 2:17
7. ശ്ലാഘ്യപത്രം 3:1
8. ആത്മാവാകുന്ന കർത്താവിന്റെ ദാനമായി 3:18
9. പുറമെയുള്ള മനുഷ്യൻ 4:16
10. അകമെയുള്ളവൻ 4:16
11. ഭൗമഭവനം 5:1
12. ആത്മാവിനെ അച്ചാരമായി 5:5
13. പുതിയ സൃഷ്ടി 5:17
14. നിരപ്പിച്ചു 5:18
15. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല 10:4
16. വെളിച്ചദൂതൻ 11:14
17. മൂന്നാം സ്വർഗ്ഗം 12:2
18. പറുദീസ 12:4
19. വിശുദ്ധ ചുംബനം 13:12

## IX. ഈ ലേഖനത്തിൽ അിറഞ്ഞിരിക്കേ വ്യക്തികൾ

1. ''ഈ ലോകത്തിന്റെ ദൈവം'' - 4:4
2. ബെലിയാൽ 6:15
3. തീത്തൊസ് 7:6

## X. ഭൂപടത്തിൽ അിറഞ്ഞിരിക്കേ സ്ഥലങ്ങൾ

1. അഖായ 1:1
2. ആസ്യ 1:8
3. മക്കദോന്യ 1:16
4. യെഹൂദ്യ 1:16
5. കൊരിന്ത്യ 1:23
6. ത്രോവാസ് 2:12
7. ദമാസ്ക്കസ് 11:32

## XI. ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ

1. 1:20 -ന്റെ ദൈവശാസ്ത്രപരമായ പ്രായോഗികതകൾ എന്തെല്ലാം?
2. 3:6 സ്വന്തം വാക്കുകളിൽ വിശദീകരിക്കുക
3. 3-ാം അദ്ധ്യായത്തിൽ 'മൂടുപടം' എന്ന വാക്ക് ര ് വ്യത്യസ്ത ആശയങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതെങ്ങനെ?(4:3)
4. 4:7-11; 6:4-10; 11:23-28 തുടങ്ങിയ ഭാഗങ്ങളിൽ പൗലൊസിനു ായ പീഢനങ്ങൾ ഓരോന്നും അക്കമിട്ടെഴുതുക?
5. വിശ്വാസികൾ ക്രിസ്തുവിന്റെ ന്യായാസനത്തിൻ മുമ്പിൽ നില്ക്കേ ി വരുമോ? എങ്കിൽ എന്തിനു വേ ി?

6. 5:14-5 വാക്യങ്ങൾ പറയുന്ന ആത്മിക തത്വങ്ങൾ സ്വന്തം വാക്കുകളിൽ വിശദീകരിക്കുക?
7. 5:21 പഠിപ്പിക്കുന്ന 'ഉപദേശം'എന്ത്?
8. 8,9 അദ്ധ്യായങ്ങളിൽ 'ദാനം' ചെയ്യുന്ന കാര്യത്തിൽ പറഞ്ഞിരിക്കുന്ന തത്വങ്ങൾ ഓരോന്നായി എഴുതുക.
9. പൗലൊസിന്റെ ശത്രുക്കൾ പൗലൊസിനെ (10:10) എങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത്?
10. 11:4-ൽ പൗലൊസ് ആരെയാണ് പരാമർശിച്ചിരിക്കുന്നത്?
11. പൗലൊസ് തന്നെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുന്നത് എങ്ങനെയെല്ലാം? 11:21-30
12. പൗലൊസിന്റെ ജഡത്തിലെ ശൂലം എന്തായിരുന്നു?(12:7)

# ഗലാത്യ ലേഖനം: ഒരു മുഖവുര

## I. പ്രാരംഭ പ്രസ്താവന

A. 'രക്ഷ' കൃപയാൽ മാത്രം വിശ്വാസത്താൽ മാത്രമെന്ന് വ്യക്തമാക്കുന്ന ലേഖനങ്ങളിലൊന്നാണ് ഗലാത്യ ലേഖനം. ക്രിസ്തീയ സ്വാതന്ത്ര്യത്തിന്റെ 'മാഗ്ന കാർട്ട' എന്നാണ് (The Magna Carta of Christian Liberty) ഇതിനെ വിളിക്കുന്നത്.

B. നവോത്ഥാനത്തിന് തിരി കൊളുത്തിയത് ഈ ലേഖനമായിരുന്നു.

1. മാർട്ടിൻ ലൂഥർ ഇങ്ങനെ പറഞ്ഞിട്ടു ്, ''ഗലാത്യ ലേഖനം എന്ന ചെറിയ ലേഖനം എനിക്കുള്ള ലേഖനമാണ്; അതിനെ ഞാൻ എനിക്കു വേ ി വിവാഹ നിശ്ചയം ചെയ്തിരിക്കുന്നു; അതു തന്നെയാണ് എന്റെ ഭാര്യ.''
2. ഗലാത്യ ലേഖനത്തെ അധികരിച്ചുള്ള ഒരു സന്ദേശമാണ് ജോൺ വെസ്ലിക്ക് നിത്യ സമാധാനത്തിനു കാരണമായത്.
3. വാഗൻ (Curtis Vaughan) തന്റെ 'സ്റ്റഡി ഗൈഡ് കമന്ററി'യിൽ (Study Guide Commentary) പേജ് 11-ൽ ഇങ്ങനെ എഴുതിയിരിക്കുന്നു, ''മനുഷ്യ മനസ്സുകളെ അങ്ങേയറ്റം സ്വാധീനിച്ച് മനുഷ്യ ചരിത്ര ഗതിയെ ശ്രദ്ധേയമാം വിധം രൂപപ്പെടുത്തി, അതേ ഉദ്ദേശശുദ്ധിയോടു കൂടെ ആധുനിക ജീവിതത്തിന്റെ നിർണ്ണായകമായ ആവശ്യകതകളോടുള്ള ബന്ധത്തിൽ ഇന്നും തുടർമാനമായി സംസാരിച്ചു കൊ ിരിക്കുന്നത് ചുരുക്കം ചില പുസ്തകങ്ങളാണ്''.

C. പൗലൊസിന്റെ ഒന്നാമത്തേത് എന്നു കരുതാവുന്ന, ഉപദേശങ്ങൾക്ക് പ്രാധാന്യം നല്കിയിരിക്കുന്ന ഈ ലേഖനം, റോമാലേഖനത്തിനൊരു മുഖവുരയാണെന്നു പറയാം. ക്രിസ്തീയ മാർഗ്ഗത്തിൽ യഹൂദ മതത്തിന് പ്രാധാന്യം നല്കുന്നവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തികൾക്ക് പ്രാധാന്യം നല്കുമ്പോൾ വിശ്വാസത്താലുള്ള നീതീകരണത്തെ ക്രമീകൃതമായി ഇതിൽ ചിത്രീകരിച്ചിരിക്കുന്നതു കാണാം.

1. ഒരേ സമയം ന്യായപ്രമാണത്തിലൂടെയും കൃപയിലൂടെയും രക്ഷ സാധ്യമല്ല.
2. രക്ഷ ഒന്നുകിൽ ന്യായപ്രമാണത്തിലൂടെയാണ്, അല്ലായെങ്കിൽ കൃപയിലൂടെയാണ്.
3. ക്രിസ്തുവിനോട് അനുരൂപരാകുന്നത് യഥാർത്ഥ രൂപാന്തരത്തിനു വഴി തെളിക്കും.
4. ക്രിസ്തീയ യാഥാസ്ഥിതികതയെ സൂക്ഷിക്കുക.

D. കൃപയാലും വിശ്വാസത്താലും മാത്രം ലഭിക്കുന്ന പ്രവൃത്തികൾക്ക് യാതൊരു സ്ഥാനവുമില്ലാത്ത ഈ രക്ഷ, ഇന്നു കർമ്മമാർഗ്ഗത്തിലധിഷ്ഠിതമായ - വ്യക്തിപരസ്വാതന്ത്ര്യപ്രാധാന്യമുള്ള നമുടെ മതപശ്ചാത്തലത്തിൽ അങ്ങേയറ്റം ആവശ്യമായി വന്നിരിക്കുന്നു. യാതൊരു കാലഘട്ടത്തിലും ദൈവം തുടങ്ങിവയ്ക്കുന്ന, സ്വയപരിത്യാഗപരമായ, പ്രതിഫലേച്ഛയില്ലാത്ത, മനുഷ്യന്റെ പശ്ചാത്താപത്താലും വിശ്വാസത്താലും ലഭിക്കുന്ന, ലളിതമായ ഈ സനാതന സത്യം ചോദ്യം ചെയ്യപ്പെട്ടിട്ടു ്. വാസ്തവത്തിൽ ഇത്തരം ദുരുപദേശകർ രക്ഷയുടെ അടിസ്ഥാന സത്യത്തെ നിരസിക്കുകയല്ല, പ്രത്യുത അതിനോട് ചിലത് കൂട്ടിച്ചേർക്കുകയാണ് ചെയ്യുന്നത്. <u>കൂട്ടിച്ചേർക്കുക എന്നതിലല്ല, നാം ചേർക്കാതിരിക്കുക എന്നതിലാണ് കാര്യം.</u>

## II. ഗ്രന്ഥകർത്താവ്

പൗലൊസിന്റെ ഈ ലേഖനത്തിന്റെ കർതൃത്വം തന്റെ മറ്റു ലേഖനങ്ങളുടേതിൽ എന്നതുപോലെ ഇതുവരെയും കാര്യമായി ചോദ്യം ചെയ്യപ്പെട്ടിട്ടില്ല എന്നത്, പൗലൊസിന്റെ ലേഖനങ്ങളുടെ മധ്യത്തിൽ ഇതിന് നല്ലൊരു സ്ഥാനം ലഭിക്കാൻ കാരണമായിരിക്കുന്നു. ഗലാത്യ ലേഖനം ആത്മകഥാപരവും വ്യക്തിപരവും ആണ്. ഇത് വളരെ വൈകാരിക പ്രാധാന്യമുള്ളതും അതേസമയം യുക്തിപരവും ആണ്.

## III. എഴുതിയ കാലം/ സ്വീകർത്താക്കൾ

A. ഇത്തരുണത്തിൽ എഴുതിയ കാലവും ആർക്കെഴുതി എന്നതും ഒരുമിച്ചു പരിഗണിക്കേ ിവരുന്നു; കാരണം, ആർക്കെഴുതി എന്നതിനെ സംബന്ധിച്ചുള്ള ര ്

പ്രധാനപ്പെട്ട സിദ്ധാന്തങ്ങൾ, ഈ കത്തിന്റെ, എഴുതിയ കാലക്കണക്കിനെ കാര്യമായി ബാധിക്കുന്നു ്.

B. ര ു സിദ്ധാന്തങ്ങൾ താഴെ പറയുന്നവയാണ്.

1. 18-ാം നൂറ്റാ ു വരെ വിശ്വസിക്കപ്പെട്ട പരമ്പരാഗതമായ സിദ്ധാന്തം.

a) പൗലൊസ് ഗലാത്യയുടെ വടക്കൻ ഭാഗങ്ങളിലുള്ള സഭകൾക്ക് എഴുതി എന്നതാണിത്. ഇതിനെ 'നോർതേൺ ഗലേഷ്യൻ തിയറി' എന്നു വിളിക്കുന്നു.

b) ഈ സിദ്ധാന്ത പ്രകാരം ഗലാത്യ എന്നു പറയുന്നത് ഗലാത്യ വംശജരടങ്ങുന്ന ത 3-ാം നൂറ്റാ ിൽ ഈ പ്രദേശങ്ങൾ ആക്രമിച്ചവർ (Celts) ആണ് (Greek Kelto; or Catin Gall). അവരെ അവരുടെ പടിഞ്ഞാറൻ യൂറോപ്യൻ സഹോദരവർഗ്ഗത്തിൽ നിന്നും വേർതിരിച്ചറിയുവാൻ 'ഗാലോ-ഗ്രാഷ്യൻസ്' (Gallo – Graecians) എന്നാണു വിളിക്കാറുള്ളത്. അവരെ ആഇ 230-ൽ പെർഗ്ഗെമോസിലെ രാജാവ് (Attalus I) പരാജയപ്പെടുത്തിയിരുന്നു. അവരുടെ ഭൂമിശാസ്ത്രപരമായ സ്വാധീനം ആസ്യയുടെ വടക്കൻ മധ്യഭാഗങ്ങളിൽ ആയിരുന്നു - ഇന്നത്തെ ആധുനിക തുർക്കി.

c) മുകളിൽ പറഞ്ഞത് വാസ്തവമെന്നു വരികിൽ ഈ ലേഖനത്തിന്റെ കാലം 50-കളുടെ മധ്യത്തിൽ പൗലൊസിന്റെ ര ാമത്തെയോ മൂന്നാമത്തെയോ മിഷണറിയാത്രയിൽ ആയിരിക്കാം. അന്ന് പൗലൊസിന്റെ സഹയാത്രികർ ശീലാസും തീത്തൊസും ആയിരുന്നിരിക്കാം.

d) ഗലാ.4:13-ൽ പറയുന്ന പൗലൊസിന്റെ ബലഹീനതയെ 'മലേറിയ' രോഗവുമായി ബന്ധപ്പെടുത്തുന്നവരു ്. അവരുടെ അഭിപ്രായ പ്രകാരം തെക്കുഭാഗത്തുള്ള മലേറിയ സാധ്യതയുള്ള ചതുപ്പായ തീരപ്രദേശങ്ങളെ ഒഴിവാക്കുവാനായിരിക്കാം പൗലൊസ് താരതമ്യേന ഉയർന്ന വടക്കൻ പ്രദേശങ്ങളിലേക്ക് പോയത്.

2. റാംസേയാണ് ര ാമത്തെ സിദ്ധാന്തത്തിന്റെ പിന്നിൽ (Sir Wm.M. Ramsay, St. Paul the Traveller and Roman Citizen, New York: G.P.Putnam's Sons, 1896)

a) പരമ്പരാഗത സിദ്ധാന്തം 'വംശീയ ഗലാത്യ'യെ അനുകൂലിക്കുമ്പോൾ, ഈ സിദ്ധാന്തം 'രാഷ്ട്രീയ ഗലാത്യയെയാണ് അനുകൂലിക്കുന്നത്. പലപ്പോഴും പൗലൊസ് റോമൻ പ്രവിശ്യകളെ പരാമർശ്ശിച്ചിട്ടു ് എന്നത് വാസ്തവമാണ് (cf 1കൊരി.16:19; 2കൊരി.1:1; 8:1 etc.). അങ്ങനെയെങ്കിൽ റോമൻ പ്രവിശ്യയായ 'ഗലാത്യ' 'വംശീയ ഗലാത്യ'യെക്കാൾ വലിപ്പമുള്ളതാണ്. ഈ ഗലാത്യ ഭരണപരമായ ഗലാത്യ എന്ന പ്രവിശ്യയെയാണ് ഉദ്ദേശിക്കുന്നതെങ്കിൽ പൗലൊസ് തന്റെ ഒന്നാം മിഷണറി യാത്രയിൽ, അന്ത്യൊാക്ക്യയിലെ പിസിദ്യ, ലുസ്ത്ര, ദെർബ, ഇക്കോന്യ എന്നിങ്ങനെ അ.പ്ര.13,14 അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന തെക്കൻ പട്ടണങ്ങളിലേക്കായിരിക്കാം പോയത്.

b) പൗലൊസ് രാഷ്ട്രീയ - അതായത് ഭരണപരമായി കണക്കാക്കപ്പെടുന്ന - ഗലാത്യയെയാണ് ഇവിടെ പരാമർശ്ശിക്കുന്നതെന്നു നാം പരിഗണിച്ചാൽ എഴുതിയ കാലം, പരമ്പരാഗത സിദ്ധാന്തം അനുകൂലിക്കുന്നതിനെക്കാളും അല്പം മുമ്പ്, അതായത് ഗലാത്യ ലേഖനത്തിലെ അതേ ആശയം കാണുന്ന അ.പ്ര.15-ലെ യെരുശലേം സുന്നഹദോസിന് മുമ്പായിരിക്കാനാണ് സാധ്യത. സുന്നഹദോസ് നടന്നത് എ.ഡി.48,49 കാലയളവിലാണ്. ഈ ലേഖനമെഴുതിയതും ഇതേ കാലയളവിലായിരിക്കാം. ഈ വസ്തുതകൾ ശരിയാകുന്ന പക്ഷം 'ഗലാത്യ ലേഖനം' പൗലൊസിന്റെ പുതിയ നിയമ ലേഖനങ്ങളിൽ ആദ്യത്തേതായിരിക്കും.

c) ഈ സിദ്ധാന്തത്തെ അനുകൂലിക്കുന്ന (Southern Galatian theory) മറ്റു തെളിവുകൾ:

1) പൗലൊസിന്റെ യാത്രാ സഹകാരികളെക്കുറിച്ച് ഈ ലേഖനത്തിൽ പറയുന്നില്ല. എന്നാൽ ബർന്നബാസിന്റെ പേര് മൂന്നു പ്രാവശ്യം വന്നിട്ടു ് (2:1,9,13). ഇക്കാര്യം പൗലൊസിന്റെ ഒന്നാം യാത്രയുമായി പൊരുത്തപ്പെട്ടിരിക്കുന്നു.

2) തീത്തൊസിനെക്കുറിച്ച് 'പരിച്ഛേദനയേല്ക്കാത്തവൻ' എന്നാണ് പരാമർശ്ശിച്ചിരിക്കുന്നത് (2:1-5). ഇത് അ.പ്ര.15-ലെ യെരുശലേം സുന്നഹദോസിനു മുമ്പ് എഴുതിയിരിക്കാം എന്ന അഭിപ്രായത്തെ ബലപ്പെടുത്തുന്നു.

3) പത്രോസിനെക്കുറിച്ചുള്ള പരാമർശ്ശവും (2:11-14) ജാതികളോടുള്ള തന്റെ സഹകരണ പശ്നങ്ങളുമൊക്കെ, യെരുശലേം സുന്നഹദോസിനു മുമ്പായിരുന്നിരിക്കാം എന്നതിനെ തന്നെയാണ് ന്യായീകരിക്കുന്നത്.

4) യെരുശലേമിലേക്ക് ധനസഹായം കൊ ു പോകുമ്പോൾ, പല ദേശങ്ങളിലുമുള്ള പൗലൊസിന്റെ സഹകാരികളെക്കുറിച്ച് പരാമർശ്ശിച്ചിട്ടു ് (അ.പ്ര.20:4). ഇക്കൂട്ടത്തിൽ വടക്കൻ ഗലാത്യയിലുള്ള ആരെയും പരാമർശ്ശിച്ചിട്ടില്ല. എങ്കിലും അവിടത്തെ സഭകൾ ഇക്കാര്യത്തിൽ സഹകരിച്ചിരുന്നു എന്നത് സത്യമാണ് (1കൊരി.16:1).

3. ഇത്യാദി സിദ്ധാന്തങ്ങളെക്കുറിച്ച് കൂടുതലായുള്ള അഭിപ്രായങ്ങളും എതിരഭിപ്രായങ്ങളും അറിയുവാൻ യോഗ്യമായ പുസ്തകങ്ങൾ പരിശോധിക്കുന്നത് നല്ലതാണ്. ര ു സിദ്ധാന്തങ്ങൾക്കും അതിന്റേതായ പ്രാധാന്യമു ് എങ്കിലും 'തെക്കൻ ഗലാത്യർക്കെഴുതി' എന്ന സിദ്ധാന്തം (Southern Galatian theory) കൂടുതൽ വിശ്വസനീയമെന്നു കരുതുന്നു.

## C. ഗലാത്യലേഖനത്തിന് അ.പ്രവൃത്തിയുമായിട്ടുള്ള ബന്ധം

1. ലൂക്കൊസ് അ.പ്ര-യിൽ പരാമർശ്ശിച്ചിരിക്കുന്നതനുസരിച്ച് പൗലൊസ് 5 പ്രാവശ്യം യെരുശലേം സന്ദർശ്ശിച്ചിട്ടു ്.
   a. 9:26-30 - തന്റെ മാനസ്സാന്തരത്തിനു ശേഷം
   b. 11:30; 12:25 - ജാതീയ സഭകൾക്കുള്ള ധനസഹായം ശേഖരിക്കുവാൻ
   c. 15:1-30 - യെരുശലേം സുന്നഹദോസിൽ
   d. 18:22 - ഒരു ചെറിയ സന്ദർശ്ശനം
   e. 21:15 - മറ്റൊരു സന്ദർശ്ശനം - വിജാതീയരുടെ ഇടയിലെ വേല
2. ഗലാത്യ ലേഖനത്തിൽ തന്റെ ര ു സന്ദർശ്ശനങ്ങളെക്കുറിച്ച് പറയുന്നു ്.
   a. 1:8 - മൂന്നു വർഷം കഴിഞ്ഞിട്ട്
   b. 2:1 - 14 വർഷം കഴിഞ്ഞിട്ട്
3. അ.പ്ര.9:26 ഗലാ.1:18-മായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് ന്യായമായി മനസ്സിലാക്കാം. ഗലാ.2:1-ൽ പരാമർശ്ശിച്ചിരിക്കുന്നതും അ.പ്ര -യിൽ പരാമർശ്ശിക്കാത്തതുമായ സമ്മേളനങ്ങളുടെ പശ്ചാത്തലമാണ് അ.പ്ര.11:30-ലും 15-ലും കാണുന്നത്.
4. അ.പ്ര.15 ഉം ഗലാ.2-ഉം തമ്മിൽ അല്പം വ്യത്യാസങ്ങൾ കാണുന്നു ്. അവ താഴെ പറയുന്ന കാരണങ്ങളാലായിരിക്കാം.
   a. വ്യത്യസ്ത വീക്ഷണങ്ങൾ
   b. പൗലൊസിന്റെയും ലൂക്കൊസിന്റെയും വ്യത്യസ്തമായ ലേഖനോദ്ദേശ്യങ്ങൾ
   c. അ.പ്ര.15-ലെ സമ്മേളനത്തിനു മുമ്പ് ഗലാ.2 -ലെ സംഭവങ്ങൾ നടന്നിരിക്കാം.

## D. എഫ്.എഫ് ബ്രൂസിന്റെയും ഹാരീസിന്റെയും കാലഗണന പട്ടികയിൽ ചില വ്യതിയാനങ്ങൾ വരുത്തി ചുവടെ ചേർക്കുന്നു.

| | പുസ്തകം | രചനാകാലം | എഴുതിയ കാലം | അ.പ്ര.കളുമായുള്ള ബന്ധം |
|---|---|---|---|---|
| 1. | ഗലാത്യർ | 48 | അന്ത്യോക്യ-സിറിയ | 14:28, 15:2 |
| 2. | തെസ്സലോനിക്യർ | 50 | കൊരിന്ത് | 18:5 |
| 3. | 2 തെസ്സലോനിക്യർ | 50 | കൊരിന്ത് | |
| 4. | 1 കൊരിന്തിയർ | 55 | എഫേസസ് | 19:20 |
| 5. | 2 കൊരിന്തിയർ | 56 | മക്കദൊന്യ | 20:2 |
| 6. | റോമർ | 57 | കൊരിന്ത് | 20:3 |
| 7-10 | കാരാഗൃഹ ലേഖനങ്ങൾ | | | |
| | കൊലൊസ്സ്യർ | 60 കളുടെ തുടക്കം | | |
| | എഫേസ്യർ | 60 കളുടെ തുടക്കം | റോം | |
| | ഫിലേമോൻ | 60 കളുടെ തുടക്കം | | |
| | ഫിലിപ്പിയർ | 62-63 ഒടുവിൽ | | 28:30, 31 |
| 11-13 | നാലാം ദൗത്യയാത്ര | | | |
| | 1 തിമൊഥെയൊസ് | 63 (അതിനുശേഷം) | മക്കദൊന്യ | |
| | തീത്തൊസ് | 63, ന് മുൻപ് | എഫേസസ് (?) | |
| | 2 തിമൊഥെയൊസ് | 64- (AD 68) | റോം | |

## IV. ലേഖനോദ്ദേശ്യം

A. ദുരുപദേശക്കാരുടെ പഠിപ്പിക്കലുകളെക്കുറിച്ച് മൂന്നു കാര്യങ്ങളിൽ നമുക്ക് അവബോധമു ായിരിക്കണമെന്ന് പൗലൊസ് പറയുന്നു. ഈ ദുരുപദേശകരെ 'യഹൂദവാദികൾ'(Judaizers) എന്നു പറയുവാൻ കാരണം ഒരുവൻ ക്രിസ്ത്യാനിയാകുന്നതിനു മുമ്പ് യഹൂദ പ്രമാണങ്ങൾ പാലിച്ചിരിക്കണം എന്നാണവർ പഠിപ്പിച്ചത്(ഗലാ.6:12). അവർ തനി ക്കെതിരായി ഉന്നയിച്ച ആരോപണങ്ങൾക്ക് മറുപടി പറയുകയായിരുന്നു പൗലൊസ് ഇവിടെ.

1. പൗലൊസ് 12 അപ്പൊസ്തലന്മാരെപ്പോലെ ഒരു അപ്പൊസ്തലൻ ആയിരുന്നില്ല(അ.പ്ര.1:21,22). അതുകൊ ് പൗലൊസ് 12 അപ്പൊസ്തലന്മാരുടെ അധികാരത്തിന് കീഴ്പ്പെട്ടിരുന്നു എന്നോ കുറഞ്ഞപക്ഷം മാതൃസഭയായ യെരുശലേം സഭയ്ക്ക് കീഴ്പ്പെട്ടിരുന്നു എന്നോ പറയാം.
2. പൗലൊസിന്റെ സന്ദേശം മറ്റ് അപ്പൊസ്തലന്മാരുടെ സന്ദേശത്തിൽ നിന്നും വ്യത്യസ്തമായിരുന്നതിനാൽ അതിനെ സ്വീകരിക്കുവാൻ സാധിക്കുകയില്ല. പൗലൊസിന്റെ സന്ദേശം 'ന്യായപ്രമാണം പാലിക്കാതെയുള്ള വിശ്വാസത്താലുള്ള നീതീകരണം' എന്നതാണ്. എന്നാൽ യെരുശലേമിലെ അപ്പൊസ്തലന്മാർ അവരുടെ വ്യക്തിപരമായ ജീവിതത്തിൽ യഹൂദമതവുമായി വളരെ അടുപ്പമുള്ളവരായിരുന്നു.
3. ഈ ഉപദേഷ്ടാക്കന്മാർ 'ലിബർത്തീനിസ'വുമായി ഒരു തരത്തിൽ ബന്ധമുള്ളവരാണ് (5:18–6:8). (ഇത് എത്രത്തോളം വാസ്തവമാണെന്നുള്ളത് ഇന്നും ചോദ്യംചെയ്യപ്പെടുന്നു ്) ചിലരുടെ അഭിപ്രായത്തിൽ പൗലൊസ് തന്റെ ലേഖനത്തിൽ ര ു കൂട്ടരെ ഉന്നമിട്ടിട്ടു ് – ജ്ഞാനവാദികളും യഹൂദവാദികളും(4:8–11). എന്നാലും ഈ വാക്യങ്ങളെല്ലാം ജാതീയ പ്രവണതകളെ പരാമർശ്ശിച്ച് എഴുതപ്പെട്ടവയാണ് എന്നതാണ് വാസ്തവം. യഹൂദന്മാർ ജാതീയ ജീവിത രീതിയുമായി പൊരുത്തപ്പെട്ടുകഴിഞ്ഞവരാണ്. ആ പശ്ചാത്തലത്തിൽ എങ്ങനെയാണ് പൗലൊസിന്റെ സൗജന്യമായുള്ള കൃപയോട് അവർക്ക് പൊരുത്തപ്പെടാനാകുന്നത്?

B. ഉപദേശപരമായി നോക്കുമ്പോൾ ഈ കത്ത് പൗലൊസിന്റെ റോമാലേഖനവുമായി സാമ്യപ്പെട്ടിരിക്കുന്നു. ഈ ര ു ലേഖനങ്ങളിലും പൗലൊസിന്റെ പ്രധാന ഉപദേശങ്ങൾ ആവർത്തിക്കപ്പെട്ടും വ്യത്യസ്ത പശ്ചാത്തലങ്ങളിൽ വിശദീകരിക്കപ്പെട്ടുമിരിക്കുന്നു.

## V. സംക്ഷിപ്ത വിഷയ വിഭജനം

A. ആമുഖം (1:1–10)

1. പൊതുവായ മുഖവുര
2. എഴുതുവാനുള്ള പശ്ചാത്തലം

B. പൗലൊസ് തന്റെ അപ്പൊസ്തലത്വത്തെ ന്യായീകരിക്കുന്നു (1:11–2:14).

C. പൗലൊസ് തന്റെ സുവിശേഷ സന്ദേശത്തിന്റെ ഉപദേശവശം ന്യായീകരിക്കുന്നു (2:15–4:20).

D. പൗലൊസ് തന്റെ സുവിശേഷ സന്ദേശത്തിന്റെ പ്രായോഗിക വശം ന്യായീകരിക്കുന്നു(5:1–6:10).

E. ഉപസംഹാരം (6:11–18)

## VI. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. 'ഇപ്പോഴത്തെ ദുഷ്ടലോകം' (1:4)
2. 'വേറൊരു സുവിശേഷം' (1:6)
3. 'യഹൂദമതം' (1:13)
4. 'പിതൃപാരമ്പര്യം' (1:14)
5. 'എന്നോ? ഒരുനാളുമല്ല' (2:17)
6. 'ബുദ്ധിയില്ലാത്ത ഗലാത്യരേ' (3:1,3)
7. 'ക്ഷുദ്രം ചെയ്തു മയക്കി' (3:1)
8. 'വെറുതെ എന്നു വരികിൽ' (3:4; 4:11)
9. 'ശാപത്തിൻ കീഴിൽ' (3:10)
10. 'അവന്റെ സന്തതി' (3:16)
11. 'ദൂതന്മാർ മുഖാന്തരം മധ്യസ്ഥന്റെ കയ്യിൽ' (3:19)
12. 'ന്യായപ്രമാണത്തിൻ കീഴ് അടച്ചു സൂക്ഷിച്ചിരുന്നു' (3:23)
13. 'ആദ്യപാഠങ്ങൾ' (4:3,9)

14. 'അബ്ബാ' (4:6)
15. 'ശരീരത്തിലെ ബലഹീനത' (4:13)
16. 'ദാസിയുടെ മകൻ ---- സ്വതന്ത്രയുടെ മകൻ' (4:23)
17. 'സാദൃശ്യം' (4:24)
18. 'ആത്മാവിനെ അനുസരിച്ചു നടക്കുക' (5:16)
19. 'ആത്മാവിന്റെ ഫലം' (5:22)
20. 'എത്ര വലിയ അക്ഷരം' (6:11)
21. 'യേശുവിന്റെ ചൂടടയാളം' (6:17)

## VII. ഈ ലേഖനത്തിൽ അിറഞ്ഞിരിക്കേ വ്യക്തികൾ

1. 'സ്വർഗ്ഗത്തിൽ നിന്നും ഒരു ദൂതൻ' (1:8)
2. കേഫാ (1:18)
3. ബർന്നബാസ് (2:1)
4. തീത്തൊസ് (2:2)
5. 'പ്രമാണികൾ' (2:2,6)
6. 'കള്ളസ്സഹോദരന്മാർ' (2:4)
7. 'തൂണുകളായി എണ്ണപ്പെട്ടവർ' (2:9)
8. 'പരിച്ഛേദനക്കാർ' (2:12)
9. 'രക്ഷകന്മാരും ഗൃഹവിചാരകന്മാരും' (4:2)
10. ഹാഗാർ (4:25)

## VIII. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. ഗലാത്യസഭകൾ (1:2)
2. അറബി (1:17)
3. ദമസ്ക്കൊസ് (1:17)
4. സുറിയ (1:21)
5. കിലിക്യ (1:21)
6. അന്ത്യൊക്ക്യ (2:11)

## IX. ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ

1. 1:11-12 സ്വന്തം വാക്യത്തിൽ വിശദീകരിക്കുക?
2. എപ്പോഴാണ് പൗലൊസ് ദൈവസഭയെ ഉപദ്രവിച്ചത്? (1:13)
3. എന്തുകൊ ാണ് ചിലർ തീത്തൊസ് പരിച്ഛേദന ഏല്ക്കണമെന്ന് ശഠിച്ചത്? (7:3)
4. 2:6 സ്വന്തം വാക്യത്തിൽ വിശദീകരിക്കുക?
5. ഗലാ.2:16 പുസ്തകത്തിന്റെ തന്നെ ആപ്തവാക്യം ആയിരിക്കാം. എന്തുകൊ ്?
6. 2:20 സ്വന്തം വാക്യത്തിൽ വിശദീകരിക്കുക?
7. 3:3-ലെ പൗലൊസിന്റെ ചോദ്യത്തിന് താങ്കളുടെ മറുപടി എന്താണ്?
8. ഉല്പ.15:6,8 പൗലൊസ് ഗലാ.3:6-8 ൽ ഉദ്ധരിച്ചിരിക്കുന്നതിന്റെ പ്രാധാന്യമെന്ത്?
9. യേശു ശപിക്കപ്പെട്ടവൻ എന്നു പറയുവാൻ കാരണമെന്ത്? (3:13)
10. 3:19 പ്രകാരം പഴയ നിയമത്തിന്റെ ആവശ്യകത എന്ത്?
11. 3:22 നല്ലൊരു സംക്ഷിപ്ത വാചകം എന്നു പറയാൻ കാരണമെന്ത്?
12. 3:22 പ്രസക്തമായൊരു സത്യം എന്നു പറയാൻ കാരണമെന്ത്?
13. എന്തായിരുന്നു പൗലൊസിന്റെ ജഡത്തിലെ ശൂലം? (4:13)
14. ക്രിസ്തീയമാർഗ്ഗത്തിന്റെ ലക്ഷ്യമെന്ത്?
15. 5:3-ൽ പൗലൊസ് ദൈവശാസ്ത്രപരമായി എന്തിനാണ് ഊന്നൽ നല്കിയിരിക്കുന്നത്?
16. 5:9-ലെ പ്രയോഗം വിശദമാക്കുക?
17. 5:4-ൽ 'കൃപയിൽ നിന്നു വീണുപോയി' എന്ന പ്രയോഗത്തിന്റെ അർത്ഥമെന്ത്?
18. 5:23 സ്വന്തം വാക്യത്തിൽ വിശദീകരിക്കുക?
19. പാപം ചെയ്യുന്ന വിശ്വാസികളോട് നമുക്കു ായിരിക്കേ നിലപാട് എന്താണ്? (6:1-5)
20. 6:7-ൽ പറഞ്ഞിരിക്കുന്ന ആത്മിക തത്വങ്ങൾ എന്തൊക്കെ?
21. വിശ്വാസസമൂഹത്തിനു പുറത്തുള്ളവരുമായി 6:10 എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

# എഫെസ്യ ലേഖനം: ഒരു മുഖവുര

## 1. പ്രാരംഭ പ്രസ്താവനകൾ

A. ഈ പുസ്തകത്തിലെ സത്യങ്ങൾ അനേക ഭക്തന്മാരെ സ്വാധീനിച്ചിട്ടു ്.
   1. സാമുവൽ കോൾറിഡ്ജ് പറഞ്ഞത് 'ഇത് മനുഷ്യനുള്ള സ്വർഗ്ഗീയ എഴുത്ത്' എന്നാണ്.
   2. 'ബൈബിളിലെ തന്റെ ഏറ്റവും ഇഷ്ടപുസ്തകം' എന്നാണ് ജോൺ കാൽവിൻ ഈ പുസ്തകത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത്.
   3. ജോൺ ക്നോക്സ് പറഞ്ഞത് ''തന്റെ മരണക്കിടക്കയിൽ എഫെസ്യ ലേഖനത്തെ അധികരിച്ചുള്ള കാൽവിന്റെ സന്ദേശം തനിക്കായി വായിച്ചു കേൾപ്പിക്കണം'' എന്നാണ്.

B. പൗലൊസിന്റെ ദൈവശാസ്ത്രത്തിന്റെ 'കിരീടത്തിലെ മുത്ത്' അഥവാ 'തലക്കല്ല്' (Capstone) എന്ന് ഇതിനെ വിളിക്കാറു ്. കാരണം, പൗലൊസിന്റെ ദൈവശാസ്ത്രപരമായ എല്ലാ 'പ്രമേയങ്ങളും' വളരെ സംക്ഷിപ്തമായും യോഗ്യമായും ഇതിൽ പറഞ്ഞിട്ടു ്.

C. നവോത്ഥാന കാലഘട്ടത്തിൽ ദൈവം 'റോമാ'ലേഖനത്തെ ഉപയോഗിച്ചതു പോലെ ഇന്ന് പരസ്പരം പിരിഞ്ഞു നില്ക്കുന്ന ക്രിസ്തീയ ലോകത്തെ ഒരുമിപ്പിക്കുവാൻ ദൈവം ഈ ലേഖനത്തെയായിരിക്കാം ഉപയോഗിക്കുന്നത്. ക്രിസ്തുവിൽ വിശ്വാസികൾക്കുള്ള ഒരുമയും ഏകീഭാവവും, വിശ്വാസികൾ തമ്മിലുള്ള വ്യത്യാസങ്ങളെ മറയ്ക്കുന്ന ഘടകങ്ങളാണ്.

## II. എഴുത്തുകാരൻ

A. പൗലൊസ്
   1. 1:1-ലും 3:8-ലും വളരെ വ്യക്തമായി ഇക്കാര്യം പറഞ്ഞിരിക്കുന്നു.
   2. തന്റെ കാരാഗൃഹവാസത്തെക്കുറിച്ച് (റോമിലേതായിരിക്കാം) ഇതിൽ പറയുന്നു ്. (3:1; 4:1; 6:20)
   3. സഭാ പാരമ്പര്യം ഒരുപോലെ ഇതിനെ പിൻതാങ്ങുന്നു.
      a. എ.ഡി. 75-ൽ കൊരിന്ത്യർക്കെഴുതിയ ഒരു ലേഖനത്തിൽ റോമിലെ ക്ലമന്റ് 4:4-6 വരെയുള്ള ഭാഗങ്ങൾ ഉദ്ധരിച്ചിട്ടു ്.
      b. ഇഗ്നേഷ്യസ് (എ.ഡി.30-107) 1:9; 2:19; 3:4-9 എന്നീ ഭാഗങ്ങൾ ഉദ്ധരിച്ചിട്ടു ്.
      c. സ്മുർന്നയിലെ ബിഷപ്പായിരുന്ന, അപ്പൊസ്തലനായ യോഹന്നാന്റെ ശിഷ്യൻ പോളിക്കാർപ്പ് (എ.ഡി. 65-155) പൗലൊസിന്റെ കർതൃത്വം സ്ഥിരീകരിച്ചിരുന്നു.
      d. ഐറേനിയസ് (എ.ഡി.130-200) പൗലൊസിന്റെ കർതൃത്വം അംഗീകരിച്ചിരുന്നു.
      e. അലക്സാൻഡ്രിയയിലെ ക്ലമന്റ് (എ.ഡി.150-210) പൗലൊസാണ് ഇതെഴുതിയതെന്ന് അംഗീകരിച്ചിരുന്നു.
   4. ഈ ലേഖനം താഴെപ്പറയുന്നവയിൽ പ്രത്യക്ഷപ്പെട്ടിട്ടു ്.
      a. എ.ഡി.140-ൽ റോമിൽ എത്തിയ മാർസിയോൻ (Marcion) -ന്റെ അംഗീകൃത ലേഖനങ്ങളിൽ ഇത് കാണപ്പെടുന്നു.
      b. റോമിൽ നിന്നും ലഭിച്ചിട്ടുള്ള കാനോനിക ഗ്രന്ഥങ്ങളെക്കുറിച്ചുള്ള മുററ്റോറിയൻ ലിഖിതങ്ങളിൽ പൗലൊസിന്റെ ലേഖനങ്ങളുടെ കൂട്ടത്തിൽ ഇത് കാണപ്പെടുന്നു.
   5. ഗ്രീക്ക് പരിശോധിക്കുമ്പോൾ എഫെസ്യ ലേഖനത്തിന്റെയും കൊലൊസ്യ ലേഖനത്തിന്റെയും ഉപസംഹാരത്തിൽ 29 വാക്കുകൾ വീതം ഉള്ളത് ഏതാ ് ഒരുപോലെ കാണപ്പെടുന്നു. (കൊലൊസ്യ ലേഖനത്തിൽ 2 വാക്കുകൾ അധികമായി ഉ ്.)

B. എതിരഭിപ്രായങ്ങൾ
   1. പൗലൊസിന്റെ കർതൃത്വം ആദ്യമായി സംശയിച്ചത് 'ഇറാസ്മസ്' ആയിരുന്നു.
      a. ശൈലി - വലിയ വാക്യങ്ങൾ പൗലൊസിന്റെ മറ്റു ലേഖനങ്ങളിൽ സാധാരണ കാണുന്നില്ല.
      b. വ്യക്തിപരമായി ആരെയും വന്ദനം ചെയ്തിട്ടില്ല.
      c. വാക്കുകൾ പലതും മറ്റു പലലേഖനങ്ങളിലും കാണപ്പെടാത്തവയാണ്.
   2. 18-ാം നൂറ്റാ ിലെ വിമർശ്ശകരായ പണ്ഡിതർ പൗലൊസിന്റെ കർതൃത്വം ചോദ്യം ചെയ്തുതുടങ്ങിയിരുന്നു.
      a. പല വാക്യങ്ങളും ര ാം തലമുറക്കാരനായ ഒരാളുടേതെന്ന് തോന്നിക്കുന്നതാണ്. 2:20; 3:5

b. ദൈവശാസ്ത്രപരമായ വാക്കുകൾ വ്യത്യസ്ത അർത്ഥതലങ്ങളിൽ ഉപയോഗിച്ചിട്ടു ്. (ഉദാഹരണമായി 'മർമ്മം')

c. ഒരു ചാക്രിക ലേഖനത്തിന്റേതായ എല്ലാ യോഗ്യതകളും ഇതിൽ കാണുന്നു ്.

C. ഇറാസ്മസിന്റെ ആരോപണങ്ങൾക്കുള്ള മറുപടി

1. കാരാഗൃഹത്തിലായിരുന്ന സമയം ചിന്തിക്കുവാനും നിരൂപിക്കുവാനും എഴുതുവാനും ധാരാളം സമയം പൗലൊസിനു ായിരുന്നതു കൊ ാണ് ശൈലിയിൽ മാറ്റം വന്നിട്ടുള്ളത്.

2. വ്യക്തിപരമായ വന്ദനങ്ങൾ പറയാത്തതിനു കാരണം ഈ കത്ത് ആ പ്രദേശങ്ങളിലെ പല സഭകൾക്കുമുള്ള ഒരു പൊതുവായ കത്തായതിനാൽ ആണ്. എഫെസോസ്, ലൈക്കസ് (Licus) നദീതടം എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന റോമാക്കാരുടെ ഒരു തപാൽ മാർഗ്ഗം വെളിപ്പാടു പുസ്തകം 2,3 അദ്ധ്യായങ്ങളിൽ കാണുന്നു ്. പൗലൊസ് ഒരു ഇരട്ട ലേഖനം എഴുതിയിട്ടു ് - കൊലോസ്യ ലേഖനം - മൂന്നു സഭകളുൾപ്പെടുന്ന ഒരു സമൂഹത്തിനാണ് ആലേഖനം എഴുതിയത്. അതിൽ വ്യക്തിപരമായ വന്ദനങ്ങളും കാണുന്നു ്.

3. എഫെസ്യ ലേഖനത്തിൽ കാണുന്ന പുതിയ വാക്കുകളുടെ എണ്ണവും റോമാ ലേഖനത്തിലേതും തുല്യമാണ് (hapax legomena). കത്തിന്റെ ലക്ഷ്യം, വിഷയം, ആർക്കെഴുതി, സന്ദർഭം എന്നിവയെല്ലാം പുതിയ വാക്കുകളുടെ ഉപയോഗത്തെ വ്യക്തമാക്കുന്നു.

4. ''അപ്പൊസ്തലന്മാരും പ്രവാചകന്മാരും'' എന്ന് പൗലൊസ് 1കൊരി.12:28-ൽ പറയുന്നു ്. അത് 2:20; 3:5 എന്നീ വാക്യങ്ങളുമായി പൊരുത്തപ്പെട്ടിരിക്കുന്നു. ആരും തന്നെ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിന്റെ പൗലൊസിന്റെ കർതൃത്വം നിഷേധിച്ചിട്ടില്ല.

## III. കൊലൊസ്യ ലേഖനവും എഫെസ്യ ലേഖനവും തമ്മിലുള്ള സാഹിത്യപരമായ പൊരുത്തം

A. കൊലൊസ്യ ലേഖനവും എഫെസ്യ ലേഖനവും തമ്മിലുള്ള ചരിത്രപരമായ ബന്ധം.

1. പൗലൊസ് എഫെസൊസ് സുവിശേഷീകരിക്കുമ്പോൾ ആയിരുന്നു എപ്പെഫ്രാസ് (കൊലൊ.1:7; 4:12; ഫിലേ.23) മാനസ്സാന്തരപ്പെട്ടത്. (അ.പ്ര.19).

a. തന്റെ വിശ്വാസം അവൻ തന്റെ സ്വന്തം സ്ഥലത്ത് പ്രദർശിപ്പിച്ചു. (ലിക്കസ് നദീതീരം)

b. ഹിയരപൊലിസ്, ലവൊദിക്യ, കൊലൊസ്യ എന്നീ സഭകൾ സ്ഥാപിക്കപ്പെട്ടു.

c. ദുരുപദേശകർ പറയുന്നവയോടുള്ള ബന്ധത്തിൽ പൗലൊസിന്റെ അഭിപ്രായമാരാഞ്ഞുകൊ ് എപ്പഫ്രാസ് പൗലൊസിനെ സമീപിച്ചു. അന്ന് പൗലൊസ് റോമൻ കാരാഗൃഹത്തിലായിരുന്നു. (അറുപതുകളുടെ ആദ്യം)

2. ദുരുപദേശകർ സുവിശേഷത്തെ യവന ജീവിത രീതിയുമായി കൂട്ടിക്കുഴയ്ക്കുവാൻ ശ്രമിച്ചു.

a. ആത്മികവും ഭൗതികവും ഒരുപോലെ നിത്യമാണ്.

b. ആത്മികം (ദൈവം) നന്മയാണ്.

c. ഭൗതികം (സൃഷ്ടി) തിന്മ നിറഞ്ഞതാണ്.

d. ഭൗതികം സൃഷ്ടിച്ച ഏറ്റവും ചെറിയ ദൈവത്തിനും ഏറ്റവും ഉന്നത ദൈവത്തിനുമിടയിൽ അനേക ദൈവതുല്യ ദൂത ശ്രേണികൾ ഉ ്.

e. രക്ഷ എന്നത് അറിവിലധിഷ്ഠിതമാണ്. അങ്ങനെ ഒരു വിശ്വാസി മുൻപറഞ്ഞ ഓരോ ഗണവും കടന്നു പുരോഗാത്മകമായി മുന്നേറുന്നു.

B. പൗലൊസിന്റെ ര ു ലേഖനങ്ങളും തമ്മിലുള്ള സാഹിത്യപരമായ ബന്ധം.

1. പൗലൊസ് ഒരിക്കൽപ്പോലും സന്ദർശ്ശിച്ചിട്ടില്ലാത്ത ഈ സഭകളിലെ ദുരുപദേശങ്ങളെക്കുറിച്ച് പൗലൊസ് എപ്പഫ്രാസ് വശം അറിഞ്ഞു.

2. ദുരുപദേശകരെ മാത്രം ലക്ഷ്യമിട്ട്, വികാരഭരിതമായ, ഹൃദയഹാരിയായ ഒരു ചെറിയ ലേഖനം പൗലൊസ് എഴുതി. അതിന്റെ പ്രമേയം എന്നത് യേശുക്രിസ്തുവിന്റെ സാർവ്വലൗകികമായ അധികാരം എന്നതായിരുന്നു. ഈ ലേഖനമാണ് പൗലൊസിന്റെ കൊലൊസ്യ ലേഖനം.

3. കൊലൊസ്യ ലേഖനം എഴുതിയ ഉടനെ, ജയിലിൽ ആയിരിക്കുമ്പോൾത്തന്നെ, പൗലൊസ് അതേ ആശയങ്ങൾ വിപുലമായി വികസിപ്പിച്ചു. അങ്ങനെയാണ് എഫെസ്യ ലേഖനത്തിൽ വലിയ വാചകങ്ങളും ആശയ വിശദീകരണങ്ങളും കാണുന്നത്. (1:3-14; 15-23; 2:1-10; 14-18; 18-22; 3:1-12; 14-19; 4:11-16; 6:13-20). അതായത് കൊലൊസ്യ ലേഖനത്തിൽ തുടക്കമിട്ടിരിക്കുന്നവയുടെ ദൈവശാസ്ത്രപരമായ പ്രായോഗികതകൾ ഇതിൽ നാം കാണുന്നു. അന്നത്തെ യവന ജ്ഞാന ചിന്താഗതികൾക്ക് വിപരീതമായ ''എല്ലാറ്റിന്റെയും ഐക്യത ക്രിസ്തുവിൽ'' എന്നതാണ് ഇതിലെ പ്രധാന ചിന്താവിഷയം.

C. സാഹിത്യപരവും ദൈവശാസ്ത്രപരവുമായ ഘടന

1. പ്രധാന സാമ്യതകൾ
   - a. തുടക്കം ര ിനും ഒരുപോലെയാണ്.
   - b. ര ിലെയും ഉപദേശവിഷയങ്ങൾ പ്രധാനമായും യേശുക്രിസ്തുവിനെ ക്കുറിച്ചുള്ളവയാണ്.
   - c. അതിന്റെ ചുവടു പിടിച്ചു തന്നെയാണ് ര ിലെയും പ്രായോഗിക നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നത്.
   - d. ര ിലെയും ഉപസംഹാരത്തിൽ 29 വാക്കുകൾ ഒരുപോലെ കാണുന്നു. കൊലൊസ്യലേഖനത്തിൽ 2 വാക്കുകൾ കൂടെ കാണാം.

2. വാക്കുകളുടെയും പ്രയോഗങ്ങളുടെയും സാമ്യതകൾ

| | |
|---|---|
| എഫെ 1:1 / കൊലൊ 1:2a | ''വിശ്വസ്തർ'' |
| എഫെ 1:4 / കൊലൊ 1:22 | ''വിശുദ്ധരും നിഷ്കളങ്കരും'' |
| എഫെ 1:7 / കൊലൊ 1:14 | ''വീ ടുപ്പ്, അതിക്രമങ്ങളുടെ മോചനം'' |
| എഫെ 1:10 / കൊലൊ 1:20 | ''സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളതെല്ലാം'' |
| എഫെ 1:15 / കൊലൊ 1:3-4 | ''സകല വിശുദ്ധന്മാരോടുമുള്ള സ്നേഹത്തെക്കുറിച്ച് കേട്ടിട്ട്'' |
| എഫെ 1:18 / കൊലൊ 1:27 | ''മഹിമാധനം'' |
| എഫെ 2:1 / കൊലൊ 1:13 | ''മരിച്ചവരായിരുന്ന നിങ്ങൾ'' |
| എഫെ 2:16 / കൊലൊ 1:20 | ''ക്രൂശിനാൽ നിരപ്പിച്ചു'' |
| എഫെ 3:2 / കൊലൊ 1:25 | ''കാര്യവിചാരകൻ'' |
| എഫെ 3:3 / കൊലൊ 1:26, 27 | ''മർമ്മം'' |
| എഫെ 4:3 / കൊലൊ 3:14 | ''ഐക്യം'' |
| എഫെ 4:15 / കൊലൊ 2:19 | ''തലയോളം വളരുക'' |
| എഫെ 4:24 / കൊലൊ 3:10,12,14 | ''ധരിക്കുക'' |
| എഫെ 4:31 / കൊലൊ 3:8 | ''കോപം, ക്രോധം, കൂറ്റാരവും, ദൂഷണവും'' |
| എഫെ 5:3 / കൊലൊ 3:5 | ''അധാർമ്മികം, അശുദ്ധി, അത്യാഗ്രഹം'' |
| എഫെ 5:5 / കൊലൊ 3:5 | ''വിഗ്രഹാരാധനയായ അത്യാഗ്രഹം'' |
| എഫെ 5:6 / കൊലൊ 3:6 | ''ദൈവകോപം'' |
| എഫെ 5:16/ കൊലൊ 4:5 | ''സമയം തക്കത്തിൽ ഉപയോഗിക്കുക'' |

3. ഒരുപോലെയുള്ള വാക്കുകളും പ്രയോഗങ്ങളും

എഫെ 1:1 (a) / കൊലൊ 1:1
എഫെ 1:1 (b) / കൊലൊ 1:2 (a)
എഫെ 1:2 (a) / കൊലൊ 1:2 (b)
എഫെ 1:13 / കൊലൊ 1:5
എഫെ 2:1 / കൊലൊ 1:13
എഫെ 2:5 (b) / കൊലൊ 2:13 (c)
എഫെ 4:1 (b) / കൊലൊ 1:10 (a)
എഫെ 6:21,22 / കൊലൊ 4:7,8 (ക്രമമായി 29 വാക്കുകൾ ര ിലും ഒരുപോലെ കാണുന്നു. കൊലൊസ്യ ലേഖനത്തിൽ (സഹഭൃത്യനും - kai syndoulos) എന്ന ര ു വാക്കുകൾ കൂടെ കാണുന്നു.

4. സാമ്യമുള്ള പ്രയോഗങ്ങളും വാക്യങ്ങളും

എഫെ 1:21 / കൊലൊ 1:16
എഫെ 2:1 / കൊലൊ 1:13
എഫെ 2:16 / കൊലൊ 1:20
എഫെ 3:7 (a) / കൊലൊ 1:23(d),25(a)
എഫെ 3:8 / കൊലൊ 1:27
എഫെ 4:2 / കൊലൊ 3:12
എഫെ 4:29 / കൊലൊ 3:8; 4:6
എഫെ 4:32 (b) / കൊലൊ 3:13(d)
എഫെ 5:15 / കൊലൊ 4:5
എഫെ 5:19,20 / കൊലൊ 3:16

5. ദൈവശാസ്ത്രപരമായി ഒരുപോലെയുള്ള പ്രയോഗങ്ങൾ

| | |
|---|---|
| എഫെ 1:3 / കൊലൊ 1:3 | ഒരു സ്തോത്രാർപ്പണം |
| എഫെ 2:1,12 / കൊലൊ 1:21 | ദൈവത്തിൽ നിന്നുള്ള അകൽച്ച |
| എഫെ 2:15 / കൊലൊ 2:14 | ന്യായപ്രമാണത്തിനോടുള്ള ശത്രുത |
| എഫെ 4:1 / കൊലൊ 1:10 | ശരിയായ നടപ്പ് |
| എഫെ 4:15 / കൊലൊ 2:19 | ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ |
| എഫെ 4:19 / കൊലൊ 3:5 | ലൈംഗിക അശുദ്ധി |
| എഫെ 4:22,31 / കൊലൊ 3:8 | പഴയ മനുഷ്യനെ ഉപേക്ഷിച്ച് |
| എഫെ 4:32 / കൊലൊ 3:12,13 | തമ്മിൽ മനസ്സലിവും ദയയുമുള്ളവരായി |
| എഫെ 5:4 / കൊലൊ 3:8 | ക്രിസ്തീയ സംസാരം |
| എഫെ 5:18 / കൊലൊ 3:16 | ആത്മനിറവ് = ക്രിസ്തുവിന്റെ വാക്കുകൾ |
| എഫെ 5:20 / കൊലൊ 3:17 | എല്ലാറ്റിനും എല്ലായ്പ്പോഴും സ്തോത്രം ചെയ്യുക |
| എഫെ 5:22 / കൊലൊ 3:18 | ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങുവിൻ |
| എഫെ 5:25 / കൊലൊ 3:19 | ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ |
| എഫെ 6:1 / കൊലൊ 3:20 | കുഞ്ഞുങ്ങളേ, മാതാപിതാക്കളെ അനുസരിപ്പിൻ |
| എഫെ 6:4 / കൊലൊ 3:21 | പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ |
| എഫെ 6:5 / കൊലൊ 3:22 | ദാസന്മാരേ, നിങ്ങളുടെ യജമാനന്മാർക്കു കീഴടങ്ങുവിൻ |
| എഫെ 6:9 / കൊലൊ 4:1 | ദാസന്മാരും യജമാനന്മാരും |
| എഫെ 6:18 / കൊലൊ 4:2,4 | പൗലൊസിന്റെ, പ്രാർത്ഥനയ്ക്കായുള്ള അപേക്ഷ. |

6. പൗലൊസിന്റെ മറ്റു ലേഖനങ്ങളിൽ കാണപ്പെടാത്ത, ഈ ര ു ലേഖനങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന വാക്കുകളും പ്രയോഗങ്ങളും.

a. 'സമ്പൂർണ്ണത'/ നിറവ്

| | |
|---|---|
| എഫെ.1:23 | ''എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ'' |
| എഫെ.3:19 | ''ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും'' |
| എഫെ.4:13 | ''ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനയ്ക്കും'' |
| കൊലൊ.1:19 | ''അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും'' |
| കൊലൊ.2:9 | ''അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്'' |

b. ക്രിസ്തു സഭയുടെ 'തല'
എഫെ.4:15; 5:23; കൊലൊ.1:21

c. ക്രിസ്തുവിനെ ''കൂടാതെയുള്ളവർ''
എഫെ.2:12; 4:18; കൊലൊ.1:21

d. ''സമയം തക്കത്തിൽ ഉപയോഗിക്കുക''

എഫെ.5:16; കൊലൊ.4:5

f. ''വേരൂന്നുകയും''
എഫെ.3:17; കൊലൊ.2:7

f. ''സുവിശേഷം എന്ന സത്യവചനം''
എഫെ.1:13; കൊലൊ.1:5

g. ''പൊറുക്കുക''
എഫെ.4:2; കൊലൊ.3:13

h. അസാധാരണമായ പ്രയോഗങ്ങൾ, വാക്കുകൾ - ('യുക്തമായ് ചേർന്ന്', 'ഉതവി ലഭിക്കുക')
എഫെ.4:16; കൊലൊ.2:19

D. ഉപസംഹാരം

1. കൊലൊസ്യ ലേഖനത്തിലെ മൂന്നിലൊന്നു വാക്കുകളും എഫെസ്യ ലേഖനത്തിൽ കാണുന്നു ്. എഫെസ്യ ലേഖനത്തിലെ 155 വാക്യങ്ങളിൽ 75 എണ്ണത്തിനും സമാന വാക്യങ്ങൾ കൊലൊസ്യ ലേഖനത്തിൽ ഉ ്.
2. ര ു ലേഖനങ്ങളും തന്റെ സ്നേഹിതനായ തിഹിക്കൊസ് ആണ് കൊ ുചെന്ന് കൊടുത്തത്.
3. ര ും ഒരേ സ്ഥലത്തേക്കാണ് എഴുതിയിരുന്നത്. (ആസ്യ)
4. ര ിലും പ്രധാന പ്രമേയം ക്രിസ്തുശാസ്ത്രപരമായ വിഷയങ്ങൾ ആണ്.
5. ര ിലും ക്രിസ്തുവിനെ സഭയുടെ തലയായി ചിത്രീകരിച്ചിരിക്കുന്നു.
6. ര ിലും പ്രായോഗിക ക്രിസ്തീയ ജീവിതത്തിനു പ്രാധാന്യം നല്കിയിരിക്കുന്നു.

E. പ്രധാന വ്യത്യാസങ്ങൾ

1. കൊലൊസ്യ ലേഖനത്തിൽ സഭയെ പ്രാദേശിക നിലവാരത്തിലാണ് കാണുന്നത്; എന്നാൽ എഫെസ്യ ലേഖനത്തിലെ സഭ സാർവ്വലൗകികമായതാണ്. ഇതിനു കാരണം എഫെസ്യ ലേഖനം ചാക്രികമായതാകാം.
2. ദുരുപദേശം എന്നത് കൊലൊസ്യ ലേഖനത്തിലെ പ്രധാന പ്രതിപാദ്യമാണ്. എന്നാൽ എഫെസ്യലേഖനത്തിൽ അക്കാര്യം പരാമർശ്ശിക്കപ്പെടുന്നില്ല. എന്നാലും ര ിലും ജ്ഞാനവാദപരമായ വാക്കുകൾ ഉപയോഗിക്കപ്പെട്ടിട്ടു ്. (ജ്ഞാനം, ബുദ്ധി, നിറവ്, മർമ്മം, വാഴ്ചകളും അധികാരങ്ങളും, കാര്യസ്ഥൻ)
3. കൊലൊസ്യ ലേഖനത്തിൽ ക്രിസ്തുവിന്റെ ര ാം വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്ന ധ്വനിയും എഫെസ്യ ലേഖനത്തിലാകട്ടെ, അതിനു വിപരീതമായും കാണുന്നു. പാപത്തിലാ ുപോയ ലോകത്തിൽ ദൈവത്തെ സേവിക്കുവാൻ വിളിക്കപ്പെട്ട കൂട്ടമാണ് 'സഭ'. (2:7; 3:21; 4:13)
4. പൗലൊസിന്റേത് എന്ന് ഉറപ്പിച്ചു പറയാവുന്ന പല പ്രയോഗങ്ങളും വ്യത്യസ്തമായി ഉപയോഗിച്ചിരിക്കുന്നു. ഒരു നല്ല ഉദാഹരണം 'മർമ്മം' എന്നതു തന്നെ. കൊലൊസ്യ ലേഖനത്തിൽ 'മർമ്മം' ക്രിസ്തുവാണ്. (1:26-27; 2:2; 4:3). എഫെസ്യ ലേഖനത്തിൽ, മുൻ കാലങ്ങളിൽ വെളിപ്പെടാത്തതും ഇപ്പോൾ വെളിപ്പെട്ടതുമായ, യഹൂദന്മാരും യവനന്മാരും ക്രിസ്തുവിൽ ഒന്നാകേണം എന്നതാണ്. (1:9; 5:32)
5. എഫെസ്യലേഖനത്തിൽ പഴയനിയമ പരാമർശ്ശങ്ങൾ അനേകമു ്. (1:22 - സങ്കീ.8) (2:17 - യെശ.57:19) (2:20 - സങ്കീ.118:22) (4:8 - സങ്കീ.68:18) (4:26 - സങ്കീ.4:4) (5:5 - യെശ.26:19; 51:17; 52:1; 60:1) (5:3 - ഉല്പ.3:24) (6:2,3 - പുറ.20:12) (6:14 - യെശ.11:5; 59:17) (6:15 - യെശ.52:7). എന്നാൽ കൊലൊസ്യ ലേഖനത്തിലാകട്ടെ, ഒന്നോ രേ ാ പരാമർശ്ശങ്ങൾ മാത്രം. (2:3 - യെശ.11:2) (2:25 - യെശ.29:13).

F. വാക്കുകൾ, പ്രയോഗങ്ങൾ മാത്രമല്ല വിഷയ ക്രമീകരണത്തിലും ഏകീഭാവം കാണുന്നു െങ്കിലും ര ിലും തനതായ സത്യങ്ങളും കാണപ്പെടുന്നു ്.

1. ത്രിയേക ദൈവത്തിന്റെ അനുഗ്രഹം (എഫെ.1:3-14)
2. കൃപയുടെ പ്രാധാന്യം (എഫെ.2:1-10)
3. യഹൂദന്മാരും യവനന്മാരും ക്രിസ്തുവിൽ ഏക ശരീരമാകുന്നു എന്ന സത്യം (എഫെ.2:11-3:13)
4. ക്രിസ്തുശരീരത്തിന്റെ ഐക്യതയും കൃപാവരങ്ങളും (എഫെ.4:1-16)
5. ആത്മിക യുദ്ധം (എഫെ.6:10-18)
6. ക്രിസ്തുശാസ്ത്രം (കൊലൊ.1:13-18)
7. മാനുഷികമായ മതാചാരങ്ങൾ (കൊലൊ.2:16-23)

8. കൊലൊസ്യ ലേഖനത്തിൽ പ്രാപഞ്ചികമായ ക്രിസ്തുവിന്റെ പ്രാധാന്യതയും എഫെസ്യ ലേഖനത്തിലാകട്ടെ, 'എല്ലാം ക്രിസ്തുവിൽ ഒന്നായിച്ചേരും' എന്ന 'തീമു'മാണ് കാണപ്പെടുന്നത്.

G. ഉപസംഹാരമായി പറഞ്ഞാൽ എ.റ്റി. റോബർട്സൺ ന്റെയും എഫ്.എഫ്.ബ്രൂസിന്റെയും അഭിപ്രായ പ്രകാരം കൊലൊസ്യ ലേഖനത്തോടു ചേർന്ന് അതിലെ ആശയങ്ങളെ പരിസമാപ്തിയിൽ എത്തിക്കുകയാണ് പൗലൊസ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

## IV. കാലഘട്ടം

A. ഈ ലേഖനത്തിന്റെ കാലഘട്ടം പൗലൊസിന്റെ എഫെസൊസ്, ഫിലിപ്പിയ, കൈസര്യ, റോം എന്നിവിടങ്ങളിലെ ഒരു കാരാഗൃഹവാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. അ.പ്ര-യിലെ രേഖകളുടെ പശ്ചാത്തലത്തിൽ റോമൻ കാരാഗൃഹവാസമാണ് ഏറെ യോജിക്കുന്നത്.

B. റോമൻ കാരാഗൃഹവാസത്തെ മുഖവിലയ്ക്കെടുക്കുമ്പോൾ ഉടനെ ഉയർന്നുവരുന്ന ചോദ്യമെന്നത് എപ്പോൾ ആയിരുന്നു അത് എന്നതാണ്. പൗലൊസ് 60-കളുടെ ആദ്യത്തിൽ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു എന്ന് അ.പ്രവൃത്തി വ്യക്തമാക്കുന്നു. താൻ കാരാഗൃഹത്തിൽ നിന്നും പുറത്തു വന്നയുടൻ ഇടയലേഖനങ്ങൾ (1&2 തിമൊഥെയൊസ്, തീത്തൊസ്) എഴുതുകയും എ.ഡി.68 ജൂൺ 9 ആയപ്പോഴേക്കും അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് കൊല്ലുകയും ചെയ്തു - ആ വർഷം തന്നെയായിരുന്നു നീറോ ചക്രവർത്തി ആത്മഹത്യ ചെയ്തിരുന്നത്.

C. വളരെ ആധികാരികമായി രീതിയിൽ പറഞ്ഞാൽ എഫെസ്യ ലേഖനം എഴുതപ്പെട്ടത് എ.ഡി.60-കളുടെ ആരംഭത്തിൽ ഒന്നാം കാരാഗൃഹവാസത്തിലാണ്.

D. ആസ്യയിലേക്ക് കൊലൊസ്യ, എഫെസ്യ, ഫിലെമോൻ - ലേഖനങ്ങളെ കൊ ുവന്നത് തിഹിക്കൊസ് ഒനേസിമോസിനോടൊപ്പമായിരുന്നു.

E. എഫ്.എഫ് ബ്രൂസിന്റെയും ഹാരീസിന്റെയും കാലഗണന പട്ടികയിൽ ചില വ്യതിയാനങ്ങൾ വരുത്തി ചുവടെ ചേർക്കുന്നു.

| | പുസ്തകം | രചനാകാലം | എഴുതിയകാലം | അ.പ്ര.കളുമായുള്ള ബന്ധം |
|---|---|---|---|---|
| 1. | ഗലാത്യർ | 48 | അന്ത്യോക്യ-സിറിയ | 14:28, 15:2 |
| 2. | 1 തെസ്സലോനിക്യർ | 50 | കൊരിന്ത് | 18:5 |
| 3. | 2 തെസ്സലോനിക്യർ | 50 | കൊരിന്ത് | |
| 4. | 1 കൊരിന്ത്യർ | 55 | എഫേസസ് | 19:20 |
| 5. | 2 കൊരിന്ത്യർ | 56 | മക്കദൊന്യ | 20:2 |
| 6. | റോമർ | 57 | കൊരിന്ത് | 20:3 |
| 7-10 | കാരാഗൃഹ ലേഖനങ്ങൾ | | | |
| | കൊലൊസ്സ്യർ | 60 കളുടെ തുടക്കം | | |
| | എഫേസ്യർ | 60 കളുടെ തുടക്കം | റോം | |
| | ഫിലേമോൻ | 60 കളുടെ തുടക്കം | | |
| | ഫിലിപ്പിയർ | 62-63 ഒടുവിൽ | | 28:30, 31 |
| 11-13 | നാലാം ദൗത്യയാത്ര | | | |
| | 1 തിമൊഥെയൊസ് | 63 (അതിനുശേഷം) | മക്കദൊന്യ | |
| | തീത്തൊസ് | 63, ന് മുൻപ് | എഫേസസ് (?) | |
| | 2 തിമൊഥെയൊസ് | 64- (AD 68) | റോം | |

## V. സ്വീകർത്താക്കൾ

A. അനേകം കയ്യെഴുത്തു പ്രതികളിൽ (Achester beatty papyri, p.46; Sinaticus,X; Varticanus,B; Origen's Greek text, and Tertullaian's Greek text) 1:1-ൽ കാണുന്ന ''എഫെസൊസിലുള്ള'' എന്ന പ്രയോഗം കാണുന്നില്ല. RSV - യും വില്യമിന്റെ ഭാഷാന്തരവും ഈ പ്രയോഗം ഒഴിവാക്കിയിട്ടു ്.

B. സർവ്വസാധാരണയായി ഒരു ചാക്രിക ലേഖനത്തിൽ മാത്രമാണ് സഭയുടെ പേര് എഴുതാതെ ആ സ്ഥലത്ത് ഏത് സഭയിലാണോ ഈ ലേഖനമെത്തുന്നത് ആ സഭയുടെ പേര് എഴുതുവാൻ

തക്കവണ്ണം ഒരു സാധ്യത നല്കാറുള്ളത്. കൊലൊ.4:15,16 വാക്യങ്ങളിലുള്ള ''ലവോദിക്യയിലെ ലേഖനം'' എഫെസ്യ ലേഖനം ആയിരിക്കുവാനുള്ള സാധ്യതയിലേക്കാണ് ഇത് വിരൽ ചൂ ുന്നത്. (മാർഷ്യൻ എഫെസ്യ ലേഖനത്തെ ''ലവോദിക്യ ലേഖനം'' എന്നാണ് പറഞ്ഞിരിക്കുന്നത്).

C. എഫെസ്യ ലേഖനം പൗലൊസ് അതുവരെയും നേരിൽ ക ിട്ടില്ലാത്ത (1:15; 3:2) ജാതീയരായ (2:1; 4:17) വിശ്വാസികൾക്കാണ് പ്രധാനമായും എഴുതിയിട്ടുള്ളത്. ലിക്കസ് നദീതീരത്തുള്ള സഭകൾ (ലവോദിക്യ, ഹിയരപ്പൊലി, കൊലൊസ്യ) എന്നീ സഭകൾ എപ്പഫ്രാസാണ് സ്ഥാപിച്ചത്, പൗലൊസല്ല (കൊലൊ.1:7; 4:12; ഫിലെ.23).

## VI. ലേഖനോദ്ദേശ്യം

A. ഈ പുസ്തകത്തിന്റെ പ്രധാന പ്രതിപാദ്യം 1:10, 4:1-10 എന്നീ വാക്യങ്ങൾ പ്രകാരം 'എല്ലാം ക്രിസ്തുവിൽ ഒന്നായിച്ചേരും' എന്നതാണ്. മനുഷ്യനോടും ലോകത്തോടുമുള്ള ദൈവത്തിന്റെ സ്വരൂപ സാദൃശ്യങ്ങൾ ക്രിസ്തു യഥാസ്ഥാപനം ചെയ്യും.( kosmos).

B. പൗലൊസിന്റെ നാല് കാരാഗൃഹ ലേഖനങ്ങളിൽ ഒന്നാണ് എഫെസ്യ ലേഖനം. എഫെസ്യ ലേഖനത്തിന്റെയും കൊലൊസ്യ ലേഖനത്തിന്റെയും വിഷയ വിഭജനം ഏതാ ് ഒരുപോലെ തന്നെയാണ്. ആസ്യയിലെ ലിക്കസ് നദീതീരപ്രദേശങ്ങളിൽ വ്യാപിച്ചിരുന്ന 'ജ്ഞാനവാദ'ത്തിന് മറുപടിയെന്നോണമാണ് കൊലൊസ്യ ലേഖനം എഴുതപ്പെട്ടത്. എഫെസ്യ ലേഖനമാകട്ടെ, ഒരു ചാക്രിക ലേഖനമായി ആ പ്രദേശങ്ങളിലെ തന്നെ മറ്റു സഭകൾക്ക് ഇതേ ദുരുപദേശങ്ങളെക്കുറിച്ച് ഒരു മുന്നറിയിപ്പ് നല്കുകയായിരുന്നു. കൊലൊസ്യ ലേഖനം സംക്ഷിപ്തമായ സ്വന്തം കൈപ്പടയിലെ ഒരു ലേഖനമായിരുന്നു. എന്നാൽ എഫെസ്യ ലേഖനമാകട്ടെ, നീ വാക്യങ്ങളുള്ള വിപുലമായ/ യുക്തിപരമായി അവതരിപ്പിച്ച ലേഖനമായിരുന്നു(1:3-14,15-23; 2:1-9; 3:1-7 etc).

## VII. സംക്ഷിപ്ത വിഷയ വിഭജനം

A. പ്രധാനമായും ഈ പുസ്തകത്തെ ര ായി തിരിച്ചിരിക്കുന്നു. (പൗലൊസിന്റെ മിക്കവാറും എല്ലാ ലേഖനങ്ങളിലും എന്നപോലെ).
   1. ക്രിസ്തുവിൽ ഒന്ന് , അദ്ധ്യായങ്ങൾ 1,2,3(ദൈവശാസ്ത്രം)
   2. സഭയിൽ ഒന്ന് , അദ്ധ്യായങ്ങൾ 4,5,6 (പ്രായോഗികത)

B. പ്രധാന പ്രമേയപരമായ വിഭജനം
   1. സാധാരണമായ പൗലൊസിന്റെ മുഖവുര (1:1-2)
   2. സർവ്വവും ക്രിസ്തുവിൽ ഒന്നായിച്ചേർക്കേ ുന്ന പിതാവിന്റെ പദ്ധതി (1:3-3:21)
      a. പൗലൊസ് പിതാവിനെ വാഴ്ത്തുന്നു. (1:3-14)
         (1) ലോകസ്ഥാപനം മുതലുള്ള പിതാവിന്റെ സ്നേഹം
         (2) പുത്രനിലൂടെ പിതാവ് ഇന്ന് കാണിക്കുന്ന സ്നേഹം
         (3) പരിശുദ്ധാത്മാവിലൂടെ പിതാവ് നല്കുന്ന അനന്തമായ സ്നേഹം
      b. പൗലൊസ് സഭകൾക്കായി പിതാവിനോടു പ്രാർത്ഥിക്കുന്നു. (1:15-23)
         (1) ക്രിസ്തുവിലൂടെയുള്ള പിതാവിന്റെ വെളിപ്പാടുകൾ തിരിച്ചറിയുവാൻ
         (2) പിതാവിന്റെ പ്രവൃത്തി ശക്തിയോടു കൂടെ വിശ്വാസികളിൽ വെളിപ്പെടുവാൻ
         (3) പിതാവ് പുത്രനെ എല്ലാറ്റിനും മേലായി ഉയർത്തുവാൻ
      c. സർവ്വ മാനവരോടുമുള്ള പിതാവിന്റെ പദ്ധതിയെക്കുറിച്ചുള്ള പൗലൊസിന്റെ ധാരണ (2:1-3:13)
         (1) പാപിയായ മനുഷ്യന്റെ പാപമോചനമെന്ന ആവശ്യകത
         (2) പിതാവിന്റെ കൃപാദാനം
         (3) ദൈവിക ഉടമ്പടിക്ക് മനുഷ്യന്റെ യോഗ്യമായ പ്രതികരണം
      d. പിതാവിന്റെ പദ്ധതികൾ പൂർണ്ണമായും വെളിപ്പെടുത്തിയിരിക്കുന്നു. വിശ്വാസികൾക്കു വേ ി പൗലൊസ് പിതാവിനോട് പ്രാർത്ഥിക്കുന്നു (3:14-21)
         (1) അകമെയുള്ള മനുഷ്യൻ ശക്തനാകുവാൻ (ആത്മാവിനാൽ)
         (2) പ്രായോഗികമായും ദൈവസ്നേഹത്തിലും സുവിശേഷം പൂർണ്ണമായി ഗ്രഹിക്കുവാൻ (ആക്ഷരികമായുള്ള അറിവല്ല)
         (3) ദൈവിക നിറവിൽ (ക്രിസ്തു) നിറയുവാൻ
         (4) ഇതെല്ലാറ്റിനും കാരണഭൂതൻ ദൈവമാകുന്നു.
   3. തന്റെ ജനത്തിന്റെ ഐക്യതയെക്കുറിച്ചുള്ള ദൈവത്തിന്റെ ആഗ്രഹം (4:1-6:20)

a. ത്രിയേക ദൈവത്തിന്റെ ഐക്യത തന്റെ മക്കളുടെ ഐക്യതയിൽ പ്രതിഫലിക്കുന്നു. (4:1-16)
   (1) ഐക്യത എന്നത് എല്ലാവരും ഒരുപോലെ എന്നതല്ല - സ്നേഹത്തിൽ ഒന്നാവുക എന്നതാണ്.
   (2) ദൈവത്വം ത്രിയേകത്വത്തിന്റെ ഐക്യതയാണ്.
   (3) ആത്മിക വരങ്ങൾ വ്യക്തികൾക്കായല്ല, ക്രിസ്തുശരീരത്തിന്റെ പൊതു പ്രയോജനത്തിനായാണ്.
   (4) ഐക്യത പരസ്പര ശുശ്രൂഷയ്ക്ക് വഴിയൊരുക്കുന്നു.
   (5) ഐക്യത ക്രിസ്തുവിലാകുന്നു

b. ജാതീയ സ്വാർത്ഥ മനോഭാവത്തിനെതിരായ ക്രിസ്തീയ ഐക്യത (4:17-5:14)
   (1) പഴയ മനുഷ്യ പ്രവണതകളെ മാറ്റിക്കളയുക.
   (2) ക്രിസ്തുവിനെ ധരിക്കുക

c. ഐക്യത നേടുവാനും നിലനിർത്തുവാനുമുള്ള സാധ്യതകൾ (5:15-6:9)
   (1) ആത്മാവിൽ നിറഞ്ഞ് ജീവിക്കുക
   (2) ആത്മ നിറവിന്റെ ജീവിതം വിശദീകരിച്ചിരിക്കുന്നു.
   (a) 5 തത്വങ്ങൾ (വാക്യം.19-21)
   (b) ലൗകികമായ 3 ഉദാഹരണങ്ങൾ
      i. ഭർത്താവ് - ഭാര്യ
      ii. മാതാപിതാക്കൾ - മക്കൾ
      iii. യജമാനൻ - ദാസൻ

d. ക്രിസ്തു കേന്ദ്രീകൃത ഐക്യതയ്ക്കുള്ള പോരാട്ടങ്ങൾ (6:10-20)
   (1) ആത്മിക യുദ്ധം
   (2) സർവ്വായുധവർഗ്ഗം
   (3) പ്രാർത്ഥനയുടെ ശക്തി

4. ഉപസംഹാര പ്രസ്താവനകൾ (6:21-24)

## VIII. ദുരുപദേശകരുടെ താത്വികവും ദൈവശാസ്ത്രപരവുമായ പശ്ചാത്തലം (GNOSTICISM)

A. ഒന്നും ര ും നൂറ്റാ ുകളിലെ ജ്ഞാനവാദം
   1. ആത്മാവും (ദൈവം) ഭൗതികവും (ഭൗതികമായ വസ്തുക്കൾ) നിത്യമെന്ന ജീവതത്വശാസ്ത്രപരമായ ദ്വൈതവാദം
   2. ആത്മാവ് നന്മയുടെ പ്രതീകവും ഭൗതികം തിന്മ നിറഞ്ഞതുമാണ്.
   3. വിശുദ്ധനും ഉന്നതനുമായ ദൈവത്തിനും തിന്മ നിറഞ്ഞ ലോകത്തെ സൃഷ്ടിച്ച ആ ഉന്നതനായ ദൈവത്തിന് കീഴെയുള്ള ദൈവത്തിനും ഇടയിൽ ദൂതന്മാരുടെ പല ശ്രേണികളും(eons) ഉ ്.
   4. രക്ഷയ്ക്കുള്ള മാർഗ്ഗം
      a. ജ്ഞാനമെന്ന സൂത്രവാക്യത്തിലൂടെ എല്ലാ ദൂതശ്രേണികളും കടന്ന് ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലെത്താമെന്ന വിശ്വാസം.
      b. എല്ലാവരും മോക്ഷമാർഗ്ഗം അറിയുന്നില്ല/ മോക്ഷമാർഗ്ഗത്തിൽ എത്തുന്നില്ല എങ്കിലും എല്ലാവർക്കും ഒരു സ്വർഗ്ഗീയ പ്രകാശനം നല്കപ്പെടുന്നു.
      c. പ്രത്യേക വെളിപ്പാടിനാൽ ഒരു ചെറിയ കൂട്ടം ആൾക്കാർക്കു ജ്ഞാനം ലഭ്യമാകുന്നു.
   5. ധർമ്മശാസ്ത്രം
      a. ഇതിന് ആത്മിക ജീവിതവുമായി ഒരു ബന്ധവുമില്ല. (Libertarians, antinomians)
      b. മോക്ഷത്തിന് അത്യന്താപേക്ഷിതമാണ്. (Legalists)

B. ചരിത്രപരവും ബൈബിൾപരവുമായ ക്രിസ്ത്യാനിത്വത്തോടിത് എത്രത്തോളം വിരുദ്ധമായിരിക്കുന്നു?
   1. ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ വേർതിരിക്കൽ. (ക്രിസ്തുവിന് ഒരേ സമയം പൂർണ്ണ ദൈവവും മനുഷ്യനും ആയിരിക്കുവാൻ കഴിയുകയില്ല എന്ന് ജ്ഞാനവാദം പഠിപ്പിച്ചു. )
   2. ഏകമോക്ഷ മാർഗ്ഗമായ ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണം നിരസിച്ചു.

3. സൗജന്യമായ സ്വർഗ്ഗീയ കൃപാദാനത്തിനു പകരം മാനുഷിക ജ്ഞാനത്തെ പ്രതിഷ്ഠിച്ചു.

## IX. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ പദങ്ങളും പ്രയോഗങ്ങളും

1. വിശുദ്ധന്മാർ (1:1)
2. കർത്താവ് (1:2)
3. സ്വർഗ്ഗത്തിലെ സ്ഥലങ്ങൾ (1:3)
4. "ലോകസ്ഥാപനത്തിനു മുമ്പ്" (1:4)
5. നിഷ്കളങ്കരും (1:4)
6. മുൻനിയമിച്ചു (1:5)
7. "വീണ്ടെടുപ്പ്" (1:7)
8. മർമ്മം (1:9)
9. "കാലസമ്പൂർണ്ണത" (1:10)
10. മുദ്രയിട്ടിരിക്കുന്നു (1:13)
11. അച്ചാരം (1:14)
12. മഹത്വം (1:17)
13. "ദൈവത്തിന്റെ വലത്തുഭാഗത്തിരുത്തി" (1:20)
14. "എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ" (1:23)
15. "ഈ ലോകത്തിന്റെ കാലഗതി" (2:2)
16. "ദൈവത്തിന്റെ ദാനം" (2:8)
17. "സഹപൗരന്മാർ" (2:19)
18. "മൂലക്കല്ല്" (2:20)
19. "ധൈര്യവും പ്രവേശനവും" (3:12)
20. "മനുഷ്യന്റെ തന്ത്രങ്ങൾ" (4:14)
21. "തെറ്റിച്ചുകളയുന്ന തന്ത്രങ്ങൾ" (4:14)
22. "സ്നേഹത്തിൽ നടപ്പിൻ" (5:2)
23. "സൗരഭ്യവാസന" (5:2)
24. "ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യം" (5:5)
25. "അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ" (5:21)
26. "സർവ്വായുധവർഗ്ഗം" (6:11)
27. "അര കെട്ടുക" (6:14)
28. "ആത്മാവിന്റെ വാൾ" (6:17)

## X. ഈ ലേഖനത്തിൽ അിറഞ്ഞിരിക്കേ വ്യക്തികൾ

1. ജ്ഞാനവാദികൾ
2. "ആകാശത്തിലെ അധികാരി" (2:2)
3. ജാതികൾ
4. അപ്പൊസ്തലന്മാർ (4:11)
5. പ്രവാചകന്മാർ (4:11)
6. സുവിശേഷകന്മാർ (4:11)
7. തല (4:15)
8. പിശാച് (4:27)
9. "അനുസരണക്കേടിന്റെ മക്കൾ" (5:6)
10. "വെളിച്ചത്തിന്റെ മക്കൾ" (5:8)
11. "ദുഷ്ടാത്മ സേന" (6:12)
12. തിഹിക്കോസ് (6:21)

## XI. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

## XII. ചർച്ച ചെയ്യപ്പെടേ ചോദ്യങ്ങൾ

1. 1:3-14 പ്രധാന പ്രതിപാദ്യം എന്ത്?

2. എന്തുകൊ ാണ് 1:3-14 ഭാഗത്ത് ''തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ചയ്ക്കായി'' എന്നത് മൂന്നു പ്രാവശ്യം ആവർത്തിച്ചിരിക്കുന്നത്.
3. ഈ പുസ്തകത്തിൽ പൗലൊസ് എന്തുകൊ ാണ് ജ്ഞാനം, പരിജ്ഞാനം, പ്രകാശനം എന്നീ വാക്കുകൾ ആവർത്തിച്ചുപയോഗിച്ചിരിക്കുന്നത്?
4. 1:19 ആരെയാണ് ഉദ്ദേശിക്കുന്നത്?
5. 1:21-ൽ കാണുന്ന ര ˇ യുഗങ്ങളെക്കുറിച്ചുള്ള യഹൂദന്മാരുടെ ധാരണ എന്ത്?
6. 2:1-3 ഭാഗം സംക്ഷിപ്തീകരിക്കുക?
7. 2:4-6 ഭാഗം ചുരുക്കി എഴുതുക?
8. ചരിത്രപരമായി 2:14 എന്തിനെ സൂചിപ്പിക്കുന്നു?
9. 3:3 -ൽ പൗലൊസ് ഉദ്ദേശിക്കുന്ന വെളിപ്പാട് എന്താണ്?
10. 3:8 -ൽ ''വിശുദ്ധന്മാരിൽ ഏറ്റവും ചെറിയവനെന്ന്'' പൗലൊസ് തന്നെക്കുറിച്ച് പറയാൻ കാരണമെന്ത്?
11. 4:4-6 'ഏകം' എന്ന വാക്ക് പലപ്പോഴും ആവർത്തിക്കുന്നതെന്തുകൊ ˇ?
12. 4:7 -ൽ പറയുന്ന ക്രിസ്തുവിന്റെ ദാനം എന്താണ്?
13. പൗലൊസ് 4:8-ൽ ഉദ്ധരിച്ചിരിക്കുന്ന ഭാഗം പഴയ നിയമത്തിൽ എവിടെയാണ്? എന്തുകൊ ˇ അത് നമ്മുടെ പഴയ നിയമ ഭാഗത്തു നിന്നും വ്യത്യസ്തമായി കാണപ്പെടുന്നു?
14. എന്തുകൊ ˇ 4:12 പ്രാധാന്യമർഹിക്കുന്നു?
15. 5:5 രക്ഷിക്കപ്പെടുന്നവരെക്കുറിച്ചു മാത്രം പരാമർശിക്കുന്ന ഭാഗമാണോ?
16. വീഞ്ഞ് കുടിക്കുന്നത് ആത്മാവ് നിറയുന്നതുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? (5:18)
17. സഭയ്ക്കായുള്ള ക്രിസ്തുവിന്റെ സ്നേഹവും യാഗാർപ്പണവും എങ്ങനെയാണ് ക്രിസ്തീയ ഭവനവുമായി ബന്ധപ്പെട്ടിരിക്കുന്നത്? (5:25-33)
18. ''മാനവും അനുസരണവും'' പരസ്പരം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
19. 6:18-ന് ഇന്നത്തെ പ്രസക്തി എന്ത്?

# ഫിലിപ്പ്യ ലേഖനത്തിനൊരു മുഖവുര

## I. പ്രാരംഭ പ്രസ്താവന

A. പൗലൊസിന്റെ ഔപചാരികമല്ലാത്ത ലേഖനങ്ങളിലൊന്നാണിത്. ഈ ലേഖനത്തോടുള്ള ബന്ധത്തിൽ പൗലൊസ് തന്റെ അപ്പൊസ്തലത്വം തെളിയിക്കേ ി വന്നിട്ടില്ല എന്നു മാത്രമല്ല അവരോടുള്ള തന്റെ അളവറ്റ സ്നേഹം ഈ ലേഖനത്തിൽ വളരെ പ്രകടവുമാണ്. തനിക്ക് സാമ്പത്തിക കൂട്ടായ്മ കാണിക്കുവാൻപോലും പൗലൊസ് അവരെ അനുവദിച്ചിരുന്നു. അത് പൗലൊസിന്റെ ജീവിതത്തിൽ വളരെ അസാധാരണവുമായിരുന്നു (1:5,7; 4:15).

B. പൗലൊസ് കാരാഗൃഹത്തിലായിരുന്നു എങ്കിലും 'സന്തോഷിക്കുക' എന്ന് ഏകദേശം 16 പ്രാവശ്യം പറയുന്നു ് (നാമരൂപവും ക്രിയാരൂപവും). അതായത് താൻ അനുഭവിച്ചിരുന്ന സന്തോഷവും സമാധാനവും പശ്ചാത്തലങ്ങൾക്കതീതമായതായിരുന്നു.

C. സഭയിൽ ദുരുപദേശങ്ങൾ വ്യാപിച്ചിരുന്നു എന്നൊരു സൂചന ഈ ലേഖനത്തിൽ കാണാം (3:2, 18-19). ഗലാത്യ ലേഖനത്തിലെ 'യഹൂദവാദികളു'മായി ഇവർ വളരെ സാമ്യം പുലർത്തിയിരുന്നു എന്നു കാണാം. അവരുടെ അടിസ്ഥാന ആശയമെന്നത്, ഒരുവൻ ക്രിസ്ത്യാനിയാകണമെങ്കിൽ ആദ്യം അവൻ യഹൂദ ആചാരമര്യാദകൾ പാലിച്ചിരിക്കണം എന്നതായിരുന്നു.

D. ഈ കത്തിൽ പുരാതന ക്രിസ്തീയ ഗാനങ്ങളുടെയും വിശ്വാസപ്രമാണങ്ങളുടെയും ഒരുഗന്ധം കാണുവാൻ കഴിയും (2:6-11). ക്രിസ്തുശാസ്ത്രപരമായി പുതിയ നിയമത്തിലുള്ള ഏറ്റവും ശ്രദ്ധേയമായ ഭാഗങ്ങളിലൊന്നാണിത് (യോഹ.1:1-14; കൊലൊ.1:13-20; എബ്രാ.1:2-3). ക്രിസ്തുവിന്റെ വിനയമനോഭാവം നമുക്ക് ഉപദേശമായി നല്കപ്പെട്ടു എന്നതിനെക്കാൾ, അത് നമുക്കൊരു മാതൃകയാകുന്നു എന്നാണ് പൗലൊസ് പറയുന്നത് (2:1-5).

E. 104 വാക്യങ്ങൾ മാത്രമുള്ള ഈ ലേഖനത്തിൽ 51 പ്രാവശ്യം 'യേശു' എന്ന പേര് വന്നിട്ടു ്. പൗലൊസിന്റെ ദൈവശാസ്ത്രത്തിന്റെയും പൗലൊസിന്റെ ഹൃദയ വിചാരങ്ങളുടെയും കേന്ദ്രസ്ഥാനത്ത് ആരായിരുന്നു എന്നാണിതു കാണിക്കുന്നത്.

## II. ഫിലിപ്പ്യയും മക്കദോന്യയും

### A. ഫിലിപ്പ്യ പട്ടണം

1. അലക്സാ ർ ചക്രവർത്തിയുടെ പിതാവായ മാസിഡോണിയയിലെ ഫിലിപ്പ് ര ാമൻ ഈ പട്ടണം പിടിച്ചെടുക്കുകയും തന്റെ രാജ്യത്തോട് ചേർക്കുകയും ചെയ്തു. ഈ പ്രദേശങ്ങളിലെ സ്വർണ്ണ ലഭ്യത കാരണം ഈ പട്ടണം വളരെ പേരുകേട്ടതായിരുന്നു.
2. പിഡ്ന (Pydna) യുദ്ധത്തോടുകൂടെ (ബി.സി.168) ഈ പ്രദേശം റോമൻ സാമ്രാജ്യത്തിന്റെ ഭാഗമാക്കപ്പെടുകയും പിന്നീട് മാസിഡോണിയയുടെ നാലു ഭാഗങ്ങളിൽ ഒന്നായി മാറുകയും ചെയ്തു.
3. ബി.സി.42-ൽ ബ്രൂട്ടസും കാസിയസും (Republicans) ചക്രവർത്തിപദത്തിലുള്ള ആന്റണിയോടും ഒക്റ്റേവിയനോടും ഫിലിപ്പ്യയ്ക്കരികത്തു വച്ച് റോമിന്റെ ഭരണപരമായ നവീകരണത്തിന്റെ പേരിൽ ഏറ്റുമുട്ടി. യുദ്ധാനന്തരം ആന്റണി തന്റെ വിജയാളികളായ യോദ്ധാക്കളെ ഫിലിപ്പ്യ പട്ടണത്തിൽ താമസിപ്പിച്ചിരുന്നു.
4. ബി.സി.31-ൽ ആക്റ്റിയം (Actium) യുദ്ധത്തിൽ ഒക്റ്റേവിയൻ (Octavian) ആന്റണിയെ പരാജയപ്പെടുത്തിയപ്പോൾ, ആന്റണിയുടെ അനുയായികൾ റോമിൽ നിന്നും ഇവിടേക്ക് പാലായനം ചെയ്യപ്പെട്ടു.

5. ബി.സി.31-ൽ ഫിലിപ്പ്യ പട്ടണം ഒരു റോമൻ കോളനിയായി മാറി (അ.പ്ര.16:12). അന്നു മുതൽ പട്ടണത്തിലെ ആൾക്കാർക്ക് റോമൻ പൗരത്വം അനുവദിക്കപ്പെട്ടു. ലത്തീൻഭാഷ സംസാരഭാഷയായി മാറി. പട്ടണം ചെറിയ ഒരു 'റോം' ആയി മാറി. ഈ പട്ടണം കിഴക്ക് പടിഞ്ഞാറ് ഭാഗങ്ങളെ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട റോമൻ 'ഹൈവേ' ആയ 'ഇഗ്നേഷ്യൻ റോഡ്'-ന്റെ (Ignatian way) വശത്തായിരുന്നു സ്ഥിതി ചെയ്തിരുന്നത്. റോമൻ പൗരത്വത്തിൽ ഉ ായിരുന്ന പ്രധാന പരിഗണനകൾ താഴെ പറയുന്നവയാണ്.

a. തലവരി, നിലങ്ങൾക്കുള്ള നികുതി എന്നിവ നല്കേ തില്ല.
b. വസ്തുവകകൾ വില്ക്കുവാനും വാങ്ങുവാനും ഉള്ള അവകാശം.
c. റോമൻ നിയമം അനുവദക്കുന്ന എല്ലാ സംരക്ഷണവും അവകാശവും ലഭിക്കും.
d. പ്രാദേശിക ഗവൺമെന്റിൽ പങ്കാളികളാകുവാനുള്ള അവസരം ഉ ായിരുന്നു. (Praetors and lictors)

## B. ഫിലിപ്പ്യയിൽ എത്തിയ സുവിശേഷം

1. തന്റെ ര ാം മിഷണറി യാത്രയിൽ ആസ്യയിലെ 'മദ്ധ്യ - വടക്കൻ' ഭാഗങ്ങളിൽ എത്തുവാനാണ് പൗലൊസ് ആഗ്രഹിച്ചത് (ആധുനിക തുർക്കി, ബൈബിളിലെ ബിധുന്യ). എന്നാൽ ആ സമയത്ത് പൗലൊസിന് മക്കദോന്യക്കാരനായ (വടക്കൻ ഗ്രീസ്) ഒരു മനുഷ്യന്റെ (ലൂക്കൊസിന്റേതാകാം) ദർശ്ശനം ഉ ായി.പൗലൊസ് വന്ന് തങ്ങളെ സഹായിക്കണം എന്നതായിരുന്നു ആവശ്യം (അ.പ്ര.16:6-10). അങ്ങനെ ആ ദർശ്ശനത്തിലൂടെ ദൈവാത്മാവ് പൗലൊസിനെ യൂറോപ്പിലേക്ക് നയിച്ചു.
2. **പൗലൊസിന്റെ സഹകാരികൾ**

**a. ശീലാസ് (സില്വാനോസ്)**

1) യെരുശലേം സഭയിലെ ഒരു നേതാവും ഒരു പ്രവാചകനും ആയിരുന്നു ഇദ്ദേഹം. പിന്നീട് ബർന്നബാസിനു പകരം ഇദ്ദേഹമായിരുന്നു പൗലൊസിന്റെ സഹകാരിയായി യാത്ര ചെയ്തിരുന്നത് (അ.പ്ര.15:15-22,32,36-41).
2) ഫിലിപ്പ്യയിൽ വച്ച് ഇവർ ര ുപേരും കാരാഗൃഹത്തിലടയ്ക്കപ്പെട്ടിരുന്നു (അ.പ്ര.16:16-26).
3) പൗലൊസ് അദ്ദേഹത്തെ സില്വാനോസ് എന്നായിരുന്നു വിളിച്ചിരുന്നത് (2കൊരി.1:19; 1തെസ്സ.1:1; 2തെസ്സ.1:1).
4) മർക്കൊസിനെപ്പോലെ തന്നെ (John Mark) ഇദ്ദേഹവും പിന്നീട് പത്രൊസിന്റെ ശിഷ്യനായിത്തീർന്നിരിക്കാനാണു സാധ്യത (1പത്രൊ.5:12).

**b. തിമൊഥെയൊസ്**

1) പൗലൊസിന്റെ ഒന്നാം മിഷണറി യാത്രയിലായിരുന്നു ഇദ്ദേഹം മാനസ്സാന്തരപ്പെട്ടത് (അ.പ്ര.16:1-2; 2തിമൊ.1:5; 3:15).
2) അദ്ദേഹത്തിന്റെ അമ്മയും വലിയമ്മയും യഹൂദ സ്ത്രീകൾ ആയിരുന്നു എങ്കിലും അപ്പൻ യവനനായിരുന്നു (അ.പ്ര.16:1; 2തിമൊ.1:5).
3) സഹോദരവർഗ്ഗത്താൽ അവൻ നല്ല സാക്ഷ്യം ലഭിച്ചവനായിരുന്നതിനാലും (അ.പ്ര.16:2) ശുശ്രൂഷയ്ക്കുള്ള കൃപാവരം അവനിൽ ഉ ന്ന് പൗലൊസ് ക ത്തിയതിനാലും (1തിമൊ.4:14; 2തിമൊ.1:6) പൗലൊസ് അദ്ദേഹത്തെ മർക്കൊസിനു പകരം സഹായിയായി തിരഞ്ഞെടുത്തിരിക്കാം (അ.പ്ര.13:13).
4) പൗലൊസ് തിമൊഥെയൊസിനെ പരിച്ഛേദനയ്ക്കു നിർബന്ധിച്ചതിനു കാരണം അവൻ യഹൂദന്മാരാൽ സമ്മതനായിത്തീരുവാൻ വേ ിയായിരുന്നു (അ.പ്ര.16:3).
5) തിമൊഥെയൊസ് പൗലൊസിന്റെ വിശ്വസ്തനായ പ്രതിനിധിയായിരുന്നു (ഫിലി.2:19-22; 1കൊരി.4:17; 3:6; 2കൊരി.1:1,19).

**c. ലൂക്കൊസ്**

1) ഇദ്ദേഹത്തെക്കുറിച്ച് മറ്റു വിവരങ്ങളൊന്നും ഇല്ല എങ്കിലും 'ലൂക്കൊസിന്റെ സുവിശേഷത്തിന്റെയും അ.പ്രവൃത്തിയുടെയും' എഴുത്തുകാരനെന്നു വിശ്വസിക്കാം.

2) ഒരു ജാതീയനായ വൈദ്യനായിരിക്കാനാണു സാധ്യത (കൊലൊ.4:14). ചിലരുടെ അഭിപ്രായ പ്രകാരം 'വൈദ്യൻ' (physician) എന്ന വാക്കു കൊ ് അർത്ഥമാക്കുന്നത് 'ഉന്നത വിദ്യാഭ്യാസമുള്ളവൻ' എന്നാണ്. അദ്ദേഹത്തിന് 'വൈദ്യ'ത്തെപ്പോലെ തന്നെ 'കടൽ യാത്ര'യെപ്പോലുള്ള അനേക കാര്യങ്ങളിൽ അവഗാഹം ഉ ായിരുന്നു എന്നത് സത്യം തന്നെ. യേശുവും ഇതേ വാക്കു തന്നെയാണ് 'വൈദ്യൻ' എന്നതിനുപയോഗിച്ചിരിക്കുന്നത് (മത്താ.9:12; മർക്കൊ.2:17; 5:26; ലൂക്കൊ.4:23; 5:31).

3) ഇദ്ദേഹം പൗലൊസിന്റെ സഹയാത്രികൻ ആയിരുന്നു (അ.പ്ര.16:10–17; 20:5–15; 21:1–18; 27:1–28:16; കൊലൊ.4:14; 2തിമൊ.4:11; ഫിലേ.24).

4) 'ഞങ്ങൾ' എന്ന അ.പ്രവൃത്തിയിലെ പ്രയോഗം ഫിലിപ്പ്യയിൽ തന്നെ ആരംഭിച്ച് ഫിലിപ്പ്യയിൽ തന്നെ അവസാനിക്കുന്നു എന്നത് അതിശയകരമായിരിക്കുന്നു. 'പോൾ ദ അപ്പോസ്റ്റിൽ ഓഫ് ദ ഹാർട്ട് സെറ്റ് ഫ്രീ' എന്ന പുസ്തകത്തിൽ എഫ്.എഫ്.ബ്രൂസ് പറയുന്നത്, ലൂക്കൊസ് പുതിയ വിശ്വാസികളെ ഉറപ്പിക്കുവാനും യെരുശലേമിലേക്കുള്ള ധനസഹായം ശേഖരിക്കുവാനും ഫിലിപ്പ്യയിൽ തങ്ങിയിരിക്കാമെന്നാണ്.

5) ഒരു തരത്തിൽ ലൂക്കൊസ് പൗലൊസിന്റെ വ്യക്തിപരമായ വൈദ്യനായിരിക്കാം. പൗലൊസിന് തന്റെ മനസ്സാന്തരത്തോടുള്ള ബന്ധത്തിലും (9:3,9) ശുശ്രൂഷയോടുള്ള ബന്ധത്തിലും (2കൊരി.4:7–12; 6:4–10; 11:23–29) തന്റെ ബലഹീനതയോടുള്ള ബന്ധത്തിലും വളരെ തിന്മകൾ അനുഭവിക്കേ ി വന്നിട്ടു ് (2കൊരി.12:1–10).

3. പൗലൊസ് മൂന്നാം മിഷണറി യാത്രയ്ക്കു ശേഷം ഫിലിപ്പ്യയിൽ തിരിച്ചെത്തി (അ.പ്ര.20:1–3,6). പൗലൊസ് ശീലാസിനെയും തിമൊഥെയൊസിനെയും നേരത്തേ തന്നെ അയച്ചിരുന്നു (അ.പ്ര.19:19–24; ഫിലി.2:19–24))

## C. റോമൻ കോളനിയായ ഫിലിപ്പ്യ (അ.പ്ര.16:12)

1. തന്റെ പദപ്രയോഗങ്ങളിലൂടെ ഈ പട്ടണം ഒരു റോമൻ കോളനിയായിരുന്നു എന്ന് പൗലൊസ് സൂചിപ്പിക്കുന്നു ്.
   a. 'അകമ്പടി പട്ടാളം' 1:13 '(Praetorian guard)'
   b. പൗരത്വം 3:20 (അ.പ്ര.16:22–34, 35–40)
   c. കൈസരിന്റെ അരമനയിലുള്ളവർ (4:22)
2. പട്ടണത്തിൽ ഭൂരിഭാഗവും വിരമിക്കപ്പെട്ട പട്ടാളക്കാരായിരുന്നു. ഏതു വിധത്തിലും അതൊരു ചെറിയ റോം തന്നെ. റോമിന്റെ 'നിറം' ഫിലിപ്പ്യൻ തെരുവുകളിൽ ദൃശ്യമായിരുന്നു (അ.പ്ര.26:21).
3. പൗലൊസും (അ.പ്ര.22:25; 26:32) ശീലാസും (16:37) റോമൻ പൗരന്മാർ ആയിരുന്നതിനാൽ അവിടെ അവർക്ക് നിയമപരമായ അംഗീകാരവും അവസരവും പ്രദാനം ചെയ്തു.

## D. മക്കദോന്യ പ്രവിശ്യ

1. റോമൻ സാമ്രാജ്യത്തെ സംബന്ധിച്ച് സ്ത്രീകൾക്ക് സാമൂഹിക, സാമ്പത്തിക സ്വാതന്ത്ര്യമു ായിരുന്നത് ഇവിടെയായിരുന്നു.
2. ഇക്കാര്യം വ്യക്തമാക്കുന്ന ഭാഗങ്ങൾ
   a. അനേക സ്ത്രീകൾ ആരാധനയിൽ ഏർപ്പെട്ടിരുന്നു - ഫിലിപ്പ്യയുടെ പുറത്ത് നദീതീരത്ത് (അ.പ്ര.16:13).
   b. ലുദിയ എന്ന വ്യാപാരം ചെയ്യുന്ന വനിത (16:14)
   c. സുവിശേഷത്തിലെ വനിതകളായ സഹപ്രവർത്തകർ (4:2–3)
   d. തെസ്സലോനിക്യയിലെ പേരുകേട്ട അനേകം വനിതകൾ (മക്കദോന്യയിലും cf അ.പ്ര.17:4)

# III. ഗ്രന്ഥകർത്താവ്

## A.
തികെച്ചും വ്യക്തിപര പ്രാധാന്യതയുള്ള ഈ ലേഖനം പൗലൊസിന്റേതെന്നു തന്നെയാണ് എല്ലായ്പ്പോഴും വിശ്വസിക്കപ്പെടുന്നത്. 'ഞാൻ', 'എന്റെ' എന്ന പ്രയോഗങ്ങൾ 51 പ്രാവശ്യം കാണുന്നു ്.

B. ഇതിനെ പുരാതന എഴുത്തുകാർ ഉദ്ധരിക്കുകയോ സൂചിപ്പിക്കുകയോ ചെയ്തിട്ടു ്. (സമ്പൂർണ്ണമായ രേഖകൾക്കായി H.C.G Moule - യുടെ ‘ Kregel’ പ്രസിദ്ധീകരിച്ച ‘ Studies in Philippians, pp 201’ കാണുക.)

1. എ.ഡി.95-ൽ കൊരിന്ത്യർക്ക് റോമിലെ ക്ലമന്റ് എഴുതിയ ലേഖനമായ *I Clement, ('ക്ലമന്റ്' 1-ാം ലേഖനം)*
2. ഇംഗ്നേഷ്യസ് - എ.ഡി.110-ൽ എഴുതപ്പെട്ട *Letters of Ignatius ('ഇംഗ്നേഷ്യസിന്റെ ലേഖനങ്ങൾ')*
3. പോളി കാർപ്പ് (അപ്പൊസ്തലനായ യോഹന്നാന്റെ സഹകാരി) - ഏതാ ് എ.ഡി.110-ൽ എഴുതപ്പെട്ട *Letter to the Philippians ('ഫിലിപ്പ്യർക്കുള്ള ലേഖനങ്ങൾ').*
4. ദുരുപദേശകനായിരുന്ന മാർഷിയന്റെ ശിഷ്യനായ മാർഷ്യനേറ്റ് എ.ഡി.170-ൽ, പൗലൊസിന്റെ ഫിലിപ്പ്യ ലേഖനത്തിനെഴുതിയ ഒരു മുഖവുരയിൽ
5. ഐറേനിയസ് - ഏതാ ് എ.ഡി.180-ൽ
6. അലക്സാ്രിയയിലെ ക്ലമന്റ് - എ.ഡി.190-ൽ
7. കാർത്തേജിലെ തെർത്തുല്യൻ - ഏതാ ് എ.ഡി.210-ൽ

C. 1:1-ൽ പൗലൊസ് തിമൊഥെയൊസിനെക്കുറിച്ച് പരാമർശ്ശിച്ചിരിക്കുന്നു എങ്കിലും അദ്ദേഹം സഹ എഴുത്തുകാരനായിരുന്നില്ല, സഹപ്രവർത്തകനായിരുന്നു. (സമയാസമയം തിമൊഥെയൊസ് 'ഒരു സ്ക്രൈബ്' 'scribe' എന്ന നിലയിൽ പ്രവർത്തിച്ചിട്ടു ായിരിക്കാം.)

## IV. കാലഘട്ടം

A. പൗലൊസ് കാരാഗൃഹത്തിലായിരുന്ന കാലത്തായിരുന്നു ഈ ലേഖനം എഴുതപ്പെട്ടത്. (cf. 2 കൊരി.11:23)

1. ഫിലിപ്പ്യൻ കാരാഗൃഹവാസം (അ.പ്ര.16:23-40)
2. എഫെസൊസിലെ കാരാഗൃഹവാസം (1കൊരി.15:32; 2കൊരി.5:8)
3. യെരുശലേം/ കൈസര്യ (അ.പ്ര.21:32-33:30)
4. റോം (അ.പ്ര.28:30) (ഫിലിപ്പ്യ ലേഖനത്തിനുള്ള മാർഷ്യനെറ്റിന്റെ മുഖവുരയിൽ പറയുന്നു ്.)

B. അനേകം പണ്ഡിതരും വിശ്വസിക്കുന്നത് മുകളിൽ പറയുന്നവയിൽ വച്ച് റോമൻ കാരാഗൃഹവാസമാണ് അ.പ്രവൃത്തിയിലെ രേഖകളും പൗലൊസിന്റെ ജീവചരിത്രവുമായി ചേർച്ചയുള്ളത് എന്നാണ്. അങ്ങനെയെങ്കിൽ 60-കളുടെ ആദ്യകാലത്തിലെ ഒരു സമയം ആയിരിക്കാം കൂടുതൽ യോജിച്ചത്.

C. ഈ ലേഖനം പൗലൊസിന്റെ കാരാഗൃഹ ലേഖനങ്ങളിൽ ഒന്നായിട്ടാണ് അറിയപ്പെടുന്നത് (കൊലൊസ്യർ, എഫെസ്യർ, ഫിലേമോൻ, ഫിലിപ്പ്യർ). ആത്യന്തിക തെളിവുകളുടെ പശ്ചാത്തലത്തിൽ നോക്കിയാൽ, ഇവയിൽ കൊലാസ്യ, എഫെസ്യ, ഫിലേമോൻ ലേഖനങ്ങൾ പൗലൊസിന്റെ റോമൻ കാരാഗൃഹവാസത്തിന്റെ ആദ്യനാളുകളിൽ തന്നെ എഴുതപ്പെടുകയും അവയെല്ലാം തന്നെ തിഹിക്കൊസ് വശം ആസ്യയിൽ എത്തിക്കുകയും ചെയ്തു എന്നു മനസ്സിലാക്കാം (കൊലൊ.4:7; എഫെ.6:21). എന്നാൽ ഫിലിപ്പ്യ ലേഖനം ഇവയിൽ നിന്നും വ്യത്യസ്തമാണ്. പൗലൊസ് തന്റെ കാരാഗൃഹവാസത്തിൽ നിന്നും മോചിതനാകുമെന്നും (1:17-26) ഉടനെ തന്നെ അവരെ സന്ദർശ്ശിക്കുമെന്നുമുള്ള(2:24) സൂചന അതിൽ കാണുന്നു ്.

ഇങ്ങനെയൊരു ക്രമം നാം പരിഗണിക്കുമ്പോഴാണ് താഴെ പറയുന്നവയ്ക്ക് നല്ലൊരു സാധ്യത തെളിയുന്നത്. (1) അകമ്പടി പട്ടാളത്തിലും (1:13; അ.പ്ര.28:16) കൈസരുടെ അരമനയിലുള്ളവരിലും (4:22) പൗലൊസിനു സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞു. (2) ഫിലിപ്പ്യയിൽ നിന്നും പലവട്ടം സഹോദരന്മാർക്ക് പൗലൊസിന്റെ അടുക്കൽ വന്നുപോകുവാനുള്ള സമയവും സന്ദർഭവും ലഭിച്ചു.

## V. ലേഖനോദ്ദേശ്യം

A. തന്നെ പലവട്ടം സാമ്പത്തികമായി സഹായിക്കുക മാത്രമല്ല, എപ്പഫ്രാസിനെ തന്റെ സഹായിയായി അയയ്ക്കുകയും ചെയ്തതിന് നന്ദി അറിയിക്കുക (1:3-11; 2:19-30; 4:10-20). മാത്രമല്ല, പൗലൊസ് കാരാഗൃഹത്തിൽ കഴിയുമ്പോൾത്തന്നെ എപ്പഫ്രൊദിത്തോസ് തിരികെ പോന്നതിന്റെ കാരണം വിശദീകരിക്കുകയും ഈ കത്തിന്റെ ഉദ്ദേശ്യങ്ങളിലൊന്നായിരിക്കാം.

B. തന്റെ സാഹചര്യങ്ങളെ പരാമർശ്ശിച്ച് ഫിലിപ്പ്യരെ പ്രോത്സാഹിപ്പിക്കാൻ വേ 1. കാരാഗൃഹത്തിൽ യഥാർത്ഥത്തിൽ സുവിശേഷം വ്യാപിക്കുന്നു ായിരുന്നു. പൗലൊസ് ബന്ധിതനായിരുന്നു. എന്നാൽ സുവിശേഷത്തിനോ ബന്ധനമില്ല.

C. ഗലാത്യയിലെ 'യഹൂദമാർഗ്ഗ'ക്കാർക്ക് തുല്യമായ ദുരുപദേശങ്ങളുടെ മധ്യത്തിൽ ഫിലിപ്പ്യരെ ബോധവാന്മാരാക്കുക. ഒരുവൻ ക്രിസ്തീയ മാർഗ്ഗത്തിൽ വരണമെങ്കിൽ ആദ്യം യഹൂദ മര്യാദകൾ പാലിച്ചിരിക്കണം എന്നതായിരുന്നു അവരുടെ പ്രധാന പഠിപ്പിക്കൽ (അ.പ്ര.15).

എന്നാൽ 3:19-ൽ കാണുന്ന പാപത്തിന്റെ പട്ടിക നോക്കുമ്പോൾ അവർ യഹൂദന്മാർ എന്നതിനുപരി യവന ദുരുപദേശകർ (ജ്ഞാനവാദികൾ) ആയിരിക്കാനാണു സാധ്യത. - ഏതാണ് സത്യമെന്ന് വ്യക്തമല്ല. ചില വിശ്വാസികൾ അവരുടെ പഴയ യവന ജീവിതരീതികളിലേക്ക് തിരികെപ്പോയി എന്നു കരുതുന്നതും തെറ്റല്ല.

D. ആന്തരികവും ബാഹ്യവുമായ പീഡനങ്ങളിൽ പതറിപ്പോകാതിരിക്കുവാൻ ഫിലിപ്പ്യരെ പ്രോത്സാഹിപ്പിക്കുക. പൗലൊസിന്റെ സന്തോഷം പശ്ചാത്തലങ്ങൾക്ക് വിധേയമായിരുന്നില്ല - ക്രിസ്തുവിലെ വിശ്വാസത്തിൽ അധിഷ്ഠിതമായിരുന്നു.
പ്രശ്നങ്ങളുടെ മധ്യത്തിൽ സന്തോഷവാനായിരിക്കുക എന്നത്, ആത്മസംയമനത്തിന് മുൻതൂക്കം നല്കുന്ന സ്റ്റോയിക്യവാദം (Stoic) അല്ല പൗലൊസ് പറയുന്നത്. എന്നാൽ നിരന്തരം പ്രശ്നമുഖരിതമായ ക്രിസ്തീയ ജീവിതത്തിൽ നാം അനുഭവിക്കേ തായ ആത്മിക സന്തോഷമാണത്. ജീവിതത്തിന്റെ പല തുറകളിൽ നിന്നും ഉപമാനങ്ങൾ ചൂ ിക്കാട്ടി ക്രിസ്തീയ ജീവിതത്തിലനുഭവിക്കേ 1 വരുന്ന സമ്മർദ്ദങ്ങളെക്കുറിച്ച് പൗലൊസ് പറയുന്നു ്.

1. ഓട്ടക്കാരൻ - (3:12,14; 4:3)
2. യോദ്ധാവ് - (1:7,12,15,16,17,22,28,30)
3. വ്യാപാരി - (3:7,8; 4:15,17,18)

## VI. പശ്ചാത്തല രൂപരേഖ

A. തികെച്ചും വ്യക്തിപരവും അനൗപചാരികവുമായ ലേഖനമായതിനാൽ കൃത്യമായ ഒരു രൂപരേഖ ഈ ലേഖനത്തെ സംബന്ധിച്ചിടത്തോളം ദുഷ്ക്കരമാണ്. പൗലൊസ് തന്റെ സ്നേഹിതരോടും ക്രിസ്തുവിൽ സഹപ്രവർത്തകരോടും സംസാരിക്കുകയാണിവിടെ. തന്റെ ആശയങ്ങൾ മനസ്സിൽ രൂപപ്പെടുമ്പോൾ തന്നെ ഹൃദയം നിറഞ്ഞുകവിയുകയായിരുന്നു. പൗലൊസിന് ജാതീയരോടുള്ള ഹൃദയവാഞ്ഛ (തികെച്ചും അതിശയകരമായ വിധം സുതാര്യമായി) ഇതിൽ കാണാം. സുവിശേഷീകരണത്തിൽ താൻ അനുഭവിക്കേ 1 വരുന്ന ഏതു പശ്ചാത്തലങ്ങളിലും അദ്ദേഹം 'ക്രിസ്തുവിൽ' സന്തോഷിച്ചിരുന്നു.

B. **വിഷയവിഭജനം (Outline)**

1. പൗലൊസിന്റെ സ്വതസിദ്ധമായ മുഖവുര 1:1-2
    a. വന്ദനം
        1) പൗലൊസിന്റെയും തിമൊഥെയൊസിന്റെയും (1:1)
        2) ഫിലിപ്പ്യയിലെ വിശുദ്ധന്മാർക്ക് (ഭരിക്കുന്നവരും ശുശ്രൂഷകരും ഉൾപ്പെടെ) (1:1)
        3) പൗലൊസിന്റെ സ്വതസിദ്ധമായ പ്രാർത്ഥന
    b. പ്രാർത്ഥന
        1) ആരംഭം മുതലുള്ള തന്റെ സഹപ്രവർത്തകർ 1:5
        2) പൗലൊസിന്റെ ശുശ്രൂഷയിലെ സഹായികൾ 1:7
        3) പൗലൊസിന്റെ വാഞ്ഛകൾ
            a) സ്നേഹാധിക്യം 1:9
            b) വർദ്ധിച്ച പരിജ്ഞാനം (1:9)
            c) സകല വിവേകം (1:9)
            d) നിർമ്മലത (1:10)
2. കാരാഗൃഹത്തിലായിരിക്കുന്ന തനിക്കു വേ 1 വിചാരപ്പെടുന്ന അവർക്കായുള്ള പൗലൊസിന്റെ ഹൃദയഭാരം (1:12-26)
    a. കാരാഗൃഹത്തിലായിരിക്കുന്ന പൗലൊസിലൂടെ സുവിശേഷം പ്രചരിക്കുവാൻ ദൈവം അദ്ദേഹത്തെ ഉപയോഗിച്ചു.
        1) അകമ്പടി പട്ടാളം (1:13)

2) കൈസരിന്റെ അരമനയിലുള്ളവർ (1:13; 4:22)
3) ധൈര്യപ്പെട്ടു പ്രസംഗിക്കുന്നവർ (1:14-18)

b. തന്റെ മോചനം പൗലൊസ് പ്രതീക്ഷിച്ചിരുന്നു. കാരണം,
1) അവരുടെ പ്രാർത്ഥന (1:19)
2) പരിശുദ്ധാത്മ സഹായത്താൽ (1:19)

c. മരണമാകട്ടെ മോചനമാകട്ടെ പൗലൊസിന്റെ മന:ധൈര്യം 1:20-26

3. പൗലൊസിന്റെ പ്രോത്സാഹനം 1:27-2:18

a. പീഡനങ്ങളുടെ മധ്യത്തിലും ക്രിസ്തുകേന്ദ്രീകൃത ഐക്യത്തിലേക്കുള്ള ആഹ്വാനം (1:27-30)

b. ക്രിസ്തു കേന്ദ്രീകൃത സ്വയം പരിത്യാഗ ജീവിതം (2:1-4)

c. നമ്മുടെ മാതൃകയായ ക്രിസ്തു (2:5-11)

d. ക്രിസ്തു തന്ന മാതൃകയുടെ വെളിച്ചത്തിൽ സമാധാന ഐക്യത്തിൽ ജീവിക്കുക (2:12-18)

4. ഫിലിപ്പ്യരുമായുള്ള ബന്ധത്തിൽ പൗലൊസിന്റെ പദ്ധതി 2:19-30

a. തിമൊഥെയൊസിനെ അയയ്ക്കുന്നു 2:19-24

b. എപ്പഫ്രൊദിത്തോസിനെ തിരികെ വിളിക്കുന്നു 2:25-30

5. ദുരുപദേശകർക്കെതിരെയുള്ള കർശ്ശനമായ നിലപാട് 1:17; 4:1

a. നായ്ക്കൾ, പരിച്ഛേദനക്കാർ, യഹൂദമത വക്താക്കൾ (അ.പ്ര.15, ഗലാത്യ ലേഖനം) 3:1-4

b. പൗലൊസിന്റെ യഹൂദമത പാരമ്പര്യം
(1) ദുരുപദേശകരോടുള്ള ബന്ധത്തിൽ 3:5-6
(2) ക്രിസ്തുവിനോടുള്ള ബന്ധത്തിൽ 3:7-16

c. പൗലൊസിന്റെ തേങ്ങൽ 3:17-21

6. പൗലൊസ് തന്റെ തർജ്ജനങ്ങൾ ആവർത്തിക്കുന്നു

a. ഐക്യത 4:1-3

b. ക്രിസ്തു കേന്ദ്രീകൃത സ്വഭാവം 4:4-9

7. ഫിലിപ്പ്യരുടെ ധനസഹായത്തിന് വീ ും നന്ദി പ്രകാശിപ്പിക്കുന്നു.

a. അവസാനമായി അയച്ച ധനസഹായം 4:10-14

b. അവർ മുമ്പ് അയച്ച ധനസഹായം 4:15-20 (1:5)

8. പൗലൊസിന്റെ സ്വതസിദ്ധമായ ഉപസംഹാരം 4:21-23

## VII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. 'എന്റെ ബന്ധനങ്ങൾ' 1:7,13
2. 'എത്ര വാഞ്ഛിക്കുന്നു' 1:8
3. 'ക്രിസ്തുവിന്റെ നാൾ' 1:10
4. 'നീതിഫലം' 1:11
5. 'അകമ്പടി പട്ടാളം' 1:13
6. 'അവനു വേ ി കഷ്ടം അനുഭവിക്കുക' 1:29
7. 'തന്നെത്താൻ താഴ്ത്തി' 2:7
8. 'മനുഷ്യനായി വിളങ്ങി' 2:8
9. 'ഏറ്റുപറയുക' 2:11
10. 'ഞാൻ അദ്ധ്വാനിച്ചതും ഓടിയതും വെറുതെയായില്ല' 2:16
11. 'യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേ ിവന്നാലും' 2:17
12. 'നായ്ക്കളെ സൂക്ഷിപ്പിൻ' 3:2
13. 'എബ്രായരിൽ നിന്നു ജനിച്ച എബ്രായൻ' 3:5
14. 'അവർ ക്രൂശിന്റെ ശത്രുക്കൾ' 3:18
15. 'നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു' 3:20
16. 'ജീവപുസ്തകത്തിൽ പേരുള്ളവർ' 4:3

## VII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വ്യക്തികൾ

1. 'അദ്ധ്യക്ഷൻ' 1:1
2. 'ശുശ്രൂഷകൻ' 1:1

3. തിമൊഥെയൊസ് 2:19
4. എപ്പഫ്രൊദിത്തൊസ് 2:25
5. 'വിച്ഛേദനക്കാർ' 3:2
6. സുന്തുക 4:2

## IX. ഭൂപടത്തിൽ അറിഞ്ഞിരിക്കേ   സ്ഥലങ്ങൾ

1. ഫിലിപ്പ്യ 1:1
2. മക്കദോന്യ 4:15
3. തെസ്സലോനിക്യ 4:16

## X. ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ

1. 1:6 -ൽ ഏത് ഉപദേശത്തെയാണ് ഊന്നിപ്പറയുന്നത്?
2. 1:16-ലൂടെ പൗലൊസ് അർത്ഥമാക്കുന്നതെന്ത് എന്ന് വിശദീകരിക്കുക?
3. 'യേശുവിന്റെ ആത്മാവ്' എന്നതുകൊ ് അർത്ഥമാക്കുന്നതെന്ത്?
4. 1:21 - സ്വന്തം വാക്കുകളിൽ വിശദമാക്കുക.
5. യേശുവിന്റെ പൂർവ്വാസ്തിക്യവും ദൈവത്വവും എങ്ങനെയാണ് 2:6-ൽ പരാമർശ്ശിച്ചിരിക്കുന്നത്?
6. യേശു ക്രൂശിൽ മരിച്ചത് എന്തിനായിരുന്നു? (2:8)
7. 'സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു താഴെയും' എന്നതുകൊ ് അർത്ഥമാക്കുന്നതെന്ത്?
8. 'ഭയത്തോടും വിറയലോടും കൂടെ രക്ഷയ്ക്കായി പ്രവർത്തിപ്പിൻ' എന്ന പ്രയോഗത്തിന്റെ അർത്ഥമെന്ത്? (2:12)
9. പൗലൊസിന്റെ 'യഹൂദ' മേന്മകൾ എന്തെല്ലാം? 2:4-6
10. 3:9 - ന്റെ പ്രാധാന്യം എന്ത്?
11. ഫിലി.4:4-ൽ 'കർത്താവിന്റെ വരവ് അടുത്തിരിക്കുന്നു' എന്നു പറഞ്ഞിരിക്കുന്നു. എന്തുകൊ ് ഇതുവരെയും വന്നില്ല?

# കൊലൊസ്യ ലേഖനത്തിനൊരു മുഖവുര

## 1. പ്രാരംഭ പ്രസ്താവനകൾ

A. കൊലൊസ്യയിലെ ദുരുപദേശകർക്കായി നന്ദി പറയാം. അതു കാരണമാണല്ലോ ഇത്രയും ശക്തമായൊരു ലേഖനം പൗലൊസ് എഴുതിയത്. അതുകൊ ്, ശ്രദ്ധിക്കുക, ഈ ലേഖനം മനസ്സിലാക്കണമെങ്കിൽ ഇതിന്റെ ചരിത്ര പശ്ചാത്തലം നാം അറിഞ്ഞിരിക്കേ തു ്. പൗലൊസിന്റെ ലേഖനങ്ങളെ 'സാന്ദർഭിക പ്രമാണങ്ങൾ' (Occasional Documents) എന്നാണ് അറിയപ്പെടുന്നത്. കാരണം, അവയെല്ലാം തന്നെ, സാർവ്വ ലൗകിക സുവിശേഷ സത്യത്തിന്റെ വെളിച്ചത്തിൽ, പ്രാദേശിക സഭാ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നവയാണ്. കൊലൊസ്യയിലെ ദുരുപദേശം യവന തത്വശാസ്ത്രവും (ജ്ഞാനവാദം) യഹൂദ മതവും അസാധാരണമാം വിധം കൂടിക്കലർന്നതായിരുന്നു.

B. യേശു പ്രപഞ്ചത്തിന്റെ ഏക നിയന്ത്രിതാവാകുന്നു എന്നതാണ് കൊലൊസ്യ ലേഖനത്തിലെ പ്രധാന പ്രതിപാദ്യം (1:15-17). ഈ ലേഖനത്തിലെ ക്രിസ്തുശാസ്ത്രത്തെ ഒരിക്കലും ഒഴിവാക്കാവുന്നതല്ല. എഫെസ്യ ലേഖനത്തിനുള്ള വിഷയ വിഭജനം കൊലൊസ്യ ലേഖനത്തിൽ രൂപപ്പെടുന്നു. ആസ്യ മുഴുവനും ദുരുപദേശം വ്യാപിക്കും എന്ന് പൗലൊസ് മനസ്സിലാക്കിയിരുന്നു. എഫെസ്യ ലേഖനത്തിൽ പൗലൊസ് വരാൻ പോകുന്ന ദുരുപദേശത്തെക്കുറിച്ച് സഭകളെ ബോധവാന്മാരാക്കുമ്പോൾ, കൊലൊസ്യ ലേഖനത്തിലാകട്ടെ, അവിടെ വ്യാപിച്ചു കഴിഞ്ഞ ദുരുപദേശത്തെ ആധികാരികമായി ഖണ്ഡിക്കുകയാണ് ചെയ്യുന്നത്. കൊലൊസ്യ ലേഖനത്തിൽ 'ക്രിസ്തുശാസ്ത്ര'ത്തിന് പ്രാധാന്യം നല്കിയിരിക്കുമ്പോൾ, എഫെസ്യ ലേഖനത്തിലാകട്ടെ എല്ലാറ്റിന്റെയും കർത്താവായ ക്രിസ്തുവിൽ സകലതും ഒന്നുചേരും എന്നതാണ് ഊന്നിപ്പറഞ്ഞിരിക്കുന്നത്.

C. യഹൂദ, യവന ആചാരാനുഷ്ഠാനങ്ങളെ (legalism) പൗലൊസ് ശക്തമായ ഭാഷയിൽ വിമർശിക്കുന്നു (2:6-23).

## II. പട്ടണം

A. ഫ്രുഗ്യയിലെ പെർഗ്ഗമം രാജവാഴ്ചയ്ക്കു കീഴിലായിരുന്നു ഈ കൊലൊസ്യ പട്ടണം. എന്നാൽ ബി.സി.133-ൽ റോമൻ സാമ്രാജ്യത്തോടു ചേർക്കപ്പെട്ടു.

B. പൗലൊസിന്റെ കാലഘട്ടത്തിനു മുമ്പ് ഇതൊരു പ്രധാന വാണിജ്യ നഗരമായിരുന്നു. (cf. Heroditus' *Histories* VII:30 and Xenophon *Anabasis* 1:2:6)

1. മെഡിറ്ററേനിയൻ ലോകത്തിൽ ഏറ്റവും കൂടുതൽ കമ്പിളി ഉല്പാദിപ്പിക്കുന്ന - പ്രധാനമായും കറുത്ത കമ്പിളി - (ചായം മുക്കിയ കമ്പിളികൾ - ധൂമ്രവർണ്ണം, രക്തവർണ്ണം) താഴ്വരയിലായിരുന്നു കൊലൊസ്യ പട്ടണം നിലനിന്നിരുന്നത്. അഗ്നിപർവ്വത ഫലമായ വളരെ ഫലഭൂയിഷ്ഠമായ മണ്ണും ചുണ്ണാമ്പുവെള്ളവും (chalky water) ചായം മുക്കുന്ന മേഖലയെ വളരെ സഹായിച്ചു (Strabo, 13:4:14).
2. അഗ്നിപർവ്വത സ്ഫോടനം ഈ പട്ടണത്തെ പല ആവർത്തി നശിപ്പിച്ചിരുന്നു എന്ന് ചരിത്രം സാക്ഷിക്കുന്നു (Strabo, 12:8:6). അവസാനമായി എ.ഡി.60-ലോ (Tacitus) എ.ഡി.64-ലോ (Eusebius) ആയിരിക്കാം.

C. എഫെസോസു വഴി താഴേക്ക് 100 മൈലോളം ഒഴുകുന്ന മിയാന്റർ (Maeander River) നദിയുടെ കൈവഴിയായ ലിക്കസ് (Lycus River) നദിയുടെ കരയിലായിരുന്നു ഈ പട്ടണം സ്ഥിതി ചെയ്തിരുന്നത്. ഇതേ മാർഗ്ഗത്തിൽ തന്നെ (6 മൈൽ അകലെ) ഹിയരപ്പൊലിസ് പട്ടണവും (10 മൈൽ അകലെ) ലവൊദിക്യ പട്ടണവും സ്ഥിതി ചെയ്തിരുന്നു (cf. 1:2; 2:1; 4:13, 15-16).

D. കിഴക്കിനെ പടിഞ്ഞാറുമായി ബന്ധിപ്പിക്കുന്ന റോമാക്കാരുടെ പ്രധാന ഹൈവേയായ ഇഗ്നേഷ്യൻ റോഡ് (Ignatian) കൊലൊസ്യയിലൂടെ കടന്നുപോയപ്പോൾ ഈ പട്ടണം ഒന്നുമില്ലായ്മയിലേക്ക് എന്നപോലെ ശുഷ്കിച്ചുപോയി (Strabo). പാലസ്തീനിലെ യോർദ്ദാന്റെ കിഴക്കുള്ള പെട്രക്ക് (Petra) സംഭവിച്ചതിനു സമാനമായ ഒന്നായിരുന്നു ഇത്.

E. പട്ടണത്തിലെ അധികം പേരും ജാതീയരായിരുന്നു (Phyrgians and Greek Settlers). അനേകം യഹൂദന്മാരും അവിടെ ഉ ായിരുന്നു. ജോസീഫസ് പറയുന്നത്, അന്തിയോക്കസ് മൂന്നാമൻ (ബി.സി. 223-187) ബാബിലോണിൽ നിന്നും കൊലൊസ്യയിലേക്ക് 2000

യഹൂദന്മാരെ പറഞ്ഞയച്ചു എന്നാണ്. എ.ഡി. 76 ആയപ്പോഴേക്കും, കൊലൊസ്യ തലസ്ഥാനമായ, ആ ജില്ലയിൽ 11,000 യഹൂദ പുരുഷന്മാർ ഉ ായിരുന്നു എന്ന് രേഖകൾ സൂചിപ്പിക്കുന്നു.

III. **ഗ്രന്ഥകർത്താവ്**

A. ര ുപേരുടെ പേരുകൾ കാണുന്നു ്; പൗലൊസും തിമൊഥെയൊസും (cf. കൊലൊ.1:1). പ്രധാന എഴുത്തുകാരൻ പൗലൊസ് ആയിരുന്നു എങ്കിലും പൗലൊസിനോടൊപ്പം ഉ ായിരുന്ന തിമൊഥെയൊസും വന്ദനം അറിയിക്കുന്നു. ചിലപ്പോൾ താൻ ഈ ലേഖനം എഴുതിക്കൊടുത്തയാളും ആയിരിക്കാം (scribe).

B. പുരാതന ലിഖിതങ്ങളിലെല്ലാം ഒരുപോലെ പൗലൊസിനെ എഴുത്തുകാരനായി പറഞ്ഞിരിക്കുന്നു.

1. മാർഷിയൻ (എ.ഡി.140-കളിൽ റോമിൽ എത്തിയ, പഴയനിയമത്തിനെതിരായ ദുരുപദേശകൻ) - ഇതിനെ പൗലൊസിന്റെ എഴുത്തുകളിൽ ഉൾപ്പെടുത്തിയിട്ടു ്.
2. മുറട്ടോറിയൻ കാനോനിൽ ഇതിനെ പൗലൊസിന്റെ ലേഖനമായി രേഖപ്പെടുത്തിയിരിക്കുന്നു. (ഏതാ ് എ.ഡി.200 - കളിൽ റോമിൽ നിന്നുള്ള കാനോനിക പുസ്തകങ്ങളുടെ പട്ടിക.)
3. പല സഭാ പിതാക്കന്മാരും ഈ ലേഖനത്തിൽ നിന്നുദ്ധരിക്കുകയും ഇത് പൗലൊസിന്റേതാണെന്നു സാക്ഷിക്കുകയും ചെയ്തിട്ടു ്.

a. ഐറേനിയസ് (wrote A.D.177–190)

b. അലക്സാൻഡ്രിയയിലെ ക്ലെമന്റ് (lived A.D. 160–216)

**IV. കൊലൊസ്യ ലേഖനവും എഫെസ്യ ലേഖനവും തമ്മിലുള്ള സാഹിത്യപരമായ പൊരുത്തം**

A. കൊലൊസ്യ ലേഖനവും എഫെസ്യ ലേഖനവും തമ്മിലുള്ള ചരിത്രപരമായ ബന്ധം.

1. പൗലൊസ് എഫെസൊസ് സുവിശേഷീകരിക്കുമ്പോൾ ആയിരുന്നു എപ്പഫ്രാസ് (കൊലൊ.1:7; 4:12; ഫിലേ.23) മാനസ്സാന്തരപ്പെട്ടത്. (അ.പ്ര.19).
   a. തന്റെ വിശ്വാസം അവൻ തന്റെ സ്വന്തം സ്ഥലത്ത് പ്രദർശിപ്പിച്ചു. (ലിക്കസ് നദീതീരം)
   b. ഹിയരപൊലിസ്, ലവൊദിക്യ, കൊലൊസ്യ എന്നീ സഭകൾ സ്ഥാപിക്കപ്പെട്ടു.
   c. ദുരുപദേശകർ പറയുന്നവയോടുള്ള ബന്ധത്തിൽ പൗലൊസിന്റെ അഭിപ്രായമാരാഞ്ഞുകൊ ് എപ്പഫ്രാസ് പൗലൊസിനെ സമീപിച്ചു. അന്ന് പൗലൊസ് റോമൻ കാരാഗൃഹത്തിലായിരുന്നു. (അറുപതുകളുടെ ആദ്യം)
2. ദുരുപദേശകർ സുവിശേഷത്തെ യവന ജീവിത രീതിയുമായി കൂട്ടിക്കുഴയ്ക്കുവാൻ ശ്രമിച്ചു.
   a. ആത്മികവും ഭൗതികവും ഒരുപോലെ നിത്യമാണ്.
   b. ആത്മികം (ദൈവം) നന്മയാണ്.
   c. ഭൗതികം (സൃഷ്ടി) തിന്മ നിറഞ്ഞതാണ്.
   d. ഭൗതികം സൃഷ്ടിച്ച ഏറ്റവും ചെറിയ ദൈവത്തിനും ഏറ്റവും ഉന്നത ദൈവത്തിനുമിടയിൽ അനേക ദൈവതുല്യ ദൂത ശ്രേണികൾ ഉ ്.
   e. രക്ഷ എന്നത് അറിവിലധിഷ്ഠിതമാണ്. അങ്ങനെ ഒരു വിശ്വാസി മുൻപറഞ്ഞ ഓരോ ഗണവും കടന്നു പുരോഗാത്മകമായി മുന്നേറുന്നു.

B. പൗലൊസിന്റെ ര ു ലേഖനങ്ങളും തമ്മിലുള്ള സാഹിത്യപരമായ ബന്ധം.

1. പൗലൊസ് ഒരിക്കൽപ്പോലും സന്ദർശ്ശിച്ചിട്ടില്ലാത്ത ഈ സഭകളിലെ ദുരുപദേശങ്ങളെക്കുറിച്ച് പൗലൊസ് എപ്പഫ്രാസ് വശം അറിഞ്ഞു.
2. ദുരുപദേശകരെ മാത്രം ലക്ഷ്യമിട്ട്, വികാരഭരിതമായ, ഹൃദയഹാരിയായ ഒരു ചെറിയ ലേഖനം പൗലൊസ് എഴുതി. അതിന്റെ പ്രമേയം എന്നത് യേശുക്രിസ്തുവിന്റെ സാർവ്വലൗകികമായ അധികാരം എന്നതായിരുന്നു. ഈ ലേഖനമാണ് പൗലൊസിന്റെ കൊലൊസ്യ ലേഖനം.
3. കൊലൊസ്യ ലേഖനം എഴുതിയ ഉടനെ, ജയിലിൽ ആയിരിക്കുമ്പോൾത്തന്നെ, പൗലൊസ് അതേ ആശയങ്ങൾ, നാം എഫെസ്യ ലേഖനം എന്നു വിളിക്കുന്ന ഈ ലേഖനത്തിൽ, വിപുലമായി വികസിപ്പിച്ചു. യവന ചിന്താഗതിയെ സുവിശേഷവുമായി കൂട്ടിക്കലർത്തി, ക്രിസ്തീയ മാർഗ്ഗത്തെ യവനലോകത്ത് സ്വീകാര്യമായ ഒന്നായി മാറ്റാനുള്ള പ്രവണത, ആസ്യയിലെ എല്ലാ പുതിയ സഭകളിലും വ്യാപിക്കും എന്നത്

പൗലൊസ് അറിഞ്ഞിരുന്നു. അങ്ങനെയാണ് എഫെസ്യ ലേഖനത്തിൽ വലിയ വാചകങ്ങളും ആശയ വിശദീകരണങ്ങളും കാണുന്നത്. (1:3–14; 15–23; 2:1–10; 14–18; 18–22; 3:1–12; 14–19; 4:11–16; 6:13–20). അതായത് കൊലൊസ്യ ലേഖനത്തിൽ തുടക്കമിട്ടിരിക്കുന്നവയുടെ ദൈവശാസ്ത്രപരമായ പ്രായോഗികതകൾ ഇതിൽ നാം കാണുന്നു. അന്നത്തെ യവന ജ്ഞാന ചിന്താഗതികൾക്ക് വിപരീതമായ ''എല്ലാറ്റിന്റെയും ഐക്യത ക്രിസ്തുവിൽ'' എന്നതാണ് ഇതിലെ പ്രധാന ചിന്താവിഷയം. ഇത് ജ്ഞാനവാദപ്രകാരമുള്ള ദൂതന്മാരുടെ ശ്രേണികൾ എന്ന ചിന്താഗതിക്ക് വിപരീതമായിരുന്നു. (enos – angelic levels)

C. സാഹിത്യപരവും ദൈവശാസ്ത്രപരവുമായ ഘടന

1. പ്രധാന സാമ്യതകൾ

a. തുടക്കം ര ിനും ഒരുപോലെയാണ്.

b. ര ിലെയും ഉപദേശവിഷയങ്ങൾ പ്രധാനമായും യേശുക്രിസ്തുവിനെക്കുറിച്ചുള്ളവയാണ്.

c. അതിന്റെ ചുവടു പിടിച്ചു തന്നെയാണ് ര ിലെയും പ്രായോഗിക നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നത്.

d. ര ിലെയും ഉപസംഹാരത്തിൽ 29 വാക്കുകൾ ഒരുപോലെ കാണുന്നു. കൊലൊസ്യലേഖനത്തിൽ 2 വാക്കുകൾ കൂടെ കാണാം.

2. വാക്കുകളുടെയും പ്രയോഗങ്ങളുടെയും സാമ്യതകൾ

| | |
|---|---|
| എഫെ 1:1 / കൊലൊ 1:2 | ''വിശ്വസ്തർ'' |
| എഫെ 1:4 / കൊലൊ 1:22 | ''വിശുദ്ധരും നിഷ്കളങ്കരും'' |
| എഫെ 1:7 / കൊലൊ 1:14 | ''വീെ ടുപ്പ്, അതിക്രമങ്ങളുടെ മോചനം'' |
| എഫെ 1:10 / കൊലൊ 1:20 | ''സ്വർഗ്ഗത്തിലും ഭൂമിയിലും ഉള്ളതെല്ലാം'' |
| എഫെ 1:15 / കൊലൊ 1:3–4 | ''സകല വിശുദ്ധന്മാരോടുമുള്ള സ്നേഹത്തെക്കുറിച്ച് കേട്ടിട്ട്'' |
| എഫെ 1:18 / കൊലൊ 1:27 | ''മഹിമാധനം'' |
| എഫെ 2:1 / കൊലൊ 1:13 | ''മരിച്ചവരായിരുന്ന നിങ്ങൾ'' |
| എഫെ 2:16 / കൊലൊ 1:20 | ''ക്രൂശിനാൽ നിരപ്പിച്ചു'' |
| എഫെ 3:2 / കൊലൊ 1:25 | ''കാര്യവിചാരകൻ'' |
| എഫെ 3:3 / കൊലൊ 1:26, 27 | ''മർമ്മം'' |
| എഫെ 4:3 / കൊലൊ 3:14 | ''ഐക്യം'' |
| എഫെ 4:15 / കൊലൊ 2:19 | ''തലയോളം വളരുക'' |
| എഫെ 4:24 / കൊലൊ 3:10,12,14 | ''ധരിക്കുക'' |
| എഫെ 4:31 / കൊലൊ 3:8 – | ''കോപം, ക്രോധം, കൂറ്റാരവും, ദൂഷണവും'' |
| എഫെ 5:3 / കൊലൊ 3:5 – | ''അധാർമ്മികം, അശുദ്ധി, അത്യാഗ്രഹം'' |
| എഫെ 5:5 / കൊലൊ 3:5 – | ''വിഗ്രഹാരാധനയായ അത്യാഗ്രഹം'' |
| എഫെ 5:6 / കൊലൊ 3:6 – | ''ദൈവകോപം'' |
| എഫെ 5:16/ കൊലൊ 4:5 – | ''സമയം തക്കത്തിൽ ഉപയോഗിക്കുക'' |

3. ഒരുപോലെയുള്ള വാക്കുകളും പ്രയോഗങ്ങളും

എഫെ 1:1 (a) / കൊലൊ 1:1
എഫെ 1:1 (b) / കൊലൊ 1:2 (a)
എഫെ 1:2 (a) / കൊലൊ 1:2 (b)
എഫെ 1:13 / കൊലൊ 1:5
എഫെ 2:1 / കൊലൊ 1:13
എഫെ 2:5 (b) / കൊലൊ 2:13 (c)
എഫെ 4:1 (b) / കൊലൊ 1:10 (a)
എഫെ 6:21,22 / കൊലൊ 4:7,8 — (ക്രമമായി 29 വാക്കുകൾ ര ിലും ഒരുപോലെ കാണുന്നു. കൊലൊസ്യ ലേഖനത്തിൽ (സഹഭൃത്യനും – kai

syndoulos) എന്ന ര  ു വാക്കുകൾ കൂടെ കാണുന്നു.

4. സാമ്യമുള്ള പ്രയോഗങ്ങളും വാക്യങ്ങളും

എഫെ 1:21 / കൊലൊ 1:16
എഫെ 2:1 / കൊലൊ 1:13
എഫെ 2:16 / കൊലൊ 1:20
എഫെ 3:7 (a) / കൊലൊ 1:23(d),25(a)
എഫെ 3:8 / കൊലൊ 1:27
എഫെ 4:2 / കൊലൊ 3:12
എഫെ 4:29 / കൊലൊ 3:8; 4:6
എഫെ 4:32 (b) / കൊലൊ 3:13(d)
എഫെ 5:15 / കൊലൊ 4:5
എഫെ 5:19,20 / കൊലൊ 3:16

5. ദൈവശാസ്ത്രപരമായി ഒരുപോലെയുള്ള പ്രയോഗങ്ങൾ

| | |
|---|---|
| എഫെ 1:3 / കൊലൊ 1:3 | ഒരു സ്തോത്രാർപ്പണം |
| എഫെ 2:1,12 / കൊലൊ 1:21 | ദൈവത്തിൽ നിന്നുള്ള അകൽച്ച |
| എഫെ 2:15 / കൊലൊ 2:14 | ന്യായപ്രമാണത്തിനോടുള്ള ശത്രുത |
| എഫെ 4:1 / കൊലൊ 1:10 | ശരിയായ നടപ്പ് |
| എഫെ 4:15 / കൊലൊ 2:19 | ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ |
| എഫെ 4:19 / കൊലൊ 3:5 | ലൈംഗിക അശുദ്ധി |
| എഫെ 4:22,31 / കൊലൊ 3:8 | പഴയ മനുഷ്യനെ ഉപേക്ഷിച്ച് |
| എഫെ 4:32 / കൊലൊ 3:12,13 | തമ്മിൽ മനസ്സലിവും ദയയുമുള്ളവരായി |
| എഫെ 5:4 / കൊലൊ 3:8 | ക്രിസ്തീയ സംസാരം |
| എഫെ 5:18 / കൊലൊ 3:16 | ആത്മനിറവ് = ക്രിസ്തുവിന്റെ വാക്കുകൾ |
| എഫെ 5:20 / കൊലൊ 3:17 | എല്ലാറ്റിനും എല്ലായ്പ്പോഴും സ്തോത്രം ചെയ്യുക |
| എഫെ 5:22 / കൊലൊ 3:18 | ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങുവിൻ |
| എഫെ 5:25 / കൊലൊ 3:19 - | ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ |
| എഫെ 6:1 / കൊലൊ 3:20 - | കുഞ്ഞുങ്ങളേ, മാതാപിതാക്കളെ അനുസരിപ്പിൻ |
| എഫെ 6:4 / കൊലൊ 3:21 - | പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ |
| എഫെ 6:5 / കൊലൊ 3:22 - | ദാസന്മാരേ, നിങ്ങളുടെ യജമാനന്മാർക്കു കീഴടങ്ങുവിൻ |
| എഫെ 6:9 / കൊലൊ 4:1 - | ദാസന്മാരും യജമാനന്മാരും |
| എഫെ 6:18 / കൊലൊ 4:2,4 - | പൗലൊസിന്റെ, പ്രാർത്ഥനയ്ക്കായുള്ള അപേക്ഷ. |

6. പൗലൊസിന്റെ മറ്റു ലേഖനങ്ങളിൽ കാണപ്പെടാത്ത, ഈ ര  ു ലേഖനങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന വാക്കുകളും പ്രയോഗങ്ങളും.

a. 'സമ്പൂർണ്ണത'/ നിറവ്
   എഫെ.1:23 - എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ
   എഫെ.3:19 - ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും
   എഫെ.4:13 - ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനയ്ക്കും
   കൊലൊ.1:19 - ''അവനിൽ സർവ്വ സമ്പൂർണ്ണതയും വസിപ്പാനും''
   കൊലൊ.2:9 -''അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്''

b. ക്രിസ്തു സഭയുടെ 'തല'
   എഫെ.4:15; 5:23; കൊലൊ.1:21

c. ക്രിസ്തുവിനെ കൂടാതെയുള്ളവർ
   എഫെ.2:12; 4:18; കൊലൊ.1:21

d. ''സമയം തക്കത്തിൽ ഉപയോഗിക്കുക''
   എഫെ.5:16; കൊലൊ.4:5

e. വേരൂന്നുകയും
എഫെ.3:17; കൊലൊ.2:7

f. സുവിശേഷം എന്ന സത്യവചനം
എഫെ.1:13; കൊലൊ.1:5

g. ‘പൊറുക്കുക’
എഫെ.4:2; കൊലൊ.3:13

h. അസാധാരണമായ പ്രയോഗങ്ങൾ, വാക്കുകൾ - ‘യുക്തമായ് ചേർന്ന്’, ‘ഉതവി ലഭിക്കുക’
എഫെ.4:16; കൊലൊ.2:19

D. ഉപസംഹാരം

1. കൊലൊസ്യ ലേഖനത്തിലെ മൂന്നിലൊന്നു വാക്കുകളും എഫെസ്യ ലേഖനത്തിൽ കാണുന്നു ്. എഫെസ്യ ലേഖനത്തിലെ 155 വാക്യങ്ങളിൽ 75 എണ്ണത്തിനും സമാന വാക്യങ്ങൾ കൊലൊസ്യ ലേഖനത്തിൽ ഉ ്.
2. ര ു ലേഖനങ്ങളും തന്റെ സ്നേഹിതനായ തിഹിക്കൊസ് ആണ് കൊ ുചെന്ന് കൊടുത്തത്.
3. ര ും ഒരേ സ്ഥലത്തേക്കാണ് എഴുതിയിരുന്നത്. (ആസ്യ)
4. ര ിലും പ്രധാന പ്രമേയം ക്രിസ്തുശാസ്ത്രപരമായ വിഷയങ്ങൾ ആണ്.
5. ര ിലും ക്രിസ്തുവിനെ സഭയുടെ തലയായി ചിത്രീകരിച്ചിരിക്കുന്നു.
6. ര ിലും പ്രായോഗിക ക്രിസ്തീയ ജീവിതത്തിനു പ്രാധാന്യം നല്കിയിരിക്കുന്നു.

E. പ്രധാന വ്യത്യാസങ്ങൾ

1. കൊലൊസ്യ ലേഖനത്തിൽ സഭയെ പ്രാദേശിക നിലവാരത്തിലാണ് കാണുന്നത്; എന്നാൽ എഫെസ്യ ലേഖനത്തിലെ സഭ സാർവ്വലൗകികമായതാണ്. ഇതിനു കാരണം എഫെസ്യ ലേഖനം ചാക്രികമായതാകാം.
2. ദുരുപദേശം എന്നത് കൊലൊസ്യ ലേഖനത്തിലെ പ്രധാന പ്രതിപാദ്യമാണ്. എന്നാൽ എഫെസ്യലേഖനത്തിൽ അക്കാര്യം പരാമർശ്ശിക്കപ്പെടുന്നില്ല. എന്നാലും ര ിലും ജ്ഞാനവാദപരമായ വാക്കുകൾ ഉപയോഗിക്കപ്പെട്ടിട്ടു ്. (ജ്ഞാനം, ബുദ്ധി, നിറവ്, മർമ്മം, വാഴ്ചകളും അധികാരങ്ങളും, കാര്യസ്ഥൻ)
3. കൊലൊസ്യ ലേഖനത്തിൽ ക്രിസ്തുവിന്റെ ര ാം വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്ന ധ്വനിയും എഫെസ്യ ലേഖനത്തിലാകട്ടെ, അതിനു വിപരീതമായും കാണുന്നു. പാപത്തിലാ ുപോയ ലോകത്തിൽ ദൈവത്തെ സേവിക്കുവാൻ വിളിക്കപ്പെട്ട കൂട്ടമാണ് ‘സഭ’. (2:7; 3:21; 4:13)
4. പൗലൊസിന്റേത് എന്ന് ഉറപ്പിച്ചു പറയാവുന്ന പല പ്രയോഗങ്ങളും വ്യത്യസ്തമായി ഉപയോഗിച്ചിരിക്കുന്നു. ഒരു നല്ല ഉദാഹരണം ‘മർമ്മം’ എന്നതു തന്നെ. കൊലൊസ്യ ലേഖനത്തിൽ ‘മർമ്മം’ ക്രിസ്തുവാണ്. (1:26-27; 2:2; 4:3). എഫെസ്യ ലേഖനത്തിൽ, മുൻ കാലങ്ങളിൽ വെളിപ്പെടാത്തതും ഇപ്പോൾ വെളിപ്പെട്ടതുമായ, യഹൂദന്മാരും യവനന്മാരും ക്രിസ്തുവിൽ ഒന്നാകേണം എന്നതാണ്. (1:9; 5:32)
5. എഫെസ്യലേഖനത്തിൽ പഴയനിയമ പരാമർശ്ശങ്ങൾ അനേകമു ്. (1:22 - സങ്കീ.8) (2:17 - യെശ.57:19) (2:20 - സങ്കീ.118:22) (4:8 - സങ്കീ.68:18) (4:26 - സങ്കീ.4:4) (5:5 - യെശ.26:19; 51:17; 52:1; 60:1) (5:3 - ഉല്പ.3:24) (6:2,3 - പുറ.20:12) (6:14 - യെശ.11:5; 59:17) (6:15 - യെശ.52:7). എന്നാൽ കൊലൊസ്യ ലേഖനത്തിലാകട്ടെ, ഒന്നോ രേ ാ പരാമർശ്ശങ്ങൾ മാത്രം. (2:3 - യെശ.11:2) (2:25 - യെശ.29:13)

F. വാക്കുകൾ, പ്രയോഗങ്ങൾ മാത്രമല്ല വിഷയ ക്രമീകരണത്തിലും ഏകീഭാവം കാണുന്നുെ ങ്കിലും ര ിലും തനതായ സത്യങ്ങളും കാണപ്പെടുന്നു ്.

1. ത്രിയേക ദൈവത്തിന്റെ അനുഗ്രഹം (എഫെ.1:3-14)
2. കൃപയുടെ പ്രാധാന്യം (എഫെ.2:1-10)
3. യഹൂദന്മാരും യവനന്മാരും ക്രിസ്തുവിൽ ഏക ശരീരമാകുന്നു എന്ന സത്യം (എഫെ.2:11-3:13)
4. ക്രിസ്തുശരീരത്തിന്റെ ഐക്യതയും കൃപാവരങ്ങളും (എഫെ.4:1-16)
5. ആത്മിക യുദ്ധം (എഫെ.6:10-18)
7. ക്രിസ്തുശാസ്ത്രം (കൊലൊ.1:13-18)
8. മാനുഷികമായ മതാചാരങ്ങൾ (കൊലൊ.2:16-23)
9. കൊലൊസ്യ ലേഖനത്തിൽ പ്രാപഞ്ചികമായ ക്രിസ്തുവിന്റെ പ്രാധാന്യതയും എഫെസ്യ ലേഖനത്തിലാകട്ടെ, ‘എല്ലാം ക്രിസ്തുവിൽ ഒന്നായിച്ചേരും’ എന്ന ‘തീമു‘മാണ് കാണപ്പെടുന്നത്.

G. ഉപസംഹാരമായി പറഞ്ഞാൽ എ.റ്റി. റോബർട്സൺ ന്റെയും എഫ്.എഫ്.ബ്രൂസിന്റെയും അഭിപ്രായ പ്രകാരം കൊലൊസ്യ ലേഖനത്തോടു ചേർന്ന് അതിലെ ആശയങ്ങളെ പരിസമാപ്തിയിൽ എത്തിക്കുകയാണ് പൗലൊസ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

## V. കാലഘട്ടം

A. ഈ ലേഖനത്തിന്റെ കാലഘട്ടം പൗലൊസിന്റെ എഫെസൊസ്, ഫിലിപ്പിയ, കൈസര്യ, റോം എന്നിവിടങ്ങളിലെ ഒരു കാരാഗൃഹവാസവുമായി ബന്ധപ്പെട്ടിരിക്കുന്നു. അ.പ്ര-യിലെ രേഖകളുടെ പശ്ചാത്തലത്തിൽ റോമൻ കാരാഗൃഹവാസമാണ് ഏറെ യോജിക്കുന്നത്.

B. റോമൻ കാരാഗൃഹവാസത്തെ മുഖവിലയ്ക്കെടുക്കുമ്പോൾ ഉടനെ ഉയർന്നുവരുന്ന ചോദ്യമെന്നത് എപ്പോൾ ആയിരുന്നു അത് എന്നതാണ്. പൗലൊസ് 60-കളുടെ ആദ്യത്തിൽ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു എന്ന് അ.പ്രവൃത്തി വ്യക്തമാക്കുന്നു. താൻ കാരാഗൃഹത്തിൽ നിന്നും പുറത്തു വന്നയുടൻ ഇടയലേഖനങ്ങൾ (1&2 തിമൊഥെയൊസ്, തീത്തൊസ്) എഴുതുകയും എ.ഡി.68 ജൂൺ 9 ആയപ്പോഴേക്കും അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് കൊല്ലുകയും ചെയ്തു - ആ വർഷം തന്നെയായിരുന്നു നീറോ ചക്രവർത്തി ആത്മഹത്യ ചെയ്തിരുന്നത്. ഇത് എ.ഡി.67-ൽ ആയിരിക്കാം.

C. വളരെ ആധികാരികമായി രീതിയിൽ പറഞ്ഞാൽ എഫെസ്യ ലേഖനം എഴുതപ്പെട്ടത് എ.ഡി.60-കളുടെ ആരംഭത്തിൽ ഒന്നാം കാരാഗൃഹവാസത്തിലാണ്. കാരാഗൃഹ ലേഖനങ്ങളിൽ അവസാനത്തേതായ ഫിലിപ്പ്യ ലേഖനം 60-കളുടെ മധ്യത്തിലായിരിക്കാം എഴുതപ്പെട്ടത്.

D. ആസ്യയിലേക്ക് കൊലൊസ്യ, എഫെസ്യ, ഫിലെമോൻ - ലേഖനങ്ങളെ കൊ ുവന്നത് തിഹിക്കൊസ് ഒനേസിമോസിനോടൊപ്പമായിരുന്നു. പിന്നീട്, ചില വർഷങ്ങൾക്കു ശേഷം, എപ്പഫ്രൊദിത്തോസ് സുഖം പ്രാപിക്കുകയും ഈ ഫിലിപ്പ്യ ലേഖനം തന്റെ മാതൃസഭയിലേക്ക് കൊ ുപോയി നല്കുകയും ചെയ്തു.

E. എഫ്.എഫ് ബ്രൂസിന്റെയും ഹാരീസിന്റെയും കാലഗണന പട്ടികയിൽ ചില വ്യതിയാനങ്ങൾ വരുത്തി ചുവടെ ചേർക്കുന്നു.

| പുസ്തകം | | രചനാകാലം | എഴുതിയ കാലം | അ.പ്ര.കളുമായുള്ള ബന്ധം |
|---|---|---|---|---|
| 1. | ഗലാത്യർ | 48 | അന്ത്യോക്യ-സിറിയ | 14:28, 15:2 |
| 3. | തെസ്സലോനിക്യർ | 50 | കൊരിന്ത് | 18:5 |
| 4. | 2 തെസ്സലോനിക്യർ | 50 | കൊരിന്ത് | |
| 5. | 1 കൊരിന്ത്യർ | 55 | എഫേസസ് | 19:20 |
| 6. | 2 കൊരിന്ത്യർ | 56 | മക്കദൊന്യ | 20:2 |
| 7. | റോമർ | 57 | കൊരിന്ത് | 20:3 |
| 7-10 | കാരാഗൃഹ ലേഖനങ്ങൾ | | | |
| | കൊലൊസ്സ്യർ | 60 കളുടെ തുടക്കം | | |
| | എഫേസ്യർ | 60 കളുടെ തുടക്കം | റോം | |
| | ഫിലേമോൻ | 60 കളുടെ തുടക്കം | | |
| | ഫിലിപ്പിയർ | 62-63 ഒടുവിൽ | | 28:30, 31 |
| 11-13 | നാലാം ദൗത്യയാത്ര | | | |
| | 1 തിമൊഥെയൊസ് | 63 (അതിനുശേഷം) | മക്കദൊന്യ | |
| | തീത്തൊസ് | 63, ന് മുൻപ് | എഫേസസ് (?) | |
| | 2 തിമൊഥെയൊസ | 64- (AD 68) | റോം | |

## VI. സ്വീകർത്താക്കൾ എഴുതുവാനുള്ള സന്ദർഭം

A. എഫെസൊസിൽ വച്ച് പൗലൊസ് മാനസ്സാന്തരത്തിലേക്കു നയിച്ച (കൊലൊ.1:7,8 cf. 2:1) എപ്പഫ്രാസ് ആയിരിക്കാം ഈ സഭ സ്ഥാപിച്ചത് (1:7,8; 2:1; 4:12-13). ഈ സഭയിൽ അധികം പേരും യവനന്മാർ ആയിരുന്നു (1:21; 3:7). എപ്പഫ്രാസ് അന്ന് അഭിമുഖീകരിച്ച വിഷയങ്ങളായ, ക്രിസ്തീയ മാർഗ്ഗത്തോടൊപ്പം ഗ്രീക്ക് തത്വശാസ്ത്രം കൂട്ടിക്കലർത്തി പഠിപ്പിച്ച ദുരുപദേശം (ജ്ഞാനവാദം) (2:8) യഹൂദ ആചാരമര്യാദകൾ (cf. യഹൂദ മര്യാദകൾ 2:11,16,17; 3:1; ദൂതന്മാരെ ആരാധിക്കുക 1:16; 2:15,18; സന്യാസജീവിതം 2:20-23) എന്നിവ പൗലൊസിനെ ബോധ്യപ്പെടുത്തുവാൻ അദ്ദേഹം കാരാഗൃഹത്തിൽ പൗലൊസിനെ കാണുവാൻ എത്തി. അന്ന് കൊലൊസ്യയിൽ യവന സംസ്ക്കാരം സ്വീകരിച്ച വലിയൊരു യഹൂദ സമൂഹം

ഉ ായിരുന്നു. തത്ഫലമായി യേശുക്രിസ്തുവിന്റെ ആളത്വം, പ്രവൃത്തി എന്നിവ ചുറ്റിപ്പറ്റിയാണ് ആശയക്കുഴപ്പങ്ങൾ ഉ ായിരുന്നത്. ജ്ഞാനവാദികൾ യേശുക്രിസ്തു പൂർണ്ണ മനുഷ്യനായിരുന്നു എന്നത് നിരസിച്ചിരുന്നു എങ്കിലും ദൈവത്വം അംഗീകരിച്ചിരുന്നു. ഭൗതികവും ആത്മികവും (ദൈവം) നിത്യത മുതൽ തന്നെ പരസ്പര വൈരുദ്ധ്യത്തിലാണെന്ന ദ്വൈതവിശ്വാസം കാരണമായിരുന്നു അവർ അങ്ങനെ വിശ്വസിച്ചത്. അതിനാൽ അവർക്ക് തന്റെ ദൈവത്വം അംഗീകരിക്കുവാനാകും, പക്ഷേ മനുഷ്യത്വം അംഗീകരിക്കാനാവില്ല. അതുപോലെ തന്നെ അവർ യേശുക്രിസ്തുവിന്റെ പൂർവ്വാസ്തിക്യവും നിരസിച്ചു. അവരുടെ വിശ്വാസ പ്രകാരം ഉന്നതനായ നന്മ നിറഞ്ഞ ദൈവത്തിനും മനുഷ്യനും ഇടയിൽ ദൂതന്മാരുടെ ശ്രേണികൾ ആണുള്ളത് (eons). യേശു എത്ര ഉന്നതനായിരുന്നാലും ഇത്തരം ദൈവങ്ങളിൽ ഒരുവനായിട്ടേ മാറുന്നുള്ളൂ. യേശുവിന്റെ, മനുഷ്യനു പകരമായുള്ള, പ്രായശ്ചിത്ത ബലിമരണത്തിലൂടെ സൗജന്യമായി നല്കപ്പെടുന്ന പപാപക്ഷമ വിശ്വാസത്താൽ പശ്ചാത്താപത്തിലൂടെ നേടുക എന്നതിനു പകരം തികെച്ചും ബൗദ്ധികവും (3:11,14,16,17) നിഗൂഢവുമായ ജ്ഞാനമാണ് (2:15,18,19) ദൈവത്തിലേക്കുള്ള മാർഗ്ഗമെന്ന് അവർ ഊന്നിപ്പറഞ്ഞു.

B. ഇത്തരത്തിലുള്ള ദൈവശാസ്ത്രപരവും തത്വശാസ്ത്രപരവുമായ പശ്ചാത്തലം കാരണം ഈ ലേഖനത്തിൽ താഴെ പറയുന്നവയ്ക്ക് ഊന്നൽ നല്കിയിട്ടു ്.
   1. ക്രിസ്തുവിന്റെ നിസ്തുലതയും തന്റെ രക്ഷാപ്രവൃത്തിയുടെ പൂർത്തീകരണവും.
   2. നസറായനായ യേശുവിന്റെ സാർവ്വലൗകികമായ ഉടമസ്ഥത, ഭരണം, പ്രാധാന്യം – അവിടുത്തെ ജനനം, പഠിപ്പിക്കൽ, ജീവിതം, മരണം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം! – അവിടുന്ന് സകലത്തിനും കർത്താവു തന്നെ!

## VII. ലേഖനോദ്ദേശ്യം

പൗലൊസ് ഈ ലേഖനം എഴുതുവാനു ായ കാരണം ദുരുപദേശത്തെ ഖണ്ഡിക്കുക എന്നതായിരുന്നു. അതിനായി അദ്ദേഹം യേശുക്രിസ്തുവിനെ ദൈവത്തിന്റെ സ്വരൂപം(1:15), സൃഷ്ടിതാവ് (1:16), പൂർവ്വാസ്ത/സ്ഥിക്യമുള്ള സകലത്തിന്റെയും നിയന്ത്രിതാവസ് (1:17), സഭയുടെ തല(1:18), ഉയിർത്തെഴുന്നേറ്റവരിൽ ആദ്യജാതൻ(1:18), ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായവൻ (1:19; 2:9), നിരപ്പിക്കുന്നവൻ എന്നിങ്ങനെ ഉയർത്തിക്കാണിക്കുന്നു (1:20–22). ഇതിലൂടെ താൻ പഠിപ്പിച്ചത് ക്രിസ്തു എല്ലാറ്റിനും മതിയായവൻ എന്നാണ്. വിശ്വാസികൾ ക്രിസ്തുവിൽ പരിപൂർണ്ണരാണ് (2:10). കൊലൊസ്യയിൽ വ്യാപിച്ച ദുരുപദേശം ദൈവശാസ്ത്രപരമായി നോക്കുമ്പോൾ, മനുഷ്യന്റെ ആത്മിക രക്ഷയ്ക്ക് അപര്യാപ്തമാണെന്നു പൗലൊസ് തെളിയിച്ചു. അതൊരു ഇടുങ്ങിയ, വഞ്ചനാപരമായ തത്വശാസ്ത്രവും (2:8) പഴയ പാപസ്വഭാവത്തെ അടക്കുവാൻ അപര്യാപ്തവുമായിരുന്നു (2:23).
സാരസത്തയില്ലാത്ത തികെച്ചും മാനുഷികമായ തത്വശാസ്ത്രത്തെ, ക്രിസ്തുവിൽ എല്ലാം

പരിപൂർണ്ണമാണ് എന്ന കൊലൊസ്യ ലേഖനത്തിന്റെ പ്രധാന പ്രതിപാദ്യവുമായി താരതമ്യം ചെയ്തിരിക്കുന്നു. ക്രിസ്തുവിന്റെ ഈ പര്യാപ്തത തനിക്ക് പ്രപഞ്ചത്തിനു മേലുള്ള മേധാവിത്വത്തിലൂടെ വ്യക്തമാക്കിയിട്ടു ്. അവിടുന്ന് അവകാശിയാണ്, സൃഷ്ടിതാവാണ്, ദൃശ്യവും അദൃശ്യവുമായ എല്ലാറ്റിന്റെയും പരമാധികാരിയാണ് (1:15–18).

## VIII. വിഷയവിഭജനം (Outline)

A. സ്വതസിദ്ധമായ പൗലൊസിന്റെ മുഖവുര
   1. ലേഖനം കൊടുത്തയച്ചത് ആരിലൂടെ? (1:1)
   2. ലേഖനം എഴുതിയത് ആർക്ക്? (1:2 മ)
   3. വന്ദനം (1:2 യ)

B. ക്രിസ്തുവിന്റെ പരമാധികാരം (topics 1-10 taken from NKJV paragraph outline)
   1. ക്രിസ്തുവിലെ വിശ്വാസം (1:3–8)
   2. ക്രിസ്തുവിന്റെ പൂർവ്വാസ്തിക്യം (1:9–18)
   3. ക്രിസ്തുവിലൂടെയുള്ള നിരപ്പ് (1:19–23)
   4. ക്രിസ്തുവിനു വേ ിയുള്ള ത്യാഗജീവിതം (1:24–29)
   5. തത്വശാസ്ത്രമല്ല, ക്രിസ്തുവാണ് (2:1–10)
   6. ആചാരങ്ങളല്ല, ക്രിസ്തുവാണ് (2:11–23)
   7. ജഡികമല്ല, ക്രിസ്തുവാണ് (3:1–11)
   8. ക്രിസ്തുവിനെ ധരിക്കുക (3:12–17)
   9. താങ്കളുടെ ഭവനത്തെ ക്രിസ്തു സ്വാധീനിക്കട്ടെ (3:19–4:1)
   10. താങ്കളുടെ ദൈനംദിന ജീവിതത്തെ ക്രിസ്തു സ്വാധീനിക്കട്ടെ (4:2–6)

C. പൗലൊസിന്റെ ദൂതുവാഹികൾ (4:7-9)

D. പൗലൊസിന്റെ സ്നേഹിതരും അവരുടെ വന്ദനവും (4:10-14)

E. പൗലൊസിന്റെ വന്ദനങ്ങൾ (4:15-17)

F. പൗലൊസിന്റെ സ്വന്തം കയ്യാലുള്ള ഉപസംഹാരം (4:18)

## IX. ജ്ഞാനവാദം (Gnosticism)

A. 2-ാം നൂറ്റാ ിലെ ജ്ഞാനവാദപരമായ എഴുത്തുകളിൽ നിന്നാണ് നമുക്ക് ഇതിനെക്കുറിച്ചുള്ള എല്ലാ അറിവും ലഭിച്ചിട്ടുള്ളത്. എങ്കിലും ഇതിന്റെ ആശയങ്ങൾ ഒന്നാം നൂറ്റാ ് മുതൽ പ്രകടമായിരുന്നു (Dead Sea Scrolls).

B. ജ്ഞാനവാദത്തിന്റെ പ്രാരംഭ തലത്തിലുള്ള ആശയങ്ങളും യഹൂദ ആചാരമര്യാദകളും കലർന്ന ഒരു സങ്കരപരമായ ക്രിസ്ത്യാനിത്വമായിരുന്നു കൊലൊസ്യയിലെ പ്രശ്നം.

C. ര ാം നൂറ്റാ ിലെ ജ്ഞാനവാദത്തിന്റെ (Valentinian and Cerinthian Gnosticism) അടിസ്ഥാന പ്രമാണങ്ങൾ

1. ഭൗതികമായവയും ആത്മാവും ഒരുപോലെ നിത്യമാണ്. (നിത്യജീവിതത്തിൽ നിലനില്ക്കുന്ന ദ്വൈതാവസ്ഥ). ഭൗതികമായവ തിന്മയുടെ പ്രതീകങ്ങളും ആത്മാവ് നന്മയുമാണ്. നന്മയുടെ പ്രതീകമായ ദൈവത്തിന് തിന്മ നിറഞ്ഞ ഭൗതികമായവയുമായി നേരിട്ട് ബന്ധപ്പെടുവാൻ കഴിയുകയില്ല.
2. ദൈവത്തിനും ഭൗതിക വസ്തുക്കൾക്കുമിടയിൽ ദൂതന്മാരുടെ ശ്രേണികൾ ഉ ്. (eons or angelic levels) ഈ ദൂത ശ്രേണികളിലെ അവസാന കണ്ണിയാണ് ഈ ലോകത്തെ സൃഷ്ടിച്ച യഹോവ.
3. യേശു ഇത്തരം ദൂതശ്രേണികളിൽ യഹോവയെക്കാളും ഉയർന്ന തലത്തിൽ സത്യദൈവത്തോട് അടുത്തു നില്ക്കുന്നു. ചിലർ അവിടുത്തെ ഏറ്റവും ഉന്നതൻ എന്നു പറയുന്നു. അപ്പോൾത്തന്നെ സത്യദൈവത്തിനു കീഴെയാണ് അവിടുന്ന് എന്നു കരുതുന്നു - തീർച്ചയായും ജഡാവതാരം എടുത്ത ദൈവമല്ല (cf. യോഹ.1:14). കാരണം ഭൗതികം തിന്മ നിറഞ്ഞതാകയാൽ യേശുവിന് ജഡാവതാരം എടുക്കുവാനും അതേ സമയം ദൈവമായിരിക്കുവാനും കഴിയുകയില്ല. അവിടുന്ന് മനുഷ്യനായി കാണപ്പെട്ടതായിരുന്നു; വാസ്തവത്തിൽ അവിടുന്ന് ആത്മാവായിരുന്നു (1യോഹ.1:1-3; 4:1-6).
4. രക്ഷ ക്രിസ്തുവിലൂടെയും ചില വിശിഷ്ട വ്യക്തികളിൽ നിന്നു ലഭിക്കുന്ന പ്രത്യേക ജ്ഞാനത്തിലൂടെയുമാണ് ലഭ്യമാകുന്നത്. ഈ ജ്ഞാനമാണ് ഒരു 'പാസ് വേർഡ്' (pass word) പോലെ ഓരോ സ്വർഗ്ഗീയ തട്ടുകളും കടന്ന് പോകുവാൻ കാരണമായിരിക്കുന്നത്. യഹൂദമതാചാരങ്ങൾ പാലിക്കുന്നവരും ഇത്തരത്തിൽ ദൈവത്തിലെത്തേ താണ്.

D. ജ്ഞാനവാദികളായ ഈ ദുരുപദേശകർ ര ു തരത്തിലുള്ള വിഭിന്നമായ ധാർമ്മികത പഠിപ്പിക്കുന്നവരായിരുന്നു.

1. ചിലർക്കാകട്ടെ, ജീവിത രീതിക്ക് രക്ഷയുമായി യാതൊരു ബന്ധവുമില്ല എന്ന ചിന്താഗതിയായിരുന്നു ഉ ായിരുന്നത്.
2. മറ്റു ചിലർക്കാകട്ടെ, ജീവിതരീതി ആത്മരക്ഷയിൽ വളരെ നിർണ്ണായകമാണ്. ഈ പുസ്തകത്തിൽ, ഇത്തരം ദുരുപദേശകർ യഥാർത്ഥ ആത്മീയതയുടെ ലക്ഷണമായി താപസജീവിതം വേണമെന്ന് പഠിപ്പിച്ചിരുന്നു എന്ന് തെളിവു നല്കുന്നു ് (cf. 2:16-23).

E. ബീക്കൺ പ്രസ്സ് പ്രസിദ്ധീകരിച്ച ഹാൻ ജോൺസ്-ന്റെ 'ദ ഗ്നോസ്റ്റിക് റിലിജിയൻ' എന്ന പുസ്തകം ഇക്കാര്യങ്ങളിൽ നല്ലൊരു പഠനഗ്രന്ഥമാണ്.

## X. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ പ്രയോഗങ്ങൾ

1. ''സ്വർഗ്ഗത്തിൽ നിങ്ങൾക്കു സംഗ്രഹിച്ചിരിക്കുന്ന പ്രത്യാശ'' (1:5)
2. ''സുവിശേഷം'' (1:5)
3. ''ഇരുട്ടിന്റെ അധികാരം'' (1:13)
4. ''വീ ടുപ്പ്'' (1:14)
5. ''അദൃശ്യനായ ദൈവം'' (1:15)

6. ''അവനിൽ സർവ്വസമ്പൂർണ്ണതയും വസിപ്പാനും'' (1:19)
7. ''ക്രൂശിൽ ചൊരിഞ്ഞ രക്തം കൊ ് സമാധാനം ഉ ാക്കി'' (1:20)
8. ''ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ കുറവായത് .. .. പൂരിപ്പിക്കുന്നു'' (1:24)
9. ''മനുഷ്യരുടെ സമ്പ്രദായം'' (2:8)
10. ''ലോകത്തിന്റെ ആദ്യപാഠങ്ങൾ'' (2:8,20)
11. ''സ്നാനത്തിൽ നിങ്ങൾ അവനോടു കൂടെ അടക്കപ്പെടുകയും'' (2:12)
12. ''അതിക്രമങ്ങളിലും .. .. മരിച്ചവരായിരുന്ന'' (2:13)
13. ''നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ'' (2:14)
14. ''നിങ്ങൾ മരിച്ച് നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു'' (3:3)
15. ''ബർബ്ബരൻ'' (3:11)
16. ''ലവുദിക്യയിൽ നിന്നുള്ള എന്റെ ലേഖനം'' (4:16)

## XI. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വ്യക്തികൾ

1. എപ്പഫ്രാസ് (1:7; 4:12)
2. ''സർവ്വ സൃഷ്ടിക്കും ആദ്യജാതൻ'' (1:15)
3. ''സിംഹാസനങ്ങളാകട്ടെ കർതൃത്വങ്ങളാകട്ടെ വാഴ്ചകളാകട്ടെ അധികാരങ്ങളാകട്ടെ'' (1:16)
4. ''മരിച്ചവരുടെ ഇടയിൽ നിന്നും ആദ്യനായി'' (1:18)
5. ശകൻ (3:11)
6. തിഹിക്കോസ് (4:7)
7. ഒനേസിമൊസ് (4:9)
8. മർക്കൊസ് (4:10)
9. ലൂക്കൊസ് (4:14)
10. ദേമാസ് (4:14)

## XII. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. കൊലൊസ്യ (1:2)
2. ലവുദിക്യ (2:1)
3. ഹിയരപ്പൊലി (4:13)

## XIII. ചർച്ച ചെയ്യുവാനുള്ള ചോദ്യങ്ങൾ

1. എന്തുകൊ ാണ് പൗലൊസ് അറിവിനെയും ജ്ഞാനത്തെയും കുറിച്ച് വളരെ വിശാലമായിഖഗഗ പറഞ്ഞിരിക്കുന്നത്? (1:9)
2. 1:23-ൽ കാണുന്ന താക്കീത് കൊ ് അർത്ഥമാക്കുന്നതെന്ത്?
3. കഴിഞ്ഞ യുഗങ്ങളിൽ മറഞ്ഞിരുന്ന ദൈവിക മർമ്മം എന്തായിരുന്നു? (1:27)
4. പൗലൊസിന് ഈ സഭയിലെ വിശ്വാസികളെ അറിയാമായിരുന്നില്ലേ? (2:1)
5. തത്വശാസ്ത്രത്താൽ ഒരുവൻ ഒരുവനെ കവർന്നുകളയുന്നതെങ്ങനെ? (2:8)
6. 2:9-ൽ ഏത് ഉപദേശത്തിനാണ് ഊന്നൽ നല്കിയിരിക്കുന്നത്?
7. 2:15-ൽ പറയുന്ന റോമൻ ചരിത്രപശ്ചാത്തലം വിശദമാക്കുക?
8. ആരെയാണ് പൗലൊസ് ഇവിടെ (2:16-17) സൂചിപ്പിക്കുന്നത്?
9. ആചാരാനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം നല്കുന്ന യാഥാസ്ഥിതികത്വത്തെ (2:14-23) ഈ വേദഭാഗം എങ്ങനെ പരിഗണിച്ചിരിക്കുന്നു?
10. 3:5-ലെ പാപം വിഗ്രഹാരാധനയോടു സമമാകുന്നതെങ്ങനെ?
11. കൊലൊ.3:11 ഗലാ.3:28-മായി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു?
12. കൊലൊ.3:16-ഉം എഫെ.5:18-ഉം തമ്മിലുള്ള ബന്ധമെന്ത്?
13. 3:23-ലെ ആത്മിക പാഠം എന്ത്?
14. 4:6-ൽ കാണുന്ന പഴമൊഴി വിശദമാക്കുക?
15. എന്തുകൊ ് പൗലൊസ് ഇങ്ങനെ ഒരു ഉപസംഹാരം കുറിക്കുന്നു? (4:18)

# തെസ്സലോനിക്യ ലേഖനങ്ങൾക്കൊരു മുഖവുര

## I. പ്രാരംഭ പ്രസ്താവന

### A. സംക്ഷിപ്തരൂപം

1. ഒരു പാസ്റ്ററും മിഷണറിയും എന്ന നിലകളിൽ പൗലൊസിനെക്കുറിച്ചുള്ള ആഴമായ ഉൾക്കാഴ്ചകളാണ് ഈ ലേഖനം നമുക്ക് നല്കുന്നത്. ഒരുചുരുങ്ങിയ കാലം കൊ ് ഒരു സഭ സ്ഥാപിച്ച് അതിന്റെ വളർച്ച, ഉന്നമനം, ശുശ്രൂഷ എന്നിവയോർത്ത് ഭാരത്തോടെ തുടർമാനമായി പ്രാർത്ഥിച്ചു കൊ ിരിക്കുന്ന പൗലൊസിനെ നാം ഇവിടെ കാണുന്നു.
2. വിശ്വസ്തതയോടുകൂടെ സുവിശേഷം പ്രസംഗിച്ച്, മാനസ്സാന്തരപ്പെട്ടവരെ ശാസിച്ചും പ്രോത്സാഹിപ്പിച്ചും നിയന്ത്രിച്ചും പ്രബോധിപ്പിച്ചും പഠിപ്പിച്ചും സ്നേഹിച്ചും ഇങ്ങനെ തന്നെത്തന്നെ അവർക്ക് നല്കുന്നതും ഇവിടെ പൗലൊസിൽ നാം കാണുന്നു. അവർ കാണിച്ച ആത്മിക പുരോഗമനത്തിൽ പൗലൊസ് അത്യന്തം സന്തോഷവാനായിരുന്നു എങ്കിലും താൻ അഭിലഷിച്ച പരിപക്വത അവരിൽ കാണാത്തതിൽ ദു:ഖിതനുമായിരുന്നു.
3. ഈ ലേഖനങ്ങളിൽ എരിവോടുകൂടെ ക്രിസ്തുവിനെ സ്നേഹിക്കുന്ന ഒരുവനെയും എരിവോടുകൂടെ വളർന്നുവരുന്ന ഒരു ചെറിയ സഭയെയും കാണാം. ക്രിസ്തീയ ലോകത്തിൽ അധികം കാണാനാകാത്തവിധം ര ും ഒരുപോലെ ദൈവമുമ്പാകെ വിശ്വസ്തരും ദൈവത്താൽ ഉപയോഗിക്കപ്പെട്ടവരും അന്യോന്യം ക്രിസ്തു കേന്ദ്രീകൃതമാം വിധം സഹകരിച്ചവരും ആയിരുന്നു.

### B. തെസ്സലോനിക്യ പട്ടണം

1. തെസ്സലോനിക്യയെക്കുറിച്ചുള്ള ഒരു ചെറുവിവരണം
   a. തെർമായിക് കടലിടുക്കിന്റെ തലപ്പത്താണ് തെസ്സലോനിക്യയുടെ സ്ഥാനം. റോമിൽ നിന്നും കിഴക്ക് ഭാഗത്തേക്ക് പോകുന്ന പ്രധാനപ്പെട്ട ഇഗ്നേഷ്യൻ റോഡിന്റെ (Via Ignatia – the way of the nations) വശത്തുള്ള ഒരു സമുദ്രതീര പട്ടണമായിരുന്നു ഇത്. ജലസമൃദ്ധിയുള്ള, സാമ്പത്തികാഭിവൃദ്ധിയുള്ള, ഒരു തുറമുഖ പട്ടണം. ഈ മൂന്നു ഘടകങ്ങളും മക്കദോന്യയിലെ നിർണ്ണായകമായ വാണിജ്യ രാഷ്ട്രീയ പ്രാധാന്യമുള്ള പട്ടണമാക്കി ഇതിനെ മാറ്റി.
   b. തെസ്സലോനിക്യയുടെ ആദ്യ പേര് തെർമ്മ (Therma) എന്നായിരുന്നു. ആ ഭാഗങ്ങളിൽ കാണപ്പെട്ട ചൂടുറവുകൾ കാരണമായിരുന്നു ഈ പേര് ഉ ായത്. ഒരു ആദ്യകാല ചരിത്രകാരനായ പ്ലിനി (Plini the Elder) തെർമ്മയും തെസ്സലോനിക്യയും ഒരുമിച്ചുസ്ഥിതി ചെയ്തിരുന്ന പട്ടണങ്ങളാണെന്നു പറഞ്ഞിട്ടു ്. അങ്ങനെയാകുന്ന പക്ഷം തെർമ്മയ്ക്ക് ചുറ്റുമുള്ള പ്രദേശങ്ങളായിരുന്ന തെസ്സലോനിക്യ പിന്നീട് തെർമ്മയോട് ചേർക്കപ്പെട്ടതായിരിക്കാം. (Leon Morris, the First and Second Epistles to the Thessalonians, Grand rapids : Wm. B.Eerdmans Publishing Company, 1991, p. 11). എങ്കിലും പല ചരിത്രകാരന്മാരും, അലക്സാ റിന്റെ സൈന്യാധിപനായിരുന്ന കസാന്റർ ബി.സി.315-ൽ മക്കദോന്യയിലെ ഫിലിപ്പ് രാജകുമാരന്റെ മകളും അലക്സാ ർ ചക്രവർത്തിയുടെ അർദ്ധസഹോദരിയും ആയിരുന്ന തന്റെ ഭാര്യ തെസ്സലോനിക്യയുടെ പേര് ഈ പട്ടണത്തിനു നല്കിയെന്നാണ് വിശ്വസിക്കുന്നത് (Strabo VII fragment 21). ക്രിസ്ത്യാനിത്വം വ്യാപിച്ചുകൊ ിരുന്ന ഒന്നാം നൂറ്റാ ിൽ, ഈ പട്ടണത്തിന്റെ ക്രിസ്തീയസ്വഭാവം പരിഗണിച്ച് 'യാഥാസ്ഥിതിക പട്ടണം' എന്ന അപരനാമം ലഭിച്ചിരുന്നു. (Dean Farrar , The Life and Work of St. Paul, New York : Cassell and Company, Limited, 1904 p.364). ഇന്നും ഗ്രീസിലെ ഒരു പ്രധാന പട്ടണമായ തെസ്സലോനിക്യയെ 'സലോനിക്യ' (Salonika) എന്നാണ് അറിയപ്പെടുന്നത്.

c. അന്ന് അറിയപ്പെട്ടിരുന്ന എല്ലാ ലോകത്തിൽ നിന്നും ആൾക്കാർ വന്നു പാർത്തിരുന്ന കൊരിന്ത്യ പട്ടണം പോലെ തന്ത്രപ്രധാനമായ പട്ടണമായിരുന്നു ഇത്.

1) ജർമ്മനിയുടെ വടക്ക് ഭാഗത്തു നിന്നുള്ള അപരിഷ്കൃതരായ ആളുകൾ അവരുടേതായ ജാതീയ ആചാരമര്യാദകളുമായി അവിടെ കഴിഞ്ഞിരുന്നു.

2) അഖായയിൽ നിന്നും അദ്രിയൻ ദ്വീപുകളിൽ നിന്നും അവിടെ വന്ന ഗ്രീക്കുകാർ അവരുടെ പരിഷ്ക്കാരവും തത്വചിന്തയും പ്രകടമാക്കുന്നവരായിരുന്നു.

3) പടിഞ്ഞാറ് റോമിൽ നിന്നും ആൾക്കാർ അവിടെ ഉ ായിരുന്നു. അവർ പലരും വിരമിച്ച പട്ടാളക്കാരായതിനാൽ അവർ ഇച്ഛാശക്തിയും സാമ്പത്തികവും രാഷ്ട്രീയസ്വാധീനവും ഉള്ളവരായിരുന്നു.

4) അവസാനമായി, കിഴക്കു നിന്നും യഹൂദന്മാർ അവിടെ എത്തിയിരുന്നു. അത്ഭുതാവഹമെന്നു പറയട്ടെ, ജനസമൂഹത്തിന്റെ മൂന്നിലൊന്നും അവരായിരുന്നു. അവരാകട്ടെ, തങ്ങൾ മറ്റുള്ളവരെക്കാൾ മെച്ചമാണെന്നുള്ള തോന്നലുള്ളവരും ദൈവവിശ്വാസത്തിലധിഷ്ഠിതമായ ധാർമ്മിക ചിന്താഗതിയുള്ളവരും ആയിരുന്നു.

d. ഏതാ ് ര ് ലക്ഷത്തോളം ജനങ്ങളു ായിരുന്ന തെസ്സലോനിക്യ ഒരു വൻനഗരം തന്നെയായിരുന്നു. ചുടുറവുകൾ കാരണം ഇതൊരു സുഖവാസസ്ഥലവും ആരോഗ്യ കേന്ദ്രവുമായിരുന്നു. തുറമുഖപട്ടണമായതിനാലും, ഫലഭൂയിഷ്ഠ ഭൂപ്രദേശമായിരുന്നതിനാലും, ഇഗ്നേഷ്യൻ ഹൈവേ (Via Ignatia – the way of the nations)അതുവഴിയായിരുന്നതിനാലും ഇതൊരു വാണിജ്യ നഗരമായി മാറിയിരുന്നു.

e. തെസ്സലോനിക്യ തലസ്ഥാന പട്ടണവും വലിയതും ആയിരുന്നതു കൊ ് മക്കദോന്യ ഭാഗത്തെ രാഷ്ട്രീയ പ്രാധാന്യമുള്ള പട്ടണമായി തെസ്സലോനിക്യ മാറി. ഒരു റോമൻ പ്രവിശ്യയുടെ തലസ്ഥാനവും വിരമിച്ച അനേക പടയാളികൾ പാർക്കുന്ന പട്ടണവുമായിരുന്നതിനാൽ ഇത് ഒരു 'സ്വതന്ത്ര പട്ടണം' (free city) ആയിരുന്നു. റോമൻ ഭരണത്തിനു കീഴിൽ ആയിരുന്നു എങ്കിലും അധികം പേരും റോമൻ പൗരന്മാരായിരുന്നതിനാൽ അവർ കരം കൊടുക്കേ ിയിരുന്നില്ല. അതിനാൽ അവിടുത്തെ ഭരണാധികാരികളെ ' പോളിറ്റാർക്സ്' (Politarchs) എന്നു വിളിച്ചിരുന്നു. ഈ വാക്ക് ചരിത്രത്തിൽ എവിടെയും കാണപ്പെടുന്നില്ല എങ്കിലും തെസ്സലോനിക്യയിലെ വിജയ കവാടം എന്നറിയപ്പെടുന്ന 'വർദാർ ഗേറ്റ്' (Vardar Gate) -ൽ ഇത് ആലേഖനം ചെയ്തിരിക്കുന്നു (Farrar, p 371n).

2. പൗലൊസ് തെസ്സലോനിക്യയിൽ എത്തുവാനുള്ള കാരണങ്ങൾ

a. പൗലൊസ് തെസ്സലോനിക്യയിൽ എത്തുവാൻ അനേക കാരണങ്ങൾ ഉ ായിരുന്നു എങ്കിലും അതിനെല്ലാം ഉപരിയായി അത് ദൈവത്തിന്റെ പദ്ധതിയായിരുന്നു. യഥാർത്ഥത്തിൽ യൂറോപ്യൻ ഭൂഖണ്ഡത്തിൽ പ്രവേശിക്കുക എന്നത് പൗലൊസിന്റെ പദ്ധതിയിൽ ഉള്ളതായിരുന്നില്ല. ഒന്നാം മിഷണറി യാത്രയിൽ ആസ്യയിൽ താൻ സ്ഥാപിച്ച സഭകളെ സന്ദർശ്ശിച്ചിട്ട് കിഴക്കൻ ഭാഗങ്ങളിലേക്ക് തിരിയുക എന്നതായിരുന്നു തന്റെ ര ാം യാത്രയുടെ ലക്ഷ്യം. അങ്ങനെ വടക്കുകിഴക്കൻ ഭാഗങ്ങളിലേക്ക് തിരിയുവാൻ ഉദ്ദേശിച്ചിരിക്കുമ്പോൾ ദൈവം ആ വാതിലുകൾ അടയ്ക്കുകയാണു ായത്. അതിന്റെ പര്യവസാനമെന്നത് തന്റെ മക്കദോന്യ സന്ദർശ്ശനമായിരുന്നു(അ.പ്ര.16:6–10). ഇതു കാരണം ര ു കാര്യങ്ങൾ സംഭവിച്ചു. 1) യൂറോപ്യൻ ഭൂഖണ്ഡം സുവിശേഷീകരിക്കപ്പെട്ടു. 2) മക്കദോന്യയിലെ സാഹചര്യങ്ങൾ കാരണം പൗലൊസ് തന്റെ ലേഖനങ്ങൾ എഴുതുവാൻ ഇടയായി. (Thomas Carter, *Life and Letters of Paul*, Nashville : Cokesbury Press, 1921, p. 112).

b. മുകളിൽ പറഞ്ഞ ആത്മാവിന്റെ നിയന്ത്രണം ഒഴിവാക്കിയാൽ പൗലൊസിനെ തെസ്സലോനിക്യയിലേക്കയച്ച ഭൗതികമായ മറ്റു കാരണങ്ങൾ താഴെ പറയുന്നവയാണ്.

1) സിനഗോഗുകളില്ലാത്ത ചെറിയ പട്ടണമായ ഫിലിപ്പിയയിലേക്ക് പൗലൊസ് പോയി. അവിടെ തന്റെ പ്രവർത്തനങ്ങൾ വിഘ്നപ്പെടുവാൻ കാരണം വെളിച്ചപ്പാടത്തിയായ ഒരു പെൺകുട്ടിയുടെ യജമാനന്മാരും പട്ടണ മേധാവികളുമായിരുന്നു. അവിടെ പൗലൊസ് അടിക്കപ്പെടുകയും അപമാനിതനാവുകയും ചെയ്തിരുന്നു എങ്കിലും അതിന്റെ മധ്യത്തിൽ ഒരു സഭാരൂപീകരണം നടന്നിരുന്നു. താൻ നേരിട്ട എതിർപ്പുകളും ശാരീരിക ദണ്ഡനങ്ങളും കാരണം താൻ വിചാരിച്ചതിനും മുമ്പു തന്നെ അവിടം വിടേ ിവന്നിരുന്നു.

2) എവിടെയായിരിക്കാം അവിടെ നിന്നും താൻ പോയത്? അവിടെ നിന്നും സിനഗോഗുകളൊന്നുമില്ലാത്ത ആംഫിപൊലിസ്-ലൂടെയും അപൊലോനിയയിലൂടെയും (Amphipolis and Apollonia) കടന്നുപോയി.

3) ആ പ്രദേശങ്ങളിലെ ഏറ്റവും വലിയ പട്ടണമായ, ഒരു സിനഗോഗു ായിരുന്ന, തെസ്സലോനിക്യയിലെത്തി. പൗലൊസിന്റെ രീതി എന്നു പറയുന്നത് ആദ്യം യഹൂദന്മാരോട് സുവിശേഷം പറയുക എന്നതാണ്. അദ്ദേഹം അങ്ങനെ ചെയ്യാൻ കാരണം,

   a) അവർക്കു ായിരുന്ന പഴയ നിയമത്തെക്കുറിച്ചുള്ള അറിവ്

   b) പ്രസംഗിക്കാനും പഠിപ്പിക്കാനും അവസരം നല്കിയ സിനഗോഗു സമ്പ്രദായം

   c) ദൈവജനം എന്ന അവരുടെ പദവിയും ദൈവവുമായുള്ള ഉടമ്പടി ബന്ധമുള്ളവർ എന്ന ശ്രേഷ്ഠതയും (മത്താ.10:6; 15:24; റോമ.1:16,17; 9–11).

   d) യേശുക്രിസ്തു തന്നെത്താൻ ആദ്യം അവർക്കും പിന്നെ മറ്റുള്ളവർക്കും നല്കിയതു പോലെ അതേ പാതയാണ് പൗലൊസും പിൻതുടർന്നത്.

3. പൗലൊസിന്റെ സഹയാത്രികർ

a. ലൂക്കൊസ് - തെസ്സലോനിക്യയിൽ ശീലാസും തിമൊഥെയൊസും തന്നെ അനുഗമിച്ചിരുന്നു. ലൂക്കൊസ് ഫിലിപ്പിയയിൽ ഉ ായിരുന്നു എങ്കിലും അവിടെത്തന്നെ തങ്ങുകയാണു ായത്. അ.പ്ര.16,17 അദ്ധ്യായങ്ങളിൽ നാം കാണുന്ന 'ഞങ്ങൾ' 'അവർ' എന്നീ വ്യത്യാസപ്പെട്ട പ്രയോഗങ്ങളിലൂടെയാണ് നാം ഇത് മനസ്സിലാക്കുന്നത്. ഫിലിപ്പിയയിലു ായിരുന്ന ലൂക്കൊസ് 'ഞങ്ങൾ' എന്ന് പറഞ്ഞിരിക്കുന്നു എങ്കിലും പൗലൊസ് തെസ്സലോനിക്യയിലേക്ക് പോകുമ്പോൾ 'അവർ' എന്നാണ് പറഞ്ഞിരിക്കുന്നത്.

b. സിലാനൊസ് - ര ാം മിഷണറി യാത്രയിൽ തന്നോടൊപ്പം പോരുവാൻ പൗലൊസ് ശീലാസിനെ/ സിലാനൊസിനെയാണ് തിരഞ്ഞെടുത്തത്. കാരണം, യോഹന്നാൻ എന്ന മർക്കൊസും ബർന്നബാസും സൈപ്രസിലേക്കായിരുന്നു പോയത്.

   (1) അ.പ്ര.15:22 അനുസരിച്ച് ബൈബിളിൽ അദ്ദേഹത്തിന്റെ പേരാണ് ആദ്യം പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. അദ്ദേഹം യെരുശലേം സഭയിലെ ഒരു പ്രധാനപ്പെട്ട വ്യക്തിയായിരുന്നു.

   (2) അദ്ദേഹം ഒരു പ്രവാചകനും ആയിരുന്നു (അ.പ്ര.15:32).

   (3) അദ്ദേഹം പൗലൊസിനെപ്പോലെ ഒരു റോമാ പൗരനായിരുന്നു (അ.പ്ര.16:37).

   (4) യെരുശലേം സഭ അന്ത്യോക്ക്യയിലെ സ്ഥിതിഗതികൾ പരിശോധിക്കുവാൻ അദ്ദേഹത്തെയും ബർശബാസ് എന്ന യൂദയെയും അയച്ചിരുന്നു (അ.പ്ര.15:22,30–35).

   (5) 2കൊരി.1:9-ൽ പൗലൊസ് അദ്ദേഹത്തെ പ്രശംസിച്ച് പറയുന്നതോടൊപ്പം പല ലേഖനങ്ങളിലും അദ്ദേഹത്തിന്റെ പേര് പരാമർശിച്ചിട്ടു ്.

   (6) അദ്ദേഹത്തെ പത്രൊസിനോടൊപ്പം തന്റെ ലേഖന രചനയോടുള്ള ബന്ധത്തിൽ കാണുന്നു (1പത്രൊ.5:12).

(7) പൗലൊസും പത്രൊസും അദ്ദേഹത്തെ സിലാനൊസ് എന്നു വിളിക്കുമ്പോൾ ലൂക്കൊസാകട്ടെ ശീലാസ് എന്നാണ് വിളിച്ചിരിക്കുന്നത്.

c. തിമൊഥെയൊസും പൗലൊസിന്റെ സഹയാത്രികനും സഹപ്രവർത്തകനുമായിരുന്നു.

(1) പൗലൊസ് അദ്ദേഹത്തെ ലുസ്ത്രയിൽ വച്ചാണ് ക ുമുട്ടിയത്. തന്റെ ഒന്നാം മിഷണറി യാത്രയിൽ അവിടെ വച്ചായിരുന്നു അവൻ മാനസ്സാന്തരപ്പെട്ടത്.

(2) തിമൊഥെയൊസിന്റെ അപ്പൻ യവനനും അമ്മ യഹൂദ്യ സ്ത്രീയുമായിരുന്നു. അതിനാൽ അവനെ യവന രാജ്യങ്ങളിലെ പ്രവർത്തനങ്ങളിലുപയോഗിക്കുവാൻ പൗലൊസ് ആഗ്രഹിച്ചു.

(3) അവനെ യഹൂദന്മാരുടെ ഇടയിൽ ഉപയോഗിക്കുവാൻ വേ ി പൗലൊസ് അവനെ പരിച്ഛേദന കഴിപ്പിച്ചിരുന്നു.

(4) പൗലൊസ് തിമൊഥെയൊസിനെ 2കൊരിന്ത്യർ-ലും കൊലൊസ്സ്യ ലേഖനത്തിലും തെസ്സലോനിക്യ ലേഖനങ്ങളിലും ഫിലേമോന്റെ ലേഖനത്തിലും പരാമർശ്ശിച്ചിട്ടു ്.

(5) പൗലൊസ് അദ്ദേഹത്തെ തന്റെ ലേഖനത്തിലുടനീളം 'ശുശ്രൂഷയിൽ എന്റെ മകൻ' എന്നാണ് പറഞ്ഞിരിക്കുന്നത്(1തിമൊ.1:2; 2തിമൊ.1:2; തീത്തൊ.1:4). തന്റെ ലേഖനത്തിലുടനീളം തിമൊഥെയൊ സിനെ തന്നെക്കാൾ പ്രായം കുറഞ്ഞവനായും തന്നെപ്പോലെ പക്വതയെത്താത്തവനുമായാണ് പൗലൊസ് കരുതിയിരിക്കുന്നത്.

(6) പൗലൊസിന് അവനിൽ വലിയ വിശ്വാസവും ആശ്രയവുമു ായിരുന്നു(അ.പ്ര.19:27; 1കൊരി.4:17; ഫിലി.2:19)

d. ഇത്തരുണത്തിൽ തെസ്സലോനിക്യയിൽ വന്ന്, പിന്നീടുള്ള തന്റെ യാത്രയിൽ സഹകരിച്ചിട്ടുള്ളവരെയും പരിഗണിക്കേ ിയിരിക്കുന്നു. അരിസ്തർഹോസ്സ് (അ.പ്ര.19:29; 20:4; 27:2), സെക്കുന്തൊസ് (അ.പ്ര.20:4) എന്നിവർ ഇതിൽ പ്രധാനപ്പെട്ടവരാണ്. ദേമാസും തെസ്സലോനിക്യ മുതൽ തന്നെ അനുഗമിച്ചവനായിരിക്കാം (ഫിലേ.24; 2തിമൊ.4:10).

4. പൗലൊസിന്റെ ശുശ്രൂഷ

a. പൗലൊസിന്റെ സാധാരണ രീതി പോലെ തന്നെ തെസ്സലോനിക്യയിലും ആദ്യം യഹൂദന്മാരുടെ ഇടയിലും പിന്നെ ജാതികളുടെ ഇടയിലുമാണ് പൗലൊസ് സുവിശേഷം അറിയിച്ചത്. തുടർച്ചയായി മൂന്നു ശബ്ബത്തുകളിൽ അദ്ദേഹം സിനഗോഗുകളിൽ പ്രസംഗിച്ചു. തന്റെ സന്ദേശത്തിന്റെ ആകെത്തുക എന്നു പറയുന്നത് 'യേശു മശിഹയാണ്' എന്നതാണ്. അദ്ദേഹം പഴയനിയമ ഉദ്ധരണികളുടെ അടിസ്ഥാനത്തിൽ മശിഹ മനുഷ്യർക്കായി കഷ്ടത അനുഭവിക്കുന്ന മശിഹയാണെന്നും രാഷ്ട്രീയ പ്രാധാന്യമുള്ള മശിഹ അല്ലെന്നും തെളിയിച്ചു (cf.ഉല്പ.3:15; യെശ.53). മാത്രമല്ല ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പും മനുഷ്യർക്കാകമാനം വാഗ്ദാനം ചെയ്യപ്പെട്ട രക്ഷയും പൗലൊസിന്റെ പ്രധാന വിഷയങ്ങളായിരുന്നു. പഴയനിയമത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട, മനുഷ്യരെ എല്ലാവരെയും രക്ഷിക്കുന്ന മശിഹ, ക്രിസ്തു ആയിരുന്നു എന്നത് പൗലൊസ് വ്യക്തമാക്കി.

b. ഇതിന്റെ ഫലമായി യഹൂദന്മാരും ഭക്തരായ ജാതീയരും ആഭിജാത്യമുള്ള സ്ത്രീകളും യേശുവിനെ രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു. ഇങ്ങനെ മാനസ്സാന്തരപ്പെട്ട വിഭാഗങ്ങളെക്കുറിച്ചുള്ള പഠനം ഈ സഭയ്ക്ക് പൗലൊസ് എഴുതിയ മറ്റു ലേഖനങ്ങളെക്കുറിച്ചുള്ള പഠനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നു.

c. ഈ ര ു ലേഖനങ്ങളിലും പഴയനിയമ പരാമർശ്ശങ്ങളില്ലാത്തതിനാൽ പ്രസ്തുത സഭയിൽ കൂടുതലും ജാതീയരായിരുന്നു എന്നു ചിന്തിക്കാം. ജാതീയർ യഹൂദന്മാരെക്കാൾ വേഗത്തിൽ ഈ സന്ദേശങ്ങൾ സ്വീകരിക്കുവാൻ ചില കാരണങ്ങളു ്.

1) അവരുടെ പരമ്പരാഗതമായ മതങ്ങൾ ബലഹീനമായ അന്ധ വിശ്വാസങ്ങൾ ആയിരുന്നു. തെസ്സലോനിക്യ അന്ധവിശ്വാസങ്ങളുടെ ഈറ്റില്ലമായിരുന്നു എന്നത് ഏവർക്കും അറിവുള്ള

വസ്തുതയായിരുന്നു. (Thessalonica lay at the foot of Mt. Olympus and all new its heights were empty).

2) പൗലൊസ് അറിയിച്ച സുവിശേഷം സൗജന്യമായിരുന്നു.

3) യഹൂദന്മാരുടെ അടഞ്ഞ ചിന്താഗതി ക്രിസ്തീയ മാർഗ്ഗത്തിലന്നു ായിരുന്നില്ല. യഹൂദമതം അനേകരെ അതിലേക്ക് ആകർഷിച്ചത് അതിലടങ്ങിയിരുന്ന ഉന്നതമായ ധാർമ്മിക കാഴ്ചപ്പാടിലൂടെയാണ്. അതേ സമയം അറപ്പുളവാക്കുന്ന ചില ആചാരമര്യാദകളും (പരിച്ഛേദന), അവരുടെ ജന്മസിദ്ധമായ അഹംഭാവവും അനേകരെയും അവരിൽ നിന്നകറ്റുകയും ചെയ്തിരുന്നു.

d. ആഭിജാത്യമുള്ള അനേക സ്ത്രീകൾ ക്രിസ്തീയ മാർഗ്ഗത്തിലേക്കു വരുവാൻ കാരണം അവർക്ക് സ്വന്തമായി തീരുമാനമെടുക്കുവാൻ അന്നു ായിരുന്ന സ്വാതന്ത്ര്യമായിരുന്നു. യവന റോമൻ രാജ്യങ്ങളിൽ അന്നു ായിരുന്നതിനെക്കാളും മക്കദോന്യയിലും ആസ്യയിലും ഉള്ള സ്ത്രീകൾ സ്വാതന്ത്ര്യമനുഭവിച്ചിരുന്നു. (Sir.Wm. M. Ramsay, St.Paul the Traveller and Roman Citizen, New York : G. P. Putnam's Sons, 1896, p.227). എന്നിരുന്നാലും, താഴേക്കിടയിലുള്ള സ്ത്രീകൾ സ്വതന്ത്രരായിരുന്നു എങ്കിലും അന്ധവിശ്വാസത്തിന്റെയും ബഹുദൈവവിശ്വാസത്തിന്റെയും പിടിയിലായിരുന്നു (Ramsay, p.229).

e. പൗലൊസ് എത്രകാലം തെസ്സലോനിക്യയിൽ ഉ ായിരുന്നു എന്നതിനെക്കുറിച്ച് പലർക്കും ആശയക്കുഴപ്പമു ്.

1) തെസ്സലോനിക്യയിലായിരുന്നപ്പോൾ തുടർമാനമായി മൂന്നു ശബ്ബത്തുകളിൽ സിനഗോഗുകളിൽ താൻ വാദിച്ചതായി അ.പ്ര.17:2 പറയുന്നു.

2) 1തെസ്സ.2:7-11 -ൽ പൗലൊസിന്റെ തൊഴിലിനെക്കുറിച്ചുള്ള സൂചനയു ്. ഇത് കൂടാരപ്പണി ആയിരുന്നു; ചിലരുടെ അഭിപ്രായത്തിൽ തുകൽപ്പണി.

3) ഫിലി.4:16 അനുസരിച്ച് പൗലൊസ് തെസ്സലോനിക്യയിലായിരുന്നപ്പോൾ ര ു പ്രാവശ്യം ധന സഹായം തനിക്ക് ലഭിച്ചിരുന്നതിനാൽ താൻ അവിടെ കൂടുതൽ കാലം ഉ ായിരുന്നു എന്ന് ഊഹിക്കാം. ഈ ര ് പട്ടണങ്ങളും തമ്മിൽ 100 മൈൽ അകലമു ായിരുന്നു. അതിനാൽ ചിലരുടെ അഭിപ്രായത്തിൽ ര ോ മൂന്നോ മാസങ്ങൾ പൗലൊസ് അവിടെ ഉ ായിരുന്നിരിക്കാം. അതേസമയം മൂന്നു ശബ്ബത്തുകളിൽ സിനഗോഗുകളിൽ പ്രസംഗിച്ചു എന്നത് യഹൂദന്മാരുടെ മധ്യത്തിൽ ഉള്ള തന്റെ പ്രവർത്തനങ്ങളെക്കുറിച്ചുമായിരിക്കാം (Shepard, p.165).

4) മാനസ്സാന്തരപ്പെട്ടവരെക്കുറിച്ച് അ.പ്ര.17:4-ലും 1തെസ്സ.1:9-ലും 2:4-ലും പറഞ്ഞിരിക്കുന്ന വിവരണങ്ങൾ ഈ അഭിപ്രായത്തെ പിൻതാങ്ങുന്നു. ഈ രേഖകളിലുള്ള പ്രധാന വ്യത്യാസം ജാതീയർ തങ്ങളുടെ വിഗ്രഹങ്ങളെ ഉപേക്ഷിച്ചതാണ്. അ.പ്ര-യിലെ ജാതീയർ വിഗ്രഹങ്ങളെ വിട്ടുതിരിഞ്ഞ 'യഹൂദ മതാനുസാരികൾ' ആയിരുന്നു. പൗലൊസ് ഇവിടെ യഹൂദന്മാരുടെ ഇടയിൽ എന്നതിനെക്കാൾ ജാതികളുടെ ഇടയിൽ കൂടുതൽ വേല ചെയ്തിരിക്കാം.

5) പൗലൊസിന്റെ മിഷണറി പ്രവർത്തനത്തിന്റെ രീതി ആദ്യം യഹൂദൻ, പിന്നെ യവനൻ എന്നതാണ്. യഹൂദന്മാർ തന്റെ സന്ദേശം നിരസിക്കുമ്പോൾ താൻ ജാതികളുടെ ഇടയിൽ പോകുന്നത് പതിവായിരുന്നു. അങ്ങനെ ജാതികൾ കൂടുതലായി മാനസ്സാന്തരപ്പെടുമ്പോൾ അത് യഹൂദന്മാർക്ക് എരിവാകുകയും തത്ഫലമായി പട്ടണത്തിൽ അതൊരു ലഹളയ്ക്ക് വിഷയമാവുകയും ചെയ്തിട്ടു ്. (ഇത് പൗലൊസിന്റെ പ്രവർത്തന രീതിയായിരുന്നു. റോമ.9-11).

f. ഒരിക്കൽ ലഹള കാരണം തിമൊഥെയൊസിനോടും ശീലാസിനോടുമൊപ്പം യാസോന്റെ വീട് വിട്ടു മാറി നില്ക്കേ ിവന്നു. പ്രകോപിതരായ ജനം അവരെ അന്വേഷിച്ച് യാസോന്റെ വീട്ടിലേക്ക് പാഞ്ഞ് ചെന്നു. അധികാരികൾ യാസോന്റെ വീട് സംരക്ഷിക്കുവാൻ ഏർപ്പാടു ചേയ്യേ ിവന്നു. അതു

കാരണം പൗലൊസ് ആ രാത്രിയിൽ പട്ടണം വിട്ട് ബെരോവയിലേക്കു പോയി. ഈ എതിർപ്പുകളുടെ മധ്യത്തിലും സഭ ക്രിസ്തീയ സാക്ഷ്യം പുലർത്തിയിരുന്നു.

## II. ഗ്രന്ഥകർത്താവ്

A. <u>1 തെസ്സലോനിക്യർ</u> - സാഹിത്യ ഭാഷയെ പരിഗണിക്കുന്ന വിമർശകർ പൗലൊസിന്റെ കർതൃത്വം ചോദ്യം ചെയ്യുന്നു ്. എന്നാൽ അവരുടെ നിഗമനങ്ങൾ മറ്റു പലർക്കും സ്വീകാര്യമല്ല. 'മാർസിയൻ കാനനിലും' (Marcion's canon A.D.140) 'മുററ്റോറിയൻ ഫ്രാഗ്മെന്റ്'-ലും (Muratorian Fragment A.D. 200) ഈ ര ു പട്ടികകളും റോമിൽ പരക്കെ അറിയപ്പെടുന്നവയായിരുന്നു. ഐറേനിയസ് (Irenaeus) എ.ഡി.180-കളിൽ ഈ ലേഖനത്തെ ഇതേ പേരിൽ തന്നെ പരാമർശ്ശിച്ചിട്ടു ്.

B. <u>2 തെസ്സലോനിക്യർ</u>

1. ഈ ലേഖനം പലപ്പോഴും പൗലൊസിന്റേതായി പരിഗണിക്കപ്പെടാറില്ല. അതിനു കാരണങ്ങൾ പലതാണ്.
   a. വാക്കുകൾ പരിഗണിക്കുമ്പോൾ - പൗലൊസിന്റെ മറ്റു ലേഖനങ്ങളിൽ പ്രത്യക്ഷപ്പെടാത്ത അനേക വാക്കുകൾ ഈ ലേഖനത്തിലു ്.
   b. ''ഒരേ രീതിയിലുള്ള സാധാരണ എഴുത്താണെങ്കിലും ചില സന്ദർഭങ്ങളിൽ ഔപചാരികതയും കാണാം.'' (Heard, p.186)
   c. ര ു ലേഖനത്തിലെയും ഭാവികാല ശാസ്ത്രം വ്യത്യസ്തമാണ്.
   d. 2 തെസ്സലോനിക്യർ-ൽ പറയുന്ന എതിർക്രിസ്തുവിനെക്കുറിച്ചുള്ള പരാമർശം പുതിയ നിയമത്തിൽ തന്നെ ഒന്നു വേറിട്ടതാണ്. അതിനാൽ പൗലൊസ് ആയിരിക്കുകയില്ല കർത്താവെന്ന് ചിലർ ഊഹിക്കുന്നു.
2. ഈ ലേഖനത്തിന്റെ ആധികാരികത
   a. പോളി കാർപ്പ്, ഇഗ്നേഷ്യസ്, ജസ്റ്റിൻ എന്നിവർ ഇതിനെ അംഗീകരിച്ചിരുന്നു.
   b. മാർസിയോനൈറ്റ് (Marcionite Canon) -ൽ ഇത് ഉൾപ്പെട്ടിട്ടു ്.
   c. മുററ്റോറിയൻ ഫ്രാഗ്മെന്റ് (Muratorian Fragment)-ൽ ഇത് കാണപ്പെടുന്നു ്.
   d. ഐറേനിയസ് (Irenaeus) എ.ഡി.180-കളിൽ ഈ ലേഖനത്തെ ഇതേ പേരിൽ തന്നെ പരാമർശ്ശിച്ചിട്ടു ്.
   e. വാക്കുകൾ, രീതി, ദൈവശാസ്ത്രം എന്നിവയെല്ലാം പൗലൊസിന്റെ ഒന്നാം ലേഖനത്തിലേതെന്നതുപോലെയാണ്.

C. ലേഖനങ്ങൾ - ഒരു താരതമ്യം

1. ര ു ലേഖനങ്ങളും ആശയത്തിലും പ്രയോഗങ്ങളിലും ഒരുപോലെയാണ്. ലേഖനത്തിന്റെ ആരംഭ വാചകങ്ങളും അവസാന വാചകങ്ങളും ഒഴിവാക്കിയാൽത്തന്നെ മൂന്നിലൊന്നോളം ഒരേ പോലെയാണ്.
2. 2 തെസ്സലോനിക്യർ-ന്റെ പൊതുവായ ഭാഷ്യം ഒന്നാമത്തേതിൽ നിന്നും വ്യത്യസ്തമാണ് - ഒരു തണുപ്പൻ മനോഭാവവും കുറച്ചുകൂടെ ഔപചാരികതയും കലർന്നിട്ടു ്. ര ു ലേഖനത്തിന്റെയും പിന്നിലെ വൈകാരിക വ്യതിയാനങ്ങൾ പരിഗണിക്കുമ്പോൾ ഈ വ്യതിയാനം സാധൂകരിക്കപ്പെടുന്നു.

D. കത്തുകളുടെ ക്രമം

1. ജോഹാൻസ് വിസ്-ന്റെ (Johannes Weiss) കുറിപ്പുകൾ ആധാരമാക്കി F.W.മാൻസൺ (F.W. Manson) അവതരിപ്പിക്കുന്ന സാധ്യത അല്പം രസകരമാണ്. അവരുടെ അഭിപ്രായ പ്രകാരം ഈ പുസ്തകങ്ങളുടെ ക്രമം വിപരീതമാണ്. അതിനു കാരണങ്ങൾ,
   a. 2 തെസ്സലോനിക്യർ -ൽ പീഡകളും പരിശോധനകളും അതിന്റെ ഉന്നതിയിൽ കാണപ്പെടുന്നു. എന്നാൽ 1 തെസ്സലോനിക്യർ-ൽ അവയെല്ലാം ഭൂതകാലത്തിലാണ്.
   b. 2 തെസ്സലോനിക്യർ-ൽ കാണുന്ന ആഭ്യന്തര പ്രതിസന്ധികളെ ഒരു പുതിയ വഴിത്തിരിവെന്ന രീതിയിലാണ് എഴുത്തുകാരൻ പരിഗണിച്ചിരിക്കുന്നത്.

എന്നാൽ 1തെസ്സലോനികൃർ-ൽ അവയെല്ലാം ഒരു പരിചയമെന്ന വിധത്തിലാണ് കാണുന്നത്.

c. 1 തെസ്സ.5:1-ൽ 'കാലങ്ങളെയും സമയങ്ങളെയും കുറിച്ച് നിങ്ങളെ ബോധവാന്മാരാക്കേ തില്ലല്ലോ' എന്ന് പറഞ്ഞിരിക്കുന്നത്, 2തെസ്സലോനികൃർ-നു ശേഷം വരികയാണെങ്കിലേ ആശയപരമായി ചേർച്ചയു ാവുകയുള്ളൂ.

d. 1 തെസ്സ.4:9,13; 5:1 എന്നിത്യാദി ഭാഗങ്ങളിൽ 'ളെ കുറിച്ച്' എന്നു കാണുന്ന പ്രയോഗങ്ങൾ അതിനു മുമ്പു തന്നെ അദ്ദേഹത്തിനു കിട്ടിയ ഒരു കത്തിനു മറുപടി പറയുന്നതായി തോന്നിപ്പിക്കുന്നു. മാൻസൻ- ന്റെ (Manson) അഭിപ്രായത്തിൽ ര ാം ലേഖനം വായിക്കുമ്പോൾ ഉന്നയിക്കപ്പെടാമെന്നുള്ള ചില ചോദ്യങ്ങൾക്ക് മറുപടി പറയുകയാണ് പൗലൊസ് ഒന്നാം ലേഖനത്തിൽ.

2. അനേക കാര്യങ്ങൾ ഇതിനെതിരായി വരുന്നു ്.

a. പൗലൊസിന്റെ ശ്രദ്ധയെ കവരുന്ന പ്രശ്നങ്ങളുടെ രൂക്ഷത ഒന്നാം ലേഖനത്തിൽ നിന്നും ര ാം ലേഖനത്തിലേക്കു വരുമ്പോൾ വർദ്ധിക്കുന്നു ്.

b. 2 തെസ്സലോനികൃർ-ൽ അതിനു മുമ്പ് പൗലൊസ് എഴുതിയ ഒരു കത്തിനെക്കുറിച്ചുള്ള പരാമർശ്ശമു ്(2:2,15; 3:17). ആ കത്ത് ഒന്നാം ലേഖനമല്ല എങ്കിൽ നഷ്ടപ്പെട്ടുപോയ ഒരു ലേഖനത്തെക്കുറിച്ച് നാം ചിന്തിക്കേ ിവരും.

c. പൗലൊസിന്റെ വ്യക്തിപരമായ സ്മരണക്കുറിപ്പുകൾ ഒന്നാം ലേഖനത്തിൽ ഒരു അവിഭാജ്യ ഘടകമാണ്. ര ാം ലേഖനത്തിൽ ഇത് കാണുന്നില്ല എന്നത് അത് ഒന്നാം ലേഖനത്തിന്റെ തുടർച്ചയാണ് എന്ന ന്യായത്തെ പിൻതാങ്ങുന്നു.

d. ഈ ലേഖനങ്ങളുടെ ശൈലി നോക്കുമ്പോൾ ഈ ക്രമം തന്നെയാണ് സാധൂകരിക്കപ്പെടുന്നത്.

## III. കാലഘട്ടം

A. പൗലൊസിന്റെ കത്തുകളെ സംബന്ധിച്ചിടത്തോളം കാലഗണനയിൽ വലിയ പ്രശ്നങ്ങൾ അഭിമുഖീകരിക്കാത്ത ഒരു ലേഖനം ഇതാണെന്നു പറയാം. പൗലൊസ് കൊരിന്ത്യയിൽ ആയിരുന്നപ്പോൾ തന്നെ തടവിലാക്കി അഖായയിലെ ദേശാധിപതിയായിരുന്ന ഗല്ലിയോന്റെ മുമ്പാകെ നിർത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഈ ഗല്ലിയോൻ ചക്രവർത്തിക്കെഴുതിയ ഒരു കത്തിന് മറുപടി ഡൽഫിയിൽ (Delphi) നിന്നും ലഭിച്ച ഒരു ലിഖിതത്തിൽ കാണുന്നു ്. അത് ചക്രവർത്തിയുടെ 26-ാം സ്ഥാനാരോഹണ വാർഷികത്തിനുശേഷവും താൻ പരമാധികാരിയായിട്ട് 12-ാം വർഷത്തിലുമായിരുന്നു. ഈ പന്ത്ര ാം വർഷം എ.ഡി.52 ജനുവരി 25 മുതൽ എ.ഡി.53 ജനുവരി 24 വരെയുള്ള കാലയളവായിരുന്നു. 26-ാം വാർഷികത്തെക്കുറിച്ചുള്ള കാലഗണന അവ്യക്തമാണെങ്കിലും 27 -ാം വാർഷികം എ.ഡി.52 ഓഗസ്റ്റ് 1-ന് മുമ്പാണ്. ചക്രവർത്തിയുടെ (Claudius) മറുപടി എ.ഡി.52 -ന്റെ ആദ്യപകുതിയിൽ ആയിരിക്കാം ലഭിച്ചത്. സാധാരണ ദേശാധിപതിമാരുടെ അധികാരം ഒരുവർഷവും അത് ആരംഭിക്കുന്നത് വേനൽ കാലത്തുമായിരുന്നു. ഗല്ലിയോന്റെ കാലയളവ് എ.ഡി.51 വേനൽ ആദ്യകാലത്ത് ആരംഭിച്ചിരുന്നിരിക്കാം.

B. മുകളിൽ പറഞ്ഞ വിധത്തിലുള്ള കാലഗണന എഴുതിയ കാലത്തെക്കുറിച്ചുള്ള എല്ലാ അവ്യക്തതകൾക്കും പരിഹാരമാകുന്നില്ല. കാരണം, പൗലൊസ് കൊരിന്തിൽ 18 മാസക്കാലം ഉ ായിരുന്നതിൽ (അ.പ്ര.18:11) എപ്പോഴാണ് താൻ ഗല്ലിയോന്റെ മുമ്പാകെ നിന്നതെന്ന് വ്യക്തമല്ല. എങ്കിലും മിക്കവാറും എല്ലാ വ്യാഖ്യാതാക്കളും ഒന്നും ര ും തെസ്സലോനികൃ ലേഖനങ്ങൾ എ.ഡി. 50-51 കാലഘട്ടത്തിൽ എഴുതപ്പെട്ടു എന്നു വിശ്വസിക്കുന്നു.

C. എഫ്.എഫ് ബ്രൂസിന്റെയും ഹാരീസിന്റെയും കാലഗണന പട്ടികയിൽ ചില വ്യതിയാനങ്ങൾ വരുത്തി ചുവടെ ചേർക്കുന്നു.

| | **പുസ്തകം** | **രചനാകാലം** | **എഴുതിയകാലം** | **അ.പ്ര.കളുമായുള്ള ബന്ധം** |
|---|---|---|---|---|
| 1. | ഗലാതൃർ | 48 | അന്ത്യോക്യ-സിറിയ | 14:28, 15:2 |
| 2. | 1 തെസ്സലോനികൃർ | 50 | കൊരിന്ത് | 18:5 |
| 3. | 2 തെസ്സലോനികൃർ | 50 | കൊരിന്ത് | |
| 4. | 1 കൊരിന്തിയർ | 55 | എഫേസസ് | 19:20 |

| | | | | |
|---|---|---|---|---|
| 5. | 2 കൊരിന്തിയർ | 56 | മക്കദൊന്യ | 20:2 |
| 6. | റോമർ | 57 | കൊരിന്ത് | 20:3 |
| 7–10 | കാരാഗൃഹ ലേഖനങ്ങൾ | | | |
| | കൊലൊസ്സ്യർ | 60 കളുടെ തുടക്കം | | |
| | എഫേസ്യർ | 60 കളുടെ തുടക്കം | റോം | |
| | ഫിലേമോൻ | 60 കളുടെ തുടക്കം | | |
| | ഫിലിപ്പിയർ | ഒടുവിൽ | | 28:30, 31 |
| 11–13 | നാലാം ദൗത്യയാത്ര | | | |
| | 1 തിമൊഥെയൊസ് | 63 (അതിനുശേഷം) | മക്കദൊന്യ | |
| | തീത്തൊസ് | 63, ന് മുൻപ് | എഫേസസ് (?) | |
| | 2 തിമൊഥെയൊസ് | 64- (AD 68) | റോം | |

## IV. തെസ്സലോനിക്യ ലേഖനം എഴുതുവാനുള്ള പശ്ചാത്തലം

A. പൗലൊസ് തെസ്സലോനിക്യ ലേഖനങ്ങൾ എഴുതുവാനുള്ള കാരണങ്ങൾ സങ്കീർണ്ണവും കൂടിക്കുഴഞ്ഞവയുമാണ്. ലേഖനത്തിന്റെ ഘടനയിലും എഴുത്തിന്റെ വൈകാരിക ഘടനയിലുമുള്ള വ്യതിയാനങ്ങൾ നാം തീർച്ചയായും ശ്രദ്ധിക്കേ ിയിരിക്കുന്നു. പൗലൊസ് തെസ്സലോനിക്യ വിടുവാനുള്ള കാരണം, യാസോൻ അവരെ സ്വീകരിച്ചത് കാരണമു ായ പീഡനങ്ങളും എതിർപ്പുകളും മാത്രമാണെന്നു പറയാം. അധികാരികൾ ''യാസോൻ മുതലായവരോടു ജാമ്യം വാങ്ങി അവരെ വിട്ടയച്ചു.'' അങ്ങനെയാണ് ശൈശവദിശയിലുള്ള ഈ സഭയെ വിട്ട് പൗലൊസിന് മുന്നോട്ടു പോകേ ിവന്നത്. അങ്ങനെ അദ്ദേഹം തിമൊഥെയോസിനോടും ശീലാസിനോടും കൂടെ ബെരോവയിലേക്ക് പോയി. തിമൊഥെയോസ് അവിടെത്തന്നെ ഒരല്പകാലത്തേക്ക് താമസിച്ചിരിക്കുവാൻ സാധ്യതയു ്(അ.പ്ര.17:10). പിന്നീട് അദ്ദേഹം അഥേനയിലേക്കുള്ള യാത്രയിൽ ശീലാസിനോടൊപ്പം ചേരുന്നു ്(17:15). ബെരോവയിൽ ആദ്യം തനിക്ക് ലഭിച്ച സ്വീകരണം, അതിനു മുമ്പ് പൗലൊസ് അനുഭവിച്ച എതിർപ്പുകളുടെ പശ്ചാത്തലത്തിൽ നോക്കുമ്പോൾ അദ്ദേഹത്തിന് ഒരു അനുഗ്രഹം തന്നെയായിരുന്നു. എന്നാൽ തെസ്സലോനിക്യയിൽ നിന്നെത്തിയ യഹൂദന്മാർ അവിടെയും പ്രശ്നമു ാക്കിയതിനാൽ പൗലൊസിന് ബെരോവ വിടേ ിവന്നു.

B. പൗലൊസ് അഥേനയിലെത്തിയപ്പോൾ തനിക്ക് ഒരു തണുപ്പൻ - വിരക്തമായ - സ്വീകരണമാണ് ലഭിച്ചത്. അവിടെയു ായിരുന്ന അഭ്യസ്തവിദ്യരായ തത്വജ്ഞാനികൾക്ക് താനൊരു പുതുമുഖമായിരുന്നു. മക്കദോന്യയിൽ തനിക്ക് ലഭിച്ചത് പീഡനങ്ങളും എതിർപ്പുകളും മാത്രമാണെന്നു പറയാം. അദ്ദേഹം അടിക്കപ്പെടുകയും വിവസ്ത്രനാക്കി ചാട്ടവാറടികളേല്ക്കപ്പെടുകയും രാത്രിയിൽ തന്നെ പട്ടണത്തിൽ നിന്നും പുറത്താക്കപ്പെടുകയും ചെയ്തു. പണ്ഡിതരായവർ തന്നെ നിന്ദിക്കുകയും വിജാതീയരും തന്റെ സ്വദേശക്കാരും തന്നെ വെറുക്കുകയും ചെയ്തു(2 കൊരി.4:7-11; 6:4-10; 11:23-29).

C. ഒരു നിർണ്ണായക ഘട്ടത്തിലാണ് പ്രതീക്ഷാവഹമായ ഈ സഭയെ വിട്ടുപോകുവാൻ പൗലൊസിന് ഇടവന്നത്. അവർ വിശ്വാസത്തിന്റെ കാര്യത്തിൽ വളരെ ശൈശവത്തിലും, പീഡനങ്ങളും പ്രതിസന്ധികളും അനുഭവിക്കുന്നവരും ആയിരുന്നു. പൗലൊസിന് തന്റെ മനസ്സിനെ അല്പം പോലും പിടിച്ചുനിർത്തുവാൻ കഴിഞ്ഞില്ല. ബെരോവയിലോ അഥേനയിലോ ആയിരുന്നപ്പോൾ, അവിടെയുള്ള പുതിയ വിശ്വാസികളെയോർത്തിട്ട്, തിമൊഥെയൊസിനെയും ശീലാസിനെയും മക്കദോന്യൻ സഭകളിലേക്ക് താൻ അയച്ചു. തിമൊഥെയൊസ് തെസ്സലോനിക്യയിൽ എത്തി. ആ വർഷം 6 മാസങ്ങൾ തിമൊഥെയൊസ് അവിടെ താമസിച്ചതായി പലരും കരുതുന്നു. കാരണം അവരെ ആശ്വസിപ്പിക്കുവാനും പഠിപ്പിക്കുവാനും ഒരാളുടെ സാന്നിധ്യം അവിടെ അനിവാര്യമായിരുന്നു. തിമൊഥെയൊസ് തന്നെയും വളരെ തഴക്കവും പഴക്കവും ഉള്ള വിശ്വാസി അല്ലായിരുന്നു. താൻ പൗലൊസിന്റെ ഒന്നാം മിഷണറി യാത്രയിൽ ആയിരുന്നു മാനസ്സാന്തരപ്പെട്ടത്. അതിനു ശേഷം പൗലൊസ് തന്റെ ര ാം യാത്രയിൽ ലുസ്ത്രയിലേക്കു പോയപ്പോൾ ആണ് തിമൊഥെയൊസ് പൗലൊസിനോടൊപ്പം ഉ ായിരുന്നത്. അതിനാൽ അവൻ ശുശ്രൂഷയിൽ ഒരു പുതുമുഖം ആയിരുന്നു. എങ്കിലും പൗലൊസിന് അവനിൽ വളരെ ധൈര്യം ഉ ായിരുന്നു. ഇതു തന്നെയായിരുന്നു തിമൊഥെയൊസിനോടുള്ള കാര്യത്തിൽ പൗലൊസിന്റെ ആദ്യ ഉത്തരവാദിത്വപരമായ നിയോഗം.

D. അഥേനയിൽ ഏകനായി ശുശ്രൂഷയിൽ ആയിരുന്ന പൗലൊസിന്, മക്കദോന്യയിലെ കാര്യങ്ങൾ അറിയാനാകാത്തതിൽ വളരെ മാനസ്സിക വേദനയു ായി. അവിടെയുള്ള പുതിയ വിശ്വാസികളെയോർത്ത് വളരെ ഉത്തരവാദിത്വപരമായ ആകുലതയു ായി. തെസ്സലോനിക്യ സഭയെക്കുറിച്ചായിരുന്നു കൂടുതലും ഭാരപ്പെട്ടത്. ചെറിയ ഒരു കാലഘട്ടത്തിൽ രൂപപ്പെട്ട,

വളരെ പ്രതിസന്ധികൾ അനുഭവിക്കുന്ന ഒരു സഭ എത്രത്തോളം പിടിച്ചുനില്ക്കും? (Carter. p.115) ഇതിനെല്ലാം ഉപരിയായി തനിക്ക് കുറച്ചു കാലത്തേക്ക് തിമൊഥെയൊസിൽ നിന്നും ശീലാസിൽ നിന്നും ഒരു മറുപടിയും ലഭിച്ചുമില്ല. (ആറു മാസങ്ങൾ - ചിലരുടെ അഭിപ്രായത്തിൽ ഒന്നോ രണ്ടോ മാസങ്ങൾ) (Farral, p.369). പൗലൊസ് കൊരിന്തിൽ എത്തുമ്പോൾ തന്റെ മാനസിക അവസ്ഥ ഇതായിരുന്നു.

E. കൊരിന്തിൽ എത്തിയ പൗലൊസിനെ ധൈര്യപ്പെടുത്തിയ രണ്ടു സംഭവങ്ങൾ ഉണ്ടായിരുന്നു.
   1. കൊരിന്തിൽ അനേകർ വചനം കേൾക്കും എന്നു ദൈവം നൽകിയ ഒരു ദർശ്ശനം(അ.പ്ര.18:9-10).
   2. അവിടെ വച്ച് തിമൊഥെയൊസും ശീലാസും നല്ല വർത്തമാനവുമായി എത്തിച്ചേർന്നു(അ.പ്ര.18:5). അങ്ങനെ തിമൊഥെയൊസിന്റെ സന്ദേശത്തിന്റെ വെളിച്ചത്തിലാണ് പൗലൊസ് തെസ്സലോനിക്യർക്ക് കൊരിന്തിൽ നിന്നും എഴുതിയത്. അവരുടെ ഉപദേശപരവും പ്രായോഗികവുമായ ചോദ്യങ്ങൾക്ക് പൗലൊസ് മറുപടി പറയുകയായിരുന്നു.

F. ഒന്നാം ലേഖനത്തിനു ശേഷം വളരെ ഇടവേളയില്ലാതെയായിരുന്നു രണ്ടാം ലേഖനം എഴുതിയത്. കാരണം ഒന്നാം ലേഖനത്താൽ പ്രതീക്ഷിച്ചിരുന്ന ഫലങ്ങൾ ഉളവായിരുന്നില്ല. മാത്രമല്ല, വീണ്ടും ചില വിഷയങ്ങളെക്കുറിച്ച് പൗലൊസിന് അറിവു ലഭിച്ചു. അതിനാൽ പല പണ്ഡിതന്മാരും കരുതുന്നത് ഒന്നാം ലേഖനമെഴുതി ആറു മാസത്തിനകം രണ്ടാം ലേഖനം എഴുതപ്പെട്ടു എന്നാണ്.

## V. ലേഖനോദ്ദേശ്യം

A. തെസ്സലോനിക്യ ലേഖനത്തിന് മൂന്നു ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു.
   1. പ്രതിസന്ധികളുടെ നടുവിലും ക്രിസ്തു കേന്ദ്രീകൃത ജീവിതവും വിശ്വസ്തതയും പാലിച്ചിരുന്ന തെസ്സലോനിക്യ സഭയെ ഓർത്ത് ദൈവത്തെ സ്തുതിക്കുകയും സന്തോഷിക്കുകയും ചെയ്യുന്നു.
   2. തന്റെ ഉദ്ദേശ്യശുദ്ധിയെയും സ്വഭാവത്തെയും ചോദ്യം ചെയ്ത വിമർശ്ശനങ്ങൾക്ക് മറുപടി പറയുന്നു.
   3. കർത്താവിന്റെ മടങ്ങിവരവിനെക്കുറിച്ച് പഠിപ്പിക്കുക. കാരണം, ഭാവികാലപരമായുള്ള പൗലൊസിന്റെ സന്ദേശങ്ങൾ രണ്ടു തരത്തിലുള്ള സന്ദേഹങ്ങൾ തെസ്സലോനിക്യ സഭയിൽ ഉളവാക്കിയിരുന്നു.
      a. കർത്താവിന്റെ വരവിനു മുമ്പു മരിച്ചുപോയ വിശ്വാസികൾക്ക് എന്തു സംഭവിക്കും?
      b. ഒരു അദ്ധ്വാനവും കഴിക്കാതെ കർത്താവിന്റെ വരവ് പ്രതീക്ഷിച്ച് സഭയിൽ തുടരുന്ന വിശ്വാസികൾക്ക് എന്തു സംഭവിക്കും? (Barclay- Pp.21-22)

B. മുകളിൽ കണ്ട പല ആശയക്കുഴപ്പങ്ങൾക്കും കാരണം ഈ സഭ വളരെ പുതിയതും വളരെ പുരോഗാത്മകവും ആയിരുന്നു എന്നതാണ്. അന്നത്തെ ആ പശ്ചാത്തലത്തിൽ വളരെ നല്ല ഒരു ശിക്ഷണം അവർക്കു ലഭിച്ചിരുന്നുമില്ല. പുതിയ വിശ്വാസികൾ, ബലഹീന വിശ്വാസികൾ, നിർവിചാരികളായി വേല ചെയ്യാത്ത വിശ്വാസികൾ, ആശയക്കുഴപ്പമുള്ള വിശ്വാസികൾ മുതലായ പശ്ചാത്തലം പൗലൊസിനെ ഭാരപ്പെടുത്താതിരിക്കുമോ?

C. ''ഒന്നാമത്തെ ചികിത്സ പരാജയപ്പെട്ട് ആദ്യത്തെ അതേ ലക്ഷണങ്ങൾ തന്നെ വീണ്ടും പ്രകടമായി കാണപ്പെട്ടതിനാൽ ഒന്നാമത്തെ ചികിത്സാ നിർദ്ദേശങ്ങൾ തന്നെ വീണ്ടും നല്കുക'' എന്നതാണ് രണ്ടാം ലേഖനത്തിന്റെ പശ്ചാത്തലം(Walker, p.2968).

## VI. പുസ്തകസൂചി


Barclay, Willim. '*The Letters and the Revelation(*ദ ലെറ്റേഴ്സ് ആന്റ് ദ റെവെലേഷൻ)*.The New Testament.*2 vol.New York:Collins,1969.

Carter,Thomas. *The Life and Ltters of Paul(*ദ ലൈഫ് ആന്റ് ദ ലെറ്റേഴ്സ് ഓഫ് പോൾ). Nashville:Cokesbury Press,1921.

Farrar,Deam. *The Life and Work of st. Paul(*ദ ലൈഫ് ആന്റ് ദ വർക്ക് ഓഫ് സെന്റ്.പോൾ). New York: Cassel and Company, Limited, 1904.

Heard, Richard. *An Introduction to the New Testament(*ആൻ ഇൻട്രൊഡക്ഷൻ റ്റു ദ ന്യൂ ടെസ്റ്റമെന്റ്). New York: Harper and Row Publishers, 1950.

Metzger,Bruce Manning. *The New Testament:its background Groth and content(*ദ ന്യൂ ടെസ്റ്റമെന്റ് : ഇറ്റ്സ് ബാക്ക്ഗ്രൗ ് ഗ്രോത്ത് അന്റ് ക ന്റ്). Nashville:Abingdon Presss, 1965.

Manson, T .W. *Studies in the Gospel and the Epistles(*സ്റ്റഡീസ് ഇൻ ദ ഗോസ്പൽ ആന്റ് ദ എപ്പിസൽസ്), Philadelphia, West minister, 1962.

Morris, Leon. *The first and the Second Epistle to the Thesalonians(*ദ ഫസ്റ്റ് ആന്റ് ദ സെക്കന്റ് എപ്പിസെൽ റ്റു ദ തെസ്സലോനിയൻസ് ).Grand Rapids: Eerdmans,1991.

Ramsay,W.M. *St. Paul the traveler and the Roman Citizen(*സെന്റ്. പോൾ ദ ട്രാവലർ ആന്റ് ദ റോമൻ സിറ്റിസൻ). New York: G P. Putnam's Sons, 1896.

Shepard, J W. *The Life and Ltters of Paul(*ദ ലൈഫ് ആന്റ് ലെറ്റേഴ്സ് ഓഫ് പോൾ). Grand Rapids: Wm.B. Eerdmans Publishing Companey,1950.

Walker, R. H. *The International Standard Encyclopedia(*ദ ഇന്റർനാഷണൽ സ്റ്റാൻഡേർഡ് എൻസൈക്ലോപീഡിയ) . Vol.V.N.D.

## VII. വിഷയവിഭജനം (Outline)

A. വന്ദനം (1:1)

B. പ്രാർത്ഥനയും നന്ദി വാചകങ്ങളും (1:2-4)

C. സ്മരണക്കുറിപ്പുകൾ (1:5-2:16)
  1. സുവിശേഷ സന്ദേശം കേട്ടപ്പോഴുള്ള തെസ്സലോനിക്യരുടെ പ്രതികരണം (1:5-10)
  2. തെസ്സലോനിക്യയിലെ പൗലൊസിന്റെ സുവിശേഷ പ്രസംഗം (2:1-16)
     a. ടീമിന്റെ ഉദ്ദേശ്യശുദ്ധി (2:1-6)
     b. ടീമിന്റെ ലാഭേച്ഛ കൂടാതെയുള്ള പ്രവർത്തനം (2:6-9)
     c. ടീമിന്റെ കുറ്റമറ്റ പെരുമാറ്റം (2:10-12)
     d. ടീമിന്റെ ദൈവവചന സന്ദേശം (2:13)
     e. പീഡനങ്ങൾ (2:14-16)

D. പൗലൊസിന് തെസ്സലോനിക്യ സഭയുമായുള്ള ബന്ധം (2:17-3:13)
  1. മടങ്ങിവരുവാനുള്ള തന്റെ ആഗ്രഹം (2:17,18)
  2. തെസ്സലോനിക്യരെക്കുറിച്ചുള്ള പൗലൊസിന്റെ സന്തോഷം (2:19,20)
  3. തിമൊഥെയൊസിനുള്ള നിയോഗം (3:1-5)
  4. തിമൊഥെയൊസ് കൊ ുവന്ന വർത്തമാനം (3:6-8)
  5. പൗലൊസിന്റെ സംതൃപ്തി (3:9,10)
  6. പൗലൊസിന്റെ പ്രാർത്ഥന (3:11-13)

E. ക്രിസ്തീയ ജീവിതത്തിനുള്ള പ്രബോധനങ്ങൾ (4:1-12)
  1. പൊതുവായ കാര്യങ്ങൾ (4:1,2)
  2. ധാർമ്മിക വിശുദ്ധി (4:3-8)
  3. സഹോദരസ്നേഹം (4:9,10)
  4. ഒരുവന്റെ വരുമാന മാർഗ്ഗം (4:11,12)

F. ര ാം വരവിനെ സംബന്ധിച്ച പ്രശ്നങ്ങൾ (4:13-5:11)
  1. പ്രത്യക്ഷതയ്ക്കു മുമ്പ് മരിച്ച വിശ്വാസികൾ (4:13-18)
  2. പ്രത്യക്ഷതയുടെ സമയം (5:1-3)
  3. വെളിച്ചത്തിന്റെ മക്കൾ (5:4-11)

G. പൊതുവായ പ്രബോധനങ്ങൾ (5:12-22)

H. ഉപസംഹാരം (5:23-28)

പൗലൊസിന്റെ മറ്റു ലേഖനങ്ങളിലെന്നപോലെ ആദ്യം ഉപദേശ വിഷയങ്ങൾ, പിന്നെ പ്രായോഗിക വിഷയങ്ങൾ എന്ന ക്രമം വളരെ കൃത്യമായി ഈ ലേഖനത്തിൽ പാലിച്ചിട്ടില്ല. അങ്ങനെ പാലിച്ചിട്ടു ് എന്നു പറയുന്ന പക്ഷം ര ാം വരവിനെക്കുറിച്ചുള്ള പരാമർശ്ശങ്ങളെല്ലാം (4:17,18) പ്രായോഗിക നിർദ്ദേശങ്ങളുടെ ഭാഗത്താണ് വരുന്നത്; അവ ഉപദേശങ്ങളല്ല. അതായത് ര ാം വരവ് എന്നത് മനസ്സിലാക്കിയിരിക്കേ ുന്ന ഒരു ഉപദേശവിഷയമല്ല. പ്രത്യുത, ഏതു നിമിഷവും അത് സംഭവിക്കാമെന്നതിനാൽ പ്രായോഗിക ജീവിതത്തിൽ പ്രതിഫലിക്കപ്പെടേ ുന്ന ഒരു സത്യമാണ്

## VIII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. ''ഞങ്ങളുടെ അനുയായികൾ ആയിത്തീർന്നു'' (1:6)
2. ''ജീവിക്കുന്ന സത്യദൈവം'' (1:9)
3. ''വരാനുള്ള കോപം'' (1:10)
4. ''ഒരമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റുംപോലെ'' (2:7)
5. ''സകല മനുഷ്യർക്കും വിരോധികൾ'' (2:15)
6. ''സാത്താൻ ഞങ്ങളെ തടഞ്ഞു'' (2:18)
7. ''നിങ്ങളുടെ വിശ്വാസത്തിന്റെ കുറവു തീർപ്പാനായി'' (3:10)
8. ''വിശുദ്ധീകരണം'' (4:3)
9. ''നിദ്ര കൊള്ളുക'' (4:13)
10. ''മരിച്ചവർക്കു മുമ്പാവുകയില്ല'' (4:15)
11. ''ദൈവത്തിന്റെ കാഹളം'' (4:16)
12. ''മേഘങ്ങളിൽ'' (4:17)
13. ''നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും'' (4:17)
14. ''ഉറക്കം'' (5:6,7)
15. ''സുബോധം'' (5:8)
16. ''സ്നേഹമെന്ന കവചവും'' (5:8)
17. ''ശിരസ്ത്രമായി രക്ഷയുടെ പ്രത്യാശയും'' (5:8)
18. ''വിശുദ്ധ ചുംബനം'' (5:26)
19. ''സഹിഷ്ണുത'' (2തെസ്സ.1:4)
20. ''നിത്യനാശം'' (1:9)
21. ''വിശ്വാസത്യാഗം'' (2:3)
22. ''കർത്താവ് തന്റെ വായിലെ ശ്വാസത്താൽ ഒടുക്കും'' (2:8)

## IX. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വ്യക്തികൾ

1. സില്വാനോസ് (2തെസ്സ.1:1)
2. പ്രധാന ദൂതൻ (1തെസ്സ.4:16)
3. 'അവർ' അങ്ങനെ പറയുമ്പോൾ (5:3)
4. നാശയോഗ്യൻ (2തെസ്സ.2:3)
5. ഇതുവരെ തടുക്കുന്നവൻ (2:7)
6. ക്രമം കെട്ടു നടക്കുന്നവർ (3:6)

## X. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. തെസ്സലോനിക്യ (1:1)
2. മക്കദോന്യ (1:8)
3. അഖായ (1:8)
4. ഫിലിപ്പ്യ (2:2)
5. യെഹൂദ്യ (2:14)

6. അഥേന (3:1)

## XI. ചർച്ച ചെയ്യാനുള്ള ചോദ്യങ്ങൾ

1. പൗലൊസ് തന്റെ സന്ദേശത്തെ അഞ്ചു വിധത്തിൽ പറഞ്ഞിട്ടു ് (2:3,5). അവ ക്രമത്തിലെഴുതുക.
2. താൻ പ്രസംഗിച്ച സഭകളിൽ നിന്നും പൗലൊസ് വരുമാനമു ാക്കാത്തതെന്തുകൊ ്? (2:9)
3. 4:11 പ്രകാരം ഈ ലേഖനമെഴുതുവാനുള്ള ചരിത്രപരമായ കാരണമെന്ത്?
4. 4:17 ഉത്പ്രാപണവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
5. 5:1 എന്തിനെ സൂചിപ്പിക്കുന്നു?
6. പൗലൊസ് ഒരു വിശ്വാസിയെ പടയാളി എന്നു പറയാൻ കാരണമെന്ത്?
7. 5:14-22 ഓരോ വിശ്വാസികളും ചെയ്യേ ുന്ന സംഗതികൾ ഏവ?
8. എങ്ങനെയാണ് 5:12, 13 -ഇന്നത്തെ ശുശ്രൂഷകരുമായി ബന്ധപ്പെട്ടിരിക്കുന്നത്?
9. മനുഷ്യൻ മൂന്നു ഘടകങ്ങൾ ഉള്ളവനാണോ? (5:23)
10. 2തെസ്സ.1-ന്റെ പ്രധാന പ്രമേയം എന്താണ്? ഇത് 1തെസ്സ.1-മായി എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?
11. 2തെസ്സ.2:4 ദൈവാലയത്തിന്റെ പുനർ നിർമ്മാണം സൂചിപ്പിക്കുന്നുവോ?
12. 2തെസ്സ.2:11 മനുഷ്യന്റെ സ്വതന്ത്രേച്ഛയും ഉത്തരവാദിത്വവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
13. 2തെസ്സ.2:13-15 എങ്ങനെയാണ് മുൻനിർണ്ണയവും ഇച്ഛാശക്തിയും ഇവിടെ പൊരുത്തപ്പെടുന്നത്?

# ഇടയലേഖനങ്ങൾക്ക് ഒരു മുഖവുര

## ഒന്നും ര  ും തിമൊഥെയൊസ്, തീത്തൊസ്

**I. താക്കോൽ പ്രസ്താവന**

A. ഒന്നും ര ും തിമൊഥെയൊസിലും തീത്തൊസിലും പരാമർശിക്കുന്നു. ഭൂവിവരണ സ്ഥലങ്ങൾ പ്രവർത്തികളിലെ കാലചക്രവുമായോ പൌലൊസിന്റെ മറ്റ് ലേഖനങ്ങളുടേതുമായോ യോജിക്കുന്നില്ല.

1. എഫെസൊസിലെ സന്ദർശനം (ഒ.നോ. 1 തിമൊ 1:3)
2. ത്രോവാസിലെ സന്ദർശനം ഒ.നോ. 2 തിമൊ 4:13)
3. മെലിത്തയിലെ സന്ദർശനം (ഒ.നോ. 2 തിമൊ 4:20)
4. ക്രേത്തയിലെ സന്ദർശനം (ഒ.നോ. തിത്തൊസ് 1:5
5. സ്പെയിനിലെ ദൗത്യം (AD 95-ൽ റോമിലെ ക്ലെമന്ത് മുതൽ AD 180-200 മുറാട്ടോറിയൻ കാനോനിക മുഖവുര)

പൌലൊസ് കാരാഗൃഹത്തിൽ നിന്നും മോചിക്കപ്പെട്ടശേഷം (I ക്ലെമന്ത് 5-മൻ AD 95-ൽ എഴുതിയ രേഖപ്രകാരം 60 തുകളുടെ പ്രാരംഭം മുതൽ മധ്യകാലം) നാലാം സുവിശേഷ ദൗത്യയാത്ര ആരംഭിക്കുകയും, തുടർന്ന് വീ ും തടവിലാക്കപ്പെടുകയും AD 68 ന് മുൻപ് കൊല്ലപ്പെടുകയുമു ായി (നീറൊയുടെ ആത്മഹത്യ).

B. ഇടയലേഖനങ്ങളുടെ ലക്ഷ്യം ഭരണസംബന്ധമാണെന്ന് (സഭാപരിപാലനം) പൊതുവെ അഭിപ്രായപ്പെടുന്നു. എന്നിരുന്നാലും, New Testament vommentary Vol. 13-ലെ 1,2 തിമൊഥെയൊസ്, തീത്തൊസ് എന്നീ ലേഖനങ്ങളുടെ സന്ദർഭം Gorden Fee ബോധ്യപ്പെടുത്തുന്നതിപ്രകാരമാണ്: ഐഫൊസൊസിലെ (1 തിമൊഥെയൊസ്) ഭവനസഭകളിലും (ക്രേത്ത ദ്വീപിലും (തീത്തൊസ്) ദുരുപദേശങ്ങൾ വ്യാപിച്ചുവന്നു.

C. *Essenes ന്റെ Manual of Discipline* ന്റെ മാതൃകയ്ക്ക് സമാനമാണ്. ഇടയലേഖനങ്ങളുടെ ഭരണരീതി അപ്പൊസ്തലിക ഉപദേശങ്ങളിൽ നിന്നും ആദിമസഭയിലെ വ്യാപകമായ വ്യതിയാനം വരുത്തിയതിന്റെ വെളിച്ചത്തിൽ ഈ മാർഗ്ഗനിർദ്ദേശങ്ങൾ അത്യന്താപേക്ഷിതമാണ്.

D. പൌലൊസ് ഒരു ശാസ്ത്രിയായി തന്നെ പരിഗണിച്ചതിനാലായിരിക്കാം ലൂക്കൊസ്-അപ്പൊസ്തല പ്രവർത്തികളും ഇടയലേഖനങ്ങളും തമ്മിലുള്ള് സമാനതകൾ (ഒ.നോ. C.F.C.Moule, *The Problem of the Pastoral Episties;* A. Reappraisal). സുവിശേഷ ചലനം റോമിനപ്പുറം എന്ന വിഷയം വർണ്ണിക്കുന്ന ലൂക്കൊസിന്റെ ഒരു മൂന്നാം വാല്യത്തിന്റെ ശ്രമമായിരിക്കാം ഈ മൂന്ന് പുസ്തകങ്ങളും എന്ന് S.G. Wilson തന്റെ *Luke and the pastoral episties* എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുന്നു.

E. ഈ മൂന്ന് പുസ്തകങ്ങൾ ഏകീകരിക്കപ്പെട്ടതിന്റെ കാരണമെന്ത്? ഇവ മൂന്നും വ്യത്യസ്ഥ സ്ഥലങ്ങൾ, സമയം, വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതു സാധ്യമാണോ? 1 തിമൊഥെയൊസിലും തിത്തൊസിലും മാത്രമാണ് സഭാ പരിപാലന വിഷയങ്ങൾ ഉൾക്കൊള്ളുന്നത്. (1) പദസമാനതകളും (2) ദുരുപദേശ വിഷയങ്ങളുമാണ് ഇവ തമ്മിലുള്ള ഐക്യത. (3) എന്നാൽ പ്രവർത്തികളിലെ കാലചക്രവുമായി ഇവ ചേർന്നുവരുന്നില്ല (ഒരുമിച്ച് കണക്കിലെടുത്താൽ) എന്നതും വാസ്തവമാണ്.

**II ഗ്രന്ഥകർത്താവ്**

A. അപ്പൊസ്തലനായ പൌലൊസാണ് ഗ്രന്ഥകർത്താവെന്ന് ലേഖനം സ്വയം അവകാശപ്പെടുന്നു. (ഒ.നോ. 1 തിമൊ 1:1; 2 തിമൊ 1:1; തിത്തൊസ് (1:1). ഇവ അപ്പൊസ്തലിക പ്രതിനിധികളായ തിമൊഥെയൊസിനും തീത്തൊസിനും എഴുതി.

B. 19 & 20 നൂറ്റാ ുകളിലാണ് ഇടയലേഖനങ്ങളുടെ ഗ്രന്ഥകർതൃത്തെപ്പറ്റിയുള്ള വാദഗതി രൂപപ്പെട്ടത്. ചുവടെ ചേർത്തിരിക്കുന്ന കാരണങ്ങളാലാണ് പൌലൊസിന്റെ ഗ്രന്ഥകർതൃത്വം തള്ളപ്പെടുന്നത്.

1. സഭാഭരണ സമ്പ്രദായത്തിന്റെ വികസിതരൂപം (നേതൃത്വ സവിശേഷതകൾ)
2. ജ്ഞാനേയ വാദത്തിന്റെ വികസിത രൂപം (ര ാം നൂറ്റാ ിലെ രേഖ)
3. വികസിത വേദശാസ്ത്രം (വിശ്വാസപ്രമാണ പ്രസ്താവനകൾ)
4. വ്യത്യസ്തമായ പദപ്രയോഗങ്ങളും രചനാരീതിയും (മൂന്നിലൊരു ഭാഗം പദങ്ങളും പൌലൊസിന്റെ മറ്റ് ലേഖനങ്ങളിൽ ഉൾപ്പെടുന്നില്ല.)

C. ഈ വ്യത്യാസങ്ങൾ വിശദീകരിക്കാവുന്നവയാകുന്നു.

1. ലൂക്കൊസ് ഒരു ശാസ്ത്രിയെന്ന നിലയിൽ പൌലൊസിന്റെ അവസാന എഴുത്തുകളാണിവ.
2. സാഹചര്യാടിസ്ഥാനത്തിലുള്ള പദങ്ങളും പ്രയോഗങ്ങളും

3. ഒന്നാം നൂറ്റാ 1ലെ യഹൂദ്യാ ചിന്തകളുടെ വികസിത രൂപമാണ് ജ്ഞാനേയ ആശയങ്ങൾ (ഒ.നോ.ചാവുകടൽ ചുരുളുകൾ)
4. വിപുലമായ പദസമ്പത്തുള്ള (ഒരു സമർത്ഥനായ വേദപണ്ഡിതനും ക്രിയാത്മക എഴുത്തുകാരനുമായിരുന്നു പൌലൊസ്).

D. ചരിത്രപര പ്രമാണങ്ങളുടെ അറിവിൽ ഒരു പുരോഗതിയു ായിരുന്നു.
1. ഔദ്യോഗിക ശാസ്ത്രിയെ പൌലൊസ് ഉപയോഗിച്ചു (ലൂക്കൊസ് ആയിരിക്കാനാണ് സാധ്യത)
2. സഹ-ഗ്രന്ഥകർത്താക്കളെ പൌലൊസ് ഉപയോഗിക്കും (ie. തന്റെ ദൗത്യസംഘത്തിലെ ഒരു വിഭാഗത്തെ cf. 2 തിമൊ 4:11)
3. പൌലൊസിന്റെ ആരാധനാക്രമം അല്ലെങ്കിൽ സ്തോത്ര ഉദ്ധരണികളുടെ പ്രയോഗം ഒരു മികച്ച സംഗ്രഹം cd- യിൽ കാണുന്നു.)

*hapex legomena* (ഒരിക്കൽമാത്രം ഉപയോഗിച്ചിട്ടുള്ള പദങ്ങൾ), പൌലൊസേതര വാക്യസമ്പ്രദായം, പൌലൊസിന്റെ അതിവിശിഷ്ട പദപ്രയോഗങ്ങൾ എന്നിവ പൌലൊസിന്റെ ഇടയലേഖനങ്ങളിലെ ചില ഭാഗങ്ങളും മറ്റ് സ്രോതസ്സുകളും ഉപയോഗിച്ച് കൂടുതൽ ഗ്രഹിക്കാം, അവ: *Dictionary of Paul and His Letters*, edited by Hawthorne and Martin, published by IVP, p. 664.

a. ദൈവസ്തുതികൾ (ഒ.നോ 1 തിമൊഥെയൊസ് 1:17; 6:15-17).
b. തിന്മകൾ (ഒ.നോ. 1 തിമൊഥെയൊസ് 1:9-10)
c. ഭാര്യമാരുടെ അനുയോജ്യ പെരുമാറ്റം (ഒ.നോ. 1 തിമൊഥെയൊസ് 2:9-3:1a)
d. ശുശ്രൂഷകരുടെ യോഗ്യതകൾ (ഒ.നോ. 1 തിമൊഥെയൊസ് 3:1b-13)
e. സ്തുതിഗീത ഏറ്റുപറച്ചിൽ (ഒ.നോ. 1 തിമൊ. 2:5-6; 3:16; 2 തിമൊ. 1:9-10; തിത്തൊസ് 3:3-7)

4. സ്തുതിഗീതികൾ ഒ.നോ. 1 തിമൊഥെയൊസ് 6:11–12, 15–16; 2 തിമൊഥെയൊസ് 2:11–13; തിത്തൊസ് 2:11–14
   a. പഴയനിയമ മിദ്രാഷ് (Midrash) ഒ.നോ. 1 തിമൊഥെയൊസ് 1:9– 10; 2:9–3: 1 a 5:17–18; 2 തിമൊഥെയൊസ് 2:19–21, തിത്തൊസ് 3:3–7
   b. സാങ്കേതിക തത്ത്വം
      (1) ''വിശ്വാസ്യമായ വചനം'' (ഒ.നോ. 1 തിമൊഥെയൊസ് 1:15; 2:9–3; 2 തിമൊഥെയൊസ് 2:11–13; തിത്തൊസ് 3:3–8
      (2) ''എന്നു നാം അറിയുന്നു'' (ഒ.നോ. 1 തിമൊഥെയൊസ് 1:9–10; 2 തിമൊഥെയൊസ് 3:1–5)
      (3) ഈ കാര്യങ്ങൾ (ഒ.നോ. 1 തിത്തൊസ് 4:6,11; 2 തിമൊഥെ 2:14; തിത്തൊസ് 1:15–16;2:1)

5. യവനകാവ്യ ഉദ്ധരണികൾ (ഒ.നോ. തിത്തൊസ് 1:12)

E. പൌലൊസിന്റെ ഇതര ലേഖനങ്ങളിൽ ഉൾപ്പെടാത്തതായ കൃത്യമായ ചില പേരുവിവരണങ്ങളും വിശദാംശങ്ങളും ര ാം നൂറ്റാ 1ലെ പൌലൊസ് സൂചിപ്പിക്കുന്നത് അതിശയം തന്നെ. (ഹുമനയൊസ് 1 തിമൊ. 1:20; 2 തിമൊ. 2:17; അലെക്സന്തർ, 1 തിമൊ. 1:20; സേനാസ്, തിത്തൊസ് 3:13). (മിലേത്തിൽ വച്ച് ത്രൊപിമൊസ് രോഗിയായ വിവരം, 2 തിമൊ. 4:20; വിധവയുടെ കർത്തവ്യം 1 തിമൊ. 5:9).
വ്യാജ ചരിത്രരേഖയുടെ സങ്കല്പത്തിന് ഈ വസ്തുതകൾ ചേരുന്നതല്ല.

പുതിയ നിയമവുമായി യോജിക്കുന്ന സാങ്കൽപിക വിവരങ്ങൾ നൽകുന്ന ഉത്തമ ലേഖനം *An Introduction to the New Testament,* by Carson, Moo, and Morris, pp.367–371.

## III. കാലഘട്ടം

A. പൌലൊസ് കാരാഗൃഹത്തിൽ നിന്നും മോചിതനാവുകയും (അപ്പൊസ്തല പ്രവൃത്തികളുടെ എഴുത്തിന്റെ അവസാനം, ഏകദേശം A.D, 59–61), കാരാഗൃഹശേഷ പ്രവർത്തനങ്ങളുടെ പാരമ്പര്യം തുടർന്ന് കാണുന്നു. (സ്പെയ്നിലെ പ്രസംഗം, ഒ.നോ. റോമ.15:24, 28)?
1. ഇടയലേഖനങ്ങൾ (ഒ.നോ. 2 തിമൊ. 4:10)
2. 1 ക്ലെമന്ത് 5
   a. പൌലൊസ് കിഴക്കും പടിഞ്ഞാറും പ്രസംഗിച്ചു (ie, സ്പെയ്ൻ)
   b. ''നേതാക്കളാൽ'' പൌലൊസ് കൊല്ലപ്പെട്ടു (ie, നിറോ ചക്രവർത്തിയുടെ അവസാന വർഷം AD 68-ൽ പ്രവർത്തിച്ച Tigellinus ഉം Sabinus ഉം).
3. മുറാട്ടോറിയൻ കഷണത്തിലെ മുഖവുര (AD 180–200 ലെ റോമിലെ കാനോനിക പുസ്തകത്തിലെ പേരുവിവരം).
4. റോമർ കാരാഗൃഹത്തിൽ നിന്നും പൌലൊസ് മോചിക്കപ്പെട്ടു എന്ന് *Historical Ecclesiastical History* 2:22:1-8 പറയുന്നു.

B. പൌലൊസിനെ വീ ും തടവിലാക്കുന്നതിന് മുൻപായി 1 തിമൊഥെയൊസും തിത്തൊസും എഴുതപ്പെട്ടുവെന്ന് കണക്കാക്കുന്നു. കാരാഗൃഹത്തിനുള്ള അവസാന എഴുത്തും വിടവാങ്ങൽ സന്ദേശവുമാണ് 2 തിമൊഥൊസ്.

C. എഫ്.എഫ് ബ്രൂസിന്റെയും ഹാരീസിന്റെയും കാലഗണന പട്ടികയിൽ ചില വ്യതിയാനങ്ങൾ വരുത്തി ചുവടെ ചേർക്കുന്നു.

| | പുസ്തകം | രചനാകാലം | എഴുതിയകാലം | അ.പ്ര.കളുമായുള്ള ബന്ധം |
|---|---|---|---|---|
| 1. | ഗലാത്യർ | 48 | അന്ത്യോക്യ-സിറിയ | 14:28, 15:2 |
| 2. | 1 തെസ്സലോനിക്യർ | 50 | കൊരിന്ത് | 18:5 |
| 7. | 2 തെസ്സലോനിക്യർ | 50 | കൊരിന്ത് | |
| 8. | 1 കൊരിന്തിയർ | 55 | എഫേസസ് | 19:20 |
| 9. | 2 കൊരിന്തിയർ | 56 | മക്കദൊന്യ | 20:2 |
| 10. | റോമർ | 57 | കൊരിന്ത് | 20:3 |
| 7–10 | കാരാഗൃഹ ലേഖനങ്ങൾ | | | |
| | കൊലൊസ്സ്യർ | 60 കളുടെ തുടക്കം | | |
| | എഫേസ്യർ | 60 കളുടെ തുടക്കം | റോം | |
| | ഫിലേമോൻ | 60 കളുടെ തുടക്കം | | |
| | ഫിലിപ്പിയർ | 62–63 ഒടുവിൽ | | 28:30, 31 |
| 11–13 | നാലാം ദൗത്യയാത്ര | | | |
| | 1 തിമൊഥെയൊസ് | 63 (അതിനുശേഷം) | മക്കദൊന്യ | |
| | തീത്തൊസ് | 63, ന് മുൻപ് | എഫേസസ് (?) | |
| | 2 തിമൊഥെയൊസ് | 64– (AD 68) | റോം | |

## IV. സ്വീകർത്താക്കൾ

A. AD 1703 ലെ D.N. Berdot's വേദഭാഷ്യത്തിൽ നിന്നുമാണ് 'ഇടയലേഖനങ്ങൾ' എന്ന പേര് വന്നത്. ഈ പുസ്തകങ്ങളുടെ ഉള്ളടക്കത്തിന്റെയും സ്വഭാവത്തിന്റെയും സവിശേഷയാണ് ഈ പേര് സൂചിപ്പിക്കുന്നത്. തിമൊഥെയൊസും തീത്തൊസും ഇടയൻമാരായിരുന്നില്ല പ്രത്യുത അപ്പൊസ്തലിക നിയുക്ത പ്രതിനിധികളാണ്.

B. പൌലൊസിന്റെ സഹർത്തകരായ തിമൊഥെയൊസും തിത്തൊസും ലേഖന സാഹിത്യശൈലിയിൽ എഴുതി എന്നാൽ അവ സഭയ്ക്കുള്ള ലേഖനങ്ങൾ തന്നെയാണ്. തന്റെ നേതൃത്വ ഗണത്തെ അഭിസംബോധന ചെയ്തുകൊ ് സഭാ കൂടിവരവിനെയാണ് ലക്ഷ്യമാക്കുന്നത്. വിശാല സ്വീകർത്താക്കൾക്കും സൂചന നൽകുന്ന വസ്തുതകൾ.

1. തന്റെ അപ്പൊസ്തലികത സൂചിപ്പിക്കുന്ന ഔദ്യോഗിക മുഖവുര
2. മൂന്ന് ലേഖനങ്ങളുടെയും ഉപസംഹാരത്തിലെ "നിങ്ങൾ" എന്ന ബഹുവചന പദപ്രയോഗം.
3. പൌലൊസിന്റെ വിളിയുടെ പ്രതിരോധം (ഒ.നോ. 1 തിമൊ. 2:7).
4. പൌലൊസിനൊപ്പം തിമൊഥെയൊസിനു ായ അറിവിന്റെ വെളിച്ചത്തിൽ എഴുതുന്ന ലേഖനം (ഒ.നോ 1 തിമൊ. 3:15)

## V. ലേഖന സാഹചര്യവും ലക്ഷ്യവും

A. ഉയർന്നുവന്ന ദുരുപദേശങ്ങളോട് പൊരുതുകയാണ് പ്രധാന ലക്ഷ്യം (ഒ.നോ. 2 തിമൊ. 1:3–7). യഹൂദാ-ജ്ഞാനേയവാദ സമ്മിശ്ര ദുരുപദേശ സാധ്യതയാണുള്ളത്. (എഫേസ്യ-കൊലൊസ്യ ദുരുപദേശകരെപ്പോലെ). ഒരുപക്ഷേ ര ്വിധ ഗ്രൂപ്പുകൾ ഉ ായിരുന്നു.

B. വിശ്വാസ സമൂഹമെന്ന സംഘടനയ്ക്ക് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ പഴയനിയമം നൽകുന്നു. സഭാഭരണ സംവിധാന മാർഗ്ഗനിർദ്ദേശങ്ങൾ, നിയമങ്ങൾ എന്നിവ പുതിയനിയമത്തിൽ ഉൾപ്പെടുന്നില്ല. എന്നാൽ ഇടയലേഖനങ്ങളിൽ അവ കുറച്ചുകൂടി വ്യക്തമായി ഉൾപ്പെടുത്തിയിരിക്കുന്നു. (1 & 2 തിമൊഥെയൊസ്, തിത്തൊസ്).

C. 1 തിമൊഥെയൊസിന്റെ ലേഖന ലക്ഷ്യങ്ങൾ:

1. എഫെസൊസിൽ തുടരുവാൻ തിമൊഥെയൊസിന് ആഹ്വാനം നൽകുക. (ഒ.നോ. 1 തിമൊ 1:3)
2. ദുരുപദേശകരെ കൈകാര്യം ചെയ്യുക (ഒ.നോ. 1 തിമൊ 1:19–20; 4:15; 6:4–5,20–21)
3. സഭാനേതൃത്വം രൂപീകരിക്കുക. (ഒ.നോ. 1 തിമൊ 3)

D. ക്രേത്തയിലെ ദുരുപദേശം, സഭാ ഭരണരൂപീകരണം എന്നിവ കൈകാര്യം ചെയ്യുവാൻ സമാന കർത്തവ്യം തിത്തൊസിന് നൽകുന്നു. (ഒ.നോ. 1:5)

E. മോചനത്തിന്റെ അല്പ ആശ്വാസമുള്ള പൌലൊസിനെ 2 തിമൊഥെയൊസിൽ കാണുന്നു. (ഒ.നോ. 4:6-8, 16-18)

F. 'പത്ഥ്യോപദേശം' എന്ന അസാധാരണ വിഷയം ഈ ലേഖനങ്ങളിൽ അതിശക്തമായി ധ്വനിക്കുന്നു."വിശ്വാസത്തിൽ ആരോഗ്യം (ഒ.നോ. 1 തിമൊ 1:10; 4:6; 6:3; 2 തിമൊ 1:13; 4:3; തീത്തൊസ് 1:9; 2:1) ഈ പത്ഥ്യോപദേശം (ഒ.നോ തീത്തൊ 1:13; 2:2) ഈ പത്ഥ്യോപദേശം ദൈവം പൌലൊസിൽ ഭരമേല്പിച്ചു (ഒ.നോ. 1 തിമൊ 1:11). പൌലൊസ് അത് തിമൊഥെയൊസിന് ഭരമേല്പിച്ചു(ഒ.നോ. 1 തിമൊ 6:20. തിമൊഥെയൊസ് വിശ്വസ്ത മനുഷ്യരെയും ഭരമേല്പിച്ചു. (ഒ.നോ 2 തിമൊ 2:2).

## VI. ദുരുപദേശകർ

A. ഒന്നാം നൂറ്റാ ിലെ കൃത്യവിവരങ്ങളുടെ അഭാവത്താൽ ദുരുപദേശകരെപ്പറ്റിയുള്ള ചർച്ച ദുഷ്കരമാണ്. ഈ ദുരുപദേശങ്ങൾ പ്രഥമ അറിവുള്ളവർക്ക ലേഖനം എഴുതപ്പെട്ടത്. ആകയാൽ, അവരുടെ ഉപദേശങ്ങൾ പൂർണ്ണമായും ചർച്ച ചെയ്യുന്നില്ലെങ്കിലും അവരുടെ ജീവിതരീതിയെയും ഉദ്ദേശ്യത്തെയും പൌലൊസ് അപലപിക്കുന്നു. (യൂദായുടെ ലേഖനം പോലെ).

B. പ്രധാന വ്യാഖ്യാന പ്രതിസന്ധികൾ, സ്വീകർത്താക്കൾ ആരെന്നാണ്:
1. യഹൂദർ
2. യവനർ
3. സമ്മിശ്രഗണം

C. യഹൂദാ-ജ്ഞാനവാദ ഘടകങ്ങൾ ഉള്ളവരാണ് ഈ ദുരുപദേശകർ എന്ന് കരുതുന്നു. എന്നാൽ പരസ്പരം യോജിക്കാത്ത ഈ മത പ്രസ്ഥാനങ്ങൾ ലയിച്ചതെങ്ങനെ?
1. യഹൂദാ മതാനുസാരികൾ ചില ദ്വന്ദ്വഉപദേശ ഘടകങ്ങൾ ഉൾപ്പെടുത്തിയിരുന്നു. (cf. ചാവുകടൽ ചുരുളുകൾ)
2. ഈ തത്ത്വവാദ-വേദശാസ്ത്ര പ്രമേയങ്ങൾ ര ാം നൂറ്റാ ിലെ ജ്ഞാനവാദ വികസിപ്പിച്ചു.
3. യിസ്രയേലിന് പുറത്തു ായിരുന്ന യഹൂദാമതം നാം മുൻപ് ചർച്ച ചെയ്ത ആധുനിക വേദപണ്ഡിതരെക്കാൾ കൂടുതൽ വിശാലവീക്ഷണമുള്ളവരായിരുന്നു.
4. കൊലൊസ്യ ലേഖനത്തിലെ യഹൂദാ-ജ്ഞാന വാദദുരുപദേശത്തിന് ഒരു ഒന്നാം നൂറ്റാ ിലെ പൂർവ്വ പ്രമാണം ഉ ായിരുന്നു.

D. ദുരുപദേശകരുടെ ചില അടിസ്ഥാന ഘടകങ്ങൾ
1. യഹൂദാ ഭാവങ്ങൾ
   a. ദുരുപദേശകർ
      (1) ന്യായപ്രമാണ ഉപദേഷ്ടക്കൻമാർ (ഒ.നോ. 1 തിമൊ 1:7)
      (2) പരിച്ഛേദനക്കാർ (ഒ.നോ. തിത്തൊസ് 1:10)
   b. യഹൂദാ ഐതിഹായ്ത്തെക്കുറിച്ച് ദുരുപദേശകർ മുന്നറിയിപ്പുനൽകി (ഒ.നോ. തിത്തൊസ് 3: 9; തിത്തൊസ് 1:14)
   c. ആഹാരം നിയമങ്ങളെപ്പറ്റി ദുരുപദേശകർ ഉത്കണ്ഠ പ്രകടിപ്പിച്ചു. (ഒ.നോ. 1 തിമൊ 4:1–5)
   d. വംശാവലിയെക്കുറിച്ച് ദുരുപദേശകർ ഉത്കണ്ഠ പ്രകടിപ്പിച്ചു. (ഒ.നോ. 1 തിമൊ 1:4; 4:7; 1 തിത്തൊസ് 1:14–15; 3:9)
2. ജ്ഞാനേയ വീക്ഷണങ്ങൾ (തിത്തോസ് 1 ലെ പ്രതിപാദ്യ വിഷയം കാണുക)
   a. കാപഡ്യവൃത്തിക്ക് വിലക്കും നിരോധനവും
      (1) വിവാഹ നിരോധനം (ഒ.നോ. 1 തിമൊ 2:15; 4:3)
      (2) പ്രത്യേകക ആഹാരങ്ങളുടെ നിരോധനം (ഒ.നോ. 1 തിമൊ 4:4)
   b. ലൈംഗീക ചൂഷണം (ഒ.നോ. 1 തിമൊ 4:3; 2 തിമൊ 3:6–7; തിത്തൊസ് 1:11,15)
   c. അറിവിന് അമിത പ്രാധാന്യം നൽകൽ (ഒ.നോ. 1 തിമൊ 4:13; 6:20)

## VII. കാനോനികത

A അപ്പൊസ്തലൻ എന്ന നാമത്തിൽക ഒരു വാല്യമായി പൗലൊസിലെ ലേഖനങ്ങൾ സംയോജിപ്പിച്ച് വിവിധ സഭകളിൽതര പ്രചരിപ്പിച്ചു. p[46] എന്നറിയപ്പെടുന്ന 200 ലെ പ്രഥമക കൈയെഴുത്തുപ്രതി (Chester Beatty

Papyri യിൽ നിന്നും ) ലഭിക്കാത്ത കൈയെഴുത്തുപ്രതികൾ 1, 2 തിമൊഥെയോസ്, തീത്തൊസ് (കൂടാതെ 2 തെസ്സലോനികൃർ, ഫിലെമൊൻ എന്നിവയാണ്). ഇവയും സംഭവങ്ങളുടെ കൂടിച്ചേരലാണ്, കാരണം ഉപസംഹാര പാപ്പിറസ് താളുകളിൽ കൈയെഴുത്തുപ്രതികൾ നഷ്ടപ്പെട്ടു. മറ്റ് എല്ലാ ഗ്രീക്ക് കൈയെഴുത്തുകളിലും ഇടയ ലേഖനങ്ങൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു".

B. ഇടയ ലേഖനങ്ങൾ എന്ന് പുരാതന രേഖകളിൽ പരാമർശ്ച്ചിട്ടു ്.

1. പ്രാരംഭ സഭാനേതാക്കൻമാർ
   a. Psevdo - Barnabas (AD 70-130) തിമൊഥെയോസ്, തിത്തൊസ് ഉദ്ദരിച്ചിട്ടു ്.
   b. റോമിലെ കെമന്റ് (AD 95-97) 1 തിമൊഥെയോസ്, 2 തിമൊഥെയോസ്, തിത്തോസ് 3:1, പരാമർശിച്ചിട്ടു ്.
   c. പോളിക്കാർപ്പ് (AD 110-150) 1 തിമൊഥെയോസ് 2 തിമൊഥെയോസ് തിത്തോസ് പരാമർശിച്ചിട്ടു ്.
   d. ഹെർമസ് (AD 115-140) 1, 2 തിമൊഥോയ്സിൽ നിന്നും ഉദ്ധരിച്ചിട്ടു ്.
   e. ഐറേനിയ്സ് (AD 130--202) 2 തിമൊഥോയ്സ് തിത്തോസ് നിന്നും ഉദ്ധരിച്ചു.
   f. ഡയഗ്നത്തൊസ് (AD 150) തിത്തൊസിൽക നിന്നും ഉദ്ധരിച്ചു.
   g. തെർത്തുല്ല്യൻ (AD 150-220) 1, 2 തിമൊഥെയോസ് തീത്തോസ് നിന്നും ഉദ്ധരിച്ചു.
   h. ഒരഗൻ (AD 185-254) 1, 2 തിമൊഥെയോസ്ക തിത്തോസ്ക നിന്നും ഉദ്ധരിച്ചു.
2. ഇടയലേഖനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കാനോനിക പുസ്തകങ്ങൾ
   a. മുറാട്ടോറിയൻ കക്ഷണം (AD 200 ൽ റോമിൽനിന്നും)
   b. ബറോക്കോസിയോ (Barococcio) (AD 206)
   c. അപ്പൊസ്തലിക പട്ടിക (AD 300)
   d. ചെൽറ്റൻ ഹാം (Cheltenham) പട്ടിക (AD 306)
   e. അത്നേഷ്യസ് (Athnasius) ലേഖനം (AD 367)
3. ഇടയ ലേഖനങ്ങൾ ഉൾപ്പെടുന്ന പുരാതന പരിഭാഷകൾ
   a. പഴയ ലത്തിൻ (AD 150-170)
   b. പഴയ സിറിയൻ (AD 200)
   c. പുരാതന സഭാ കൗൺസിൽ ഇടയലേഖനങ്ങളുടെ ദൈവനിശ്വാസയത ഉറപ്പിച്ചു.
   d. നിഖ്യാ (AD 325--340)
   e. ഹിപ്പോ (AD 393)
   f. കർത്തേജ് (AD 397 ഉം 419 ഉം)

C. റോമസാമ്രാജ്യത്തിലെ പുരാതന ക്രിസ്തീയ കൂട്ടായ്മകൾ വികസിപ്പിച്ച കാനോനിക പ്രക്രിയിലെ പൊതു സമ്മതം.

ഈ പൊതുസമ്മതം ആ്രന്തരികവും ബാഹ്യവുമായത സമ്മർദ്ദങ്ങളെ ബാധിച്ചു. കാനോനിക പുസ്തകങ്ങളിൽ ഉൾപ്പെടുത്തുവാനുള്ളക അടിസ്ഥാന ോഗ്യതകൾ ഇവയാണ്.

1. അപ്പൊസ്തലനുമായുള്ള ബന്ധം
2. മറ്റ് അപ്പൊസ്തലിക എഴുത്തുകളിലെ സന്ദേശവുമായുള്ള സ്ഥിരത
3. ഈ എഴുത്തുകൾ വായിച്ചവരിലെ ജീവിത രൂപാന്തരം
4. ഈ പുരാതന സഭകൾ അംഗീകരിച്ച പട്ടികയിലെ വളർന്നുവന്ന അഭിപ്രായ ഐക്യം

D. കാനോനിക വികസിക്കപ്പെട്ടതിന്റെ കാരണം.

1. കർത്താവിന്റെ ര ാം വരവിന്റെ താമസം
2. സഭകളും അപ്പൊസ്തലരും തമ്മിലുള്ള ഭൂമിശാസ്ത്രപരമായ അകലം.
3. അപ്പൊസ്തലരുടെ മരണം
4. ദുരുപദേശകരുടെ അരങ്ങേറ്റം
   a. യഹൂദാമതം
   b. യവന തത്വചിന്ത
   c ജൂത-ജ്ഞാനേയവാദ ഘടകങ്ങൾ (കൊലൊസ്യർ)
   d. ഇതര യവന-റോമാ നിഗൂഢ മതങ്ങൾ (ഉദ. മിത്ര)

   വിവിധ സംസ്കാരങ്ങളിൽ സുവിശേഷം പരക്കുന്നതിന് ഇവ കാരണമായി

E. ചരിത്രപരമായി കാനോനിക ഗ്രന്തകർതൃത്ത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇടയ ലേഖനങ്ങൾ പൗലോസിന്റെ ലേഖനങ്ങളായി പുരാതന സഭ അംഗീകരിച്ചു. തിരുവെഴുത്തുകൾ എഴുതിയപ്പോൾര മാത്രമല്ല, അവ സമാഹരിച്ചപ്പോഴും, സംരക്ഷിച്ചപ്പോഴും, പരിശുദ്ധാത്മാവിന്റെ പങ്കാളിത്തം ഉ ായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. പൗലോസിന്റെ ഗ്രന്ഥകർത്വത്ത്വ (ഞാൻ കരുതുന്നു) ദൈവനിശ്വാസിയതെയോയോ കാനോനികതെയോയോ ബാധിച്ചിട്ടില്ല.

## VIII 1 തിമൊഥെയോസ് – ചുരുക്കമായി അറിഞ്ഞിരിക്കേ പദങ്ങളും പ്രയോഗങ്ങളും

1. "വിശ്വാസത്തിൽ എന്റെ നിജപുത്രൻ," 1:2
2. "ദുഷകൻ," 1: 13
3. "ആമേൻ," 1: 17
4. "മധ്യസ്തൻ," 2: 5
5. "മറുവില," 2:6
6. "വിശുദ്ധകൈകളെ ഉയർത്തി," 2:8
7. "നിര പവാദ്യൻ," 3:2
8. "മദ്യപാന്മാർ," 3:8
9. "വിശ്വാസത്തിന്റെ മർമ്മം," 3:9
10. "ഭൂതങ്ങളുടെ ഉപദേശങ്ങൾ," 4:1
11. "അവർ സ്വന്തമനസ്സാക്ഷിയിൽ ചൂടുവച്ചു," 4:2
12. "ഭക്തിവരുദ്ധമായത കിഴവിക്കഥകൾ," 4:7
13. "കൈവയ്പ്പ്," 4:14, 5:22
14. "മൂപ്പനമാർ," 4:14
15. "സാക്ഷാൽ വിധവമാരായിരിക്കുന്ന വിധവമാരെ മാനിക്കുക," 5:3
16. "ആദ്യവിശ്വാസം," 5:12
17. "ഇരട്ടി മാനം," 5:17
18. "അലംഭാവം," 6:6
19. "അടുത്തുകൂടാത്ത വെളിച്ചം," 6:16

## IX 1 തിമൊഥെയോസ് – തിരിച്ചറിയപ്പെടേ വ്യക്തിത്വങ്ങൾ

1. "പിതാവ്," 1:2
2. " ധർമോപദേഷ്ടാക്കന്മാർ," 1:7
3. "നിത്യരാജാവ്," 1:17
4. "പമനയൊസും അലെക്സന്തരും," 1:20
5. "അക്ഷ്യക്ഷൻ," 3:2
6. "ശുശ്രൂഷകന്മാർ,"3:8
7. "സ്ത്രീകൾ," 3:11
8. "മൂപ്പൻമാർ," 5:17
9. "പൊന്തിയോസ് ലീലാത്തിസും," 6:13

## X 1 തിമൊഥെയോസ് – ക ുപിടിക്കേ സ്ഥലങ്ങൾ

1. "മക്കദോന്യ," 1:3
2. "എഫേസസ്സ്," 1:3

## XI 1 തിമൊഥെയോസ് – ചർച്ചാ ചോദ്യങ്ങൾ

1. 1: 3–4 വരെ എഴുതിയിട്ടുള്ള ദുരുപദേകരെപ്പറ്റി സ്വന്തം വാക്കുകളിൽ വിവരിക്കുക.
2. 1: 9–11 പത്തുകല്പനകളെ പ്രതിഫലിപ്പിക്കുന്നുേ ാ? ഉ ങ്കിൽ വ്യത്യാസങ്ങൾ ഏവ?
3. എല്ലാ പാപികളിലും ഒന്നാമനായി പൗലോസ് സ്വയം കണക്കാക്കിയതിന്റെക കാരണം എന്ത്? (1: 15)
4. തിമൊഥോയോസിന്റെ ജീവിതത്തിലെ ഏതു സംഭവുമായാണ് 1:18 പരാമർശിക്കുന്നത്?
5. സാത്താനെ ഏല്പിച്ചു എന്ന് ഏത് അരത്ഥത്തിലാകുന്നു പൗലോസ് പറഞ്ഞത്? (1:20)
6. 2:4 ലെ പ്രാധാന്യംതക എന്ത്?
7. ഒന്നാം നൂറ്റാ ിലെ സംസ്കാരവുമായി 2:9 എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.
8. 2:12 ഇന്ന് എപ്രകാരം പ്രായോഗികമാണ്?
9. 2:15 സ്വന്തം വാക്കുകളിൽ വിവരിക്കുക.
10. അദ്ധ്യക്ഷന്റെ യോഗ്യതകൾ ഏവ (3:1 – 7)
11. 3: 16 പുരാതന കാവ്യത്തിന്റെ ഭാഗമാണ് എന്ന്ക അഭിപ്രായപ്പെടുന്നതിന്റെ കാരണമെന്ത്?
12. ദുരുപദേശകർ വിവാഹംര വിലക്കിയതിന്റെ കാരണമെന്ത്? 4:3
13. 4:4 റോമർ 14 ലുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.
14. 4:10 സ്വന്തം വാക്കുകളിൽ വിവരിക്കുക.
15. 4:14 ഏതു സംഭവത്തെയാണ് വിവരിക്കുന്നത്

16. 5:19 പഴയനിയമത്തെ എങ്ങനെ പ്രതിഫലിപ്പിക്കുന്നു.
17. 5:23 ഏത് സാംസ്കാരിക വിഷയത്തെ പരാമർശിക്കുന്നു.
18. 6:10 സ്വന്തം വാക്കുകളിൽ വിവരിക്കുക.
19. 6:15 ലെ യേശുവിന്റെ നാമങ്ങൽ എവിടെ നിന്നും ലഭിച്ചു.

## XII. 2 തിമൊഥെയോസ് – ചുരുക്കമായി അറിഞ്ഞിരിക്കേ പദങ്ങളും പ്രയോഗങ്ങളും

1. "കൃപാനരം ജ്വലിപ്പിക്കുക" 1:6
2. "നമ്മിൽ അധിവസിക്കുന്ന നല്ല ഉപനിധി" 1:14
3. അർബുധ വ്യാധി 2:17
4. "അതിന്റെ മുദ്ര" 2:19
5. പാത്രങ്ങൾ 2:20
6. യജമാനൻ 2:21
7. "സമയത്തും അസമയത്തും" 4:2
8. കൊട്ടുകഥ 4:4
9. "പുസ്തകവും ചർമ്മ വിഖിതവും" 4:13
10. "സിംഹത്തിന്റെ വായ്" 4:17

## XIII. 2 തിമൊഥെയോസ് – തിരിച്ചറിയേണ് വ്യക്തിത്വങ്ങൾ

1. എന്റെ പൂർവ്വാപിതാക്കൻമാർ 1:3
2. ലോവീസ് 1:5
3. യൂനിക്ക 1:5
4. ഒനേസിബാരേസ് 1:16
5. ഹുമനയോസ് 2:17
6. ഫിലേത്തോസ് 2:17
7. യന്നേസ്, യംബ്രേസ് 3:8,9
8. സുവിശേഷകൻ 4:5
9. ദേമാസ് 4:10
10. ലൂക്കോസ് 4:11
11. മർക്കോസ് 4:11
12. തിഹിക്കോസ് 4:12
13. അലെക്സത്തർ 4:14

## XIV. 2 തിമൊഥെയോസ് – തിരിച്ചറിയേ സ്ഥലങ്ങൾ

1. ഏഷ്യ 1:15
2. മാറാമ് 1:17
3. എഫേസസ് 1:18; 4:12
4. അന്ത്യോക്യ 3:11
5. ഇക്കൊന്യ 3:11
6. ലുസത്ര 3:11
7. തെസ്സലോനിക്യ 4:10
8. ഗലാത്യ 4:10
9. ദല്മാത്യ 4:10
10. ത്രോവാസ് 4:13
11. കൊരിന്ത് 4:20
12. മിലേന്ത 4:20

## XV. 2 തിമൊഥെയോസ് – ചർച്ചാ ചോദ്യങ്ങൾ

1. പൗലോസ് എവിടെയാണ് കാരാഗ്രഹ ത്തി ആയിരുന്നത്?
2. സ്വന്തം വാക്കുകളിൽ 1:12 വിവരിക്കുക.
3. തിത്തൊസ് 3: 5a യും 1: 9 ഉം തമ്മിലുള്ള ബന്ധം
4. കാരാഗ്രഹത്തിൽ വച്ച് ഒനേസ്ഫിറസ് പൗലോസിന് വേ l എന്തു ചെയ്തു (1: 16–18)
5. 2 തിമൊ 2: 2 സുപ്രധാനമാണ്, കാരണം?
6. 2: 11 പുരാതന കാവ്യഭാഗമാണ് എന്നു കരുതുന്നു. കാരണമെന്ത്?
7. 2: 15 എന്തിനെ പരാമർശിക്കുന്നു?
8. 2: 25 ദൈവം മാനസാന്തരം നൽകുന്നു എന്ന് അർത്ഥമാക്കുന്നുവോ? എന്തിൽ അതിന്റെ പ്രയോഗികതകൾ എന്തെല്ലാം?
9. പിടിപെട്ടു കുടുങ്ങിയവരെ (2: 24–25) വിശ്വാസികൾക്കു എങ്ങനെ സഹായിക്കാനാകും?
10. 3: 6–7 ആരെപ്പറ്റിയും എന്തിനെപ്പറ്റിയുമാണ് പ്രസ്താവിക്കുന്ന്ത്?
11. 3:16 അതിപ്രധാനവാക്യമായിരിക്കുന്നതിന്റെ കാരണമെന്ത്?
12. തൊഫിമൊസീനെ സൗഖ്യമാക്കുവാൻക പൗലോസിന് സാധിക്കാതിരുന്നതിന്റെ കാരണമെന്ത്?

# തീത്തൊസ് : ഒരു ആമുഖം

## I. സന്ദർഭം ചുരുക്കത്തിൽ

A. "ഇടയലേഖനങ്ങളുടെ ഒരു ഭാഗമാണ് തീത്തൊസ്". (1) ദുരുപദേശകരോട് ഇടപെടേ വിധം (2) പ്രാദേശിക സഭകളിലെ നേതൃത്വ സ്ഥിരീകരണം (3) ദൈവഭക്തി പ്രോത്സാഹിപ്പിക്കൽ എന്നീ പൌലൊസിന്റെ സഹപ്രവർത്തകർക്കുള്ള പ്രബോധനങ്ങളാണ് 1 തിമൊഥെയൊസ്, തീത്തൊസ്, 2 തിമൊഥെയൊസ് എന്നീ ലേഖനങ്ങളുടെ ഉള്ളടക്കം. പ്രത്യക്ഷത്തിൽ കാലക്രമാനുസരണപ്രകാരം ഇവയുടെ ക്രമം; ആദ്യം 1 തിമൊഥെയൊസ് തുടർന്ന് തീത്തൊസ്, ശേഷം 2 തിമൊഥെയൊസ് എന്നിങ്ങനെയാകുന്നു. 1 തിമൊഥെയൊസിലെ വിഷയങ്ങൾ തന്നെയാണ് തീത്തൊസും കൈകാര്യം ചെയ്യുന്നത്. റോമാലേഖനം പോലെ, വേദശാസ്ത്രം ഉൾപ്പെട്ട ദൈർഘ്യമുള്ള ആമുഖം ഉള്ളതിനാൽ, തീത്തൊസ് ആയിരിക്കാം പ്രഥമ ഇടയലേഖനം.

B. പൌലൊസിന്റെ ഭൂമിശാസ്ത്രപര യാത്രകളും തന്റെ ഈ സഹപ്രവർത്തകരുടെ യാത്രാവിവരണവും പ്രവൃത്തികളിലെ ഭൂമിശാസ്ത്രപര യാത്രകളും വേ വിധം ചേർന്നുപോകുന്നില്ല. ഇക്കാരണത്താൽ, പൌലൊസ് കാരാഗൃഹത്തിൽ നിന്നും വിടുതൽ ലഭിച്ചശേഷമാണ് നാലാം മിഷണറി യാത്ര ചെയ്തുവെന്ന് പലരും വിശ്വസിക്കുന്നത്.

C. A. D. 68-ൽ പൌലൊസ് നീറോയാൽ കൊല്ലപ്പെടുകയും നീറോ A.D. 68-ൽ സ്വയം കൊല്ലപ്പെടുകയും ചെയ്തതിനാൽ (A.D. 65-ൽ പീഡനം നടന്നുവെന്നും അഭിപ്രായമു ്) A.D. 60-നും A.D. 68-നും ഇടയിലായിരിക്കും പൌലൊസിന്റെ മിഷണറി യാത്ര.

## II. തീത്തൊസ് എന്ന വ്യക്തി

A. പൌലൊസ് ഏറ്റവുമധികം വിശ്വസിച്ച സഹപ്രവർത്തകനായിരുന്നു തീത്തൊസ്. പ്രശ്നബാധിത സഭകളായ കൊരിന്ത്, ക്രേത്ത എന്നിവിടങ്ങളിൽ പൌലൊസ് തീത്തൊസിനെയാണ് അയച്ചതു ഇതിന്റെ തെളിവാകുന്നു.

B. പൌലൊസിന്റെ പ്രസംഗത്താൽ മാനസാന്തരപ്പെട്ട പൂർണ്ണജാതീയനായിരുന്നു തീത്തൊസ്. (തിമൊഥിയൊസ് അർദ്ധയഹൂദനായിരുന്നു) (ഒ.നോ. ഗലാ 2:3).

C. പൌലൊസിന്റെ ലേഖനത്തിൽ തീത്തൊസിനെക്കുറിച്ചു സൂചിപ്പിക്കുന്നുവെങ്കിലും(ഒ.നോ. 2 കൊരി. 2:13; 7:6–15; 8:6–24; 12:18; ഗലാ. 2:1–3; 2 തിമൊ. 4:10) പ്രവൃത്തികളിൽ ലൂക്കൊസ് തീത്തൊസിനെക്കുറിച്ച് സൂചിപ്പിച്ചിട്ടില്ലെന്നതും അതിശയം. ചില വേദപണ്ഡിതർ സിദ്ധാന്തീകരിക്കുന്നത് :

1. ലൂക്കൊസിന്റെ ഒരു ബന്ധുവായിരിക്കാം (ഒരുപക്ഷേ സഹോദരൻ) തീത്തൊസ്. തീത്തൊസിനെക്കുറിച്ച് തന്റെ ലേഖനത്തിൽ എഴുതുന്നത് തന്റെ ഭാഗത്തുനിന്നുമുള്ള ഒരു സംസ്കാര അനൗചിത്യമായി വിലയിരുത്തിയിരിക്കാം.
2. പൌലൊസിന്റെ ജീവിതത്തെയും ശുശ്രൂഷകളെയും കുറിച്ച് ലൂക്കൊസിനുള്ള പ്രധാന വിവര ഉറവിടം തീത്തൊസ് തന്നെയായിരിക്കാം, ആകയാൽ മന:പൂർവ്വം തന്റെ പേര് പരാമർശിച്ചിട്ടില്ല എന്നും കരുതാം.

D. ജാതികളിൽനിന്നും വിശ്വസിച്ചവരും മോശയുടെ ന്യായപ്രമാണവും തമ്മിലുള്ള ബന്ധം എന്ന വിഷയം ചർച്ച ചെയ്ത, പ്രവൃ.15-ൽ രേഖപ്പെടുത്തിയിട്ടുള്ള, യെരുശലേം കൗൺസിലിൽ പങ്കെടുക്കുന്നതിനായി പൌലൊസിനും ബർന്നബാസിനും ഒപ്പം തീത്തൊസും യാത്ര ചേർന്നു.

E. ക്രേത്തയിലെ തന്റെ ശുശ്രൂഷയെപ്പറ്റി പൌലൊസ് തീത്തൊസിനു നൽകുന്ന ഉപദേശമാണ് ഈ ലേഖനത്തിന്റെ പ്രധാന ഉള്ളടക്കം. പൌലൊസിന്റെ ഔദ്യോഗിക പ്രതിനിധിയായി തീത്തൊസ് വർത്തിക്കുന്നു.

F. ശുശ്രൂഷയ്ക്കുവേ 1 തീത്തൊസിനെ ദല്മാത്യയ്ക്കു നിയോഗിക്കുന്നതാണ് (ഒ.നോ 2 തിമൊ 4:10) പുതിയനിയമത്തിൽ തന്നെക്കുറിച്ചുള്ള അവസാന വിവരം.

## III. ദുരുപദേശകർ

A. പൌലൊസിന്റെ സുവിശേഷം എതിർത്ത ദുരുപദേശക്കൂട്ടർ ക്രേത്തയിൽ ഉ ായിരുന്നുവെന്നതും വ്യക്തമാണ്.

1. സകല വിശ്വാസികളിൽ നിന്നും പ്രതീക്ഷിക്കപ്പെടുന്ന ഭക്തിനിർഭര ജീവിതരീതിക്കു വിരുദ്ധ മായ ഉപദേശങ്ങൾ ഇക്കൂട്ടർ ക്രേത്തയിൽ പ്രചരിപ്പിച്ചു.
2. ഭക്തിയുള്ള ജീവിതത്തിൽ സൂചികകൾ: 1:1,16; 2:7,14; 3:1,8,14
3. സ്വഭാവ സവിശേഷതകളുടെ സംഗ്രഹം: 2:11–14; 3:4–7

B. ഈ ദുരുപദേശത്തിന് പ്രകടമായ യഹൂദാ അഭിരുചിയു ായിരുന്നു (ഒ.നോ. 1:10,14; 3:8–9). ഈ ദുരുപദേശങ്ങൾ യഹൂദാനിയമ സംഹിതയും യവന അനുമാന ചിന്തയും (ജ്ഞാനവാദം 1:1, പ്രത്യേക ശീർഷകം കാണുക) ഇടകലർന്നതാണ്. 1 തിമൊഥെയൊസ്, കൊലൊസ്യർ, എഫേസ്യർ എന്നീ ലേഖനങ്ങളിൽ പരാമർശിക്കുന്ന ദുരുപദേശങ്ങൾക്കു സമാനമാണിത്. ഇടയ ലേഖനങ്ങ ളുടെ പ്രധാന പ്രമേയം സദാ വ്യവസ്ഥയോ, പരിപാലനമോ അല്ല, ദുരുപദേശം കൈകാര്യം ചെയ്യലാണ്.

## IV. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. ഭക്തി, 1:1
2. ‘‘നിത്യജീവന്റെ പ്രത്യാശ,’’ 1:2
3. ‘‘ഭോഷ്ക്കില്ലാത്ത ദൈവം,’’ 1:2
4. അതിഥി സൽക്കാരം, 1:8
5. യഹൂദാകഥകൾ, 1:14
6. പത്ഥ്യോപദേശം, 2:1
7. സഹിഷ്ണത, 2:2
8. ‘‘ഈ ലോകത്തിൽ,’’2:12
9. ‘‘ഭാഗ്യകരമായ പ്രത്യാശ,’’ 2:13
10. വീ ടുപ്പ്, 2:14
11. ‘‘പുനർജ്ജനനസ്നാനം,’’ 3:5

## V. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വ്യക്തികൾ

1. മൂപ്പന്മാർ, 1:5
2. ഗൃഹവിചാരകൻ, 1:7
3. ‘‘പരിച്ഛേദനക്കാർ,’’ 1:10
4. ‘‘അസത്യവാദികൾ,’’ 1:12
5. ‘‘വാഴ്ചകൾ, അധികാരങ്ങൾ,’’3:1
6. തിഹിക്കൊസ്, 3:12
7. അപ്പൊല്ലോസ്, 3:13

## VI. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. ക്രേത്ത, 1:5
2. നിക്കൊപ്പൊലിസ്, 3:12

## VII. ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. പിതാവായ ദൈവവും പുത്രനായ യേശുക്രിസ്തുവും ‘‘രക്ഷകൻ’’ എന്ന് (മൂന്നുപ്രാവശ്യം) ഈ ലേഖനത്തിൽ എഴുതിയിട്ടു ്, ഇതിന്റെ പ്രസക്തിയെന്തു?
2. 1:16 ദുരുപദേശകരുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
3. 2:1–5 സൂചിപ്പിക്കുന്നത്, സഭാനേതൃത്വത്തെയോ സഭാ വിശ്വാസികളെയോ?
4. 2:11 ന്റെ പ്രത്യേകതയെന്ത്?
5. 2:13 യേശുവിനെ ദൈവമെന്ന് അഭിസംബോധന ചെയ്യുന്നുേ ാ?
6. 3:5a പൌലൊസിന്റെ ഒരു പ്രധാന പ്രമേയമാണ്, കാരണമെന്ത്?
7. 3:5 സ്നാനത്തിലൂടെ വീ ും ജനനം എന്ന് പഠിപ്പിക്കുന്നുേ ാ?

# ഫിലേമൊൻ: ഒരു ആമുഖം

## I. പ്രാരംഭ പ്രസ്താവന

A. ഒന്നാം നൂറ്റാ  ിലെ ഗ്രീസ് - റോമാ കാലത്തു പൊതുവായിരുന്ന ഒരു സ്വകാര്യ ലേഖനത്തിനു മാതൃകയാണ് ഈ പുസ്തകം. ഈ ചെറുലേഖനം ഒരു പാപ്പിറസ് താളിൽ ഒതുങ്ങി നിൽക്കുന്നതാണ് (ഒ.നോ. 3 യോഹന്നാൻ). പ്രാഥമിക അഭിസംബോധന ആർക്കെന്ന് നിശ്ചയമില്ല. (1) ഫിലേമോൻ; (2) അപ്പിയയ്ക്കും അർക്കിപ്പൊസിനും (ഒ.നോ. കൊലൊ 4:17) (3) മറ്റൊ രർത്ഥത്തിൽ, വീട്ടിലെ സമ്പൂർണ്ണ സഭയ്ക്കും.

B. ഈ ലേഖനം വിവിധ വാതിലുകൾ തുറക്കുന്നു:
1. അപ്പൊസ്തലനായ പൌലൊസിന്റെ ഇടയശുശ്രൂഷാ രീതികൾ
2. ഒന്നാം നൂറ്റാ  ിലെ ഭവന സഭകൾ (ഒ.നോ. റോമർ 16:5; 1 കൊരി 10:9; കൊലൊ. 4:15)

C. മെഡിറ്ററേനിയൻ ലോകത്തിലെ പരിത:സ്ഥിതികൾ ക്രിസ്തീയതയാൽ സമൂലമായി പരിണാമ വിധേ യമാവുകയായിരുന്നു. സുവിശേഷത്തിനെതിരായ സാമൂഹിക പ്രതിബന്ധങ്ങൾക്കു വീഴ്ച സംഭവി ക്കുകയായിരുന്നു (ഒ.നോ. 1 കൊരി. 12:13; ഗലാ. 3:28; കൊലൊ. 3:11).

## II. ഗ്രന്ഥകർത്താവ്

A. ലേഖനത്തിന്റെ വ്യക്തിപര സ്വഭാവത്താൽ എല്ലാ (F.C. Baur ഒഴികെ) വായനക്കാരെയും പൌലൊ സിന്റെ ഗ്രന്ഥകർത്തൃത്വം ബോധ്യപ്പെടുത്തുന്നതാണ്.

B. ഫിലെമൊൻ, കൊലൊസ്യ ലേഖനങ്ങൾ അത്യന്തം ബന്ധപ്പെട്ടവയാണ്.

1. ഒരേ ഉറവിടം
2. ഒരേ വ്യക്തികൾ അഭിസംബോധന ചെയ്യുന്നു.
3. ഒരേ ഉപസംഹാരം
4. തിഹിക്കൊസ് കൊലൊസ്യ ലേഖനം കൈമാറുകയും ഒനേസിമൊസിനൊപ്പം യാത്ര ചെയ്യുകയുമു  ായി. (ഒ.നോ. കൊലൊ 4:7,9) ഫിലേമൊൻ പൌലൊസിന്റെ ലേഖനമാണെ ങ്കിൽ കൊലൊസ്യ ലേഖനവും അപ്രകാരം തന്നെ. (ഇവ പല ആധുനിക വേദപണ്ഡിതരും അംഗീകരിക്കുന്നില്ല).

C. പുരാതന നാസ്തികൻ മാർസിയോൻ (A.D. 140 കളിൽ റോമിലെത്തിയ വ്യക്തി) കാനോനിക പുസ്തക പട്ടിക, Muratorian രേഖ (A.D.180-200 റോമിലെ രേഖകൾ) എന്നിവയിൽ പൌലോസിന്റെ ലേഖനങ്ങളുടെ ഭാഗമായി ഈ ലേഖനം ഉൾക്കൊള്ളിച്ചിട്ടു  ്.

## III. രചനാകാലഘട്ടം

A. പൌലൊസിന്റെ ഒരു കാരാഗൃഹവാസവുമായി യോജിപ്പിച്ച കാലഘട്ടമാണ് ഈ ലേഖനത്തിന്റേത് (എഫേസോസ്, ഫിലിപ്പ്യ, കൈസര്യ, റോം). അപ്പൊസ്തലപ്രവൃത്തികളുടെ അടിസ്ഥാനത്തിൽ റോമാ കാരാഗൃഹകാലം കൂടുതൽ വിശ്വാസയോഗ്യമാണ്.

B. റോമാ കാരാഗൃഹവാസം അനുമാനിച്ചാൽ 'ഏതുസമയം' എന്ന ചോദ്യം വീ  ുമുയരുന്നു. അറുപ തുകളുടെ പ്രാരംഭത്തിൽ താൻ തടവറയിലായിരുന്നുവെന്ന് പ്രവൃത്തികളിൽ രേഖയു  ്. എന്നിരു ന്നാലും താൻ വിടുവിക്കപ്പെട്ട് ഇടയലേഖനങ്ങൾ രചിച്ചുവെന്നും (1, 2, തിമൊഥെയൊസ്, തീത്തൊ സ്) അനന്തരം വീ  ും തടവിലാക്കപ്പെട്ടശേഷം A.D. 68 ൽ ജൂൺ 9ന് കൊല്ലപ്പെട്ടുവെന്നും കരു താം. (നീറോയുടെ ആത്മഹത്യ). A.D. 60 ലെ ആദ്യ തടവറ കാലഘട്ടത്തിലാണ് കൊലൊസ്യ, എഫേസ്യ, ഫിലേമോൻ ലേഖനങ്ങൾ എഴുതിയതെന്ന് അഭ്യസ്തവിദ്യാപരമായി അനുമാനിക്കാം. ഫിലിപ്യ ലേഖനം 60 കളുടെ മദ്ധ്യകാലത്തെഴുതിയതായിരുന്നു.

C. കൊലൊസ്യ, എഫേസ്യ, ഫിലേമോൻ, ഏഷ്യാ എന്നിവിടങ്ങളിൽ ലേഖനങ്ങൾ കൊ  ുവന്നത് തിഹിക്കൊസും ഒനേസിമോസും കൂടിയായിരിക്കണം. പിൽക്കാലത്തു (ഒരുപക്ഷേ ചില വർഷ ങ്ങൾക്കുശേഷം) എപ്പഫ്രൊദിത്തൊസ് ആരോഗ്യം വീ  ടുത്തശേഷം ഫിലിപ്പ്യലേഖനം തന്റെ മാതൃസഭയിലേക്കും കൊ  ുവന്നിരിക്കും.

**D.** എഫ്.എഫ് ബ്രൂസിന്റെയും ഹാരീസിന്റെയും (F.F. Bruce And Murray) കാലഗണന പട്ടികയിൽ ചില വ്യതിയാനങ്ങൾ വരുത്തി ചുവടെ ചേർക്കുന്നു.

| പുസ്തകം | രചനാകാലം | എഴുതിയ കാലം | അ.പ്ര.കളുമായുള്ള ബന്ധം |
|---|---|---|---|
| 1. ഗലാത്യർ | 48 | അന്ത്യോക്യ-സിറിയ | 14:28, 15:2 |
| 2. 1 തെസ്സലോനിക്യർ | 50 | കൊരിന്ത് | 18:5 |
| 3. 2 തെസ്സലോനിക്യർ | 50 | കൊരിന്ത് | |
| 4. 1 കൊരിന്ത്യർ | 55 | എഫേസസ് | 19:20 |
| 5. 2 കൊരിന്ത്യർ | 56 | മക്കദൊന്യ | 20:2 |
| 6. റോമർ | 57 | കൊരിന്ത് | 20:3 |
| **7–10കാരാഗൃഹ ലേഖനങ്ങൾ** | | | |
| കൊലൊസ്സ്യർ | 60 കളുടെ തുടക്കം | റോം | |
| എഫേസ്യർ | 60 കളുടെ തുടക്കം | റോം | |
| ഫിലേമോൻ | 60 കളുടെ തുടക്കം | റോം | |
| ഫിലിപ്പിയർ | 62–63 | റോം | 28:30, 31 |
| **11–13 നാലാം ദൗത്യയാത്ര** | | | |
| 1 തിമൊഥെയൊസ് | 63 (അതിനുശേഷം) | മക്കദൊന്യ | |
| തീത്തൊസ് | 63 ന് മുൻപ് | എഫേസസ് (?) | |
| 2 തിമൊഥെയൊസ് | 64– (A.D. 68) | റോം | |

## IV. **ലേഖനമെഴുതുവാനു ായ സാഹചര്യം** (ഫിലേമോന്റെ ലേഖനത്തിലെ വ്യക്തിത്വങ്ങൾ).

A. കൊലൊസ്യയിലെ അടിമകളുള്ള ഒരു യജമാനനാണ് ഫിലേമോൻ. പൌലൊസിന്റെ എഫെസൊസിലെ ശുശ്രൂഷയുടെ ഫലമായി മാനസാന്തരപ്പെട്ട ഒരു വ്യക്തിയായിരുന്നു താൻ.

B. ഓടിപ്പോയ ഒരു അടിമയായിരുന്നു ഒനേസിമൊസ്. റോമാ കാരാഗൃഹത്തിൽ വച്ച് പൌലൊസ് മുഖാന്തിരം മാനസാന്തരപ്പെട്ട ഒരു വ്യക്തിയായിരുന്നു താൻ. (A.D. 61-63). ഇവരുടെ കൂടിക്കാഴ്ച അജ്ഞാതമാണ്. ഒരുപക്ഷേ (1) ഇരുവരും കാരാഗൃഹത്തിലായിരുന്നു. (2) ഒരു ദൂതനായി ഒനേസിമൊസ് പൌലൊസിന്റെ അരികിലേക്കു അയക്കപ്പെട്ടതാവാം. (3) ഓടിപ്പോയ അവസ്ഥയെപ്പറ്റി ഒനേസിമോസ് പൌലോസിനോട് ഉപദേശം ചോദിച്ച് മനസ്സു രൂപാന്തരപ്പെടുത്തിയതാവാം.

C. ലൈകസ് (Lycus) നദിക്കരികിലുള്ള സഭകളുടെ (കൊലൊസ്യ, ലവോദിക്യ, ഹിയരപ്പൊലിയ) സ്ഥാപകനും ഏഷ്യയിലെ ഒരു വിശ്വാസിയുമായിരുന്നു എപ്പഫ്രാസ്. കൊലൊസ്യയിലെ ദുരുപദേശത്തെപ്പറ്റിയും ഫിലേമൊന്റെ വിശ്വസ്ഥതയെപ്പറ്റിയും കാരാഗൃഹവാസത്തിലായിരുന്ന പൌലൊസിനു വാർത്തയെത്തിച്ചതു എപ്പഫ്രൊദിത്തൊസ് ആയിരുന്നു.

D. കൊലൊസ്യ, എഫേസ്യ, ഫിലേമൊൻ എന്നീ മൂന്ന് ലേഖന വാഹകൻ തിഹിക്കൊസ് ആയിരുന്നു. (ഒ.നോ. കൊലൊ. 4:7-9; എഫേ. 6:21-22) തന്റെ യജമാനനെ അഭിമുഖീകരിക്കാൻ (ഒ.നോ. വാ. 11) ഒനേസിമൊസ് യാത്ര ചെയ്തത് ഇവർക്കൊപ്പമായിരുന്നു. പുതിയ നിയമത്തിൽ സൂക്ഷിക്കപ്പെട്ട ര ് സ്വകാര്യ ലേഖനങ്ങളിലൊന്നാണ് ഫിലേമൊൻ (ഒ.നോ. 3 യോഹന്നാൻ).

ഏകദേശം അൻപതു വർഷങ്ങൾക്കുശേഷം (A.D. 110) റോമിലേക്കു രക്തസാക്ഷിത്വം വഹിക്കാൻ പോകുന്ന യാത്രയിൽ ഇഗ്നേഷ്യസ് എഴുതിയ എഴുത്തിൽ ("എഫേസ്യർക്കു" 1:3) ഒനേസിമൊസ് എന്ന നാമം പരാമർശിച്ചു. മാനസാന്തരപ്പെട്ട ഒനേസിമൊസ് എന്ന അടിമയായിരിക്കണം അത്!

## V. ലേഖനോദ്ദേശ്യം

A. പൌലൊസ് തന്റെ അപ്പൊസ്തലിക അധികാരവും ശുശ്രൂഷാ പ്രോത്സാഹനവും വ്യക്തമാക്കുന്നു.

B. അടിമകളെ യജമാനന്മാരിൽ നിന്നും ദരിദ്രരെ ധനികരിൽനിന്നും വിടുവിക്കുന്ന ക്രിസ്തീയ ഉപദേശം വെളിപ്പെടുത്തുന്നു.

C. റോമാ കാരാഗൃഹത്തിൽ നിന്നും വിടുവിക്കപ്പെട്ട് ഏഷ്യയിലേക്കുള്ള തിരിച്ചുവരവിന്റെ പ്രതീക്ഷ വ്യക്തമാക്കുന്നു.

## VI. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. "നിന്റെ വീട്ടിലെ സഭ," വാ. 2
2. എന്റെ മകൻ ഒനേസിമൊസ്, വാ. 10
3. പ്രയോജനമില്ലാത്തവൻ, പ്രയോജനമുള്ളവൻ, വാ.11
4. "നീ നിന്നെത്തന്നെ എനിക്കു തരുവാൻ കടപ്പെട്ടിരിക്കുന്നു," വാ. 19

## VII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വ്യക്തികൾ

1. അപ്പിയ, വാ. 1
2. ഒനേസിമൊസ്, വാ. 10
3. എപ്പഫ്രാസ്, വാ. 23
4. മർക്കൊസ്, വാ . 24

## VIII. ഭൂപടത്തിൽ തിരിച്ചറിയേ സ്ഥലങ്ങൾ- ഒന്നുമില്ല

## IX. ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. 1:8-ൽ പൌലൊസിന്റെ അപ്പൊസ്തലിക അധികാരം സ്ഥിരീകരിക്കുന്നത് എപ്രകാരം?
2. അടിമത്വം എന്ന വിഷയത്തെ ഈ പുസ്തകം എപ്രകാരം സ്വാധീനിക്കുന്നു?
3. 18-ാം വാക്യം, ഒനേസിമൊസ് തന്റെ യജമാനനിൽ നിന്നും എന്തെങ്കിലും മോഷ്ടിച്ചു എന്ന് അർത്ഥമാക്കുന്നുേ ാ?
4. പൌലൊസ് ഒരു പകർപ്പെഴുത്തുകാരനെ ഉപയോഗിച്ചിരുന്നുവെന്ന് 19-ാം വാക്യം സൂചിപ്പിക്കുന്നുേ ാ?

## എബ്രായലേഖനം: ഒരു ആമുഖം

### I. നിർണ്ണായക പ്രാരംഭ പ്രസ്താവനകൾ

ഈ പുസ്തകം ഞാൻ പഠിച്ചപ്പോൾ, എന്റെ വേദശാസ്ത്രം പൌലോസിന്റെ വേദശാസ്ത്രവുമായി കൂടുതൽ സ്പഷ്ടമായതും യോജിക്കുന്നതാണെന്നും ഗ്രഹിച്ചു. പൌലോസിന്റെ രചനാ ശൃംഖലയിൽ ഉൾപ്പെടുത്തുന്നതിനാൽ, ദൈവനിശ്വാസീയ ചിന്തകൾക്കുമീതെ പുതിയനിയമത്തിന്റെ ബഹുഗ്രന്ഥ കർത്തൃത്വം അനുവദിക്കുവാൻ എനിക്കു പ്രയാസമു ്. എബ്രായ ലേഖനത്തിൽ വിശ്വാസത്തിലുള്ള നിരന്തരത്വം ഊന്നിപ്പറയുന്നതിനാൽ ഇത് പ്രത്യേകം തെളിവുള്ളതാണ്. എബ്രായ ലേഖനത്തിൽ, വിശ്വാസം എന്നത് ഒരു കോടതിപര ഭാഷാപര നിയമമല്ല, പ്രത്യുത അന്ത്യംവരെ നിൽക്കുന്ന വിശ്വസ്ത ജീവിതമാണ് (അദ്ധ്യായങ്ങൾ 11-12).

എബ്രായ ലേഖനത്തിൽ ഞാൻ ഉന്നയിക്കുന്ന അനവധി ചോദ്യങ്ങളും ഈ ഗ്രന്ഥകർത്താവിനാൽ (ഒപ്പം പത്രൊസ്, യാക്കോബ്) ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഞാൻ ഭയപ്പെടുന്നു; മറ്റ് പുതിയ നിയമ പുസ്തകങ്ങൾപോലെ തന്നെ എബ്രായലേഖനവും ഒരു സന്ദർഭ പശ്ചാത്തലമുള്ള പുസ്തകമാകുന്നു. ഗ്രന്ഥകർത്താവ് എന്നെ അസ്വസ്ഥനാക്കുമ്പോൾത്തന്നെ, ഞാൻ പരിപോഷിച്ച ശൃംഖലകൾ ഉപയോഗിക്കാതിരിക്കുമ്പോൾ, അല്ലെങ്കിൽ ആ ശൃംഖലകൾ മൗലികമായി തടസ്സപ്പെടുത്തുമ്പോൾ, ഗ്രന്ഥകർത്താവു തന്നെ സംസാരിക്കുന്നതിനായി ഞാൻ സ്വയം ആഗ്രഹിക്കുന്നു. പുതിയനിയമത്തിലെ ഗ്രന്ഥകർത്താവിന്റെ ദൈവനിശ്വാസീയമായ സന്ദേശത്തിന്നു, എന്റെ വ്യവസ്ഥാപിത ദൈവശാസ്ത്രം പകരമാകാതിരിക്കുവാൻ ഞാൻ ശ്രദ്ധിക്കുന്നതാണ്.

എന്റെ വേദശാസ്ത്ര സൈദ്ധാന്തികത്തെപ്പറ്റി അനുതപിക്കുകയും ഞാൻ സമ്പൂർണ്ണമായി ഗ്രഹിച്ചിട്ടില്ലാത്ത പുതിയനിയമ സമ്മർദ്ദത്തിൽ ജീവിക്കുവാൻ മുൻഗണന നൽകുന്നു! ആധുനിക സുവിശേഷ വിഹിത കീഴ്വഴക്ക സമ്പ്രദായപ്രകാരം പുതിയനിയമം ഞാൻ വ്യാഖ്യാനിക്കുമോ എന്നും ഞാൻ ഭയപ്പെടുന്നു. വേദപുസ്തക വാഗ്ദത്തങ്ങൾ, ദൈവസ്നേഹത്തിന്റെ വാഗ്ദത്തങ്ങൾ, കരുതൽ, സംരക്ഷണശക്തി എന്നിവയിൽ ഞാൻ ഉറച്ചു നിൽക്കുന്നു. അപ്പോൾത്തന്നെ, പുതിയനിയമത്തിലെ മുന്നറിയിപ്പുകളിലും കല്പനകളിലും എനിക്കു തികഞ്ഞ ബോധ്യവുമു ്. എബ്രായ ലേഖനം പരവശ്യതയോടെ കേൾക്കുവാൻ ഞാനാഗ്രഹിക്കുന്നു. എന്നാൽ അത് വേദനാപരവുമാണ്! ഈ സമ്മർദ്ദം വിവരിക്കാൻ ഞാൻ ബദ്ധപ്പെടുന്നു. യഥാർത്ഥത്തിൽ ഞാൻ കരുതുന്നു, സൗജന്യമായ ആത്മരക്ഷയും എന്നാൽ സമ്പൂർണ്ണ ക്രിസ്തീയ ജീവിതത്തിന്റെ വിലയും ഞാൻ ഉറപ്പിച്ചു പറയുവാൻ ആഗ്രഹിക്കുന്നു. പൂർണ്ണത (കാല്പനികം) വ്യക്തമാക്കുവാൻ പ്രയാസപ്പെടുമ്പോൾ എവിടെ അതിർവരമ്പു വരയ്ക്കണം? പ്രാഥമിക വിശ്വാസത്തിന്റെ പ്രതിതസ്പന്ദനമാണോ ദൈവവുമായുള്ള നിത്യകൂട്ടായ്മ, അതോ, വിശ്വാസത്തിന്റെ നിരന്തരത്വ പ്രതിതസ്പന്ദനമാണോ? വിശ്വാസത്തിന്റെ നിരന്തരത്വ പ്രതിതസ്പന്ദനം ഒരു വ്യക്തമായ കല്പനയായി എബ്രായ ലേഖനം വെളിപ്പെടുത്തുന്നുമു ്. ക്രിസ്തീയ ജീവിതം, പ്രാരംഭാടിസ്ഥാനത്തിലല്ല, അന്ത്യന്തിക പര്യവസാന പ്രകാരമാണ് ക്രിസ്തീയ ജീവിതം വീക്ഷിക്കേ ത്!

ഇതിനാൽ പ്രവൃത്തി കേന്ദ്രീകൃത രക്ഷ എന്ന ധ്വനിയല്ല, പ്രത്യുത പ്രവൃത്തി കേന്ദ്രീകൃത ദൃഢീകരണ ധ്വനിയാണുള്ളത്. വിശ്വാസം തെളിവാണ്, യാന്ത്രികമല്ല (കൃപ). ക്രിസ്തുവിശ്വാസികൾ പ്രവൃത്തിയാലല്ല, എന്നാൽ സൽപ്രവൃത്തികൾക്കുവേ ിയാണ് രക്ഷിക്കപ്പെട്ടത്. രക്ഷയ്ക്കുള്ള ഉപാധിയല്ല പ്രവൃത്തികൾ എന്നാൽ രക്ഷയുടെ ഫലമാണ്. ദൈവഭക്തിയും വിശ്വസ്തതയും ക്രിസ്തുവിനെപ്പോലെയുള്ള ജീവിതവും നാം പ്രവർത്തിക്കുന്ന എന്തെങ്കിലുമല്ല, പ്രത്യുത നാം ക്രിസ്തുവിൽ ആരായിരിക്കുന്നു എന്നതിന്റെ തെളിവാണ്. ഹൃദയവും സാഹചര്യവും യഥാർത്ഥമായി ദൈവം മാത്രം അറിയുന്നു. രക്ഷയുടെ ഉറപ്പ് എന്നതു വിശ്വാസ ജീവിതത്തിന്റെ ഒരു സഹകാരിയാണ്. ഫലശൂന്യമായ ജീവിതശൈലിയെന്ന വേദശാസ്ത്രപര ഉറപ്പല്ല.

എബ്രായലേഖനത്തെ ഒരു വേദശാസ്ത്ര അടിക്കുടിപ്പായി തരംതാഴ്ത്തി കാൽവിൻ അല്ലെങ്കിൽ അർമീനിയൻ എന്നീ വ്യവസ്ഥാപിത ദൈവശാസ്ത്ര വീക്ഷണത്തിൽ നിന്നും വ്യത്യസ്ഥമായി പുതിയ നിയമത്തിലെ ദൈവനിശ്വാസീയ സന്ദേശം വ്യക്തമായി സംസാരിക്കാൻ നാം അനുവദിക്കണമെന്നാണ് എന്റെ പ്രാർത്ഥന.

### II. പ്രാരംഭ ഉൾക്കാഴ്ചകൾ

A. ഈ പുസ്തകത്തിലെ പഴയനിയമ വേദഭാഗങ്ങൾ യെഹൂദനിയമ പണ്ഡിതരാൽ വിവക്ഷിച്ച് അതിന്റെ സന്ദേശം ആശയവിനിമയം നൽകി. ഗ്രന്ഥകർത്താവിന്റെ മൂലഭാഷയിലുള്ള ഉദ്ദേശ്യം ഗ്രഹിക്കുന്നതിനായി ഒന്നാം നൂറ്റാ ിലെ യെഹൂദാനിയമ പാണ്ഡിത്യപ്രകാരം വ്യാഖ്യാനിക്കണം, ആധുനിക പാശ്ചാത്യ ആശയപ്രകാരം അരുത്.

B. ഈ പുസ്തകം ഒരു പ്രസംഗംപോലെ ആരംഭിക്കുകയും (അഭിവാദനമോ സാധാരണ അഭിവന്ദനമോ ഇല്ല); ഒരു ലേഖനംപോലെ പര്യവസാനിക്കുകയും ചെയ്യുന്നു (പൌലൊസിന്റെ സാധാരണ

ലേഖനം ഉപസംഹാരംപോലെ, അദ്ധ്യാ. 13). ഒരു പള്ളിയിലെ (Synagogue) ധർമ്മപ്രസംഗം ഒരു ലേഖനമായി പരിണമിച്ചു. 'പ്രബോധന വാക്യം' 13:22 എന്ന് ഗ്രന്ഥകർത്താവ് ഈ പുസ്തകത്തെ അഭിസംബോധന ചെയ്യുന്നു. ഒരു പ്രസംഗത്തിൽ, പ്രവൃത്തി 13:15-ൽ ഈ പദപ്രയോഗം ശ്രദ്ധിക്കാം.

C. മോശൈക ഉടമ്പടിയുടെ ഒരു പുതുനിയമ വ്യാഖ്യാന ഉൾക്കാഴ്ചയാണിത്:
   1. പഴയനിയമത്തിന്റെ ആധികാരിക വീക്ഷണം
   2. പഴയ-പുതിയ ഉടമ്പടികളുടെ ഒരു താരതമ്യം
   3. യേശു നമ്മുടെ മഹാപുരോഹിതൻ എന്ന് വിശേഷിപ്പിക്കുന്ന ഏക പുതിയനിയമ പുസ്തകം.

D. പിൻമാറ്റം ("വീണുപോവുക" ഒ.നോ.10:38) അഥവാ, യെഹൂദാ പാരമ്പര്യത്തിലേക്കുള്ള മടങ്ങിപ്പോക്ക് (ie, അദ്ധ്യായങ്ങൾ 2,4,5,6,10,12; ഒ.നോ. *No Easy Salvation* by R.C. Glaze, Jr., Published by Insight Press).

E. ആത്മരക്ഷയുടെ ഭദ്രത ഒരു പ്രാഥമിക സത്യമായി സ്ഥിരീകരിച്ചുകൊ ് രക്ഷ സർവ്വാധികാരിയായ ദൈവത്തിന്റെ പൂർത്തീകരിക്കപ്പെട്ട (ie. വിശ്വാസത്താൽ നീതീകരണം) ഒരു പ്രവൃത്തിയാണ് എന്നാണ് പൌലൊസ് ഊന്നിപ്പറയുന്നത്. അത് അധികമായ ഒരു സാമാന്യവൽക്കരണമാണെങ്കിലും വളരെ സഹായകരമായ ഒരു വീക്ഷണമാണ്. പുതിയനിയമപ്രകാരം നിരന്തര ഉത്തരവാദിത്തം പത്രൊസും യാക്കൊബും 1, 2 യോഹന്നാനും ഊന്നിപ്പറയുന്നു. രക്ഷാഭദ്രത ദൈനംദിന ജീവിതത്തിൽ രൂപാന്തരപ്പെട്ടതും രൂപാന്തരപ്പെട്ടുകൊ ിരിക്കുന്നതും മുഖാന്തിരം സ്ഥിരപ്പെടുന്നതുമാണ് എന്ന് കാണാം. രക്ഷാഭദ്രത ആത്യന്തികം അവസാനം എന്ന കാഴ്ചപ്പാടിൽ സ്ഥിരപ്പെടുന്ന വിധത്തിൽ, വിശ്വാസജീവിതത്തിലെ നിരന്തര വിശ്വസ്തതയ്ക്കു ഊന്നൽ നൽകുന്നതാണ് എബ്രായ ലേഖനം (ie. അദ്ധ്യാ.11). ആധുനിക പാശ്ചാത്യ യുക്തി-ബുദ്ധി വാദികൾ ഈ കാഴ്ചപ്പാടുകൾ ധ്രുവീകരിക്കുമ്പോൾ, പുതിയനിയമം, ദൈവീക ഗ്രന്ഥകർത്താവ് (ie. പരിശുദ്ധാത്മാവ്) ഈ വിഷയങ്ങൾ ഒരു സമ്മർദ്ദത്തിൽ നിർത്തുകയും ഇവ മൂന്നും സ്ഥീരീകരിക്കുകയും ചെയ്യുന്നു. ഭദ്രത ഒരു ലക്ഷ്യമല്ല, ദൈവിക വാഗ്ദത്തത്തിന്റെയും വിശ്വാസത്തിന്റെയും ഒരു അനന്തര ഫലമാണ്.

## III. ഗ്രന്ഥകർതൃത്വം

A. എബ്രായലേഖന ഗ്രന്ഥകർതൃത്വം തർക്കവിഷയമാണെങ്കിലും വിവിധ പുരാതന തത്ത്വവാദ (ജ്ഞാനേയവാദം) കൃതികളിലും *(ie. Gospel of Truth, Gospel of Philip and The Apocrypha of John)* ആവർത്തിച്ച് ഉദ്ധരിച്ചിട്ടു ്. ര ാം നൂറ്റാ ിലെ ആധികാരിക ക്രിസ്തീയ കൃതികളിലും പരിഗണിക്കപ്പെടുംവിധം ഭാഗമായിരുന്നു ഈ ലേഖനം (cf. Andrea Helmbold's *The Nag Hammadi Gnostic Texts and the Bible,* p. 91).

B. പുരാതന പാപ്പിറസ് കൈയെഴുത്തുപ്രതി $P^{46}$-ൽ എബ്രായലേഖനം പൌലൊസിന്റെതാണെന്ന് ദൃശ്യമാണ്, അതുപോലെ പൗരസ്ത്യസഭകൾ (അലക്സന്ത്രറിയ, ഈജിപ്റ്റ്) പൌലൊസാണ് ഗ്രന്ഥകർത്താവ് എന്നു അംഗീകരിക്കുന്നു. Chester Beatty Papyri എന്നാണ് ഈ കൈയെഴുത്തുപ്രതി അറിയപ്പെടുന്നത്. ര ാം നൂറ്റാ ിന്റെ അവസാനകാലത്തുള്ള ഈ പകർത്തെഴുത്തിൽ റോമലേഖനത്തിനുശേഷമാണ് എബ്രായലേഖനം ചേർത്തിട്ടുള്ളത്. പൌലൊസിന്റെ ഗ്രന്ഥകർതൃത്വവുമായി ബന്ധപ്പെടുത്തി ചില സാഹിത്യ പ്രശ്നങ്ങൾ അലക്സന്തറിയയിലെ നേതാക്കന്മാർ ഉന്നയിച്ചിട്ടുമു ്.
   1. പൌലൊസ് എബ്രായഭാഷയിൽ എഴുതിയ ഈ ലേഖനം ലൂക്കൊസ് യവനഭാഷയിലേക്കു പരിഭാഷപ്പെടുത്തിയെന്ന് അലക്സാന്ത്രയിലെ ക്ലെമന്ത് അഭിപ്രായപ്പെടുന്നു (യൂസെബസ് A.D.150-215-ൽ ഉദ്ധരിച്ചിട്ടു ്).
   2. ഒരഗൻ (A.D.185-253) പ്രസ്താവിക്കുന്നത് ഉപദേശചിന്തകൾ പൌലൊസിന്റേതാണെങ്കിലും അവ രചിച്ചത് പിൽക്കാല അനുഗാമികളായ ലൂക്കൊസ് അല്ലെങ്കിൽ റോമിലെ ക്ലെമന്ത് ആണെന്നാണ്.

C. മുറട്ടാറിയൻ കക്ഷണം (Muratorian Fragment) (A.D. 180-200 ലെ റോമിൽ നിന്നുള്ള കാനോനിക പുതിയനിയമ പുസ്തകങ്ങളുടെ പട്ടിക) എന്നറിയപ്പെടുന്ന പാശ്ചാത്യസഭകൾ അംഗീകരിക്കുന്ന പൌലൊസിന്റെ പുസ്തകങ്ങളുടെ പട്ടികയിൽ നിന്നും ഈ ഗ്രന്ഥം ഒഴിവാക്കിയിട്ടു ്.

D. ഗ്രന്ഥകർത്താവിനെപ്പറ്റി നമുക്ക് എന്താണ് അറിയാവുന്നത്:
1. പ്രത്യക്ഷത്തിൽ, താൻ ര ാംതലമുറയിലെ യഹൂദാ ക്രിസ്ത്യാനിയായിരുന്നു (2:3)
2. സെപ്റ്റുജന്റ് എന്ന പഴയനിയമങ്ങളുടെ ഗ്രീക്ക് പരിഭാഷയിൽനിന്നും ഉദ്ധരിച്ചിട്ടു ്.
3. നിലവിലുള്ള ആലയ ആചാരങ്ങളല്ല പുരാതന സമാഗമനകൂടാരത്തിലെ സമ്പ്രദായങ്ങളാണ്
4. ക്ലാസിക്കൽ ഗ്രീക്ക് വ്യാകരണവും പദഘടന/വാക്യഘടന (Syntax) ഉപയോഗിച്ചുള്ള എഴുത്താണിത്. (അതിന്ദ്രിയമായ പുസ്തകമല്ലിത്, അതിന്റെ ക്രമീകരണം പഴയനിയമമാണ്, ഫിലൊ അല്ല)

E. ഈ പുസ്തകത്തിന്റേത് അജ്ഞാതനാമമാണെങ്കിലും ഗ്രന്ഥകർത്താവ് സ്വീകർത്താക്കൾക്കു സുപരിചിതനാണ് (ഒ.നോ. 6:9-10;10:34;13:7,9)

F. പൌലൊസിന്റെ ഗ്രന്ഥകർതൃത്വം സംശയിക്കുന്നതിന്റെ കാരണമെന്ത്?
1. പൌലൊസിന്റെ എഴുത്തുകളിൽവച്ച് വ്യത്യസ്തമായ ശൈലിയാണ് (13-ാം അദ്ധ്യായം ഒഴികെ) ഈ പുസ്തകത്തിനുള്ളത്.
2. പദസഞ്ചയം വ്യത്യസ്തമാണ്.
3. പദപ്രയോഗങ്ങൾ, ഉപവാക്യങ്ങളുടെ ഉപയോഗം, അവയുടെ ഊന്നലുകൾ എന്നിവയ്ക്കു സസൂക്ഷ്മ വ്യത്യാസങ്ങൾ ഉ ്.
4. പൌലൊസ് തന്റെ സ്നേഹിതരെയും സഹപ്രവർത്തകരെയും ''സഹോദരൻ' എന്ന് വിശേഷിപ്പിക്കുമ്പോൾ ആദ്യം ആ വ്യക്തിയുടെ പേരാണ് ചേർക്കാറുള്ളത്. (ഒ.നോ. റോമ. 16:23; 1 കൊരി. 1:1; 16:12; 2 കൊരി..1:1; 2:13; ഫിലി. 2:25) എന്നാൽ 13:23-ൽ ''ഞങ്ങളുടെ സഹോദരൻ തിമൊഥെയോസ്''എന്നാണ് രേഖപ്പെടുത്തുന്നത്.

G. **ഗ്രന്ഥകർതൃത്വ സിദ്ധാന്തങ്ങൾ**

1. പൌലൊസ് എബ്രായഭാഷയിൽ പ്രഥമമായി എഴുതിയ പുസ്തകം ലൂക്കൊസ് ഗ്രീക്കുഭാഷയിലേക്കും (ലൂക്കൊസ് മനോഹരമായ Koine Greek ഉപയോഗിച്ചിട്ടു ്) പരിഭാഷപ്പെടുത്തിയെന്ന് അലക്സാന്ത്രയിലെ ക്ലേമന്ത് തന്റെ പുസ്തകമായ *Hypotyposes*- ൽ (യൂസെബിയൊസ് ഉദ്ധരണി) രേഖപ്പെടുത്തുന്നു.
2. പൌലൊസിന്റെ ഉപദേശങ്ങൾ അനുഗമിച്ച ലൂക്കൊസ് അല്ലെങ്കിൽ റോമിലെ ക്ലെമന്ത് എഴുതി എന്ന് ഒറഗൺ പറഞ്ഞു.
3. പാശ്ചാത്യ സഭകളെക്കാൾ എബ്രായലേഖനം കാനോനിക പുസ്തകശൃംഖലയുടെ ഭാഗമാക്കുന്നതു സുഗമമാക്കുന്നതിനായി ജെറോം, അഗസ്റ്റിൻ എന്നിവർ ഇത് പൌലൊസ് എഴുതിയതെന്ന് അംഗീകരിച്ചു.
4. ബർണബാസ് (പൌലൊസിന്റെ സഹകാരിയായ ലേവ്യൻ) എഴുതിയെന്ന് തെർത്തുല്യൻ *(De Pudic*-20) വിശ്വസിച്ചു
5. അലക്സാന്ത്രിയയിലെ ബുദ്ധിമാനും പൌലൊസിന്റെ സഹപ്രവർത്തകനുമായ അപ്പല്ലൊസ് (ഒ.നോ. പ്രവൃ. 18:24) എഴുതിയെന്ന് മാർട്ടിൻ ലൂഥ ർ പ്രസ്താവിച്ചു.
6. റോമിലെ ക്ലെമന്ത് (A.D. 96 ആദ്യം പ്രസ്താവിച്ച വ്യക്തി) അല്ലെങ്കിൽ ലൂക്കൊസ് ആണ് ഗ്രന്ഥകർത്താവെന്ന് കാൽവിൻ പ്രസ്താവിച്ചു.
7. അക്വിലാസും പ്രിസ്കില്ലയും (അപ്പല്ലൊസിനെ സമ്പൂർണ്ണ സുവിശേഷം ഇവർ പഠിപ്പിക്കുകയും പൌലൊസ്, തിമൊഥെയൊസ് എന്നിവർക്കൊപ്പം പങ്കാളികളായിത്തീരുകയും ചെയ്തു, ഒ.നോ. Acts_18:26) രചിച്ചുവെന്ന് Adolph Van Harnack പറഞ്ഞു.
8. പൌലൊസ് കൈസര്യയിലെ കാരാഗൃഹത്തിലായിരുന്നപ്പോൾ തനിക്കുവേ ി ഫിലിപ്പൊസ് (സുവിശേഷകൻ) എഴുതിയെന്ന് Sir William Ramsey അഭിപ്രായപ്പെടുന്നു.
9. സ്വിലാനൊസ് (ശീലാസ്) അല്ലെങ്കിൽ ഫിലിപ്പൊസ് എന്ന് മറ്റുള്ളവരും അഭിപ്രായപ്പെടുന്നു.

## IV. സ്വീകർത്താക്കൾ

A. ''എബ്രായർക്കു'' എന്ന ശീർഷകം, എബ്രായജനതയെ അഭിസംബോധന ചെയ്യുന്നതാകയാൽ, ഈ പുസ്തകം എല്ലാ യെഹൂദർക്കുംവേ ിയെഴുതി എന്ന് ഗ്രഹിക്കാം (ഒ.നോ. Clement of Alexandria, quoted by Eusebius, *Eccl.Hist.VI, 14).*

B. യഹൂദരുടെ വിശ്വസിക്കുന്ന ഒരു പ്രത്യേക വിഭാഗക്കാരോ അല്ലെങ്കിൽ ഒരു സിനഗോഗ് ആയിരിക്കാം ഗ്രന്ഥകാരന്റെ മനസ്സിൽ എന്ന് ആന്തരിക തെളിവുകളാൽ അനുമാനിക്കാം എന്ന് R.C.Glaze, Jr.'s *No Easy Salvation* എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. (ഒ.നോ. 6:10, 10:32-34; 12:4; 13:7, 19, 23).

1. അനവധി പഴയനിയമ ഉദ്ധരണികളും വിഷയാവതരണവും വിലയിരുത്തുമ്പോൾ സ്വീകർത്താക്കൾ യഹൂദാ വിശ്വാസികളെന്നു കരുതാം (ഒ.നോ. 3:1; 4:14-16; 6:9; 10:34; 13:1-25)
2. സ്വീകർത്താക്കൾ ചില പീഢനം അനുഭവിച്ചിട്ടു ് (ഒ.നോ. 10:32; 12:4) ഒന്നാം നൂറ്റാ ിന്റെ പ്രാരംഭ ദശയിൽ യഹൂദാ നിയമപരമായി റോമാ അധികാരികളാൽ അംഗീകരിക്കപ്പെട്ട മതമായിരുന്നുവെങ്കിൽ, പിൽക്കാലത്തു പള്ളിയിലെ ആരാധനയുടെ വേർപാട് ക്രിസ്തീയതയെ ഒരു നിയമവിരോധമായി പരിഗണിച്ചു.
3. ദീർഘകാലം ഇവർ വിശ്വാസികളായിരുന്നുവെങ്കിലും ഇക്കൂട്ടർ അപക്വരായിരുന്നു (ഒ.നോ. 5:11-14) യെഹൂദാ മതത്തിൽ നിന്നും സമ്പൂർണ്ണമായി വേർപെടുന്നതു ഭയമുളവാക്കി (ഒ.നോ. 6:1-2).

C. ഒന്നുകിൽ (1) റോമിലെ ഇതല്യയിൽ നിന്നോ (2) ഇതല്യയിലുള്ളവർക്കുവേ ിയോ എഴുതി എന്ന് അവ്യക്തമായ വാക്യത്തിന് (13:24) ധ്വനിയു ്.

D. ഗ്രന്ഥകർതൃത്വ സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ടാണ് സ്വീകർത്താക്കളുടെ സ്ഥലവും കരുതപ്പെടുന്നത്.

1. അലക്സാന്ത്രിയ - അപ്പല്ലൊസ്
2. അന്ത്യൊക്യ - ബർണബാസ്
3. കൈസര്യ - ലൂക്കൊസ് - ഫിലിപ്പൊസ്
4. റോം - റോമിലെ ക്ലെമന്ത്, 13:24 സൂചിപ്പിക്കുന്ന ഇതല്യ
5. സ്പെയിൻ - Lyra യിലെ Nicolas ന്റെ സിദ്ധാന്തം (A.D. 1270-1340)

## V. രചനാകാലഘട്ടം

A. റോമാ സേനാധിപതി തീത്തൊസ് (പിന്നീട് ചക്രവർത്തി) A.D. 70-ൽ യെരുശലേം നശിപ്പിക്കുന്നതിന് മുൻപ്

1. പൌലൊസിന്റെ സഹകാരിയായ തിമൊഥെയൊസിനെ പേരുവിളിച്ച് ഗ്രന്ഥകാരൻ പരാമർശിക്കുന്നു (ഒ.നോ. 13:23)
2. ആലയത്തിൽ യാഗങ്ങൾ തുടരുന്ന വിവരം ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. (ഒ.നോ. 8:13; 10:1-2)
3. നീറോയുടെ കാലത്തെ (A.D. 54-68) പരാമർശിക്കുന്ന പീഢനം ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു
4. യഹൂദാമതാചാരത്തിലേക്കു മടങ്ങിപ്പോകാതിരിക്കുന്നതിന് ഗ്രന്ഥകാരൻ വായനക്കാരെ ഉത്സാഹിപ്പിക്കുന്നു.

B. A.D. 70 നുശേഷം

1. ഹെരോദാവിന്റെ ആലയമല്ല, സമാഗമനകൂടാരത്തിലെ ആചാരങ്ങളെയാണ് ഗ്രന്ഥകർത്താവ് പരാമർശിക്കുന്നത്.
2. പീഢനത്തെക്കുറിച്ച് സൂചിപ്പിക്കുന്നു
   a. നീറോയുടെ പീഢനം (ഒ.നോ. 10:32-34)
   b. ഡൊമിഷ്യന്റെ കാലത്തെ പീഢനം (ഒ.നോ. 12:4-13)
3. ഒന്നാം നൂറ്റാ ിന്റെ അവസാനകാലത്തുള്ള യഹൂദാ നിയമപണ്ഡിതരുടെ (Jamnia യിൽ നിന്നുള്ള എഴുത്ത്) ഉണർവ്വുമായും ബന്ധപ്പെടുത്താം.

C. റോമിലെ ക്ലെമന്ത് ഈ പുസ്തകത്തിൽ നിന്നും ഉദ്ധരിച്ചിട്ടുള്ളതിനാൽ A.D. 95 ന് മുമ്പാണ് എഴുതിയതു എന്നു കണക്കാക്കാം.

## VI. ലേഖനോദ്ദേശ്യം

A. യഹൂദാ ക്രിസ്ത്യാനികൾ സിനഗോഗ് വിട്ട് ദൈവസഭയുടെ ഭാഗമാണ് എന്ന് പൊതുവായി (പൂർണ്ണമായി) അനുരൂപമാകുന്നതും (ഒ.നോ. 13:13).

B. സുവിശേഷ ദൗത്യം യെഹൂദാക്രിസ്ത്യാനികൾ ഏറ്റെടുക്കുവാൻ ഉത്സാഹിപ്പിക്കുന്നു (ഒ.നോ. മത്താ. 28:19-20; പ്രവൃ. 1:8).

C. യഹൂദാ ക്രിസ്ത്യാനികൾക്കൊപ്പം അവിശ്വസിക്കുന്ന യഹൂദന്മാരുടെ കൂട്ടായ്മയും 6,10 അദ്ധ്യായ ങ്ങളിലെ ശ്രദ്ധാകേന്ദ്രമാണ്. ഈ മൂന്ന് വിഭാഗക്കാരുടെ സാന്നിധ്യം ''ഞങ്ങൾ'' ''നിങ്ങൾ'' ''അവർ'' എന്നീ പദപ്രയോഗത്തിലൂടെ ശ്രദ്ധേയമാണ്. തങ്ങളുടെ ക്രിസ്തീയ സ്നേഹിതരുടെയും സഹആ രാധനക്കാരുടെയും ജീവിതത്തിൽ സമൃദ്ധമായും തെളിവായും വ്യക്തിപരമായി പ്രതിധ്വനിക്കുന്ന തിന് ഉത്സാഹിപ്പിക്കുകയും മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു.

D. R.C.Glaze, Jr.No. ന്റെ *No Easy Salvation* എന്ന ഗ്രന്ഥത്തിൽ സങ്കല്പിച്ച് ചരിത്രപു നർനിർമ്മാണത്തിന് ''ക്രിസ്തീയ ബഹുപക്ഷവും അക്രൈസ്തവ ന്യൂനപക്ഷവും തമ്മിലുള്ള സമ്മർദ്ദമല്ല ഈ മേഖലയിലെ പ്രതിസന്ധി. നേർവിപരീതമാണെന്നതാണ് വാസ്തവം. ഈ സഭ യിലെ യഹൂദാ ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസവും ഗൃഹകാര്യവിചാരവും അനുരഞ്ജന വിധേയമാക്കുകയും ഇരുവിഭാഗക്കാരും ചേർന്ന് ഒരു സഭയായി ആരാധിക്കുകയും ചെയ്തു. ഇരു വിഭാഗക്കാരും എതിർവിഭാഗത്തിന്റെ മനസ്സിനെ വേദനിപ്പിച്ചുമില്ല. സിനഗോഗിലെ അവിശ്വസി ക്കുന്ന രക്ഷിക്കപ്പെടാത്ത വ്യക്തികളിൽ ബോധ്യമോ, പാപബോധമോ തീരുമാനമെടുക്കാനുള്ള വചനമോ ഉളവാക്കുംവിധം വിശ്വസിക്കുന്ന വിഭാഗത്തിൽ നിന്നും പ്രസംഗമായി കൊ ുവന്നില്ല. ക്രിസ്തീയ ജീവിതം സധൈര്യമായി തുടരുന്നതിനുള്ള ഉപാധികൾ ഒന്നും അംഗീകരിക്കാൻ മന സ്സില്ലാതെ ക്രിസ്ത്യാനികൾ മന്ദഗതിയിലായ അവസ്ഥയു ായി. പരമ അനാസ്ഥയാൽ നിരന്തരം തങ്ങളുടെ ഹൃദയം കഠിനപ്പെടുത്തിയ അവസ്ഥയായിരുന്നു അവിശ്വാസികളുടേത്. തമ്മിൽ പൊരു ത്തപ്പെട്ട അവസ്ഥയിൽ ഇരു വിഭാഗക്കാരും എത്തിച്ചേർന്നു.

ര ് അപൂർവ്വതകളുടെ പ്രചോദനത്താൽ ''പരിജ്ഞാനപൂർത്തി പ്രാപിക്കുവാൻ'' (6:1) ക്രിസ്തീയ വിഭാഗങ്ങൾ വൈമനസ്യപ്പെട്ടു. യഹൂദാ പാരമ്പര്യ ആചാരങ്ങളിലുള്ള ഉയർന്ന ആദരവ് (2) ക്രിസ്തീയ സമ്പൂർണ്ണ താദാത്മ്യനിരൂപണത്തിന് വില നൽകാനുള്ള വൈമനസ്യം, ഇവ ജാതികളിലാണ് അധികമധികമായി ക ുവരുന്നത്. (p. 23).

## VII. എബ്രായലേഖനത്തിന്റെ വിഷയവിഭജനം (Outline)

| | |
|---|---|
| 1:1–3 | പ്രവാചകരെക്കാൾ പുത്രൻ ശ്രേഷ്ഠൻ |
| 1:4–2:18 | ദൂതന്മാരെക്കാൾ പുത്രൻ ശ്രേഷ്ഠൻ |
| 3:1–4:13 | മോശയുടെ ഉടമ്പടിയെക്കാൾ പുത്രൻ ശ്രേഷ്ഠൻ |
| 4:14–5:10; 6:13–7:28 | അഹരോന്റെ പൗരോഹിത്യത്തെക്കാൾ പുത്രൻ ശ്രേഷ്ഠൻ |
| 5:11–6:12 | അവിശ്വാസികളായ യഹൂദരെക്കാൾ വിശ്വാസികളായ യഹൂദർ ശ്രേഷ്ഠൻ |
| 8:1–10:18 | മോശൈക ഉടമ്പടിയുടെ ആചാരങ്ങളെക്കാൾ പുത്രൻ ശ്രേഷ്ഠൻ |
| 10:19–13:25 | പുത്രന്റെ ശ്രേഷ്ഠത വിശ്വാസികളിൽ വെളിപ്പെടുന്നു. |

## VIII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. ''ഈ അന്ത്യകാലത്തു,'' 1:2
2. ''അവൻ തേജസ്സിന്റെ പ്രഭയും,'' 1:3
3. ''തത്ത്വത്തിന്റെ മുദ്ര'' 1:3
4. തേജസ് 1:3
5. ''അതുകൊ ് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേ തിനു,'' 2:1
6. ''ദൂതന്മാർ മുഖാന്തരം അരുളിചെയ്ത വചനം,'' 2:2
7. ''അവൻ എല്ലാവർക്കും വേ ി മരണം ആസ്വദിച്ചു,'' 2:9
8. ''സകലത്തിനും കാരണഭൂതനായ രക്ഷാനായകൻ,'' 2:10
9. ''വിശ്വസ്ത മഹാപുരോഹിതൻ,'' 2:17, 4:15
10. സദൃശൻ 2:17
11. അപ്പൊസ്തലൻ 3:1
12. മഹാപുരോഹിതൻ 3:1
13. സ്വീകാരം 3:1; 4:14
14. ഇന്ന് 3:13
15. ''ഏഴാം നാളിൽ,'' 4:4

16. ''ഒരു ശബ്ബത്താനുഭവം,'' 4:9
17. ''ആകാശത്തിൽ കൂടി കടന്നു പോയവൻ,'' 4:14
18. ''പാപം ഒഴികെ,'' 4:15
19. ''അടുത്തു ചെല്ലുക,'' 4:16
20. ''ആദ്യപാഠങ്ങളുടെ ഉപദേശം,'' 5:12
21. സ്നാനം 6:2
22. ''സത്യം,'' 6:15
23. ''തിരശ്ശീല,'' 6:19
24. ''വിശേഷമേറിയ നിയമത്തിന് യേശു ഉത്തരവാദിയായി,'' 7:22
25. പക്ഷവാദം 7:25
26. വിശുദ്ധസ്ഥലം 8:2
27. ''സ്വർഗീയ ദൃഷ്ടാന്തവും നിഴലും,'' 8:5
28. ''പുതിയ നിയമം,'' 8:8,13
29. ''അതിവിശുദ്ധം,'' 9:3
30. അഹരോന്റെ (തളിർത്ത) വടി 9:4
31. കൃപാസനം 9:5
32. ''സാക്ഷികളുടെ ഇത്ര വലിയ സമൂഹം,'' 12:1
33. ''കയ്പുള്ള വേര്,'' 12:15
34. ''സ്വർഗീയ യെരുശലേം,'' 12:22

## IX. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വ്യക്തികൾ

1. ''ആദ്യജാതൻ,'' 1:6
2. ''അവനും അവരെപ്പോലെ ജഡരക്തങ്ങളോടുകൂടി,'' 2:14
3. ''ആരാകുന്നു കേട്ടിട്ടു മത്സരിച്ചത്,'' 3:16
4. മൽക്കിസദേക്ക് 5:6
5. 5:11-6:8-ൽ മൂന്ന് വിഭാഗക്കാരെ പരാമർശിക്കുന്നു. ''നിങ്ങൾ'' ''അവർ''- ''നമ്മൾ'' - ഓരോന്നും ആരെയാണ് സൂചിപ്പിക്കുന്നത്.
6. കെരൂബ് 9:5
7. ഹാനോക് 11:5
8. രാഹാബ് 11:31
9. ''വലിയ ഇടയൻ,'' 13:20
10. തിമൊഥെയൊസ് 13:23

## X. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. ശാലേം, 7:1
2. യെരിഹോ, 11:30
3. സീനായ്മല, 12:22
4. ഇതൊല്യ, 13:24

## XI. ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. 1:2-4 ൽ സൂചിപ്പിക്കുന്ന ''പുത്രൻ'' എന്ന പദം വിവരിക്കുന്ന വിവിധ വശങ്ങൾ/ഭാവങ്ങൾ ഏവ?
2. എബ്രായലേഖനത്തിലെ പ്രാരംഭ അദ്ധ്യായങ്ങളിൽ അധികമായി ദൂതന്മാരെപ്പറ്റി പ്രസ്താവിക്കുന്നതിന്റെ കാരണമെന്ത്?
3. ദൂതന്മാർ വിശ്വാസികളുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? (1:14)
4. ദൂതരെക്കാൾ യേശു അല്പം താഴ്മയുള്ളവൻ: എങ്ങനെ? (2:9)
5. 2:18, 4:15-ലെ പ്രധാന പ്രമേയം എന്ത്?
6. 3:1-6-ൽ യേശുവും മോശയും താരതമ്യം ചെയ്തിരിക്കുന്നത് എപ്രകാരം?
7. ആത്മാവിനെപ്പറ്റി 3:7-ലെ ധ്വനി എന്താണ്?
8. 3:12 എന്തിനെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്?

9. 3:11 ലെ ''അവർ എന്റെ സ്വസ്ഥതയിൽ പ്രവേശിക്കില്ല'' എന്ന ഉപവാക്യാർത്ഥം എന്ത്?
10. ക്രിസ്തീയ ഉറപ്പിനെക്കുറിച്ച് 3:14 എന്താണ് വ്യക്തമാക്കുന്നത്?
11. 4:12 സ്വന്തം വാക്കുകളിൽ വിവരിക്കുക.
12. പുരാതന കനാന്യ പുരോഹിതനെ ഗ്രന്ഥകർത്താവ് അവതരിപ്പിക്കുന്നതിന്റെ കാരണമെന്ത്? (5:6–10)
13. 5:8–9 ന്റെ പ്രസക്തിയെന്ത്?
14. 6:1–2–ലെ ഉപദേശം രേഖപ്പെടുത്തുക. അവർ ക്രിസ്ത്യാനികളോ അതോ യഹൂദരോ? എന്തുകൊ ്?
15. 6:6ലെ ''അസാധ്യം'' എന്ന പദം, വിശ്വസിച്ചവർ നിത്യമായി രക്ഷിക്കപ്പെടാം, അല്ല നഷ്ടപ്പെടും, അല്ല ഭദ്രമാണ് എന്നിങ്ങനെ വിവിധ അഭിപ്രായങ്ങൾ ഉള്ളതെന്തുകൊ ്?
16. മൽക്കിസദേക്ക് പിതാവും മാതാവും ഇല്ലാത്തയാൾ എന്ന് പറഞ്ഞിരിക്കുന്നതിന്റെ കാരണമെന്ത്? 7:3
17. അബ്രഹാം മൽക്കിസദേക്കിന് ദശാംശം കൊടുത്തുവെന്ന വിഷയം പ്രസക്തമായിരിക്കുന്നതെന്തുകൊ ്? (7:4–10)
18. 8:13 ഉം 10:4ഉം പഴയനിയമഭാഗത്തെ എങ്ങനെ പ്രതിധ്വനിക്കുന്നു?
19. 9:22 ഹൈന്ദവ വിശ്വാസത്തെ എങ്ങനെ ഖണ്ഡിക്കുന്നു?
20. 10:25 ഉം 39 ഉം ചരിത്രപശ്ചാത്തലവുമായി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു?
21. 6–ാം അദ്ധ്യായം 10–ാം അദ്ധ്യായവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
22. അദ്ധ്യായം 11 സ്വന്തം വാക്കുകളിൽ വിവരിക്കുക.
23. 12:2 എന്തിനെയാണ് സൂചിപ്പിക്കുന്നത്?
24. 13:8 ന്റെ അതിപ്രസക്തി എന്താണ്

# യാക്കോബിന്റെ ലേഖനം: ഒരു മുഖവര

## I. പ്രാരംഭ പ്രസ്താവനകൾ

A. പ്രായോഗിക ദൈനംദിന ക്രിസ്തീയതയ്ക്കു ഊന്നൽ നൽകുന്ന യാക്കോബിന്റെ ലേഖനം Soren Kierkegaard-ന്റെ പ്രിയലേഖനമാണ്.

B. റോമാ-ഗലാത്യ ലേഖനങ്ങളിലെ ''വിശ്വാസത്താൽ നീതീകരണം'' എന്ന വിഷയവുമായി യാക്കോബിന്റെ ലേഖനം വൈരുദ്ധ്യമുെ ന്ന തോന്നൽ കാരണം മാർട്ടിൻ ലൂഥറിന് പ്രിയം കുറഞ്ഞ ലേഖനമാണിത്.

C. പുതിയനിയമത്തിലെ മറ്റ് പുസ്തക സാഹിത്യങ്ങളിൽ നിന്നും വ്യത്യസ്ഥ സാഹിത്യമാണ് യാക്കോബിന്റെ ലേഖനം.

1. ജ്വലിക്കുന്ന പ്രവാചകനാൽ സംസാരിക്കപ്പെട്ട പുതിയ നിയമത്തിലെ സാദൃശ്യവാക്യങ്ങളാണിത് (ie. പരിജ്ഞാന-കാവ്യ സാഹിത്യം).
2. യേശുവിന്റെ മരണാനന്തരം, താമസംവിനാ, എഴുതപ്പെട്ടത്; എന്നാൽ യഹൂദാപരവും പ്രായാഗികവുമാണ്.

## II. ഗ്രന്ഥകർത്താവ്

A. പാരമ്പര്യപ്രകാരം യാക്കോബുതന്നെയാണ് ഗ്രന്ഥകാരൻ (എബ്രായ, ''ഖമരീയ''), യേശുവിന്റെ അർദ്ധസഹോദരൻ (നാലുസഹോദരങ്ങളിൽ ഒരുവൻ, ഒ.നോ. മത്തായി. 13:55; മർക്കൊസ് 6:3; പ്രവൃ. 1:14; 12:17; ഗലാ. 1:19). താൻ യെരുശലേം സഭയിലെ ഒരു നേതാവാണ് (A.D 48-62, ഒ.നോ. പ്രവൃ. 15:13-21; ഗലാ. 2:9).

1. 'നീതിമാനായ യാക്കോബ്' എന്ന പേരിലും പിന്നീട് ''ഒട്ടകമുട്ട്'' (camel knees) എന്ന അപരനാമത്തിലും അറിയപ്പെട്ടു, കാരണം താൻ മുട്ടുകൾ മടക്കിയായിരുന്നു എല്ലായ്പ്പോഴും പ്രാർത്ഥിച്ചത് (യൂസിബസിന്റെ Hegesippus-ൽ നിന്നുള്ള ഉദ്ധരണി).
2. യേശുവിന്റെ ഉയർത്തെഴുന്നേല്പുവരെ യാക്കോബ് ഒരു വിശ്വാസിയായിരുന്നില്ല. (ഒ.നോ. മർക്കൊസ് 3:21; യോഹ 7:5). ഉയർത്തെഴുന്നേറ്റയേശു യാക്കോബിന് വ്യക്തിപരമായി പ്രത്യക്ഷപ്പെട്ടു (ഒ.നോ. 1 കൊരി. 15:7).
3. ശിഷ്യന്മാർക്കൊപ്പം മാളികമുറിയിലും (ഒ.നോ. പ്രവൃ. 1:14) പെന്തക്കോസ്തുനാൾ പരിശുദ്ധാത്മാവ് വന്നപ്പോഴും താൻ സന്നിഹിതനായിരുന്നു.
4. താൻ വിവാഹിതനായിരുന്നു (ഒ.നോ. 1 കൊരി. 9:5).
5. സഭയുടെ ഒരു തൂണയായി പൗലോസ് സൂചിപ്പിക്കുന്നു. (ഗലാ:1:19, ഒരു പക്ഷേ ഒരു അപ്പൊസ്തലൻ) എന്നാൽ പന്ത്ര ു ശിഷ്യഗണത്തിന്റെ ഭാഗമല്ലായിരുന്നു. (ഒ.നോ. ഗലാ: 2:9; പ്രവൃ. 12:17; 15:13 ff.)
6. സെന്നഹിദ്രിൻ സംഘത്തിലെ സദൂക്യരുടെ കല്പനപ്രകാരം യാക്കോബ് കല്ലെറിയപ്പെട്ടു. A.D. 62-ൽ രക്തസാക്ഷിയായി എന്ന് യൂസെബെസ് Antiquities of the Jews, 20:9:1-ൽ രേഖപ്പെടുത്തി. ആലയത്തിലെ മതിലിൽ ചേർത്തുവച്ച് കൊല്ലപ്പെട്ടുവെന്ന് മറ്റൊരു പാരമ്പര്യം (ര ാം നൂറ്റാ ിലെ അലക്സാന്ത്രയിലെ Hegesippus) രേഖപ്പെടുത്തുന്നു.
7. യേശുവിന്റെ മരണാനന്തരം പല തലമുറകൾക്കുശേഷം യേശുവിന്റെ ഒരു ബന്ധു യെരുശലേം സഭയിലെ നേതാവായി നിയമിക്കപ്പെട്ടു.

B. യാക്കോബിന്റെ ഗ്രന്ഥകർതൃത്വത്തെക്കുറിച്ച് A.T. Robertson, *Studies in the Epistle of James*-ൽ പ്രസ്താവിക്കുന്നു.

അപ്പൊ.പ്രവൃത്തി.15:13-21ലെ പ്രസംഗകന്റെ പ്രസംഗവിഷയവും, ശൈലിയും, അനുകരണവും, പകർപ്പും ഈ ലേഖനത്തിലെ ഉള്ളടക്കവും ഒരേ ഉറവിടത്തിനുള്ള തെളിവാണ്. ഈ സമാനതകൾ യാക്കോബിന്റെ ലേഖനത്തിലും അന്ത്യൊക്യയ്ക്ക് യാക്കോബ് എഴുതിയ എഴുത്തിലും (പ്രവൃ.15:23-29) ദൃശ്യമാണ്. ഗിരിപ്രഭാഷണ അനുസ്മരണകൾ, ഒരുപക്ഷേ യാക്കോബ് നേരിട്ട് ശ്രവിച്ചതാവാം. യേശുവിന്റെ ഉപദേശങ്ങളുടെ സ്വഭാവവും വൈശിഷ്ട്യവും യാക്കോബിന്റെ ലേഖനത്തിലെ വൈശദ്യവും അലങ്കാരപ്രയോഗങ്ങളും തമ്മിൽ വലിയ സാമ്യവുമു ്'' (പേജ്.2)

A. T. Robertson പരാമർശിക്കുന്നത് J. B. Mayor’s *The Epistle of St. James*, pp. iii-iv

C. അപ്പൊസ്തലിക ഗണത്തിൽ യാക്കോബ് എന്ന് പേരുള്ള മറ്റ് ര ് പുരുഷന്മാരുമു ്. യോഹന്നാന്റെ സഹോദരനായ യാക്കോബ് A.D. 44-ൽ ഹെരോദ് അഗ്രിപ്പാവിനാൽ കൊല്ലപ്പെട്ടു (ഒ:നോ: പ്രവൃത്തി. 12:1-2). മറ്റൊരു യാക്കോബ് ‘‘കുറഞ്ഞവൻ’’ (The less) or ‘‘ഇളയവൻ’’ (the younger) (ഒ.നോ. മർക്കൊസ്. 15:40). അപ്പൊസ്തലരുടെ ഗണത്തിലൊഴികെ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ ലേഖന കർത്താവ് സ്പഷ്ടമായി സുപരിചിതനാണ്.

D. യാക്കോബും യേശുവും തമ്മിലുള്ള ബന്ധത്തെ ആസ്പദമാക്കി പ്രധാനമായും മൂന്ന് സിദ്ധാന്തങ്ങളു ്.

1. യേശുവിന്റെ കസിനാണ് യാക്കോബ് എന്ന് ജെറോം പറയുന്നു (by Alphaeus and Mary of Clopas) മത്തായി 27:56 യും യോഹന്നാൻ 19:25 ഉം താരതമ്യം ചെയ്തു ഒരു നിഗമനത്തിലെത്താം
2. യോസെഫിന്റെ വിവാഹബന്ധത്തിലൂടെയുള്ള മകനായ യാക്കോബിന്റെ അർദ്ധസഹോദരനാണ് യേശു എന്ന് റോമാകത്തോലിക്ക പാരമ്പര്യം സ്ഥിരീകരിക്കുന്നു. (മത്തായി.13:55 ആസ്പദമാക്കിയ ഒറിഗൻ പരാമർശിക്കുന്നു; എപ്പിഫാനസ് *Heresies*, 78).
3. Tertullian (A.D. 160-220), Helvidius (A.D. 366-384) മറ്റ് പ്രൊട്ടസ്റ്റന്റ് സഭക്കാരും യോസെഫിന് മറിയയിലു ായ മകനായ യാക്കോബിന്റെ അർദ്ധസഹോദരനുമാണ് യേശു (ഒ.നോ:മർക്കൊസ്.6:3, 1കൊരി.9:5) എന്ന് ഒരുപോലെ സമർത്ഥിക്കുന്നു.
4. മറിയയുടെ ശാശ്വതമായ കന്യകാത്വം എന്ന റോമാകത്തോലിക്കാ ഉപദേശം സംരക്ഷിക്കുന്നതിനാണ് option #1 ഉം option #2 ഉം വികസിപ്പിച്ചത്.

## III. രചനാകാലഘട്ടം

A. മുൻപറഞ്ഞ ഗ്രന്ഥകർതൃത്വം സ്വീകരിച്ചാൽ സാധ്യമായ ര ് കാലഘട്ടങ്ങൾ പരിഗണിക്കാം.

1. A.D.49-ലെ പ്രാരംഭ യെരുശലേം സുന്നഹദോസ് (പ്രവൃത്തി.15) തീയതി ശരിയാണെങ്കിൽ വിതരണം ചെയ്ത ആദ്യ പുതിയനിയമ പുസ്തകമാണ് യാക്കോബിന്റെ ലേഖനം.
2. പിൽക്കാലത്ത്, A.D.62-ൽ യാക്കോബിന്റെ മരണത്തിന് മുൻപ്

B. ആദ്യകാല രചനാകാലഘട്ടത്തിന് പ്രത്യേകതകളു ്:

1. 2:2 ലെ ‘‘പള്ളി’’ (സിനഗോഗ്) എന്ന പ്രദപ്രയോഗം
2. സഭാ സംഘടനയുടെ (വ്യവസ്ഥയുടെ) അപര്യാപ്തത
3. 5:14-ലെ യഹൂദാ പശ്ചാത്തലപ്രകാരം ‘‘മൂപ്പൻ’’ എന്ന പദപ്രയോഗം
4. ജാതികളിലെ സുവിശേഷദൗത്യം എന്നവിവാദവിഷയം പരാമർശിച്ചിട്ടില്ല (ഒ.നോ. പ്രവൃത്തി:15)
5. യെരുശലേമിനും പാലസ്തീനും വെളിയിലുള്ള (ഒ.നോ. 1:1 വിശ്വസിക്കുന്ന ആദ്യകാല യഹൂദാ സമുദായത്തിനായിരിക്കാം യാക്കോബ് ലേഖനമെഴുതിയത്.

C. വൈകിയ രചനാകാലഘട്ടത്തിന്റെ പ്രത്യേകതകൾ:

1. ദുരുപദേശകരുടെ അനുചിത ഉപദേശങ്ങൾ (ഒ.നോ. 2 പത്രോസ്.3:15-16) നേർവിപരീത സമീപനം ഉപയോഗിച്ച് റോമാലേഖനത്തോടുള്ള യാക്കോബിന്റെ സാധ്യമായ പ്രതികരണമാകാം (ഒ.നോ. 2:14-20)
2. ക്രിസ്തീയ അടിസ്ഥാന ഉപദേശങ്ങൾ പ്രത്യക്ഷത്തിൽ ഊഹിക്കുകയാണ് ഈ ലേഖനത്തിൽ, കാരണം ഈ ഉപദേശങ്ങൾ ഈ ലേഖനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

## IV. സ്വീകർത്താക്കൾ

A. ‘‘ലോകത്തിൽ ചിതറിപ്പാർക്കുന്ന പന്ത്ര ു ഗോത്രങ്ങൾ’’ (1:1) എന്ന സൂചകം നമ്മുടെ പ്രധാന പരാമർശമാണ്. ‘‘സാർവ്വത്രിക ലേഖനങ്ങളിൽ’’ഈ ലേഖനം ഉൾപ്പെടുത്തിയതിനാൽ (അനേകസഭകളെ അഭിസംബോധന ചെയ്യുന്ന) ഈ ലേഖനത്തിന്റെ വിതരണശൃംഖല വിശാലമാണ്. നിശ്ചയമായും, ഏതെങ്കിലും ഒരു സഭ അതിപ്രാധാന്യമുള്ളതാകുന്നില്ല, ചിതറിപ്പാർക്കുന്ന എല്ലാ വ്യക്തികളും പ്രാധാന്യമുള്ളവരാണ്. ഇവർ പാലസ്തീന് വെളിയിൽ പാർത്തവരാണ്.

B. 1:1 ന് സാധ്യമായ മൂന്ന് വ്യാഖ്യാനങ്ങളു ്:

1. യഹൂദന്മാർ-''സഹോദരന്മാർ'' എന്ന ആവർത്തിക്കുന്ന പദവും, യേശുവിന്റെ സുവിശേഷം ക്രിസ്തുവിലുള്ള വിശ്വാസം എന്ന പ്രത്യേകസൂചനയും ഇല്ലാത്തതിനാൽ യഹൂദന്മാർ എന്ന വ്യഖ്യാനം അസംഭവ്യമാകുന്നു. ബാബിലോണ്യ പ്രവാസാനന്തരം യഥാർത്ഥ പന്ത്ര ു ഗോത്ര ക്കാർ മടങ്ങിവന്നിട്ടുമില്ല. വെളി. 7:4-8ൽ ഇതേ അലങ്കാരപ്രയോഗം പ്രതീകാത്മമായി വിശ്വാസി കൾക്ക് ഉപയോഗിച്ചിട്ടു ്.
2. ക്രിസ്തീയ യഹൂദന്മാർ-യെരുശലേം സഭയിലെ യാക്കോബിന്റെ നേതൃസ്ഥാനവും ലേഖന ത്തിലെ യഹൂദാ അഭിരുചിയും വിലയിരുത്തുമ്പോൾ സ്വീകർത്താക്കൾ യഹൂദാക്രിസ്ത്യാനിക ളായിരിക്കാം.
3. സഭ ഒരു ആത്മീക ഇസ്രായേൽ ''ചിതറിപ്പാർക്കുന്നു'' (1 പത്രൊസ്.1:1 എന്ന പദം ഈ സാധ്യത നൽകുന്നതാണ് സഭ (വിശ്വസിക്കുന്ന യഹൂദനും ജാതിയും) ആത്മിക യിസ്രായേൽ എന്ന പൗലോസിന്റെ പരോക്ഷ സൂചന. (ഒ.നോ. റോമർ 2:28-29; 4:16ff; ഗലാ.3:29; 6:16; 1 പത്രൊസ് 2:5,9)

## V. എഴുതുവാനു ായ സാഹചര്യം - ര ് പ്രധാന സിദ്ധാന്തങ്ങൾ:

A. ജാതീയ പശ്ചാത്തലത്തിൽ ജീവിക്കുന്ന ഒന്നാം നൂറ്റാ ിലെ ക്രിസ്ത്യാനികൾ പുതിയനിയമം പ്രായോഗികമാക്കുന്നത് പ്രോത്സാഹിപ്പിക്കുക.

B. ധനികരായ യഹൂദർ ക്രിസ്തീയ വിശ്വാസത്തിലായ യഹൂദരെ പീഡിപ്പിച്ചു എന്ന ചിലരുടെ വിശ്വാസം, യഹൂദവർഗ്ഗത്തിനെതിരെ ജാതീയ ദുരുപയോഗത്തിന് ചില ആദ്യകാല ക്രിസ്ത്യാനി കൾ വിധേയരായി എന്ന മറ്റൊരു സാധ്യത. പ്രത്യക്ഷത്തിൽ ഇത് ഒരു ശാരീരിക ആവശ്യകതയു ടെയും പീഢനത്തിന്റെയും സമയമായിരുന്നു. (ഒ.നോ. 1:2-4,12; 2:6-7; 5:4-11,13-14)

## VI. സാഹിത്യശൈലി

A. കാനോനികവും (ഇയ്യോബ്-ഉത്തമഗീതം) പാരസ്പരിക വേദപുസ്തകവും (180 BC-യെ സഭാപ്ര സംഗി) മായ ജ്ഞാന സാഹിത്യത്തിന്റെ പ്രത്യക്ഷ പ്രതിഫലനമാണ് ഈ ലേഖനം അഥവാ പ്രസം ഗം. വിശ്വാസം പ്രവൃത്തിയിൽ - എന്ന പ്രായോഗിക ജീവിതത്തിന് ഊന്നൽ നൽകുന്നു. (ഒ.നോ. 1:3-4)

B. യഹൂദാജ്ഞാന ഉപദേഷ്ടാക്കളുമായും യവന-റോമാധാർമ്മിക സഞ്ചാര ഉപദേഷ്ടാക്കളുമായും സാമ്യമുള്ള ശൈലിയാണ് ഈ ലേഖനത്തിൽ അവലംബിച്ചിട്ടുള്ളത്. (ആത്മസംയമനവും സദാചാ രശുദ്ധിയും പരമനന്മയാണ് എന്ന് ഗ്രീക്ക് ദാർശനികർ വിശ്വസിച്ചു.
1. ചിതറിയ ഘടന (ഒരുവിഷയത്തിൽ നിന്നും മറ്റൊന്നിലേക്കുള്ള മാറ്റം)
2. അനേക കല്പനകൾ (54 എണ്ണം)
3. രചനയിലൂടെ അധിക്ഷേപം (ഒരു എതിരാളിയുടെ ചോദ്യമുന്നയിക്കൽ ഒ.നോ. 2:18; 4:13). ഇത് മലാഖിയിലും, റോമറിലും, 1 യോഹന്നാനിലും ദൃശ്യമാണ്.

C. ചില പഴയനിയമ ഉദ്ധരണികൾ നേരിട്ട് ഉപയോഗിച്ചിട്ടു ങ്കിലും (ഒ.നോ. 1:11; 2:8,11,23; 4:6) വെളിപ്പാടു പുസ്തകം പോലെ പഴയനിയമവുമായി ബന്ധപ്പെടുത്തി ധാരാളം പരോക്ഷസൂചനകളു ്.

D. യാക്കോബിന്റെ ലേഖനത്തെക്കാൾ നീളമുള്ളതാണ് രൂപരേഖ (outline). വായനക്കാരുടെ ശ്രദ്ധനി ലനിർത്തുന്നതിന് ഒരു വിഷയത്തിൽ നിന്നും മറ്റൊന്നിലേക്ക് വിഷയം മാറ്റുന്നു. യഹൂദാനിയമ പണ്ഡിതരുടെ സാങ്കേതികത്വം പ്രതിധ്വനിക്കുന്നു. ഇതിനെ ഇക്കൂട്ടർ ''ചരടിലെ പവിഴം'' (pearls on a string) എന്ന് വിശേഷിപ്പിക്കുന്നു.

E. പഴയനിയമത്തിലെ സാഹിത്യശൈലികളുടെ ഒരു സംയോജനം യാക്കോബിലു ്. (1) ബുദ്ധിമാൻ (ജ്ഞാനഗുരുക്കൾ) (2) പ്രവചനം (ആമോസ്, യിരമ്യാവ്) പഴയനിയമ സത്യങ്ങൾ യേശുവിന്റെ ഗിരിപ്രഭാഷണ ഉപദേശങ്ങളുമായി ചേർത്ത് പഠിപ്പിക്കുന്നു. (അടുത്ത ഭാഗത്തുള്ള ഉള്ളടക്കത്തിലെ B. ഭാഗം ശ്രദ്ധിക്കുക.)

## VII. ഉള്ളടക്കം

A. മറ്റേതു പുതിയനിയമ പുസ്തകത്തെക്കാളും ആദ്യ മൂന്ന് സുവിശേഷങ്ങളിൽ (സമാനസുവിശേഷം) രേഖപ്പെടുത്തിയിട്ടുള്ള യേശുവിന്റെ വാക്കുകളോട് യാക്കോബ് സൂചിപ്പിക്കുന്നു (ഒ.നോ.1:5, 6, 22;2:5,8,13; 3:12,18; 4:10,12;5:12). യേശുവിന്റെ ചില വാക്കുകൾ യാക്കോബ് ഉദ്ധരിച്ചിട്ടു ്. (ഒ.നോ. 1:27; 2:13; 3:18; 4:11-12, 17)

B. ഗിരിപ്രഭാഷണത്തിന്റെ സ്മരണയാണ് യാക്കോബിന്റെ ലേഖനം.

| **യാക്കോബ്** | **ഗിരിപ്രഭാഷണം** |
|---|---|
| 1:2 | മത്തായി : 5:1-2 |
| 1:4 | മത്തായി : 5:48 |
| 1:5 | മത്തായി : 7:7 (21:26) |
| 1:12 | മത്തായി : 5:3-11 |
| 1:20 | മത്തായി : 5:22 |
| 1:22-25 | മത്തായി : 7:24-27 |
| 2:5 | മത്തായി : 5:3(25:34) |
| 2:8 | മത്തായി : 5:43; 7:12 |
| 2:13 | മത്തായി : 5:7 (6:14-15; 18:32-35) |
| 3:6 | മത്തായി : 5:22, 29, 30 |
| 3:12 | മത്തായി : 7:16 |
| 3:18 | മത്തായി : 5:9; 7:16-17 |
| 4:4 | മത്തായി : 6:24 |
| 4:11-12 | മത്തായി : 7:1 |
| 4:13 | മത്തായി : 6:34 |
| 5:2 | മത്തായി : 6:19-20 |
| 5:10-11 | മത്തായി : 5:12 |
| 5:12 | മത്തായി : 5:34-37 |

C. ഇത് പ്രായോഗിക വേദശാസ്ത്രമാകുന്നു. (പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിർജ്ജീവം) 108 വാക്യങ്ങളിൽ 54 എണ്ണം കല്പനകളാകുന്നു.

## VIII. കാനോനികത

A. യാക്കോബിന്റെ ഉൾപ്പെടുത്തൽ താമസിച്ചതും പ്രയാസകരവുമായിരുന്നു.

1. Muratorian Fragment എന്നറിയപ്പെടുന്ന A.D. 200 വരെയുള്ള റോമിലെ കാനോനിക പട്ടികയിൽ യാക്കോബിന്റെ ലേഖനമില്ലായിരുന്നു.
2. "Cheltenham List" (Karl Mommsen's Cataloge) എന്നും അറിയപ്പെടുന്ന വടക്കൻ ആഫ്രിക്കയിൽ നിന്നുള്ള A.D. 360, കാനോനിക പട്ടികയിലും ഈ ലേഖനം ഇല്ലായിരുന്നു.
3. പുതിയനിയമത്തിലെ പഴയലത്തീൻ പതിപ്പിലും ഈ ലേഖനം ഇല്ലായിരുന്നു.
4. തർക്കമുള്ള പുസ്തകങ്ങളുടെ പട്ടികയിൽ *Hist. Eccl.* II:23:24-24; III:25:3. യൂസെബിയോസും ഈ ലേഖനം ചേർത്തു (എബ്രായർ, യാക്കോബ്, 2 പത്രൊസ്, 2,3 യോഹന്നാൻ, യൂദാ, വെളിപ്പാട്)
5. 4-ാം നൂറ്റാ ുവരെ പാശ്ചാത്യസഭയിൽ ഈ ലേഖനം എത്തിയിരുന്നില്ല, peshitta എന്ന സിറിയക് പരിഭാഷയുടെ പരിഷ്കരിച്ച പതിപ്പ് വരെ, 5-ാം നൂറ്റാ ്, പൗരസ്ത്യ സഭയുടെ രേഖയിലും ഈ ലേഖനമില്ല.
6. അന്ത്യോക്യയിലെ വ്യാഖ്യാന സ്കൂളിന്റെ നേതാവായ Theodore of Mopsuetia (A.D. 392-428) ഈ ലേഖനം നിരാകരിച്ചു (എല്ലാ സാർവ്വത്രിക ലേഖനങ്ങളും താൻ നിരാകരിച്ചിരുന്നു).
7. Erasmas ഈ ലേഖനത്തെ സംശയിച്ചു. റോമാ-ഗലാത്യ ലേഖനങ്ങളിലെ വിഷയമായ ''വിശ്വാസത്താൽ നീതീകരണം'' ഈ ലേഖനത്തിലെ പ്രമേയത്തിന് വിരുദ്ധമാണോ എന്ന് മാർട്ടിൻ ലൂഥറും സംശയിച്ചു.

B. യാക്കോബ് ലേഖനത്തിന്റെ കലർപ്പില്ലായ്മ.

1. റോമിലെ ക്ലേമന്തിന്റെ (A.D. 95) എഴുത്തുകളിലും ര ാം നൂറ്റാ ിൽ ഇഗ്നേഷ്യസ്, പോളികാർപ്പ്, ജസ്റ്റിൻമർട്ടിയർ, ഐറേനിയസ് എന്നിവരുടെ രേഖകളിലും ഈ ലേഖനം സൂചിപ്പിച്ചിട്ടു ്.

2. A.D.130-ൽ Hermas എന്ന കാനോനികമല്ലാത്തതും എന്നാൽ പ്രശസ്തമായതുമായ ക്രിസ്തീയ രേഖയിൽ ഈ ലേഖനം പരാമർശിച്ചിട്ടു ്.
3. യോഹന്നാൻ XIX: 23 ന്റെ ഒരഗന്റെ (A.D. 185-245) ഭാഷ്യത്തിൽ നേരിട്ട് പരാമർശിച്ചിട്ടു ്.
4. ''തർക്കപുസ്തകങ്ങൾക്കൊപ്പം'' *Hist. Ecel.*2:3-ൽ യൂസെബെസ് ചേർത്തിട്ടു ങ്കിലും അധികം സഭകളും ഈ പുസ്തകം അംഗീകരിച്ചതായും താൻ രേഖപ്പെടുത്തി.
5. A.D. 412-ലെ സിറിയൻ പരിഭാഷയുടെ പരിഷ്കരിച്ച പതിപ്പിൽ (Peshitta) ഈ ലേഖനം ഉൾപ്പെടുത്തി.
6. കാനോന്റെ ഭാഗമായി ഈ ലേഖനം ഉൾപ്പെടുത്താൻ കിഴക്കുനിന്ന് ഒരഗനും ദമാസ്ക്കൊസിലെ യോഹന്നാനും, പാശ്ചാത്യരായ ജെറോം, അഗസ്റ്റിൻ എന്നിവരും വാദിച്ചു. Hippo A.D. 393, Carthage A.D. 397-ലും പിന്നീട് A.D. 419-ലും സുന്നഹദോസുകളിൽ ഈ ലേഖനത്തിന് ഔദ്യോഗികമായി കാനോനിക പദവി ലഭിച്ചു.
7. അന്ത്യോക്യ വ്യാഖാന സ്കൂൾ നേതാക്കളായ Chrysostom (A.D. 345-407)-ലും (A.D. 393-457) ലും അംഗീകരിച്ചു.

## IX. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ  വാക്കുകളും പ്രയോഗങ്ങളും

1. ''പന്ത്ര ു ഗോത്രങ്ങൾ,'' 1:1
2. ചിതറിപ്പാർക്കുന്ന 1:1
3. ''പരിഗണിക്കുക,'' 1:2
4. കൊള്ളാകുന്നവൻ 1:12
5. ജീവകിരീടം 1:12
6. ''അവന് വികാരമോ, ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല,'' 1:17
7. ''വചനം ചെയ്യുന്നവർ,'' 1:22
8. തികഞ്ഞ ന്യായപ്രമാണം 1:25
9. ''പിശാചുക്കളും അങ്ങനെ വിശ്വസിക്കുന്നു,'' 2:19
10. ''അധികം ശിക്ഷാവിധി,'' 3:1
11. നരകം 3:6
12. ''സ്വർഗ്ഗത്തെയോ ഭൂമിയെയോ ചൊല്ലി,'' 5:12
13. അഭിഷേകം 5:14
14. ''തമ്മിൽ പാപങ്ങളെ ഏറ്റുപറയുക,'' 5:16

## X. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ  വ്യക്തികൾ

1. ''ഇരുമനസ്സുള്ള മനുഷ്യൻ,'' 1:8
2. ''വെളിച്ചങ്ങളുടെ പിതാവ്,'' 1:17
3. രാഹാബ് 2:25
4. ''ശബ്വത്തിനും കർത്താവ്,'' 5:4
5. ഈയ്യോബ് 5:11
6. മൂപ്പന്മാർ 5:14
7. ഏലിയാവ് 5:17

## XI. ഭൂപടത്തിൽ അറിഞ്ഞിരിക്കേ  സ്ഥലങ്ങൾ – ഒന്നുമില്ല

## XII. ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. 1:2 എങ്ങനെയാണ് സത്യമായിരിക്കുന്നത്?
2. പ്രാർത്ഥന നിയന്ത്രണമുള്ളതാണ്, എങ്ങനെ? (1:5-8; 4:1-5)
3. 1:9–11 സാംസ്കാരിക പങ്കാളിത്ത പ്രതീക്ഷകൾ പ്രതിലോഭമാക്കുന്നതെങ്ങനെ?
4. 1:13 മത്തായി 6:13– ആയി താരതമ്യം ചെയ്യുന്നതെങ്ങനെ?
5. 1:22 പുസ്തകത്തിന്റെ പ്രമേയമാകുന്നതെങ്ങനെ?
6. 2:1–7 ഒരു ആരാധനാ പശ്ചാത്തലമാണോ അതോ സദാകോടതി പശ്ചാത്തലമാണോ പ്രസ്താവിക്കുന്നത്? എന്തുകൊ ്?
7. ക്രിസ്തീയ ജീവിതത്തിലെ ഏതു സംഭവത്തെയാണ് 2:7 സൂചിപ്പിക്കുന്നത്?

8. 2:10 ഒരു സുപ്രധാന സത്യമായിരിക്കുന്നതിന്റെ കാരണമെന്ത്?
9. 2:17 സഭയിൽ വലിയ ഭിന്നത ഉളവാക്കിയതിന്റെ കാരണമെന്ത്?
10. പൗലോസും യാക്കോബും അബ്രഹാമിനെ വ്യത്യസ്ത നിലകളിൽ ഉദാഹരണമായി രേഖപ്പെടുത്തിയതിന്റെ കാരണമെന്ത്?
11. 3:1–5 സ്വന്തം വാക്കുകളിൽ വിവരിക്കുക.
12. ദൈവീകജ്ഞാനവും ലോകത്തിന്റെ ജ്ഞാനവും തമ്മിൽ വ്യത്യസ്ഥമായിരിക്കുന്നു, വിവരിക്കുക? (3:15–17)
13. 4:5 വ്യാഖ്യാനിക്കുവാൻ പ്രയാസമുള്ളതാണ്. എന്തുകൊ ്?
14. യഹൂദാ വിശ്വാസികളെ 5:1–6 വേദഭാഗം വിസ്മയിപ്പിക്കുന്നു. കാരണമെന്ത്?

# 1 പത്രൊസ്: ഒരു ആമുഖം

## I. ഗ്രന്ഥകർതൃത്വം

A. അപ്പോസ്തലനായ പത്രൊസിന്റെ ഗ്രന്ഥകർതൃത്വത്തിനുള്ള ആന്തരിക തെളിവുകൾ

1. 1:1 ൽ വ്യക്തമായി പ്രസ്താവിച്ചിട്ടു ്.
2. യേശുവിന്റെയും പന്ത്ര ു ശിഷ്യന്മാരുടെയും വാക്കുകൾ അനുഭവം എന്നിവ പരാമർശിക്കുന്നു.
   a. E.G.Selwyn's-ന്റെ വിശുദ്ധ. പത്രൊസിന്റെ ഒന്നാം ലേഖനം (*The First Epistle of the St.Peter*), 1946 നിന്നുള്ള ഉദാഹരണങ്ങൾ.
      (1) 1:3 - യോഹന്നാൻ 21: 27
      (2) 1:7–9 - ലൂക്കോസ് 21:31, മർക്കൊസ് 8:29
      (3) 1:10–12 - ലൂക്കോസ് 24: 25 ff, പ്രവർത്തികൾ 15:14 ff
      (4) 3:15 - മർക്കൊസ് 14:29, 71
      (5) 5:2 - യോഹന്നാൻ 21:15 ff
   b. Alan Stibb-ന്റെ വിശുദ്ധ. പത്രൊസിന്റെ ഒന്നാം ലേഖനം (*The First Epistle General of Peter*), 1971 നിന്നും ഉദാഹരണങ്ങൾ. മത്തായി
      (1) 1:16 - മത്തായി 5:48
      (2) 1:17 - മത്തായി 22:16
      (3) 1:18 - മർക്കോസ് 10:45
      (4) 1:22 - യോഹന്നാൻ 15:12
      (5) 2:4 - മത്തായി 21:42ff
      (6) 2:19 - ലൂക്കോസ് 6:32; മത്തായി 5:39
      (7) 3:9 - മത്തായി 5:39
      (8) 3:14 - മത്തായി 5:10
      (9) 3:16 - മത്തായി 5:44; ലൂക്കോസ് 6:28
      (10) 3:20 - മത്തായി 24:37-38
      (11) 4:11 - മത്തായി 5:16
      (12) 4:13 - മത്തായി 5:10ff
      (13) 4:18 - മത്തായി 24:22
      (14) 5:3 - മത്തായി 20:25
      (15) 5:7 - മത്തായി 6:25ff
3. പ്രവൃത്തികളിലെ പത്രൊസിന്റെ പ്രസംഗങ്ങളുമായി സാമ്യം-പദങ്ങൾ, ഉപവാക്യങ്ങൾ.
   a. 1:20 - പ്രവൃത്തി 2:23
   b. 2:7-8 - പ്രവൃത്തി 4:10-11
   c. 2:24 - പ്രവൃത്തി 5:30; 10:39
      (ക്രൂശിന് ഗ്രീക്കിലെ ''Xylon'' എന്ന പദത്തിന്റെ ഉപയോഗം)
   d. 4:5 - പ്രവൃത്തി 10:45
4. ഒന്നാം നൂറ്റാ ിലെ സുവിശേഷദൗത്യ താരതമ്യം.
   a. ശില്വാനൊസ് (ശീലാസ്) - 5: 12
   b. മർക്കൊസ് (യോഹന്നാൻ എന്ന മർക്കൊസ്). - 5: 13

B. അപ്പൊസ്തലനായ പത്രൊസിന്റെ ഗ്രന്ഥകർതൃത്വത്തിനുള്ള ബാഹ്യ തെളിവുകൾ.

1. ആദ്യ നൂറ്റാ ിലെ സഭ, വിശാലമായി ഈ ലേഖനം അംഗീകരിച്ചു.
   a. കൊരിന്ത്യർക്കുള്ള ലേഖനത്തിൽ (*Letter to Corinthians* A.D.95) റോമിലെ ക്ലേമന്ത് സമാനമായ ഉപവാക്യങ്ങളും സാധ്യമായ ഉദ്ധരണിയും ഉൾപ്പെടുത്തി.

b. ബർന്നബാസിന്റെ ലേഖനത്തിൽ (*Epistle of Barnabas*; A.D.130) സമാനമായ ഉപവാക്യങ്ങളും സാധ്യമായ ഉദ്ധരണിയും രേഖപ്പെടുത്തിയിട്ടു ്.

c. Papias പരാമർശിച്ചുകൊ ്, യൂസെബിയസ്, *His. Eccel*.-ൽ നിന്നും Hieropolis-ലെ ബിഷപ്പ് എഴുതി.

d. ഫിലിപ്പിയർക്കുള്ള ലേഖനം (*Epistle to the Philippians*) 8:1 എന്ന രചനയിൽ Polycarp പത്രൊസിന്റെ ലേഖനത്തിൽ നിന്നും പരാമർശിച്ചു. എന്നാൽ 1 പത്രൊസിൽ നിന്നും എന്ന് താൻ സൂചിപ്പിച്ചില്ല. (Polycarp A.D. 155-ൽ മരണപ്പെട്ടു.)

e. ഐറെനിയസ് (Irenaeus) ഈ ലേഖനത്തിൽ നിന്നും ഉദ്ധരിച്ചു. (A.D.140-203)

f. ഒറഗൺ പത്രൊസിൽ നിന്നും എടുത്തെഴുതി (A.D. 185-253) 1 പത്രൊസ് 5:13-ൽ പത്രൊസ് മർക്കൊസിനെ ''എന്റെ മകൻ'' എന്ന് വിശേഷിപ്പിക്കുന്നതിനാൽ മർക്കൊസായിരിക്കും പത്രൊസിന്റെ സുവിശേഷം എഴുതിയതെന്ന് ഒറഗൺ വിശ്വസിക്കുന്നു.

g. തെർത്തുല്ല്യൻ ഈ ലേഖനത്തിൽ നിന്നും ഉദ്ധരിച്ചിട്ടു ് (A.D. 150-222)

C. പത്രൊസ് അപ്പോസ്തലന്റെ ഗ്രന്ഥകർതൃത്വത്തെ ചോദ്യം ചെയ്യുന്ന കാരണങ്ങൾ.

1. A.D.180-200 നിടയിൽ റോമിൽ നിന്നുള്ള കാനോനിക പുസ്തക ശേഖരമായ Muratorian Fragment-ൽ ഈ ലേഖനം ഉൾപ്പെട്ടിട്ടില്ല.
2. ഈ ലേഖനത്തിലെ ഗ്രീക്കുഭാഷ മിനുക്കിയ Koine (പൊതു) ഗ്രീക്കാണ്. അഭ്യസ്തവിദ്യനല്ലാത്ത *(agrammatos* – ഒ.നോ. പ്രവൃ. 4:13) ഗലീലക്കാരനായ മുക്കുവൻ എങ്ങനെ എഴുതി എന്നതും വിസ്മയിപ്പിക്കന്ന ഘടകമാണ്.
3. റോമർ, എഫേസ്യർ പോലെ പൗലോസിന്റെ രചനാ ശൈലി ഈ ലേഖനത്തിനു ്.
4. 1 പത്രൊസിൽ രേഖപ്പെടുത്തുന്ന പീഢനം, ഒരു പിൽക്കാല രചനാകാലത്തെ സൂചിപ്പിക്കുന്നു.
   a. Domitian (ഡെമീഷ്യൻ) (A.D. 81-96)
   b. Trajan (ട്രാജൻ) (A.D. 89-117)

D. ആധുനിക പണ്ഡിതരുടെ സംശയങ്ങൾക്ക് സാധ്യമായ മറുപടി.

1. മുറാട്ടോറിയൻ കക്ഷണം (Muratorian Fragment) നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിരിക്കും (ഒ.നോ. B. F. Westcott's (*A General Survey of the History of the Canon of the New Testament*) പുതിയനിയമ കാനോന്റെ ചരിത്ര പൊതുഅവലോകനം, 6th ed. p. 289)
2. പത്രൊസ് വിദ്യാഹീനനല്ല, (ഒ.നോ. പ്രവൃ. 4:13) പ്രത്യുത അംഗീകരിക്കപ്പെട്ട യഹൂദ ഗുരുക്കന്മാരുടെ സ്കൂളിൽ പരിശീലനം നേടിയിട്ടില്ലാത്ത വ്യക്തിയാണ്. ഗലീലയിലെ ഒട്ടുമിക്ക യഹൂദന്മാരും ജനനം മുതൽ ദ്വിഭാഷാജ്ഞാനമുള്ളവരായിരുന്നു. പത്രൊസ് ഒരു എഴുത്തുകാരനെ നിയോഗിച്ചതാവാം എന്ന ചർച്ചയും നിലവിലു ്. സിലാനോസി (ശീലാസ്)-ന്റെ സഹായത്താലായിരിക്കാം എഴുതിയതെന്നും 1 പത്രൊസ് 5:12 പ്രകാരം അഭിപ്രായപ്പെടുന്നു.
3. ആദ്യകാല സഭയിൽ പൊതുവായിരുന്ന പ്രാർത്ഥനാക്രമമോ പരിശീലന സഹായ എഴുത്തുകളോ (Catechism Documents) പൗലോസും പത്രൊസും പലപ്പോഴും ഉപയോഗിച്ചിട്ടു ്. വർഷങ്ങൾകൊ ് ഇരുവരും തമ്മിൽ പരസ്പര ബന്ധവുമു ായിരുന്നു. (ഒ.നോ. പ്രവൃത്തി, ഗലാത്യർ, 2 പത്രൊസ്. 3:15-16). പൗലോസിന്റെ ദൗത്യസഹകാരിയായ സിലാനോസിനെ (ശീലാസ്) ഒരു എഴുത്തുസഹായിയായി (ഗുമസ്ഥയായി) പത്രൊസും ഉപയോഗിച്ചതാവാം ഇരുവരുടെയും എഴുത്തുകൾ തമ്മിലുള്ള സാമ്യത്തിന്റെ കാരണമായത് എന്ന് എന്റെ വ്യക്തിപരമായ അഭിപ്രായം.
4. ചക്രവർത്തി കേന്ദ്രീകൃത പീഢനം 1 പത്രൊസിൽ പ്രതിഫലിക്കുന്നില്ല. ഔദ്യോഗികമായി ചക്രവർത്തിയാലുള്ള പീഢനകാലത്തു, വിശ്വാസികൾ സർക്കാരിന് വിധേയപ്പെടണം (ഒ.നോ. 2:13-17) എന്ന് പത്രൊസ് സ്ഥിരപ്പെടുത്തുന്നത് അസാധാരണം തന്നെ.

   നീറോയുടെ (AD 54-68) രൂക്ഷമായിക്കൊ ിരുന്ന മാനസിക രോഗം (ഉദാ: ഗംഭീരഭാവ അവകാശവാദം) ഏഷ്യയിലെ പ്രാദേശിക ചക്രവർത്തി കപടമത പ്രോത്സാഹനത്താൽ പീഢനത്തിന് പ്രേരിപ്പിച്ചു. (AD 81-96) ന്റെയും Trajan (AD 98-117) ന്റെയും കാലത്തെക്കാൾ 1 പത്രൊസ് നീറോയുടെ കാലഘട്ടത്തിനാണ് കൂടുതൽ ചേരുന്നത്. ചില യഹൂദാ ഗ്രൂപ്പുകളിൽ നിന്നോ, പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നോ ചക്രവർത്തി കപടമതക്കാരിൽ നിന്നോ ആണ് ചില പീഠനങ്ങൾ ഉടലെടുത്തത്.

E. ഒരു പിൽക്കാല രചനയോ ഗ്രന്ഥകർതൃത്വമോ അവകാശപ്പെടാവുന്ന യാതൊരു വസ്തുതകളും 1 പത്രൊസിൽ ഇല്ല.

## II. രചനാകാലഘട്ടം

A. ഗ്രന്ഥകർതൃത്വത്തോടു ബന്ധപ്പെട്ടതാണ് രചനാകാലം.

B. നീറോ ചക്രവർത്തിയാൽ റോമിൽ വച്ച് പത്രൊസും പൗലോസും മരണപ്പെട്ടു ഒരുപക്ഷേ A.D. 65-ൽ എന്ന് പാരമ്പര്യം ബന്ധപ്പെടുത്തുന്നു. അങ്ങനെയെങ്കിൽ 1 പത്രൊസ് എഴുതപ്പെട്ടത് A.D.63-64 ആയിരിക്കണം.

C. റോമിലെ ക്ലേമന്ത് (Clement) ഈ ലേഖനത്തെപ്പറ്റി പരാമർശിക്കണമെങ്കിൽ എഴുതപ്പെട്ടത് ഒന്നാം നൂറ്റാ ിന്റെ മദ്ധ്യകാലഘട്ടം ആയിരിക്കണം.

D. A.D.67-68 ൽ പത്രൊസ് മരണപ്പെട്ടുവെന്നും, A.D.65-66 ൽ ലേഖനം എഴുതപ്പെട്ടുവെന്നും A.T. Robertson വിശ്വസിക്കുന്നു. A.D.64-65 ൽ താൻ മരിച്ചുവെന്നും അതിന് മുൻപായി ഈ ലേഖനം എഴുതിയെന്നും ഞാൻ വ്യക്തിപരമായി വിശ്വസിക്കുന്നു.

## III. സ്വീകർത്താക്കൾ

A. ഒന്നാം നൂറ്റാ ിലെ ലേഖനമാതൃകാപ്രകാരം, ‘‘പൊന്തൊസിലും, ഗലാതൃയിലും, കപ്പദൊകൃയിലും, ആസ്യയിലും, ബിഥുനൃയിലും ചിതറിപ്പാർക്കുന്ന പരദേശികൾക്ക്’’ എന്ന് 1:1-ൽ സ്വീകർത്താക്കളെ അഭിസംബോധന ചെയ്യുന്നു. ആധുനിക വടക്കൻ തുർക്കിയാണ് അന്നത്തെ ഈ റോമൻ പ്രവിശ്യകൾ (ഗലാതൃ വടക്കൻ ഗോത്രപര ഗലാതൃയാണ് എന്നും അനുമാനിക്കാം). പ്രത്യക്ഷത്തിൽ ഈ സ്ഥലങ്ങളിൽ പൗലോസും സുവിശേഷീകരണപ്രവർത്തനം നടത്തിയിട്ടില്ല (ഒ.നോ.പ്രവൃത്തി 16:6), പത്രൊസും (1:12) പെന്തക്കോസ്തിന് ശേഷം തങ്ങളുടെ ഭവനങ്ങളിലേക്കു മടങ്ങിപ്പോയ യഹൂദാ ക്രിസ്ത്യാനികളാലാണ് ഈ സഭകൾ സമാരംഭിച്ചത് എന്ന് കരുതാം (ഒ.നോ. പ്രവൃ. 2:9–11)

B. യഹൂദാക്രിസ്ത്യാനികളാൽ ആരംഭിച്ച സഭയായിരുന്നു ഇവയെങ്കിലും, പത്രൊസ് എഴുതുന്ന കാലത്തു അനേക സഭാംഗങ്ങളും ജാതികളിൽ നിന്നും വിശ്വസിച്ചുവന്നവരായിരുന്നു.
1. പ ു നിങ്ങളുടെ അജ്ഞാതകാലത്തു (1:14)
2. വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നടപ്പ് (:18)
3. ഇപ്പോൾ ദൈവത്തിന്റെ സ്വന്തജനം (2:9–10), ഹോശയാവിന്റെ പുസ്തകശൈലി (1:9–10; 2:23)
4. ജാതികളുടെ ഇടയിൽ (2:12)
5. ജാതികളുടെ ദുർമാർഗ്ഗങ്ങൾ (4:3–4)

C. പുസ്തകത്തിൽ യഹൂദാപര ഘടകങ്ങൾ ഉ ്.
1. ‘പരദേശികൾ’ ‘ചിതറിപ്പാർക്കുന്നവർ’ യഹൂദാപശ്ചാത്തലം സൂചിപ്പിക്കുന്നു. (ഒ.നോ. യോഹ. 7:35, പ്രവൃ:7:6)
2. പഴയനിയമ തിരുവെഴുത്തുകൾ
   a. പുറപ്പാട് 19 (ഒ.നോ.2:5, 9)
   b. യെശയ്യാവ് 53 (ഒ.നോ.2:5,19;2:22,24,25)
   
   എന്നിരുന്നാലും ഈ ഉദാഹരണങ്ങൾ യഹൂദ്യ സഭയെ പ്രതിഫലിപ്പിക്കുന്നു.
3. പഴയനിയമ യിസ്രായേൽ ശീർഷകങ്ങൾ സഭയുടെതായി പരിണമിക്കുന്നു (i.e, ‘‘രാജകീയ പുരോഹിതവർഗ്ഗം’’)
   a. 2:5
   b. 2:9
4. പഴയനിയമ മശീഹാവേദഭാഗങ്ങൾ ഉൾക്കൊ ് സഭാപരിശീലനപ്രമാണം (i.e, പുതിയവിശ്വാസികൾക്കുള്ള മതബോധന പ്രശ്നോത്തരപാഠം)
   a. 1:19 യെശയ്യാവ് 53:7 (i.e., കുഞ്ഞാട് Lamb)
   b. 2:22 - യെശയ്യാവ് 53:5
   c. 2:24 - യെശയ്യാവ് 53:4,5,11,12
   d. 2:25 - യെശയ്യാവ് 53:6

D. യഹൂദരോടുള്ള ശുശ്രൂഷയ്ക്കാണ് പത്രൊസ് വിളിക്കപ്പെട്ടതെങ്കിലും (ഒ.നോ. ഗലാ:2:8) പൗലൊസിനെപ്പോലെ താനും, യഹൂദരുടെയും ജാതികളുടെയും മദ്ധ്യേപ്രവർത്തിച്ചു. (ഒ.നോ. പ്രവൃ. 10) കൊർന്നല്യോസിന്റെ മാനസാന്തരം പത്രൊസിന്റെ സുവിശേഷ മേഖലയുടെ സമൂല സാക്ഷാത്കാരം വ്യക്തമാക്കുന്നു.

## IV. ലേഖനോദ്ദേശ്യം

A. 1 പത്രൊസിന് ഉപദേശപരവും പ്രായോഗികവുമായ വശങ്ങളു ്. എന്നിരുന്നാലും, പൗലോസ് തന്റെ ലേഖനങ്ങളെ പ്രാരംഭ ഭാഗം ഉപദേശപരവും ഉപസംഹാരഭാഗം പ്രായോഗികപരവുമായ ഘടനയിൽ എഴുതുമ്പോൾ, പത്രോസിന്റേത് ഈ ര ുവശങ്ങളും ലയിപ്പിച്ചസാഹിത്യ ശൈലിയാണ് അവലംബിച്ചിട്ടുള്ളത്. ആകയാൽ തന്റെ ലേഖനത്തിന്റെ രൂപഘടന (outline) രൂപീകരിക്കുന്നത് അല്പം പ്രയാസകരമാകുന്നു. ഒരു ലേഖനം എന്നതിലുപരി ഒരു പ്രസംഗമായാണ് ഇത് പ്രതിഫലിക്കുന്നത്.

B. കഷ്ടതയും പീഢനവുമാണ് പ്രധാനമായും കൈകാര്യം ചെയ്തിട്ടുള്ളത്. ഇവ ര ് വിധത്തിലാണ്.

1. കഷ്ടതയുടെയും തിരസ്കരണത്തിന്റെയും മകുടോദാഹരണം യേശുക്രിസ്തുവാണ്. (ഓ.നോ. 1:11; 2:21,23; 3:18; 4:1,13; 5:1)
2. യേശുവിന്റെ മാതൃകയും മനോഭാവവും തന്റെ പിൻഗാമികൾ അനുകരിക്കുവാനായി വിളിക്കപ്പെട്ടു. (ഓ.നോ. 1:6-7; 2:19; 3:13-17; 4:1,1219; 5:9-10)

C. ആദ്യകാലസഭയിൽ കഷ്ടതയും പീഢനവും പൊതുവായിരുന്നതിന്റെ വെളിച്ചത്തിൽ, യേശുവിന്റെ ര ാംവരവ് ആവർത്തിച്ചു സൂചിപ്പിച്ചതിൽ അതിശയോക്തിയില്ല. മറ്റ് വിവിധ പുതിയനിയമപുസ്തകങ്ങൾക്കൊപ്പം, ഈ ലേഖനവും ഭാവികാല ശാസ്ത്രാപരമാണ്.

## V. സാഹിത്യം

A. ഒന്നാംനൂറ്റാ ിലെ മാതൃകാപരമായ ഗ്രീക്ക്-റോമാ ആമുഖ-ഉപസംഹാര ശൈലി അവലംബിച്ചിട്ടു ്.

1. 1:1-2
   a. ഗ്രന്ഥകർത്താവ്
   b. സ്വീകർത്താക്കൾ
   c. പ്രാർത്ഥന
2. 5:12-14
   a. ഉപസംഹാര അഭിസംബോധന
      (1) ആരിൽനിന്നും
      (2) ആർക്കുവേ ി
   b. പ്രാർത്ഥന

B. ലേഖനത്തിന്റെ പ്രധാന ഉള്ളടക്കം ഒരു ലേഖനമെന്നതിലുപരി ഒരു പ്രസംഗമാണ്.

1. പ്രാരംഭത്തിൽ ഒരു പ്രസംഗം
2. പ്രാരംഭത്തിൽ സ്നാനസംബന്ധമായ പ്രാർത്ഥനാക്രമം
3. പ്രാരംഭസഭയുടെ പ്രശ്നോത്തര ഉപദേശങ്ങൾ സംയോജിപ്പിച്ച രേഖകൾ:

എന്നിങ്ങനെ ചിലർ അനുമാനിക്കുന്നു.

C. 4:11 ൽ ദൈവമഹത്വത്തോടെ ഈ ലേഖനം അവസാനിക്കുന്നു. എന്നാൽ ഗ്രീക്ക് കൈയ്യെഴുത്തുപ്രതിയിൽ ഉപസംഹാരം ഇല്ല. ലേഖനത്തിന്റെ സമ്പൂർണ്ണ ഉപസംഹാരം 4:12-5:11 ആയിരിക്കാനാണ് സാധ്യത.

D. പത്രൊസ് വ്യക്തിപരമായി ആരംഭിക്കാത്ത സഭകൾക്കെല്ലാം കൈമാറേ തായ ഒരു ലേഖനമായിട്ടാണ് ഞാൻ വ്യക്തിപരമായി ഈ ലേഖനത്തെ കാണുന്നത്, ഉദാ: പൗലോസിന്റെ കൊലൊസ്യ ലേഖനം (കൊലൊസ്യ, ലവോദിക്യ, ഹിയരപ്പൊലി 4:13), അപ്പോൾത്തന്നെ പൗലോസിന്റെ ഗലാത്യ, എഫേസ്യലേഖനങ്ങൾക്കു സമമായി അഭിമുഖീകരിക്കുവാനുള്ള പ്രശ്നങ്ങളെ സൂക്ഷിക്കുന്നതിന് വിശ്വാസികളെ പൊതുവായി ശക്തീകരിക്കുന്നു.

## VI. കാനോനികത

A. 2 പത്രൊസിന്റെ കാനോനികത തർക്കവിഷയമാകയാൽ 1 പത്രൊസിന്റെ കാനോനികത ഈ ഭാഗത്തു ചേർക്കുന്നു.

B. ''തർക്ക രഹിത പുസ്തക'' സമാഹാര ഭാഗമായി യൂസെബിയസ്, 1 പത്രൊസ് *Exc. His* 3:3:25-ൽ രേഖപ്പെടുത്തി. അപ്പൊസ്തലനായ പത്രൊസിന്റെ ഗ്രന്ഥകർതൃത്വത്തെ പുരാതനസഭ സംശയിച്ചിട്ടില്ല.

C. പത്രൊസിന്റെ ലേഖനത്തിന് മറ്റ് ചില എഴുത്തുകൾ വ്യാജേന ആരോപിച്ചതാണ് കാനോനിക വിഷയം വഷളായതിനുകാരണം. എന്നാൽ പ്രാഥമികസഭ ഇവയൊന്നും അംഗീകരിച്ചില്ല, പ്രസ്തുത 1 പത്രൊസ് കാനോനികമായി അംഗീകരിച്ചു. തർക്കമുള്ള ര ് പത്രൊസും യഥാർത്ഥത്തിൽ ഈ അപ്പൊസ്തലിനിൽ നിന്നുമാണ്.

1. പത്രൊസിന്റെ പ്രവൃത്തികൾ
2. പത്രൊസിന്റെയും അന്ത്രയൊസിന്റെയും പ്രവൃത്തികൾ
3. പത്രൊസിന്റെയും, പൗലോസിന്റെയും പ്രവൃത്തികൾ
4. പത്രൊസിന്റെയും, പൗലോസിന്റെയും അഭിനിവേശം
5. പത്രൊസിന്റെയും, പൗലോസിന്റെയും പന്ത്ര ുപേരുടെയും പ്രവൃത്തികൾ
6. പത്രൊസിന്റെ വെളിപ്പാട് പുസ്തകം.
7. പത്രൊസിന്റെ സുവിശേഷം
8. പത്രൊസിന്റെ അഭിനിവേശം
9. പത്രൊസിന്റെ പ്രസംഗം
10. പത്രൊസിന്റെ സ്ലാവുവംശജരെ (Slavonic)പ്പറ്റിയുള്ള പ്രവൃത്തികൾ.

ഈ ഓരോ സങ്കല്പമുള്ള (തൂലികാനാമം-Pseudonymos) കൃതികളെക്കുറിച്ചുള്ള ചർച്ചയ്ക്കായി *Zondervan Pictorial Encyclopedia of the Bible* Vol. 4; pp. 721-723, 732-733, 740 പരിശോധിക്കുക). പത്രൊസിന്റേതെന്ന് അനുമാനിച്ച് ആരോപിക്കുന്ന ഈ കൃതികൾ ഒന്നുംതന്നെ പുതിയനിയമ കാനോൻ ചർച്ചയിൽ ഗൗരവമായി പരിഗണിച്ചിട്ടേയില്ല. ആകയാൽ, അതുതന്നെ 1, 2 പത്രൊസ് കാനോനിക പുസ്തക പട്ടികയിൽ ഉൾപ്പെട്ടു എന്നതിന് തെളിവാണ്.

# പത്രൊാസ് എന്ന മനുഷ്യൻ

## I. പത്രൊാസിന്റെ കുടുംബം

A. ഗലീലാക്കടൽത്തീരത്തിനു വടക്കുള്ള ജാതികളുടെ പട്ടണമായ ബേത്ത് സയിദയിലെ ഗലീലിയയിലാണ് പത്രൊാസും കുടുംബവും പാർത്തിരുന്നത്. (അല്ലെങ്കിൽ, തിബര്യാസ് കടൽ. ഒ:നോ:) എന്നാൽ, താൻ പിന്നീട് കഫർന്നഹൂമിലേക്കു താമസം മാറി (ഒ.നോ. മർക്കൊാസ് 1:21,29)

B. യോനാ എന്നായിരുന്നു പത്രൊാസിന്റെ പിതാവിന്റെ പേര് (ഒ.നോ. മത്തായി 16:17, യോഹന്നാൻ മർക്കൊാസ് 1:21,29)

C. പാലസ്തീനിൽ ഒന്നാം നൂറ്റാ ിലെ പൊതുനാമമായ ശീമോൻ (Simon) എന്നാണ് തനിക്കു നൽകപ്പെട്ട പേര്. പന്ത്ര ു ഗോത്രങ്ങളിലൊന്നായ ശിമയോൻ (Symeon) എന്ന ജൂത നാമമായിരുന്നു. (ഒ.നോ. പ്രവൃത്തി. 15:14; II Pet. 1:1) (ഉല്പത്തി 29:33;, പുറപ്പാട് 1:1)

പത്രൊാസ് (പത്രൊാസ്, ''പാറക്കഷണം'' എന്നർത്ഥം തന്റെ അന്തിമശക്തിയും സ്ഥിരതയും ഈ പേരു അന്വർത്ഥമാക്കുന്നു) എന്ന് യേശു പുതിയപേര് വിളിച്ചു (മത്തായി 3:16, മർക്കൊാസ് 3:16, ലൂക്കോസ് 6:14, യോഹന്നാൻ 1:42), അരാമ്യഭാഷയിൽ കേഫാ (Cephas) (ഒ:നോ:യോഹന്നാൻ 1:42, I Cor. 1:12; 3:22; 9:5; 15:5 ഗലാ: 1:18; 2:9,11,14) പലപ്പോഴും പുതിയനിയമത്തിൽ ഈ ര ു പേരുകളും ഒരുമിച്ചു ചേർത്തിരിക്കുന്നു (ഒ.നോ. മത്തായി 16:16; ലൂക്കോസ് 5:8, യോഹന്നാൻ 1:40; 6:8,68; 13:6,9,24,36; 18:10,15,25; 20:2,6; 21:2-3,7,11,15)

D. പത്രൊാസിന്റെ സഹോദരന്റെ പേര് അന്ത്രയൊാസ് എന്നാകുന്നു. (ഒ. നോ. മർക്കൊാസ് 1:16). താൻ ആദ്യം യോഹന്നാൻ സ്നാപകന്റെ ശിഷ്യനും (ഒ.നോ. യോഹ 1:35, 40) പിൽക്കാലത്തു യേശുവിന്റെ വിശ്വാസിയും ശിഷ്യനുമായിത്തീർന്നു (ഒ.നോ. യോഹ 1:36-37) താൻ ശീമോനെ യേശുവിന്റെ അരികിൽ കൊ ുവന്നു. (ഒ.നോ. യോഹ: 1:41). ചില മാസങ്ങൾക്കുശേഷം ഗലീലാക്കടൽത്തീരത്തുവച്ച് യേശു തന്നെ അഭിമുഖീരകിക്കുകയും, തന്റെ പൂർണ്ണ സമയ ശിഷ്യനായിരിക്കുന്നതിന് വിളിക്കുകയുമു ായി (ഒ.നോ. മത്തായി 4:18-20, മർക്കൊ് 1:16-18, ലൂക്കോസ് 5:1-11)

E. താൻ വിവാഹിതനായിരുന്നു, (ഒ.നോ. മർക്കൊാസ് 1:30; 1 കൊരി. 9:5) എന്നാൽ മക്കളെക്കുറിച്ച് പരാമർശിച്ചിട്ടില്ല.

## II. തന്റെ തൊഴിൽ

A. പത്രൊാസിന്റെ കുടുംബത്തിന് സ്വന്തമായി പല മീൻപിടുത്തക്കപ്പലുകൾ ഉ ായിരുന്നു, കൂടാതെ ജോലിക്കാരെയും നിയമിച്ചിരുന്നു.

B. യാക്കോബ്, യോഹന്നാൻ, അവരുടെ പിതാവ് സെബദി (ഒ.നോ. ലൂക്കോസ്. 5:10) എന്നിവരുമായി പത്രൊാസിന്റെ കുടുംബത്തിന് മീൻപിടുത്ത പങ്കാളിത്തമു ായിരുന്നിരിക്കാം.

C. യേശുവിന്റെ മരണാനന്തരം പത്രൊാസ് തന്റെ മുക്കുവജോലിയിൽ തിരികെ പ്രവേശിച്ചു (ഒ.നോ. യോഹ. 21)

## III. തന്റെ വ്യക്തിത്വം

A. പത്രൊാസിന്റെ ബലം (ആത്മപൗരുഷം)

1. താൻ സമർപ്പണമുള്ള പിൻഗാമിയായിരുന്നു, പക്ഷേ തികച്ചും ആവേശഭരിതനുമായിരുന്നു. (ഒ.നോ. മർക്കൊാസ് 9:5; യോഹ. 13:4-11).
2. വിശ്വാസത്തിന്റെ പ്രവർത്തികൾക്കു ഉദ്യമിച്ചു എന്നാൽ പലപ്പോഴും പരാജിതനുമായി (ഉദാ:വെള്ളത്തിന്മേൽ നടന്നു, (ഒ.നോ. 14:28-31).

3. താൻ ധീരനും, മരിക്കുവാൻ മനസ്സുള്ളവനുമായിരുന്നു. (ഒ.നോ. മത്തായി 26:51-52; മർക്കൊസ് 14:47; ലൂക്കോസ്. 22:49-51; യോഹ. 18:10-11).)
4. ഉയർത്തെഴുന്നേല്പിനുശേഷം, പന്തിരുവരിൽ വിശ്വാസരാഹിത്യമുള്ള നേതാവാണെന്ന് യേശു വ്യക്തിപരമായി അഭിസംബോധന ചെയ്തു, യോഹന്നാൻ:21, മാനസാന്തരത്തിലേക്കും, മടങ്ങി വരവിലേക്കും ഒരു അവസരം കൂടി യേശു തനിക്കു നൽകി.

B. പത്രൊസിന്റെ ബലഹീനത

1. പ്രാരംഭത്തിൽ യഹൂദാനിയമസിദ്ധാന്തത്തിനോടു തനിക്കു ചായ്‌വു ായിരുന്നു.
   a. ജാതികൾക്കൊപ്പമുള്ള ഭക്ഷണം ഗലാ. 2:11-21)
   b. ആഹാരനിയമങ്ങൾ (പ്രവൃ. 10 :9-16)
2. മറ്റെല്ലാ അപ്പൊസ്തലരെയുംപോലെ, യേശുവിന്റെ സമൂല നവോത്ഥാന ഉപദേശങ്ങളും അവയുടെ ധ്വനികളും പൂർണ്ണമായി താനും ഗ്രഹിച്ചില്ല.
   a. മർക്കൊസ് 9:5-6
   b. യോഹന്നാൻ 13:6-11; 18:10-11
3. യേശുവിനാൽ താൻ കഠിനമായും, വ്യക്തിപരമായും ശാസിക്കപ്പെട്ടിട്ടു ്. (മർക്കൊസ് 8:33, മത്തായി. 16:23)
4. ഗെത്ത്ശേമനയിൽ യേശു വ്യാകുലപ്പെട്ട മണിക്കൂറുകളിൽ പത്രൊസ് പ്രാർത്ഥിക്കുന്നതിനു പകരം ഉറങ്ങുകയായിരുന്നു. (മർക്കൊസ്.14:32-42; മത്തായി. 26:36-46; ലൂക്കോസ് 22:40-60)
5. യേശുവിനെ തനിക്കറിയില്ല എന്ന് ആവർത്തിച്ചു തള്ളിപ്പറഞ്ഞു. (മർക്കൊസ് 14:66-72; മത്തായി. 26:69-75; ലൂക്കോസ് 22:56-62; യോഹ.16-18,25-27)

## IV. അപ്പൊസ്തലിക ഗണത്തിനുള്ള പൗലൊസിന്റെ നേതൃത്വം

A. അപ്പൊസ്തലരുടെ നാല് പട്ടികകൾ ഉ ്. (ഒ.നോ. മത്തായി. 10:2-4, മർക്കൊസ് 3:16-19, ലൂക്കോസ് 6:14-16, പ്രവൃത്തി: 1:13) പട്ടികയിൽ എല്ലായ്പ്പോഴും ഒന്നാം സ്ഥാനമാണ് പത്രൊസിനുള്ളത്. പന്തിരുവരുടെ ഗണം മൂന്ന്-നാല് ഗണങ്ങളായി, കൂട്ടമായി തരംതിരിക്കാം. തങ്ങളുടെ കുടുംബകാര്യങ്ങൾക്കു കൂടി ശ്രദ്ധ നൽകാൻ ഓരോ ഗണത്തിനും അവസരം ലഭിക്കാനായിരിക്കാം എന്ന് ഞാൻ വിശ്വസിക്കുന്നു.

B. അപ്പൊസ്തലരുടെ വക്താവായി പത്രൊസ് പ്രവർത്തിച്ചു. (ഒ.നോ. മത്തായി. 16:13-20; മർക്കൊസ് 8:27-30; ലൂക്കോ 9:18-21 ) ഈ ശിഷ്യഗണമദ്ധ്യത്തിൽ പത്രൊസിനുള്ള അധികാരം (ഒ.നോ. മത്തായി. 16:18). ഈ വേദഭാഗങ്ങളിൽ പ്രത്യക്ഷമാണ്. എന്നിരുന്നാലും, ഈ പശ്ചാത്തലത്തിൽ സാത്താന്റെ ഉപകരണമായി ഈ ഘട്ടത്തെ വിമർശിക്കുന്നുമു ് (ഒ.നോ. മത്തായി.16:23; മർക്കൊസ് 8:33).

ശിഷ്യരിൽ ആരാണ് വലിയവൻ എന്ന തർക്കം ഉയർന്നപ്പോൾ പത്രൊസ് ആ സ്ഥാനം എടുത്തതായി ഊഹിക്കാൻ സാധിക്കില്ല (ഒ.നോ. മത്താ 20:20-28; പ്രത്യേകിച്ച് മർക്കൊസ് 9:33-37; 10:35-45)

C. പത്രൊസ് യെരുശലേം സഭയുടെ നേതാവായിരുന്നില്ല. യേശുവിന്റെ അർദ്ധസഹോദരനായ യാക്കോബിനായിരുന്നു ആ നറുക്കു വീണത്. (ഒ.നോ. പ്രവൃ. Acts12:17; 15:13; 21:18; 1 കൊരി. 15:7; ഗല. Gal. 1:19; 2:9,12)

## V. യേശുവിന്റെ ഉയർത്തെഴുന്നേല്പിനുശേഷമുള്ള പത്രൊസിന്റെ പ്രവർത്തനം

A. പ്രവൃത്തികളുടെ ആദ്യ അദ്ധ്യായങ്ങളിൽ പത്രൊസിന്റെ നേതൃത്വപങ്ക് വ്യക്തമായി ദർശിക്കാവുന്നതാണ്.

1. യൂദായ്ക്കുപകരം അപ്പൊസ്തലനെ തെരെഞ്ഞെടുക്കുന്ന യോഗം പത്രൊസ് നയിച്ചു. (ഒ.നോ. പ്രവൃ. 1:15-26).
2. പെന്തക്കോസ്തിലെ പ്രഥമപ്രസംഗം തന്റേതായിരുന്നു. (ഒ.നോ. പ്രവൃ. 2).
3. തളർവാതരോഗിയെ സൗഖ്യമാക്കുന്നതിന് പ്രർത്ഥിച്ചു. തന്റെ ര ാം പ്രസംഗവും രേഖപ്പെടു

ത്തിയിട്ടു ˘. (ഒ.നോ. പ്രവൃ. 3:1-10; 3:11-26).

4. ന്യായാധിപ സംഘത്തോട് (Sanhedrin) സധൈര്യം താൻ സംസാരിച്ചു. (പ്രവൃ. 4),
5. അനന്യാസ് സഫീറാ, പ്രവൃ. 5, ദമ്പതിമാരുടെ വിഷയത്തിൽ സഭാഅച്ചടക്ക നടപടി സ്വീകരിക്കാനുള്ള നേതൃത്വം നൽകിയതും പത്രൊസാണ്.
6. യെരുശലേം സുന്നഹദോസിൽ താൻ സംസാരിച്ചു. പ്രവൃ. 15:7-11.
7. പ്രവൃത്തികളിൽ, മറ്റ് വിവിധ സംഭവങ്ങളിലും അത്ഭുതങ്ങളിലും തന്റെ പങ്ക് മുഖ്യമായിരുന്നു.

B. എങ്കിലും പത്രൊസ് പലപ്പോഴും സുവിശേഷ ധ്വനി ഉൾക്കൊള്ളിച്ചില്ല.

1. താൻ പഴയനിയമ മാനസികാവസ്ഥ നിലനിർത്തി (ഒ.നോ. ഗലാ. 2:11-14).
2. കൊർന്നല്ല്യൊസിനെയും മറ്റ് ജാതികളെയും ഉൾപ്പെടുത്തുന്ന പ്രത്യേക വെളിപ്പാട് തനിക്കാവശ്യമായിരുന്നു.( ഒ.നോ. പ്രവൃ. 10)

## VI. നിശബ്ദവർഷങ്ങൾ

A. പ്രവൃത്തികളിലെ യെരുശലേം സുന്നഹദോസിനുശേഷം അല്പ അറിവുമാത്രം, അല്ലെങ്കിൽ പത്രൊസിനെപ്പറ്റിയാതൊരറിവും ഇല്ല, പ്രവൃ. 5.

1 ഗലാത്യർ 1:18,
2 ഗലാത്യർ:2:7–21,
3. 1 കൊരി:1:12; 3:22; 9:5; 15:5

B. സഭാപാരമ്പര്യത്തിന്റെ പ്രാരംഭകാലം

1. കൊരിന്ത്സഭയ്ക്ക് A.D.95-ൽ റോമാക്കാരൻ ക്ലേമന്ത് എഴുതിയലേഖനത്തിൽ പത്രൊസ് റോമിൽ വച്ച് രക്തസാക്ഷിത്വം വഹിച്ചെന്ന് രേഖപ്പെടുത്തുന്നു.
2. റോമിലെ നീറോയാൻ (A.D.54-68) പത്രൊസ് രക്തസാക്ഷിയായി എന്ന് (തെർത്തുല്യൻ A.D.150-222)-ൽ രേഖപ്പെടുത്തി.
3. റോമിൽവച്ച് പത്രൊസ് മരണപ്പെട്ടുവെന്ന് അലക്സാന്തരയിലെ ക്ലേമന്ത് (A.D.200)-ൽ പറയുന്നു.
4. പത്രൊസ് റോമിൽവച്ച് ക്രൂശിൽ തലകീഴായി രക്തസാക്ഷിത്വം വരിച്ചുവെന്ന് ഒറഗൺ (A.D.252) പറയുന്നു.

## VII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. മുന്നറിവ് 1:2
2. ''അവന്റെ രക്തത്താൽ തളിക്കപ്പെടുവാൻ,'' 1:2
3. ''പുനരുത്ഥാനം,'' 1:3
4. നാനാ പരീക്ഷകൾ 1:6
5. ''നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന,'' 1:7
6. ''യേശുക്രിസ്തുവിന്റെ പ്രത്യക്ഷത,'' 1:7, 13
7. ആത്മാക്കൾ 1:9
8. ''നിർദ്ദോഷവും, നിഷ്കളങ്കവുമായ കുഞ്ഞാട്,'' 1:19
9. ''അവൻ ലോകസ്ഥാപനത്തിനു മുമ്പോ മുന്നറിയപ്പെട്ടവൻ,'' 1:20
10. ''ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനം,'' 1:23
11. ''വചനം എന്ന മായമില്ലാത്ത പാൽ,'' 2:2
12. ''ഒരു ജീവനുള്ള കാഴ്ച്ച,'' 2:4
13. ''ഒരു വിശുദ്ധ പുരോഹിതവർഗ്ഗം അല്ലെങ്കിൽ പൊരോഹിത്യം,'' 2:5
14. മൂലക്കല്ല് 2:6
15. ''തുടർക്കാഴ്ച്ച,'' 2:8
16. കീഴടങ്ങൽ 2:13
17. ''പാപം സംബന്ധിച്ച് മരിച്ചു നീതിക്കുജീവിയ്ക്കേ തിന്,'' 2:24
18. ''അവന്റെ അടിപ്പിണരാൽ നിങ്ങൾക്കുസൗഖ്യം വന്നിരിക്കുന്നു,'' 2:24
19. മനസ്സലിവ് 3:8
20. ഒരു പ്രതിവാദം 3:15

21. ''സ്നാനം ഇപ്പോൾ നിങ്ങളെ രക്ഷിയ്ക്കും,'' 3:21
22. പരീക്ഷ 4:12
23. ''അവനോട് എതിർത്തുനിൽക്കുക,'' 5:9

## VIII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വ്യക്തികൾ

1. ''വിശുദ്ധൻ,'' 1:15
2. ''നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനും,'' 2:25
3. മൂപ്പന്മാർ 5:1
4. ഇടയശ്രേഷ്ഠൻ 5:4
5. സില്വാനൊസ് 5:12, (6), മർക്കൊസ്:5:13

## IX. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. പൊന്തൊസ് 1:1
2. ഗലാത്യ 1:1
3. കപ്പദൊക്യ 1:1
4. ആസ്യ 1:1
5. ബിഥുന്യ 1:1
6. സീയോൻ 2:6
7. ബാബിലോൺ 5:13

## X. ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. വിശ്വാസികളുടെ അവകാശങ്ങൾ വിവരിക്കുക (1:4-5)
2. സ്വന്തവാക്കുകളിൽ 1:11 വിവരിക്കുക
3. ദൂതന്മാർ അറിയുവാൻ ആകാംഷിക്കുന്നതെന്താണ്? (1:12)
4. ക്രിസ്ത്യാനികളുടെ അനുസരണം എപ്രകാരമായിരിക്കണം(1:16)?
5. രക്ഷയിൽ ഒരുവ്യക്തി എപ്രകാരം വളരണം? (2:2)
6. 2:5, 9 സുപ്രധാനമാണ്, കാരണമെന്ത്?
7. 2:6, റോമർ 14-മായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
8. 3:3 ഇന്ന് എപ്രകാരം പ്രസക്തമാകുന്നു?
9. ജീവിതപങ്കാളികൾ തമ്മിലുള്ള ബന്ധം പ്രാർത്ഥനയെ ബാധിക്കുമോ? (3:7)
10. തടവിലുള്ള ആത്മാക്കളോട് പ്രസംഗിക്കുവാൻ യാക്കോബ് എവിടെയാണ് പോകുന്നത്? (3:19)
11. ജ്ഞാനേയ വേദശാസ്ത്രവെളിച്ചത്തിൽ 3:22 വിവരിക്കുക.
12. 1 പത്രൊസിന്റെ പൊതുപ്രമേയം എന്ത്?

# 2 പത്രൊസ് : ഒരു ആമുഖം

## I. പ്രാരംഭ പ്രസ്താവനകൾ

A. 2 പത്രൊസിന്റെ ഗ്രന്ഥകർതൃത്വ തർക്കങ്ങൾ വിശദമായി ചെയ്യുകയല്ല ഈ മുഖവുരയുടെ ലക്ഷ്യവും ഉദ്യേശ്യവും. പത്രൊസിന്റെ ഗ്രന്ഥകർതൃത്വം തള്ളിക്കളയുവാൻ നിർബന്ധിക്കുന്നതായ ഒരു കാരണവും ഇല്ല എന്ന് ഞാൻ വ്യക്തിപരമായി നിർണ്ണയിക്കുന്നു. ഈ വിഷയാവതരണത്തിന് സഹായകരമായ മൂന്ന് ഉറവിടങ്ങളു ് (രേഖകൾ)

1. Bruce M. Metzger's article "Literary Forgeries and Canonical Pseudepigrapha" in *The Journal of the Society of Biblical Literature*, 1972, pp. 3-24.
2. Michael J. Kruger's article "The Authenticity of 2 Peter" in *The Journal of the Evangelical Theological Society*, Vol.42, No.4, pp.645-671.
3. E.M.B. Green's book *2 Peter reconsidered*, Tyndale Press, 1961.

B. 2 പത്രൊസ് പത്രൊസല്ല എഴുതിയത് എന്ന സാധ്യത ഞാൻ ചിന്തിക്കുമ്പോൾ, എന്റെ മനസ്സിലുള വാക്കുന്ന ചില ചിന്തകളു ്.

1. ഈ 2 പത്രൊസ് ആരെഴുതിയാലും അതിന്റെ ദൈവനിശ്വാസിയതയോ വിശ്വാസയോഗ്യതയോ ചോദ്യം ചെയ്യാവുന്നതല്ല. ഗ്രന്ഥകർതൃത്വം വ്യാഖ്യാനത്തെയാണ് സ്വാധീനിക്കുന്നത്. ദൈവവിശ്വാസിയതെയല്ല. വ്യാഖ്യാനം വിശ്വാസമുൻധാരണയെയും ചരിത്രപ്രക്രിയയുടെ രേഖയുമാണ് സ്വാധീനിക്കുന്നത്.
2. തൂലികാനാമത്തെക്കുറിച്ച് ഞാൻ വിഷമിക്കുന്നതെന്തിന്? പ്രത്യക്ഷത്തിൽ, ആദ്യ നൂറ്റാ ിലെ ഗ്രീക്ക്-റോമാ ലോകം ഈ ശൈലിയോട് ശീലിച്ചതാണ് (Metzger-ന്റെ) പ്രബന്ധം
3. എന്റെ സ്വന്തം മുൻഗണന കാരണം ഞാൻ ഇത് അനുവദിക്കുന്നതിന് വിമുഖനാവുകയാണോ, അതോ ചരിത്ര-പുസ്തക തെളിവുകൾ സത്യസന്ധമായി വിലയിരുത്തുവാൻ ഞാൻ തയ്യാറാവുകയാണോ? പാരമ്പര്യം ചില തീരുമാനങ്ങൾക്കായി എന്നെ ഉന്മുഖമാക്കിയോ?
4. പുരാതനസഭ പത്രൊസിന്റെ ഗ്രന്ഥകർതൃത്വം ചോദ്യംചെയ്തു. എന്നാൽ സന്ദേശം സ്വീകരിച്ചു (സിറിയൻ സഭ ഒഴികെ). മറ്റ് പുതിയനിയമപുസ്തകങ്ങൾക്കും പ്രവൃത്തികളിലെ പത്രൊസിന്റെ പ്രസംഗങ്ങൾക്കു സാമ്യമുള്ളതുമായ ഒരു യാഥാസ്ഥിക വേദശാസ്ത്രപര ഐക്യത ഈ ലേഖനത്തിനു ്.

C. ക്രിസ്തീയ രേഖകൾ വിവരിക്കുമ്പോൾ യൂസെബിയസ് (Eusebius) മൂന്ന് ഘടകങ്ങൾ ഉപയോഗിക്കാറു ്.

1. അംഗീകാരം
2. തർക്കം
3. വ്യാജം

യാക്കോബ്, യൂദാ, 2&3 യോഹന്നാൻ ഉൾപ്പെട്ട ര ാം തർക്ക-തരത്തിലാണ് താൻ 2 പത്രൊസ് ഉൾപ്പെടുത്തിയത് (തർക്കമുള്ളത്) യൂസെബിയസ് 1 പത്രൊസ് അംഗീകരിച്ചു; 2പത്രൊസ് തർക്കമുള്ളതെന്ന് ക ു; എന്നാൽ (1) പത്രൊസിന്റെ പ്രവൃത്തികൾ (2) പത്രൊസിന്റെ സുവിശേഷം (3) പത്രൊസിന്റെ പ്രസംഗങ്ങൾ (4) പത്രൊസിന്റെ വെളിപ്പാട് എന്നീ ലേഖനങ്ങൾ വ്യാജമാണെന്ന് വിലയിരുത്തുകയും തള്ളിക്കളയുകയുമു ായി.

## II. ഗ്രന്ഥകർതൃത്വം

A. പാരമ്പര്യപ്രകാരം പുതിയനിയമത്തിലെ ഏറ്റവും അധികം തർക്കമുള്ള ഗ്രന്ഥകർതൃത്വമാണ് ഈ ലേഖനത്തിനുള്ളത്.

B. ആന്തരികവും (ശൈലിയും ഉള്ളടക്കവും) ബാഹ്യവുമായ (പിൽക്കാല അംഗീകാരം) തെളിവുകളാണ് ഈ സംശയത്തിനുള്ളകാരണങ്ങൾ

1. ബാഹ്യ തെളിവുകൾ
   a. Marcion (A.D.145) അല്ലെങ്കിൽ Muratorian Fragment (A.D.170) പട്ടികയിൽ ഈ ലേഖനം ഇല്ല.
   b. മൂന്നാം നൂറ്റാ ിന്റെ പ്രാരംഭത്തിലെ Bodamer Papyri $P^{72}$ യിൽ ഉൾപ്പെടുന്നു.

c. മൂന്നാം നൂറ്റാ ുവരെ (ഒറഗൺ, മെഥഡിയസ്) പ്രാരംഭ സഭാ രചയിതാക്കൾ ഈ ലേഖനത്തിൽ നിന്നും ഉദ്ധരിച്ചിട്ടില്ല.

d. A.D. 367-ൽ Athanasios (അഥനേഷ്യസ്)ന്റെ ലേഖനത്തെത്തുടർന്ന്, A.D.397-ലെ കർത്തേജിലെ സുന്നഹദോസ് (Council of Carthage) വരെ ഈലേഖനം ഔദ്യോഗികമായി അംഗീകരിച്ചിരുന്നില്ല.

e. 5-ാം നൂറ്റാ ിലെ സിറിയക് (Peshita) പരിഭാഷയിൽ ഇല്ല.

f. A.D.325 ലെ തർക്കമുള്ള പുസ്തകങ്ങൾക്കൊപ്പം (2പത്രൊസ്, യൂദാ, യാക്കോബ്, 2&3 യോഹന്നാൻ) (*Eccleiastical History* 3:25:3)-ൽ യുസെബിയസ് ഉൾപ്പെടുത്തിയിട്ടു ്.

2. **ആന്തരിക തെളിവുകൾ**

a. ഒന്ന് പത്രൊസിൽനിന്നും തികച്ചും വ്യത്യസ്ഥ ശൈലി (1 പത്രൊസ്) പദവിന്യായപരശൈലിയാണ്. എന്നാൽ 2 പത്രൊസ് അങ്ങനെയല്ല.

b. ഏഷ്യ മൈനറിലെ സാഹിത്യസ്വഭാവ ശൈലിയായ 'ഏഷ്യൻരീതി' (Asianism) എന്നറിയപ്പെടുന്ന സാഹിത്യശൈലിയാണ് 2 പത്രൊസിന്റേത്.

c. കാനോനികമല്ലാത്ത ഉറവിടങ്ങൾ ഉപയോഗിച്ചെന്ന പരാമർശം വലിയ തർക്കത്തിനുവഴി തെളിച്ചു, എന്നങ്ന്റെ 1 പത്രൊസ് 1 ഹാനോക്കിൽ നിന്നുമാണ് ഉദ്ധരിച്ചത്.

d. 2 പത്രൊസും യൂദയും സാഹിത്യബന്ധം പ്രത്യക്ഷമാണ്. 2 പത്രൊസ് 2:1–18; യൂദാ 4–13; 2 പത്രൊസ് 3:1–3, യൂദാ 17–18; ആര് ആരിൽ നിന്നും പകർത്തിയെന്നതു നിശ്ചയമില്ല.

e. അപ്പൊസ്തലനായ പത്രോസ് എഴുതിയെന്ന് പുസ്തകം അവകാശപ്പെടുന്നു. 1:1, 14, 16–18, 3:1,15.

## C. സാഹിത്യശൈലി

1. ഇത് സ്വാഭാവികമായും ഒന്നാംനൂറ്റാ ിലെ ലേഖനമാണോ?

a. സാധാരണ ആമുഖ-ഉപസംഹാര ശൈലിയു ്.

b. ഗലാത്യർ, എഫേസ്യർ, യാക്കോബ്, 1 യോഹന്നാൻ എന്നിവ പോലെ ചാക്രികമാണ് ഈ ലേഖനം.

c. താഴെരേഖപ്പെടുത്തിയിട്ടുള്ള സവിശേഷതകളാൽ 'നിയമം' എന്ന സാഹിത്യശൈലിയാണ് ഈ ലേഖനത്തിന്റെ പ്രത്യേകത.

(1) വിടവാങ്ങൽ പ്രഭാഷണം

(a) ആവർത്തനം 31–33

(b) യോശുവ 24

(c) പന്ത്ര ു പിതാക്കന്മാരുടെ നിയമം (ദൈവപ്രോക്താനിയമം)

(d) യോഹന്നാൻ 13–17

(e) പ്രവൃത്തി 20:17–28

(2) ആസന്നമരണത്തിന്റെ പ്രവചനം (ഒ:നോ. 2 തിമൊഥെയൊസ്)

(3) തന്റെ പാരമ്പര്യം കാത്തുസൂക്ഷിക്കുന്നതിന് അനുവാചകർക്കുള്ള പ്രബോധനം

2. 2 പത്രൊസ്-യൂദാ തമ്മിലുള്ള ബന്ധം

a. സാഹിത്യകടംവാങ്ങൽ പ്രത്യക്ഷമായിട്ടു ്.

b. കാനോനികമല്ലാത്ത ഉറവിടം സൂചനകൾ യൂദായുടെയും 2 പത്രൊസിന്റെയും ലേഖനങ്ങൾ തള്ളിക്കളയുന്നതിന് കാരണമായി. എങ്കിലും 1പത്രൊസിൽ 1ഹാനോക്കും, പൗലോസ് യവനകാവ്യവും ഉദ്ധരിച്ചിട്ടുമു ്.

3. പത്രൊസ് അപ്പൊസ്തലന്റെ ലേഖനമാണ് 1പത്രൊസ് അവകാശപ്പെടുന്നു ്.

a. 1:1-ൽ പത്രൊസ് എന്ന പേരു ്. ശിമയൊൻ പത്രൊസ് എന്ന് വിളിക്കപ്പെടുന്നു. യേശു നൽകിയതാണ് പത്രൊസ് എന്ന നാമം. (ഒ.നോ. മത്തായി. 16) ശിമയൊൻ (Simon അല്ല Symaen) എന്ന നാമം അസാധാരണവും അപൂർവ്വവുമാണ്. മറ്റാരെങ്കിലും പത്രൊസിന്റെ പേരിൽ ഈ ലേഖനം എഴുതാൻ ശ്രമിച്ചുവെങ്കിൽ, ശിമയൊൻ എന്ന യഹൂദാ അക്ഷരവിന്യാസം ഉപയോഗിച്ചതു അതിശയവും തൂലികാനാമ രീതിക്കു എതിർഫലവുമാണ്.

b. മറുരൂപമലയിൽ ഒരു ദൃക്സാക്ഷിയാണെന്നും അവകാശപ്പെടുന്നു. 1:16–18. (ഒ.നോ.മത്താ. 7:1–18; മർക്കൊസ് 9:2–8; ലൂക്കോസ് 9:28–36)

c. 1 പത്രാസ് അടങ്ങുന്ന മറ്റൊരു പ്രഥമ ലേഖനവും (ഒ.നോ 3:1) താനെഴുതിയെന്ന് അവകാശപ്പെടുന്നു.

4. മതാചാരനിഷ്ഠം (യാഥാസ്ഥിതികത്വം) Orthadoxy:
   a. പുതിയനിയമ അപ്പൊസ്തലിക ഉപദേശവിരുദ്ധമായി ഈ ലേഖനത്തിൽ ഒന്നും ഇല്ല.
   b. ചില പ്രത്യേക പ്രയോഗങ്ങൾ ഉ ് (ie. ലോകം തീയാൽ നശിച്ചു. പൗലോസിന്റെ ലേഖനം തിരുവെഴുത്തുകളാണ്) എന്നാൽ ഇവയൊന്നും ജ്ഞാനേയവാദപരമോ, ക്രിസ്തുവിന്റെ ദൈവത്വം ചോദ്യംചെയ്യുന്നതോ, ദുരുപദേശപരമോ അല്ല.

**ബാഹ്യ വിഷയങ്ങൾ**

1. ഒന്നും ര ും നൂറ്റാ ുകളിലെ ക്രിസ്തീയ രചനകളെ യുസെബിയസ് മൂന്ന് വിഭാഗങ്ങളായി തരം തിരിക്കുന്നു.
   a. സ്വീകരിക്കപ്പെട്ടവ
   b. തർക്കമുള്ളവ
   c. വ്യാജമായവ

   എബ്രായർ, യാക്കോബ്, ര ും മൂന്നും യോഹന്നാൻ എന്നീ പുസ്തകങ്ങൾക്കൊപ്പം ര ് പത്രോസും തർക്കമുള്ള വിഭാഗത്തിൽ ഉൾപ്പെടുത്തി.
2. 2പത്രൊസ് മാർസിയോൻ കാനോൻ (Marcion Canon) (A.D. 154) ദൃശ്യമല്ല, എങ്കിലും മാർസിയോൻ മറ്റ് പല പുതിയനിയമ പുസ്തകങ്ങളും തിരസ്കരിച്ചിട്ടു ്.
3. Muratorion Fragment (A.D. 180-200) ലും 2 പത്രൊസ് കാണുന്നില്ല, ഈ പട്ടികയ്ക്കു ഹാനിസംഭവിച്ചിരിക്കാം, കാരണം എബ്രായർ, യാക്കോബ്, 1 പത്രൊസ് എന്നിവയും പട്ടികയിലില്ല.
4. പൗരസ്ത്യ (സിറിയൻ) സഭയും ഈ പുസ്തകം തിരസ്കരിച്ചു.
   a. Peshitta-യിൽ എ.ഡി 5-ാം നൂറ്റാ ിന്റെ ആദ്യപകുതി).
   b. ഇറഖിൽ നിന്നുള്ള Philoxeniana (A.D. 507)ലും വടക്കൻ ആഫ്രിക്കയിൽ നിന്നുള്ള Harclean പതിപ്പിലും (A.D. 616)
   c. Chrysostem, Theodore of Mospuestia (i.e അന്ത്യോക്യ വ്യാഖ്യാന സ്കൂൾ നേതാക്കന്മാർ) എല്ലാ പൊതുലേഖനങ്ങലും തിരസ്കരിച്ചു.
5. Nag Hammadi ജ്ഞാനേയ കൃതികളിൽ കാണുന്ന ''സത്യത്തിന്റെ സുവിശേഷം'' ''യോഹന്നാന്റെ കെട്ടിച്ചമച്ച വെളിപ്പാട്'' എന്നിവയിൽ 2 പത്രൊസ് ഉദ്ധരിച്ചിട്ടു ്. (type). Coptic (കോപ്റ്റിക്)ലുള്ള എഴുത്തുകൾ (cf. *The Nag Hammati Gnostic Texts and the Bible* by Andrew K. Helmbold, p. 91). പ്രാരംഭഗ്രീക്ക് രേഖകളുടെ തർജ്ജിമയാകുന്നു. 2 പത്രൊസ് ഈ കൃതികളിൽ പരാമർശിച്ചിട്ടുള്ളതിനാൽ ഇവ ര ാം നൂറ്റാ ിൽ എഴുതുക അസാധ്യമാണ്.
6. ഇത് P[72], UBS രേഖയിൽ, മൂന്നോ നാലോ നൂറ്റാ ിൽ എഴുതിയതായി ഉൾപ്പെടുത്തുന്നു.
7. റോമിലെ ക്ലേമന്ത് (A.D. 95) ഉദ്ധരിച്ചിട്ടു ് അല്ലെങ്കിൽ പരാമർശിച്ചിട്ടു ്.
   a. 1 ക്ലേമന്ത് (Clement) (9:2 – 2 പത്രൊസ് 1:17)
   b. 1 ക്ലേമന്ത് (Clement) (23:3 - 2 പത്രൊസ് 3:4)
   c. 1 ക്ലേമന്ത് (Clement) (35:5 - 2 പത്രൊസ് 2:2)
8. രക്തസാക്ഷിയായ ജസ്റ്റിൻ (A.D. 115-165) *Dialogue with Trypho* 82:1-11 പത്രൊസ് 2:1 ഈ പുസ്തകം പരാമർശിക്കുന്നു. *pseudoppophetai* എന്ന ഗ്രീക്കുപദം ഈ ര ് പുരാതനക്രിസ്തീയ രേഖകളിൽ മാത്രമാണ് കാണാൻ കഴിയുന്നത്.
9. ഐറേനിയസ് (A.D. 130-200) 2പത്രൊസിൽ നിന്നും വ്യക്തമായി എടുത്തുപറയുന്നു (തന്നെപ്പറ്റി യൂസെബിയസ് *His Eccl*:5:32:2-2 പത്രൊ 38:8, 3:1::12 പത്രൊ:1:15)
10. അലക്സാന്ത്രയിലെ ക്ലേമന്ത് (A.D. 150-215)-ൽ 2പത്രൊസിന്റെ ആദ്യ വ്യാഖ്യാനഗ്രന്ഥം (ഭാഷ്യം) എഴുതി (ഇപ്പോൾ അത് നഷ്ടപ്പെട്ടു).
11. അഥനേഷ്യസിന്റെ (Athanasios) ഈസ്റ്റർ ലേഖനത്തിൽ (A.D. 367) ഈ ലേഖനം പരാമർശിച്ചിട്ടു ്; ഇത് കാനോനിക പുസ്തകങ്ങളുടെ നിലവിലുള്ള പട്ടികയാകുന്നു.
12. ലവോദിക്യ (A.D. 372) കാർത്തേജ് (A.D. 397) പ്രാരംഭ സഭാ കൗൺസിലുകളിൽ ഈ ലേഖനം കാനോനികമായി അംഗീകരിച്ചതാകുന്നു.
13. പത്രൊസിന്റേത് എന്ന് കരുതപ്പെടുന്ന എഴുത്തുകൾ (ie.,പത്രൊസിന്റെ പ്രവൃത്തികൾ, അന്ത്രയൊസിന്റെയും പത്രൊസിന്റെയും പ്രവൃത്തികൾ, പത്രൊസിന്റെയും പൗലോസിന്റെയും അഭിനിവേശം, പത്രൊസിന്റെയും പന്ത്ര ു അപ്പൊസ്തലന്മാരുടെയും പ്രവൃത്തികൾ, പത്രൊസിന്റെ വെളിപ്പാട്, പത്രൊസിന്റെ പ്രസംഗങ്ങൾ) എല്ലാം വ്യാജമാണെന്ന് ക ത്തി ആദിമ സഭ തള്ളിക്കളഞ്ഞു. (ie., അവ കാനോനികമല്ല)

## III. രചനാകാലഘട്ടം

A. കാലഘട്ടം ഗ്രന്ഥകർത്താവിനെ ആശ്രയിച്ചിരിക്കുന്നു.

B. പത്രൊസിന്റെ ഗ്രന്ഥകർതൃത്വത്തിൽ ബോധ്യമുെ ങ്കിൽ തന്റെ മരണത്തിന് മുൻപാണ് എന്ന് മനസ്സിലാക്കുന്നു (ഒ.നോ. 1:14)

C. നീറോ റോമിൽ കൈസര്യായിരുന്നപ്പോൾ അപ്പോ. പൗലോസ് മരിച്ചുവെന്ന് സഭാ പാരമ്പര്യം ഉറപ്പിക്കുന്നു. നീറോ ക്രിസ്ത്യാനികൾക്ക് എതിരായി A.D.64-ൽ പീഢനം ആരംഭിക്കുന്നു. A.D.68 -ൽ താൻ സ്വയം കൊല്ലപ്പെട്ടു.

D. പത്രൊസിന്റെ പിൻഗാമിയാണ് തന്റെ തൂലികാനാമത്തിൽ ഇത് എഴുതിയതെങ്കിൽ, A.D.130-150 എന്ന പിൽക്കാല തീയതിയാണ് സാധ്യം. കാരണം 2 പത്രൊസ് *Apocalypse of Peter* as well as *The Gospel of Truth* and *Apocryphon of John* (പത്രോസിന്റെ അപ്പോക്രിഫ, സത്യത്തിന്റെ സുവിശേഷം, യോഹന്നാന്റെ അപ്പോക്രിഫ) ഉദ്ധരിച്ചിട്ടു ്.

E. വിഖ്യാതനായ അമേരിക്കക്കാരൻ പുരാവസ്തു ഗവേഷകൻ W.F.Albright, ചാവുകടൽ ചുരുളുകളുമായുള്ള സാമ്യം തിരിച്ചറിഞ്ഞ്, ഈ ലേഖനം A.D.80 ന് മുൻപ് എഴുതിയെന്ന് വ്യക്തമാക്കുന്നു.

## IV. സ്വീകർത്താക്കൾ

A. 2 പത്രൊസ് 3:1-ൽ പരാമർശിക്കുന്നത് 1 പത്രൊസ് ആണെങ്കിൽ, സ്വീകർത്താക്കൾ ഒന്നുതന്നെയാണ് (i.e., ആധുനിക തുർക്കി)

B. യേശുവിന്റെ ര ാംവരവു പ്രതീക്ഷിച്ചുകൊ ് വിശ്വാസികൾ പരിശോധനകളെ തരണം ചെയ്യുന്നതിനും, ദുരുപദേശകരെ എതിർത്തു നിൽക്കുന്നതിനും, സുവിശേഷ പാരമ്പര്യം വിശ്വസ്തതയോടുകൂടി കാത്തുസൂക്ഷിക്കുന്നതിനും സാക്ഷ്യമായി ശക്തീകരിക്കുകയാണ് 2 പത്രൊസ്.

## V. പ്രമേയ സവിശേഷത

A. പ്രമാണവൈരുദ്ധ്യമുള്ള പ്രാരംഭഘട്ട ജ്ഞാനേയവാദം എന്ന ദുരുപദേശത്തോട് പോരാടുക. (2:1-22; 3:15-18)

B. യേശുവിന്റെ ര ാം വരവിന്റെ കാലതാമസം ചർച്ചചെയ്യുക. ഈ സമയം ദുരുപദേശകരും മറ്റ് പാപികളും ന്യായം വിധിക്കപ്പെടുമെന്നും ദൈവമക്കൾ മഹത്വീകരിക്കപ്പെടുമെന്ന് പ്രസ്താവിക്കുക.

## VI. എഴുതുവാനുള്ള പശ്ചാത്തലം

A. 1 പത്രൊസ് പീഢനവും കഷ്ടതയും അഭിസംബോധനചെയ്യുമ്പോൾ, 2 പത്രൊസ് ദുരുപദേശകരെയാണ് കൈകാര്യം ചെയ്യുന്നത്.

B. ദുരുപദേശസ്വഭാവം കൃത്യമായി അറിയില്ലെങ്കിലും ജ്ഞാനേയ വാദവുമായി ബന്ധപ്പെട്ടതാണ്. (ഒ.നോ. 2:1-22; 3:15-18) രഹസ്യമതങ്ങളും പ്രാരംഭജ്ഞാനേയവാദവും കൈകാര്യം ചെയ്യുന്നതിന് കൃത്യമായ സാങ്കേതിക പദങ്ങൾ ഈ ലേഖനത്തിൽ ഉപയോഗിച്ചിട്ടു ്. അവരുടെ ഉപദേശത്തെ ആക്രമിക്കുന്നതിന് സമർത്ഥമായ ലക്ഷ്യത്തോടുകൂടിയുള്ള സാങ്കേതികത്വം ഉപയോഗിച്ചു.

C. 2 തെസ്സലോനിക്യർ പോലെ, യേശുക്രിസ്തുവിന്റെ ര ാം വരവിന്റെ നിശ്ചയവും കാലതാമസവും, വരവിങ്കൽ ദൈവമക്കൾ തേജസ്വീകരിക്കപ്പെടുന്നതും അവിശ്വാസികൾ ന്യായംവിധിക്കപ്പെടുകയും ചെയ്യുന്ന ഉപദേശം ഈ പുസ്തകം പ്രതിപാദിക്കുന്നു. (ഒ.നോ.3:3-4) ''മറനീക്കുക'' (*apocalupsis*) എന്ന് 1 പത്രൊസ് വിശേഷിപ്പിക്കുമ്പോൾ 2 പത്രൊസിൽ 'പരോസിയ' (*parousia*) എന്ന് കാണുന്നു. വ്യത്യസ്ത ഗുമസ്ഥരാകാം ഇത് എഴുതിയത്. (i.e., ജെറോം)

## VII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ    വാക്കുകളും പ്രയോഗങ്ങളും

1. ദാസൻ, 1:1
2. ദിവ്യശക്തി, 1:3
3. ഭക്തി, 1:3
4. ''ദിവ്യസ്വഭാവത്തിനു കൂട്ടാളികൾ,'' 1:4
5. ''നിത്യരാജ്യം,'' 1:11
6. ''എന്റെ കൂടാരം പൊളിഞ്ഞു പോകുവാൻ അടുത്തിരിക്കുന്നു,'' 1:13
7. ''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷത,'' 1:16
8. ''അവന്റെ മഹിമ ക    സാക്ഷികളായിത്തീർന്നു,'' 1:16
9. ''ഇവൻ എന്റെ പ്രിയപുത്രൻ,'' 1:17
10. ''ഉദയനക്ഷത്രം ഉദിക്കുകയും ചെയ്യുവോളം'' 1:19
11. കള്ളപ്രവാചകന്മാർ, 2:1
12. ദുരുപദേഷ്ടാക്കന്മാർ, 2:1
13. ''പാപംചെയ്ത ദൂതന്മാർ''2:4
14. നരകം (ie Tartarus) 2:4
15. ''മഹിമകളെ ദുഷിക്കുക,'' 2:10
16. ''ദൂതഗണ മഹിമയെ ദുഷിക്കുന്നു,'' 2:10
17. ''വിശുദ്ധകല്പന,' 2:21
18. ''ദൈവത്തിന്റെ വരവു കാത്തിരുന്നു,'' 3:12
19. ''പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു,'' 3:13
20. ''കറയും കളങ്കവും ഇല്ലാത്തവരായി,'' 3:14

## VIII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ    വ്യക്തികൾ

1. നോഹ, 2:5
2. ലോത്ത്, 2:7
3. ബിലയാം, 2:15

## IX. ഭൂപടത്തിൽ അറിഞ്ഞിരിക്കേ    സ്ഥലങ്ങൾ - ഒന്നുമില്ല

## X. ചർച്ചാ ചോദ്യങ്ങൾ

1. 1:1 യേശുവിനെ ദൈവമെന്നാണോ വിശേഷിപ്പിക്കുന്നത്?
2. 1:10 ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ സ്വതന്ത്ര ഇച്ഛയും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.
3. പത്രൊസിന്റെ മരണത്തെപ്പറ്റി യേശു പറഞ്ഞതെപ്പോൾ? (1:14)
4. യേശുവിനൊപ്പം പത്രൊസിനു  ായിരുന്ന ദിവസങ്ങളെ ഒന്നാം അദ്ധ്യായം പ്രതിധ്വനിക്കുന്നതെങ്ങനെ?
5. **1**:20-21 പ്രതിപാദിക്കുന്ന വലിയ സത്യം എന്ത്?
6. 2-ാം അദ്ധ്യായത്തിലെ ദുരുപദേശകരുടെ സവിശേഷതകൾ എന്തെല്ലാമാണ്?
7. തങ്ങളെ കൊ  ുവന്ന യജമാനനെ തള്ളിപ്പറയുന്നത് 2:1, ദുരിത പൂർണ്ണമാക്കുന്നത് എങ്ങനെ?
8. 2:8 അതിശയകരമാണ്, കാരണമെന്ത്? (2:20)
9. 2:20 സ്വന്തം വാക്കുകളിൽ വിവരിക്കുക.
10. 3:4-ൽ ദുരുപദേശകരെപ്പറ്റി കൃത്യമായി പ്രതിപാദിക്കുന്നതെന്താണ്?
11. ഭൂമി ജലത്തിൽനിന്നും രൂപപ്പെടുത്തിയെന്നു പറയുന്നതിന്റെ കാരണമെന്ത്? (3:5)
12. 3:8-ന്റെ ധ്വനിയെന്ത്?
13. 1 തിമൊഥെയോസ്2: 4, 2 പത്രൊസ് 3:9b യുമായി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു?
14. 3:10-ലെ സത്യം വേദപുസ്തകത്തിൽ മറ്റെവിടെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്?
15. പൗലോസിനെപ്പറ്റി പത്രോസ് സൂചിപ്പിക്കുന്നു, അതിന്റെ പ്രസക്തിയെന്താണ്?
16. 2 പത്രൊസിന്റെ കേന്ദ്രപ്രമേയം എന്താണ്?

# 1 യോഹന്നാൻ : ഒരു ആമുഖം

## I. ഈ പുസ്തകത്തിന്റെസവിശേഷതകൾ

A. ഏതെങ്കിലുമൊരു സഭയ്ക്കെഴുതിയ ആസ്ഥാനത്തു നിന്നുള്ള പ്രക്ഷുബ്ദമായ ഔദ്യോഗിക പത്രികയോ (സംഘടിതലേഖനം) ഒരു വ്യക്തിപര എഴുത്തോ അല്ല 1 യോഹന്നാൻ.
   1. ഈ ലേഖനത്തിന് പരമ്പരാഗത രീതിയിലുള്ളമുഖവുരയില്ല. (ആരെഴുതി, ആർക്കെഴുതി)
   2. ഈ ലേഖനത്തിന് വ്യക്തിപര അഭിസംബോധനയോ ഉപസംഹാര സന്ദേശമോ ഇല്ല.

B. വ്യക്തികളുടെ പേരുകൾ പരാമർശിക്കുന്നില്ല. എഫേസ്യർ, യാക്കോബ്എന്നീ സഭകൾക്കുള്ളലേഖനങ്ങൾ ഒഴികെ, തികച്ചും അസാധാരണശൈലി. ലേഖനകർത്താവിന്റെ പേരെഴുതാത്ത പുതിയനിയമത്തിലെ ഏക ലേഖനമാണ് എബ്രായർ. എന്നിരുന്നാലും, ദുരുപദേശകർമുഖാന്തിരം വർത്തമാനകാലത്തു പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന വിശ്വാസികൾക്കായി എഴുതിയലേഖനമാണിത്.

C. അതിശക്തമായ വേദശാസ്ത്രപര പ്രബന്ധമാണിത്.
   1. ക്രിസ്തുകേന്ദ്രീകൃതം
      a. സമ്പൂർണ്ണ ദൈവം, സമ്പൂർണ്ണ മനുഷ്യൻ
      b. രക്ഷയെന്നതു യോഗാത്മപര അനുഭവമോ രഹസ്യഅറിവോ അല്ല (ദുരുപദേശകർ), പ്രത്യുത യേശുക്രിസ്തുവിലുള്ള വിശ്വാസത്താലാണ് രക്ഷ.
   2. ക്രിസ്തീയജീവിതശൈലിയുടെ അനിവാര്യത (സത്യസന്ധമായ ക്രിസ്തീയതയുടെ മൂന്ന് പരിശോധനകൾ)
      a. സഹോദര പ്രീതി
      b. അനുസരണം
      c. വീണലോകത്തിന്റെതിരസ്കരണം
   3. നസറായനായ യേശുവിലുള്ള വിശ്വാസത്താൽ ലഭിക്കുന്ന നിത്യരക്ഷയുടെ ഉറപ്പ് (27 പ്രാവശ്യം ''അറിവ്'' എന്ന പദം ഉപയോഗിച്ചിട്ടു ്).
   4. ദുരുപദേശകരെ എങ്ങനെ തിരിച്ചറിയാം

D. എല്ലാ പുതിയനിയമ പുസ്തകങ്ങളെയും അപേക്ഷിച്ച്, യോഹന്നാന്റെ എഴുത്തുകൾ (പ്രത്യേകാൽ 1 യോഹന്നാൻ) തികച്ചുംസങ്കീർണ്ണരഹിത പൊതുഗ്രീക്കുഭാഷയാണ് (Koine Greek). അപ്പോൾത്തന്നെ, തന്റെ രചനകൾ, മറ്റെല്ലാ പുസ്തകങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ദൈവത്തിൽ യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന സത്യങ്ങളുടെ ആഴവും നിത്യസത്യവും ഗംഭീരമായി അവതരിപ്പിച്ചിരിക്കുന്നു. (ദൈവം വെളിച്ചമാകുന്നു, 1:5; ദൈവം സ്നേഹമാകുന്നു, 4:8,16; ദൈവം ആത്മാവാകുന്നു യോഹന്നാൻ 4:24).

E. യോഹന്നാന്റെ സുവിശേഷത്തിന്റെ ആവരണലേഖനമാണ് 1 യോഹന്നാൻ എന്ന്കരുതാം. ഈ ര ് പുസ്തകങ്ങളുടെ രചനയ്ക്ക്, ഒന്നാം നൂറ്റാ ിൽ രൂപം കൊ ജ്ഞാനേയവാദം ഒരു സന്ദർഭമായി നിലകൊള്ളുന്നു. യോഹന്നാന്റെ സുവിശേഷത്തിന് ഒരു സുവിശേഷീകരണ പ്രാധാന്യമുള്ളപ്പോൾ ഒന്ന്യോഹന്നാൻ വിശ്വാസികൾക്കുവേ ിഎഴുതിയതാണ്.

യോഹന്നാന്റെ സുവിശേഷം യേശുവിന്റെ ദൈവത്വം ഉറപ്പിച്ചപ്പോൾ 1 യോഹന്നാൻ യേശുവിന്റെ മനുഷ്യത്വം ഉറപ്പിച്ചുവെന്ന് വിഖ്യാത വ്യാഖ്യാതാവായ Westcott പരാമർശിച്ചു. ഈ ര ് പുസ്തകങ്ങളുംചേർന്നു പോകുന്നവയാണ്!

F. കറുപ്പും വെളുപ്പും (ദ്വൈതവാദപരം) ഇടകലർന്ന രചനാരീതിയാണ് യോഹന്നാന്റേത്. ദുരുപദേശകരുടെയും ചാവുകടൽ ചുരുളുകളുടെയും (Dead Sea Scrolls) സവിശേഷ രചനാരീതിയാണിത്. പദപ്രയോഗരീതിയിലും (വെളിച്ചവും ഇരുളും) സാഹിത്യശൈലിയാലും അനുകൂലാത്മകമായ ഒരു പ്രസ്താവനയ്ക്കു ശേഷം പ്രതികൂലാത്മകമായ ഒരു പ്രസ്താവന) 1 യോഹന്നാൻ സാഹിത്യപര ദ്വൈത ഘടനാശൈലി അവലംബിച്ചിട്ടു ്. ലംബരൂപ ദൈതരൂപം അവലംബിച്ചെഴുതിയ യോഹന്നാന്റെ സുവിശേഷത്തിൽ നിന്നും വ്യത്യസ്തമാണിത് (ഉയരത്തിൽ നിന്നും താഴെ നിന്നും എന്ന ശൈലി).

G. പ്രമേയങ്ങളുടെ പുനരാവൃത്തിശൈലികാരണം 1 യോഹന്നാന്റെരൂപരേഖ (ഘടന-Outline) വികസിപ്പിക്കുക പ്രയാസകരം. ആവർത്തിക്കുന്ന ശൈലികളാൽ ഒരുമിച്ച് സത്യങ്ങൾ നെയ്തെടുത്ത ചിത്രത്തിരശ്ശീലയ്ക്കുസമാനമാണ് ഈ ലേഖനം (cf. Bill Hendricks, *Tapestries of Truth, The Letters of John).*

## II. ഗ്രന്ഥകർത്താവ്

A. യോഹന്നാന്റെ സാഹിത്യങ്ങളായ-സുവിശേഷം, 1യോഹന്നാൻ, 2 യോഹന്നാൻ, 3യോഹന്നാൻ, വെളിപ്പാട് എന്നിവയുടെ ഗ്രന്ഥകർതൃത്വങ്ങളിൽ 1യോഹന്നാൻ തർക്കഭാഗമാണ്.

B. അടിസ്ഥാനമായി ര ് കാഴ്ചപ്പാടുകളു ്.

1. പരമ്പരാഗതം
   a) 1 യോഹന്നാന്റെ ഗ്രന്ഥകർത്താവ്, പ്രിയ അപ്പൊസ്തലനായ യോഹന്നാനാണെന്നു പുരാതന സഭാപിതാക്കന്മാർ ഐക്യകണ്ഠേന വിശ്വസിക്കുന്നു.
   b) പുരാതന സഭാതെളിവുകളുടെ സംഗ്രഹം
      1. റോമിലെ ക്ലമന്ത് (A.D. 90) 1 യോഹന്നാൻ പരാമർശിക്കുന്നു
      2. സ്മർന്നയിലെ പോളികാർപ്പ്, Philippinas, (A.D.110-140) 1 യോഹന്നാനിൽ നിന്നും ഉദ്ധരിച്ചിട്ടു ്.
      3. Justin Martyr's Dialogue 123:9 (A.D. 150-160) 1 യോഹന്നാനിൽ നിന്നും ഉദ്ധരിച്ചിട്ടു ്.
      4. താഴെപ്പറയുന്നവരുടെ കൃതികളിൽ 1 യോഹന്നാൻ സൂചിപ്പിച്ചിട്ടു ്.
         a) അന്ത്യോക്യയിലെ ഇഗ്നേഷ്യസ് (എഴുതിയകാലം നിശ്ചയമില്ല എങ്കിലും എ.ഡി 100 കളുടെ പ്രാരംഭത്തിൽ)
         b) Hierapoils-ലെPapias (A.D. 50-60)ന് ജനിച്ചു; (A.D. 155-ൽ രക്തസാക്ഷിയായി)
      5. Lyons-ലെ ഐറേനിയസ് (A.D. 130-202) 1 യോഹന്നാൻ അപ്പൊസ്തലനായ യോഹന്നാൻ തന്നെയാകുന്നുഎന്ന് പ്രസ്താവിച്ചു. ദുരുപദേശകർക്കെതിരെ 50 കൃതികൾ എഴുതിയ, ആദ്യവക്താവായ (Apologist) തെർത്തുല്യൻ, പലപ്പോഴും ഈ ലേഖനത്തിൽ നിന്നും ഉദ്ധരിച്ചിട്ടു ്.
      6. അപ്പൊസ്തലനായ യോഹന്നാനാണ് ഈ ലേഖനം എഴുതിയതെന്ന് സാക്ഷീകരിക്കുന്ന ആദ്യകാല എഴുത്തുകാരാണ് ക്ലേമന്ത്, ഒറഗൺ, ഡയനേഷ്യസ് (മൂവരും അലക്സാന്ത്രിയക്കാരാകുന്നു), Muratorian Fragnent (A.D. 180-200) കൂടാതെ യൂസെബിയസ് (മൂന്നാം നൂറ്റാ ്).
      7. ജെറോം (നാലാം നൂറ്റാ ിന്റെ ര ാം പകുതിയിൽ) യോഹന്നാന്റെ ഗ്രന്ഥകർതൃത്വം ഉറപ്പിച്ചു പറഞ്ഞു, അപ്പോൾത്തന്നെ തന്റെകാലത്തുചിലർ ഇതുഅംഗീകരിക്കുന്നില്ലെന്നും പ്രസ്താവിച്ചു.
      8. അന്തൊക്യയിലെമൂപ്പനായ, Theodore of Mopsvestia, A.D. 392-428 യോഹന്നാന്റെ ഗ്രന്ഥകർതൃത്വം നിരാകരിച്ചു.

C. യോഹന്നാനാണ് ഗ്രന്ഥകർത്താവ് എങ്കിൽ, അപ്പൊസ്തലനായ യോഹന്നാനെപ്പറ്റി നമുക്കുള്ള അറിവുകൾ എന്തെല്ലാമാണ്?
   1. സെബദിയുടെയും ശലോമിയുടെയും പുത്രനാണ്
   2. അനേക മീൻപിടുത്ത വള്ളങ്ങൾസ്വന്തമായുള്ള, യാക്കോബിന്റെ സഹോദരനായ, ഗലീല കടൽത്തീരത്തുള്ള ഒരു മുക്കുവനാണ്.
   3. യേശുവിന്റെ അമ്മയായ മറിയയുടെ സഹോദരിയാണ് യോഹന്നാന്റെ മാതാവ് എന്ന് ചിലർ കരുതുന്നു (ഒ.നോ. യോഹ. 19:25; മർക്കൊസ് 15:20).
   4. തനിക്കുസ്വന്തമായി
      a) നിയമിച്ച ജോലിക്കാർ (ഒ.നോ. മർക്കൊസ് 1:20)
      b) അനേക വള്ളങ്ങൾ
      c) യെരുശലേമിൽ ഒരു ഭവനം (ഒ.നോ.മത്താ.20:20) ഉ ായിരുന്നതിനാൽ താൻ പ്രത്യക്ഷത്തിൽ ധനികനായിരുന്നു.
   5. യെരുശലേമിലെ മഹാപുരോഹിതന്റെ ഭവനത്തിൽ തനിക്കു പ്രവേശനാനുമതി ഉ ായിരുന്നു, ആകയാൽ താൻ പ്രസിദ്ധനായ വ്യക്തിയായിരുന്നു എന്നും അനുമാനിക്കാം. (ഒ.നോ. യോഹ 18:15–16).
   6. ഈ യോഹന്നാനെയായിരുന്നു യേശുവിന്റെ അമ്മ മറിയയെയേശു ഭരമേല്പിച്ചത്.

d. മറ്റെല്ലാ അപ്പൊസ്തലരുടെ കാലശേഷവും യോഹന്നാൻ ജീവിച്ചിരുന്നുഎന്ന് മുൻകാല സഭാപാരമ്പര്യം ഐക്യകണ്ഠേന സാക്ഷ്യപ്പെടുത്തുന്നു. മറിയയുടെ മരണാനന്തരം യെരുശലേമിൽ നിന്നും താൻ ഏഷ്യയിലെ ഏറ്റവും വലിയ പട്ടണമായ എഫെസേസിലേക്കുതാമസം മാറി. ആ പട്ടണത്തിൽ നിന്നും താൻ പത്മൊസ്ദ്വീപിലേക്കു (ദ്വീപു തീരം) നാടുകടത്തപ്പെട്ടുഎന്നും പിൽക്കാലത്തുവിട്ടയയ്ക്കപ്പെട്ട് എഫെസേസിലേക്കു മടങ്ങിയെത്തിയെന്നും കാണുന്നു. (യൂസെബിയസ്, പോളികാർപ്പ്, പാപ്പിയസ്, ഐറേനിയസ്) എന്നിവർ ഇത് എടുത്തു പ്രസ്താവിച്ചിട്ടു ്.

2. **ആധുനിക പാണ്ഡിത്യം**

a) യോഹന്നാന്റെ രചനകളുടെ പദപ്രയോഗം, പദസമ്പത്തു, വ്യാകരണരീതിയെല്ലാം സമാനമാണെന്ന് ഒട്ടനവധി ആധുനിക പണ്ഡിതന്മാരും തിരിച്ചറിയുന്നു. തികഞ്ഞ വിപരീതശൈലികളുടെ ഉപയോഗം മികച്ച ഉദാഹരണമാകുന്നു: ജീവൻ-മരണം; സത്യം-വ്യാജം. അക്കാലത്തെ മറ്റ്രചനകളായ ചാവുകടൽ ചുരുളുകൾ, ജ്ഞാനേയവാദ പ്രാരംഭ രചനകൾ. ഈ ആശയദ്വികരണം ദർശിക്കാവുന്നതാണ്.

b) പാരമ്പര്യമായി യോഹന്നാന്റെ ഗ്രന്ഥകർതൃത്വംസ്ഥാപിക്കുന്ന അഞ്ച് പുസ്തകങ്ങൾ പരസ്പരമുള്ള ബന്ധം പരിഗണിച്ച്വിവിധ സിദ്ധാന്തങ്ങൾ നിലവിലു ്. ചിലർ ഇവ എഴുതിയത് ഒരു വ്യക്തിയാണെന്നും മറ്റുചിലർ ര ് അല്ലെങ്കിൽമൂന്ന് വ്യക്തികളാണെന്നും സ്ഥാപിക്കുന്നു. ഈ ലേഖനങ്ങളെല്ലാം ഒരു വ്യക്തിയുടെ ചിന്താശൃംഖലയിൽ നിന്നും ഉത്ഭവിച്ചതും തന്റെ ഒന്നിലധികം ശിഷ്യർ എഴുതിയതുമാകാനാണ് സാധ്യത.

3. ഗ്രന്ഥകർതൃത്വ വിഷയം വ്യാഖ്യാനവുമായി മാത്രം ബന്ധപ്പെട്ടിരിക്കുന്നു, അത് വചനത്തിന്റെ ദൈവനിശ്വാസീയതയെ ചോദ്യം ചെയ്യുന്നില്ല. ആത്യന്തികമായി തിരുവെഴുത്തിന്റെ ഉറവിടം ദൈവമാണല്ലോ!

## III എഴുതിയ കാലഘട്ടം - ഇത് ഗ്രന്ഥകർതൃത്വവുമായി ബന്ധപ്പെട്ടതാണ്.

A. ഈ ലേഖനങ്ങൾ അപ്പൊസ്തലനായ യോഹന്നാനാണ് എഴുതിയതെങ്കിൽ, പ്രത്യേകാൽ 1 യോഹന്നാൻ, ഒന്നാം നൂറ്റാ ിന്റെ അവസാന കാലഘട്ടത്തായിരിക്കണം. ഇത്ജ്ഞാനേയ ഉപദേശ-തത്വ ചിന്തകളുടെസംവിധാനം വികസിച്ച സമയമാകാം. 1 യോഹന്നാനിലെ പദപ്രയോഗങ്ങൾ (''എന്റെ കുഞ്ഞുങ്ങളെ'') പ്രായംചെന്ന ഒരുവൻ യൗവന വിശ്വാസികളോടു സംസാരിക്കുന്നു എന്ന ധ്വനിയു ്. യേശുവിന്റെ ക്രൂശീകരണശേഷം 68 വർഷങ്ങൾ യോഹന്നാൻ ജീവിച്ചുവെന്ന്ജെറോം (Jerome) പറയുന്നു. അത് ചരിത്രപാരമ്പര്യവുമായി ചേരുന്നതുമാകുന്നു.

B. യോഹന്നാന്റെസുവിശേഷം A.D. 95-ലും 1 യോഹന്നാൻ A.D. 85-95 കാലത്തും എഴുതിയെന്ന് A.T. Robitson അഭിപ്രായപ്പെടുന്നു.

C. യോഹന്നാന്റെലേഖനങ്ങൾ എല്ലാം A.D. 60-100 നിടയിലുള്ള കാലഘട്ടത്താണെന്ന്, ആധുനികവേദ പണ്ഡിതർ കണക്കാക്കുന്നുഎന്ന് *The New International Commentary Series on I John* by I. Howard Marshall രേഖപ്പെടുത്തിയിട്ടു ്.

## IV സ്വീകർത്താക്കൾ

A. എഫേസസ് പ്രധാന തലസ്ഥാനമായുള്ള റോമാ പ്രവിശ്യയായ ഏഷ്യയിൽ (ആധുനിക തുർക്കി) ഉള്ളവർക്കാണ് ഈ ലേഖനം എഴുതിയതെന്ന് പാരമ്പര്യം സൂചിപ്പിക്കുന്നു.

B. ദുരുപദേശകരാൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന (കൊലൊസ്യർ, എഫേസ്യർ പോലെ) ഏഷ്യാമൈനറിലെ ഒരുകൂട്ടം സഭകൾക്കായിരിക്കാം ഈ ലേഖനം എഴുതപ്പെട്ടത്. (1) യേശുക്രിസ്തുവിന്റെ മനുഷ്യത്വം തള്ളിപ്പറഞ്ഞ ഡോസെറ്റിക്ജ്ഞാനവാദികളോ (Docetic Gnostics), ഇവർ യേശുവിന്റെ ദൈവത്വം അംഗീകരിച്ചു, (2) ദൈവശാസ്ത്രത്തെ ധാർമ്മികതയിൽ നിന്നും അടർത്തിമാറ്റിയ പ്രമാണ വൈരുദ്ധ്യ ജ്ഞാനേയ വാദം എന്നിവയാകാം ദുരുപദേശങ്ങൾ.

C. ബാബിലോണ്യർ (Parthians/Babylon) ആയിരിക്കാം ഈ ലേഖനം എഴുതിയതെന്ന് അഗസ്റ്റിൻ (എ.ഡി. 4-ാം നൂറ്റാ ്) പറയുന്നു. Cassiodrus (A.D. 6 -ാംനൂറ്റാ ്) ഇത് പിന്തുടരുകയു ായി. 1 പത്രൊസ് 5:13ലും 1 യോഹന്നാൻ 1 ലും ഉള്ള, ''മാന്യനായിക'' ബാബിലോണിലെസ്ത്രീ എന്നീ ഉപവാക്യങ്ങൾ ആയിരിക്കാം ആശയക്കുഴപ്പത്തിന് കാരണം.

D.''യോഹന്നാന്റെ കൂട്ടുശിഷ്യർക്കും, മൂപ്പന്മാർക്കും പ്രബോധനം നൽകിയശേഷം'' (എഷ്യാമൈനർ) എഴുതിയെ് A.D. 180-200 -ൽ എഴുതിയ, പുതിയനിയമ കാനോനിക പുസ്തകങ്ങളുടെ പട്ടികയായ The Muratorian Fragnent സൂചിപ്പിക്കുന്നു.

## V ദുരുപദേശം

A. ഒരു വിധത്തിലുള്ള ദുരുപദേശത്തിനുള്ള പ്രതികരണമാണ് ഈ ലേഖനം എന്നതുവ്യക്തമാണ്. (ഒ. നോ. ''നാം പറയുകയാണെങ്കിൽ...'' 1:6 ''താൻ പറയുന്നുവെങ്കിൽ...'' 2:9, 4:20 (രചനയിലൂടെ അധിക്ഷേപം)

B. 1 യോഹന്നാനിലെ ആന്തരികതെളിവുകളാൽ ദുരുപദേശത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾ ഗ്രഹിക്കാം.
1. യേശുവിന്റെ മനുഷ്യാവതരണംതള്ളിക്കളയൽ
2. രക്ഷയിൽ, യേശുക്രിസ്തുവിന്റെമുഖ്യ പങ്ക് തള്ളിക്കളയൽ
3. അനുയോജ്യമായ ക്രിസ്തീയ ജീവിത മാതൃകയുടെ കുറവ്
4. അറിവിന് അമിതപ്രാധാന്യം നൽകൽ (പലപ്പോഴും രഹസ്യം)
5. ഒരു പ്രത്യേകകൂട്ടർക്കു മാത്രമാണ് എന്ന ഒരു ചായ്‌വു

C. ഒന്നാം നൂറ്റാ ിലെ പശ്ചാത്തലം
പൗരസ്ത്യ-പശ്ചാത്യ മതങ്ങൾക്കിടയിൽ വിശാല വീക്ഷണമുള്ള കാലഘട്ടമായിരുന്നു റോമാ ലോകത്തിലെ ഒന്നാം നൂറ്റാ ്. റോമാ ഗ്രീക്ക് ബഹു:ദൈവസങ്കല്പത്തിന്റെ യശസ്സ് മങ്ങലേറ്റ സ്ഥിതിയായിരുന്നു. ദൈവവുമായി വ്യക്തിപരബന്ധം, രഹസ്യ അറിവ് എന്നീ പ്രത്യേകതകൾ കാരണം രഹസ്യ മതങ്ങൾ പ്രശസ്തമായിരുന്നു അക്കാലത്തു. മതേതര യവന തത്വചിന്ത പ്രശ സ്തവും, മറ്റ് മതകാഴ്ച്ചപ്പാടുകളുമായി ചേരുന്നതുമായിരുന്നു. ഇപ്രകാരമുള്ള വിശാലവീക്ഷണ മതപശ്ചാത്തലത്തിൽ വിശിഷ്ടനായ യേശുക്രിസ്തു മാത്രം ദൈവത്തിങ്കലേയ്ക്കുള്ള ഏകമാർഗ്ഗം: (ഒ.നോ. യോഹ 14:6) ദുരുപദേശത്തിന്റെ യഥാർത്ഥപശ്ചാത്തലം എന്തുതന്നെയായാലും ക്രിസ്തീ യതയുടെ ഏകദൈവ-ഏകരക്ഷാമാർഗ്ഗ ഉപദേശം സത്യാഭാസനയായും ബൗദ്ധികമായും വിശാല യവന-റോമാ ശ്രോതാക്കൾക്കു അംഗീകരിക്കാൻ ശ്രമിക്കുന്നതായിരുന്നു. ക്രിസ്തീയ വിശ്വാസം രംഗപ്രവേശനം ചെയ്യുന്നത്.

D. യോഹന്നാൻ അഭിസംബോധന ചെയ്യുന്ന ജ്ഞാനവാദ സാധ്യതകൾ
1. ജ്ഞാനവാദ പ്രാരംഭഘട്ടം.
   a. ആത്മാവിനും പദാർത്ഥത്തിനും ഇടയിലുള്ള നിത്യജീവതത്ത്വശാസ്ത്രത്തിന്റെ ദ്വന്ദ്വ ഭാവവിശ്വാസത്തിന് ഊന്നൽ നൽകുന്നതാണ് ഒന്നാം നൂറ്റാ ിലെ പ്രാരംഭഘട്ടജ്ഞാന വാദത്തിന്റെ അടിസ്ഥാന ഉപദേശം. ആത്മാവ് (ഉയർന്ന ദൈവം) നല്ലതെന്ന ചിന്തയും, പദാർത്ഥം (matter) സ്വാഭാവികമായും പാപകരവുമാണ് എന്ന ചിന്തയും വച്ചുപുലർത്തി കാല്പനികവും ഭൗതികവും; സ്വർഗ്ഗീയവും ഭൗമികവും; ദൃശ്യമായതും അദൃശ്യമായതും എന്നീഅതിന്ദ്രയ (Platonism) ദ്വന്ദസ്വഭാവ പ്രതിഫലനമാണിത്. രഹസ്യ അറിവിന് അമിത പ്രാധാന്യം കല്പിച്ചു. ദൂതഗണ മേഖലകൾ (*aenos*) ഭേദിച്ച്ആത്മരക്ഷനായ ഉന്നത ദൈവ ത്തിനടുത്തെത്താൻ, പാസ്സ്‌വേഡ് (Password) രഹസ്യകോഡ് എന്നിവ ഉ ് എന്ന വിശ്വാ സം).
   b. 1 യോഹന്നാന്റെ പശ്ചാത്തലമായി കരുതാൻ സാധിക്കുന്ന പ്രാരംഭ ജ്ഞാനവാദത്തിന് ര ് രൂപങ്ങൾ ഉ ്.
      (1) പദാർത്ഥം പാപമയമായതാണ്, അതുകൊ ് യേശു യഥാർത്ഥ മനുഷ്യനായി അവതരിച്ചില്ല എന്ന Docetic ജ്ഞാനവാദം.
      (2) Cerinthian ജ്ഞാനവാദം-വിവിധ യുഗങ്ങളിൽഒന്നിൽ ക്രിസ്തുവു ്അല്ലെങ്കിൽ നല്ല ഉന്നത ദൈവംഅല്ലെങ്കിൽ പാപമയമായ പദാർത്ഥത്തിന്റെ ഇടയിൽദൂതഗണ തലങ്ങൾ ഉ ് എന്ന വിശ്വാസം. ഈ ''ക്രിസ്തുവെന്ന ആത്മാവിൽ'' മനുഷ്യനായ യേശുസ്നാന സമയത്തു ആഗതമായി, ക്രൂശീകരണത്തിനു മുമ്പ് വിട്ടുപോയി എന്ന വിശ്വാസം.
      (3) ഈ ര ് ഗണത്തിൽ ഒരു കൂട്ടർ തപസവൃത്തി (Asceticism) പരിശീലിച്ചു (ശരീരം ആവ ശ്യപ്പെടുന്നുവെങ്കിൽ അത് പാപമയം) മറ്റൊരുകൂട്ടർ Antinomianism (പ്രമാണ വൈരു ദ്ധ്യം) (ശരീരത്തിനാവശ്യമെങ്കിൽ അതു നൽകുക) എന്നും വിശ്വസിച്ചു. വിക

സിതജ്ഞാനേയ സിദ്ധാന്തം ഒന്നാം നൂറ്റാ ിൽ രൂപപ്പെട്ടതിന് തെളിവില്ല. എന്നാൽ ര ാം നൂറ്റാ ിന്റെ മദ്ധ്യത്തിൽ വികസിച്ചുവെന്ന് രേഖാമൂലമുള്ള തെളിവു ്. ''ജ്ഞാനേയ സിദ്ധാന്തത്തെപ്പറ്റി കൂടുതൽ അറിയുന്നതിന്, ഈ ഗ്രന്ഥങ്ങൾ പരിശോധിക്കുക.

(a) *The Gnostic Religion* by Hans Jonas, published by Beacon Press
(b) *The Gnostic Gospels* by Elaine Pagels, published by Random House
(c) The Nag Hammadi Gnostic Texts and the Bible by Andrew Helmbold

2. Smyrnaeans IV-Vഎന്ന കൃതിയിൽ, ഇഗ്നേഷ്യസ് മറ്റൊരു ദുരുപദേശ സാധ്യത അഭിപ്രായപ്പെടുന്നു. അവർയേശുവിന്റെ മനുഷ്യാവതാരം തള്ളിക്കളയുകയും പ്രമാണ വിരുദ്ധ ജീവിതരീതി പിന്തുടരുകയും ചെയ്തുപോന്നു.
3. അന്ത്യോക്യയിലെ Meander ദുരുപദേശമാകാംമറ്റൊരു സാധ്യത, ഈ വ്യക്തിയെപ്പറ്റി ഐറേനിയസ്, *Against Heresies* XXIII-ൽഎഴുതി. സ്യഅറിവിന്റെകാര്യസ്ഥനും ശമര്യക്കാരനായ ശീമോന്റെ പിൻഗാമിയുമായിരുന്നു താൻ.

## E. ദുരുപദേശത്തിന്റെ ഇന്നത്തെ സ്ഥിതി

1. ക്രിസ്തീയ വിശ്വാസസത്യങ്ങളും വിവിധ തത്ത്വങ്ങളും ഇടകലർത്തി പഠിപ്പിക്കുമ്പോൾ ഈ ദുരുപദേശത്തിന്റെ ആത്മാവ് ഇന്നും വ്യാപരിക്കുന്നു എന്ന് മനസ്സിലാക്കാം.
2. വ്യക്തിഗത ബന്ധം എന്ന ഒറ്റപ്പെട്ടതും, ഇതാണ് ''ശരിയായ'' ഉപദേശം എന്ന വാദവുംജീവിത ശൈലി വിശ്വാസവും ഊന്നിപ്പറയുമ്പോൾ ഈ ദുരുപദേശ ആത്മാവ് ഇന്നും നില നിൽക്കുന്നുവെന്ന് മനസ്സിലാക്കാം.
3. ക്രിസ്തീയതയെ ബൗദ്ധിക യോഗ്യതയായി അവതരിപ്പിക്കുമ്പോഴും...ഈ ദുരുപദേശആത്മാവ് ഇന്നും നിലനിൽക്കുന്നുവെന്ന് മനസ്സിലാക്കാം.
4. ക്രിസ്തീയതയെ താപസവൃത്തിയായും പ്രമാണ വിരുദ്ധ ജീവിത രീതിയായും കരുതുമ്പോഴും ഈ ദുരുപദേശ ആത്മാവ് ഇന്നും നിലനിൽക്കുന്നുവെന്ന് മനസ്സിലാക്കാം.

# VI. ലേഖനോദ്ദേശ്യം

## A. വിശ്വാസികൾക്കുള്ള പ്രായോഗിക ശ്രദ്ധ ഇതിലു ്.

1. അവർക്കു സന്തോഷം പകരുന്നു (ഒ.നോ. 1:4)
2. ഭക്തിനിർഭര ജീവിതത്തിനുള്ള പ്രോത്സാഹനം (ഒ.നോ.1:7; 2:1)
3. ലോകത്തെയല്ല അന്യോന്യം സ്നേഹിക്കുവാൻ (ഒ.നോ.4:7-21) കല്പന നൽകുന്നു (ഓർമ്മപ്പെടുത്തൽ) (ഒ.നോ. 2:15-17).
4. ക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷയുടെ ഉറപ്പ് നൽകുവാൻ (ഒ.നോ. 5:13)

## B. വിശ്വാസികൾക്കുള്ള ഉപദേശപര ഫോക്കസ് നൽകുവാൻ

1. യേശുവിന്റെ മനുഷ്യത്വവും ദൈവത്വവും തമ്മിൽ വേർപെടുത്തുന്ന അബദ്ധം, തെറ്റ് ഖണ്ഡിക്കുക.
2. ഭക്തിനിർഭര ജീവിതം ശൂന്യമാക്കുന്ന ബൗദ്ധികതയായി ആത്മീയതയെ വേർപെടുത്തുന്ന തെറ്റ് ഖണ്ഡിക്കുക.
3. അറ്റുള്ളവരിൽ നിന്നും ഒറ്റപ്പെട്ടുകഴിഞ്ഞാൽ ഒരുവനു രക്ഷിക്കപ്പെടാം എന്ന ഉപദേശം ഖണ്ഡിക്കുക.

# VII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. ആദിമുതലുള്ളത്, 1:1
2. ജീവന്റെവചനം, 1:1
3. നിത്യജീവൻ, 1:2
4. കൂട്ടായ്മ, 1:3
5. ദൈവംവെളിച്ചംആകുന്നു, 1:5
6. നടക്കുക, 1:6,7
7. യേശുവിന്റെരക്തം, 1:7
8. എന്റെകുഞ്ഞുങ്ങൾ, 2:1
9. പ്രായശ്ചിത്തം, 2:2, 4:10
10. അറിഞ്ഞിരിക്കുന്നു, 2:3,4,18,20,21, etc.

11. വസിക്കുന്നു, 2:6, 17,24,25,27 etc.
12. പുതിയോരുകല്പനയല്ല, 2:7
13. അവന്റെ നാമം നിമിത്തം, 2:12
14. ലോകം, 2:15
15. അന്ത്യനാഴിക ആകുന്നു, 2:18
16. അഭിഷേകം, 2:20,27
17. സ്വീകരിക്കുന്നവൻ, 2:23,4:2,3,15 etc.
18. ആത്മാക്കളെ ശോധന ചെയ്യുവിൻ, 4:1
19. ന്യായവിധി ദിവസത്തിൽ, 4:17
20. ആത്മാവ്, ജലം, രക്തം, 5:8
21. മരണകാരണമായ പാപം, 5:16
22. ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നവൻ, 5:18
23. വിഗ്രഹങ്ങളോട് അകന്നുസൂക്ഷിച്ചുകൊള്ളുവിൻ, 5:21

## VIII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വ്യക്തികൾ

1. കാര്യസ്ഥൻ, 2:1
2. കള്ളൻ, 2:4,22
3. എതിർക്രിസ്തു, 2:18,4:3
4. എതിർക്രിസ്തു, 2:18
5. നിങ്ങളെതെറ്റിക്കുന്നവർ, 2:26
6. പിശാച്, 3:8,10
7. കയീൻ, 3:12
8. ദുഷ്ടൻ, 5:18

## IX. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ - ഒന്നുമില്ല

## X. ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ

1. ഇന്ദ്രിയങ്ങൾ പ്രതിധ്വനിക്കുന്ന ക്രിയകൾ (കേട്ടതും, ക തും, നോക്കിയതും, കൈതൊട്ടതും) 1 യോഹ. 1:1-4ൽ ഉപയോഗിച്ചിരിക്കുന്നതിന്റെ കാരണം എന്ത്?
2. ഒരാൾക്ക് പാപമില്ലഎന്ന് എങ്ങനെ പറയാം? (1:18)
3. 1:9 അതിപ്രധാന വാക്യമായിരിക്കുന്നതെന്തുകൊ ്? ആരെക്കുറിച്ചാണ് ഇതു സംസാരിക്കുന്നത്?
4. 1:10 ഉം 3:6,9 ആയി എപ്രകാരം ബന്ധിപ്പിക്കും?
5. യോഹ. 3:16, 1 യോഹ 2:2 ആയി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു?
6. 'അറിവ്' എന്ന പദം 1 യോഹന്നാനിൽ ആവർത്തിച്ചുപയോഗിക്കുന്നു, കാരണമെന്ത്?
7. ''നാംപറയുന്നു എങ്കിൽ'' ആവർത്തിക്കുന്ന ഈ പദത്തിന്റെ അർത്ഥവും ധ്വനിയുമെന്താകുന്നു?
8. യോഹന്നാൻ ബോധ്യപ്പെടുത്താൻ നേരിടുന്ന ദുരുപദേശകർ ആരെല്ലാമാണ്? വേദപുസ്തക പ്രകാരമുള്ള ക്രിസ്തീയതയ്ക്കു എതിരായ തങ്ങളുടെ വിശ്വാസങ്ങൾ വിവരിക്കുക.
9. 3:2 ഏത് ഉപദേശ മേഖലയുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്?
10. 3:6 ഉം 9 ഉം വ്യാഖ്യാനിക്കുവാൻ പ്രയാസകരമായിരിക്കുന്നതെന്തുകൊ ്?
11. 4:8 പോരാടുന്ന ക്രിസ്ത്യാനിയുമായി ബന്ധപ്പെട്ടിരിക്കുന്നതെങ്ങനെ?
12. ത്രിത്വം എന്ന ആശയം 4:13-14ൽ പ്രത്യക്ഷമാണ്. ഇത്സ്വന്തംവാക്കുകളിൽവിവരിക്കുക.
13. 4:19 സ്വന്തംവാക്കുകളിൽവിവരിക്കുക.
14. വിശ്വാസികൾ ക്രിസ്ത്യാനികളാണെന്ന് ഉറപ്പുനൽകുന്ന മൂന്ന് പരിശോധനകൾ 1 യോഹന്നാനിൽ ഉ ്: ഈ മൂന്ന് പരിശോധനകൾ ഏവ?
15. 5:13 സുപ്രധാന വാക്യമാണ്, കാരണമെന്ത്?
16. വിശ്വാസികളുടെ പ്രാർത്ഥനകൾക്കെല്ലാം പ്രതീക്ഷപോലെ മറുപടി ലഭിക്കും എന്ന് 5:14-15 വാഗ്ദാനം നൽകുന്നുേ ാ?
17. മരണകാരണമാകാവുന്ന പാപം എന്താണ്? (5:16)
18. വിശ്വാസികൾ സാത്താനാൽ ഒരിക്കലും പരീക്ഷിക്കപ്പെടില്ലഎന്ന് 5:18 അർത്ഥമാക്കുന്നുേ ാ? എന്തുകൊ ് അല്ലെങ്കിൽ എന്തുകൊ ല്ല?
19. ''സർവ്വലോകവും ദുഷ്ടന്റെ അധീനതയിലാണ്''എന്ന വാക്യാംശംകൊ ് അർത്ഥമാക്കുന്നതെന്താണ്?

# 2 & 3 യോഹന്നാൻ : ഒരു മുഖവര

## I. പ്രാരംഭ പ്രസ്താവനകൾ

A. 3 യോഹന്നാൻ എന്ന ശീർഷകത്തിലുള്ള ചെറിയലേഖനം 2 യോഹന്നാനേക്കാൾ അല്പം ചെറുതാണ്. ര ുംമൂന്നും യോഹന്നാൻ ഒരു പ്രാദേശിക സഭയ്ക്കു സംതുലിത സന്ദേശങ്ങളാണെന്നും ഞാൻ കരുതുന്നു, ഈ സഭ ഒന്നാം നൂറ്റാ ിന്റെ അവാസകാലത്തു റോമാപ്രവിശ്യയിലെ ഏഷ്യാമൈനറിലായിരിക്കാം സ്ഥിതിചെയ്തതു.

B. 2 യോഹന്നാൻ സഞ്ചാരപ്രസംഗകരുടെ ദുരുപദേശം കൈകാര്യം ചെയ്യുമ്പോൾ, ഈ സഞ്ചാരപ്രസംഗകർക്കു താക്കീതും ഉദ്ബോധനവും നൽകുകയാണ് 3 യോഹന്നാൻ.

C. 3 യോഹന്നാനിൽ 3 വ്യത്യസ്ഥവ്യക്തികളെ പേരെടുത്തു പറയുന്നു.
   1. യായൊസ് (പ്രസ്തുത സഭയിലെ ഭക്തനായ പുരുഷൻ)
      a. ഗായൊസ് എന്ന പേര് വേദപുസ്തകത്തിൽ മൂന്നിടത്തു ്. മക്കദോന്യയിലെ യായൊസ്; പ്രവൃ.19:29; ദർബയിലെഗായൊസ്. പ്രവൃ.20:4 റോമിലെഗായൊസ് റോമർ.16:23; 1കൊരി.1:14.
      b. യോഹന്നാൻ അപ്പൊസ്തലൻ നിയമിച്ച, പെർഗ്ഗമൊസിലെമൂപ്പനായ (Bishop) ഗായൊസ് ആകുന്നു മൂന്ന് യോഹന്നാനിൽ കാണുന്നത്. ഇത് ''അപ്പൊസ്തലിക നിയമാവലി'' പട്ടികയിൽ ഉൾപ്പെടുന്നു.
   2. ദിയൊത്രഫേസ്: (പ്രസ്തുത സഭയിലെ ഭക്തനല്ലാത്ത പ്രശ്നക്കാരൻ)
      a. പുതിയനിയമത്തിൽ തന്നെപ്പറ്റി ഏക സൂചന ഈ ലേഖനത്തിലാണുള്ളത്. ''സീയൂസീ (zeus)നാൽ പരിപോഷിക്കപ്പെട്ട'' എന്നർത്ഥംവരുന്ന ഈ നാമം വിരളമാണ്. സീയൂസ് (zeus) ''യാത്രികരുടെ സംരക്ഷകൻ ആയിരിക്കുമ്പോൾ ''സീയൂസ്'' എന്ന പേരുകാരൻ യാത്രക്കാർക്ക് എതിരായി നിൽക്കുന്നുവെന്നതു വിപരീതാർത്ഥകം തന്നെ.
      b. 09–10–ൽ തന്റെ മനോഭാവം വെളിപ്പെടുത്തുന്നു.
   3. ദെമേത്രിയൊസ് (പ്രാദേശിക സഭയിൽ ഈ ലേഖനം എത്തിച്ച വ്യക്തി)
      a. താൻ ഒരു സഞ്ചാരസുവിശേഷദൗത്യ പ്രവർത്തകനും, എഫേസൊസിലെ അപ്പൊസ്തലനിൽ നിന്നും ഈ ലേഖനം പ്രസ്തുത സഭയിൽ എത്തിച്ചയാളുമാണ്.
      b. ഫിലദെൽഫിയയിലെ യോഹന്നാൻ അപ്പൊസ്തലൻ നിയമിച്ച, പെർഗ്ഗമൊസിലെ മൂപ്പനായ (Bishop) ഗായൊസ് ആകുന്നു മൂന്ന് യോഹന്നാനിൽ കാണുന്നത്. ഇത് ''അപ്പൊസ്തലിക നിയമാവലി'' പട്ടികയിൽ ഉൾപ്പെടുന്നു. പാരമ്പര്യം വിളിക്കുന്നു.

D. സഞ്ചാരപ്രസംഗങ്ങൾ, ഉപദേഷ്ടാക്കൾ, സുവിശേഷകർ എന്നിവരെ വിലയിരുത്തുന്നതിലും കൈത്താങ്ങൽ നൽകുന്നതിലും ആദിമസഭ പ്രയാസപ്പെട്ടു. ര ാംനൂറ്റാ ിലെ ഒരു പ്രാരംഭകാനോനികമല്ലാത്ത ക്രിസ്തീയകൃതി *The Didache* or *The Teaching of the Twelve Apostles* ഈ മാർഗ്ഗനിർദ്ദേശകരേഖകൾ നൽകി.

**അദ്ധ്യായം XI – അദ്ധ്യാപകരെയും, അപ്പൊസ്തലരെയും, പ്രവാചകരെയുംകുറിച്ച്:**

> ''നിങ്ങൾ മുൻപു പ്രസ്താവിച്ചവയെപ്പറ്റി ആരെങ്കിലും വന്നു നിങ്ങളെ പഠിപ്പിക്കുകയാണെങ്കിൽ അവരെകൈക്കൊള്ളുക. എന്നാൽ നിങ്ങൾ ശ്രവിച്ച സത്യ ഉപദേശത്തിനെതിരായി ഏതെങ്കിലും ഉപകദേശകർ തിരിയുകയും പഠിപ്പിക്കുകയും ചെയ്താൽ അവരെ കൈക്കൊള്ളരുത്; എന്നാൽ, കർത്താവിന്റെ പരിജ്ഞാനത്തിലും നീതിയിലും വളരേ തിന് അവൻ ഉപദേശിക്കുകയാണെങ്കിൽ കർത്താവിനെപ്പോലെ അവനെ സ്വീകരിക്കുക. അപ്പൊസ്തലരെയും പ്രവാചകരെയുംകുറിച്ച് സുവിശേഷപ്രകാരം മന്ത്രിച്ചാൽ ഇങ്ങനെ ചെയ്യുക: നിങ്ങളെസമീപിക്കുന്ന ഓരോഅപ്പൊസ്തലരെയുംകർത്താവെന്നവണ്ണംസ്വീകരിക്കണം. എന്നാൽ അവൻ ഒരുദിവസത്തിലധികം അവൻ പാർക്കരുത്, അത്യാവശ്യംഎങ്കിൽ ഒരുദിവസംകൂടി പാർക്കാം. താൻ മൂന്ന് ദിവസങ്ങൾ പാർത്താൽ കള്ളപ്രവാചകനാകുന്നു. ഈ അപ്പൊസ്തലൻ മടങ്ങുമ്പോൾ അടുത്ത താമസസ്ഥലം വരെയെത്തുവാനുള്ള ഭക്ഷണമല്ലാതെ ഒന്നും സ്വീകരിക്കരുത്; പണം ആവശ്യപ്പെട്ടാൽ താൻ കള്ളപ്രവാചകനാകുന്നു''. (പേജ്. 380)

**അദ്ധ്യായം XII – ക്രിസ്ത്യാനികളുടെ സ്വീകരണം**

"എന്നാൽ "എനിക്കു പണമോ മറ്റെന്തെങ്കിലുമോ വേണം എന്ന് ആരെങ്കിലും ആത്മാവിൽ മൊഴിഞ്ഞാൽ അവനെ നിങ്ങൾ ചെവികൊടുക്കരുത്; ആവശ്യത്തിലിരിക്കുന്ന മറ്റൊരാൾക്കുകൊടുക്കുന്നതിന് ചോദിച്ചാൽ അവനെ ആരും വിധിക്കരുത്.

കർത്താവിന്റെ നാമത്തിൽ വരുന്ന ഏവരെയും സ്വീകരിക്കുക, പിന്നീട് അവൻ സ്വയം തെളിയിക്കുകയും നിങ്ങൾ അവനെ അറിയുകയും ചെയ്യും; ശരിയും തെറ്റും തിരിച്ചറിയാനുള്ളജ്ഞാനം നിങ്ങൾക്കു ാകും. വരുന്നവൻ ഒരു വഴി പോക്കൻ ആണെങ്കിൽ, നിങ്ങൾക്കു കഴിയുന്നത്രദൂരം അവനെ പിന്തുണയ്ക്കുക. എന്നാൽ അവൻ നിങ്ങൾക്കൊപ്പം ര ാ, മൂന്നോ ദിവസങ്ങൾക്കപ്പുറം ആവശ്യമെങ്കിൽ തങ്ങരുത്. എന്നാൽ അവൻ നിങ്ങൾക്കൊപ്പം പാർക്കുവാൻ ആഗ്രഹിച്ചാൽ താൻ ഒരു കൈത്തൊഴിൽ അറിയാവുന്ന വ്യക്തിയെങ്കിൽ ജോലികെ ത്തി സ്വയം ചിലവു കഴിയണം: അവന്നു ജോലി ചെയ്യാൻ അറിയില്ലെങ്കിൽ ഒരുക്രിസ്ത്യാനിയെന്ന നിലയിൽ നിന്റെ പരിജ്ഞാന പ്രകാരം അവനെ മനസ്സിലാക്കുക, അവൻ ഉദാസീനനായി നിനക്കൊപ്പം പാർക്കരുത്. താൻ അപ്രകാരം ചെയ്യാത്ത പക്ഷം താൻ ക്രിസ്തുവിനെ വിൽക്കുന്നവനാകുന്നു. അങ്ങനെയുള്ളവരിൽ നിന്നും നിങ്ങൾഒഴിഞ്ഞുനിൽക്കാൻ സൂക്ഷിക്കണം" (പേജ്..381).

## II. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ വാക്കുകളും പ്രയോഗങ്ങളും

1. "ആദിമുതലുള്ളത്," 1:1
2. "ദൈവം വെളിച്ചം ആകുന്നു," 1:5
3. ഏറ്റുപറച്ചിൽ 1:9
4. "എന്റെ കുഞ്ഞുങ്ങളെ," 2:1
5. കാര്യസ്ഥൻ 2:1
6. പ്രായശ്ചിത്തം 2:2
7. അറിയുക 2:3
8. "അവനിൽ വസിക്കുക," 2:6
9. "ലോകത്തെ സ്നേഹിക്കരുത്," 2:15
10. "അന്ത്യനാഴിക," 2:18
11. അഭിഷേകം 2:27
12. "ആത്മാവ്, ജലം, രക്തം," 5:8
13. "പാപം മരണത്തിലേയ്ക്ക് നയിക്കുന്നു," 5:16
14. "വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചുകൊൾവിൻ," 5:21

## III. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. ജീവന്റെവചനം 1:2
2. എതിർക്രിസ്തു 218 (2 യോഹ. വാ.7)
3. എതിർക്രിസ്തുക്കൾ 2:18
4. മാന്യനായിക 2 യോഹ. വാ.1
5. അവളുടെ മക്കൾ 2 യോഹ. വാ..1
6. "മാന്യസഹോദരിയുടെ മക്കൾ," 2 യോഹ. വാ.13
7. ഗായൊസ് 3 യോഹ. വാ.1
8. ദിയൊത്രെഫേസ് 3 യോഹ. വാ. 9
9. ദെമേത്രിയൊസ് 3 യോഹ. വാ.12

## IV. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ - ഒന്നുമില്ല

## V. ചർച്ചയ്ക്കുള്ളചോദ്യങ്ങൾ

1. പഞ്ചേനത്രിയങ്ങളുമായി ബന്ധപ്പെട്ട പലക്രിയകൾ 1:1–5 ഉപയോഗിച്ചിരിക്കുന്നതെന്തുകൊ ്.
2. ഒരാൾക്ക് പാപമില്ലഎന്ന് എങ്ങനെ പറയാം?

3. യോഹ. 3:16, 1 യോഹ 2:2 ആയി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു?
4. 2:7-8 സ്വന്തംവാക്കുകളിൽവിവരിക്കുക.
5. 2:12-14 ഒരു സഭയിലെ വ്യത്യസ്ഥ പ്രായക്കാരെയാണോ അതോ സർവ്വ ക്രിസ്ത്യാനികളെയുമാണോ സൂചിപ്പിക്കുന്നത്?
6. 2:22-23 ജ്ഞാനേയവാദ ഉപദേശത്തിന്റെ വെളിച്ചത്തിൽ വിവരിക്കുക.
7. 2:28 - 3:3 പ്രമേയംഎന്ത്?
8. 3:6 ഉം 9 ഉം വ്യാഖ്യാനിക്കുവാൻ പ്രയാസകരമായിരിക്കുന്നതെന്തുകൊ ്?
9. 3:15 ഗിരി പ്രഭാഷണവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു.
10. 3:20 സ്വന്തം വാക്കുകളിൽ വിവരിക്കുക.
11. ആത്മാക്കളെ ഒരുവൻ പരിശോധിക്കുന്നതെങ്ങനെ? (4:1-6)
12. 4:2 ജ്ഞാനവാദ ഉപദേശവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? (2 യോഹ. വാ.)
13. 4:7-24ന്റെ കേന്ദ്രപ്രമേയംഎന്ത്?
14. 5:13 ഈ ലേഖനത്തിന്റെ പ്രമേയമായി വർത്തിക്കുന്നതെങ്ങനെ?
15. ദൈവംഎല്ലാ പ്രാർത്ഥനകൾക്കും ഉത്തരം നൽകുമോ? 5:14-15
16. 2 യോഹന്നാൻ ഒരു സഭയെയാണോ ഭവനത്തെയാണോ സൂചിപ്പിക്കുന്നത്, എന്തുകൊ ്?
17. 3 യോഹന്നാൻ 2 ആരോഗ്യവും അഭിവൃദ്ധുയുമാണോ വാഗ്ദാനം ചെയ്യുന്നത്?

# യൂദായുടെ ലേഖനം: ഒരു മുഖവര

## I. പ്രാരംഭ പ്രസ്താവന

A. തെറ്റും, മത്സരവും, ന്യായവിധിയും ആവർത്തിച്ചു രേഖപ്പെടുത്തുന്ന ഒരു ഭയപ്പെടുത്തുന്ന ലേഖനമാണ് യൂദാ. വിശ്വാസികൾ എല്ലായ്പ്പോഴും സൂക്ഷ്മതയുള്ളവരാകേണം. അവരുടെ സംരക്ഷണം എന്നത്:
1. പിതാവിന്റെ വിളിയും, സ്നേഹവും സംരക്ഷണ ശക്തിയുമാണ്
2. വചനപരിജ്ഞാനം, ഭക്തിനിർഭര ജീവിതം, മുറിവേറ്റ കൂട്ടുവിശ്വാസികളോടുള്ള കരുണയുമാണ്.

B. വിവിധ മുന്നറിയിപ്പുകളുടെ മദ്ധ്യേ, ദൈവസംരക്ഷണത്തിന്റെ ഉറപ്പിന്റെശക്തമായ പ്രാർത്ഥനയോടെ ഉപസംഹരിക്കുന്ന ലേഖനമാണിത്.

C. 2 പത്രൊസും യൂദയും തമ്മിലുള്ള ബന്ധം ഈ വിഷയത്തിൽ നിശ്ചയമില്ല:
1. ആദ്യലേഖനം ഏത്
2. പല സാമ്യങ്ങളു    ങ്കിലും വ്യത്യസ്ഥമായിരിക്കുന്നതെന്തുകൊ   ്?
3. നിലവിലുള്ളതും ഇനി ആഗതമാകുന്നതുമായ ദുരുപദേശങ്ങൾ എങ്ങനെ ഒരാൾ വിശദീകരിക്കും.
4. ഇരു ഗ്രന്ഥകർത്താക്കളും പരിശോധിച്ച ഒരു പ്രാരംഭ സഭാരേഖ ഉ   ായിരുന്നുവോ?
5. മത്സരത്തിന്റെ ഏതെങ്കിലും ഉദാഹരണങ്ങളിൽ വിശ്വാസികൾ ഉൾപ്പെട്ടിരുന്നോ?

D. ചിലവേദശാസ്ത്ര സംതുലിതാവസ്ഥയുടെ ഉദാഹരണം ഈ ര   ് ലേഖനങ്ങളിലുമു   ്.
1. ദൈവസംരക്ഷണത്തിന്റെ ശക്തി (വാ. 1, 24)
2. വിശ്വാസികൾ അവരവരെത്തന്നെ സൂക്ഷിക്കൽ (വാ. 21)

## II. ഗ്രന്ഥകർത്താവ്

A. (എബ്രായ-യൂദാ അല്ലെങ്കിൽ ഗ്രീക്ക്യൂദാസ്) ര   ് പദവികളിൽ യൂദാ വിശേഷിക്കപ്പെടുന്നു.
1. ''യേശുക്രിസ്തുവിന്റെ ദാസൻ'' ആംഗലേയ ഭാഷയിൽ (English) ഒരുപോലെയാണെങ്കിലും പൌലോസിന്റെ പദവി പോലെയല്ല യൂദാ വിശേഷിപ്പിക്കുന്നത്. ''അടിമ'' (ദാസൻ) എന്ന പദം പ്രാരംഭവും, സംബന്ധികാരക (GENITIVE) വിവരണ പദം പിന്നീടുമാണ് പൌലോസ് എഴുതുന്നത്. പത്രൊസും അപ്രകാരം എഴുതുന്നു.

   എന്നിരുന്നാലും യൂദയും, യാക്കോബും ഒരേ ക്രമത്തിലാണ് ഇത് എഴുതുന്നത് (GENITIVE വിവരണ സംബന്ധികാരകം ആദ്യമാണ്).
2. ''യാക്കോബിന്റെ സഹോദരൻ'' - യാക്കോബ് (Jacob Jaines) എന്ന പേരിൽ അനേകവ്യക്തികൾ പുതിയനിയമത്തിലു   ്. എന്നാൽ മറ്റ് വിവരണം ഇല്ലാത്ത ഒരു യാക്കോബ് 1:11-ൽ ഉ   ്. അത്യേശുവിന്റെ അർദ്ധ സഹോദരനാണ്. താൻ പൌലൊസിന്റെ പ്രേക്ഷിത ദൗത്യയാത്രാ കാലയളവിൽ യെരുശലേം സഭയുടെ നേതാവിയാരുന്നു (ഒ.നോ. പ്രവൃ. 15) ഈ ര   ു അർദ്ധസഹോദരന്മാരും യേശുവിന്റെ ജീവശാസ്ത്രപരബന്ധം ഉയർത്തിക്കാട്ടുന്നില്ല. അവർ താഴ്മയുടെ മകുടോദാഹരണമാണ്.

B. തങ്ങളുടെവിവരം പ്രശസ്തമായിത്തീർന്നില്ലെങ്കിലും, ആദിമ സഭയിൽ സുപരിചിതരും സജീവ വ്യക്തിത്വങ്ങളുമായിരുന്നു (1 കൊരി. 9:3) ഇവർ എന്നു പ്രാരംഭ പ്രസ്താവന പ്രതിഫലിപ്പിക്കുന്നു. മുൻപ് പ്രശസ്തരായ ആരുടെയെങ്കിലും തൂലികാനാമത്തിൽ (Pseodography) പിൽക്കാലത്തു എഴുതുവാൻ ആഗ്രഹിച്ചതാണെങ്കിൽ അതിന് യോഗ്യനായ സ്ഥാനാർത്ഥിയായിരിക്കില്ല യൂദാ.

C. യൂദാ എബ്രായ ക്രിസ്ത്യാനിയും യേശുവിന്റെ അർദ്ധ സഹോദരനുമാണെന്ന പുരാതന പാരമ്പര്യം സ്ഥിതിചെയ്യുന്നത് വിവിധ അനുമാനങ്ങളാലാകുന്നു.
1. യാക്കോബുമായുള്ള കുടുംബബന്ധം (ഒ.നോ. യാക്കോബ് 1:1)
2. പഴയനിയമത്തിന്റെ സമഗ്ര ഉപയോഗം
3. മൂന്ന് എന്ന എബ്രായ സാഹിത്യ ഉപയോഗം
   a. വിശ്വാസത്യാഗത്തിന്റെ മൂന്ന് പഴയനിയമ സംഭവങ്ങൾ
   b. പഴയനിയമ മൂന്ന് വ്യക്തികൾ

c. പ്രാരംഭ അഭിവന്ദനം
   (1) മൂന്ന് ക്രിയകൾ: ''വിളിക്കപ്പെട്ട'' ''സ്നേഹിക്കപ്പെട്ട''
   (2) മൂന്ന് പ്രാർത്ഥനാ അപേക്ഷകൾ: ''കരുണ'' ''സമാധാനം'' ''സ്നേഹം''

D. യൂദയുടെലേഖനം ഗ്രീക്കുശൈലിയും രൂപഘടകവും പൊതു (koine) ഗ്രീക്കിൽ മനോഹരമായി എഴുതിയതാണ്. യൂദയ്ക്ക് സാർവ്വലൗകിക വ്യക്തീകരണം ഉ ായിരിക്കണം (ഒ:നോ. 1 കൊരി 9:5).

വ്യക്തിത്വം സംബന്ധിച്ച്, താൻ യാക്കോബിനെപ്പോലെയാകുന്നു; താൻ അസംബന്ധം ഒന്നും ഉപയോഗിക്കുന്നില്ല. പാപവും മത്സരവും ഉള്ള ഈ ലോകത്തിൽ ഭക്തിയുള്ള ജീവിതത്തിന് ആജ്ഞ നൽകുന്ന നേർ സമീപനം സ്വീകരിക്കുന്നു.

## III. രചനാകാലഘട്ടം

A. കൃത്യമായ തീയതി നിശ്ചയമില്ല അനുമാനം മാത്രം.

B. ചില ഘടകങ്ങൾ പരിഗണിക്കാം.
1. യാക്കൊബിന്റെ ഇളയസഹോദരനും, യേശുവിന്റെ അർദ്ധ സഹോദരനുമെങ്കിൽ, യൂദായുടെ കാലഘട്ടത്തിൽഎഴുതി.
2. യൂദയുടെ ലേഖനസാഹിത്യം 2 പത്രൊസുമായി ബന്ധപ്പെട്ടതെങ്കിൽ 25 വാക്യങ്ങൾ ഉള്ള യൂദയുടെ ലേഖനത്തിലെ 16 വാക്യങ്ങളും (വാ. 3-18) 2 പത്രൊസ്.2:1–18മായി അടുത്ത സാമ്യമു ്. 2 പത്രൊസ് എഴുതിയത് പത്രൊസ് എങ്കിൽ തന്റെ ജീവകാലത്തിനു അടുത്താണ് രചന (A.D. 64 താൻ മരണപ്പെട്ടു) എന്നിരുന്നാലും ആര് ആരിൽ നിന്നും കടമെടുത്തു എന്നതുനിശ്ചയമില്ല.
   a. 2 പത്രൊസ് യൂദയുടെലേഖനം ഉദ്ധരിച്ചു
   b. യൂദാ 2 പത്രൊസ് ഉപയോഗിച്ചു.
   c. ഇരുവരുംആദിമസഭയുടെ പ്രശ്നോത്തര രേഖ/സഭാ പാരമ്പര്യം ഉപയോഗിച്ചു.

C. പുസ്തക ഉള്ളടക്കം ഒരു ഒന്നാം നൂറ്റാ ിന്റെ മദ്ധ്യകാലം സൂചിപ്പിക്കുന്നു. ദുരുപദേശവികസനത്തിന് മതിയായ സമയം ലഭിച്ചുകഴിഞ്ഞു. അപ്പൊസ്തലരുടെ ശാരീരിക സാന്നിധ്യം കഴിഞ്ഞു (വാ.18-19) എന്നിരുന്നാലും ഐക്യതയുള്ള ഒരു ഉപദേശം വികസിക്കപ്പെട്ടില്ല. യൂദാ ദുരുപദേശകരുടെ ധാർമ്മികപ്രശ്നങ്ങൾ സൂചിപ്പിച്ചെങ്കിലും ഉപദേശപര തെറ്റുകൾ ചർച്ചാവിധേയമാക്കിയില്ല. താൻ പഴയനിയമ ഉദാഹരണങ്ങൾ ഉപയോഗിച്ചു. യേശുവിന്റെ ഉപദേശങ്ങൾ ഇല്ല (ഉദ്ധരണി/കഥകൾ)

D. *Historical Ecclesiasticus* III:19:1-20:6,-ൽ ഒരു പാരമ്പര്യം യൂസെബിയസ് സൂചിപ്പിക്കുന്നു.
1. രാജ്യദ്രോഹക്കുറ്റത്തിന് ഡൊമീഷ്യൻ ചക്രവർത്തിയെ നേരിടാൻ റോമിലേക്കു യൂദയുടെ പൗത്രന്മാരെ കൊ ുപോയി.
2. യഹൂദാരാജ പദവിയിലുള്ള തലമുറകളായിരുന്നുഇവർ
3. നസറയനായ യേശുവിന്റെ ബന്ധത്തിലുള്ളവരായിരുന്നു ഡൊമീഷ്യൻ A.D. 81-96 വരെ ഭരിച്ചു.

E. 60–നും 80–നും ഇടയിലുള്ളരചനാകാലംഅംഗീകരിക്കാം.

## IV. സ്വീകർത്താക്കളും സന്ദർഭവും

A. അപ്പൊസ്തലർ സുവിശേഷത്തിന്റെ വിവിധ തലങ്ങൾക്കു പ്രാധാന്യം നൽകിയെങ്കിലും ആദിമസഭ വേദശാസ്ത്രപരമായി ഏക ദൈവാധിഷ്ഠിതമായിരുന്നില്ല. അപ്പൊസ്തലരുടെ മരണവും (ചിലർമാത്രം ശേഷിച്ചു, ശേഷിച്ചവർ ദൂരസ്ഥരായിരുന്നു) യേശുവിന്റെ ര ാംവരവിന്റെ കാലതാമസവും സുവിശേഷ ഉപദേശങ്ങൾ പല മാനദണ്ഢങ്ങളിൽ ക്രമപ്പെടുത്തുന്നതിനുള്ള വെല്ലുവിളിയും ആദിമ സഭ നേരിട്ടു. പഴയനിയമം, യേശുവിന്റെ വാക്കുകൾ, കഥകൾ, അപ്പൊസ്തലരുടെ പ്രസംഗങ്ങൾ എല്ലാം പ്രമാണമായി മാറ്റപ്പെട്ടു.

B. അധികാരപ്പിളർപ്പിന്റെയും പരിവർത്തനത്തിന്റെയും കാലത്താണ് യൂദാ എഴുതിയത്. മനോരഥവേദശാസ്ത്ര-തത്വശാസ്ത്രത്തിലൂടെ ഒരു ബൃഹത്തായ ദുരുപദേശം കടന്നുകയറ്റം, വിശ്വാസികൾ (പ്രാദേശിക സഭയോ ഭൂമിശാസ്ത്രപര മേഖലയോ വ്യക്തമല്ല) നേരിട്ട സന്ദർഭം ഈ ദുരുപദേശത്തെപ്പറ്റി നമുക്കറിവുള്ളവ.

1. ഈ ദുരുപദേശകൻ സഭാകൂടിവരവുകളുടെ ഭാഗമായിരുന്നു. ''സ്നേഹസദ്യകൾ'' (ഒ.നോ. വാ: 12)
2. ദൈവജനങ്ങളുടെ മദ്ധ്യേ വിഭാഗീയത ഉളവാക്കിയ അധാർമ്മികരും കൗശലക്കാരുമായ ദുരുപദേശകരായിരുന്നു (വാ. 19)
3. ദുരുപദേശകരുടെ ഉപദേശത്തിൽ ''ദൂതർ'' എന്ന വിഷയം ഉപയോഗിക്കുകയോ ചർച്ചാ വിധേയമാക്കുകയോ ചെയ്തു.
4. ദുരുപദേശകൻ ''അറിവിന്'' (*Gnosis*) ഊന്നൽ നൽകി..

    ഒന്നുംര ും നൂറ്റാ ിലെ റോമാ-ഗ്രീക്ക് പശ്ചാത്തലം സുപരിചിതമായവർ അക്കാലത്തെ ''ജ്ഞാനേയവാദം (Gnosticism) എന്ന ഉപദേശ-തത്ത്വഗതിയുടെ സവിശേഷത തിരിച്ചറിയും. ര ാം നൂറ്റാ ിലെ ദുരുപദേശകരുടെ ഉറവിടം നിശ്ചലമായും പൗരസ്ത്യ ചിന്തകളുടെ പൊതു ഘടകങ്ങളിൽ നിന്നായിരുന്നു. ജ്ഞാനേയവാദത്തിന്റെ ദ്വന്ദ്വസ്വഭാവ ഘടകങ്ങൾ ചാവുകടൽ ചുരുളുകളിൽ (Dead Sea Scrolls) പ്രത്യക്ഷമാണ്. സമാനദുരുപദേശങ്ങളെ എതിരിടുന്നതിനാണ് പല പുതിയനിയമ പുസ്തകങ്ങളും (എഫേസ്യർ - കൊലൊസ്യർ, ഇടയലേഖനങ്ങൾ, 2, 3 യോഹന്നാൻ) എഴുതിയത്.

## V. രചനയുടെ ഉദ്ദേശ്യം

A. പൊതുവായ രക്ഷയെക്കുറിച്ച് എഴുതുവാൻ ഗ്രന്ഥകർത്താവ് ആഗ്രഹിച്ചു (ഒ.നോ. വാ:3).

B. സഭയുടെ ആന്തരിക കൂട്ടായ്മകളിൽ ദുരുപദേശകരുടെ കടന്നുകയറ്റം (ഒ.നോ. വാ. 12) ''വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേലിപിച്ച വിശ്വാസം'' എന്ന ഉജ്ജ്വലവിഷയം അഭിസംബോധന ചെയ്യുന്നതിന് ഗ്രന്ഥകർത്താവിനെ നിർബന്ധിച്ചു (ഒ.നോ. വാ.3,20) തന്റെ ലക്ഷ്യം. വേദാനുസാര നിഷ്ടയായിരുന്നു. എന്നാൽ തന്റെ സമീപനം ഭക്തിയുള്ള ജീവിതം (Orthopraxy) ആയിരുന്നു, ഉപദേശമല്ല (യാക്കോബ് 2:14-24 ന് സാമ്യം) വ്യക്തികളുടെ ജീവിതരീതി വേദശാസ്ത്രത്തിന്റെ തുറന്ന ജാലകമാകുന്നു.

C. ഈ ലക്ഷ്യങ്ങൾക്കായി വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയായിരുന്നു.
1. ആത്മീകവളർച്ച (ഒ.നോ. വാ. 20)
2. രക്ഷയുടെഉറപ്പ് ഉള്ളവരാകുക (ഒ.നോ. വാ. 21, 24-25)
3. വീണവരെ താങ്ങിയെഴുന്നേല്പ്പിക്കുക. (ഒ.നോ. വാ. 22-23)

## VI. കാനോനികത

A. ഈ ലേഖനം തുടക്കത്തിൽ അംഗീകരിക്കപ്പെട്ടു (A.D. 94-ൽ റോമിലെ ക്ലേമന്ത് ഈ ലേഖനം പരാമർശിച്ചു) പിന്നീട് തർക്ക വിഷയമായി. എന്നാൽ ഒടുവിൽ പൂർണ്ണമായും സ്വീകരിക്കപ്പെട്ടു (A.D. 323-ൽ നിഖ്യാ കൗൺസിലിലും A.D. 397-ൽ കാർത്തേജിലും.

B. കാനോനികമല്ലാത്ത പുസ്തകങ്ങളിൽനിന്നും (1 ഹാനോക്ക്, മോശയുടെതെന്ന് കരുതുന്ന പുസ്തകം) ഉദ്ധരണികൾ ഉള്ളതായിരുന്നു പ്രധാനപ്രശ്നം. ഈ പുസ്തകങ്ങൾ, പ്രത്യേകാൽ, 1 ഹാനോക്ക്, ഒന്നാം നൂറ്റാ ിൽ വിശ്വാസികളുടെ മദ്ധ്യേ വിപുലമായി പ്രസിദ്ധപ്പെടുത്തുകയും അവ വേദശാസ്ത്രപരമായി അധികം സ്വാധീനം ചെലുത്തുകയുമു ായി.
1. ഇതിന്റെ പ്രശ്നം എന്താണ്? കാനോനികമല്ലാത്ത ഗ്രന്ഥങ്ങൾ ആധികാരികമല്ല എന്ന ധ്വനിയു ോ?
    a. ദൈവനിശ്വാസീയമല്ലാത്ത കൃതികളിലെ ഉദ്ധരണികൾ [ഒ.നോ. സംഖ്യാ. 21:14-15,26-30 ധബിലയാമിന്റെ പ്രവചനങ്ങൾ.22-23]; യോശുവ.10:13; 2 ശമുവേൽ.1:18; 1 രാജാ. 11:41; 14:19,29; 15:7,23,31)
    b. കാനോനികമല്ലാത്ത കൃതികളിലെ ഉദാഹരണങ്ങൾ യേശു ഉപയോഗിച്ചു. (ഒ.നോ. മത്തായി 23:35)
    c. സ്തേഫാനോസ് കാനോനികമല്ലാത്ത ഉറവിടങ്ങൾ ഉപയോഗിച്ചു. (ഒ.നോ. പ്രവൃ. 7:4,14-16)
    d. പൌലൊസ് ചിലപ്പൊഴൊക്കെ കാനോനികമല്ലാത്ത പുസ്തകങ്ങൾ ഉപയോഗിച്ചു.
        (1) യിസ്രായേൽമക്കൾ മരുഭൂമിയിൽ അലഞ്ഞു തിരിഞ്ഞ കാലത്തു ക്രിസ്തു എന്ന പാറയെ അവർ അനുഗഹിച്ചു എന്ന യഹൂദാനിയമ മിദ്രാഷിൽ (Midrash) പറയുന്നു (ഒ.നോ. 1 കൊരി 10:4)

(2) ഫറവോയുടെ മാന്ത്രികർ പുറ. 7:11, 22; 8:7 (ഒ.നോ. 10:4) (2 തിമൊ.3:8) പഴയ-പുതിയ നിയമങ്ങൾക്കിടയിലുള്ള നിശബ്ദകാലഘട്ടത്തുള്ള യഹൂദാ എഴുത്തുകളിൽ നിന്നുംഎടുത്തതാണ്.

(3) ഗ്രീക്ക്എഴുത്തുകാർ

a. കവിവരൻമാർ (Aratus) (പ്രവൃ.17:28)

b. കവി (Menander) (1 –കൊരി.15:33)

c. കവി (Epimendes or Euripes) (തീത്തൊസ്.1:12)

e. യാക്കോബ്:5:17-ൽ യാക്കോബ് യഹൂദാനിയമ പാരമ്പര്യം ഉപയോഗിച്ചു.

f. പൗരത്യ വിശ്വാശാസ്ത്രം ഐതിഹ്യം യോഹന്നാൻ ഉപയോഗിച്ചു.

2. യൂദ ഈ കാനോനികമല്ലാത്ത ഉറവിടം ഉപയോഗിച്ചതിന്റെ കാരണമെന്ത്?

a. ഒരുപക്ഷേ, ദുരപദേശകൻ ഇവ വ്യാപകമായി ഉപയോഗിച്ചുട്ടു ാകാം

b. ഇവർ ബഹുമാനിക്കപ്പെടുകയും സ്വീകർത്താക്കൾ വായിച്ചിട്ടു ാവാം.

C. യൂദയുടെ ലേഖനത്തിന്റെ കാനോനികത പിൻതാങ്ങിയവർ

1. ഇവർ ഉദ്ധരിക്കുകയോ പരാമർശിക്കുകയോചെയ്തു:

a. റോമിലെക്ലേമന്ത് (A.D. 94-97)

b. പോളികാർപ് (A.D. 110-50)

c. ഐറേനിയസ് (A.D. 130-202)

d. തെർത്തുല്ല്യൻ (A.D. 150-220)

e. അഥെനാഗൊറെസ് (A.D. 177)

f. ഒറഗൺ (A.D. 185-254)

(ഇവ International Critical Commentary, -യിൽ നിന്നും എടുത്തതാണ്; പേജ്. 305-308)

2. ഇവർ യൂദയുടെ പേരെടുത്തു പറഞ്ഞു.

a. അലക്സാന്ത്രിയയിലെ ക്ലേമന്ത് (A.D. 150-215)

b. യെരുശലെമിലെ സിറിൾ (A.D. 315-386)

c. ജെറോം (A.D. 340-420)

d. അഗസ്റ്റിൻ (A.D. 400)

3. കാനോനികപട്ടികയിൽ ഉൾപ്പെടുന്നു.

a. Muratorian fragment (A.D. 200)

b. Barcoccio (A.D. 206)

c. Athanasisus (A.D. 367)

4. ഈ കൗൺസിലുകളിൽ ഉറപ്പിച്ചു.

a. നിഖ്യാ (A.D. 325)

b. ഹിപ്പോ (A.D. 393)

c. കാർത്തേജ് (A.D. 397 and 419)

5. ഈ പരിഭാഷകളിൽ പ്രത്യക്ഷമാണ്

a. പഴയ ലത്തീൻ പരിഭാഷ (A.D. 150-170)

b. സിറിയൻ പതിപ്പ്, പെഷിറ്റ് (AD 5-ാം നൂറ്റാ ്)

D. പിൽക്കാലസഭ യൂദയുടെലേഖനത്തിന്റെ കാനോനിക (ദൈവവിശ്വാസീയത) സ്ഥാനം തിരിച്ചറിഞ്ഞില്ല. യൂസെബിയസ് തർക്കമുള്ള പുസ്തകഗണത്തിൽ യൂദ ഉൾപ്പെടുത്തി (*Hist. Eccl.* III:25) യൂദ കാനോനികമല്ലാത്ത പുസ്തകങ്ങളിൽനിന്നും ഉദ്ധരിച്ച കാരണത്താൽ കാനോനിക ലേഖന വക്താക്കൾ ഈ ലേഖനം തർക്കവിധേയമാക്കിയതെന്ന് ക്രിസോസ്റ്റവും ജെറോമും പ്രസ്താവിക്കുന്നു. 2 പത്രൊസ്, 2,3 യോഹന്നാൻ എന്നീ പുസ്തകങ്ങൾക്കൊപ്പം ഈ ലേഖനവും ആദിമ സിറിയൻ സഭകൾ തള്ളിക്കളഞ്ഞു. യഹൂദാ ഭൂതശാസ്ത്രം ജ്ഞാനവാദികൾ ഉപയോഗിച്ചതു ചക്രവർത്തിമേഖലയിൽ പ്രതിഫലിച്ചുവെന്നതാകാം കാരണം. ആകയാൽ യൂദായും 1 പത്രൊസും ദുരുപദേശകർക്കു കൂടുതൽ ഊർജ്ജം നൽകി.

E. ഹാനോക്കിനെപ്പറ്റി ഒരു കുറിപ്പ്. യഥാർത്ഥത്തിൽ ഈ പുസ്തകം എബ്രായഭാഷയിൽഎഴുതി (ചാവുകടൽ ചുരുളുകളുടെ അരാമ്യ കക്ഷണങ്ങൾ ഒഴികെ എല്ലാം ഇന്ന് നഷ്ടപ്പെട്ടു). തുടർന്ന് ഗ്രീക്കു

ഭാഷയിലേക്കു പരിഭാഷപ്പെടുത്തി (അതും ചിലഭാഗങ്ങൾ മാത്രം ശേഷിക്കുന്നു). പിന്നീട് A.D.600 എത്യോപ്യൻ (Ethopian) ഭാഷയിലേക്കും പകർത്തിയെഴുതി. എത്യോപ്യൻ പകർപ്പുപ്രകാരം ഇത് വേദപുസ്തക കാലഘട്ടത്തിനിടയിൽ എഴുതപ്പെട്ടതും, പലപ്പോഴുംതിരുത്തിയതുമാണ്. ഇത് ആദിമസഭയിൽ വളരെ സ്വാധീനം ചെലുത്തിയ പുസ്തകമാണ്. തെർത്തുല്യൻ തിരുവെഴുത്തായി ഇതിനെ പരിഗണിച്ചു. ബർന്നബാസിന്റെ ലേഖനത്തിൽ ഇതിൽ നിന്നും ഉദ്ധരിച്ചിട്ടു  (തിരുവെഴുത്തെന്ന പദവിയിൽ) കൂടാതെ ഐറേനിയസും, അലക്സാന്ത്രയിലെ ക്ലേമന്തും ഈ പുസ്തകത്തിൽ നിന്നും പരാമർശിച്ചു. നാലാം നൂറ്റാ  ാടുകൂടി ഈ പുസ്തകത്തിന്റെ പ്രീതി പൊതുവെ നഷ്ടപ്പെട്ടു.

## VII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ  വാക്കുകളും പ്രയോഗങ്ങളും

1. "നമുക്കു പൊതുവിലുള്ള രക്ഷ," വാ. 3
2. "വിശുദ്ധന്മാർക്ക് ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേ  ി," വാ. 3
3. ദുഷ്കാമവൃത്തി വാ. 4
4. "സ്വന്തവാസസ്ഥലം," വാ. 6
5. "എന്നേക്കുമുള്ള ചങ്ങലയിട്ട് അന്ധകാരത്തിൽ," വാ. 6
6. "അന്യജഡം," വാ. 7
7. "നിത്യാഗ്നി," വാ. 7
8. സ്നേഹസദ്യ വാ. 12
9. വിശുദ്ധന്മാരോടു കൂടെ വാ. 14
10. "പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ച്," വാ. 20
11. "ഏകദൈവം," വാ. 25

## VIII. സംക്ഷിപ്തമായി അറിഞ്ഞിരിക്കേ  വ്യക്തികൾ

1. "ചില മനുഷ്യർ നുഴഞ്ഞുവന്നു," വാ. 4
2. "സ്വന്ത വാസസ്ഥലംവിട്ടു പോയ ദൂതന്മാർ," വാ. 6
3. മീഖായേൽ വാ. 9
4. ബിലെയാം വാ. 11
5. കോരഹ് വാ. 11
6. ഹാനോക്ക് വാ. 14
7. "നിർത്തുവാൻ ശക്തിയുള്ളവൻ," വാ. 24

## IX. ഭൂപടത്തിൽ അറിഞ്ഞിരിക്കേ  സ്ഥലങ്ങൾ

1. മിസ്രയീം വാ. 5
2. സൊദോമും ഗൊമൊറയും വാ:7

## X. ചർച്ചാചോദ്യങ്ങൾ

1. യൂദ സൂചിപ്പിക്കുന്ന ദുരുപദേശകർ ഏതു തരക്കാരാണ്? (ഒ:നോ:8-13)
2. എന്തുകൊ  ാണ് കാനോനികമല്ലാത്ത പുസ്തകത്തിൽനിന്നും യൂദ എടുത്തു പറഞ്ഞത് (വാ. 9:14-15)
3. ഒരാൾ എങ്ങനെയാണ് ദൈവസ്നേഹത്തിൽ സ്വയം സൂക്ഷിക്കുന്നത്? (വാ.21)
4. യൂദയുടെ കേന്ദ്രപ്രമേയം എന്താണ്?
5. യൂദയുടെ ലേഖനം 2 പത്രൊസുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

# പ്രവചനത്തിനൊരു മുഖവുര

I. **മുഖവുര**

**A. പ്രാരംഭ പ്രസ്താവനകൾ**

1. പ്രവചന വ്യാഖ്യാനത്തിൽ വിശ്വാസസമൂഹത്തിൽ പൊതുവായൊരൈക്യം കാണുന്നില്ല. നൂറ്റാ ുകൾ കൊ ് മറ്റുപല വചനസത്യങ്ങളുടെയും കാര്യങ്ങളിൽ സ്ഥിരീകരണമു ായിട്ടു ങ്കിലും ഇക്കാര്യത്തിൽ ഒരു സ്ഥിരീകരണം ഇതുവരെ ഉ ായിട്ടില്ല.
2. പഴയനിയമ പ്രവചനങ്ങളെ പരിഗണിക്കുമ്പോൾ സുവ്യക്തമായ ചില ഘട്ടങ്ങൾ അതിനു ന്നു മനസ്സിലാക്കാനാകും.
   a. രാജവാഴ്ചയ്ക്കു മുമ്പുള്ള കാലഘട്ടം (ശൗൽ രാജാവിനു മുമ്പ്)
      (1) പ്രവാചകന്മാരെന്ന് വിളിക്കപ്പെട്ടവർ.
         a) അബ്രഹാം - ഉല്പ.20:7
         b) മോശെ - പുറ.12:6-8; ആവർ.18:15; 34:10
         c) ഹരോൻ -പുറ.7:1
         d) മിര്യാം -പുറ.15:20
         e) മെദാദും - എൽദാദും സംഖ്യാ.11:24-30
         f) ദെബോര - ന്യായാ.4:4
         g) പേര് -പറഞ്ഞിട്ടില്ലാത്ത ഒരാൾ ന്യായാ.6:7
         h) ശമുവേൽ - 1 ശമു.3:20
      (2) പ്രവാചകന്മാരുടെ സമൂഹങ്ങളെക്കുറിച്ചുള്ള പരാമർശ്ശങ്ങൾ ആവർ.13:1-5; 18:20-22
      (3) പ്രവാചകഗണം അഥവാ പ്രവാചകന്മാരുടെ സമൂഹം 1 ശമു.10:5-13; 19:20; 1 രാജാ.20:35,41; 22:6, 10-13; 2 രാജാ.2:3,7; 4:1,38; 5:22;6:1
      (4) മശിഹയെ പ്രവാചകനെന്നു വിളിച്ചിട്ടു ്. ആവർ.18:15-18
   b. വചനപുസ്തകങ്ങൾഎഴുതിയിട്ടില്ലാത്ത,രാജവാഴ്ചയുടെ കാലത്തു ായിരുന്ന പ്രവാചകന്മാർ. (ഇവർ രാജാക്കന്മാരോട് സംസാരിച്ചവരാണ്.)
      (1) ഗാദ് -1 ശമു. 7:2; 12:25; 2 ശമു. 24:11; 1 ദിന. 29:29
      (2) നാഥാൻ - 2 ശമു.7:2; 12:25; 1 രാജാ. 1:22
      (3) ഗഹീയാവ് - 1 രാജാ.11:29
      (4) യേഹൂ - 1 രാജാ. 16:1,7,12
      (5) പേര് പറഞ്ഞിട്ടില്ലാത്ത ഒരാൾ - 1 രാജാ. 18:4,13; 20:13,22
      (6) ഏലിയാവ് - 1 രാജാ. 18; 2 രാജാ. 2
      (7). മല്ക്കീയാവ് - 1 രാജാ. 22
      (8). എലീശാ -2 രാജാ. 2:8,13
   c. പ്രവചനപുസ്തകങ്ങൾ എഴുതിയ പ്രവാചകന്മാർ (ഇവർ രാജാക്കന്മാരോടും പൊതുജന ങ്ങളോടും സംസാരിച്ചവരാണ്.) യെശയ്യാവ് മുതൽ മലാഖി വരെ (ദാനിയേൽ ഒഴികെ)

**B.** പ്രവാചകന്മാർക്ക് ബൈബിളിൽ പറഞ്ഞിരിക്കുന്ന പേരുകൾ

1. *ro'eh* = seer ദർശ്ശകൻ (seer) 1 ശമു.9:9. ഇത് 'കാണുക' എന്നതിന് പൊതുവായി എബ്രായഭാഷയിൽ ഉപയോഗിക്കപ്പെടുന്ന വാക്കാണ്. ''വിളിക്കുക'' എന്ന പദത്തിന്റെ ധാതുവും പ്രവാചകൻ എന്നർത്ഥം വരുന്നതുമായ *ro'eh* എന്ന പദത്തിൽ നിന്നാണിത് രൂപപ്പെട്ടിരിക്കുന്നത്. ഇദ്ദേഹം ദൈവത്തിന്റെ പദ്ധതികളും വഴികളും ''അിറയുന്നവനായതിനാൽ'' അക്കാര്യത്തിൽ ജനം അദ്ദേഹത്തെ ആശ്രയിച്ചിരുന്നു.
2. *hozeh* = ദർശ്ശകൻ (2 ശമു.24:11) ഈ വാക്ക് ഏതാ ് ആദ്യം പറഞ്ഞ *ro'eh* വാക്കിന് പര്യായമായിട്ടുള്ളതാണ്. അത്യപൂർവ്വമായ എബ്രായപദമായ ''കാണുക'' എന്നതിൽ നിന്നാണിത് രൂപപ്പെട്ടിരിക്കുന്നത്. ഇതിന്റെ ഈ രൂപം (participle) പ്രവാചകനെന്ന വിശാലമായ അർത്ഥത്തിൽ ഉപയോഗിച്ചിട്ടു ്.
3. *nabi* =പ്രവാചകൻ - അറബിയിൽ ഈ വാക്കിന് പ്രഖ്യാപിക്കുക എന്നും അക്കാഡിയൻ ഭാഷയിൽ ക്രിയാപദത്തിന് ''വിളിക്കുക'' എന്നും അർത്ഥം. പഴയനിയമത്തിൽ പ്രവാചകന് ഏറ്റവുമധികം ഉപയോഗിച്ചിട്ടുള്ള വാക്ക് ഇതാണ്, ഏ ് 300 പ്രാവശ്യത്തിലധികം. ഈ വാക്കിന്റെ യഥാർത്ഥ അർത്ഥം ആധികാരികമായി പറയുക പ്രയാസം എങ്കിലും ''വിളിക്കുക''

എന്നതാണ് ഇന്നു കാലത്ത് ഏറ്റവും യുക്തമായി പരിഗണിക്കാറുള്ളത്. ഇതിന്റെ ഏറ്റവും വ്യക്തമായ ചിത്രം ഫറവോനോടുള്ള ബന്ധത്തിൽ മോശെയ്ക്ക് അഹറോൻ എങ്ങനെയായിരുന്നു എന്നതിലൂടെയാണ് യഹോവ (YHWH) വെളിപ്പെടുത്തിയിരിക്കുന്നത്. പ്രവാചകൻ എന്നാൽ (പുറ.4:10,16; 7:1; ആവർ.5:5) ദൈവികമായ സന്ദേശങ്ങൾ മനുഷ്യരെ അറിയിക്കുന്നവനാണ് (ആമോ.3:8; യിരെ.1:4,17; യെഹെ.3:4)

4. ഈ മൂന്നു പദങ്ങളും 1 ദിന.29:29-ൽ പ്രവാചകപദവിയെ പരാമർശ്ശിച്ചു പറയുമ്പോൾ വന്നിട്ടു ്. ശമുവേൽ - *ro'eh*, നാഥാൻ - *nabi*, ഗാദ് - *hozeh*.
5. "ദൈവപുരുഷൻ" എന്നു ഭാഷാന്തരം ചെയ്തിട്ടുള്ള ഇഷ്-ഹാ- ഏലോഹീം (*'ish ha elohim'*) എന്ന പ്രയോഗത്തിനും ദൈവം അവനിലൂടെ മനുഷ്യരോടു സംസാരിക്കുന്നു എന്ന വിശാലമായ അർത്ഥമു ്. "പ്രവാചകനെന്ന" അതേ അർത്ഥത്തിൽ തന്നെ ഈ വാക്കും പഴയനിയമത്തിൽ 76 പ്രാവശ്യം ഉപയോഗിച്ചിട്ടു ്.
6. പ്രവാചകൻ "*prophet*' എന്ന വാക്ക് യവന ഭാഷയിലേതാണ്. (1) "*pro'* എന്നാൽ 'മുൻപ്' എന്നും (2) "phemi'എന്നാൽ 'സംസാരിക്കുക' എന്നും അർത്ഥം.

## II. പ്രവചനം നിർവചനം

A. ഇംഗ്ലീഷിലേതിനെക്കാളും എബ്രായഭാഷയിൽ 'പ്രവചനം' എന്നതിന് വിശാലമായ അർത്ഥമു ്. യോശുവ തുടങ്ങി ന്യായാധിപന്മാർ വരെയുള്ള ചരിത്രപരമായ പുസ്തകങ്ങളെ യഹൂദന്മാർ (രൂത്ത് ഒഴികെ) 'മുൻകാല പ്രവാചകന്മാർ' (The former Prophets) എന്നാണ് വിളിക്കുന്നത്. അബ്രഹാമും (ഉല്പ. 20:7; സങ്കീ. 105:5) മോശെയും (ആവർ.18:18) പ്രവാചകന്മാർ എന്നു വിളിക്കപ്പെട്ടവരാണ് (മിര്യാമും പുറ.15:20). അതുകൊ ് അർത്ഥത്തിൽ ഒരു ഇംഗ്ലീഷ് നിർവചനത്തിന്റെ കാര്യത്തിൽ ശ്രദ്ധ പാലിക്കേ തു ്.

B. ദൈവികതാല്പര്യം, ദൈവിക ലക്ഷ്യം, ദൈവിക പങ്കാളിത്തം എന്നിവയുടെ പശ്ചാത്തലത്തിൽ മാത്രം ചരിത്രത്തെ നിർവചിച്ച് മനസ്സിലാക്കുന്നതാണ് പ്രവചന വ്യാഖ്യാനത്തിൽ കരണീയം (*Interpreters Dictionary of the Bible,* vol. 3, p. 896)

C. 'പ്രവാചകൻ ഒരിക്കലും ഒരു താത്വികനോ, ദൈവശാസ്ത്രജ്ഞനോ അല്ല. പ്രത്യുത, തങ്ങളുടെ വർത്തമാനകാല ജീവിതത്തെ നവീകരിച്ച് ഭാവിയെ രൂപപെപടുത്തുവാനായി ദൈവജനത്തോടു ദൈവിക സന്ദേശം നല്കുന്ന ദൈവത്തിനും മനുഷ്യനുമിടയിൽ നില്ക്കുന്ന ഇടനിലക്കാരനാണ് അദ്ദേഹം." (*"Prophets and prophecy", Encyclopedia*, vol. 13, p.1152)

## III. പ്രവചനത്തിന്റെ ലക്ഷ്യം

A. തന്റെ ജനത്തോടു സംസാരിക്കുവാനുള്ള ദൈവത്തിന്റെ ഒരു ഉപാധിയാണ് പ്രവചനം. അവരുടെ ഭാവിയെ സംബന്ധിച്ചും ലോകസംഭവങ്ങളിൽ ദൈവത്തിന്റെ നിയന്ത്രണത്തെക്കുറിച്ചും (പ്രധാനമായും തന്നെക്കുറിച്ചും തന്റെ പദ്ധതികളെക്കുറിച്ചും) തന്റെ ജനത്തെ അറിയിച്ച് വർത്തമാനകാല ജീവിതത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വെളിപ്പെടുത്തിക്കാണിക്കുവാനുള്ള ദൈവത്തിന്റെ ഒരു ഉപാധിയാണ് പ്രവചനം. അവരെ തർജ്ജനം ചെയ്യുവാനും റേപാത്സാഹിപ്പനിക്കുവാനും അവരെ വിശ്വാസത്തിൽ ഉറപ്പിച്ച് മാനസ്സാന്തരത്തിലേക്കു നയിക്കുവാനും ഇതുപകരിക്കുന്നു. പലപ്പോഴും ദൈവം തിരഞ്ഞെടുക്കുന്ന വ്യക്തികളെ വെളിപ്പെടുത്തിക്കാണിക്കുവാനും ഉപയോഗിച്ചിട്ടു ് (ആവർ.13:1-3; 18:20-22). അവ പലപ്പോഴും മശിഹയെ പരാമർശിക്കുന്നവയായിരിക്കും.

B. പലപ്പോഴും പ്രവാചകൻ ആനുകാലികമായചരിത്രപരമോ, (teleological) ദൈവശാസ്ത്രപരമോ ആയ ഒരു പ്രതിസന്ധിയുടെ ഭാവികാലപരമായ സ്വാധീനത്തെ എടുത്തുകാണിക്കുകയാണ് ചെയ്യുന്നത്.

C. ദൈവഹിതം അിറയുവാനുള്ള മഹാപുരോഹിതന്റെ സ്ഥാനത്തിനു പ്രവാചകൻ എന്ന സ്ഥാനം വഴി മാറിക്കൊടുത്തതായി തോന്നും (യിരെ.18:18). ഊറീമും തുമ്മീമും ദൈവത്തിന്റെ ഇപ്രകാരമുള്ള നേരിട്ടുള്ള സന്ദേശത്തിനു വഴി മാറിക്കൊടുത്തു. ഇത്തരത്തിലുള്ള ഒരു പ്രവണത മലാഖിയുടെ ശേഷം യിസ്രായേലിൽ നിന്നും മാഞ്ഞുപോയതായി കാണുന്നു. ഈ ശുശ്രൂഷ 400 വർഷങ്ങൾക്കുശേഷം യോഹന്നാൻ സ്നാപകന്റെ കാലത്തിനു മുമ്പ് നാം കാണുന്നതേയില്ല.

പുതിയനിയമത്തിലെ 'പ്രവചനം' പഴയനിയമത്തിലേതുമായി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു എന്നതു വ്യക്തമല്ല. പുതിയനിയമ പ്രവാചകർ പുതിയ വെളിപ്പാടുകൾ വെളിപ്പെടുത്തുന്നവർ ആയിരുന്നില്ല (അ.പ്ര.11:27,28; 13:5; 14:29,32,37; 15:32; 1കൊരി.12:10, 28–29; എഫെ.4:11)എന്നാൽ ാവർ ഉടമ്പടി പ്രകാരമുള്ള ദൈവഹിതത്തിന്റെ ഭാവികാലപരമായ എടുത്തുകാണിക്കുകയാണ് ചെയ്യുന്നത്.

D. പ്രവചനം പ്രഥമദൃഷ്ട്യാ ആത്യന്തികമായി ഭാവികാലത്തെ വെളിപ്പെടുത്തുന്നത് ആയിരിക്കണ മെന്നില്ല. ഭാവികാലം വെളിപ്പെടുത്തുന്നതിലൂടെ താൻ 'പ്രവാചകൻ' ആണെന്നു വെളിപ്പെടുന്നു എന്നതു ശരിയാണെങ്കിലും ; നാം ശ്രദ്ധിക്കേ ത്, ''…പ്രവചനങ്ങളിൽ 2% ത്തിനു താഴെയാണ് മശിഹാ പ്രവചനങ്ങൾ. 5% ത്തിനു താഴെയാണ ഉടമ്പടി 1% വരാൻ പോകുന്ന സംഭവങ്ങളെപ്പറ്റിയുള്ളവ''. (Fee & Stuart, *How to Read the Bible for all it is Worth*, p. 166)

E. പ്രവാചകന്മാർ ദൈവത്തെ മനുഷ്യനോടും പുരോഹിതൻ മനുഷ്യനെ ദൈവത്തോടും എന്ന നിലയിൽ ഇടനിലക്കാരായിരിക്കുന്നു. സാധാരണ ഇങ്ങനെയാണ് കാണപ്പെടുന്നതെങ്കിലും ദൈവത്തോട് ചോദ്യങ്ങൾ ഉന്നയിക്കുന്ന ഹബക്കൂക്കിനെപ്പോലെയുള്ളവർ ഇതിനൊരപവാദമാണ്.

F. പ്രവാചകന്മാരെക്കുറിച്ച് അറിയുന്നതിലുള്ള ഒരു പ്രധാന തടസ്സമെന്നത് അവരുടെ പ്രവചനങ്ങൾ എങ്ങനെ ചിട്ടപ്പെടുത്തിയിരിക്കുന്നത് എന്ന് നമുക്കറിയുവാൻ കഴിയുന്നില്ല എന്നതാണ്. പലപ്പോഴും പ്രവചനങ്ങൾ കാലക്രമപരമായി ക്രമീകരിച്ചവയല്ല. പലപ്പോഴും അവ വിഷയപരമായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു എങ്കിലും അത് നാം പ്രതീക്ഷിക്കുന്നതുപോലെയല്ല. പലപ്പോഴും പ്രകടമായ രീതിയിൽ ഒരു ചരിത്രപശ്ചാത്തലമോ കാലക്രമമോ സന്ദേശങ്ങൾ തമ്മിൽ കാര്യമായ ഒരു വിഭജനമോ കാണുന്നില്ല. അതിനാൽ (1) ഒരു പുസ്തകം ഒറ്റ വായനയിൽ വായിച്ചുമനസ്സിലാക്കുവാനും (2) വിഷയപരമായി വിഭജനം തയാറാക്കുവാനും (3) ഓരോ സന്ദേശത്തിന്റെയും കേന്ദ്രം ക ത്തുവാനും പ്രയാസമായി വരുന്നു.

## IV. പ്രവചനത്തിന്റെ സ്വഭാവസവിശേഷതകൾ

A. പഴയനിയമത്തിൽ 'പവാചകൻ' 'പ്രവചനം' എന്നീ പ്രയോഗങ്ങളുടെ ഒരു പുരോഗാത്മകത കാണുവാപായി കഴിയും. യിസ്രായേലിന്റെ ആദ്യകാലഘട്ടത്തിൽ ഏലിയാവ്, എലീശ എന്നിവരെനേപ്പാലെയുള്ള പ്രവാചകന്മാരുടെ കീഴിൽ പ്രവാചകകൂട്ടായ്മകൾ തന്നെയു ായിരുന്നു. പലപ്പോഴും 'പ്രവാചകഗണം' എന്നു പറയപ്പെടുന്നത് ഇവരെ പരാമർശ്ശിച്ചത്രേ (2രാജാ.2). ഇവരുടെ പ്രവചനങ്ങൾ പലപ്പോഴും അവ്യക്തതയുള്ളതായിരിക്കാൻ സാധ്യതയു ് (1 ശമു.10:10–13; 19:18–24).

B. ഇത്തരം ഒരു പ്രവണത വളരെ വേഗം വ്യക്തിപരപ്രാധാന്യമുള്ള പ്രവാചകശുശ്രൂഷകൾക്ക് വഴി മാറിക്കൊടുത്തു. ഇത്തരത്തിലുള്ള അനേകം (പ്രവാചകന്മാരും കള്ളപ്രവാചകന്മാരും) പ്രവാചകന്മാർ രാജാക്കന്മാരോടു ബന്ധപ്പെട്ടവരും രാജകൊട്ടാരത്തിൽ താമസിച്ചവരുമായിരുന്നു. അതേസമയം തന്നെ, പരിപൂർണ്ണസ്വതന്ത്രരായ, പലപ്പോഴും യിസ്രായേൽ സമൂഹവുമായി ബന്ധമില്ലാത്തവരുമായ, പ്രവാചകന്മാരും ഉ ായിരുന്നു (ആമോസ്). പ്രവാചകന്മാരും പ്രവാചകിമാരും അത്തരക്കാരായു ായിരുന്നു (2 രാജാ.22:14).

C. മനുഷ്യന്റെ ഉടനെയുള്ള പ്രതികരണം ആവശ്യപ്പെട്ടുകൊ ് ഭാവിയെ അനാവരണം ചെയ്യുന്നവരായിരുന്നു അവർ. മനുഷ്യന് ഒരു കരാണവശാലും സ്വാധീനിക്കാനാകാത്ത ദൈവത്തിന്റെ സാർവ്വലൗകിക പദ്ധതികൾ അനാവരണം ചെയ്യുക എന്നത് പലപ്പോഴും അവരുടെ നിയോഗമായിരുന്നു.പൂർവ്വകാലങ്ങളിൽ ഇത്തരം സാർവ്വലൗകികമായ ഭാവികാല പ്രവചനം കിഴക്കൻ രാജ്യങ്ങക്ക് മാത്രമുള്ള പ്രത്യേകതയായിരുന്നു. ഭാവികാല പ്രവചനവും ദൈവിക ഉടമ്പടിയു മായിരുന്നു പ്രവചന ശുശ്രൂഷയിലെ ര ു വശങ്ങൾ (cf. *Fee & Stuart*, p. 150). അവർ പലപ്പോഴും ഒരു രാജ്യത്തോട് സംസാരിക്കുന്നെങ്കിലും, ഒരു രാജ്യത്തിനു വേ ി മാത്രം പ്രവചിക്കുവാൻ നിലനിന്നിരുന്നവരല്ല.

D. പ്രവചനങ്ങൾ എല്ലാം തന്നെ പലപ്പോഴും വായ്മൊഴിയായിരുന്നു. പില്ക്കാലത്ത് അവയെല്ലാം വിഷയപരമായും കാലഘട്ടപരമായും മറ്റ് മദ്ധ്യപൂർവ്വ ദേശങ്ങളിലെ ഇന്നു നമുക്കറിയുവാൻ സാധ്യതയില്ലാത്ത രീതികളിലൂടെ ക്രമീകരിക്കപ്പെട്ടു. വായ്മൊഴി ആയിരുന്നതിനാൽ ഇന്നത്തെ ഗദ്യഭാഷ പോലെ അത്രത്തോളം ഘടനാപരമായവയായിരുന്നില്ല അവ. അതുകൊ ് അവയുടെ

ചരിത്രപരമായ പശ്ചാത്തലം അത്രത്തോളം ശരിയായി മനസ്സിലാക്കാതെ അവ തുടർമാനമായി വായിച്ചുഗ്രഹിക്കുക അസാധ്യമാണ്.

E. തങ്ങളുടെ സന്ദേശം കൈമാറുവാൻ പ്രവാചകന്മാർ പലവിധമായ മാർഗ്ഗങ്ങളാണ് കൈക്കൊള്ളാറുള്ളത്.
   1. കോടതി പശ്ചാത്തലം - ദൈവം തന്റെ ജനത്തെ കോടതിയിലേക്കു കൊ  ുവരുന്നു. പലപ്പോഴും ഇതൊരു വിവാഹമോചന പശ്ചാത്തലമാണ്. യഹോവ തന്റെ ഭാര്യയെ അവളുടെ (യിസ്രായേൽ) അവിശ്വസ്തത കാരണം നിരസിക്കുന്നു. (ഹോശെ.4; മലാ.6)
   2. ശവസംസ്ക്കാര വിലാപ ഗാനം - ഇത്തരം സാഹിത്യരൂപത്തിന്റേതായ താളവും അതിലൂടെ വ്യക്തമാക്കപ്പെടുന്ന 'ഹാ കഷ്ടം' എന്ന സന്ദേശവും ഇതിനെ മറ്റെല്ലാറ്റിൽ നിന്നും വ്യത്യസ്തമാക്കുന്നു (യെശ. 5; ഹബ. 2).
   3. ഉടമ്പടി പ്രകാരമുള്ള വാഗ്ദാനങ്ങളുടെ വിളംബരം - ഉടമ്പടിയുടെ നിയമങ്ങൾക്ക് ഊന്നൽ നല്കി അതിന്റെ ഭവിഷത്തുകൾ, നന്മയും തിന്മയും, നല്ലൊരു ഭാവിക്കായി വെളിപ്പെടുത്തുകയും ചെയ്യുന്നു (ആവർ. 27:28).

## V. യഥാർത്ഥ പ്രവാചകനെ കെ  ത്തുവാനുള്ള വചനത്തിലെ മാനദണ്ഡങ്ങൾ

A. ആവർ.13:1-5 (പ്രവചനം/അടയാളങ്ങൾ)

B. ആവ.18:9-22 (യഥാർത്ഥ പ്രവാചകൻ/കള്ളപ്രവാചകൻ)

C. പുരുഷന്മാരെയും സ്ത്രീകളെയും പ്രവാചകരായി പരിഗണിക്കുകയും അങ്ങനെ വിളിക്കുകയും ചെയ്തിട്ടു  ്.

   1. മിര്യാം (പുറ.15)
   2. ദബോര (ന്യായാ.4:4-6)
   3. ഹുൽദാ (2രാജാ.22:14-20; 2ദിന.34:22-28)

   യിസ്രായേൽ ഒഴികെയുള്ള ജാതീയ ആചാരമര്യാദകളിൽ പ്രവചനം എന്നത് 'വെളിച്ചപ്പാട്' എന്ന നിലയിൽ ആയിരിക്കുമ്പോൾ യിസ്രായേലിലേത് ര  ുവിധത്തിൽ തിരിച്ചറിയാൻ കഴിയും.
   1. ദൈവശാസ്ത്രപരമായി - 'യഹോവ' എന്ന നാമം ഉപയോഗിക്കുന്നു.
   2. ചരിത്രപരമായി - കൃത്യമായ പ്രവചനങ്ങൾ

## VI. പ്രവചനത്തെ വ്യാഖ്യാനിക്കുവാൻ സഹായകമായ മാർഗ്ഗനിർദ്ദേശങ്ങൾ

A. പ്രവാചകന്റെ ലക്ഷ്യം എന്തായിരുന്നു എന്നു മനസ്സിലാക്കുക. ഇതിനായി ചരിത്രപരമായ പശ്ചാത്തലവും ഓരോ പ്രവചനത്തിന്റെയും ഭാഷാപരമായ പശ്ചാത്തലവും പരിഗണിക്കണം. പലപ്പോഴും യിസ്രായേൽ മോശൈക ഉടമ്പടിയെ ലംഘിക്കുന്ന ഒരു ചിത്രം ഇതിലു  ായിരിക്കും.

B. ഒരു പ്രവചനം ആദിയോടന്തം വായിച്ചതിനു ശേഷം അതിന്റെ വിഷയവിഭജനം, ഭാഗികമായിട്ടല്ല, തയാറാക്കുക. തുടർന്ന് പുസ്തകത്തിന്റെ ആകമാനം വിഷയവിഭജനം ഖണ്ഡികകൾ, ഭാഷാപരമായപ്രത്യേതകൾ എന്നിവ പരിഗണിച്ച് തയാറാക്കുവാൻ ശ്രമിക്കുക.

C. വേദഭാഗത്തിൽ തന്നെ ആലങ്കാരിക വ്യാഖ്യാനത്തിനുള്ള എന്തെങ്കിലും സാധ്യത ഉ  ായിരിക്കുന്നപക്ഷം അങ്ങനെയും അല്ലാത്തപക്ഷം ആക്ഷരികവ്യാഖ്യാനവും പിന്തുടരുക.

D പ്രതിരൂപാത്മകമായ പ്രവൃത്തികളെ ചരിത്രപശ്ചാത്തലത്തിന്റെ വെളിച്ചത്തിലും സമാന്തര വേദഭാഗങ്ങളുടെ സഹായത്തോടെയും വിശകലനം ചെയ്യുക. ഇത് മധ്യപൂർവ്വ ദേശത്തിലെ സാഹിത്യമാണെന്നും പാശ്ചാത്യമോ ആധുനികമോ അല്ല എന്നും വ്യക്തമായി മനസ്സിലാക്കിയിരിക്കണം.

E. മുൻകൂട്ടി പറഞ്ഞിരിക്കുന്ന വസ്തുതകളെ വളരെ ശ്രദ്ധയോടെ പരിഗണിക്കുക.
   1. അവ എഴുത്തുകാരന്റെ ജീവിതകാലത്തിൽ സംഭവിക്കേ  വയാണോ?

2. അവ യിസ്രായേൽ ചരിത്രത്തിൽ തുടർച്ചയായി സംഭവിച്ചുകൊ ിരിക്കുന്നവയാണോ?
3. അവ, ഇനിയും ഭാവികാലത്തേയ്ക്കുള്ളവയാണോ?
4. അവയ്ക്ക് അന്നു കാലത്തുതന്നെ ഒരു നിറവേറലും ഭാവികാലത്തേക്കുള്ള മറ്റൊരു നിവൃത്തിയും ഉ ാ?
5. നമ്മുടെ നിഗമനങ്ങൾ, ആധുനിക വചന പണ്ഡിതന്മാരുടെ സ്വാധീനത്താൽ അല്ല, വചനവെളിച്ചത്തിൽ ആയിരിക്കണം.

**പ്രത്യേക പരിഗണന നല്കേ വ**

1. പ്രവചനങ്ങൾ നമ്മുടെ പ്രതികരണത്തെ ആശ്രയിച്ചുള്ളവയാണോ?
2. പ്രവചനങ്ങൾ ആരെപ്പറ്റിയുള്ളവയാണെന്നത് വ്യക്തമാണോ? (എന്തുകൊ ്?)
3. വചനപരമായും ചരിത്രപരമായും ഒന്നിലധികം നിവർത്തിക്ക് സാധ്യതയു ോ?
4. പുതിയനിയമ ലേഖകർക്ക് പഴയനിയമത്തിലെ പല വേദഭാഗങ്ങളിലും, നമുക്കു മനസ്സിലാക്കുവാൻ പ്രയാസമാണെങ്കിലും, മശിഹായെ പരിശുദ്ധാത്മസഹായത്താൽ കാണാൻ കഴിഞ്ഞിരുന്നു. നിഴലുകളോ പദങ്ങൾ കൊ ുള്ള കളികളോ ആകാം അവ. നാം അവരെപ്പോലെ പരിശുദ്ധാത്മപ്രേരിതരല്ലാത്തതിനാൽ അത്തരം വിഷയങ്ങൾ അവർക്ക് തന്നെ വിട്ടുകൊടുക്കുകയാണ് നല്ലത്.

## VII. പ്രയോജനപ്പെടുന്ന പുസ്തകങ്ങൾ

A. *A Guide to Biblical Prophecy* by Carl E.Armerding and W.Ward Gasque

B. *How to Read the Bible for All Its Worth by* Gordon Fee and Douglas Stuart

C. *My Servants the Prophets* by Edward J. Young

D. *Plowshares and Pruning Hooks: Rethinking the Language of Biblical Prophecy and Apocalyptic* by D. Brent Sandy

E. *Cracking the Old Testament Code,* D. Brent Sandy and Ronald L.Giese, jr.

# CRUCIAL INTRODUCTORY ARTICLE - REVELATION

## വെളിപ്പാടുപുസ്തകത്തിനൊരു നിർണ്ണായകമായ മുഖവുര

(എന്തുകൊ ാണ് ക്രിസ്തീയ സമൂഹത്തിൽ വെളിപ്പാടുപുസ്തകത്തെക്കുറിച്ച് ഇത്രയധികം ആധികാരികമായ വ്യാഖ്യാനങ്ങൾ)

എന്റെ ദീർഘകാലത്തെ ഭാവികാല പഠനത്തിൽ നിന്നും, പല ക്രൈസ്തവർക്കും ഭാവികാല വിഷയങ്ങളെക്കുറിച്ചുള്ള ഒരു ക്രമീകൃത പഠനമില്ലെന്നോ അതിനു താല്പര്യമില്ലെന്നോ ക ത്തിയിട്ടു ്. ചിലർ ഈ വിഷയത്തിന് ഊന്നൽ നല്കുകയോ ആധികാരികത നേടുന്നതോ ആകട്ടെ ദൈവശാസ്ത്രപരവും മനശ്ശാസ്ത്രപരവും സഭാപരവുമായ കാരണങ്ങളാൽ ആണ്. ഇവർ എല്ലാറ്റിന്റെയും പരിസമാപ്തി എന്തായിരിക്കും എന്നതറിയുക എന്ന ലക്ഷ്യമുള്ളവരും അതിനാൽത്തന്നെ തിടുക്കത്തോടുകൂടെയുള്ള സുവിശേഷീകരണത്തിന്റെ പ്രസക്തി മനസ്സിലാക്കാത്തവരുമാണ്. ദൈവം വിഭാവന ചെയ്തിരിക്കുന്ന ഭാവികാല പദ്ധതികളെ ഒരു കാരണവശാലും സ്വാധീനിക്കുവാൻ വിശ്വാസികൾക്ക് സാധ്യമല്ല എങ്കിലും ദൈവത്തിന്റെ രക്ഷണ്യപ്രവൃത്തിയിൽ ഭാഗഭാക്കുകളാകുവാൻ കഴിയും (മത്താ.28:19-20; ലൂക്കൊ.24:47; അ.പ്ര.1:8). ക്രൈസ്തവരിൽ പലരും ക്രിസ്തുവിന്റെ മടങ്ങിവരവും കർത്താവിന്റെ വാഗ്ദാനങ്ങളുടെ അന്ത്യകാല നിവൃത്തിയും വിശ്വസിക്കുന്നവരാണ്. അനേകം ബൈബിൾ പാഠങ്ങൾ തമ്മിൽ കാണുന്ന ഇത്തരം വൈവിധ്യങ്ങളെ എങ്ങനെ പൊരുത്തപ്പെടുത്തുന്നു എന്നതാണ് ഇവിടത്തെ വ്യാഖ്യാനപരമായ പ്രശ്നം. അവയിൽ ചിലത് താഴെ പറയുന്നവയാണ്.

1. പ്രവാചകപരമായ പഴയ ഉടമ്പടിയും അപ്പൊസ്തലികമായ പുതിയ ഉടമ്പടിയും
2. വചനത്തിലെ ഏകദൈവവിശ്വാസവും (എല്ലാവർക്കും ഒരു ദൈവം) യിസ്രായേൽമക്കളുടെ തിരഞ്ഞെടുപ്പും (ഒരു പ്രത്യേക ജനത്തിന്റെ ദൈവം)
3. വചനത്തിലെ നിബന്ധനകളുള്ള ഉടമ്പടികളും വാഗ്ദാനങ്ങളും വീണുപോയ മനുഷ്യന്റെ വീ ടുപ്പിനോടുള്ള ബന്ധത്തിലുള്ള ദൈവത്തിന്റെ നിബന്ധനകളില്ലാത്ത വിശ്വസ്തതയും.
4. പൗരസ്ത്യസാഹിത്യ രൂപവും ആധുനിക പാശ്ചാത്യ സാഹിത്യരൂപവും
5. ദൈവരാജ്യം സ്ഥാപിക്കപ്പെട്ടു. എന്നാൽ അതേസമയം അത് ഭാവികാലപരവുമാണ് എന്ന സത്യം.
6. കർത്താവ് എത്രയും വേഗം പ്രത്യക്ഷനാകും. എന്നാൽ ചില കാര്യങ്ങൾ അതിനു മുമ്പ് നിറവേറ തു ് എന്ന പരമാർത്ഥം.

**ഒന്നാമത്തെ വ്യാഖ്യാനവെല്ലുവിളി** (പഴയ നിയമ വംശീയ, രാഷ്ട്രീയ, ദേശീയ വിഭാഗങ്ങളും ലോകത്തിലാകമാനമുള്ള വിശ്വാസ സമൂഹങ്ങളും) പാലസ്തീൻ കേന്ദ്രമാക്കി യെരുശലേമിൽ ഭരണം നടത്തുന്ന ദാവീദ് വംശജനായ ഒരുവനെ സേവിക്കുവാൻ എല്ലാ രാജ്യക്കാരും കൂടിവരുമെന്നുള്ള യെഹൂദ്യരാജ്യ സ്ഥാപനത്തെയാണ് പഴയനിയമ പ്രവാചകന്മാർ പ്രവചിച്ചിരിക്കുന്നത്. എന്നാൽ യേശുവോ അപ്പൊസ്തലന്മാരോ ഇത്തരം ഒരു വസ്തുതയ്ക്ക് ഊന്നൽ നല്കിയിരുന്നില്ല. പഴയനിയമം ദൈവനിശ്വസനീയമായിരുന്നില്ലേ (ഒ.നോ. മത്താ.5:17-19)? പുതിയനിയമ എഴുത്തുകാർ തന്ത്രപ്രധാനങ്ങളായ അന്ത്യകാല വൃത്താന്തങ്ങൾ ഒഴിവാക്കുകയായിരുന്നോ?

അന്ത്യകാലത്തെക്കുറിച്ചറിയുന്നതിന് പല മുഖാന്തരങ്ങളും വചനത്തിലു ്.

1. പഴയ നിയമ പ്രവാചകന്മാർ (ഒ.നോ. യെശയ്യാവ്, മീഖാ, മലാഖി)
2. പഴയനയമ കാലത്തിൽ ഭാവികാലത്തെക്കുറിച്ച് പരാമർശിച്ച എഴുത്തുകാർ (ഒ.നോ. യെഹെസ്കേൽ 37:39; ദാനിയേൽ 7-12; സെഖര്യാവ്)
3. മലാഖിക്കും മത്തായിക്കും ഇടയിൽ എഴുതപ്പെട്ട കാനോനികമല്ലാത്ത ഭാവികാലപരമായ എഴുത്തുകൾ. (യൂദയുടെ ലേഖനത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ളതായി കരുതുന്ന ഹാനോക്കിന്റെ പ്രവചനം പോലുള്ളവ.)
4. യേശുവിന്റെ വാക്കുകൾ (ഒ.നോ. മത്താ.24; മർക്കൊ.13; ലൂക്കൊ.21)
5. പൗലൊസിന്റെ എഴുത്തുകൾ (ഒ.നോ. 1കൊരി.15; 2കൊരി.5; 1തെസ്സ.4-5; 2തെസ്സ.2)
6. യോഹന്നാന്റെ എഴുത്തുകൾ (ഒ.നോ. യോഹന്നാന്റെ ഒന്നാം ലേഖനം, വെളിപ്പാട്)

ഈ വേദഭാഗങ്ങളെല്ലാം അന്ത്യനാളുകളെക്കുറിച്ച് വ്യക്തമായ ഒരു ചിത്രം നല്കുന്നു േ ാ? (സംഭവങ്ങൾ,അതിന്റെ സമയം, ഭാഗഭാക്കുകളാകുന്ന വ്യക്തികൾ) ഇല്ലെങ്കിൽ എന്തുകൊ ്? അത്തരം കാര്യങ്ങൾ ദൈവശ്വാസീയമല്ലേ? (മലാഖിക്കും മത്തായിക്കും ഇടയിലുള്ള എഴുത്തുകൾ ഒഴികെ)

പഴയനിയമ എഴുത്തുകാർക്ക് അവർക്ക് മനസ്സിലാക്കാനാകുന്ന രീതിയിലും വിധത്തിലുമായിരുന്നു പരിശുദ്ധാത്മാവ് സത്യങ്ങൾ വെളിപ്പെടുത്തിക്കൊടുത്തിരുന്നത്. എന്നിരുന്നാലും ദൈവാത്മാവ് പുരോഗനാത്മകമായ വെളിപ്പാടുകളിലൂടെ (progressive revelation) ഇത്തരം ഭാവികാലപരമായ വസ്തുതകൾ സകലർക്കും ലഭ്യമാകുന്ന നിലവാരത്തിൽ എത്തിച്ചിട്ടു ്. (''ക്രിസ്തുവിന്റെ മർമ്മം'' ഒ.നോ. എഫെ.2:11–3:13. 10:7–ലെ പ്രത്യേക കുറിപ്പ് കാണുക.) ചില അനുയോജ്യങ്ങളായ ഉദാഹരണങ്ങൾ നല്കട്ടെ.

1. പഴയനിയമത്തിൽ, യെരുശലേം നഗരത്തെ, ദൈവ(ദശീ)ജനത്തെക്കുറിക്കുന്ന ഒരു ഉപമാനമായി ഉപയോഗിച്ചിട്ടു ്. എന്നാൽ പുതിയനിയമത്തിലാകട്ടെ, അനുതപിക്കുന്ന, വിശ്വസിക്കുന്ന ഏതൊരുവനെയും ദൈവം അംഗീകരിക്കുന്നു എന്ന വസ്തുതയ്ക്കാണ് ഊന്നൽ നല്കിയിരിക്കുന്നത്. ഇപ്രകാരം ഒരു ഭൗമിക പട്ടണത്തെ(വെളിപ്പാടു പുസ്തകം 21, 22 അദ്ധ്യായങ്ങളിലെ പുതിയ യെരുശലേം) ദൈവജനമായി -ദൈവശാസ്ത്രപരമായി - (വിശ്വസിക്കുന്ന യഹൂദനും യവനനും ഉൾപ്പെടുന്ന) വിശദീകരിച്ചിരിക്കുന്നത്, നഷ്ടപ്പെട്ടുപോയ മനുഷ്യന്റെ വീ ടുപ്പിനെക്കുറിച്ചുള്ള വാഗ്ദത്തം നല്കിയിട്ടുള്ള ഉല്പ.3:15–ൽ, യഹൂദന്മാരോ യഹൂദന്മാരുടെ ഒരു തലസ്ഥാനനഗരമോ ഉ ാകുന്നതിനു മുമ്പു തന്നെയായിരുന്നു -ഒരു നിഴൽരൂപമായിട്ട്. അബ്രഹാമിന്റെ വിളിയിൽപ്പോലും (ഒ.നോ. ഉല്പ.12:1–3) ജാതികൾ ഉൾപ്പെട്ടിരുന്നു (ഒ.നോ. 12:3; പുറ.19:5).
2. പഴയനിയമത്തിൽ ദൈവജനത്തിന്റെ ശത്രുക്കൾ എന്നു പറയുന്നത് ചുറ്റും പാർത്തിരുന്ന (Ancient Alean East) ജാതികൾ ആയിരുന്നു. എന്നാൽ പുതിയനിയമത്തിലാകട്ടെ അത് എല്ലാ അവിശ്വാസികളും ദൈവവിരോധികളും സാത്താന്യസ്വാധീനമുള്ളവരും എന്ന തലത്തിലേക്ക് അതിവിശാലമായി ചിത്രീകരിച്ചിട്ടു ്. ഒരു ദേശീയമായ തലത്തിൽ നിന്നും സർവ്വലൗകിക, പ്രാപഞ്ചികമായ, തലത്തിലേക്ക് വിശാലവത്ക്കരിക്കപ്പെട്ടിരിക്കുന്നു. (ഒ.നോ. Colossians)
3. പഴയനിയമത്തിൽ തികെച്ചും ഒരു ജനതയ്ക്കു മാത്രമായിരുന്ന വാഗ്ദത്തനാട് (ഉല്പത്തി പുസ്തകത്തിൽ പിതാക്കന്മാർക്ക് വാഗ്ദത്തം ചെയ്യപ്പെട്ടത് (ഒ.നോ. ഉല്പ.12:7; 13:15; 15:7–15; 17:8) ഇന്ന് സർവ്വലോകത്തിനുമായി പുതിയ ഭൂമിയിലേക്ക് ഇറങ്ങിവരുന്നു. പുതിയ യെരുശലേം ഇവിടെ ഒരു കിഴക്കൻ3 ദേശത്തുള്ള യെരുശലേം നഗരമല്ല. (ഒ.നോ. വെളി.21–22)
4. പഴയനിയമത്തിൽ നിന്നും വിശദീകരിക്കപ്പെട്ടിട്ടുള്ള മറ്റു ചില വിഷയങ്ങൾ (1) ഇന്ന് അബ്രഹാമിന്റെ മക്കൾ എന്നത് ആത്മികമായി പരിച്ഛേദന ഏറ്റവരാണ്. (ഒ.നോ. റോമ.2:28–29) (2) യവനന്മാരും ഇന്ന് ഉടമ്പടിയിലേർപ്പെട്ടവരാണ് (ഒ.നോ. ഹോശേ.1:10;2:33 ഇത് റോമ.9:24–26 -ൽ ഉദ്ധരിച്ചിരിക്കുന്നു.) (ഒ.നോ. വേല്യ.26:12, പുറ.29:45 ഇത് 2കൊരി.6:16–18–ൽ ഉദ്ധരിച്ചിരിക്കുന്നു.) (ഒ.നോ. പുറ.19:5; ആവർ.14:2 എന്നീ ഭാഗങ്ങൾ തിത്തൊ.2:14–ൽ സൂചിപ്പിച്ചിട്ടു ്.) (3) ഇന്ന് ദേവാലയമെന്നാൽ യേശുവാണ്. മാത്രമല്ല അവനിലൂടെ പ്രാദേശികസഭയും (ഒ.നോ.1 കൊരി.3:16) വിശ്വാസികളും ഒ.നോ. (1കൊരി.6:19) ദേവാലയമാണ്. (4) യിസ്രായേൽ എന്നതും പഴയനിയമത്തിൽ അവർക്കായി പറഞ്ഞിരിക്കുന്ന വിവരണങ്ങളും ഇന്ന് ദൈവജനത്തിനു പൊതുവായി ഉപയോഗിക്കപ്പെട്ടിട്ടു ്. (യിസ്രായേൽ - റോമ.9:6; ഗലാ.6:16) (രാജകീയ പുരോഹിതർ - ഒ.നോ. 1പത്രൊ.2:5, 9–10; വെളി.1:6)

യേശുകർത്താവും അപ്പോസ്തലിക എഴുത്തുകാരും അന്ത്യകാലത്തെ, പഴയനിയമ പ്രവാചകന്മാർ പറഞ്ഞ അതേ രീതിയിലല്ല പറഞ്ഞിരിക്കുന്നത്. (ഒ.നോ. Martin Wyngaarden, *The Future of the Kingdom in Prophecy and fulfillment)* . ആക്ഷരികവും സാധാരണവുമായ പഴയനിയമ മാതൃകയിൽ ചിന്തിക്കുന്ന ആധുനിക വ്യാഖ്യാതാക്കൾ, വെളിപ്പാടിനെ തികെച്ചും യഹൂദന്മാരുടെ പുസ്തകമായി കണക്കാക്കുകയും യേശുവിന്റെയും പൗലൊസിന്റെയും അവ്യക്തമായ പ്രയോഗങ്ങളെ തങ്ങൾക്കിഷ്ടമുള്ള ആശയത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. പുതിയ നിയമ എഴുത്തുകാർ പഴയനിയമ പ്രവാചകന്മാരെ നിരസിക്കുകയായിരുന്നില്ല. പ്രത്യുത, അവർക്കുള്ള സാർവ്വലൗകികമായ പ്രാധാന്യത ചൂ ിക്കാണിക്കുകയാണ് ചെയ്യുന്നത്. പൗലൊസിന്റെയും യേശുവിന്റെയും ഭാവികാല ശാസ്ത്രം യുക്തിപരമായ, ചിട്ടവട്ടപ്പെടുത്തിയ ഒന്നല്ല. അവരുടെ ഏകലക്ഷ്യം ഭാവികാലമായിരുന്നില്ല; രക്ഷയും ഇടയത്വവുമായിരുന്നു.

പുതിയനിയമത്തിൽ തന്നെയായിരുന്നാലും ഒരാശയക്കുഴപ്പം കാണുന്നു ്. അതെന്നത് ഭാവികാല സംഭവങ്ങളെ വ്യക്തമായി ചിട്ടവട്ടപ്പെടുത്തിയിട്ടില്ല എന്നതാണ്. ഭാവികാലത്തെക്കുറിച്ച് യേശുക്രിസ്തു (ഒ.നോ. മത്താ.24; മർക്കൊ.13) പഠിപ്പിച്ചതിനെക്കാളും വെളിപ്പാടുപുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നത് പഴയനിയമമാതൃകയിലുള്ള വിവരണമാണ്. യെഹെസ്ക്കേലും ദാനിയേലും സെഖര്യാവും തുടങ്ങിവച്ച് ഇന്റർടെസ്റ്റമെന്റൽ സമയത്ത് വികാസം പ്രാപിച്ച അതേ ഭാഷാപ്രയോഗങ്ങളാണ് ഇതിൽ പിന്തുടർന്നു കാണുന്നത്. പഴയനിയമത്തെ പുതിയനിയമവുമായി ബന്ധിപ്പിക്കുന്ന യോഹന്നാന്റെ രീതിയായിരിക്കാം ഇത്. എന്നാൽ പഴയനിയമ സംഭവങ്ങൾ, വ്യക്തികൾ, ഭാഷ എന്നിവയാണ് വെളിപ്പാടിൽ

ഉപയോഗിച്ചിരിക്കുന്നതെങ്കിലും അവ ഒന്നാം നൂറ്റാ ിലെ റോമൻ സാമ്രാജ്യ പശ്ചാത്തലത്തിലാണ് പുനരാഖ്യാനം ചെയ്തിരിക്കുന്നതെന്നത് നാം ശ്രദ്ധിച്ചിരിക്കണം.

**ര ാമത്തെ വ്യാഖ്യാനവെല്ലുവിളി** (ഏകദൈവവിശ്വാസവും തിരഞ്ഞെടുക്കപ്പെട്ട ജനവും)

ആത്മരൂപിയും സൃഷ്ടിതാവും വീ ടുപ്പുകാരനുമായ വ്യക്തിയായിട്ടാണ് ദൈവത്തെ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്നത് (ഒ.നോ. പുറ.8:10; യെശ.44:24; 45:5-7,14,18,21-22; 46:9; യിരെ.10:6-7). പഴയനിയമത്തിന്റെ ശ്രേഷ്ഠത എന്നത് അതിന്റെ ഏകദൈവവിശ്വാസത്തിലായിരുന്നു. എന്നാൽ ചുറ്റുമുള്ള രാജ്യങ്ങൾ എല്ലാം ബഹുദൈവവിശ്വാസികളായിരുന്നു. പഴയനിയമ വെളിപ്പാടുകളുടെ ഹൃദയം എന്നത് ഏകദൈവം എന്നതിലായിരുന്നു (ഒ.നോ. ആവർ.6:4). ദൈവവും മനുഷ്യനുമായുള്ള (ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട (ഒ.നോ. ഉല്പ.1:26,27) കൂട്ടായ്മയ്ക്കുള്ള ഒരു മുഖാന്തരമായിരുന്നു സൃഷ്ടി എന്നത്. ആ മനുഷ്യർ ദൈവത്തിന്റെ സ്നേഹം, നേതൃത്വം, ലക്ഷ്യം എന്നിവയ്ക്കെതിരായി പ്രവർത്തിച്ച് ദൈവത്തോട് പാപം ചെയ്തു (ഉല്പ.3). ദൈവത്തിന്റെ സ്നേഹവും ലക്ഷ്യവും അത്രമാത്രം ശക്തമായിരുന്നതിനാൽ വീണുപോയ മനുഷ്യനെ വീ ടുക്കുവാൻ ദൈവം വാഗ്ദത്തം നല്കി (ഒ.നോ. ഉല്പ.3:15)!

ദൈവം ഒരു മനുഷ്യനെയോ, കുടുംബത്തെയോ രാജ്യത്തെയോ തിരഞ്ഞെടുത്ത് അതിലൂടെ മറ്റുള്ളവരെ ലക്ഷ്യമിടുന്നതാണ് ഇവിടെ ആശയക്കുഴപ്പത്തിനിടയാകുന്നത്. ദൈവം അബ്രഹാമിലൂടെ യഹൂദജാതിയെ രാജകീയപുരോഹിതവംശമായി തിരഞ്ഞെടുത്തത് (ഒ.നോ.പുറ. 19:4-6) സേവനത്തിനു പകരം അഹങ്കാരത്തിനു കാരണമായി. അബ്രഹാമിനെ ദൈവം വിളിക്കുന്നതിലൂടെ സർവ്വലോകത്തെയും അനുഗ്രഹിക്കുക എന്നൊരു തലം ഉ ായിരുന്നു (ഒ.നോ. ഉല്പ. 12:3). പഴയനിയമത്തിലെ 'തിരഞ്ഞെടുപ്പ്' എന്നത് സേവനത്തിനായിരുന്നു രക്ഷയ്ക്കായിരുന്നില്ല എന്നത് നാം ഓർമ്മിച്ചിരിക്കണം. എല്ലാ യിസ്രായേലും ഒരിക്കലും ദൈവത്തോടുള്ള ബന്ധത്തിൽ നിരപ്പിലും ജന്മനാൽത്തന്നെ നിത്യമായി രക്ഷിക്കപ്പെട്ടവർ എന്നും വരുന്നില്ല (ഒ.നോ. യോഹ.8:31-59; മത്താ.3:9). എന്നാൽ അതൊക്കെയും വ്യക്തിപരമായ വിശ്വാസത്താലും അനുസരണത്താലുമായിരുന്നു (ഒ.നോ. ഉല്പ.15:6, റോമ.4-ൽ ഉദ്ധരിച്ചിരിക്കുന്നത് നോക്കുക.) യിസ്രായേലിന് തന്റെ നിയോഗം നഷ്ടപ്പെട്ടു, നിർദ്ദേശങ്ങൾ എല്ലാം അവകാശങ്ങൾ ആക്കപ്പെട്ടു. ദൈവം എല്ലാറ്റിനെയും തിരഞ്ഞെടുക്കുന്നതിനായി ഒന്നിനെ തിരഞ്ഞെടുത്തു.

**മൂന്നാമത്തെ വ്യാഖ്യാനവെല്ലുവിളി** - (നിബന്ധനയില്ലാത്തതും നിബന്ധനകൾ ഉള്ളതുമായ ഉടമ്പടികൾ)

നിബന്ധനയില്ലാത്തതും നിബന്ധനകൾ ഉള്ളതുമായ ഉടമ്പടികൾ തമ്മിൽ ദൈവശാസ്ത്രപരമായി നോക്കുമ്പോൾ ഒരു വൈരുദ്ധ്യം ഉള്ളതായി കാണാം. ദൈവത്തിന്റെ രക്ഷണ്യപ്രവൃത്തി നിബന്ധനകൾ ഇല്ലാത്തതാണെന്നുള്ളത് വളരെ ശരിയാണ് (ഒ.നോ. ഉല്പ.15:12-21). എന്നിരുന്നാലും അതിനോടുള്ള മനുഷ്യന്റെ പ്രതികരണം നിബന്ധനകളിലധിഷ്ഠിതമാണ്.

പുതിയനിയമത്തിലും പഴയനിയമത്തിലും 'എങ്കിൽ' 'എന്നാൽ' എന്നീ പ്രയോഗങ്ങൾ കാണുന്നു ്. ദൈവം വിശ്വസ്തനാണ്; മനുഷ്യൻ അവിശ്വസ്തനും. ഇത് അധികം ആശയക്കുഴപ്പങ്ങൾക്ക് കാരണമാകുന്നു ്. ഓരോ വ്യാഖ്യാതാക്കളും 'നാണയത്തിന്റെ ഒരു വശത്തിനു' മാത്രം പ്രാധാന്യം നല്കുന്നവരാണ്. എന്നാൽ ദൈവത്തിന്റെ വിശ്വസ്തതയും മനുഷ്യന്റെ പ്രയത്നവും; ദൈവത്തിന്റെ പരമാധികാരവും മനുഷ്യന്റെ ഇച്ഛാശക്തിയും - ഇവ ര ും വചനപരവും ഒഴിവാക്കാനാവാത്തതും ആണ്.

ഇത് ഭാവികാല ശാസ്ത്രവുമായി, ദൈവത്തിന്റെ യിസ്രായേലിനോടുള്ള പഴയനിയമ വാഗ്ദത്തങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ദൈവം വാഗ്ദാനം ചെയ്തിട്ടു ങ്കിൽ അവ നിറവേറുക തന്നെ ചെയ്യും. ദൈവം തന്റെ വാഗ്ദത്തങ്ങളിൽ കടപ്പാടുള്ളവനാണ്. അതുതന്നെയാണ് തന്റെ മഹത്വവും (ഒ.നോ. പുറ.36:22-38). നിബന്ധനകൾ ഉള്ളതും ഇല്ലാത്തതുമായ ഇത്തരം ഉടമ്പടികൾ യിസ്രായേലിലല്ല, ക്രിസ്തുവിലാണ് നിറവേറ്റപ്പെടുന്നത് (ഒ.നോ. യെശ.53). അനുതപിച്ച് വിശ്വസിക്കുന്ന ഏവരുടെയും വീ ടുപ്പിലാണ് ദൈവത്തിന്റെ ആത്യന്തികമായ വിശ്വസ്തത നാം കാണുന്നത്; അവരുടെ മാതാപിതാക്കൾ ആരാകുന്നു എന്നതിലല്ല. യിസ്രായേലല്ല ക്രിസ്തുവാണ് ദൈവത്തിന്റെ എല്ലാ വാഗ്ദത്തങ്ങൾക്കും ഉടമ്പടികൾക്കും ആധേയമായിരിക്കുന്നത്. വചനത്തിൽ ദൈവശാസ്ത്രപരമായൊരു ഇടനില ഉ ങ്കിൽ അത് സഭയല്ല യിസ്രായേൽ ആണ് (ഒ.നോ. അ.പ്ര.7; ഗലാ.3).

ലോകമാകമാനമുള്ള സുവിശേഷീകരണം സഭയ്ക്കു നല്കപ്പെട്ടിരുന്നു (ഒ.നോ. മത്താ.28:19-20; ലൂക്കൊ.24:47) (ഒ.നോ. അ.പ്ര.1:8). ഇതും ഒരു നിബന്ധനയോടുകൂടിയുള്ള ഒരു ഉടമ്പടി തന്നെ. ദൈവം യിസ്രായേലിനെ പൂർണ്ണമായും നിരസിച്ചിരിക്കുന്നു എന്നല്ല ഇതിനർത്ഥം (ഒ.നോ.റോമ.9-11). വിശ്വസിക്കുന്ന യഹൂദന്മാരോടുള്ള ബന്ധത്തിൽ അന്ത്യകാലത്തെക്കുറിച്ച് ഒരു പദ്ധതിയും ലക്ഷ്യവും ദൈവത്തിനു ് (സെഖ.12:10).

**നാലാമത്തെ വ്യാഖ്യാനവെല്ലുവിളി** - കിഴക്കൻ സാഹിത്യരീതിയും പാശ്ചാത്യ രീതിയും

വചനം വ്യാഖ്യാനിക്കുന്നതിൽ വളരെ നിർണ്ണായകമായ പങ്കു വഹിക്കുന്ന ഒന്നാണ് സാഹിത്യരീതി ഏത് എന്നത്. സഭ വളർന്നു വികസിച്ചത് പൗരസ്ത്യ (യവന) സംസ്ക്കാര പശ്ചാത്തലത്തിലാണ്. കിഴക്കൻ സാഹിത്യം ആധുനിക പാശ്ചാത്യ സാംസ്ക്കാരിക സാഹിത്യ രീതിയെക്കാൾ ആലങ്കാരികവും കാല്പനികവും

ആണ്. ഇത് ജനത്തെ ആത്യന്തികമായി സ്വാധീനിക്കുന്ന ജീവിതഗന്ധിയായവയാണ്. ചരിത്രപരവും സാഹിത്യപരവുമായ രീതികളാൽ വചനത്തിലെ പ്രവചനങ്ങളെ വ്യാഖ്യാനിക്കുന്നതിൽ ക്രൈസ്തവർ പരാജയപ്പെട്ടിരിക്കുന്നു. (പഴയനിയമ പുതിയനിയമ പ്രവചനങ്ങൾ). ഓരോ തലമുറകളും സമൂഹങ്ങളും അതിന്റേതായ സാമൂഹികവും ചരിത്രപരവും സാഹിത്യപരവുമായ സാധ്യതകളാൽ വെളിപ്പാടിനെ നിർവ്വചിക്കാൻ ശ്രമിച്ചിട്ടു ്. അവ എല്ലാം തന്നെ യാഥാർത്ഥ്യത്തിലെത്തിയിട്ടില്ല. ആധുനിക പാശ്ചാത്യ ജീവിതരീതിയാണ് വചനപരമായ പ്രവചനങ്ങളുടെ ശ്രദ്ധാകേന്ദ്രം എന്നു പറയുന്നത് തികെച്ചും ബുദ്ധിസഹമല്ല!

ദൈവനിശ്വസനീയമായവ എഴുതിയ ആദ്യ എഴുത്തുകാരൻ ഏതു സാഹിത്യരൂപത്തിലാണോ എഴുതിയത് അത് തന്റെ അനുവാചകരുമായുള്ള തന്റേതായ സാഹിത്യസമീപനമാണ്. വെളിപ്പാടുപുസ്തകം ചരിത്രപരമായ ഗദ്യരേഖകൾ അല്ല. ഇത് ലേഖനം, ചരിത്രം, പ്രവചനപരം എന്നിങ്ങനെയുള്ളവയുടെ ഒരു സമാഹാരമാണ്. വചനം എഴുതിയവർ നിഷ്കർഷിക്കുന്നതിലുപരിയായോ അതിനു വളരെ താഴെയായോ നാം വചനത്തെ വ്യാഖ്യാനിക്കുന്നത് തെറ്റാണ്. വ്യാഖ്യാതാക്കളുടെ നിഷ്ഠകളും മുൻവിധികളും വെളിപ്പാടുപുസ്തകത്തെ സംബന്ധിച്ചിടത്തോളം തികെച്ചും പരിതാപകരമാണ്.

ഒരു ശരിയായ വ്യാഖ്യാനരീതിക്ക് സഭാപരമായി ഒരു ഏകീകരണം ഇതുവരെയും ഉ ായിട്ടില്ല. എന്റെ ശ്രദ്ധ വചനത്തിലെ ഏതെങ്കിലുമൊരു ഭാഗത്തേക്കല്ല, പ്രത്യുത ആകമാനമായി വചനം എന്തു പറയുന്നു, എന്ത് ഉദ്ദേശിക്കുന്നു എന്നതിലാണ്. കിഴക്കൻ മാനസ്സിക പശ്ചാത്തലത്തിലെഴുതപ്പെട്ട ബൈബിൾ, വസ്തുതകളെ ദ്വൈതങ്ങളായ തലങ്ങളിലാണ് അവതരിപ്പിക്കുന്നത്. നമ്മുടേതായ പാശ്ചാത്യപരമായ സമീപനം തെറ്റെന്നല്ല, സന്തുലനത പാലിക്കാത്തതാണ്. എന്റെ അഭിപ്രായം വെളിപ്പാടു പുസ്തകം വ്യാഖ്യാനിക്കുന്നതിലെ ചില അപാകതകൾ, വന്നുകൊ ിരിക്കുന്ന ഓരോ തലമുറകളോടുമുള്ള അതിന്റെ വ്യത്യസ്തമായ സന്ദേശങ്ങളെ മനസ്സിലാക്കി വ്യാഖ്യാനിച്ചാൽ ഒഴിവാക്കാനാകും എന്നാണ്. അന്നുകാലത്തെ സാഹിത്യരീതിയനുസരിച്ച് അന്നത്തെ പശ്ചാത്തലത്തിലായിരിക്കണം വെളിപ്പാടുപുസ്തകം വ്യാഖ്യാനിക്കേ ത് എന്നത് മിക്കവാറും എല്ലാ വ്യാഖ്യാതാക്കളും പരസ്യമായി അംഗീകരിക്കുന്ന വസ്തുതയാണ്. ഒന്നാംനൂറ്റാ ിലെ വായനക്കാർ വെളിപ്പാടുപുസ്തകം വായിച്ച് എന്തു മനസ്സിലാക്കി എന്നതാണ് ചരിത്രപരമായുള്ള വ്യാഖ്യാനരീതി. പീഡിതരായ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു വെളിപ്പാടുപുസ്തകം എഴുതുന്നതിനുള്ള പ്രധമമായ പ്രചോദനം. ഇത് ദൈവത്തിന് ചരിത്രത്തിന്മേലുള്ള നിയന്ത്രണത്തെയും (പഴയനിയമ പ്രവാചകന്മാർ ചെയ്തതുപോലെ) ചരിത്രം, നിർണ്ണയിക്കപ്പെട്ട ന്യായവിധി, അനുഗ്രഹം എന്നീ ര ു തലങ്ങളിലേക്ക് നീങ്ങിക്കൊ ിരിക്കുന്നു എന്നതിനെയും വ്യക്തമാക്കുന്നു. ഒന്നാം നൂറ്റാ ിൽ തന്നെ യഹൂദഭാവികാലപരമായ പ്രയോഗങ്ങളായ ദൈവസ്നേഹം, സാന്നിധ്യം, ശക്തി, സർവ്വാധികാരം എന്നിവയെ ഉറപ്പിച്ചിരിക്കുന്നു.

വിശ്വാസികളുടെ എല്ലാ തലമുറകളിലും ഇത് ഇതേ രീതിയിൽ തന്നെയാണ് പ്രവർത്തിക്കുന്നത്. സാർവ്വലൗകികമായ നന്മതിന്മകളുടെ സംഘട്ടനത്തെ ഇത് വ്യക്തമാക്കുന്നു. ഒന്നാം നൂറ്റാ ിന്റെ വിശദാംശങ്ങൾ നമുക്ക് നഷ്ടപ്പെട്ടിരിക്കാം എങ്കിലും ശക്തവും സ്ഥിരീകരിക്കപ്പെട്ടതുമായ സത്യങ്ങൾ അന്യപ്പെട്ടുപോയിട്ടില്ല. ആധുനിക പാശ്ചാത്യ വ്യാഖ്യാനങ്ങൾ വെളിപ്പാടു പുസ്തകത്തെ അവരുടേതായ ആനുകാലിക ചരിത്രപരമായി വ്യാഖ്യാനിക്കുമ്പോൾ വചനത്തെ തെറ്റായി വ്യാഖ്യാനിക്കുന്ന പ്രവണത ഇന്നും തുടർമാനമാക്കപ്പെടുന്നു.

വെളിപ്പാടുപുസ്തകത്തിലെ വിവരണങ്ങൾ തികെച്ചും ആക്ഷരികമായിരിക്കുവാൻ സാധ്യതയു ്. (പഴയനിയമത്തിൽ യേശുക്രിസ്തുവിന്റെ ജനനം, ജീവിതം, മരണം എന്നിവയെക്കുറിച്ച് പരാമർശിക്കുന്നതുപോലെ) കഴിഞ്ഞ നൂറ്റാ ിലെ ജനങ്ങൾ ഇപ്രകാരം ഒരു ദൈവവിരോധിയായവന്റെയും അന്നത്തെ ജീവിതരീതിയുടെയും ഒരു കടന്നാക്രമണം അനുഭവിച്ചിട്ടു ് (ഒ.നോ. 2 തെസ്സ. 2). കർത്താവായ യേശുക്രിസ്തുവിന്റെയും (ഒ.നോ. മത്താ. 24; മർക്കൊ.13; ലൂക്കൊ 21) പൗലൊസിന്റെയും (ഒ.നോ. 1കൊരി.15; 1 തെസ്സ.4,5; 2 തെസ്സ 2) വാക്കുകളിലൂടെയും അവയുടെ യഥാർത്ഥ നിവൃത്തിയിലൂടെയും അല്ലാതെ യാതൊരുവനും ഈ വേദഭാഗങ്ങളുടെ ആക്ഷരികമായ നിവർത്തി മനസ്സിലാക്കുവാൻ കഴിയുകയില്ല. ഊഹങ്ങളും നിരൂപണങ്ങളും എല്ലാം ഇവിടെ അസ്ഥാനത്താകുന്നു. ഭാവികാലസാഹിത്യം ഇത്തരത്തിലുള്ള 'ഇലാസ്തികത' അനുവദിക്കുന്നു. ഇത്തരത്തിൽ ചരിത്രപരിധി ലംഘിച്ചുപോകുന്ന ചിഹ്നങ്ങൾക്കായും ഉപമാനങ്ങൾക്കുമായി നമുക്ക് ദൈവത്തെ സ്തുതിക്കാം. ദൈവം സകലത്തെയും നിയന്ത്രിക്കുന്നു! അവിടുന്ന് ഭരിക്കുന്നു, അവിടുന്ന് വരുന്നു.

അത്യാധുനിക വ്യാഖ്യാനങ്ങൾ സാഹിത്യരൂപത്തെ പരിഗണിക്കുന്നില്ല. യഹൂദപശ്ചാത്തലത്തിലുള്ള അവ്യക്തവും ആലങ്കാരികവും നാടകീയവുമായ ഭാവികാല സാഹിത്യത്തിന്റെ പരിധിയിൽ നില്ക്കാത്ത വ്യക്തവും യുക്തിസഹവുമായ ഒരു രീതിയാണ് ആധുനിക പാശ്ചാത്യ വ്യാഖ്യാതാക്കൾ സ്വീകരിക്കുന്നത്. I. Howard Marshall എഡിറ്റ് ചെയ്ത *'ന്യൂ ടെസ്റ്റമെന്റ് ഇന്റർപ്രട്ടേഷൻ' (New Testament Interpretation)* എന്ന പുസ്തകത്തിലെ റാൽഫ് പി. മാർട്ടിന്റെ 'അപ്പ്രോച്ചസ് റ്റു ന്യൂ ടെസ്റ്റമെന്റ് എക്സജിസിസ്' (Approaches to New Testament Exegesis),എന്ന ലേഖനത്തിൽ,

''ഇത്തരം എഴുത്തുകളിലെ നാടകീയ മനോഭാവം നാം മനസ്സിലാക്കിയില്ലെങ്കിൽ മതപരമായ സത്യങ്ങൾ വ്യക്തമാക്കുവാനുള്ള മാർഗ്ഗമായിട്ടാണ് ഇത്തരം സാഹിത്യരൂപം ഉപയോഗിച്ചിരിക്കുന്നത് എന്ന സത്യം ഗ്രഹിച്ചില്ലെങ്കിൽ ഭാവികാലപരമായ കാര്യങ്ങളിൽ നമുക്ക് കാര്യമായ തെറ്റിദ്ധാരണകൾ ഉ ാകുകയും വസ്തുതകൾ വ്യക്തമാക്കിപ്പറഞ്ഞുപോകുന്ന മറ്റേതൊരു സാഹിത്യരൂപമെന്നതുപോലെ

ഇതിലെ ദർശ്ശനങ്ങളെ ആക്ഷരികമായി വ്യാഖ്യാനിക്കുവാനും സാധ്യതയു ്. അങ്ങനെയാകുന്ന പക്ഷം വ്യാഖ്യാനപരമായ എല്ലാ പ്രശ്നങ്ങളിലും അകപ്പെട്ടുപോകും. മാത്രമല്ല, കുറച്ചുകൂടെ ഗൗരവമായി പറഞ്ഞാൽ, ഭാവികാലപരമായ വസ്തുതകളെ ഇത് വികലമാക്കുകയും പുതിയനിയമത്തിലെ കാതലായ ഈ ഭാഗത്തിന് - ക്രിസ്തുവിൽ ദൈവത്തിന്റെ പരമാധികാരത്തിനും, ശക്തവും സ്നേഹത്തിലടിസ്ഥാനപ്പെട്ടതുമായ തന്റെ ഭരണത്തിനും - ഐതിഹ്യച്ഛുവ നല്കകയും ചെയ്യുന്നു. (ഒ.നോ. 5:5,6; *The lion is the lamb. P.* 235)

W. Randolph Tate in his book *Biblical Interpretations* (*'ബിബ്ലിക്കൽ ഇന്റർപ്രട്ടേഷൻസ്')* എന്ന പുസ്തകത്തിൽ റാൻഡോൾഫ് ടേറ്റ് ഇങ്ങനെ പറഞ്ഞിരിക്കുന്നു:

''വളരെ ഭക്ത്യാദരപൂർവ്വം വായിക്കുകയും വികലമായ നിഗമനങ്ങളിൽ എത്തിച്ചേരുകയും ചെയ്യുന്ന സാഹിത്യരൂപമാണ് ബൈബിളിൽ ദാനിയേൽ പ്രവചത്തിലും വെളിപ്പാടുപുസ്തകത്തിലും കാണുന്ന ഭാവികാല സാഹിത്യരൂപം. ലക്ഷ്യം, ഘടന, സാഹിത്യരൂപം എന്നിവയെക്കുറിച്ച് ചരിത്രത്തിൽ നിലനിന്നുകൊ ിരിക്കുന്ന അടിസ്ഥാനപരമായ തെറ്റിദ്ധാരണകൾ മൂലം ഇതിലെ സാഹിത്യരൂപത്തിന് വളരെയധികം ചോദ്യംചെയ്യലുകൾ അഭിമുഖീകരിക്കേ ിവന്നിട്ടു ്. വേഗത്തിൽ സംഭവിപ്പാനുള്ളതാണെന്ന് അവകാശപ്പെട്ടിരിക്കുന്നതിനാൽ ഭാവികാലപദ്ധതിയുടെ ഒരു രേഖാരൂപമായി വെളിപ്പാടുപുസ്തകത്തെ പരിഗണിക്കുന്നു. ഇവിടെ സംഭവിക്കുന്ന തിന്മ എന്നത്, വായനക്കാരൻ തന്റെ ഭാവികാലവുമായിട്ടാണ് ഈ പുസ്തകത്തെ വിലയിരുത്തുന്നത്; എഴുത്തുകാരന്റെ ഭാവികാലപരമായ പശ്ചാത്തലത്തിലല്ല. പ്രത്യേകിച്ച് വെളിപ്പാടുപുസ്തകം പോലുള്ളവയുടെ കാര്യത്തിൽ, ഇത് തെറ്റിദ്ധാരണയ്ക്ക് ഇടയാക്കുകയും, ഉദ്ദേശിക്കുന്ന വ്യക്തിക്ക് മാത്രം മനസ്സിലാകുന്ന വിധത്തിൽ എഴുതപ്പെട്ട ഒരു പുസ്തകം എന്നിതിനെ കണക്കാക്കി, ആനുകാലിക സംഭവങ്ങളെ ഇതിലെ ചിഹ്നങ്ങൾ ഉപയോഗിച്ച് വ്യാഖ്യാനിക്കാവുന്നതാണെന്ന ധ്വനി നല്കുകയും ചെയ്യുന്നു. ...ഒന്നാമതായി, ഭാവികാല എഴുത്തുകാരൻ ഇതിലെ ചിഹ്നങ്ങൾ ഉപയോഗിച്ചാണ് തന്റെ ആശയങ്ങൾ വ്യക്തമാക്കിയിരിക്കുന്നതെന്ന് നാം മനസ്സിലാക്കിയിരിക്കണം. ചിഹ്നങ്ങൾ ആലങ്കാരികമായിരിക്കവെ അവയെ ആക്ഷരികമായി വ്യാഖ്യാനിക്കുന്നത് ദുർവ്യാഖ്യാനമാണ്. ഇവിടത്തെ വിഷയം ഭാവികാല രേഖകളിലെ സംഭവങ്ങൾ ചരിത്രപരമായവയാണോ എന്നതല്ല. അവ ചരിത്രപരമായിരിക്കാം, സംഭവിച്ചതോ സംഭവിക്കാവുന്നതോ ആയിരിക്കാം. എന്നാൽ ശ്രദ്ധേയമായ കാര്യം എന്നത് എഴുത്തുകാരൻ ചില സംഭവങ്ങൾ വിവരിക്കുകയും അതിലെ നിഴലുകളിലൂടെയും ചിഹ്നങ്ങളിലൂടെയും ചില ആശയങ്ങൾ കൈമാറുകയും ചെയ്യുന്നു (പേ.137).

Ryken, Wilhost and Longman എഡിറ്റ് ചെയ്ത ''*Dictionary of Biblical Imagery''* എന്ന പുസ്തകത്തിൽ നിന്നും

''ഇന്നത്തെ വായനക്കാരൻ ഈ സാഹിത്യരൂപം കാരണം വിഷമസ്ഥിതിയിലാകുകയും നിരാശയനുഭവിക്കയും ചെയ്യുന്നു. ഉടനീളം അവിചാരിതമായി കാണപ്പെടുന്ന അലങ്കാരങ്ങളും ഭൂമിക്ക് അതീതമായ പശ്ചാത്തലങ്ങളിലെ സംഭവങ്ങളും അവനെ ഭ്രമിപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരം എഴുത്തിനെ മുഖവിലയ്ക്കെടുക്കുന്നതിനാൽ പല വായനക്കാരും 'ഇനി എന്തു സംഭവിക്കും? എപ്പോൾ സംഭവിക്കും?' എന്നു കെ ത്തുന്നതിൽ മാത്രം മുറുകെപ്പിടിക്കുവാൻ ശ്രമിക്കുന്നതിനാൽ ഇത്തരം എഴുത്തുകളുടെ പ്രധാന ലക്ഷ്യം അന്യമാക്കപ്പെടുന്നു (പേ.35).

**അഞ്ചാമത്തെ വ്യാഖ്യാനവെല്ലുവിളി**:- (ദൈവരാജ്യം ആനുകാലികമാണ്. എന്നാൽ ഭാവിപരവുമാണ്.)

ദൈവരാജ്യം ആനുകാലികം എന്നു പറയുമ്പോൾത്തന്നെ ഭാവികാലപരമാണ്. ദൈവശാസ്ത്രപരമായ ഈ വിരോധാഭാസം ഭാവികാലശാസ്ത്രത്തിൽ വളരെയധികമു ്.! പഴയനിയമ പ്രവചനങ്ങൾ യിസ്രായേലിനോടുള്ള ബന്ധത്തിൽ ആക്ഷരികമായി നിറവേറുമെന്ന് ഒരുവൻ ചിന്തിക്കുന്നപക്ഷം, ദൈവരാജ്യമെന്നത് പ്രധാനമായും ഭൗമികവും ദൈവശാസ്ത്രപ്രധാനതയുമുള്ള യിസ്രായേലിന്റെ യഥാസ്ഥാപനത്തെ കാണിക്കുന്നു. അങ്ങനെയാകുന്ന പക്ഷം 3-ാം അദ്ധ്യായത്തിൽ സഭ രഹസ്യമായി എടുക്കപ്പെടുകയും മറ്റെല്ലാം യിസ്രായേലിനെ പരാമർശ്ശിക്കുന്നവയുമാണ്.

പഴയനിയമത്തിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന മശിഹയോടൊപ്പമാണ് രാജ്യം ഉത്ഭവിക്കുന്നപക്ഷം, അത് ക്രിസ്തുവിന്റെ ഒന്നാം വരവിൽ സ്ഥാപിക്കപ്പെടുകയും അങ്ങനെയെങ്കിൽ അവിടുത്തെ ജനനം, ജീവിതം, പഠിപ്പിക്കൽ, മരണം, പുനരുത്ഥാനം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. രാജ്യം സ്ഥാപിച്ചുകഴിഞ്ഞു. പഴയനിയമം, ക്രിസ്തു രക്ഷാവാഗ്ദാനം ഏവർക്കും നല്കിയതിലൂടെ, നിറവേറിക്കഴിഞ്ഞു. ചിലർക്കായുള്ള തന്റെ ആയിരമാ ് വാഴ്ചയിലൂടെ അല്ല!

ക്രിസ്തുവിന്റെ ര ് വരവുകൾക്ക് വചനം പ്രാധാന്യം നല്കുന്നുെ ങ്കിലും എവിടെയാണ് ഊന്നൽ നല്കേ ത്? എന്റെ നിഗമനത്തിൽ പ്രവചനങ്ങൾ അധികപങ്കും ഒന്നാം വരവിനാണ് പ്രാധാന്യം നല്കിയിരിക്കുന്നത്. അതു തന്നെയായിരിക്കണം മശിഹാരാജ്യത്തിന്റെ ആരംഭവും (ഒ.നോ. ദാനി.2). പലതരത്തിലും ദൈവത്തിന്റെ നിത്യരാജത്വവുമായി ഇതിനു സാമ്യമു ് (ഒ.നോ. ദാനി.7). പഴയനിയമത്തിൽ പ്രാധാന്യം കൊടുത്തിരിക്കുന്നത് ദൈവത്തിന്റെ നിത്യമായ വാഴ്ചയ്ക്കാണ്. അതിന്റെ ഒരു പ്രതിഫലനത്തിന്റെ കാഴ്ചയാണ് നാം ക്രിസ്തുവിന്റെ ശുശ്രൂഷയിൽ കാണുന്നത് (ഒ.നോ. 1 കൊരി. 15:26,27). ഇതിൽ ഏതാണ് ശരിയെന്നതല്ല ഇവിടത്തെ വിഷയം; ര ും ശരി തന്നെ; എന്നാൽ ഏതിനാണ് ഊന്നൽ നല്കിയിരിക്കുന്നത്? ചില വ്യാഖ്യാതാക്കൾ മശിഹായുടെ ആയിരമാ ് വാഴ്ചയ്ക്കാണ് അമിത പ്രാധാന്യം നല്കിയിരിക്കുന്നത്

എന്നു പറയാതെ വയ്യ (ഒ.നോ വെളി.20). അങ്ങനെ പറയുമ്പോൾ പിതാവിന്റെ നിത്യരാജത്വം അവർ വിസ്മരിക്കുന്നു. ക്രിസ്തുവിന്റെ വാഴ്ച അതിനു മുന്നോടിയായ ഒന്നു മാത്രമാണ്. പഴയനിയമത്തിൽ ക്രിസ്തുവിന്റെ ര ു വരവുകളും അത്രക ് വ്യക്തമല്ലാത്തതുപോലെ ക്രിസ്തുവിന്റെ നിത്യമായ വാഴ്ച വ്യക്തമാക്കിയിട്ടില്ല.

യോഹന്നാന്റെ പ്രസംഗത്തിന്റെയും പഠിപ്പിക്കലുകളുടെയും താക്കോൽ ദൈവരാജ്യമായിരുന്നു. അത് ഒരേസമയം വന്നെത്തിയതും (രക്ഷയുടെയും സേവനത്തിന്റെയും കാര്യത്തിൽ) അതേസമയം ഭാവികാലവുമായിരുന്നു (വ്യാപനത്തിന്റെയും ശക്തിയുടെയും കാര്യത്തിൽ). വെളിപ്പാടുപുസ്തകം ക്രിസ്തുവിന്റെ സഹസ്രാബ്ദവാഴ്ചയ്ക്ക് പ്രാധാന്യം നല്കുന്നപക്ഷം (ഒ.നോ. അദ്ധ്യാ.20) അത് പ്രാഥമികമാണ് ആത്യന്തികമല്ല (ഒ.നോ. വെളി. 21–22). പഴയനിയമത്തിൽ നിന്നും, നിത്യമായ ഒരു വാഴ്ച സംഭവിച്ചേ മതിയാകൂ എന്ന് പറയുവാൻ കഴിയുകയില്ല; യഥാർത്ഥത്തിൽ ദാനിയേൽ 7-ലെ മശിഹാഭരണം നിത്യമാണ്; സഹസ്രാബ്ദപരമല്ല.

**ആറാമത്തെ വ്യാഖ്യാനവെല്ലുവിളി –** (ക്രിസ്തുവിന്റെ പെട്ടെന്നുള്ള വരവും ക്രിസ്തുവിന്റെ വരവ് ഉടനെ സംഭവിക്കാത്തതും)

പെട്ടെന്ന് അവിചാരിതമായി ക്രിസ്തു വരുന്നു എന്നാണ് മിക്കവാറും ക്രിസ്ത്യാനികൾ എല്ലാം പഠിച്ചിരിക്കുന്നത് (ഒ.നോ. മത്താ.10:23; 24:27,34,44; മർക്കൊ.9:1; 13:30). അങ്ങനെ നോക്കുമ്പോൾ ഇതുവരെയും കാത്തിരുന്ന എല്ലാ തലമുറക്കാർക്കും തെറ്റുപറ്റിപ്പോയി. യേശുക്രിസ്തുവിന്റെ വേഗത്തിലുള്ള വരവ് എല്ലാ തലമുറയിലുള്ളവർക്കുമുള്ള ഒരു പൊതുവായ വാഗ്ദാനമായിരിക്കുമ്പോഴും അത് പ്രാവർത്തികമായിരിക്കുന്നത് കഷ്ടതയിലൂടെ കടന്നുപോകുന്ന ഒരുവനു മാത്രമാണ്. വിശ്വാസികൾ, ഒരുപക്ഷേ നാളെ ക്രിസ്തുവിന്റെ വരവു ാകും എന്ന പ്രതീക്ഷയിൽ ജീവിക്കുന്നവരായിരിക്കണം. താമസിക്കുന്ന പക്ഷം അന്ത്യനിയോഗം പൂർത്തീകരിക്കുന്ന പ്രവൃത്തിയിൽ വ്യാപൃതനാകണം (ഒ.നോ. മത്താ.28:19–20).

സുവിശേഷത്തിലെ പല ഭാഗങ്ങളും (ഒ.നോ. മത്താ.13:10; ലൂക്കൊ 17:2; 18:8) തെസ്സലോനിക്യലേഖനങ്ങളും യേശുക്രിസ്തുവിന്റെ വരവ് താമസിക്കുന്നു എന്ന ആശയത്തിലാണ് കാണുന്നത്. അതിനു മുമ്പ് മറ്റു ചില കാര്യങ്ങൾ സംഭവിക്കേ തു ്.

1. ലോകസുവിശേഷീകരണം (ഒ.നോ. മത്താ.24:15; മർക്കൊ.13:10)
2. 'അധർമ്മ മൂർത്തിയുടെ' പ്രത്യക്ഷത (ഒ.നോ. മത്താ.24:15; 2തെസ്സ. 2; വെളി.13)
3. മഹാപീഡനം (ഒ.നോ. മത്താ. 24:21,24–54; വെളി.13)

ഇപ്രകാരം കാണുന്ന അനിശ്ചിതത്വത്തിന് അതിന്റേതായ പ്രാധാന്യമു ് (ഒ.നോ. മത്താ. 24:42–51;. മർക്കൊ13:32–36)! ഓരോ ദിവസവും അത് അവസാനത്തെ ദിവസമെന്നു കരുതി ഭാവിപരമായ ശുശ്രൂഷകൾ വിഭാവന ചെയ്യുക.

**യോഗ്യമായ സമീപനം**

ഭാവികാലപരമായ യാതൊരു വ്യാഖ്യാനങ്ങളും അർദ്ധസത്യമാണ് പറയുന്നതെന്നു പറയാതെ വയ്യ. ചില വേദഭാഗങ്ങൾ അവർ നന്നായി വ്യാഖ്യാനിക്കുമ്പോൾ തന്നെ മറ്റു വേദഭാഗങ്ങളോടുള്ള ബന്ധത്തിൽ ഒരു സമാന്തരസമീപനം പാലിക്കുന്നില്ല. പലപ്പോഴും പല തരത്തിലുള്ള മുൻധാരണകൾ കാരണം വചനത്തെ വ്യാഖ്യാനിക്കുന്നതിൽ വികലത ഉ ാകുന്നു. ഒരിക്കലും വചനത്തിൽ യുക്തിസഹവും കാലഘട്ടപരമായുള്ള ക്രമീകൃത ഭാവികാല വിശദീകരണം കാണുന്നില്ല. ഇതൊരു കുടുംബപരമായ 'ആൽബം' പോലെയാണ്; ചിത്രങ്ങൾ സത്യസന്ധപരവുമായവയാണ്. എന്നാൽ പലപ്പോഴും പശ്ചാത്തലപരമായോ യുക്തിപരമായോ ക്രമീകൃതമല്ല. ചില ചിത്രങ്ങൾ 'ആൽബത്തിൽ' നിന്നും വീണുപോയിരിക്കുന്നതിനാൽ പിൻതലമുറക്കാർക്ക് അത് എവിടെ തിരികെ വയ്ക്കണമെന്നതറിയില്ല. തനിക്ക് സ്വായത്തമായിരിക്കുന്ന ശൈലിയിലൂടെ എഴുത്തുകാരൻ എന്താണ് വ്യക്തമാക്കുന്നത് എന്നറിയുന്നതാണ് വെളിപ്പാടുപുസ്തക വ്യാഖ്യാനത്തിലെ കാതലായ വശം. പല വ്യാഖ്യാതാക്കളും മറ്റു വേദഭാഗങ്ങൾ വ്യാഖ്യാനിക്കുന്ന മാതൃകയിൽ അതേ ശൈലിയിലാണ് വെളിപ്പാടുപുസ്തകവും വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നത്. യേശുക്രിസ്തുവിന്റെയും പൗലൊസിന്റെയും ഭാവികാലപരമായ പഠിപ്പിക്കലുകളിൽ അടിസ്ഥാനപ്പെട്ട ഒരു രൂപരേഖയ്ക്ക് തുനിയാതെ, വെളിപ്പാടു പുസ്തകത്തെ പഴയനിയമത്തിലടിസ്ഥാനപ്പെടുത്തിയ ഒരു വിവരണമായിട്ടാണവർ കാണുന്നത്.

ഞാൻ ഈ പുസ്തകത്തെ അല്പം ഭയത്തോടും ശങ്കയോടും കൂടെയാണ് സമീപിക്കുന്നത്. കാരണം അതിൽ പറഞ്ഞിരിക്കുന്ന ഭയാനകമായ താക്കീതു കാരണമല്ല (ഒ.നോ. 22:18–19) പിന്നെയോ ഈ പുസ്തകത്തിനെ പരാമർശിച്ചുള്ള വ്യാഖ്യാനങ്ങളുടെ പരസ്പരവൈരുദ്ധ്യവും ഇന്നും ദൈവജനത്തിനിടയിൽ നടന്നുകൊ ിരിക്കുന്ന വിരോധങ്ങളും കാരണമാണ്. ഞാൻ വചനത്തെ മാനിക്കുന്നു. എല്ലാവരും അസത്യം പറയുന്നു എന്നത് ശരിയായിരിക്കാം (ഒ.നോ. റോമ.3:4), അതുകൊ ് ഈ വ്യാഖ്യാനത്തെ ആധികാരികമായിട്ടെടുക്കാതെ ഒരു ഉദ്ദീപനോപാധിയായും ഒരു റോഡിന്റെ രൂപരേഖ എന്നല്ല ഒരു വഴികാട്ടിയായും ''യഹോവയായ ദൈവം ഇപ്രകാരം അരുളിച്ചെയ്യുന്നു'' എന്നതിലുപരി ''എങ്കിൽ എന്ത്'' എന്ന രീതിയിലും പരിഗണിക്കുക.

എനിക്ക് എന്റെ തന്നെ അപര്യാപ്തതകൾ, മുൻവിധികൾ, ദൈവശാസ്ത്രപരമായ ലക്ഷ്യങ്ങൾ എന്നിവയെ അഭിമുഖീകരിക്കേ ി വന്നിട്ടു ്. ഇതുതന്നെയാണ് മറ്റു വ്യാഖ്യാതാക്കളിലും ഞാൻ കാണുന്നത്.

അതായത് പലരും വെളിപ്പാടുപുസ്തകത്തിൽ കാണുന്നത് അവർ എന്തു കാണുവാൻ ആഗ്രഹിക്കുന്നുവോ അതുതന്നെയാണ്. അതിലെ സാഹിത്യഭാഷ ഇക്കാര്യത്തെ കൂടുതൽ വഷളാക്കുന്നു. എന്നിരുന്നാലും ഇത്തരം ഭാഷയ്ക്ക് അതിന്റേതായ ഉദ്ദേശ്യം വചനത്തിലു ്. ഈ പുസ്തകം അവസാനത്തേതായിത്തീർന്നിരിക്കുന്നത് അവിചാരിതമായിട്ടല്ല. ദൈവത്തിന് തന്റെ മക്കളോടു പറയുവാൻ ഏതുകാലത്തും ഒരു സന്ദേശമു ്. അത് നാം തിരിച്ചറിയണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നമുക്ക് കൈകൾ കോർക്കാം, കൂടാരങ്ങൾ പണിയാതെ; വ്യക്തവും സുതാര്യവുമായവ സ്ഥിരീകരിക്കാം; 'സാധ്യതകൾക്ക്' പ്രാധാന്യം കൊടുക്കാതെ. ദൈവം നമ്മെ എല്ലാറ്റിലും സഹായിക്കട്ടെ!

താഴെ കാണുന്ന സ്ഥലം വെളിപ്പാടുപുസ്തക വ്യാഖ്യാനത്തിൽ താങ്കളുടെ തന്നെ നിഗമനങ്ങൾ കുറിക്കുവാൻ ഉപയോഗിക്കുക. നാമെല്ലാവരും നമ്മുടേതായ ധാരണകൾ ഈ പുസ്തക വ്യാഖ്യാനത്തിൽ കൊ ുവരാറു ്. അത്തരത്തിലുള്ളവയെ ക ത്തുന്നതിനാൽ അവയെ അതിജീവിക്കുവാൻ ഇടയാകുന്നു എന്നു മാത്രമല്ല, വ്യാഖ്യാനം ഉത്തമമാകുകയും ചെയ്യുന്നു.

1.

2.

3.

4.

# വെളിപ്പാടുപുസ്തകത്തിനൊരു മുഖവുര

I. **പ്രാരംഭ പ്രസ്താവനകൾ**

A. എന്റെ ആദ്യകാല പഠനജീവിതത്തിൽ, വചനം വിശ്വസിക്കുന്ന എല്ലാവരും, വചനത്തെ ആധികാരികമായി വ്യാഖ്യാനിക്കുകയാണ് ചെയ്യുന്നത് എന്നാണ് മനസ്സിലാക്കിയിരുന്നത്. (ഇത് ചരിത്രപരമായ എഴുത്തുകളെ സംബന്ധിച്ചിടത്തോളം വളരെ ശരിയാണ്.) എന്നാൽ പ്രവചനം, പദ്യം, ഉപമകൾ, ഭാവികാലപരസാഹിത്യങ്ങൾ എന്നിവ ചരിത്രപരമായ എഴുത്തുകളെ വ്യാഖ്യാനിക്കുന്ന രീതിയിൽ വ്യാഖ്യാനിച്ചാൽ, ആ എഴുത്തുകളുടെ ദൈവനിശ്വസനീയമായ ആശയം അന്യമായിപ്പോകുമെന്ന് ക്രമേണ എനിക്ക് ബോധ്യമായിത്തുടങ്ങി. സാഹിത്യഭാഷ എന്തെന്നതല്ല, എഴുത്തുകാരൻ എന്താണ് ആശയമാക്കുന്നതെന്നതാണ് ശരിയായ വചനവ്യാഖ്യാനത്തിന്റെ താക്കോൽ. ദൈവനിശ്വസനീയമായ വചനം ആദ്യമായി രേഖപ്പെടുത്തിയവർ എന്താണോ അർത്ഥമാക്കിയത് (പ്രത്യേകിച്ച് ഉപദേശപരമായ കാര്യങ്ങൾ) അത് അധികവത്ക്കരിക്കാനോ ആശയലോപനം വരുത്തുവാനോ ശ്രമിക്കുന്നത് അപകടകരമാണ്. താൻ തിരഞ്ഞെടുത്തിരിക്കുന്ന സാഹിത്യരൂപത്തിലൂടെ അന്നത്തെ ചരിത്രപശ്ചാത്തലത്തിൽ എഴുത്തുകാരൻ എന്താണ് ഉദ്ദേശിക്കുന്നത് എന്നതാണ് നാം അിറയേ ത്. സാഹിത്യരൂപമെന്നു പറയുന്നത് എഴുത്തുകാരനെയും വായനക്കാരനെയും ബന്ധിപ്പിക്കുന്ന ഒരു ചരടുമാത്രമാണ്. ഇക്കാര്യം മനസ്സിലാക്കിയില്ല എങ്കിൽ തെറ്റായ വ്യാഖ്യാനത്തിലെക്കു നാം നീങ്ങിയെന്നുവരാം.

സാരസത്തയുള്ള പുസ്തകം തന്നെയാണ് വെളിപ്പാടുപുസ്തകം എങ്കിലും അത് ചരിത്രപരമായ എഴുത്തല്ലാത്തതിനാൽ അതിനെ ആക്ഷരികമായിട്ട് എടുക്കാൻ പാടില്ല. അതിലെ സാഹിത്യരീതി മാത്രം നോക്കുവാൻ മനസ്സുവച്ചാൽ ഈ തത്വം മനസ്സിലാക്കുവാൻ കഴിയും. അതിനർത്ഥം, അത് ദൈവനിശ്വസനീയമല്ല എന്നോ അവ പരമാർത്ഥമായ വസ്തുതകളല്ല എന്നോ അല്ല, പ്രത്യുത ആലങ്കാരികവും കല്പിതവും എന്നാണ്. ഒന്നാം നൂറ്റാ ിലെ വിശ്വാസികൾ ഇത്തരം സാഹിത്യരീതിയിൽ നിപുണരായിരുന്നു: നാം അങ്ങനെയല്ല. ആധുനികമായി ഇതിനു സമാന്തരമായി ചിന്തിക്കാവുന്ന ക്രിസ്തീയ എഴുത്തുകൾ *'ലോർഡ് ഓഫ് ദ റിംഗ്സ്' (Lord of the Rings)*, *'ദ ക്രോണിക്കിൾസ് ഓഫ് നാർണിയ' (Chronicles of Narnia)* മുതലായവയാണ്.

B. യഹൂദത്തനിമയുള്ള ഭാവികാല പരമായ ആലങ്കാരിക പുസ്തകമാണ് വെളിപ്പാടുപുസ്തകം. പ്രശ്നസങ്കീർണ്ണമായ അവസരങ്ങളിൽ, ദൈവത്തിന് ചരിത്രത്തിലുള്ള പരമാധികാരത്തെ ഓർമ്മപ്പെടുത്തി, അവിടുത്തേക്ക് തന്റെ ജനത്തെ രക്ഷിക്കുവാൻ കഴിയും എന്നു ബോധവാന്മാരാക്കുവാൻ ഇത് ഉപയോഗിക്കപ്പെടുന്നു. ഇത്തരം സാഹിത്യരീതികൾക്കുള്ള പ്രത്യേകതകൾ

1. സാർവ്വലൗകികമായ ദൈവത്തിന്റെ പരമാധികാരത്തെക്കുറിച്ചുള്ള ശക്തമായ ഉൾക്കാഴ്ച (ഏകദൈവവിശ്വാസം).
2. നന്മയുടെയും തിന്മയുടെയും പരസ്പര സംഘട്ടനം, തിന്മയുടെ ഈ ലോകവും നന്മയുടെ വരുവാനുള്ള ലോകവും (ദ്വൈതവിശ്വാസം).
3. രഹസ്യമായ കോഡ് വാക്കുകൾ ഉപയോഗിക്കുന്നു. (പ്രത്യേകിച്ച് പഴയ നിയമത്തിൽ നിന്നും, പഴയ പുതിയ നിയമങ്ങൾക്കിടയിലുള്ള കാലഘട്ടത്തിലെഴുതപ്പെട്ട യഹൂദന്മാരുകട ഭാവികാലസാഹിത്യത്തിൽ നിന്നും).
4. നിറങ്ങൾ, അക്കങ്ങൾ, മൃഗങ്ങൾ, ചിലപ്പോൾ മൃഗങ്ങളും മനുഷ്യരും ഉപയോഗിക്കപ്പെടുന്നു.
5. ദർശനങ്ങളിലൂടെയും സ്വപ്നങ്ങളിലൂടെയുമുള്ള ദൂതധ്യാനം, പലപ്പോഴും ദൂതന്മാരിലൂടെയുള്ള ധ്യാനവും വ്യാഖ്യാനവും.
6. പ്രാധമികമായി, പെട്ടെന്നു സംഭവിക്കുന്ന അന്ത്യകാല സംഭവങ്ങൾക്ക് പ്രാധാന്യം നല്കുന്നു.
7. അന്ത്യകാലസന്ദേശം നമ്മോടറിയിക്കുവാൻ ദൈവം ഒരു കൂട്ടം നിശ്ചയിക്കപ്പെട്ട ചിഹ്നങ്ങളെ, യാഥാർത്ഥ്യമായവയല്ല, ഉപയോഗിക്കുന്നു.
8. ഇത്തരം സാഹിത്യരീതിയുടെ ചില ഉദാഹരണങ്ങൾ.

   a. പഴയനിയമം
      (1) യെശ.24–27; 56–66
      (2) യെഹെ.37–48
      (3) ദാനി.7–12
      (4) യോവേ.2:28–3:21
      (5) സെഖ.1–6; 12–14

   b. പുതിയനിയമം
      1. മത്താ.24; മർക്കൊ.13; ലൂക്കൊ.21; 1 കൊരി.15 (പരിമിതമായ അർത്ഥത്തിൽ)
      2. 2തെസ്സ. 2 (അധികഭാഗവും)
      3. വെളി.4–22

c. ദാനി.7-12; വെളി.4-22 എന്നീ ഭാഗങ്ങളാണ് ഉത്തമ ഉദാഹരണങ്ങൾ.

9. കാനോനികമല്ലാത്തവ (taken from DS Russell, *the method and Message of Jewish Apocalyptic*, pp.3738)
   a. ഹാനോക്കിന്റെ പുസ്തകങ്ങൾ ഒന്നും ര ും(the secrets of Enoch)
   b. ജൂബിലിയുടെ പുസ്തകങ്ങൾ
   c. ദ സിബിലൈൻ ഒരാക്കിൾസ് III, IV, V
   d. പന്ത്ര ് പൂർവ്വപിതാക്കന്മാരുടെ നിയമം
   e. സോളമന്റെ സങ്കീർത്തനം
   f. മോശെയുടെ ആരോഹണം
   g. യെശയ്യാവിന്റെ രക്തസാക്ഷിത്വം
   h. മോശെയുടെ വെളിപ്പാട് (ആദാമിന്റെയും ഹവ്വയുടെയും ജീവിതം)
   i. അബ്രഹാമിന്റെ വെളിപ്പാട്
   j. അബ്രഹാമിന്റെ നിയമം
   k. സെക്കന്റ് എക്സ്ട്രാസ് (കഢ ഋറൃമെ)
   l. 1 & 2 ബാരൂക്ക്
10. ഇത്തരം സാഹിത്യരീതിയിൽ പരിഗണിക്കാവുന്ന ദ്വൈതപരമായവയു ്. യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന തരത്തിലുള്ള താരതമ്യം, വ്യത്യസ്തതകൾ എന്നിവ പരിഗണിച്ചുള്ളവയാണിവ.
    a. സ്വർഗ്ഗവും ഭൂമിയും
    b. നന്മയുടെ ലോകം (തിന്മ നിറഞ്ഞ മനുഷ്യരും തിന്മ നിറഞ്ഞ ദൂതന്മാരും) - നീതിയുടെ പുതുലോകം (ഭക്തരായ മനുഷ്യരും വിശുദ്ധ ദൂതന്മാരും)
    c. ഇന്നത്തെ നിലനില്പ് - നാളത്തെ നിലനില്പ്പ്

    ദൈവം സ്ഥാപിക്കുവാൻ പോകുന്ന ഒരു പരിസമാപ്തിയിലേക്കാണിവയൊക്കെയും വിരൽ ചൂ ുന്നത്. ഇന്നു നാം കാണുന്ന ഈ ലോകമായിരുന്നില്ല ദൈവം വിഭാവന ചെയ്തിരുന്നത്. താൻ ഏദെനിൽ തുടങ്ങിവച്ച, മനുഷ്യനുമായിട്ടുള്ള തീവ്രമായുള്ള കൂട്ടായ്മ പുന:സ്ഥാപിക്കുവാനുള്ള തന്റെ ഹിതം നിറവേറ്റുന്ന, തന്റെ പ്രവൃത്തിയിൽ ഇന്നു താൻ വ്യാപൃതനായിരിക്കുന്നു. ക്രിസ്തുവാകുന്നു ഇതിന്റെ കേന്ദ്രവിഷയം; എന്നാൽ തന്റെ ര ു വരവുകളാണ് ഇത്തരത്തിലുള്ള ദ്വിമാനതകൾക്കു കാരണമാകുന്നത്.

C. ഭാവികാല വസ്തുതകൾ ഒരിക്കലും വാച്യമായി ലഭിച്ചവയായിരുന്നില്ല. അവ വളരെ ഉന്നതമായ നിലവാരത്തിൽ ചിട്ടവട്ടപ്പെടുത്തിയ സാഹിത്യരൂപമാണ്. ശരിയായ വ്യാഖ്യാനത്തിന് പുസ്തകത്തിന്റെ ഘടന വളരെ നിർണ്ണായകമാണല്ലോ. ഇപ്രകാരം ചിട്ടവട്ടപ്പെടുത്തിയ വെളിപ്പാടുപുസ്തകത്തിലെ ഘടന പരസ്പരം സമാനസ്വഭാവമുള്ള ഏഴുകളുടെ യൂണിറ്റുകളാണ്. ഉദാ:- ഏഴു മുദ്രകൾ, ഏഴു കലശങ്ങൾ, ഏഴു കാഹളങ്ങൾ. ഓരോ ചാക്രിക ന്യായവിധികളും മുന്നോട്ടു പോകുന്തോറും അതിന്റെ തീവ്രത കൂടുന്നതു കാണാം. മുദ്രയുടെ ന്യായവിധി നാലിലൊന്നു നാശമു ാക്കുമ്പോൾ കാഹളത്തിന്റെ ന്യായവിധി മൂന്നിലൊന്നു നാശമു ാക്കുന്നു. കലശത്തിന്റെ ന്യായവിധിയാകട്ടെ, പൂർണ്ണമായ നാശമു ാക്കുന്നു. ഓരോ ഘട്ടത്തിലും ക്രിസ്തുവിന്റെ ര ാം വരവോ ഭാവികാലസംഭവങ്ങളിൽ ചിലതോ നിറവേറുന്നു ്. (1)ആറാം മുദ്ര (ഒ.നോ 6:12-17); (2) ഏഴാം കാഹളം (ഒ.നോ 11:15-18), അവസാന കാലത്തിലെ ദൂതന്മാരുടെ ന്യായവിധി (ഒ.നോ 14:14-20) (3) ഏഴാം കലശം (ഒ.നോ 16:17-21) വീ ും 19:11-21 പിന്നെയും 22:6-16. വെളിപ്പാടുപുസ്തകം കാലക്രമത്തിൽ ക്രമീകരിച്ചിരിക്കുന്ന ഒരു പുസ്തകമല്ല എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. പല അംഗങ്ങളിലൂടെ പുരോഗനാത്മകമായി മുന്നോട്ടുപോകുന്ന പഴയനിയമത്തിലെ ന്യായവിധിയുടെ ചിത്രം വിശകലനം ചെയ്യുന്ന ഒരു നാടകം പോലെയാണിത്. (cf. *James Blevins, Revelation as Drama* and "*The Genre of Revelation" in Review and Expositor*, sep. 1980, pp.393- 408)

വെളിപ്പാടുപുസ്തകത്തിൽ ഒരു മുഖവുരയും ഏഴു സാഹിത്യഭാഗങ്ങളും ഒരു ഉപസംഹാരവുമു ്.

1. മുഖവുര (1:1-8)
2. അദ്ധ്യായം 1-3 (ക്രിസ്തുവും ഏഴു സഭകളും) (ഒ.നോ. 1:9-3:18) അദ്ധ്യായം
3. അദ്ധ്യായം 4-8:1 (സ്വർഗ്ഗവും ഏഴു മുദ്രകളും)
4. അദ്ധ്യായം 8:2-11 (ഏഴു ദൂതന്മാരും കാഹളങ്ങളും)
5. അദ്ധ്യായം 12-14 (ര ു സമൂഹങ്ങളും അവരുടെ നേതാക്കളും)
6. അദ്ധ്യായം 15-16 (ഏഴു ദൂതന്മാരും കലശങ്ങളും)
7. അദ്ധ്യായം 17-19 (ബാബിലോണിന്റെ ന്യായവിധി)

8. അദ്ധ്യായം 20–22 (ന്യായവിധിയും പുതിയ വാനഭാമിയും)
9. അദ്ധ്യായം 22:6–21 (ഉപസംഹാരം)

'മോർ ദാൻ കോൺകറേഴ്സ്' എന്ന പുസ്തകത്തിൽ വില്യം ഹെൻറിക്സൻ (William Hendriksen's *More Than Conquerors*) പറഞ്ഞിരിക്കുന്ന രൂപരേഖ:

1. അദ്ധ്യായം 1–3 (ക്രിസ്തു ഏഴു നിലവിളക്കുകളുടെ നടുവിൽ)
2. അദ്ധ്യായം 14–7 (ഏഴു മുദ്രകളുടെ പുസ്തകം)
3. അദ്ധ്യായം 8–11 (ഏഴു കാഹളങ്ങളുടെ ന്യായവിധി)
4. അദ്ധ്യായം 12–14 സ്ത്രീയും ആൺകുഞ്ഞും (മഹാസർപ്പത്താലും തന്റെ സഹായികളാലും പീഡിപ്പിക്കപ്പെടുന്നു - മൃഗവും വേശ്യാസ്ത്രീയും)
5. അദ്ധ്യായം 15–16 (ന്യായവിധിയുടെ ഏഴു കലശങ്ങൾ)
6. അദ്ധ്യായം 17–19 (മൃഗത്തിന്റെയും വേശ്യാസ്ത്രീയുടെയും വീഴ്ച)
7. അദ്ധ്യായം 120–22 (സർപ്പത്തിൻമേലുള്ള ന്യായവിധി) (അതിനു ശേഷം പുതുവാനഭൂമി) (New Heaven and Earth, New Jerusalem), p.28

'മോർ ദാൻ കോൺകറേഴ്സ്' എന്ന പുസ്തകത്തിൽ വില്യം ഹെൻറിക്സൻ (William Hendriksen's *More Than Conquerors*) പറയുന്നത് വെളിപ്പാടുപുസ്തകത്തിൽ ഏഴു ഭാഗങ്ങൾ ഉ ന്നാണ്. 1–3, 4–7, 8–11, 12–14, 15–16, 17–19, 20–22. ഈ ഓരോ ഭാഗങ്ങളും സമാന്തരസ്വഭാവമുള്ളവയും ക്രിസ്തുവിന്റെ ഒന്നാമത്തെയും ര ാമത്തെയും വരവുകൾക്കിടയിലുള്ള കാലഘട്ടത്തെ ആകമാനം ഉൾക്കൊള്ളുന്നവയുമാണ്. ന്യായവിധി, ര ാം വരവ് എന്നിവ സംബന്ധമായ കാര്യങ്ങളോടുകൂടെയാണ് ഓരോന്നും അവസാനിക്കുന്നത് (p.22-31).

മുദ്രകൾ, കാഹളങ്ങൾ, കലശങ്ങൾ എന്നിങ്ങനെയുള്ളവ തമ്മിലുള്ള സമാന്തര സ്വഭാവം ഞാൻ അംഗീകരിക്കുന്നതുപോലെ തന്നെ അദ്ധ്യായങ്ങൾ 17 മുതൽ 19 വരെയുള്ളത് 20 മുതൽ 22 വരെയുള്ളവയ്ക്ക് സമാന്തരമാണ്. (ഒ.നോ. 19:11–21 ര ാം വരവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതുപോലെ 22:6–16 മറ്റൊരു ര ാം വരവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. 7-കളുടെ മൂന്നു ന്യായവിധികളെ സംബന്ധിച്ചിടത്തോളം എപ്പോഴാണ് മഹത്വ പ്രത്യക്ഷത സംഭവിക്കുന്നതെന്ന് എനിക്ക് വ്യക്തമാകുന്നില്ല; പ്രത്യേകിച്ച് 1 മുതൽ 3 വരെയുള്ള അദ്ധ്യായങ്ങളെ സംബന്ധിച്ചിടത്തോളം, എല്ലാ ഘട്ടങ്ങളുടെ പര്യവസാനത്തിൽ ഒരു ന്യായവിധിയും (*Parousia)* ര ാം വരവും കാണുന്നു ് (ഒ.നോ. 2:5,7,11,16–17,25,26; 3:5; 10:12,18–21). ഇത്തരത്തിലുള്ള 7 കളുടെ ന്യായവിധികൾ വെളിപ്പാടുപുസ്തകത്തിലെ സമാന്തരസ്വഭാവം പഠിക്കുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്നു.

D. ഏഴു സഭകൾ, ഏഴു മുദ്രകൾ, ഏഴു കാഹളങ്ങൾ, ഏഴു കലശങ്ങൾ എന്നിങ്ങനെ 'ഏഴുകൾ' ഈ പുസ്തകത്തിന്റെ ഘടനയിൽ അധികം സ്വാധീനമുള്ള ഒന്നാണെന്നത് വളരെ വ്യക്തമാണ്. 7-കളുടെ മറ്റ് ഉദാഹരണങ്ങൾ

1. 7 അനുഗ്രഹങ്ങൾ 1:3; 14:13; 16:15; 19:9; 20:6; 22:7,14
2. 7 വിളക്കുകൾ 1:12
3. ദൈവത്തിന്റെ 7 ആത്മാക്കൾ 1:4; 3:1; 4:5; 5:6
4. 7 നക്ഷത്രങ്ങൾ 1:16,20; 2:1
5. എരിയുന്ന 7 വിളക്കുകൾ 4:5
6. ചുരുളിലെ 7 മുദ്രകൾ 5:1
7. 7 കൊമ്പുകൾ, കുഞ്ഞാടിന്റെ 7 കണ്ണുകൾ 5:6
8. യേശുവിനെ മഹത്വപ്പെടുത്തുവാനുള്ള 7 കാരണങ്ങൾ 5:12
9. പ്രകൃതിയിലെ 7 അടയാളങ്ങൾ 6:12–14
10. ഏഴുതരം ആളുകൾ 6:15
11. ദൈവത്തെ മഹത്വപ്പെടുത്തുവാൻ കാരണമായ ദൈവത്തിന്റെ 7 ഗുണങ്ങൾ 7:12
12. ദൈവമുമ്പാകെയുള്ള 7 ദൂതന്മാർ 8:2,6
13. ഏഴു കാഹളങ്ങൾ ഏന്തിയ ഏഴു ദൂതന്മാർ 8:6 (15:1,6,7,8; 17:1; 21:9)
14. ഏഴു അടയാളങ്ങൾ 12:1,3,13:13; 14; 15:1; 16:14; 19:20
15. 7 തലകൾ, സർപ്പത്തിന്റെ 7 തലകൾ 12:3
16. സമുദ്രത്തിൽ നിന്നും വന്ന മൃഗത്തിന്റെ 7 തലകൾ 13:1; 17:3,8
17. 7 ദൂതന്മാർ 14:6–20
18. 7 ബാധകൾ 15:1; 21:9
19. 7 മലകൾ 17:9
20. 7 രാജാക്കന്മാർ 17:10
21. 21, 22 അദ്ധ്യായങ്ങളിൽ കടന്നുവരാത്ത 7 കാര്യങ്ങൾ (2:1, 4 നാലു പ്രാവശ്യം) 21:25; 22:3)

E. ഈ പുസ്തക വ്യാഖ്യാനം ദൈവശാസ്ത്ര പരമായ മുൻവിധികൾക്ക് വളരെ സാധ്യതയുള്ളതാണ്. മുൻവിധിയിൽ വ്യാഖ്യാനിക്കുന്നത്, വളരെ വലിയ ആപത്തിലേക്കു നമ്മെ നയിക്കും. ഇപ്രകാരമുള്ള ദൈവശാസ്ത്രപരമായ മുൻവിധികൾ പല തലത്തിലാണ് കാണപ്പെടുന്നത്.

1. അടയാളങ്ങളുടെ ആവിർഭാവം
   a. പഴയനിയമ സൂചനകൾ
      (1) പഴയനിയമത്തിലെ സൃഷ്ടി, വീഴ്ച, പ്രളയം, പുറപ്പാട്, യഥാസ്ഥാനത്താക്കപ്പെട്ട യെരുശലേം.
      (2) പ്രവാചകന്മാരിൽ നിന്നുള്ള നൂറു നൂറു സൂചനകൾ (നേരിട്ടുള്ള ഉദ്ധരണികൾ അല്ല.)
   b. പഴയ പുതിയ നിയമങ്ങൾക്കിടയിലുള്ള യഹൂദ സാഹിത്യങ്ങൾ (ക ഹാനോക്ക്, കക ബാരൂക്ക്, സിബിലൈൻ ഒരാക്കിൾസ്, കക എസ്ട്രാസ്)
   c. ഒന്നാം നൂറ്റാ ിലെ യവന-റോമൻ ലോകം.
   d. പൗരസ്ത്യ സൃഷ്ടി കഥകൾ (വെളി.12)
2. ഈ പുസ്തകത്തിലെ കാലഘട്ടം
   a. ഒന്നാം നൂറ്റാ ്
   b. എല്ലാ നൂറ്റാ ുകളും
   c. അന്ത്യ (തലമുറ) കാലം
3. ക്രമീകൃതമായ ദൈവശാസ്ത്രപരമായ പഠനം
   a. പ്രെട്ടറിസ്റ്റ്
   b. ചരിത്രപരം
   c. ഭാവികാലപരം
   d. ഐഡിയലിസ്റ്റ്
4. 20-ാം അദ്ധ്യായത്തിന്റെ ദൈവശാസ്ത്രപരമായ നിലപാട്
   a. സഹസ്രാബ്ദ നിഷേധ വാദം
   b. സഹസ്രാബ്ദ പൂർവ്വ വാദം
   c. സഹസ്രാബ്ദ വാദം
   d. യുഗപര സഹസ്രാബ്ദ പൂർവ്വവാദം

ഇത്തരത്തിലുള്ള വ്യാഖ്യാനപരമായ വ്യത്യാസങ്ങൾ ഉ ായിരിക്കുമ്പോൾ നമ്മുടെ വ്യാഖ്യാനം എപ്രകാരം മുന്നോട്ടുപോകണം?

1. ആധുനിക പാശ്ചാത്യ ക്രിസ്ത്യാനികൾക്ക് ഈ സാഹിത്യരൂപം അത്ര മനസ്സിലായിട്ടില്ല എന്നും ഒന്നാം നൂറ്റാ ിലെ ക്രിസ്ത്യാനികൾക്ക് പെട്ടെന്നു തന്നെ മനസ്സിലായിട്ടുള്ള ചരിത്രപരമായ സൂചനകൾ അതുപോലെ മനസ്സിലായിട്ടില്ല എന്നും നാം സമ്മതിക്കണം.
2. എല്ലാ യുഗങ്ങളിലും ക്രൈസ്തവർ വെളിപ്പാടുപുസ്തകത്തെ തങ്ങളുടെ ചരിത്രപശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുകയും അവയെല്ലാം തന്നെ തെറ്റായിത്തീരുകയും ചെയ്തിട്ടു ്.
3. ദൈവശാസ്ത്രപരമായ പഠിപ്പിക്കലുകൾ നാം പഠിക്കുന്നതിനു മുമ്പ് തന്നെ വചനം പഠിക്കുവാൻ ശ്രമിക്കാം. ഓരോ പ്രഖ്യാപന വാചകങ്ങളിലെയും അടിസ്ഥാനസത്യവും ഓരോ ദർശ്ശനത്തിന്റെയും സന്ദേശങ്ങളുടെയും സാഹിത്യപരമായ പശ്ചാത്തലം നിരീക്ഷിക്കുക. എല്ലാറ്റിന്റെയും അടിസ്ഥാനസത്യം ഏതു തലമുറയിലെയും വിശ്വാസികൾക്ക് ഒരുപോലെ ബാധകമായിരിക്കുമ്പോൾ ചില പ്രത്യേക പ്രയോഗങ്ങളും വിശദീകരണങ്ങളും ഒന്നാം നൂറ്റാ ിലെയോ അന്ത്യ നൂറ്റാ ിലെയോ വിശ്വാസികൾക്ക് പ്രത്യേകിച്ചു നല്കിയിട്ടുള്ളതുമാകാം. ഈ വിവരണങ്ങൾ പ്രധാനപ്പെട്ടവയായിരിക്കാം. എന്നാൽ അവ ദൈവശാസ്ത്രമല്ല, ചരിത്രമാണ് അതിന്റെ ലക്ഷ്യം വ്യക്തമാകുന്നത്.
4. അവിശ്വാസികൾ കാരണം വിശ്വാസികൾ അനുഭവിക്കുന്ന പീഡനങ്ങളുടെ മധ്യത്തിൽ വിശ്വസ്തരായി അവർ നിലനില്ക്കുന്നതിനു നല്കിയിരിക്കുന്ന ആശ്വാസത്തിന്റെയും പ്രോത്സാഹനത്തിന്റെയും വാക്കുകളാണ് പ്രാഥമികമായും ഇത് എന്നു നാം അറിഞ്ഞിരിക്കണം. ഭാവികാലസംഭവങ്ങൾ വിശദമാക്കി പട്ടിക തയാറാക്കു നല്കുകയോ, ഭാവിയിൽ എന്തു സംഭവിക്കും എന്ന മനുഷ്യന്റെ ജിജ്ഞാസ അടക്കുക എന്നതോ അല്ല ഈ പുസ്തകത്തിന്റെ ലക്ഷ്യം.
5. ദൈവരാജ്യത്തോടുള്ള ബന്ധത്തിൽ വീണുപോയ മനുഷ്യസമൂഹം ഒരു പോരാട്ടത്തിലാണ്. ലോകം ജയിച്ചു എന്ന് ആദ്യം തോന്നിപ്പോകാമെങ്കിലും (കാൽവറിയിലെന്നപോലെ), ക്ഷമിക്കുക; ദൈവം പരമാധികാരിയാണ്. താൻ ഇന്നും ചരിത്രത്തെ നിയന്ത്രിച്ചുകൊ ിരിക്കുന്നു - ജീവിതത്തെയും മരണത്തെയും. തന്റെ ജനം ഇന്നും തന്നിൽ വിജയികൾ തന്നെ.

F. വ്യാഖ്യാനിക്കുവാൻ പ്രയാസമാണെങ്കിലും ഏതു യുഗങ്ങളിലെയും ജനങ്ങളോടു സംസാരിക്കുവാൻ ഒരു സന്ദേശമുള്ള ദൈവനിശ്വസനീയമായൊരു പുസ്തകമാണിത്. ഈ പുസ്തകം പഠിക്കുവാൻ കൂടുതൽ ശ്രദ്ധ ആവശ്യമാണെന്നുള്ളതു സത്യമാണ്. ഈ പുസ്തകത്തിന് പുതിയനിയമത്തിൽ ലഭിച്ചിരിക്കുന്ന സ്ഥാനം ഇതിന്റെ സന്ദേശത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. 'ദ എക്സ്പോസിറ്റേഴ്സ് ബൈബിൾ കമന്ററി' വാല്യം 12-ൽ അലൻ ജോൺസൻ ഇങ്ങനെ പറയുന്നു, 'സുവിശേഷങ്ങൾ മാറ്റിവച്ചാൽ ക്രിസ്തീയ ഉപദേശത്തിന്റെയും ശിക്ഷണത്തിന്റെയും കാര്യത്തിൽ വേദപുസ്തകത്തിൽ മറ്റൊരിടത്തും കാണാത്ത വസ്തുതകളാണ് വെളിപ്പാടു പുസ്തകത്തിലുള്ളത് എന്നത് വാസ്തവമാണ്. ക്രിസ്തു കേന്ദ്രീകൃതമല്ലാത്ത പ്രവചനം എന്നതിൽ മാത്രം ശ്രദ്ധിക്കപ്പെടുന്ന ഒരുതരം മതഭ്രാന്ത് വിവിധങ്ങളായ വ്യാഖ്യാനരീതികൾ എന്നിവ നമ്മെ ഈ ഉദാത്തമായ പുസ്തകത്തിലെ ക്രിസ്തീയ സത്യങ്ങളിൽ നിന്നും നമ്മെ പിന്തിരിപ്പിക്കുന്നു'. (p. 399).

ശ്രദ്ധിക്കുക, ഇവയാണ് തന്റെ സഭയ്ക്കു വേ ിയുള്ള യേശുക്രിസ്തുവിന്റെ അവസാന വാക്കുകൾ. ആധുനികസഭ യാതൊരു ഭയവും കൂടാതെ അവയെ കുറച്ചുകാണുന്നു, അല്ലെങ്കിൽ അവഗണിക്കുന്നു. പീഡനങ്ങളിലും പ്രതിസന്ധികളിലും നിലനില്ക്കുവാൻ വിശ്വാസികളെ, ദൈവത്തിന്റെ പരമാധികാരത്തിന്റെ വെളിച്ചത്തിൽ പ്രാപ്തരാക്കുപ്രാപ്തരാക്കുക എന്നതിനുവേ ിയാണ്. അതിനാൽത്തന്നെ തിന്മയുടെ നിലനില്പ്പ്, മനുഷ്യന്റെ വീഴ്ചയുടെ അനന്തരഫലങ്ങൾ, മനുഷ്യനെ വീെ ടുക്കുമെന്നുള്ള ദൈവത്തിന്റെ വാഗ്ദത്തം. (ഉപാധികൾ ഇല്ലാത്ത ഉടമ്പടി എന്നിവയും പരാമർശിക്കപ്പെട്ടിരിക്കുന്നു. (ഒ.നോ. പുറ 3:15, 12:1-3; പുറ.19:5-6; യോഹ.3:16; 2 കൊരി.5:21)

## II. ഗ്രന്ഥകർതൃത്വം

A. അപ്പൊസ്തലനായ യോഹന്നാൻ എഴുതി എന്നതിനുള്ള ആന്തരിക തെളിവുകൾ.

1. എഴുത്തുകാരൻ താൻ യോഹന്നാൻ എന്നു നാലു പ്രാവശ്യം പറഞ്ഞിട്ടു ്. (ഒ.നോ. 1:1, 4, 9; 22:8).
2. കൂടാതെ താൻ തന്നെക്കുറിച്ചു പറയുന്ന പ്രയോഗങ്ങൾ
   a. ദാസൻ (ഒ.നോ. 1:1; 22:6)
   b. നമ്മുടെ സഹോദരനും കഷ്ടങ്ങളിൽ പങ്കാളിയും (ഒ.നോ. 1:9)
   c. ഒരു പ്രവാചകൻ (22:9) തന്റെ പുസ്തകത്തെ പ്രവചനം എന്നു പറഞ്ഞിരിക്കുന്നു (ഒ.നോ. 1:3; 22:7,10,18,19)
3. അദ്ദേഹം പഴയ നിയമവും ("LXX' ഉപയോഗിക്കുന്നില്ല. എന്നാൽ 'തർഗും' ഉപയോഗിക്കുന്നു ്). സമാഗമന കൂടാരവും സിനഗോഗിന്റെ പ്രമീകരണങ്ങളും അറിയുന്നവനാണ്.

B. ആദിമ ക്രൈസ്തവ എഴുത്തുകാർ അപ്പൊസ്തലനായ യോഹന്നാൻ എഴുതി എന്നു കരുതുന്നതിനുള്ള പുറമെ നിന്നുള്ള തെളിവുകൾ.

1. സെബെദിയുടെ പുത്രനായ യോഹന്നാൻ അപ്പൊസ്തലൻ.
   a. ജസ്റ്റിൻ മാർട്ടിയർ (റോം) 110 - 165 *Dialogue with Trypho* 81.4
   b. ഐറേനിയസ് (*Lyons* എ.ഡി.120 - 202) *Against Heresies* IV. (ഒ.നോ. 14:2; 17:6; 21:3; V.16:1; 28:2; 30:3; 34:6; 35:2)
   c. തെർത്തുല്യൻ (നോർത്ത് ആഫ്രിക്ക എ.ഡി.145 -220) *Against Praxeas* 27
   d. ഒറിഗൻ (അലക്സാൻഡ്രിയ, A.D. 181 - 252)
      (1) ഓൺ ദ സോൾ L:8:1
      (2) എഗൈൻസ്റ്റ് മാർഷിയൻ II:5
      (3) എഗൈൻസ്റ്റ് ഹെരസീസ് III:14,25
      (4) എഗൈൻസ്റ്റ് സെൽസസ് VI:6,32; VIII:17
   e. മുറാറ്റോറിയൻ കാനോൻ (Rome. എ.ഡി.180-200)
2. മറ്റു വ്യക്തികൾ
   a. John Mark (ജോൺ മാർക്ക്)-അപ്പൊസ്തലനായ യോഹന്നാന്റെ കർതൃത്വം നിഷേധിക്കുകയും അതേ സമയം അത് കാനോനികമാണെന്ന് അംഗീകരിക്കുകയും ചെയ്ത അലക്സാൻഡ്രിയയിലെ ബിഷപ്പായിരുന്ന (എ.ഡി.2 47-264) ഡയോനിസിസ്

ആണ് ഇത് ആദ്യമായി സൂചിപ്പിച്ചിരിക്കുന്നത്. താൻ ഇങ്ങനെ നിരസിക്കുവാനുള്ള കാരണം ഈ ലേഖനത്തിലെ വാക്കുകൾ, ശൈലി എന്നിവയും യോഹന്നാന്റെ മറ്റു, ലേഖനങ്ങളുടെ ഉടമസ്ഥത തെളിയിക്കാനാകാത്ത, ലേഖനങ്ങളുമാണ്. ഇക്കാര്യം കൈസര്യയിലെ യുസിബിയാസിനെ ബോധ്യപ്പെടുത്തുവാൻ തനിക്കു കഴിഞ്ഞിരുന്നു.

b. John the elder (മൂപ്പനായ യോഹന്നാൻ) : യൂസിബിയസിനെ പരാമർശിച്ച് പാപ്പിയസിന്റെ ഉദ്ധരണിയിലാണിത് കാണുന്നത്. (*Eccl. His.* 3.39.1–7). പാപ്പിയസിന്റെ ഉദ്ധരണിയിൽ യോഹന്നാൻ അപ്പൊസ്തലനെയായിരിക്കാം ഉദ്ദേശിക്കുന്നത്; മറ്റാരെയുമായിരിക്കില്ല.

c. John the Baptist (സ്നാപക യോഹന്നാൻ) – ആംഗർ ബൈബിൾ കമന്ററിയിൽ ജെ. മാസിൻഗ് ബെർഡ് ആണ് ഇത് പറഞ്ഞിരിക്കുന്നത്. ഇതിനു കാരണം യോഹന്നാൻ സ്നാപകൻ യേശുവിനെ ''കുഞ്ഞാട്'' എന്നു ചിത്രീകരിച്ചിട്ടുള്ളതാണ്. ഈ നാമധേയം വീ ും പ്രത്യക്ഷപ്പെടുന്നത് വെളിപ്പാടു പുസ്തകത്തിൽ മാത്രമാണല്ലോ.

C. ഒറിഗന്റെ ശിഷ്യനും അലക്സാൻഡ്രിയയിലെ ബിഷപ്പുമായിരുന്ന ഡയോനിസിയസ് (എ.ഡി. 247–264) ആയിരുന്നു ആദ്യമായി യോഹന്നാൻ അപ്പൊസ്തലൻ ലേഖകൻ ആയിരിക്കാനിടയില്ല എന്ന സംശയം ഉന്നയിച്ചത്. (അദ്ദേഹത്തിന്റെ ഈ പുസ്തകം നഷ്ടപ്പെട്ടു പോയ ഒന്നാണെങ്കിലും അതുമായി യോജിച്ചിരുന്ന കൈസര്യയിലെ യൂസീബിയസ് അദ്ദേഹത്തിൽ നിന്നും ഉദ്ധരിച്ചിട്ടു ്.) കാരണങ്ങൾ;

1. യോഹന്നാൻ അപ്പൊസ്തലൻ തന്റെ സുവിശേഷത്തിലും ലേഖനങ്ങളിലും താൻ ''യോഹന്നാൻ'' ആണെന്നു വെളിപ്പെടുത്തുന്നില്ല; എന്നാൽ വെളിപ്പാടു പുസ്തകത്തിൽ താൻ യോഹന്നാൻ ആണെന്നു ലേഖകൻ വ്യക്തമാക്കുന്നു ്.
2. വെളിപ്പാടു പുസ്തകത്തിന്റെ ഘടന യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ നിന്നും ലേഖനങ്ങളിൽ നിന്നും വിഭിന്നമാണ്.
3. വെളിപ്പാടു പുസ്തകത്തിലെ വാക്കുകൾ യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ നിന്നും ലേഖനങ്ങളിൽ നിന്നും വിഭിന്നമാണ്.
4. വെളിപ്പാടു പുസ്തകത്തിലെ വ്യാകരണശൈലി യോഹന്നാന്റെ സുവിശേഷത്തെയും ലേഖനങ്ങളെയും അപേക്ഷിച്ച് വളരെ നിലവാരം കുറഞ്ഞതാണ്.

D. ആധുനികകാലത്ത് വളരെ ശക്തമായി യോഹന്നാന്റെ കർതൃത്വം ചോദ്യം ചെയ്യപ്പെട്ടത് R.H. ചാൾസിന്റെ 'സെന്റ് ജോൺ' -ലൂടെയായിരിക്കാം (vol. I. p.xxxixff).

E. പരമ്പരാഗതമായി പല പുതിയ നിയമ ലേഖനങ്ങളുടെയും കർത്താക്കൾ എന്നു വിശ്വസിക്കപ്പെടുന്നവയെല്ലാം ആധുനിക പണ്ഡിതന്മാർ ചോദ്യം ചെയ്യുന്നു ്. വെളിപ്പാടു പുസ്തകത്തെ സംബന്ധിച്ചിടത്തോളം ഇതിനുള്ള ഉത്തമ ഉദാഹരണമെന്നത് യോഹന്നാന്റെ എഴുത്തുകളിൽ പണ്ഡിതനായ (കത്തോലിക്ക) റൈമൗ ്. ഇ. ബ്രൗൺ ആണ്. ആംഗർ ബൈബിൾ കമന്ററിയുടെ പ്രഥമ വാല്യത്തിൽ താനിങ്ങനെ പറഞ്ഞിരിക്കുന്നു, 'എഴുതിയത് യോഹന്നാൻ എന്ന യഹൂദനായ ക്രിസ്തീയ പ്രവാചകൻ ആകുന്നു. സെബെദിയുടെ മകനായ യോഹന്നാനോ സുവിശേഷങ്ങളും ലേഖനങ്ങളുംെ എഴുതിയ യോഹന്നാനോ അല്ല. (p. 774).

F. പല കാരണങ്ങളാൽ എഴുത്തുകാരനെക്കുറിച്ച് സ്ഥിരീകരണമില്ല. യോഹന്നാന്റെ മറ്റ് എഴുത്തുകളുമായി വ്യക്തമായ ഐകരൂപ്യവും വളരെ ശക്തമായ പൊരുത്തക്കേടുകളും കാണുന്നു ്. ഈ പുസ്തകത്തെ മനസ്സിലാക്കുവാൻ ഇതിന്റെ മാനുഷികമായ എഴുത്തുകാരനെക്കുറിച്ച് അറിയുന്നതിനെക്കാൾ സ്വർഗ്ഗീയമായ ഇടപെടൽ അറിയുന്നതാണുത്തമം. എഴുത്തുകാരൻ ഒരു ദൈവനിശ്വസനീയ പ്രവാചകനാണെന്ന് താൻ തന്നെ വിശ്വസിക്കുന്നത് (1:3; 22:7,10,18,19)

## III. രചനാകാലഘട്ടം

A. ഇതു തീർച്ചയായും, എഴുത്തുകാരൻ ആര് വ്യാഖ്യാനപരമായ രീതി ഏത്, എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. (ഒ.നോ. ചരിത്രപരമായ സിദ്ധാന്തങ്ങൾ)

B. ചില സാധ്യതയുള്ള തിയറികൾ

1. പരമ്പരാഗതമായ വിശ്വാസം എന്നത് ഡൊമിഷ്യന്റെ ഭരണകാലമാണ്.(എ.ഡി.81–96). കാരണം ലേഖനത്തിനകത്തു കാണുന്ന പീഡന ചിത്രങ്ങൾ ആ കാലഘട്ടവുമായിട്ടാണ് ചേരുന്നത്.

   a. ഐറേനിയസ് (യൂസിബിയസ് ഉദ്ധരിച്ചിട്ടു ്) 'ഇൻ എഗൈൻസ്റ്റ് ഹെരെസീസ്' 5.30.3. ''ഇത് (ഈ പീഡനം) ഒരിക്കലും മുമ്പ് ഉ ായിട്ടുള്ളതല്ല; ഏതാ ് നമ്മുടെ തലമുറയിൽ, ഡൊമിഷ്യന്റെ ഭരണത്തോടു ബന്ധപ്പെട്ട് നമുക്ക് കാണുവാൻ കഴിയും.''

b. അലക്സാൻഡ്രിയയിലെ ക്ലെമന്റ്
c. അലക്സാൻഡ്രിയയിലെ ഒറിഗൻ
d. കൈസര്യയിലെ യൂസീബിയസ് (Church History. iii. 23.1)
e. വിക്ടോറിയസ് (apocalypse ദ.11)
f. ജെറോം

2. മൂന്നാം നൂറ്റാ ിലെ എഴുത്തുകാരനായ എപ്പിഫാനസ് (in Haer, 51.12, 32) ക്ലൗദിയൊസിന്റെ ഭരണകാലത്ത് (എ.ഡി. 41-54)പത്മൊസിൽ നിന്നും മോചിതനായ യോഹന്നാൻ എഴുതി എന്നു പറഞ്ഞിരിക്കുന്നു.
3. മറ്റു ചിലർ ഇത് നീറോയുടെ കാലഘട്ടത്തിലായിരിക്കാമെന്ന് കരുതുന്നു (എ.ഡി.54-68). കാരണം

a. ചക്രവർത്തിയാരാധന ഉ ായിരുന്ന കാലത്തെ പീഡനവുമായി ഇത് യോജിക്കുന്നു എന്നത് വളരെ വ്യക്തമാണ്.
b. ചക്രവർത്തി 'നീറോ'യുടെ എബ്രായഭാഷയിലെ സംഖ്യാവില മൃഗത്തിന്റെ സംഖ്യയായ 666 ആണ്.
c. വെളിപ്പാടു പുസ്തകം 70 എ.ഡി.യിലെ യെരുശലേം പതനത്തെ കുറിക്കുന്നു എന്ന പ്രട്ടറിസ്റ്റ്കാരുടെ വാദം ശരിയാകുന്ന പക്ഷം ഈ പുസ്തകം എ.ഡി.70-നു മുമ്പ് എഴുതിയിരിക്കണം.

## IV. സ്വീകർത്താക്കൾ

A. 1:4-ൽ നിന്നും ഏഷ്യാമൈനറിലെ 7 സഭകൾക്കാണ് ഈ ലേഖനം എഴുതപ്പെട്ടത് എന്നു മനസ്സിലാക്കാം. ഈ സഭകൾക്ക് ലേഖനം കൊ ുപോയി കൊടുത്തയാൾ പോയ സ്ഥലങ്ങളുടെ ക്രമമനുസരിച്ചാണ് സഭകളുടെ പേരുകൾ പറഞ്ഞിരിക്കുന്നത്.

B. വീഴ്ച സംഭവിച്ച ഈ ലോക വ്യവസ്ഥയിൽ ജീവിക്കുന്ന വിശ്വാസികളായ ഏതൊരുവനും അനുഭവിക്കുന്ന പീഡനങ്ങളിൽ വെളിപ്പാടു പുസ്തകത്തിന്റെ സന്ദേശം അവാച്യമായ രീതിയിൽ ഗുണകരമായിരിക്കുന്നു.

C. പുതിയ നിയമ കാനോനിക പുസ്തകങ്ങളുടെ ഉപസംഹാരം എന്ന നിലയിൽ എല്ലാ യുഗങ്ങളിലുമുള്ള എല്ലാ വിശ്വാസികൾക്കും ഉള്ളതാണ് ഈ പുസ്തകത്തിന്റെ സന്ദേശം.

## V. പശ്ചാത്തലം

A. യഹൂദമതത്തിന് രാഷ്ട്രം കൊടുത്തിരുന്ന നിയമപരമായ സംരക്ഷണത്തിൽ നിന്നും ക്രിസ്തീയ സഭകൾ പുറത്താക്കപ്പെട്ടതു കാരണമായ പീഡനമാണ് ഇതിന്റെ പശ്ചാത്തലം. സഭകൾ യഹൂദമതത്തിൽ നിന്നന്യമായിപ്പോകുനാള്ള കാരണം എ.ഡി.70-ൽ ജാംനിയ-യിലെ യഹൂദ റബ്ബികൾ പ്രാദേശിക സിനഗോഗുകളോട് നസറായനായ യേശു ശപിക്കപ്പെട്ടവനാണെന്ന് ഒരു പ്രതിജ്ഞയെടുക്കുവാൻ ആവശ്യപ്പെട്ടതായിരുന്നു.

B. നീറോയുടെയും (എ.ഡി.54-68) ഡൊമിഷ്യന്റെയും (എ.ഡി.81-96) കാലഘട്ടങ്ങളിലുടനീളം ചക്രവർത്തിയെ ആരാധിക്കുന്ന പ്രവണത സഭയെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നങ്ങൾക്കിടയാക്കിയിരുന്നു എന്ന് റോമൻ വൃത്താന്തങ്ങൾ ചൂ ിക്കാണിക്കുന്നു. എന്നിരുന്നാലും വ്യാപകമായി നടന്ന ഔദ്യോഗികമായ ഒരു പീഡനത്തെക്കുറിച്ച് യാതൊരു ഔദ്യോഗികമായ രേഖകളും ഇല്ല. റോമൻ സാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവിശ്യകളെ ബാധിച്ചിരുന്ന ചക്രവർത്തിയെ ആരാധിക്കുന്ന രീതി ഈ പുസ്തകത്തിൽ പ്രതിഫലിച്ചിരിക്കുന്നു എന്നു പറയാം. (cf "Biblical Archeology Review "May/June 1993 p.29-37).

## VI. വ്യാകരണപരമായ വസ്തുതകൾ

A. ഗ്രീക്ക് പാഠത്തിൽ അനേകം വ്യാകരണപരമായ പ്രശ്നങ്ങൾ കാണപ്പെടുന്നു.

B. ഇതിനു കാരണമായ ചില സാധ്യതകൾ
   1. അരാമ്യ പശ്ചാത്തലത്തിലുള്ള യോഹന്നാന്റെ ചിന്താരീതി.
   2. തനിക്കു വേ ി എഴുതുവാൻ പത്മൊസിൽ ഒരു എഴുത്തുകാരൻ തനിക്കു ായിരുന്നില്ല.
   3. താൻ ക ു വിസ്മയിച്ച ദർശ്ശനങ്ങൾ തന്നിലുളവാക്കിയ ആഘാതം.
   4. താൻ ലക്ഷ്യമിട്ട അത്ഭുത പരതന്ത്രത ജനഹൃദയത്തിലെത്തിക്കുവാൻ അത് ആവശ്യമായിരുന്നു.
   5. സാഹിത്യ രീതി (ഭാവികാല സംബന്ധമായ) അവാച്യമാകുംവിധം ആലങ്കാരികമാണ്.

C. വ്യാകരണപരമായ ഇത്തരം പ്രത്യേകതകൾ മറ്റ് യഹൂദന്മാരുടെ ഭാവികാലപരമായ എഴുത്തുകളിലും കാണപ്പെടുന്നു ്. അങ്ങനെയെങ്കിൽ വെളിപ്പാടുപുസ്തകം വ്യാകരണപരമായി നിലവാരമില്ലാത്ത ഒരു പുസ്തകമെന്നല്ല, വ്യാകരപരമായി വ്യത്യസ്തത പുലർത്തുന്ന പുസ്തകമായി പരിഗണിക്കണം.

## VII. കാനോനികത

A. പൗരസ്ത്യ സഭകൾ ഇതിനെ ആദ്യം തന്നെ നിരാകരിച്ചിരുന്നു. അഞ്ചാം നൂറ്റാ ിലെ സിറിയൻ ഭാഷാന്തരമായ ‘പെഷീറ്റ‘യിൽ ഇതു കാണപ്പെടുന്നില്ല.

B. മൂന്നാം നൂറ്റാ ിന്റെ അവസാനത്തിൽ അലക്സാൻഡ്രിയയിലെ ‘ഡയൊനിസിയസിനു’ ശേഷം നാലാം നൂറ്റാ ിന്റെ ആരംഭത്തിൽ ‘യൂബിയസ്’ വെളിപ്പാടിന്റെ എഴുത്തുകാരൻ അപ്പൊസ്തലനായ യോഹന്നാൻ അല്ല എന്നു പറഞ്ഞിട്ടു ്. ഈ പുസ്തകത്തെ താൻ തർക്കമുള്ള പുസ്തകങ്ങളുടെ കൂട്ടത്തിലാണ് കണക്കാക്കിയിരുന്നതെങ്കിലും കാനോനികമായി അംഗീകരിച്ചിരുന്നു. (cf. *Ecclesiastical History*, III:24:18; and III:25:4; and III:39:6)

C. കാനോനിക ഗ്രന്ഥങ്ങളുടെ പട്ടികയിൽ നിന്നും ലവൊദിക്യൻ കൗൺസിൽ ഇതിനെ ഒഴിവാക്കിയിരുന്നു. (ഏതാ ് എ.ഡി.360-ൽ). ജെറോം ഇതിനെ കാനോനികമായി അംഗീകരിച്ചിരുന്നില്ല എങ്കിലും ‘കൗൺസിൽ ഓഫ് കാർത്തേജ്’ (എ.ഡി.397) ഇതിനെ അംഗീകരിച്ചു. വെളിപ്പാടു പുസ്തകം സ്വീകരിക്കപ്പെട്ടത് ഒരു അനുരഞ്ജന ശ്രമഫലമായി എന്നു പറയാം. അങ്ങനെയാണ് എബ്രായപുസ്തകവും വെളിപ്പാടു പുസ്തകവും സഭയുടെ കാനോനിൽ ഇടം നേടിയത്.

D. ഇപ്രകാരമുള്ള കാനോനികമായ തീരുമാനങ്ങളെയെല്ലാം പരിശുദ്ധാത്മാവ് നിയന്ത്രിച്ചിരുന്നു എന്നത് വിശ്വാസത്താൽ വിശ്വാസികളായ നാമെല്ലാം അംഗീകരിച്ചിരിക്കുന്ന ഒരു വസ്തുതയാണ്.

E. ക്രിസ്തീയ ഉപദേശത്തിൽ ഇതിനു സ്ഥാനമില്ല എന്ന് പ്രൊട്ടസ്റ്റന്റ് വിഭാഗത്തിലെ ര ു പ്രബുദ്ധരായ ദൈവശാസ്ത്രജ്ഞന്മാർ ക ിട്ടു ്.
   1. ഇത് പ്രവചനപരമോ അപ്പൊസ്തലികമോ അല്ല എന്ന് മാർട്ടിൻ ലൂഥർ കരുതിയിരുന്നു; ഫലത്തിൽ ഇതിന്റെ ദൈവനിശ്വസനീയതയെ നിരസിക്കുകയായിരുന്നു.
   2. പുതിയനിയമത്തിലെ വെളിപ്പാടു പുസ്തകത്തിനൊഴികെ മറ്റെല്ലാ പുസ്തകങ്ങൾക്കും ജോൺ കാൽവിൻ വ്യാഖ്യാനം എഴുതിയിട്ടു ്. അതിലൂടെ വെളിപ്പാടു പുസ്തകത്തിന്റെ പ്രാധാന്യത്തെ താൻ നിരസിക്കുകയായിരുന്നു.

## VIII. ചരിത്രപരമായ വ്യാഖ്യാന സിദ്ധാന്തങ്ങൾ

A. ഈ പുസ്തകം വ്യാഖ്യാനിക്കുവാൻ അത്യന്തം പ്രയാസമാണ്. അതിനാൽ ആധികാരികമായ ഒരു വ്യാഖ്യാനം സാധ്യമല്ല.

B. ഇതിലെ ചിഹ്നങ്ങൾ എടുത്തിരിക്കുന്നത്
   1. പഴയനിയമത്തിലെ ഭാവികാല പ്രാധാന്യങ്ങളായ ഭാഗങ്ങളായ
      a. ദാനിയേൽ
      b. എസക്കിയേൽ
      c. സെഖര്യാവ്
      d. യെശയ്യാവ്

2. പഴയ പുതിയ നിയമങ്ങൾക്കിടയിൽ എഴുതപ്പെട്ട എബ്രായ ഭാവികാല പ്രാധാന്യങ്ങളായ എഴുത്തുകൾ.
3. ഒന്നാം നൂറ്റാ ിലെ യവന - റോമൻ ചരിത്ര പശ്ചാത്തലം (പ്രധാനമായും വെളിപ്പാട് 17)
4. പുരാതന പൗരസ്ത്യ ദേശങ്ങളിലെ ഐതിഹാസികമായ സൃഷ്ടിവൃത്താന്തങ്ങൾ (പ്രധാനമായും വെളിപ്പാട് 12)

C. പ്രധാനമായും 4 വിധത്തിലുള്ള വ്യാഖ്യാനരീതികൾ ഉ ്.

1. **പ്രെട്ടറിസം** (PRETERIST) – ഒന്നാം നൂറ്റാ ിലെ റോമൻ പ്രവിശ്യയായിരുന്ന ആസ്യയിലെ സഭകളുമായി ഈ പുസ്തകം ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ഈ വിഭാഗക്കാരുടെ മതം. അതിനാൽ ഇതിൽ പറഞ്ഞിരിക്കുന്ന എല്ലാ വസ്തുതകളും ആ സഭകളോടുള്ള ബന്ധത്തിൽ അന്നുകാലത്തു തന്നെ നിറവേറിക്കഴിഞ്ഞു എന്നവർ ചിന്തിക്കുന്നു.
2. **ചരിത്രപരം** (HISTORICIST)– ചരിത്രത്തിന്റെ അവലോകനമായി അവർ ഈ പുസ്തകത്തെ കാണുന്നു, പ്രാഥമികമായി പാശ്ചാത്യസംസ്ക്കാരത്തിന്റെയും ഒരർത്ഥത്തിൽ റോമൻ കത്തോലിക്കാ സഭയുടെയും. പലപ്പോഴും 2,3 അദ്ധ്യായങ്ങളിലെ 7 സഭകൾ ചില കാലഘട്ടങ്ങളെ ചിത്രീകരിച്ചിരിക്കുന്നതായി കാണുന്നു. ചിലരുടെ അഭിപ്രായത്തിൽ ഇവ ഒരേ സമയം നടക്കുന്ന സംഭവങ്ങളായിരിക്കുമ്പോൾ മറ്റു ചിലർക്കാകട്ടെ ഇവ തുടർമാനമായവയാണ്.
3. **ഭാവികാലപരം** (FUTURIST)– ആക്ഷരികമായും ചരിത്രപരമായും നിറവേറുവാൻ പോകുന്ന മഹത്വപ്രത്യക്ഷതയ്ക്കു ശേഷം നടക്കുവാനിരിക്കുന്ന സംഭവങ്ങളായിട്ടാണിവർ ഇതിനെ കണക്കാക്കുന്നത്.
4. **ഐഡിയലിസ്റ്റ്** (IDEALIST)– ചരിത്രത്തിനു യാതൊരു സ്ഥാനവും കല്പിക്കാതെ നമ്മുടെ ജീവിതത്തിൽ നാം അനുഭവിക്കുന്ന നന്മയുടെയും തിന്മയുടെയും പോരാട്ടങ്ങളുടെ ആലങ്കാരിക ചിത്രീകരണമാണ് ഇവയെല്ലാമെന്ന് ഇക്കൂട്ടർ കരുതുന്നു.

ഇവയെല്ലാം ഒരു പരിധി വരെ ശരിയാണെങ്കിലും യോഹന്നാൻ അപ്പൊസ്തലൻ മന:പൂർവ്വമായി തിരഞ്ഞെടുത്തിരിക്കുന്ന സാഹിത്യരൂപത്തിന്റെയും ആലങ്കാരിക പ്രയോഗങ്ങളുടെയും അടിസ്ഥാനത്തിൽ അവയെല്ലാം എത്രത്തോളം ശരിയാണെന്നത് സംശയമാണ്.

## IX. ലേഖനോദ്ദേശ്യം

A. എല്ലാറ്റിന്റെയും തന്നിലേക്കുള്ള പര്യവസാനവും ദൈവത്തിന് ചരിത്രത്തിലുള്ള പരമാധികാരവുമാണ് ഈ പുസ്തകത്തിന്റെ ആത്യന്തികമായ ലക്ഷ്യം. വീണുപോയ ഈ ലോക വ്യവസ്ഥയിൽ പീഡനത്തിന്റെയും ഞെരുക്കത്തിന്റെയും പശ്ചാത്തലത്തിൽ വിശ്വസ്തരായവർ മാത്രമേ വിശവാസത്തിലും പ്രത്യാശയിലും നിലനില്ക്കുകയുള്ളൂ. ഈ പുസ്തകത്തിന്റെ കേന്ദ്ര വിഷയം ഒന്നാം നൂറ്റാ ിലെ (എല്ലാ നൂറ്റാ ുകളിലെയും) പീഡനവും (കിഴക്കൻ പ്രവിശ്യകളിൽ ഉ ായിരുന്ന ചക്രവർത്തിയെ ആരാധിക്കുന്ന ആചാരമര്യാദ കാരണം) വിശ്വസ്തതയും (ദുരുപദേശകരും ആചാരമര്യാദകളോടുള്ള ബന്ധത്തിലുള്ള അനുരഞ്ജനവും കാരണം) ആണ് (2:10) {ശദ്ധിക്കുക, പ്രവാചകന്മാർ ഭാവിയെക്കുറിച്ച് പ്രവചിച്ചിരുന്നത് ഇന്നത്തെ ഗുണകരമായ മാറ്റങ്ങൾക്കു വേ ിയായിരുന്നു. വെളിപ്പാട് എന്നത് എങ്ങനെ സമാപിക്കും എന്നതിനെക്കാൾ എങ്ങനെയാണ് മുന്നോട്ടു പോകുന്നത് എന്നതാണ് ചിത്രീകരിച്ചിരിക്കുന്നത്. റോബർട്ട് . എൽ. സാൻഡിയുടെ *'ദ എസ്ക്കറ്റോളജി ഓഫ് ദ ബൈബിൾ'* എന്ന് നാമകരണം ചെയ്ത 'ദ എക്സ്പോസിറ്റേഴ്സ് ബൈബിൾ കമന്ററി വാല്യം-1' ലെ (*The Expositors Bible Commentary*, Vol. I entitled, "The Eschatology of the Bible," Robert L. Sancy) ലേഖനത്തിൽ ഇങ്ങനെ പറയുന്നു, "'ബൈബിൾ പ്രവാചകന്മാർ കാലഘട്ടത്തെയും ഭാവികാല ക്രമത്തെയും കുറിച്ച് അത്ര {ശദ്ധാലുക്കൾ ആയിരുന്നില്ല; അവർക്ക് തങ്ങളുടെ കാലഘട്ടത്തിലെ ആത്മിക ജീവിതവും അനീതിക്കെതിരായുള്ള ദൈവത്തിന്റെ വരാൻ പോകുന്ന ന്യായവിധിയും ഇന്ന് ലോകം വെറുത്തുകളഞ്ഞ ഭക്തരായവർക്കുള്ള അനുഗ്രഹവും ആയിരുന്നു.'' (p 104)

B. പൊതുവായ ലക്ഷ്യം ഉപസംഹരിച്ച് TEV, NJB ഭാഷാന്തരങ്ങളിൽ ചുരുക്കമായി പറഞ്ഞിട്ടു ്.

1. TEV, p.1122 ''യേശുക്രിസ്തു തങ്ങളുടെ കർത്താവാകുന്നു എന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്, യോഹന്നാൻ വെളിപ്പാടു പുസ്തകം എഴുതുമ്പോൾ, ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെട്ടിരുന്നത്. തന്റെ വായനക്കാർക്ക് പ്രതിക്ഷയും പ്രത്യാശയും നല്കി ഇത്തരം കഷ്ടതയുടെയും പീഡനത്തിന്റെയും പശ്ചാത്തലത്തിൽ വിശ്വസ്തരായി നിലനില്ക്കുക എന്നതായിരുന്നു എഴുത്തുകാരന്റെ പ്രധാന ലക്ഷ്യം.''

2. NJB p 1416, ''ഈ പുസ്തകത്തിലെ ആലങ്കാരിക ഭാഷയാലും പ്രത്യാശയുടെ സന്ദേശത്താലും വചനത്തെ സംക്ഷേപിച്ചിരിക്കുന്നു. ദൈവജനത്തിനുള്ള പരീക്ഷകളിൽ നിന്നുള്ള വിടുതലും അവർക്കുള്ള പ്രത്യാശാപൂർണ്ണമായ ഭാവിയും ഇതിൽ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നു. അതിനു വേ ി ഉപയോഗിച്ചിരിക്കുന്ന കാരകങ്ങൾ ബൈബിളിലുടനീളം കാണുന്നവയും അതിനാൽ ഉപയോഗിച്ചിരിക്കുന്ന എല്ലാ കാരകങ്ങളും-നിറങ്ങൾ, അക്കങ്ങൾ-പഴയ നിയമ വായനക്കാരന് വളരെ പരിചിതമായവയാണ്. അതിനാൽത്തന്നെ ആരാധനയെ പരാമർശിച്ചുള്ള ആലങ്കാരിക പ്രയോഗങ്ങളും മെശിഹയുടെ ആത്യന്തിക മഹത്വം വിളിച്ചറിയക്കുന്ന പുതിയ വിശുദ്ധ നഗരത്തിന്റെ വർണ്ണനയും വ്യക്തമാകുന്നെങ്കിലും വരാനിരിക്കുന്നവയുടെ നിഗൂഢവും അവ്യക്തവുമായ വെളിപ്പാടാണിത്. യഹൂദമാർഗ്ഗത്തിൽ ഇപ്രകാരം പീഡനങ്ങളിൽ ദൈവജനത്തിന് വിടുതലിന്റെയും വിജയത്തിന്റെയും അനിവാര്യമായ ധൈര്യം നല്കുന്ന ഒരു രീതി ദാനിയേൽ പ്രവാചകൻ മുതൽ നിലനിന്നിരുന്നു.

C. 'രക്ഷ' എന്ന പ്രധാന 'തീം' വ്യാഖ്യാതാവ് ഊന്നിപ്പറയുന്നു.

1. വ്യക്തിപരവും സമൂഹപരവും സാർവ്വലൗകികവുമായ വീ ടുപ്പ് ദൈവം ക്രിസ്തുവിലൂടെ നിറവേറ്റി.
2. ദൈവത്തിന്റെ വീ ടുപ്പ് ആത്മികവും അതേസമയം ശാരീരികവുമാണ്. സഭ വീ ടുക്കപ്പെട്ടു. എന്നാൽ സുരക്ഷിതയല്ല. ഒരു നാൾ ആ വീ ടുപ്പ് പൂർത്തിയാകും.
3. സ്വാർത്ഥരും ശാഠ്യക്കാരും പാപത്തിൽ വീണുപോയവരുമായ മനുഷ്യരെ ദൈവം ഇന്നും സ്നേഹിക്കുന്നു. മുദ്രകളുടെയും കാഹളത്തിന്റെ ന്യായവിധിക്കു പിന്നിലുള്ള ദൈവകോപം അവരുടെ മാനസ്സാന്തരത്തിനു വേ ിയുള്ളതായിരുന്നു (ഒ.നോ. 9:20–21; 14:6–7; 16:9,11; 21:7; 22:17)
4. വീണുപോയ മനുഷ്യനെ മാത്രമല്ല പാപത്തിൽ വീണുപോയ സൃഷ്ടിയെയാകമാനം ദൈവം വീ ടുക്കുന്നു. (റോമ.8:18–25). ഏതു തലത്തിലുമുള്ള തിന്മകളെയും ദൈവം നിർമ്മാർജ്ജനം ചെയ്യുന്നു.

വീണുപോയ മനുഷ്യരാശിയെ സുവിശേഷത്തിലൂടെ വീ ടുക്കുന്ന ദൈവിക പ്രവൃത്തി അവിടുത്തെ കൃപയുടെ പാരമ്യത്തെ പ്രദർശ്ശിപ്പിക്കുന്നു. കലശത്തിന്റെ ന്യായവിധികൾ എല്ലാം തിന്മയ്ക്കെതിരെയുള്ള ദൈവത്തിന്റെ പ്രതികരണമാകുന്നു. അവ ദൈവത്തിന് സ്നേഹമില്ലായ്മയെ അല്ല പ്രദർശ്ശിപ്പിക്കുന്നത്. മാനസ്സാന്തരത്തിനുള്ള അവസരങ്ങൾ നല്കിയിട്ടും വീ ും വീ ും നിരസിക്കുമ്പോൾ തിന്മയെ നീക്കുവാൻ ദൈവം ന്യായവിധി ആരംഭിക്കുന്നു. ഈ പുസ്തകം സുവിശേഷത്തിലേക്കുള്ള ഒരു ആഹ്വാനത്തോടുകൂടെ ഉപസംഹരിക്കപ്പെടുന്നു (ഒ.നോ. 22:17).

D. കർത്താവായ യേശുവിന്റെ ര ാം വരവിനോടനുബന്ധിച്ച സംഭവങ്ങളുടെ, സമയത്തിന്റെ, രീതിയുടെ വസ്തുതാപരമായ കാലക്രമപട്ടികയല്ല ഈ പുസ്തകം. ഈ പുസ്തകത്തെ പാശ്ചാത്യ ചരിത്രത്തിന്റെ 'രഹസ്യം' എന്നും വിശേഷിപ്പിക്കാറു ്. (ഏഴു സഭകളെ ഏഴു യുഗങ്ങളായി കാണുന്നു). എല്ലാ തലമുറകളും തങ്ങളുടെ ചരിത്രം ഈ ഭാവികാല ചിഹ്നങ്ങളിൽ കാണുവാൻ ശ്രമിച്ചിട്ടു ്; ആയതിനാൽ തന്നെ അവയെല്ലാം തെറ്റായിത്തീരുകയും ചെയ്തിട്ടു ്.

ഈ പ്രവചനങ്ങളുടെ വിവരണം അന്തിക്രിസ്തുവിന്റെ കീഴിൽ അവസാന ഘട്ടത്തിൽ പീഡിപ്പിക്കപ്പെടുന്ന വിശ്വാസികളോടുള്ള ബന്ധത്തിൽ വളരെ ചേരുന്നവയാണ്. ഈ പുസ്തകത്തെ ആക്ഷരികമായി എടുക്കുന്നതു കാരണം ചിലർ ഇതിനെ അവഗണിക്കുകയും (കാൽവിൻ) മറ്റു ചിലർ തരംതാഴ്ത്തിക്കാണുകയും (ലൂഥർ, 'ഭാവികാലപരമോ പ്രവചനപരമോ അല്ല') മറ്റു ചിലർ അമിതപ്രാധാന്യം നല്കുകയും ചെയ്യുന്നു (ആയിരമാ ് വാഴ്ച ഉ ന്ന് കരുതുന്നവർ) (യുഗപരമായി ചിന്തിക്കുന്നവർ)

## X. ബോബിന്റെ വ്യാഖ്യാനത്താക്കോൽ

A. പഴയനിയമ പശ്ചാത്തലം നാം പരിഗണിക്കണം.

1. പഴയനിയമ ഭാവികാല എഴുത്തുകൾ ആലങ്കാരികമായി ഉന്നത നിലവാരമുള്ളവയാണ്.
2. എണ്ണമറ്റ സൂചനകൾ പഴയനിയമ പശ്ചാത്തലത്തിലുള്ളവയാണ്. (ചിലർ കണക്കാക്കുന്നത് 404 വാക്യങ്ങളിലെ 275 സൂചനകൾ പഴയനിയമത്തിൽ നിന്നെന്നാണ്.) ഈ സൂചനകളുടെ അർത്ഥങ്ങൾ ഒന്നാം നൂറ്റാ ിലെ റോമൻ പശ്ചാത്തലത്തിൽ പുനരാഖ്യാനം ചെയ്യപ്പെടേ തു ്.
3. പ്രവചന നിഴലുകൾ - ഇന്നത്തെ സംഭവങ്ങൾ ഭാവികാലപരമായ സംഭവങ്ങളുടെ നിഴലുകളായി ഉപയോഗിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഒന്നാം നൂറ്റാ ിൽ സംഭവിച്ച ചരിത്രപരമായ കാര്യങ്ങൾ അന്തിമകാലത്തേക്ക് ഒരു നിഴലായി ശേഷിക്കുന്നു.

B. പുസ്തകത്തിന്റെ മുഴുവനായുള്ള ഘടന എഴുത്തുകാരന്റെ ലക്ഷ്യത്തെ പ്രകടിപ്പിക്കുന്നു.

1. മുദ്രയുടെയും കാഹളത്തിന്റെയും കലശത്തിന്റെയും ന്യായവിധികൾ ഒരേ കാലയളവിനെ കാണിക്കുന്നു. (അദ്ധ്യായങ്ങൾ 6 മുതൽ 16 വരെ). വെളിപ്പാടു പുസ്തകം ഒരേ സമയം നടക്കുന്ന പല അംഗങ്ങളുള്ള ഒരു നാടകമാണ്.
2. 17–19 എന്നീ അദ്ധ്യായങ്ങൾ 20 – 22 അദ്ധ്യായങ്ങളുമായി സമാന്തരമായിരിക്കുവാൻ സാധ്യതയു ്. 19–ാം അദ്ധ്യായത്തിലെ ചില ഭാഗങ്ങൾ (i.e.19:11–21) 20:7–10 വരെ പുനരാഖ്യാനം ചെയ്തിട്ടു ്.
3. പ്രാരംഭ പ്രസ്താവനകളിലെ ഏഴു സാഹിത്യരൂപങ്ങൾ ശ്രദ്ധിക്കുക.

C. വ്യാഖ്യാനമെന്തു തന്നെയായിരുന്നാലും ചരിത്രപശ്ചാത്തലം പരിഗണിച്ചിരിക്കണം.
1. ചക്രവർത്തിയെ ആരാധിക്കുന്ന രീതി
2. കിഴക്കൻ പ്രവിശ്യകളിലുള്ള ദേശീയ പീഢനം
3. ബൈബിൾ ഒരിക്കലും അർത്ഥമാക്കാത്ത കാര്യങ്ങൾ ഒരു കാരണവശാലും വ്യാഖ്യാനിച്ചെടുക്കരുത്. വെളിപ്പാടു പുസ്തകം യോഹന്നാന്റെ കാലഘട്ടത്തോടാണ് പ്രാഥമികമായി ബന്ധപ്പെട്ടിരിക്കുന്നത്. അതിന് ഒന്നിലധികം നിറവേറലുകളോ പ്രായോഗിക പാഠങ്ങളോ ഉ ന്നുവരാം. എന്നാൽ അവയെല്ലാം ഒന്നാം നൂറ്റാ ിനോടു കടപ്പെട്ടിരിക്കുന്നു.

E. ഇതിലെ പല നിഗൂഢമായ പ്രയോഗങ്ങളുടെയും അർത്ഥം ഇന്ന് ഭാഷാപരമായും കാലഘട്ടപരമായും ആചാരമര്യാദ പ്രകാരവും വ്യത്യാസം വന്നിട്ടു ്. ഇന്നത്തെ അന്ത്യകാല സംഭവങ്ങൾ തന്നെ ഇത്തരം നിഗൂഢമായ പ്രയോഗങ്ങളെ വ്യക്തമാക്കുന്നവയാണ്. ആധുനിക വ്യാഖ്യാതാക്കൾ ഇതിലെ ഓരോ ദർശനങ്ങളിലും ഓരോ പ്രധാനസത്യങ്ങൾ ക ത്തുന്നവരാണ്. അപ്രകാരം ഈ ഭാവികാല നാടകത്തിലേക്ക് ഇത്തരത്തിലുള്ള എല്ലാ വിശദാംശങ്ങളും തിരുകിക്കയറ്റുവാൻ നാം ശ്രമിക്കരുത്.

E. വ്യാഖ്യാനത്തിലെ ചില അടിസ്ഥാന തത്വങ്ങൾ ഞാൻ ചുരുക്കിപ്പറയുവാൻ ആഗ്രഹിക്കുന്നു.
1. ചിഹ്നങ്ങളുടെ ചരിത്രപരമായ ഉത്ഭവം
   a. പഴയനിയമ തീമുകളും സൂചനകളും
   b. പൗരാണിക പൗരസ്ത്യ ഐതിഹ്യങ്ങൾ
   c. പഴയ പുതിയ നിയമങ്ങൾക്കിടയിലുള്ള ഭാവികാല എഴുത്തുകൾ
   d. ഒന്നാം നൂറ്റാ ിലെ യവന റോമൻ പശ്ചാത്തലം
2. എഴുത്തുകാരൻ ചിഹ്നങ്ങളെ വ്യാഖ്യാനിക്കുന്ന രീതി
   a. ദൂതന്മാർ മുഖേനയുള്ള സംഭാഷണങ്ങൾ
   b. സ്വർഗ്ഗീയ സൈന്യത്തിന്റെ പാട്ട്
   c. എഴുത്തുകാരൻ താൻ തന്നെ പറയുന്ന വിശദാംശങ്ങൾ
3. പുസ്തകത്തിന്റെ ഘടന (dramatic parallelism)

F. കൂടുതൽ വിവരങ്ങൾ
1. വെളിപ്പാടു പുസ്തകത്തെക്കുറിച്ചുള്ള എന്റെ ഏറ്റവും ഇഷ്ടപ്പെട്ട വ്യാഖ്യാനങ്ങൾ, ജോർജ്ജ് ലാഡിന്റെയും അലൻ.എഫ്. ജോൺസന്റേതുമാണ്. അവർ പരസ്പരം വിയോജിക്കുന്നവരാണ്. ഇത്തരം വിയോജിപ്പ് ഭക്തരും സത്യസന്ധരുമായ എഴുത്തുകാരുകട ഇടയിൽ സാധാരണവുമാണ്. അലൻ ജോൺസന്റെ 'സോ ർവാൻ' (*Commentary on Revelation* from Zondervan): പ്രസിദ്ധീകരിച്ച വ്യാഖ്യാനത്തിൽ നിന്നും ഞാൻ ഉദ്ധരിക്കട്ടെ.

   '4:1 മുതൽ അവസാനം വരെയും വിപുലമായി കാണപ്പെടുന്ന ആലങ്കാരികമായവയെ സംബന്ധിച്ചും അവ എപ്രകാരം 1:3 വരെയുള്ള അദ്ധ്യായങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചും വ്യാഖ്യാതാക്കൾ വ്യത്യസ്ത അഭിപ്രായമുള്ളവരാണെന്നത് നമ്മെ അതിശയിപ്പിക്കുന്ന കാര്യമല്ല. വ്യാഖ്യാനമാണ് ഇവിടത്തെ പ്രശ്നം. ഈ അലങ്കാരവും ദർശനവും എന്താണ് അർത്ഥമാക്കുന്നത്? മറ്റൊന്ന് കാലക്രമകത്തെക്കുറിച്ചാണ്. എപ്പോഴാണ് ഈ സംഭവങ്ങൾ നിറവേറുന്നത്? കൂടാതെ, പഴയനിയമത്തിൽ എവിടെയും കാണുന്ന ഈ അലങ്കാര പ്രയോഗങ്ങൾ, പഴയ നിയമത്തിൽ കാണുന്ന അതേ രീതിയിലാണോ യോഹന്നാൻ വ്യാഖ്യാനിക്കുന്നത്: അതോ അതിൽ നിന്നും വ്യത്യസ്തമായി തന്റേതായ സ്വതന്ത്രമായ രീതിയിലാണോ വ്യാഖ്യാനിച്ചിരിക്കുന്നത്? ആലങ്കാരികവും ആക്ഷരികവും തമ്മിൽ വ്യത്യാസമെന്ത്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ വ്യാഖ്യാതാവിന്റെ

വ്യാഖ്യാനരീതിയെ വ്യക്തമാക്കുന്നു. ഇവയിൽ പലതും ഉപദേശപരമായ ഉത്തരങ്ങൾക്ക് സാധ്യതയുള്ളതാകയാൽ ആലങ്കാരിക എഴുത്തുകളെക്കുറിച്ചുള്ള അർത്ഥത്തിന്റെ കാര്യത്തിൽ തുറന്ന മനസ്സോടെ ചർച്ച ചെയ്യപ്പെടുവാൻ ദൈവാത്മാവിന്റെ സഹായം പ്രതീക്ഷിച്ചുകൊ ുള്ള വിവിധമായുള്ള സമീപനങ്ങൾക്ക് സാധ്യത നാം അനുവദിക്കേ ിയിരിക്കുന്നു''. പേജ് – 69.

2. വെളിപ്പാട് പുസ്തകത്തിന് പഴയ നിയമവുമായിട്ടുള്ള ബന്ധത്തിനുള്ള ഒരു പൊതുവായ അറിവിനായി ഞാൻ ജോൺ. പി. മിൽറ്റൺ – ന്റെ 'പ്രോഫസി ഇന്റർപ്രെറ്റഡ് –ഉം ജോൺ ബ്രൈറ്റിന്റെ 'ദ അതോറിറ്റി ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റും' (John P.Milton's *Prophecy Interpreted* and John Bright's *The Authority of the Old Testament)*ശുപാർശ ചെയ്യുന്നു. പൗലൊസിന് വെളിപ്പാടു പുസ്തകവുമായുള്ള നല്ലൊരു ബന്ധത്തിന്റെ അറിവിനായി ജെയിംസ്. എസ്. സ്റ്റുവർട്ടിന്റെ 'എ മാൻ ഇൻ ക്രൈസ്റ്റ്' (S. Stewart's *A Man In Christ)* എന്ന പുസ്തകമാണ് ഞാൻ ശുപാർശ ചെയ്യുന്നത്.

## XI. അറിഞ്ഞിരിക്കേ   വാക്കുകളും പ്രയോഗങ്ങളും

1. ''വേഗത്തിൽ സംഭവിപ്പാനുള്ളത്'' 1:1,3
2. ''മേഘാരൂഢനായി വരുന്നു'' 1:7
3. ആമേൻ 1:7
4. ''ആൽഫയും ഒമേഗയും'' 1:8
5. ''അവന്റെ വായിൽ നിന്നും മൂർച്ചയേറിയ ഇരുവായ്ത്തല വാൾ പുറപ്പെടുന്നു' 1:16
6. ''മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ'' 1:18
7. 'നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു'' 2:4
8. ''ജയിക്കുന്നവൻ'' 2:7
9. ''പറുദീസയിലെ ജീവന്റെ വൃക്ഷം'' 2:7
10. ''സാത്താന്റെ പള്ളി'' 2:9, 3:9
11. 'ര   ാം മരണം'' 2:11
12. ''സാത്താന്റെ ആഴങ്ങൾ'' 2:24
13. ''ജീവന്റെ പുസ്തകം'' 3:5
14. ''ദാവീദിന്റെ താക്കോൽ'' 3:7
15. പുതിയ യെരുശലേം 3:12
16. ''ആത്മവിവശനായി'' 4:2
17. കണ്ണാടിക്കടൽ 4:6
18. ഒരു പുസ്തകം 5:1
19. ഏഴു മുദ്രകൾ 5:1
20. ''ഒരു കുഞ്ഞാട് അറുക്കപ്പെട്ടതു പോലെ നില്ക്കുന്നു'' 5:6
21. ''ഏഴു കൊമ്പുകളും ഏഴു കണ്ണുകളും'' 5:6
22. ''മഹാപീഢനം'' 7:14
23. ''സ്വർണ്ണ ധൂപകലശം'' 8:3
24. ''അഗാധകൂപം'' 9:2
25. ''ഹല്ലേലൂയ്യാ'' 19:1
26. 'കുഞ്ഞാടിന്റെ കല്യാണസദ്യ'' 19:9
27. ''ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക്'' 9:15
28. ''ആയിരമാ   ത്തേക്ക് ബന്ധിച്ചു'' 20:2
29. ''പുതിയ യെരുശലേം'' 21:2
30. ''ശുഭ്രമായ ഉദയനക്ഷത്രം'' 22:16

## XII. അറിഞ്ഞിരിക്കേ   വ്യക്തികൾ

1. ''തന്റെ ദൂതൻ'' 1:1

2. യോഹന്നാൻ 1:1
3. 'ഏഴ് ആത്മാക്കൾ'' 1:4
4. സർവ്വശക്തൻ 1:8
5. 1:12 – 16 – ൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ആൾ ആര്? എവിടെ നിന്നാണ് ഈ പരാമർശം വന്നിരിക്കുന്നത്?
6. നിക്കൊലാവ്യർ 2:6,15
7. ഇസബേൽ 2:20
8. മൂപ്പന്മാർ 4:4,10
9. യഹൂദാ ഗോത്രത്തിന്റെ സിംഹം 5:5
10. ''ഒരു വെള്ളക്കുതിരയും അതിൻമേൽ ഇരിക്കുന്നവന്റെ കയ്യിൽ ഒരു വില്ലുമു ''. 6:2
11. ''അറുക്കപ്പെട്ടവരുടെ ആത്മാക്കൾ'' 6:9
12. ''ദാസന്മാരുടെ നെറ്റിയിൽ'' 7:3
13. ''മഹാപുരുഷാരം'' 7:9
14. ''സ്വർഗ്ഗത്തിൽ നിന്നും ഒരു നക്ഷത്രം'' 9:1
15. ''മറ്റൊരു ശക്തനായ ദൂതൻ'' 10:1
16. ''ര ു സാക്ഷികൾ'' 11:3
17. ഒരു സ്ത്രീ 12:1
18. ''തീ നിറമുള്ള മഹാസർപ്പം'' 12:3
19. ''ആൺകുട്ടി'' 12:5
20. ''സമുദ്രത്തിൽ നിന്നും കയറി വന്ന മൃഗം'' 13:1
21. ''ഭൂമിയിൽ നിന്നും കയറി വന്ന മൃഗം'' 13:11
22. ബാബിലോൺ 14:8
23. മഹാവേശ്യ 17:1
24. ''ഒരു വെള്ളക്കുതിരയും അതിൻമേൽ ഇരിക്കുന്നവനും'' 19:11
25. ഗോഗ് മാഗോഗ് 20:8

## XIII. ഭൂപടത്തിൽ അറിഞ്ഞിരിക്കേ സ്ഥലങ്ങൾ

1. പത്മൊസ് 1:9
2. എഫെസൊസ് 1:11
3. സ്മുർന്ന 1:11
4. പെർഗ്ഗമൊസ് 1:11
5. ഫിലദെൽഫിയ 1:11
6. സർദ്ദിസ് 1:11
7. തുയഥൈര്യ 1:11
8. ലവൊദിക്യ 1:11
9. സീയോൻ പർവ്വതം 14:1

## XIV. ചർച്ച ചെയ്യപ്പെടേ ചോദ്യങ്ങൾ

1. വെളിപ്പാടുപുസ്തകത്തിൽ കാണുന്ന സാഹിത്യരൂപമേത്? സ്വഭാവ സവിശേഷതകൾ എന്തെല്ലാം?
2. അദ്ധ്യായങ്ങൾ 2–ലും 3–ലും കാണപ്പെടുന്ന സഭകൾ പരാമർശിക്കപ്പെട്ടതെന്തിന്?
3. എന്തുകൊ ാണ് ഭൂമിയിലെ ഗോത്രങ്ങളെല്ലാം അവനെച്ചൊല്ലി വിലപിക്കുന്നത്? (7)
4. 1–ാമത്തെ അദ്ധ്യായത്തിലെ എല്ലാ ''ഏഴുകളും'' ക്രമമായി എഴുതുക?
5. കർത്താവ് സഭയുടെ നിലവിളക്ക് നീക്കം ചെയ്യും എന്നതിന്റെ അർത്ഥമെന്ത്? (2:5)
6. ഏഴു സഭകൾക്കുള്ള ദൂതുകളിലെയും പൊതുവായ വസ്തുതകൾ ക ത്തുക?
7. 4, 5 അദ്ധ്യായങ്ങളിലെ പശ്ചാത്തലമെന്ത്?
8. 7 മുദ്രകൾ, 7 കാഹളങ്ങൾ, 7 കലശങ്ങൾ ഇവ തമ്മിലുള്ള ബന്ധമെന്ത്?
9. 6–ാമത്തെ അദ്ധ്യായത്തിലെ 7 കുതിരക്കാർ ആരാണ്? എവിടന്നാണ് ഈ സാദൃശ്യം എടുത്തിരിക്കുന്നത്?
10. നൂറ്റിനാല്പത്തിനാലായിരം പേർ ആരാണ്? എന്തുകൊ ാണ് ഗോത്രങ്ങളെ തെറ്റായി ക്രമപ്പെടുത്തിയിരിക്കുന്നത്?
11. ന്യായവിധികൾ മുദ്രയുടെ നാലിലൊന്ന് നാശങ്ങളും കാഹളത്തിന്റെ ന്യായവിധികൾ മൂന്നിലൊന്ന് നാശവും കലശത്തിന്റെ ന്യായവിധികൾ പൂർണ്ണമായ നാശവും ഉ ാക്കുന്നതെന്ത്?

12. 9:13–19 – ൽ പറയുന്ന 200,000,000 സൈന്യം ഏതാണ്?
13. 12:7–10 പറയുന്ന സ്വർഗ്ഗത്തിലെ യുദ്ധം വിവരിക്കുക?
14. വിശുദ്ധന്മാരുമായി യുദ്ധം ചെയ്യുവാൻ മൃഗത്തെ ദൈവം അനുവദിക്കുന്നതെന്തുകൊ ്? (13:7)
15. മൃഗം ക്രിസ്തുവിനെ എത്രമാത്രം അനുകരിക്കുന്നു?
16. ഒന്നാം പുനരുത്ഥാനത്തിൽ പങ്കുള്ളതാര്? (2:46) ര ാം പുനരുത്ഥാനത്തിൽ പങ്കുള്ളതാര്?
17. 22:3 –ന്റെ പ്രാധാന്യമെന്ത്?
18. 22:5, 20:4 മായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?
19. 22:18–19 സ്വന്തം വാക്കിൽ വിശദീകരിക്കുക?
20. വെളിപ്പാടുപുസ്തകത്തിന്റെ പൊതുവായ തീം എന്ത്?

# അനുബന്ധം – 1
# നിർവചനങ്ങൾ (GLOSSARY)

**അഡോപ്ഷനിസം (Adoptionism)** യേശുക്രിസ്തുവിന്റെ ദൈവത്വവുമായി ബന്ധപ്പെട്ട പുരാതനമായ ഒരഭിപ്രായമാണിത്. യേശുകർത്താവ് എല്ലാത്തരത്തിലും ഒരു സാധാരണ മനുഷ്യനായിരുന്നു എന്നും തന്റെ സ്നാന സമയത്തോ (ഒ.നോ. മത്താ.3:17; മർക്കൊ.1:11) ഉയർത്തെഴുന്നേറ്റപ്പോഴോ (ഒ.നോ. റോമ.1:4) ദൈവം അവിടുത്തെ, ഒരു പ്രത്യേക പരിഗണനയിൽ ദത്തെടുത്തു എന്നതാണിതിന്റെ അടിസ്ഥാന ആശയം. യേശുകർത്താവ് അത്രയും നല്ലൊരു മാതൃകാജീവിതം നയിച്ചതിനാലായിരുന്നു ദൈവം തന്നെ 'തന്റെ മകനായി' (സ്നാന സമയത്തോ ഉയർത്തെഴുന്നേറ്റപ്പോഴോ) സ്വീകരിച്ചത് (ഒ.നോ. റോമ.1:4 cf. ഫിലി. 2:9). സഭയുടെ ആദ്യഘട്ടങ്ങളിൽ, 8-ാം നൂറ്റാ ിലെ ചെറിയൊരു കൂട്ടർ ഇങ്ങനെ വിശ്വസിച്ചിരുന്നു. വചനം പറയുന്ന ജഡാവതാരം – ദൈവം മനുഷ്യനായി – എന്നതിനു പകരം, ഇതിൻ പ്രകാരം, മനുഷ്യൻ ദൈവമായി മാറുന്നു.

ദൈവപുത്രനും കാലാതീതനായ ദൈവവുമായ കർത്താവ് എങ്ങനെയാണ് ഒരു നല്ല നടപ്പിന് ഇപ്രകാരം സ്വീകാര്യനാകുന്നതെന്ന് വിശദീകരിക്കുക ബുദ്ധിമുട്ടാണ്. താൻ ദൈവമായിരുന്നു എങ്കിൽ എങ്ങനെ തനിക്ക് വീ ും ഒരു ദൈവിക പദവി ലഭിക്കും? നിത്യനായ ദൈവത്തിന് വീ ും ഒരു ബഹുമാനം ലഭിക്കുന്നതെങ്ങനെ? ഇതൊക്കെയും വിശദീകരിക്കുക ബുദ്ധിമുട്ടാണെങ്കിലും പുത്രന്റെ അനുസരണം കാരണം പിതാവ് തന്നെയും പലപ്പോഴും യേശുക്രിസ്തുവിനെ ആദരിച്ചു പറഞ്ഞിട്ടു ്.

**അലക്സാ്രിയൻ പഠനം (Alexandrian School)** ഈ രീതിയിലുള്ള പഠനം ര ാം നൂറ്റാ ിൽ ഈജിപ്റ്റിലെ അലക്സാ്രിയയിലാണ് വികസിച്ചത്. 'പ്ലാറ്റോ'യുടെ ശിഷ്യനായിരുന്ന 'ഫിലോ'യുടെ വ്യാഖ്യാന നിയമങ്ങളായിരുന്നു ഇവർ ഉപയോഗിച്ചിരുന്നത്. ഈ രീതിയെ ആലങ്കാരിക വ്യാഖ്യാനം (മഹഹലഴീ്യശരമഹ ാലവേീറ) എന്നാണ് പറയുന്നത്. നവീകരണ കാലഘട്ടം വരെയും സഭയിൽ ഈ രീതിയായിരുന്നു നിലനിന്നിരുന്നത്. ഒറിഗനും (Origen) അഗസ്റ്റിനും (Augustine) ആയിരുന്നു പ്രധാന വക്താക്കൾ. [See Moises Silva, *Has The Church Misread The Bible?* (Academic, 1987)

**അലക്സാ്രിനസ് (Alexandrinus)** ഈജിപ്റ്റിലെ അലക്സാ്രിയയിൽ നിന്നും ലഭിച്ച അഞ്ചാം നൂറ്റാ ിലെ കൈയ്യെഴുത്തു പ്രതി. പഴയനിയമവും അപ്പോക്രിഫാ പുസ്തകങ്ങളും പുതിയ നിയമത്തിലെ മിക്കവാറും എല്ലാ പുസ്തകങ്ങളും ഇതിലു ്. മത്തായി, യോഹന്നാൻ, 2 കൊരിന്ത്യർ എന്നിവയൊഴികെ. നമ്മുടെ പുതിയനിയമ ഗ്രീക്ക് പുസ്തകത്തിന്റെ ആധികാരികത ഈ പ്രതിയിൽ അധിഷ്ഠിതമായിരിക്കുന്നു. ഈ കൈയ്യെഴുത്തു പ്രതിയെ ' A' എന്നും 'വത്തിക്കാനസ്' എന്ന കൈയ്യെഴുത്തു പ്രതിയെ " B' എന്നും പരാമർശിക്കപ്പെടുന്നു. ' A' യും " B' യും പൊരുത്തപ്പെടുന്ന പക്ഷം അത് പൂർണ്ണമായും ശരിയായ പകർപ്പായി വ്യാഖ്യാതാക്കൾ കണക്കാക്കുന്നു.

**ആലങ്കാരികം (Allegory)** യഹൂദ പശ്ചാത്തലത്തിൽ അലക്സാ്രിയയിൽ വികസിച്ചു വന്ന ഒരു വചന വ്യാഖ്യാന രീതി. വചനത്തെ അതിന്റെ ചരിത്രപശ്ചാത്തലത്തിൽ നിന്നും സാഹിത്യപശ്ചാത്തലത്തിൽ നിന്നും അടർത്തി മാറ്റി, ഒരുവന്റെ ആചാരമര്യാദയുമായും തത്വചിന്താഗതികളുമായും പൊരുത്തപ്പെടുത്തി ആനുകാലികമായി വ്യാഖ്യാനിക്കുകയാണ് ഇതിന്റെ താല്പര്യം. വചനത്തിലെ ഏതു ഭാഗങ്ങൾക്കും ഉള്ളിലെ നിഗൂഢാർത്ഥം ഗ്രഹിക്കുകയാണ് ലക്ഷ്യം. യേശുകർത്താവ് മത്താ.13 -ലും പൗലൊസ് ഗലാ.4-ലും സത്യത്തെ വ്യക്തമാക്കുവാൻ ഈ രീതി അവലംബമാക്കിയിട്ടു ് എന്നതു സത്യമാണ്. വ്യക്തമായി പറഞ്ഞാൽ അവ നിഴലും പൊരുളും എന്ന രീതിയിലാണ്; യഥാർത്ഥത്തിൽ ആലങ്കാരികമല്ല.

**അനലിറ്റിക്കൽ ലക്സിക്കൻ (Analytical lexicon)** പുതിയ നിയമ ഗ്രീക്കിലെ ഓരോ വാക്കുകളുടെയും ഉല്പത്തി അറിയുന്നതിനുള്ള ആധികാരികമായ പുസ്തകമാണിത്. വാക്കുകളുടെ ഉല്പത്തി, നിർവ്വചനങ്ങൾ എന്നിവ ഗ്രീക്ക് അക്ഷരമാല ക്രമത്തിൽ ക്രമീകരിച്ചിരിക്കുന്ന ഒന്നാണിത്. ഇവയോടൊപ്പം ഒരു ഇന്റർലീനിയർ (interlinear – ഗ്രീക്ക് പാഠവും ഇംഗ്ലീഷ് ഭാഷാന്തരവും സമാന്തരമായി ചേർത്തിട്ടുള്ള ബൈബിൾ) ഉ ായിരിക്കുന്ന പക്ഷം ഗ്രീക്ക് അറിഞ്ഞുകൂടാത്ത വിശ്വാസികൾക്ക് പുതിയനിയമ ഗ്രീക്കിന്റെ വ്യാകരണവും ഘടനയും മനസ്സിലാക്കുവാൻ എളുപ്പമാണ്.

**അനാലജി ഓഫ് സ്ക്രിപ്ചർ (Analogy of Scripture)** എല്ലാ തിരുവെഴുത്തും ദൈവനിശ്വസനീയമാകയാൽ അവ തമ്മിൽ പൊരുത്തക്കേടുകൾ ഇല്ല എന്നതാണ് ഈ പ്രയോഗത്തിനടിസ്ഥാനം. ഇതിന്റെ അടിസ്ഥാനത്തിലാണ് വചനത്തെ വചനം കൊ ് വ്യാഖ്യാനിക്കണം എന്ന ആശയം ഉരുത്തിരിഞ്ഞത്.

**അവ്യക്തത (Ambiguity)** ര ാ അതിലധികമോ വസ്തുതകൾ ഒരേ സമയം പരാമർശിക്കുകയും ഒരു 'രേഖ'യ്ക്ക് ഒന്നിലധികം അർത്ഥതലങ്ങൾ സംശയാസ്പദമായി ഉ ാകുകയും ചെയ്യുമ്പോൾ ഈ വാക്ക് ഉപയോഗിക്കാറു ്. യോഹന്നാൻ മന:പൂർവ്വം ഇത്തരം പ്രയോഗങ്ങൾ ഉപയോഗിച്ചിരുന്നു എന്ന് കരുതുന്നു (double entendres).

**ആന്ത്രോപ്പോമോർഫിക് (Anthropomorphic)** 'മനുഷ്യ വർഗ്ഗത്തിന്റെ സ്വഭാവസവിശേഷതകളോടു കൂടിയ' എന്നർത്ഥം. ദൈവത്തെ പരാമർശിക്കുവാൻ നമ്മുടെ ഭാഷയിൽ ഇത്തരത്തിലേ സാധിക്കുകയുള്ളൂ. യവന ഭാഷയിൽ മനുഷ്യവർഗ്ഗത്തെ കുറിക്കുന്നതാണ് ഈ പദം. ദൈവത്തെ ഒരു മനുഷ്യനായി കല്പിച്ച് പറയേ ിവരുമ്പോൾ ആണിത് പ്രയോഗിക്കേ ിവരുന്നത്. മനുഷ്യനോടുള്ള ബന്ധത്തിൽ ദൈവത്തെ ശാരീരികമായ, സാമൂഹികമായ, മാനസികമായ തലങ്ങളിൽ പറയേ ിവരുമ്പോൾ ആണിതിന്റെ പ്രസക്തി (ഒ.നോ. ഉല്പ.3:8; 1രാജാ.22:19–23). ഇത് വെറും പ്രതിരൂപാത്മകം മാത്രമാണ്. നമുക്ക് ദൈവികമായ ഇത്തരം കാര്യങ്ങൾ പരാമർശ്ശിക്കുവാൻ വേറെ നിർവ്വാഹമില്ല തന്നെ. ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് സത്യമാണെങ്കിലും വളരെ പരിമിതമാണ്.

**അന്ത്യോക്ക്യൻ പഠനരീതി (Antiochian School)**

സിറിയയിലെ അന്ത്യോക്ക്യയിൽ മൂന്നാം നൂറ്റാ ിൽ ഉ ായ വചന വ്യാഖ്യാന രീതിയാണിത്. ഈജിപ്റ്റിലെ അലക്സാ ്രിയയിൽ ഉ ായ ആലങ്കാരിക വ്യാഖ്യാനത്തിനു എതിരായിട്ടാണ് ഇത് പ്രചരിച്ചത്. വചനത്തിന്റെ ചരിത്രപരമായ അർത്ഥം കെ ത്തുകയാണ് ഇതിന്റെ ലക്ഷ്യം. വചനത്തെ സാധാരണ ഒരു സാഹിത്യമായി, ആക്ഷരികമായി, അവർ പരിഗണിക്കുന്നു. ഈ പഠനരീതിയിൽ ക്രിസ്തുവിന് ര ു സ്വഭാവങ്ങൾ (Nestorianism) ഉ ായിരുന്നോ അതോ ഒരേ സ്വഭാവമായിരുന്നോ (പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും) എന്നത് ചർച്ച ചെയ്യപ്പെട്ടു. റോമൻ കത്തോലിക്ക സഭ ഇതിനെ ദുരുപദേശപരമായ വ്യാഖ്യാന രീതിയായി മുദ്ര കുത്തി. ഇതിന്റെ പ്രസക്തമായ വ്യാഖ്യാന രീതികൾ പില്ക്കാലത്ത് പ്രൊട്ടസ്റ്റന്റ് നവീകരണ കാലത്ത് കാൽവിനും ലൂഥറുമൊക്കെ സ്വീകരിച്ചിരുന്നു.

**ആന്റിതെറ്റിക്കൽ (Antithetical)** എബ്രായ പദ്യത്തിലെ ര ു വരികൾ തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്ന മൂന്നു രീതികളിൽ ഒന്നാണിത്. പരസ്പരം എതിരായി വരുന്ന വരികൾക്കാണിത് പറയുന്നത് (ഒ.നോ. സദൃ.10:1; 15:1).

**ഭാവികാല സാഹിത്യം (Apocalyptic literature)** ഇത് യഹൂദജനത്തിനു മാത്രം ശീലമുള്ള ഒരു സാഹിത്യ രീതിയാണ്. ജാതീയ ആക്രമണങ്ങൾ യഹൂദന്മാർ നേരിടുമ്പോഴും, അവർ മറ്റു ജാതികളുടെ അടിമകളാകുമ്പോഴും പ്രവാചകന്മാർ ഉപയോഗിച്ചിരുന്ന ഒരുതരം എഴുത്തുകളാണിവ. യിസ്രായേലിനോട് ഒരു പ്രത്യേക താല്പര്യവും മമതയുമുള്ള ഒരു വ്യക്തിയായ, രക്ഷിക്കുന്ന ദൈവം ലോകത്തെ സൃഷ്ടിക്കുകയും അതിനെ നിയന്ത്രിക്കുകയും ചെയ്യുന്നു എന്നതിൽ ഇത് അധിഷ്ഠിതമായിരിക്കുന്നു. ദൈവത്തിന്റെ ഇടപെടലിലൂടെ യിസ്രായേലിന് പരിപൂർണ്ണ വിജയം ഇത് ഉറപ്പാക്കുന്നു.

ഇത് ആലങ്കാരികവും ചിഹ്നങ്ങൾ നിറഞ്ഞതും നിഗൂഡാർത്ഥങ്ങൾ ഉള്ളവയുമാണ്. സത്യത്തെ നിറങ്ങൾ, അക്കങ്ങൾ, ദർശനങ്ങൾ, സ്വപ്നങ്ങൾ, ദൂതന്മാരുടെ പ്രവൃത്തികൾ, ചില രഹസ്യ കോഡുകൾ, നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനം എന്നിവയിലൂടെ വ്യക്തമാക്കുന്നു.

ഈ സാഹിത്യരൂപത്തിന് ഉദാഹരണങ്ങൾ, (1) പഴയനിയമത്തിൽ യെഹെസ്ക്കേൽ (ഒ.നോ. അധ്യാ.36–48), ദാനിയേൽ (ഒ.നോ. അധ്യാ.7–12), സെഖര്യാവ് (2) പുതിയ നിയമത്തിൽ മത്തായി. 24, മർക്കൊസ്.13, 2തെസ്സലോനിക്യർ.2, വെളിപ്പാടുപുസ്തകം.

**ക്രിസ്തീയ ന്യായവാദ ശാസ്ത്രം (Apologetics)** 'നിയമപരമായി പ്രതിരോധിക്കുക' എന്നാണ് ഗ്രീക്കിൽ ഇതിനർത്ഥം. ക്രിസ്തീയ വിശ്വാസത്തിന് ആധാരമായ ന്യായങ്ങളും തെളിവുകളും നല്കുക എന്നതാണ് ദൈവശാസ്ത്രത്തിലെ ഈ വിഭാഗത്തിന്റെ ലക്ഷ്യം.

**അനുമാനം (A priori)** 'മുൻവിധി' എന്ന വാക്കിന് സമാനപദമായി ഇതുപയോഗിക്കപ്പെടുന്നു. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട തത്വങ്ങൾ, നിർവചനങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ യുക്തിപരമായ

തീരുമാനമാണിത്. വിശദീകരണങ്ങളോ വിലയിരുത്തലുകളോ ഇല്ലാതെയാണ് വസ്തുതകൾ നിർണ്ണയിക്കപ്പെടുന്നത്.

**ഏരിയനിസം (Arianism)** നാലാം നൂറ്റാ ിന്റെ ആദ്യത്തിൽ ഈജിപ്റ്റിലെ അലക്സാ്ര ിയയിൽ ജീവിച്ചിരുന്ന ഒരു മൂപ്പനായിരുന്നു അരിയൂസ്. യേശുക്രിസ്തുവിന്റെ പൂർവ്വാസ്തിക്യം താൻ അംഗീകരിച്ചു എങ്കിലും പിതാവിനു തുല്യനായി സ്വർഗ്ഗീയനാണെന്ന് അംഗീകരിച്ചിരുന്നില്ല. സദൃ.8:22–31 ആണ് താൻ അതിനാധാരമായി എടുത്തിരുന്നത്. അലക്സാ്ര ിയയിലെ ബിഷപ്പ് ഇതിനെതിരായി രംഗത്തു വരികയും (എ.ഡി.318) ഈ തർക്കം ചില വർഷങ്ങൾ തന്നെ തുടരുകയും ചെയ്തു. പൗരസ്ത്യ സഭകളുടെ (Eastern Church) ആധികാരിക പ്രമാണമായി ഏരിയനിസം മാറി. എ.ഡി.325–ലെ നിഖ്യ സുന്നഹദോസിൽ ഇതിനെ ഖണ്ഡിക്കുകയും പുത്രൻ പിതാവിനു തുല്യനാണെന്നു സ്ഥിരീകരിക്കുകയും ചെയ്തു.

**അരിസ്റ്റോട്ടിൽ (Aristotle)** പുരാതന യവന ദേശത്തിലെ ഒരു താത്വികനായിരുന്നു അലക്സാ റിന്റെ ഗുരുവും പ്ലാറ്റോയുടെ ശിഷ്യനുമായ അരിസ്റ്റോട്ടിൽ. ആധുനിക പഠന രീതികളിൽ തന്നെയും തന്റെ സ്വാധീനം ഇന്നും കാണുവാൻ കഴിയും. ഇതിനു കാരണം നിരീക്ഷണത്തിലൂടെയും തരംതിരിക്കലിലൂടെയും അറിവു നേടുക എന്നതായിരുന്നു തന്റെ ലക്ഷ്യം – ശാസ്ത്രീയമായ ഒരു രീതിയായിരുന്നു ഇത്.

**ആദ്യകയ്യെഴുത്തുപ്രതി (Autograph)** ബൈബിളിന്റെ ആദ്യകയ്യെഴുത്തുപ്രതിയെ ഇതു കുറിക്കുന്നു. ഇത്തരത്തിലുള്ള ആദ്യകയ്യെഴുത്തു പ്രതികളെല്ലാം തന്നെ നഷ്ടപ്പെട്ടുപോയിരിക്കുന്നു. അവയുടെ പകർപ്പുകളുടെ പകർപ്പുകളാണ് ഇന്ന് നിലവിലുള്ളവ. ഇന്നുള്ള ഗ്രീക്ക്, എബ്രായ കയ്യെഴുത്തു പ്രതികളിൽ കാണുന്ന വ്യത്യാസങ്ങൾക്കു കാരണം ഇതാണ്.

**ബെസെ (Bezae)** ആറാം നൂറ്റാ ിലേതായ ഗ്രീക്ക്, ലാറ്റിൻ കയ്യെഴുത്തു പ്രതിയാണിത്. ഇതിനെ ‘ D' എന്ന അക്ഷരം കൊ ാണ് സൂചിപ്പിക്കുന്നത്. ഇതിൽ സുവിശേഷങ്ങളും അ.പ്രവൃത്തികളും പൊതുലേഖനങ്ങളിൽ ചിലതും (general epistles) കാണപ്പെടുന്നു. പകർത്തിയെഴുതുന്നയാളുടെ (scribes) അനേകം കുറിപ്പുകൾ ഇതിൽ കാണപ്പെടുന്നു. കിംഗ് ജെയിംസ് വെർഷൻ (KJV) ബൈബിളിന്റെ ആധികാരികത ഈ പ്രതിയിലാണ്.

**മുൻവിധി (Bias)** ഒരു വസ്തുവിനെ/വസ്തുതയെ സംബന്ധിച്ചുള്ള ശക്തമായ ഒരു മുൻവിധി വ്യക്തമാക്കുവാനാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. അതായത് മുൻവിധി ഉ ായിരിക്കും കാലത്തോളം ആ വസ്തുതയോടുള്ള ബന്ധത്തിൽ നിഷ്പക്ഷത ഉ ാവുകയില്ല. മുൻവിധിയോടുകൂടിയ ഒരു തീരുമാനമായിരിക്കും ഫലം.

**വചനത്തിന്റെ ആധികാരികത (Biblical Authority)** ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രമാണ് ഇതിന്റെ പ്രസക്തി നാം കാണുന്നത്. എഴുത്തുകാരൻ തന്റെ എഴുത്തിലൂടെ അന്ന് എന്താണ് അർത്ഥമാക്കിയിരുന്നത് എന്നു മനസ്സിലാക്കി, അതിന്റെ ഇന്നത്തെ ആശയം മനസ്സിലാക്കുന്നതിലാണ് ഇതിന് പ്രസക്തിയുള്ളത്. വചനം മാത്രമാണ് ആധികാരിക ഗ്രന്ഥം എന്നതാണ് ഇതിന്റെ നിർവചനം. ഇന്നത്തെ അനവധി വ്യാഖ്യാന പ്രമാണങ്ങളുടെ പശ്ചാത്തലത്തിൽ, വചനത്തെ വ്യാഖ്യാനിക്കുന്നത് എന്റെ അഭിപ്രായത്തിൽ, ഹിസ്റ്റോറിക്കൽ ഗ്രമാറ്റിക്കൽ (വശൈ്യേശരമഹഴൃമാാമശേരമഹ) രീതിയിലായിരിക്കണം.

**കാനോൻ (Canon)** പഴയ – പുതിയ നിയമ പുസ്തകങ്ങളിലെ ദൈവനിശ്വസനീയ എഴുത്തുകളോടുള്ള ബന്ധത്തിലാണ് ഈ വാക്ക് ഉപയോഗിക്കുന്നത്.

**ക്രിസ്റ്റോസെൻട്രിക് (Christocentric)** ക്രിസ്തു കേന്ദ്രീകൃതം എന്നർത്ഥം. ഞാൻ ഇതിനെ, വചനത്തിലെ കേന്ദ്രവിഷയം ക്രിസ്തുവാണെന്ന ധാരണയിലാണ് ഉപയോഗിക്കുന്നത്. പഴയനിയമം ക്രിസ്തുവിലേക്ക് വിരൽ ചൂ ുകയും അതിന്റെ ലക്ഷ്യവും നിവർത്തിയും ക്രിസ്തുവിൽ നാം കാണുകയും ചെയ്യുന്നു (ഒ.നോ. മത്താ.5:17–48).

**വ്യാഖ്യാന ഗ്രന്ഥം (Commentary)** ഇതൊരു പ്രത്യേക രീതിയിലുള്ള പഠനഗ്രന്ഥമാണ്. ബൈബിളിലെ പുസ്തകങ്ങൾക്ക് ഒരു പൊതുവായ പശ്ചാത്തലം ഇതിലൂടെ ലഭിക്കുന്നു. മാത്രമല്ല ഓരോ ഭാഗങ്ങൾക്കും അതിന്റേതായ ഒരു വിശദീകരണവും നല്കുന്നു. ചിലതിൽ പ്രായോഗികതയ്ക്കു പ്രാധാന്യം നല്കിയിരിക്കുമ്പോൾ മറ്റു ചിലതിൽ സാങ്കേതികതയ്ക്കു പ്രാധാന്യം നല്കി കാണുന്നു. ഈ പുസ്തകങ്ങൾ വളരെ സഹായകമാകുന്നു എങ്കിലും വചനം വായിക്കാതെ, പഠിക്കാതെ ഇതിനെ

മാത്രം ആശ്രയിക്കുന്നതു നന്നല്ല. ഈ പുസ്തകത്തിലെ വിശദീകരണങ്ങൾ ഒന്നും ചിന്തിക്കാതെയും നിരീക്ഷിക്കാതെയും സ്വീകരിക്കരുത്. പല വീക്ഷണങ്ങളുള്ള ഒന്നിലധികം കമന്ററികൾ ഒരുമിച്ചുപയോഗിക്കുന്നത് നന്നായിരിക്കും.

**കൺകോർഡൻസ് (Concordance)** വചന പഠനത്തിന് സഹായകമായിട്ടുള്ള മറ്റൊരു പുസ്തകമാണിത്. പഴയ - പുതിയ നിയമങ്ങളിലെ ഓരോ വാക്കുകളും എവിടെയെല്ലാം ആവർത്തിക്കുന്നു എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. ഇത് പല തരത്തിൽ പ്രയോജനപ്പെടുന്നു ്. (1) ഏതൊരു ഇംഗ്ലീഷ് വാക്കിന്റെയും മൂലഭാഷയിലെ വാക്ക് കെ ത്തുവാൻ (2) ഇതേ വാക്ക് ഉപയോഗിച്ചിരിക്കുന്ന മറ്റൊരു ഭാഗത്തെ ഇതുമായി താരതമ്യപ്പെടുത്തി പഠിക്കുവാൻ (3) ര ് വാക്കുകൾ (ഗ്രീക്കിലെയോ എബ്രായയിലെയോ) ഇംഗ്ലീഷിലെ ഒരു വാക്കു കൊ ് ഭാഷാന്തരം ചെയ്തിരിക്കുന്നത് കെ ത്തുവാൻ (4) ഒരേ വാക്ക് ഒരു പുസ്തകത്തിൽ എത്രത്തോളം ആവർത്തിച്ചിരിക്കുന്നു. (5) ഒരു വചനഭാഗം വചനത്തിൽ എവിടെയാണ് എന്നു കെ ത്തുന്നതിന് (cf. Walter Clark's *How to Use New Testament Greek Study Aids*, pp. 54-55)

**ചാവുകടൽ ചുരുളുകൾ (Dead Sea Scrolls)** ചാവുകടലിനു സമീപത്തു നിന്നും 1947-ൽ ലഭിച്ച പുരാതനമായ എബ്രായ, അരാമ്യ പ്രതികളാണിവ. ഒന്നാം നൂറ്റാ ിലെ യഹൂദ വിഭാഗങ്ങളിലൊന്നിന്റെ പുസ്തക ശേഖരമായിരുന്നു അത്. റോമൻ ആധിപത്യം കാരണവും 60-കളിലെ എരിവുകാരുടെ (Zealots) വിപ്ലവം കാരണവും അവർ ചുരുളുകളെ വായു കടക്കാത്ത മൺഭരണികളിലാക്കി ഗുഹകളിലും വിള്ളലുകളിലും സൂക്ഷിക്കുകയായിരുന്നു. ഒന്നാം നൂറ്റാ ിലെ പലസ്തീന്റെ ചരിത്ര പശ്ചാത്തലം മനസ്സിലാക്കുവാനും മാസൊറെറ്റിക് ടെക്സ്റ്റിന്റെ ആധികാരികത തിരിച്ചറിയുന്നതിനും ഇത് ഉപകരിക്കുന്നു. ഇതിനെ ' ഉടട' എന്ന ചുരുക്ക രൂപത്തിൽ അറിയപ്പെടുന്നു.

**ഡിഡക്റ്റീവ് (Deductive)** ഇത് ഇൻഡക്ടീവ് (inductive) എന്നറിയപ്പെടുന്ന രീതിയിൽ നിന്നും വിപരീതമായ ഒന്നാണ്; അതിൽ ശാസ്ത്രീയമായ രീതികളാൽ കെ ത്തിയ നിഗമനങ്ങൾ പൊതുവായ നിഗമനത്തിലെത്തുവാൻ ഉപയോഗിക്കപ്പെടുന്നു. എന്നാൽ ഡിഡക്റ്റീവിൽ പൊതുവായി കാണപ്പെടുന്ന (യുക്തിപരമായും താരതമ്യപരമായും) വസ്തുതകൾ യുക്തിപരമായി ചില യൂണിറ്റുകളിലേക്ക് കൊ ുവരുന്നതാണിത്.

**ഡയലക്റ്റിക്കൽ (Dialectical)** പരസ്പരം വൈരുദ്ധ്യമുള്ളതായി കാണുന്ന ര ു വസ്തുതകൾ, ര ിന്റെയും നന്മതിന്മകൾ മനസ്സിലാകുമാറ്, ഒരുമിച്ച് പരിഗണിച്ച് ഒരു നിഗമനത്തിലെത്തുന്നതാണിത്. ബൈബിളിൽ ഇത്തരത്തിൽ അനേകം കാര്യങ്ങൾ കാണപ്പെടുന്നു ്. മുൻനിയമനം - മനുഷ്യന്റെ ഇച്ഛാശക്തി, രക്ഷയുടെ ഭദ്രത - രക്ഷയുടെ നഷ്ടപ്പെടൽ, വിശ്വാസം - പ്രവൃത്തി, തീരുമാനം - ശിഷ്യത്വം, ക്രിസ്തീയ സ്വാതന്ത്ര്യം - ക്രിസ്തീയ ഉത്തരവാദിത്വം.

**ഡയസ്പോറ (Diaspora)** പാലസ്തീനിൽ സ്ഥിരതാമസമായിരിക്കുന്ന യഹൂദന്മാരിൽ നിന്നും പുറത്തുപോയി താമസിക്കുന്ന യഹൂദന്മാരെ വേർതിരിച്ച് മനസ്സിലാക്കുവാനാണീ പദം ഉപയോഗിക്കുന്നത്.

**ഡൈനാമിക് ഇക്വലന്റ് (Dynamic equivalent)** ഭാഷാന്തരത്തിലെ ഒരു സിദ്ധാന്തത്തിന്റെ പേരാണിത്. ഒന്നാമത്തേത് (''word to word" സിദ്ധാന്തം) ആക്ഷരികമായി എബ്രായ, ഗ്രീക്ക് വാക്കുകളെ ഇംഗ്ലീഷിലേക്ക് അതിന്റേതായ വാക്കുകൾ കൊ ് വിവക്ഷിക്കുന്നു. മറ്റൊന്ന് (''paraphrase" എന്ന രീതി) ഇതിൽ വാക്കുകൾക്ക് പ്രാധാന്യം നല്കാതെ ആശയത്തിനാണ് പ്രാധാന്യം നല്കിയിരിക്കുന്നത്. ഇതിന് ര ിനും മധ്യേ വരുന്ന ഒരു രീതിയാണ് മുൻപറഞ്ഞത്. ഇതിൽ മൂലവാക്കുകളെയും പ്രയോഗങ്ങളെയും ഗൗരവത്തോടെ കാണുകയും അവയെ ആധുനിക വ്യാകരണ നിയമങ്ങളുടെ പശ്ചാത്തലത്തിൽ ആധുനിക പ്രയോഗങ്ങളിലൂടെ അവതരിപ്പിക്കുന്നു. ഇത്തരം രീതികളെക്കുറിച്ചുള്ള ഉത്തമമായ വിശദീകരണം ബ്രാക്കറ്റിൽ പറയുന്ന പുസ്തകത്തിൽ കാണാവുന്നതാണ്. (Fee and Stuart's *How To Read The Bible For All It Is Worth*, p.35 and in Robert Bratcher's Introduction to the TEV)

**ഇലക്റ്റിക് (Electic)** 'ടെക്സ്റ്റുവൽ ക്രിട്ടിസിസ്'ത്തോടുള്ള ബന്ധത്തിലാണ് ഈ വാക്ക് ഉപയോഗിക്കാറുള്ളത്. അനേകം കയ്യെഴുത്തു പ്രതികളിൽ നിന്നും ഏറ്റവും കൂടുതൽ സാധ്യതയുള്ളത്, തിരഞ്ഞെടുക്കുന്നതുമായി ഇതു ബന്ധപ്പെട്ടിരിക്കുന്നു. ഏതെങ്കിലും ഒരു സ്ഥലത്തു നിന്നും ലഭിച്ച കയ്യെഴുത്തുപ്രതികൾ മൂലപ്രതിയുമായി ഏറ്റവും അടുത്തതായിരിക്കാം എന്ന വാദത്തെ ഇത് തള്ളിക്കളയുന്നു.

**ഐസജസിസ് (Eisegesis)** 'എക്സജസിസ്' എന്നതിന് വിപരീതമാണിത്. എക്സജസിസിൽ എഴുത്തുകാരൻ എന്താണ് അർത്ഥമാക്കുന്നത് എന്നതിന് പ്രാധാന്യം നല്കുമ്പോൾ, മറ്റു സാധ്യതകൾക്കും അഭിപ്രായങ്ങൾക്കും പ്രസക്തി കൊടുക്കുകയാണ് ഇതിൽ ചെയ്യുന്നത്.

**എറ്റിമോളജി (Etymology)** വാക്കുകളെക്കുറിച്ചുള്ള പഠനത്തിൽ വാക്കുകളുടെ മൂലാർത്ഥം ക ു പിടിക്കുന്നതാണിത്. അങ്ങനെ വാക്കുകളിലെ അടിസ്ഥാന ആശയം കെ ത്താനാകും. എന്നാൽ വ്യാഖ്യാനത്തിൽ അടിസ്ഥാന ആശയത്തിനല്ല, പശ്ചാത്തലത്തിലെ അർത്ഥത്തിനാണ് പ്രാധാന്യം.

**എക്സജെസിസ് (Exegesis)** ഒരു വേദഭാഗം വ്യാഖ്യാനിക്കുന്നതിനുള്ള രീതികളിൽ ഒന്നാണിത്. ചരിത്രപശ്ചാത്തലം, സാഹിത്യരീതി, വ്യാകരണം, വാക്കുകളുടെ പ്രയോഗങ്ങൾ എന്നിവ പരിഗണിച്ച് എഴുത്തുകാരന്റെ യഥാർത്ഥ ലക്ഷ്യം കെ ത്തുകയാണ് ഇതിൽ ചെയ്യുന്നത്.

**സാഹിത്യരീതി (Genre)** പല തരത്തിലുള്ള സാഹിത്യരൂപങ്ങളെക്കുറിക്കുന്ന 'ഫ്രഞ്ച്' പ്രയോഗമാണിത്. ഒരേ തരം സ്വഭാവ സവിശേഷതകൾ ഉള്ള സാഹിത്യ രൂപങ്ങളെ തരംതിരിച്ച് മനസ്സിലാക്കുന്നു. (ഉദാ: ചരിത്രപരം, പദ്യം, ഭാവികാലപരം, നീതിനിയമപരം, സദൃശവാക്യങ്ങൾ)

**ജ്ഞാനവാദം (Gnosticism)** ര ാം നൂറ്റാ ിലെ ജ്ഞാനവാദപരമായ എഴുത്തുകളിൽ നിന്നാണ് ഇതിനെക്കുറിച്ചുള്ള ഒരു ഏകദേശ രൂപം നമുക്ക് ലഭിക്കുന്നത്. എങ്കിലും അതേ ആശയങ്ങൾ ഒന്നാം നൂറ്റാ ിലും അതിനു മുമ്പും ഉ ായിരുന്നു.

ര ാം നൂറ്റാ ിലെ ജ്ഞാനവാദത്തിന്റെ ചില മുഖങ്ങൾ: (1) ആത്മാവും ഭൗതികവും ഒരുപോലെ നിത്യമാണ് (an ontological dualism). ഭൗതികം തിന്മ നിറഞ്ഞതായിരിക്കുമ്പോൾ ആത്മാവ് ശുദ്ധമാണ്. ആത്മാവാകുന്ന ദൈവം പരിശുദ്ധനാകയാൽ തിന്മ നിറഞ്ഞ ഭൗതികവുമായി നേരിട്ട് ബന്ധപ്പെടുന്നില്ല. (2) അതിനാൽ ഈ ദൈവത്തിനും പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവത്തിനുമിടയിൽ അനേകം ദൂതസമാന ദൈവങ്ങളു ് (*eons* or angelic levels). അതിൽ അവസാനത്തേതും തീരെ നിസ്സാരനായവനുമാണ് പഴയനിയമത്തിലെ സൃഷ്ടിതാവായ 'യഹോവ' (YHWH). (3) യേശുക്രിസ്തു യഹോവയെപ്പോലെ ഈ ശ്രേണിയിൽ ഒരുവൻ മാത്രം. എന്നാൽ യഹോവയെക്കാൾ (YHWH) ഉന്നതനാണ്. ചിലർ അദ്ദേഹത്തെ ഏറ്റവും ഉന്നതനായി കണക്കാക്കുന്നു എങ്കിലും യഥാർത്ഥ ദൈവത്തിന്റെ സ്ഥാനം നല്കുന്നില്ല; എന്നാൽ യഥാർത്ഥ ദൈവത്തിന്റെ തൊട്ടടുത്ത സ്ഥാനം നല്കുന്നു ്. ഒരിക്കലും ജഡാവതാരം ചെയ്ത യഥാർത്ഥ ദൈവം അല്ല (യോഹ. 1:14). ഭൗതികം തിന്മമയമായതിനാൽ യേശുവിന് ഒരു മാനുഷശരീരം ഉ ായിരിക്കുവാൻ സാധ്യതയില്ല. അവിടുന്ന് ഒരു ആത്മിക പ്രതിഭാസമാണ് (spiritual phantom) (ഒ.നോ. 1 യോഹ.1:1–3; 4:1–6). (4) യേശുക്രിസ്തുവിലെ വിശ്വാസത്താലും പ്രത്യേക ജ്ഞാനത്താലുമല്ലാതെ രക്ഷ സാധ്യമല്ല; ഈ ജ്ഞാനമാകട്ടെ ചില പ്രത്യേക വ്യക്തികൾക്കു മാത്രം സാധിക്കുന്നതുമാണ്. സ്വർഗ്ഗീയതലങ്ങളിലൂടെ കടന്നുപോകുവാൻ ജ്ഞാനം (passwords) ആവശ്യമാണ്. യഹൂദമതാനുസൃതമായ കർമ്മങ്ങളും ദൈവത്തിങ്കലേക്കെത്തുവാൻ അത്യന്താപേക്ഷിതമാണ്.

ജ്ഞാനവാദികളായ ദുരുപദേശകർ ര ു തരത്തിലുള്ള ധാർമ്മികവശങ്ങൾ പറയാറു ്. (1) ചിലർക്ക് ജീവിതശൈലി രക്ഷയുടെ കാര്യത്തിൽ പ്രസക്തമല്ല. അവരുടെ അഭിപ്രായത്തിൽ രക്ഷയും ആത്മീയതയും നിഗൂഢജ്ഞാനവുമായി സമ്മേളിച്ച് നമ്മെ സ്വർഗ്ഗീയ തലങ്ങളിലേക്ക് കടക്കുവാൻ പ്രാപ്തരാക്കുന്നു [salvation and spirituality were encapsulated into secret knowledge (passwords) through the angelic spheres (*eons)]*. (2) ര ാമത്തേതിൽ ജീവിതം നിർണ്ണായകമാണ്. അവരുടെ അഭിപ്രായത്തിൽ ബ്രഹ്മചര്യം യഥാർത്ഥ ആത്മികതയുടെ യഥാർത്ഥ ലക്ഷണമാണ്.

**വ്യാഖ്യാനം (Hermeneutics)** ഒരു വേദഭാഗത്തെ വ്യാഖ്യാനിച്ചു മനസ്സിലാക്കുന്ന ശാഖയാണിത്. ഇത് ഒരുതരത്തിൽ ചില മാനദണ്ഡങ്ങളും മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരു കഴിവും കലയുമാണ്. വിശുദ്ധ എഴുത്തുകളെ സംബന്ധിച്ചിടത്തോളം ഇത്തരം നിബന്ധനകളെ ര ായി തിരിക്കാം; പൊതുവായ മാനദണ്ഡങ്ങളും നിർദ്ദിഷ്ട മാനദണ്ഡങ്ങളും. ബൈബിളിൽ കാണുന്ന വ്യത്യസ്തമായ എല്ലാ സാഹിത്യരൂപങ്ങളോടുള്ള ബന്ധത്തിലും ഇത് ശരിയാണ്. അതായത്, വചനത്തിലെ ഓരോ സാഹിത്യരൂപങ്ങൾക്കും അതിന്റേതായ തനതായ മാനദണ്ഡങ്ങൾ ഉ ായിരിക്കുമ്പോൾ തന്നെ, എല്ലാറ്റിനും പൊതുവായ ചില രീതികളും വ്യത്യസ്തതകളുമു ുതാനും.

**ഹയർ ക്രിട്ടിസിസം (Higher Criticism)** ബൈബിളിലെ ഒരു പുസ്തകത്തിന്റെ ചരിത്രപരമായ പശ്ചാത്തലവും സാഹിത്യഘടനയും പരിഗണിക്കുന്ന വ്യാഖ്യാനരീതിയാണിത്.

**ഭാഷാശൈലി (Idiom)** വാക്കുകൾക്കുള്ള തനതായ അർത്ഥം എടുക്കാനാകാതെ മറ്റൊരർത്ഥം വ്യഞ്ജിപ്പിക്കുന്ന, ഓരോ ഭാഷയിലും കാണുന്ന, ശൈലീപ്രയോഗങ്ങളാണിവ. ഇംഗ്ലീഷിലെ ചില ആധുനിക പ്രയോഗങ്ങളിൽ ഒന്ന്. ''എന്നെ ഇപ്പോൾ കൊന്നേക്ക്'' (you just kill me). വചനത്തിലും ഇത്തരം ശൈലീപ്രയോഗങ്ങൾ കാണുവാൻ കഴിയും.

**പ്രകാശനം (Illumination)** ദൈവം മനുഷ്യനുമായി സംസാരിക്കുന്നതിനെ പരാമർശിക്കുന്നതാണിത്. ക്രോഡീകരിച്ചു പറഞ്ഞാൽ അവ: (1) വെളിപ്പാടുകൾ :- ദൈവം മാനവസമൂഹത്തിന് വെളിപ്പെടുത്തുന്നു. (2) ദൈവനിശ്വസീയത :- ദൈവം താൻ വെളിപ്പെടുത്തുന്നവ അതിന്റേതായ കൃത്യതയോടെ എഴുതുവാൻ ചിലർക്ക് ദൈവം നല്കുന്ന കഴിവ്. (3) പ്രകാശനം :- എഴുതിയവ സ്വയം മനസ്സിലാക്കുവാൻ ദൈവാത്മാവ് ഒരുവനിൽ നല്കുന്ന വെളിച്ചം.

**പ്രേരകരീതി (Inductive)** യുക്തിയുടെയും സാധ്യതകളുടെയും അടിസ്ഥാനത്തിൽ ചിന്തിച്ച് വചനവുമായി പൊരുത്തപ്പെടുന്ന ഒരു രീതിയാണിത്. ആധുനിക ശാസ്ത്രത്തിന്റെ വസ്തുനിഷ്ഠമായ പ്രവണതയാണിത്. അരിസ്റ്റോട്ടിലിന്റെ ഒരു സമീപനമായിരുന്നു ഇത്.

**ഇന്റർലീനിയർ (Interlinear)** മൂലഭാഷാ വാക്കുകളുടെ ജ്ഞാനം (അർത്ഥവും ഘടനയും) വേ ത്ര ഇല്ലാത്തവർക്ക് പ്രയോജനപ്പെടുന്ന ഒരു പഠനോപാധിയാണിത്. മൂലഭാഷയുടെ മുകളിലായി ഇംഗ്ലീഷ് ഭാഷാന്തരം നല്കിയിരിക്കുന്നു. ഇതിനോടൊപ്പം മൂലഭാഷാനിഘ ുവും ഉപയോഗിക്കുകയാണെങ്കിൽ എബ്രായ ഗ്രീക്കു ഭാഷകളുടെ അടിസ്ഥാന ആശയം കിട്ടുന്നതാണ്.

**ദൈവശ്വാസീയത (Inspiration)** മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ അരുളപ്പാടുകൾ വെളിപ്പാടുകളായി നല്കുമ്പോൾ അവ, യാതൊരു തലത്തിലുള്ള തെറ്റുകളും സംഭവിക്കാതെ രേഖപ്പെടുത്തുന്നതിനെയാണ് 'ദൈവനിശ്വസനീയത' എന്നു പറയുന്നത്. ഇതിന്റെ പൂർണ്ണരൂപം മൂന്നു വാക്കുകളെ ആശ്രയിച്ചിരിക്കുന്നു: (1) വെളിപ്പാടുകൾ :- ദൈവം മാനവസമൂഹത്തിന് വെളിപ്പെടുത്തുന്നു. (2) ദൈവനിശ്വസീയത :- ദൈവം താൻ വെളിപ്പെടുത്തുന്നവ അതിന്റേതായ കൃത്യതയോടെ എഴുതുവാൻ ചിലർക്ക് ദൈവം നല്കുന്ന കഴിവ്. (3) പ്രകാശനം :- എഴുതിയവ സ്വയം മനസ്സിലാക്കുവാൻ ദൈവാത്മാവ് ഒരുവനിൽ നല്കുന്ന വെളിച്ചം.

**വിശദീകരണഭാഷ (Language of description)** പഴയനിയമ ഭാഷാശൈലി സംബന്ധമായ ഒന്നാണിത്. പ്രപഞ്ചത്തിലുള്ളവ നമ്മുടെ ഇന്ദ്രിയങ്ങൾക്ക് എങ്ങനെ അനുഭവവേദ്യമാകുന്നു എന്നതാണിതിനടിസ്ഥാനം. ഇത് ശാസ്ത്രീയമായ ഒരു സമീപനമല്ല; നമുക്ക് അതെങ്ങനെ അനുഭവപ്പെടുന്നു എന്നാണ്.

**ലീഗലിസം (Legalism)** നിയമങ്ങൾക്കും ആചാരങ്ങൾക്കും അമിത പ്രാധാന്യം നല്കുന്ന മനോഭാവം. ദൈവം പ്രസാദിക്കും എന്ന തോന്നലാണിതിന് അടിസ്ഥാനം. ദൈവത്തോടുള്ള ബന്ധത്തിന്റെ പ്രാധാന്യം കുറയുകയും മാനുഷിക പ്രവൃത്തിക്ക്/ നേട്ടങ്ങൾക്ക് പ്രാധാന്യമു ാകുകയും ചെയ്യുന്നു. എന്നാൽ പാപിയായ മനുഷ്യന്റെ ദൈവത്തോടുള്ള സമീപനത്തിൽ ഇവ ര ും തത്തുല്യ പ്രാധാന്യങ്ങളാണ്.

**ആക്ഷരികം (Literal)** ആക്ഷരികാർത്ഥത്തിനും ചരിത്രപരമായ വ്യാഖ്യാനത്തിനും പ്രാധാന്യം നല്കുന്ന, അന്ത്യോക്ക്യൻ വ്യാഖ്യാനരീതിയാണിത്. വായനയിൽ തന്നെ ലഭ്യമാകുന്ന, അർത്ഥത്തിനാണ് ഇത് പ്രാധാന്യം നല്കുന്നത്. ആലങ്കാരിക പ്രയോഗങ്ങളെ ആലങ്കാരികമായിട്ടു കാണുന്നു.

**സാഹിത്യരൂപം (Literary genre)** പദ്യഭാഷയാണോ ഗദ്യഭാഷയാണോ വിനിമയ ഉപാധിയായി ഉപയോഗിച്ചിരിക്കുന്നത് എന്നതാണിതിലെ ചോദ്യം. ഓരോ സാഹിത്യരൂപത്തിനും അതിന്റേതായ വ്യാഖ്യാന പ്രമാണങ്ങളുമു ്.

**ഭാഗം (Literary unit)** ഒരു പുസ്തകത്തിലെ പ്രമേയമനുസരിച്ചുള്ള തരംതിരിവാണിത്. ഒരു ഭാഗത്തിൽ ഒന്നോ അതിലധികമോ ഖണ്ഡികകൾ ഉ ാകും; ചിലപ്പോൾ അദ്ധ്യായങ്ങളും. ഒരു വിഷയം കേന്ദ്രീകരിച്ചായിരിക്കും ഓരോ ഭാഗങ്ങളും നിലകൊള്ളുന്നത്.

**ലോവർ ക്രിട്ടിസിസം (Lower criticism)** (ടെക്സ്റ്റുവൽ ക്രിട്ടിസിസം കാണുക)

**കയ്യെഴുത്തു പ്രതി (Manuscript)** പുതിയ നിയമത്തിന്റെ ഗ്രീക്ക് പ്രതികൾക്കാണിത് ഉപയോഗിക്കുന്നത്. ഈ പ്രതികളെ പല വിഭാഗങ്ങളായി തിരിക്കാറു ്. 1. എഴുതിയിരിക്കുന്ന വസ്തുവിന്റെ അടിസ്ഥാനത്തിൽ

(papyrus, leather) 2. ഏതു രീതിയിലാണ് എഴുതിയിരിക്കുന്നത് എന്ന അടിസ്ഥാനത്തിൽ ധഎല്ലാം വലിയ അക്ഷരത്തിലാണോ, എല്ലാം കൂട്ടക്ഷരത്തിലാണോ (all capitals or running script)

ഒരു മാനുസ്ക്രിപ്റ്റ് ആകുന്നു എങ്കിൽ ഏകവചന രൂപത്തെ കുറിക്കുന്ന ‘‘MS" എന്നും ഒന്നിലധികമെങ്കിൽ ബഹുവചനരൂപം ദ്യോതിപ്പിച്ച് ‘"MSS" എന്നും ചുരുക്കെഴുത്തു ്.

**മാസൊറെറ്റിക് ടെക്സ്റ്റ് (Masoretic Text)** എ.ഡി.9-ാം നൂറ്റാ ിലേതാണിത്. സ്വരാക്ഷരങ്ങളില്ലാതിരുന്ന എബ്രായ എഴുത്തുകൾക്ക് സ്വരാക്ഷരങ്ങളും അടിക്കുറിപ്പുകളും നല്കി. ഈ പ്രതിയാണ് ഇംഗ്ലീഷ് വിവർത്തനത്തിന് അടിസ്ഥാനമായിത്തീർന്നത്. ചാവുകടൽ ചുരുളുകളിൽ നിന്നും ഇത്തരത്തിലുള്ള യെശയ്യാവിന്റെ പ്രവചനം ലഭിച്ചിട്ടു ്. "MT’ എന്ന ചുരുക്കെഴുത്താണ് സാധാരണയായി ഇതിനു കൊടുക്കുന്നത്.

**മെറ്റോണിമി (Metonymy)** ഇതൊരു ആലങ്കാരിക പ്രയോഗമാണ്. ഒന്നിനെ പരാമർശിക്കുന്നു എങ്കിലും മറ്റൊന്നിനെയാണ് അത് കുറിക്കുന്നത്. ഉദാ: ‘പാത്രം തിളയ്ക്കുന്നു’ എന്നു പറയുമ്പോൾ ‘പാത്രം’ എന്നു പറയുന്നത് പാത്രത്തിലെ ‘വെള്ളത്തെ’ കുറിക്കുന്നു.

**മുറട്ടോറിയൻ ലിഖിതങ്ങൾ (Muratorian Fragments)** പുതിയനിയമ കാനോനികതയെ കുറിക്കുന്ന ഒരു പ്രതിയാണിത്. എ.ഡി.200-നു മുമ്പ് ഇത് എഴുതപ്പെട്ടു. ഇന്ന് പുതിയ നിയമത്തിലുള്ള 27 പുസ്തകങ്ങളും ഇതിൽ കാണപ്പെടുന്നു. 4-ാം നൂറ്റാ ിലെ സുന്നഹദോസുകളിലൂടെ 27 പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്നതിനു മുമ്പ് റോമൻ സാമ്രാജ്യത്തിലെ ‘വീട്ടിലെ സഭകളിൽ’ ഇത്തരത്തിൽ ക്രോഡീകരിക്കപ്പെട്ട് തിരഞ്ഞെടുക്കപ്പെട്ട 27 പുസ്തകങ്ങൾ പ്രചാരത്തിലിരുന്നു എന്നത് വ്യക്തമാകുന്നു.

**പ്രകൃത്യായുള്ള വെളിപ്പാടുകൾ (Natural Revelation)** ദൈവിക വെളിപ്പാടുകളുടെ ഒരു മുഖാന്തരമാണിത്( ഒ.നോ. റോമ.1:19-20;. പ്രപഞ്ചവും മനസ്സാക്ഷിയും ഇതിന്റെ ഭാഗമാണ് (ഒ.നോ. റോമ 2:14-15). ഇതിനെക്കുറിച്ച് സങ്കീ.19:1-6 ലും റോമർ 1, 2 അദ്ധ്യായങ്ങളിലും കാണാം. വചനത്തിലൂടെയും യേശുക്രിസ്തുവിലൂടെയും വെളിപ്പെട്ട പ്രത്യേക (specific) വെളിപ്പാടുകളിൽ നിന്നും ഇത് വിഭിന്നമാണ്.

ക്രിസ്തീയ ശാസ്ത്രജ്ഞരുടെ (Christian Scientists) ‘old earth' പ്രസ്ഥാനം പുനരാഖ്യാനം ചെയ്ത ദൈവശാസ്ത്ര ശാഖയാണിത്. (eg. the writings of Hugh Ross). അതിൻ പ്രകാരം സത്യമെന്നാൽ ‘ദൈവിക സത്യമാണ്’. സത്യദൈവത്തെ അറിയുവാനുള്ള തുറന്ന വാതിൽ ആണ് പ്രകൃതി. ആധുനിക ശാസ്ത്രത്തിന് ദൈവികമായവയെക്കുറിച്ച് ഗവേഷണം നടത്തുന്നതിന് ഒരു തുറന്ന വാതായനം ഇതു നല്കുന്നു. എന്റെ അഭിപ്രായത്തിൽ ആധുനിക ശാസ്ത്രത്തിന്റെ പിടിയിലായിരിക്കുന്ന പാശ്ചാത്യസമൂഹത്തോട് സുവിശേഷം പങ്കുവയ്ക്കുവാനുള്ള നല്ലൊരു മാർഗ്ഗമാണിത്.

**നെസ്റ്റോറിയനിസം (Nestorianism)** 5-ാം നൂറ്റാ ിൽ കോൺസ്റ്റാന്റിനോപ്പിളിൽ ഉ ായിരുന്ന ഒരു സഭാപിതാവായിരുന്നു നെസ്റ്റോറിയസ്. സിറിയയിലെ അന്ത്യോക്ക്യയിൽ വച്ച് ഇദ്ദേഹം യേശുവിന് ര ു സ്വഭാവങ്ങൾ - പൂർണ്ണമനുഷ്യനും പൂർണ്ണദൈവവും - ഉ ായിരുന്നതായി പഠിപ്പിച്ചു. ഈ പഠിപ്പിക്കൽ അലക്സാ്രിയയിലെ ‘യേശുവിന് ഒരേയൊരു സ്വഭാവം മാത്രമേയുള്ളൂ’ എന്ന ആശയത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ്. നെസ്റ്റോറിയന്റെ പ്രധാന വിഷയം യേശുവിന്റെ അമ്മയ്ക്ക് നല്കപ്പെട്ട ‘ദൈവമാതാവ്’ എന്ന നാമധേയമായിരുന്നു. അന്ത്യോക്ക്യയിൽ നിന്നും അതുപോലെ ശിക്ഷണം ലഭിച്ച അലക്സാ്രിയയിലെ സിറിൽ ഇതിനെ എതിർത്തു. അന്ത്യോക്ക്യ ആക്ഷരിക (historical-grammatical-textual) വ്യാഖ്യാനത്തിന്റെ കേന്ദ്രവും അലക്സാ്രിയ ആലങ്കാരിക വ്യാഖ്യാനത്തിന്റെ തലസ്ഥാനവും ആയിരുന്നു. നെസ്റ്റോറിയനെ ആത്യന്തികമായി സ്ഥാനഭ്രഷ്ടനാക്കുകയും നാടുകടത്തുകയും ചെയ്തു.

**യഥാർത്ഥ എഴുത്തുകാർ (Original author)** വചനം രേഖപ്പെടുത്തിയ യഥാർത്ഥ എഴുത്തുകാർ /ലേഖകരെ ഇത് കുറിക്കുന്നു.

**പാപ്പിറസ് (Papyri)** എഴുതുവാനായി ഈജിപ്റ്റിൽ പാപ്പിറസ് ഉപയോഗിച്ചിരുന്നു. മുളവർഗ്ഗത്തിൽപ്പെട്ട ഒന്നാണിതു ാക്കുവാൻ ഉപയോഗിച്ചിരുന്നത്. പുതിയ നിയമത്തിന്റെ ആദ്യകാല ഗ്രീക്ക് പ്രതികൾ ഇതിലായിരുന്നു എഴുതിയിരുന്നത്.

**സമാന്തര വേദഭാഗങ്ങൾ (Parallel passages)** തിരുവചനം മുഴുവനായി ദൈവനിശ്വാസീയമെന്നതിനാൽ ഒരു വചനഭാഗം മറ്റൊന്നിനെ വിശദീകരിക്കുന്നതും ന്യായീകരിക്കുന്നവയുമാണ്. അവ്യക്തവും പ്രയാസവുമായ ഒരു ഭാഗത്തെ വിശദീകരിക്കുന്നതിന് ഇത് സഹായകമാകുന്നു. ഒരു വിഷയത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വ്യക്തതയുള്ള ഭാഗം ഏതാണെന്നും അതുമായി പൊരുത്തപ്പെടുന്ന മറ്റ് വേദഭാഗങ്ങൾ ഏതൊക്കെയാണെന്നും കെ ത്താൻ ഇതു സഹായിക്കുന്നു.

**പാരാഫ്രെയ്സ് (Paraphrase)** ബൈബിൾ ഭാഷാന്തരത്തിലെ ഒരു സിദ്ധാന്തമാണിത്. മൂലഭാഷയിലെ ഓരോ വാക്കിനും തത്തുല്യമായ ഇംഗ്ലീഷ് വാക്കുകൾ ഉപയോഗിക്കുന്ന രീതിയും അതേസമയം അതിന്റെ ആശയം വിവർത്തനം ചെയ്യുന്ന രീതിയുമു ്. ഇതിനെയാണ് പാരാഫ്രെയ്സ് എന്നു പറയുന്നത്. ഇതിനു ര ിനുമിടയിലായി 'dynamic equivalent' എന്നൊരു വകുപ്പുമു ്. മൂലഭാഷയെ വളരെ ഗൗരവമായിക്ക ് അതിനെ ആധുനിക ഇംഗ്ലീഷിൽ അതിന്റേതായ ശൈലിയോടും പ്രയോഗങ്ങളോടും കൂടെ ആവിഷ്ക്കരിക്കുന്നു. (A really good discussion of these various theories of translations is found in Fee and Stuart's *How To Read The Bible For All It Is Worth*, (p.35).

**ഖണ്ഡിക (Paragraph)** ഗദ്യസാഹിത്യത്തിലെ വ്യാഖ്യാനത്തിന്റെ കാര്യത്തിൽ അടിസ്ഥാന ഘടകമാണിത്. ഒരേ ഒരു ആശയവും അതിന്റെ ആവിഷ്ക്കാരവുമാണ് ഒരു ഖണ്ഡികയിൽ കാണുന്നത്. ആ ഒരാശയം ലഭിക്കുന്ന പക്ഷം ലേഖകന്റെ പ്രധാന ആശയം ഒരിക്കലും പരിഭാഷകന് അന്യമാവുകയില്ല.

**പരോക്കിയലിസം (Parochialism)** ആചാരമര്യാദപരമായവയിൽ ദൈവശാസ്ത്രത്തിന് വന്നുപോകുന്ന തെറ്റിദ്ധാരണകളാണിവ. വചനത്തിൽ കാണുന്ന സാമൂഹിക മര്യാദകൾക്കപ്പുറം ഒരു ആചാരമര്യാദകൾക്കും ഇതിൽ സ്ഥാനമില്ല.

**വിരോധാഭാസം (Paradox)** പരസ്പരം വൈരുദ്ധ്യത്തിലെന്നു തോന്നുന്ന, അതേസമയം ര ും സത്യമായിരിക്കുന്ന തലങ്ങളിൽ ഈ വാക്ക് ഉപയോഗിക്കപ്പെടുന്നു. പലപ്പോഴും ഒരു സത്യത്തെ ര ു വീക്ഷണകോണിൽ കാണുമ്പോൾ ആണ് ഇത് സംഭവിക്കുന്നത്. വചനത്തിലെ ധാരാളം സത്യങ്ങൾ ഇങ്ങനെ വിശദീകരിക്കപ്പെട്ടിട്ടു ് (dialectical). വചനസത്യങ്ങൾ ഒറ്റപ്പെട്ട നക്ഷത്രങ്ങൾ ആയിരിക്കുന്നില്ല. പ്രത്യുത, തുടർമാനത കാണിക്കുന്ന ഒരു നക്ഷത്രശ്രേണി തന്നെയാണ്.

**പ്ലാറ്റോ (Plato)** പുരാതന യവന സംസ്ക്കാരത്തിലെ ഒരു തത്വചിന്തകൻ. അദ്ദേഹത്തിന്റെ ചിന്താഗതികൾ ആദ്യകാലത്ത് അലക്സാ ്രിയ, ഈജിപ്റ്റ് മുതലായ സ്ഥലങ്ങളിലു ായിരുന്ന വചനപണ്ഡിതന്മാരെയും പിന്നീട് അഗസ്റ്റിനെയും സ്വാധീനിച്ചിരുന്നു. ഭൂമിയിലെ ഏതും മായയും അവയെല്ലാം ആത്മികമായവയുടെ പ്രതിഫലനമാണെന്നും അദ്ദേഹം ചിന്തിച്ചു. ദൈവശാസ്ത്രജ്ഞർ അദ്ദേഹത്തിന്റെ ചില ആശയങ്ങൾ ആത്മികവിഷയങ്ങൾ വിശദീകരിക്കുന്നതിൽ പ്രയോജനപ്പെടുത്തിയിരുന്നു.

**മുൻവിധികൾ (Presupposition)** യാതൊന്നിനെക്കുറിച്ചും നമുക്കു ായിരിക്കുന്ന മുൻധാരണകളാണിവ. വചനത്തിൽ പരിശോധിച്ചു കെ ത്തുന്നതിനു മുമ്പു തന്നെ നമുക്ക് അതിനെക്കുറിച്ച് ഒരു നിലപാട് ഉ ായിരിക്കും. ഇത്തരം ധാരണകളെ തെറ്റിദ്ധാരണകളെന്നോ, മുൻവിധിയെന്നോ, മുൻധാരണകളെന്നോ ഒക്കെ പറയാം.

**പ്രൂഫ് ടെക്സ്റ്റിഗ് (Proof-texting)** വചനവ്യാഖ്യാനത്തിന് മറ്റൊരു പശ്ചാത്തലത്തിൽ പറഞ്ഞിരിക്കുന്ന വാക്യത്തെ അതിന്റെ പശ്ചാത്തലം നോക്കാതെ ഉപയോഗിക്കുന്ന പ്രവണതയാണിത്. പലപ്പോഴും വ്യക്തിപര താല്പര്യങ്ങൾക്ക് മുൻതൂക്കം നല്കി വചനം വ്യാഖ്യാനിക്കുന്നവരാണ് ഈ രീതി അവലംബിക്കുന്നത്.

**റബ്ബിനിക്കൽ ജൂദായിസം (Rabbinical Judaism)** ബാബിലോണ്യ പ്രവാസകാലമാണ് ഇതിന്റെ തുടക്കം (586–538 ബി.സി). യഹൂദ സമുദായത്തിൽ പുരോഹിതന്റെയും ദേവാലയത്തിന്റെയും പ്രസക്തി നിന്നുപോവുകയും സിനഗോഗുകൾക്ക് പ്രാധാന്യം വർദ്ധിക്കുകയും ചെയ്തു. അവരുടെ രാഷ്ട്രീയ – മതപര ജീവിതത്തിന്റെ കേന്ദ്രമായി മാറിയ ഇത്തരം കൂട്ടായ്മകൾ അവരുടെ ആചാരാനുഷ്ഠാനങ്ങളുടെയും ആരാധനയുടെയും കൂട്ടായ്മയുടെയും വചനപഠനത്തിന്റെയും അവിടവിടങ്ങളിലെ കൂട്ടായ്മകൾ ആയിരുന്നു. യേശുവിന്റെ കാലത്തു ായിരുന്ന 'ശാസ്ത്രിമാരുടെ മതം' പ ുകാലത്തെ പുരോഹിതമതത്തിന് സമാന്തരമായിട്ടു കണക്കാക്കപ്പെട്ടിരുന്നു. എ.ഡി.70–ൽ യെരുശലേം നഗര പതനത്തിനു ശേഷം, പരീശന്മാർക്കു പ്രാതിനിധ്യം കൂടുതൽ ഉ ായിരുന്ന ശാസ്ത്രിമാർ, യഹൂദമതജീവിതത്തിന്റെ നിയന്ത്രിതാക്കളായി മാറി. വായ്മൊഴിയായി നിലനിന്നിരുന്ന

പരമ്പരാഗത വിശ്വാസത്തിന്റെ പ്രായോഗികവും യുക്തിപരവുമായ വ്യാഖ്യാനം ഇതിന്റെ പ്രത്യേകതയായിരുന്നു.

**വെളിപ്പാട് (Revelation)** ദൈവം മനുഷ്യനോട് സംസാരിക്കുന്നു എന്നതാണ് ഈ വാക്കിനാൽ അർത്ഥമാക്കുന്നത്. ഇതിന്റെ പൂർണ്ണരൂപം മൂന്നു വാക്കുകളാൽ അനാവരണം ചെയ്യപ്പെടുന്നു. (1) വെളിപ്പാട് - മനുഷ്യചരിത്രത്തിൽ ദൈവം പ്രവർത്തിക്കുന്നവനാണ്. (2) ദൈവശ്വാസീയത - ദൈവം തന്റെ പ്രവൃത്തികളുടെ അർത്ഥവും ആശയവും താൻ തിരഞ്ഞെടുത്ത ചിലരിലൂടെ മനുഷ്യസമൂഹത്തിന് രേഖയാക്കി നല്കുന്നു. (3) പ്രകാശനം - തന്റെ തന്നെ വെളിപ്പെടുത്തലുകൾ മനസ്സിലാക്കുവാനുള്ള കഴിവ് തന്റെ ആത്മാവിലൂടെ നല്കപ്പെടുന്നു.

**അർത്ഥവിജ്ഞാനീയം (Semantic Field)** ഒരു വാക്കിന് കല്പിക്കാവുന്ന എല്ലാത്തരം അർത്ഥതലങ്ങളെയുമാണ് ഇതുകൊ ് അർത്ഥമാക്കുന്നത്. അതായത് ഒരു വാക്കിന് പല പശ്ചാത്തലങ്ങളിലും പല അർത്ഥങ്ങളാണുള്ളത്.

**സെപ്റ്റ്വജന്റ് (Septuagint)** പഴയനിയമത്തിന്റെ ഗ്രീക്ക് ഭാഷാന്തരമാണിത്. ഈജിപ്റ്റിലെ അലക്സാ്രിയയിലെ ലൈബ്രറിക്കു വേ ി 70 പണ്ഡിതന്മാർ 70 ദിവസം കൊ ് ഇത് പൂർത്തിയാക്കിയെന്നാണ് പാരമ്പര്യം പറയുന്നത്. പരമ്പരാഗതമായി എ.ഡി.250-ൽ ഇത് നടന്നു എന്നാണ് വിശ്വസിക്കപ്പെടുന്നത് എങ്കിലും ഒരു നൂറ്റാ ിലേറെക്കാലം ഇതിനായി എടുത്തിരിക്കാനാണ് സാധ്യത. ഈ ഭാഷാന്തരം പല കാരണങ്ങളാൽ പ്രധാനപ്പെട്ട ഒന്നാണ്. (1) ഇന്നത്തെ മസോററ്റിക് എബ്രായ പുസ്തകവുമായി താരതമ്യപ്പെടുത്തി പഠിക്കുവാനുള്ള ഏക പുരാതന പ്രതി ഇതാണ്. (2) ര ു മൂന്നും നൂറ്റാ ുകളിലെ യഹൂദ വ്യാഖ്യാന രീതിയുടെ നിലവാരം നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നു. (3) യഹൂദന്മാർ യേശുവിനെ നിരസിക്കുന്നതിനു മുമ്പ്, അവർക്ക് യേശുവിനെക്കുറിച്ചുായിരുന്ന കാഴ്ചപ്പാട് ഇതിലൂടെ മനസ്സിലാക്കാം. ഈ പുസ്തകത്തിന്റെ ചുരുക്കെഴുത്താണ് 'LXX'.

**സൈനാറ്റിക്കസ് (Sinaiticus)** എ.ഡി.4-ാം നൂറ്റാ ിൽ എഴുതപ്പെട്ട ഒരു ഗ്രീക്ക് കയ്യെഴുത്തുപ്രതിയാണിത്. (It was found by the German scholar, Tischendorf, at St.Catherine's monastery on Jebel Musa, the traditional site of Mt.Sinai.) എബ്രായ ഭാഷയിലെ ആദ്യ അക്ഷരമാണ് "*aleph*" [א]. ഇതിനെ പ്രതിനിധീകരിച്ച് നല്കിയിട്ടുള്ളത്. ഇതിൽ പഴയ, പുതിയ നിയമങ്ങൾ മുഴുവനായി അടങ്ങിയിരിക്കുന്നു. നമുക്ക് ലഭ്യമായതിൽ വച്ച് ഏറ്റവും പുരാതന പ്രതികളിലൊന്നാണിത്. MSS

**ആത്മികവത്ക്കരണം (Spiritualizing)** ഈ പ്രയോഗം ഏതാ ് ആലങ്കാരിക വ്യാഖ്യാനത്തിനു തത്തുല്യമായി ഉപയോഗിക്കുന്ന ഒന്നാണ്. ചരിത്രപരവും ഭാഷാപരവുമായ സാധ്യതകൾ ഒഴിവാക്കി, ആത്മികമായ അർത്ഥം ക െത്തുക എന്ന ഉദ്ദേശ്യമാണ് ഈ വ്യാഖ്യാനത്തിനു പിന്നിലുള്ളത്.

**പര്യായം (Synonymous)** തത്തുല്യമായ അർത്ഥമുള്ള, ഒരേ ആശയമുള്ള, ര ു വാക്കുകളെ കുറിക്കുവാനാണ് ഈ വാക്ക് ഉപയോഗിക്കുന്നത്. (യഥാർത്ഥത്തിൽ ഒരേ അർത്ഥത്തിൽ ര ് വാക്കുകൾ ഒരിക്കലും ഉ ാകില്ല എന്നതാണ് സത്യം.) ഇത്തരം വാക്കുകൾ അത്രത്തോളം പരസ്പരം ചേർച്ചയുള്ളതിനാൽ ഒന്നിനു പകരം മറ്റൊന്ന് അർത്ഥശോഷണമില്ലാതെ ഉപയോഗിക്കുവാൻ കഴിയും. എബ്രായ പദ്യങ്ങളിലെ പാരലലിസത്തിൽ (parallelism) ഇത് ഒരു സ്ഥിരക്കാഴ്ചയാണ്. അവിടെ ര ു വരികളും ഒരേ ആശയം തന്നെയാണ് കൈമാറുന്നത് (ഒ.നോ. സങ്കീ.103:3).

**വാക്യങ്ങളിലെ പദവിന്യാസം (Syntax)** ഒരു വാക്യത്തിന്റെ ഘടനയെ പരാമർശിക്കുവാൻ ഉപയോഗിക്കുന്ന ഗ്രീക്ക് വാക്കാണിത്. ഒരു പ്രധാന ആശയം വ്യക്തമാക്കുവാനായി, ഒരു വാചകത്തിന്റെ വിവിധ ഭാഗങ്ങൾ എപ്രകാരം കോർത്തിണക്കപ്പെടുന്നു എന്നതാണിതിനു പിന്നിലെ ആശയം.

**സിന്തറ്റിക്കൽ (Synthetical)** എബ്രായ പദ്യത്തിലെ മൂന്നു രീതികളിലൊന്നാണിത്. ഇതിൽ ഒന്നാം പാദത്തിൽ പറയുന്ന ആശയം പിന്നീടുള്ള വരികളിലൂടെ ഉച്ചസ്ഥായിയിൽ എത്തുന്നു. അതിനാൽ ഇതിനെ 'ക്ലൈമാറ്റിക്' (climatic) എന്നും വിളിക്കാറു ് (ഒ.നോ. സങ്കീ.19:7-9).

**വ്യവസ്ഥാപിത ദൈവശാസ്ത്രം (Systematic theology)** ദൈവവചനസത്യങ്ങൾ ക്രമീകൃതമായും യുക്തിപരമായും ചിട്ടവട്ടപ്പെടുത്തുന്ന ഒരു രീതിയാണിത്. ക്രിസ്തീയ ദൈവശാസ്ത്രത്തിലെ വിഷയങ്ങളെ (ദൈവം, മനുഷ്യൻ, പാപം, രക്ഷ മുതലായവ) ചരിത്രപരമായി മാത്രം പരിഗണിക്കാതെ യുക്തിക്കനുസൃതമായി പഠനവിധേയമാക്കുന്നു.

**തൽമൂദ് (Talmud)** യഹൂദന്മാരുടെ പരമ്പരാഗത വിശ്വാസങ്ങളുടെ ഒരു സമാഹാരമാണിത്. അവയെല്ലാം സീനായ് മലയിൽ വച്ച് ദൈവം മോശെയോടു പറഞ്ഞതാണെന്ന് അവർ വിശ്വസിക്കുന്നു. വർഷങ്ങൾ കൊ ുള്ള യഹൂദമത പഠിതാക്കളുടെ യുക്തിപരമായ ക ത്തലുകളാണിവ എന്നു തോന്നിക്കുന്നു. ര ു പ്രധാനപ്പെട്ട തൽമൂദുകൾ കാണപ്പെടുന്നു. ബാബിലോണിയൻ തൽമൂദും പാലസ്റ്റീനിയൻ തൽമൂദും (ചെറുതും പൂർത്തീകരിക്കാത്തതും).

**ടെക്സ്റ്റുവൽ ക്രിട്ടിസിസം (Textual criticism)** ബൈബിളിന്റെ കയ്യെഴുത്തു പ്രതികളെക്കുറിച്ചുള്ള പഠനമാണിത്. യഥാർത്ഥ പ്രതികൾ നിലവിലില്ലാത്തതും നിലവിലുള്ള പ്രതികൾ പരസ്പരം പലതിലും ചേർച്ചയില്ലാത്തതും കാരണം ഇത്തരം ഒരു പഠനം അനിവാര്യമായിരിക്കുന്നു. ലേഖകർ എന്താണോ ഉദ്ദേശിച്ചിരുന്നത് അതേ ആശയത്തിൽ എത്രത്തോളം എത്താമോ അത്രത്തോളം എത്തുക എന്നതാണിതിന്റെ ലക്ഷ്യം. ഇതിനെ 'ലോവർ ക്രിട്ടിസിസം' എന്നും വിളിക്കാറു ്.

**ടെക്സ്റ്റസ് റിസപ്റ്റസ് (Textus Receptus)** ഇത്തരം ഒരു പ്രയോഗം എ.ഡി.1633-ൽ 'Elzevir' പ്രസിദ്ധീകരിച്ച ഗ്രീക്ക് പുതിയ നിയമത്തിലൂടെയാണ് ശ്രദ്ധേയമായത്. അടിസ്ഥാനപരമായി പറഞ്ഞാൽ അതിപുരാതനമല്ലാത്ത എൽസിവിയറിന്റെയും (Elzevir- 1624-1678) സ്റ്റിഫാനസ്സിന്റെയും (Stephanus 1546-1559) ഇറാസ്മസിന്റെയും (Erasmus - 1510-1535) കാലത്തു ായ ഗ്രീക്ക്, ലാറ്റിൻ കയ്യെഴുത്തു പ്രതികളിൽ നിന്നും രൂപപ്പെട്ട ഒരു ഗ്രീക്ക് പുതിയനിയമം എന്നു പറയാം. *"An Introduction to the Textual Criticism of the New Testament*' എന്ന പുസ്തകത്തിന്റെ 27-ാം പേജിൽ എ.ജെ.റോബർട്ട്സൺ ബൈസന്റൈൻ ടെക്സ്റ്റിനെയാണ് (Byzantine text) "Textus Receptus' എന്ന് പറയുന്നത്. പാശ്ചാത്യ (Western), അലക്സാ്രിയൻ (Alexandrian), ബൈസന്റൈൻ (Byzantine) എന്നീ പ്രധാനപ്പെട്ട മൂന്നു ഗ്രീക്ക് പുരാതന പ്രതി സമൂഹങ്ങളിൽ വച്ച് ഏറ്റവും പിന്നിൽ നില്ക്കുന്ന ഒന്നാണിത്. നൂറ്റാ ുകളായി പകർത്തി എഴുതിയെഴുതി വന്നപ്പോഴൊക്കെ അബദ്ധത്തിലു ായ കൈപ്പിഴകളുടെ സമാഹാരമായിരുന്നു ഇത്. എന്നിരുന്നാലും A.T.Robertson ഇങ്ങനെ പറയുന്നു ്, ''വാസ്തവമായും വിശ്വസനീയമായ ഒന്നാണ് ഈ Textus Receptus" (p.21). "Erasmus'-ന്റെ മൂന്നാം പുന:പ്രസിദ്ധീകരണമാണ് (1522) ഇന്നത്തെ King James Version ന് അടിസ്ഥാനമായത് (1611 എ.ഡി).

**തോറ (Torah)** 'പഠിപ്പിക്കുക' എന്നതിന്റെ എബ്രായ വാക്കാണിത്. ഉല്പത്തി മുതൽ ആവർത്തനം വരെയുള്ള മോശെയുടെ എഴുത്തുകൾക്ക് (Genesis through Deuteronomy) പൊതുവായി പറയുന്ന പേരായി ഇത് മാറി. എബ്രായ കാനോനിലെ ഏറ്റവും പ്രധാന ഭാഗമാണിത്, ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം.

**നിഴൽ (Typological)** വ്യാഖ്യാനശാസ്ത്രത്തിലെ ഒരു പ്രത്യേക വകഭേദമാണിത്. പുതിയനിയമത്തിലെ സത്യങ്ങൾക്ക് പഴയനിയമത്തിൽ ഒത്തതായ നിഴൽരൂപങ്ങൾ ക ത്തുകയാണ് ഇതിലൂടെ ചെയ്യുന്നത്. അലക്സാ്രിയൻ വ്യാഖ്യാനരീതിയിലെ ഒരു പ്രധാനപ്പെട്ട രീതിയാണിത്. പുതിയനിയമത്തിലെ എല്ലാറ്റിനും പഴയനിയമത്തിൽ നിഴലുകൾ ക ത്തുന്ന രീതി വ്യാപകമായതിനാൽ, പുതിയനിയമത്തിൽ പരാമർശിക്കപ്പെട്ടിട്ടുള്ള നിഴലുകൾക്ക് ഊന്നൽ നല്കുകയായിരിക്കും ഉത്തമം.

**വത്തിക്കാനസ് (Vaticanus)** എ.ഡി.4-ാം നൂറ്റാ ിലെ ഒരു ഗ്രീക്ക് കയ്യെഴുത്തുപ്രതിയാണിത്. വത്തിക്കാൻ ലൈബ്രറിയിൽ ഇത് സൂക്ഷിച്ചിരിക്കുന്നു. ഇതിൽ പഴയനിയമത്തിലെ എല്ലാ ഭാഗങ്ങളും അപ്പോക്രിഫയും പുതിയനിയമവും ഉൾപ്പെടുന്നു. എന്നിരുന്നാലും ചില ഭാഗങ്ങൾ നഷ്ടമായിട്ടുമു ് (ഉല്പത്തി, സങ്കീർത്തനങ്ങൾ, എബ്രായർ, ഇടയലേഖനങ്ങൾ, ഫിലേമോൻ, വെളിപ്പാട്). യഥാർത്ഥ കയ്യെഴുത്തു പ്രതിയിലെ മൂലവാക്ക് ക ത്തുവാൻ ഈ പ്രതി ഉപയോഗിക്കപ്പെടുന്നു. 'B' എന്ന ഇംഗ്ലീഷ് അക്ഷരമാണ് ഇതിന് പേരായി നല്കിയിരിക്കുന്നത്.

**വൾഗേറ്റ് (Vulgate)** ജെറോമിന്റെ ലാറ്റിൻ ഭാഷാന്തരമാണിത്. റോമൻ കത്തോലിക്കാ സഭയുടെ ''അടിസ്ഥാന'' ഭാഷാന്തരമായി ഇത് മാറി. എ.ഡി.380-കളിലാണ് ഇത് പൂർത്തിയാക്കപ്പെട്ടത്.

**വിജ്ഞാന സാഹിത്യം (Wisdom literature)** പൗരസ്ത്യദേശങ്ങളിൽ (ആധുനിക ലോകത്തിലും) പ്രചാരത്തിലിരുന്ന ഒരു പ്രധാന സാഹിത്യരൂപമായിരുന്നു ഇത്. പുതിയ തലമുറയ്ക്ക് ശരിയായ മാർഗ്ഗദർശനം നല്കുന്ന പദ്യവും, സദൃശ്യവാക്യങ്ങളും, ഉപന്യാസങ്ങളുമാണിത്. ഒരു സമൂഹം എന്നതിനെക്കാളും ഒരു വ്യക്തിക്കാണിതിൽ പ്രാധാന്യം നല്കിയിരിക്കുന്നത്. ചരിത്രത്തിൽ നിന്നും ഒന്നും സംസാരിക്കാതെ വ്യക്തിപരമായ അനുഭവത്തിൽ നിന്നും നിരീക്ഷണത്തിൽ നിന്നും ഇത് ഉരുത്തിരിഞ്ഞു വരുന്നു. ബൈബിളിലെ ഇയ്യോബിന്റെ പുസ്തകത്തിലും ഉത്തമഗീതത്തിലും

യഹോവയുടെ (YHWH) പരാമർശവും ആരാധനയും കാണാമെങ്കിലും ഇത്തരത്തിലുള്ള മതപരമായ ലാഞ്ചന എല്ലായ്പ്പോഴും വളരെ പ്രകടമായിരിക്കണമെന്നില്ല.

ഒരു സാഹിത്യരൂപമെന്ന നിലയിൽ പൊതുവായ സത്യങ്ങളെയാണിത് അനാവരണം ചെയ്യുന്നത്. എന്നിരുന്നാലും എല്ലാവിധത്തിലും എല്ലാതലങ്ങളിലും അനുയോജ്യമായ ഒരു സാഹിത്യരൂപമല്ല ഇത്. എല്ലാ വ്യക്തികൾക്കും ഒരുപോലെ ബാധകമെന്നു പറയാനാകാത്ത പൊതുവായ തത്വങ്ങളാണിവ.

ഇത്തരം മഹത്വ്യക്തികൾ ജീവിതത്തിലെ കടുപ്പമേറിയ ചോദ്യങ്ങൾ ചോദിക്കുവാൻ ധൈര്യപ്പെട്ടിരുന്നു. പലപ്പോഴും അവർ പരമ്പരാഗതമായ, മതപരമായ ധാരണകളെ ചോദ്യം ചെയ്തിരുന്നു (ഇയ്യോബ്, സഭാപ്രസംഗി). ദു:ഖപര്യവസായിയായ ജീവിത പശ്ചാത്തലങ്ങൾക്ക് ഒരു ലളിതമായ ഉത്തരം നല്കി സമ്മർദ്ദങ്ങൾക്ക് ഒരു ലഘൂകരണം വരുത്തുവാനും സന്തുലിതാവസ്ഥ സൂക്ഷിക്കുവാനും അവർ ശ്രമിച്ചിരുന്നു.

**വേൾഡ് പിക്ചർ-ഉം വേൾഡ് വ്യൂ-ഉം (World picture and world view)** ഇവ ര ും അവിഭാജ്യങ്ങൾ ആണ്. ര ും 'സൃഷ്ടി'യോടുള്ള ബന്ധത്തിലുള്ള താത്വികപരമായ വാക്കുകളാണ്. 'വേൾഡ് പിക്ചർ' എന്ന പ്രയോഗം 'സൃഷ്ടി എങ്ങനെ ആയിരുന്നു' എന്നതിനെയും 'വേൾഡ് വ്യൂ' എന്നത് 'ആരായിരുന്നു' എന്നതിനെയും കാണിക്കുന്നു. ഉല്പത്തി 1–2 അദ്ധ്യായങ്ങളുടെ വ്യാഖ്യാനത്തിൽ ഈ ര ു പ്രയോഗങ്ങളും പ്രസക്തമാണ്; പ്രാഥമികമായും ആര് എന്നതിനല്ല, എങ്ങനെ എന്നതിന്.

**യഹോവ (YHWH)** പഴയനിയമത്തിൽ ദൈവത്തിന് തന്റെ ജനത്തോടുള്ള ഉടമ്പടിപ്രകാരമുള്ള പേരാണിത്. അതു തന്നെയാണ് പുറ.3:14-ൽ നിർവചിക്കപ്പെട്ടിരിക്കുന്നത്. യഹോവയുടെ നാമം വൃഥാ എടുക്കരുത് എന്നുള്ളതിനാൽ അവർ ഇത് ഉച്ചരിക്കുവാൻ മടിച്ചു. പകരം കർത്താവ് *(Adonai)* എന്ന CAUSATIVE എബ്രായ വാക്ക് "to be" ഉപയോഗിക്കപ്പെട്ടു. അങ്ങനെയാണ് ഇംഗ്ലീഷിൽ യഹോവയ്ക്കു പകരം കർത്താവ് എന്ന വാക്ക് കാണപ്പെടുന്നത്.

# അനുബന്ധം ര ്

# ടെക്സ്റ്റ്വൽ ക്രിട്ടിസിസം (TEXTUAL CRITICISM)

ഈ വ്യാഖ്യാനഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നവയുമായി ബന്ധപ്പെടുത്തി മാത്രമാണ് ഈ പാഠം ക്രമീകരിച്ചിരിക്കുന്നത്. താഴെ പറയുന്ന രൂപരേഖ ഉപയുക്തമാക്കാവുന്നതാണ്.

I. ഇംഗ്ലീഷ് ബൈബിളിന് ആധാരമായിരിക്കുന്ന പുരാതന പ്രതികൾ
   A. പഴയനിയമം
   B. പുതിയനിയമം

II. ലോവർ ക്രിട്ടിസിസം അഥവാ ടെക്സ്റ്റ്വൽ ക്രിട്ടിസിസത്തിന്റെ പരാധീനതകളും സിദ്ധാന്തങ്ങളും.

III. തുടർന്നുള്ള വായനയ്ക്ക് സഹായകമായ നിർദ്ദേശങ്ങൾ

I. ഇംഗ്ലീഷ് ബൈബിളിന് ആധാരമായിരിക്കുന്ന പ്രതികൾ

A. പഴയനിയമം

1. മസോറെറ്റിക് പ്രതി (Masoretic Text) (MT) – വ്യഞ്ജനാക്ഷരങ്ങൾ മാത്രമുള്ള എബ്രായ ബൈബിൾ എ.ഡി.100–ൽ റബ്ബി 'അക്യുബ'(ഞമയയശ അൗശയമ)യാണ് തയാറാക്കിയത്. സ്വരാക്ഷരങ്ങളും മാർജിൻ നോട്ടുകളും അർത്ഥവിരാമവുമെല്ലാം 6–ാം നൂറ്റാ ിൽ നല്കുവാൻ ആരംഭിച്ച് 9–ാം നൂറ്റാ ിൽ പൂർത്തീകരിച്ചത് മാസൊറെറ്റ്സ് (Masoretes) എന്ന എബ്രായ പണ്ഡിതർ ആയിരുന്നു. മിഷ്ണ, തൽമൂദ്, തർഗും, പെഷിറ്റ, വൾഗേറ്റ് (Mishnah, Talmud, Targums, Peshitta, and Vulgate) എന്നിവയിൽ കാണുന്ന പുസ്തകരൂപമാണ് അവർ ഉപയോഗിച്ചത്.

2. സെപ്റ്റ്വജന്റ് (Septuagint) (LXX) – ടോളമി 2–ാമൻ രാജാവിന്റെ കല്പനയാൽ (285–246 ബി.സി) 70 പണ്ഡിതന്മാർ 70 ദിവസം കൊ ് അലക്സാ്രിയൻ ലൈബ്രറിക്കായി ഇത് പൂർത്തീകരിച്ചു എന്ന് പരമ്പരാഗതമായി വിശ്വസിക്കപ്പെടുന്നു. അലക്സാ്രിയയിൽ ജീവിച്ചിരുന്ന ഒരു യഹൂദ നേതാവിന്റെ ആവശ്യപ്രകാരമായിരുന്നു ഇത് എന്ന് വിശ്വസിക്കപ്പെടുന്നു. ഈ വിശ്വാസം 'Letter of Aristeas' -ൽ ആധേയപ്പെട്ടിരിക്കുന്നു. എബ്രായ തിരുവെഴുത്തുകളിൽ വച്ച് റബ്ബി അക്യുബയുടെ (MT) വ്യഞ്ജനാക്ഷര പുസ്തകത്തിൽ നിന്നും തികെച്ചും വ്യത്യസ്തമായ ഒരു കാൽവയ്പ്പായിരുന്നു ഇത്.

3. ചാവുകടൽ ചുരുൾ (Dead Sea Scrolls) (DSS)– 200 ബി.സി–യ്ക്കും എ.ഡി.70–നുമിടയ്ക്കുള്ള റോമൻ കാലഘട്ടത്തിൽ എഴുതപ്പെട്ടവയാണിവ. യഹൂദന്മാരിൽ 'വേർപാട്' പാലിച്ചിരുന്ന 'എസ്സീൻസ്' ആയിരുന്നു അതിന്റെ പിന്നിൽ. ചാവുകടലിന് ചുറ്റും നിന്ന് ക ടുക്കപ്പെട്ടിട്ടുള്ള ഈ എഴുത്തുകൾ പരിശോധിക്കുമ്പോൾ MT -യിൽ നിന്നും ഘതത -ൽ നിന്നും വിഭിന്നമായ ഭാഷാരീതിയാണ് ഇതിൽ കാണപ്പെടുന്നത്.

4. ഇത്തരം പ്രതികൾ താരതമ്യം ചെയ്യുന്നതിലൂടെയുള്ള പ്രയോജനത്തിന് ഉത്തമ ഉദാഹരണങ്ങൾ,

   a. "MT" -യെ മനസ്സിലാക്കുവാൻ തർജ്ജമ ചെയ്യുന്നവരെയും പണ്ഡിതരെയും ' ഘതത' അധികമായി സഹായിച്ചിട്ടു ്.
      (1) യെശ.52:14 (LXX) ''പലരും <u>അവനെ</u> ക ് അതിശയിച്ചതുപോലെ''
      (2) യെശ.52:14 (MT) ''പലരും <u>താങ്കളിൽ</u> അത്ഭുതപ്പെട്ടതുപോലെ''
      (3) യെശ.52:15 -ലെ സർവ്വനാമം
         (a) LXX ''അതുകൊ ് അനേകം ജാതികൾ അവനിൽ അതിശയിക്കും.''
         (b) "MT"അതുകൊ ് അവൻ പല ജാതികളെയും ചിതറിക്കും.''

   b. MT-യെ മനസ്സിലാക്കുവാൻ, തർജ്ജമക്കാരെയും പണ്ഡിതരെയും 'DSS' സഹായിക്കുന്നു ്.
      (1) യെശ.21:8 (DSS) ''പിന്നെ ദർശ്ശകൻ നിലവിളിച്ചു, ഞാൻ ഒരു കാവൽ ഗോപുരത്തിൽ നില്ക്കുന്നു ...''
      (2) യെശ.21:8 (MT) ''ഞാൻ ഒരു സിംഹം പോലെ അലറി! കർത്താവേ, ഞാൻ ദിവസം മുഴുവനും കാവൽ ഗോപുരത്തിൽ നില്ക്കുന്നു ...''

c. യെശ.53:11 -നെ വിശദീകരിക്കുവാൻ LXX -ഉം DSS ഉം ഒരുപോലെ സഹായകമാണ്.

(1) LXX & DSS ''തന്റെ ആത്മാവിന്റെ പ്രയത്നത്താൽ അവൻ പ്രകാശം കാണുകയും തൃപ്തനാകുകയും ചെയ്യും.''

(2) MT, "അവൻ തന്റെ …അന്തരാത്മാവിന്റെ പ്രയത്നഫലം ക ് തൃപ്തനാകും.''

B. പുതിയ നിയമം

1. പൂർണ്ണമായോ ഭാഗികമായോ ഉള്ള 5,300-ൽ അധികം കയ്യെഴുത്തു പ്രതികൾ ലഭ്യമായിട്ടു ്. 85 എണ്ണം 'പാപ്പിറസിൽ' എഴുതപ്പെട്ടതും 268 എണ്ണം വലിയ അക്ഷരത്തിൽ (capital letters) (uncials) എഴുതപ്പെട്ടതുമാണ്. പിന്നീട് 9-ാം നൂറ്റാ ിൽ ഒരുതരം കൂട്ടക്ഷര എഴുത്തുരീതിയു ായി (minuscule). ഇത്തരത്തിലുള്ളവ ഏതാ ് 2,700 എണ്ണമാണ്. ആരാധനകളിൽ ഉപയോഗിച്ചിരുന്ന വേദഭാഗങ്ങളുടെ സമാഹാരമായി ഏതാ ് 2,100 പട്ടികകൾ ലഭ്യമായിട്ടു ്. അവയെ 'lectionaries' എന്നാണ് വിളിക്കുന്നത്.
2. പാപ്പിറസിൽ എഴുതപ്പെട്ട (പുതിയ നിയമ ഭാഗങ്ങൾ) 85 എണ്ണം മ്യൂസിയങ്ങളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അവയിൽ ചിലത് 2-ാം നൂറ്റാ ിലേതാണെന്നു കരുതപ്പെടുന്നു. അനേകവും 3-4 നൂറ്റാ ുകളിലേതാണ്. ഇവയിൽ ഒരെണ്ണത്തിൽ പോലും പുതിയനിയമത്തിന്റെ മുഴുവൻ ഭാഗവും കാണപ്പെടുന്നില്ല. ഇവയെല്ലാം പുതിയനിയമത്തിന്റെ പുരാതന പ്രതികൾ ആണെങ്കിലും അവയെല്ലാം ഒരുപോലെ എന്നു കരുതരുത്; വ്യത്യാസങ്ങൾ പരസ്പരം കാണപ്പെടുന്നു. പലതിലും തെറ്റുകൾ വരുവാൻ കാരണം പ്രാദേശിക ഉപയോഗത്തിനായി പെട്ടെന്നു പകർത്തിയെഴുതിയതുകൊ ാണ്. പലപ്പോഴും ശ്രദ്ധക്കുറവ് ധാരാളമായി വന്നിട്ടു ്. അതിനാൽ അവ തമ്മിൽ പല വ്യത്യാസങ്ങളും കാണപ്പെടുന്നു.
3. കോഡക്സ് സിനായ്റ്റിക്കസ്. എബ്രായ അക്ഷരങ്ങളിൽ 'ആലേഫ്' (*aleph*) א (അല്ലെങ്കിൽ 01) ആണ് ഇതിന് നല്കിയിട്ടുള്ളത്. ഇത് സീനായി പർവ്വതത്തിനരികെ സെന്റ്:കാതറൈൻസ് ആശ്രമത്തിൽ നിന്നും Tischendorf ക ടുത്തു. നാലാം നൂറ്റാ ിലേതെന്നു കരുതപ്പെടുന്ന ഇതിൽ പഴയ നിയമ LXX ഉം പുതിയ നിയമ ഗ്രീക്ക് ബൈബിളും കാണപ്പെടുന്നു. ഇത് 'Alexandrian Text Type' -ൽ ഉള്ളതാണ്.
4. കോഡക്സ് അലക്സാ ്രിനസ്. ഇത് 'A' എന്നോ (02) എന്നോ അറിയപ്പെടുന്നു. ഈജിപ്റ്റിലെ അലക്സാ ്രിയയിൽ നിന്നും ക ടുത്ത ഇത് 5-ാം നൂറ്റാ ിലേതാണെന്നു കരുതപ്പെടുന്നു.
5. കോഡക്സ് വത്തിക്കാനസ്. ഇത് 'B' എന്നോ '03' എന്നോ അറിയപ്പെടുന്നു. വത്തിക്കാൻ ലൈബ്രറിയിൽ കാണപ്പെടുന്ന ഇത് 4-ാം നൂറ്റാ ിന്റെ മധ്യത്തിൽ എഴുതപ്പെട്ടതായിരിക്കാം. ഇത് പഴയ നിയമ LXX- ഗ്രീക്ക് പുതിയ നിയമവും ഉൾപ്പെട്ടതാണ്. ഇതും 'Alexandrian Text type' ൽ ഉള്ളതാണ്.
6. കോഡക്സ് എഫ്രയീമി. ഇതിനെ "C' എന്നോ (04) എന്നോ അറിയപ്പെടുന്നു. ഭാഗികമായി നശിപ്പിക്കപ്പെട്ട 5-ാം നൂറ്റാ ിലെ ഗ്രീക്ക് കയ്യെഴുത്തു പ്രതിയാണിത്.
7. കോഡക്സ് ബെസയ്സെ (Codex Bezae). 'D' എന്നോ (05) എന്നോ ഇത് അറിയപ്പെടുന്നു. ഇത് 5-6 നൂറ്റാ ിലെ കയ്യെഴുത്തു പ്രതിയായിരിക്കണം. ഇത് 'Western type' -ന് ഉത്തമ ഉദാഹരണമാണ്. ഇതിൽ അനേകം കൂട്ടിച്ചേർത്ത ഭാഗങ്ങൾ കാണപ്പെടുന്നു. കിംഗ് ജെയിംസ് വെർഷനിൽ ഇത് പരിശോധിക്കപ്പെട്ടിരുന്നു.
8. പുതിയനിയമ കയ്യെഴുത്തു പ്രതികളെ മൂന്നായി, ചില സന്ദർഭങ്ങളിൽ 4-ായി, തിരിക്കാറു ്.

a. ഈജിപ്റ്റിലെ ''Alexandrian Text type"

(1) $p^{75}$, p66 (ഏതാ ് എ.ഡി.200) സുവിശേഷങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

(2) $p^{46}$ (എ.ഡി.225) പൗലൊസിന്റെ ലേഖനങ്ങൾ

(3) $p^{72}$ (എ.ഡി.225-250) പത്രൊസിന്റെയും യൂദയുടെയും ലേഖനങ്ങൾ

(4) വത്തിക്കാനസ് (Codex B) (എ.ഡി.325) പഴയ പുതിയ നിയമങ്ങൾ മുഴുവനും

(5) ഒറിഗൻ ഈ വിഭാഗത്തിൽ നിന്നും ഉദ്ധരിച്ചിട്ടു ്.

(6) ഈ വിഭാഗത്തെ കാണിക്കുന്ന മറ്റ് കയ്യെഴുത്തു പ്രതികൾ, ആലേഫ്, א C, L, W, 33 എന്നിവയാണ്.

b. നോർത്ത് ആഫ്രിക്കയിലെ 'വെസ്റ്റേൺ ടെക്സ്റ്റ് ടൈപ്പ്' (Western Text Type)

(1) വടക്കൻ ആഫ്രിക്കൻ സഭാപിതാക്കന്മാരായ തെർത്തുല്യൻ, സൈപ്രിയൻ എന്നിവർ പരാമർശിച്ചിട്ടു ്. പുരാതന ലാറ്റിൻ ഭാഷാന്തരത്തിൽ ഉദ്ധരിച്ചിട്ടു ്.

(2) ഐറേനിയസ് ഉദ്ധരിച്ചിട്ടു ്.
(3) റ്റാഷിയനും (Tatian) പഴയ സിറിയക് ഭാഷാന്തരത്തിലും പരാമർശിച്ചിരിക്കുന്നു.
(4) കോഡക്സ് D ‘‘ Bezae" ഇതേ രീതിയിലുള്ളതാണ്.

c. കോൺസ്റ്റാന്റിനോപ്പിളിൽ നിന്നുള്ള Eastern Byzantine Text
(1) 5300 കയ്യെഴുത്തു പ്രതികളിൽ 80 ശതമാനത്തോളം പ്രതികളിലും ഇതിന്റെ സ്വാധീനം കാണാം.
(2) സിറിയ അന്ത്യോക്ക്യയിലെ സഭാപിതാക്കന്മാരും Cappadoceans, Chrysostom, Therodoret എന്നിവരും ഉദ്ധരിച്ചിട്ടു ്.
(3) കോഡക്സ് A, സുവിശേഷങ്ങളിൽ മാത്രം.
(4) കോഡക്സ് E (എട്ടാം നൂറ്റാ ിലെ) പുതിയനിയമം പൂർണ്ണമായും.

d. നാലാമത്തെ സാധ്യതയുള്ള വകുപ്പ് ‘പാലസ്തീനിലെ ‘സിസേറിയൻ’-യിൽ (Caesarean)
(1) ഇത് മർക്കൊസിൽ മാത്രമാണ് പ്രാഥമികമായും കാണപ്പെടുന്നത്.
(2) ഇതിന്റെ ചില ഉദാഹരണങ്ങൾ p 45 ഉം W ഉം ആകുന്നു.

II. ‘ടെക്സ്റ്റ്വൽ ക്രിട്ടിസിസം’ അഥവാ ‘ലോവർ ക്രിട്ടിസിസ’ത്തിന്റെ സിദ്ധാന്തങ്ങളും അഭിമുഖീകരിക്കുന്ന ചില പ്രതിസന്ധികളും ചുരുക്കത്തിൽ വിശദീകരിക്കുന്നു.

A. വ്യത്യസ്തതകൾ ഉ ാകുവാൻ കാരണം

1. അവിചാരിതം (അധികം തെറ്റുകളും ഇപ്രകാരമാണു ായത്)

a. പകർത്തി എഴുതിക്കൊ ിരിക്കുമ്പോൾ, ര ു വരികളിൽ ഒരേ വാക്ക് ആവർത്തിക്കുന്ന പശ്ചാത്തലങ്ങളിൽ, ഒന്നാം പാദത്തിലേതെന്നു തെറ്റിദ്ധരിച്ച് ര ാം പാദത്തിലെ വാക്ക് എഴുതി തുടർന്നു പോകുമ്പോൾ, ഒരു വരി മുഴുവനായും വിട്ടുപോകുന്നു. ഇതിനെ ‘homoioteleuton' എന്നു പറയും.
(1) ഒരു വാക്കോ പ്രയോഗമോ ഇങ്ങനെ വിട്ടുപോകുന്നതിനെ haplography എന്നു പറയും.
(2) ഗ്രീക്ക് പാഠത്തിലെ ഒരു വരിയോ പ്രയോഗമോ ഇപ്രകാരം ആവർത്തിക്കുന്നതിനെ dittography എന്നും പറയും.

b. ഒരാൾ വായിച്ചുകൊടുത്തു പകർത്തുമ്പോൾ ഒരേ ശബ്ദമുള്ള അക്ഷരങ്ങൾ മാറിപ്പോകാൻ സാധ്യതയു ് (Itacism).

c. പുരാതന ഗ്രീക്ക് പ്രതികളിൽ അദ്ധ്യായങ്ങളോ വാക്യങ്ങളോ തരംതിരിച്ചിരുന്നില്ല. കോമയും വാക്കുകൾ തമ്മിലുള്ള വിഭജനവും ഇല്ലാതിരുന്ന ആ എഴുത്തുകളിൽ വാക്കുകൾ തിരിക്കുന്നത് തെറ്റായിപ്പോകുവാൻ സാധ്യത കൂടുതലായിരുന്നു.

2. മന:പൂർവ്വമുള്ളവ

a. പകർത്തിയെഴുതുന്ന ഭാഗത്തിലെ വ്യാകരണ പ്രശ്നങ്ങൾ തിരുത്തി എഴുതി പോകുന്നു.

b. മറ്റ് പ്രബല പകർപ്പുകളെപ്പോലെ നിലവാരമുള്ളതാക്കുവാനായി, ഇതിലെ പ്രയോഗങ്ങൾക്കും വാക്കുകൾക്കും പകരം അതിലെ വാക്കുകൾക്കും പ്രയോഗങ്ങൾക്കും പ്രസക്തി നല്കുന്നു (harmonization of parallels).

c. രേ ാ അതിലധികമോ വ്യത്യസ്ത പാഠങ്ങൾ ഉള്ള പകർപ്പുകളെ ഒന്നാക്കിത്തീർക്കുവാൻ ശ്രമിക്കുമ്പോൾ (conflation).

d. ഒരു പ്രത്യേക ആശയക്കുഴപ്പം ഒഴിവാക്കുവാനായി ശ്രമിക്കുമ്പോൾ വരുത്തേ ിവരുന്ന തിരുത്തലുകൾ. (ഒ.നോ. 1 കൊരി.11:27 ഉം 1 യോഹ.5:7–8)

e. ഒരു പാഠഭാഗം വിശദമാക്കുവാൻ, ഒരു പകർത്തി എഴുത്തിൽ, മാർജിനിൽ കൊടുത്തിരിക്കുന്ന വിശദീകരണങ്ങളെ മറ്റൊരാൾ പാഠഭാഗത്തു തന്നെ പകർത്തിപ്പോകുന്നു (ഒ.നോ. യോഹ.5:4)

B. ടെക്സ്റ്റ്വൽ ക്രിട്ടിസിസത്തിന്റെ അടിസ്ഥാന തത്വങ്ങൾ (വിവിധ കയ്യെഴുത്തുപ്രതികളിൽ കാണുന്ന വ്യത്യാസങ്ങളിൽ നിന്നും യഥാർത്ഥ പാഠം ക ുപിടിക്കുവാനുള്ള യുക്തിപരമായ മാർഗ്ഗനിർദ്ദേശങ്ങൾ.)

1. ഏറ്റവും വികൃതവും വ്യാകരണപരമായി ദുർഗ്രഹവുമായ പാഠമായിരിക്കാം യഥാർത്ഥത്തിൽ ഒറിജിനൽ.

2. താരതമ്യേന വലിപ്പം കുറഞ്ഞ പാഠമായിരിക്കാം ഒറിജിനൽ.
3. ഏറ്റവും പഴക്കം ചെന്നത് ഒറിജിനലിനോട് ഏറ്റവും അടുത്തതാകയാൽ വിശ്വസനീയമാണ്.
4. മറ്റു പ്രദേശങ്ങളിലെ കയ്യെഴുത്തു പ്രതികളിൽ നിന്നും വിഭിന്നമായ പാഠം ഒറിജിനലായിരിക്കുവാൻ സാധ്യതയു ്.
5. ഉപദേശ വിഷയങ്ങൾ കൊടുമ്പിരിക്കൊ ിരിക്കുന്ന കാലഘട്ടങ്ങളെ സംബന്ധിച്ചിടത്തോളം അന്ന് എഴുതപ്പെട്ടവയിൽ വച്ച് ഉപദേശങ്ങൾക്ക് പ്രാധാന്യം നല്കാത്ത എഴുത്തുകൾ പരിഗണിക്കപ്പെടണം. ഉദാ: 1 യോഹ.5:7-8.
6. മറ്റു പ്രതികളിലെ പാഠഭേദങ്ങൾക്കു കാരണം ക ത്തുവാൻ ഉതകുന്ന പ്രതിക്ക് മുൻഗണന നല്കണം.
7. പാഠഭേദങ്ങൾ നിവാരണം വരുത്തുവാനുതകുന്ന ര ് ഉദ്ധരണികൾ

   a. J. Harold Greenlee's book, *Introduction to New Testament Textual Criticism*, p. 68: ''ക്രിസ്തീയ ഉപദേശ സംഹിതകളൊന്നും അർത്ഥശങ്കയ്ക്കിടയുള്ള ഒരു പാഠത്തെ മാത്രം ആശ്രയിച്ചിരിക്കുന്നില്ല. ഒരു വിദ്യാർത്ഥി താൻ അവലംബിക്കുന്ന പ്രതിയെ പുതിയനിയമ രേഖകളെക്കാളും വിലമതിക്കുവാൻ പാടില്ല.''

   b. 'ദ ബിർമിൻഹം ന്യൂസ്'-ൽ ക്രിസ്‌വെൽ, ഗ്രഗ് ഗാരിസൺ-നോട് (W. A. Criswell told Greg Garrison of *The Birmingham New*) 'താൻ ബൈബിളിലെ ഓരോ വാക്കും നിശ്വസനീയമാണെന്നു വിശ്വസിക്കുന്നില്ല' എന്നു പറഞ്ഞിട്ടു ്. ''കുറഞ്ഞ പക്ഷം നൂറ്റാ ുകളിലൂടെയുള്ള പകർത്തിയെഴുത്തിലൂടെ ആധുനിക മനുഷ്യനു ലഭിച്ചിട്ടുള്ള ഓരോ വാക്കും.'' ക്രിസ്‌വെൽ ഇങ്ങനെ പറയുന്നു, ''ഞാൻ ടെക്സ്റ്റ്വൽ ക്രിട്ടിസിസത്തിൽ അങ്ങെയറ്റം ആശ്രയിക്കുന്നവനാണ്. എന്റെ ചിന്തയെ സംബന്ധിച്ചിടത്തോളം മർക്കൊസ് 16-ാം അദ്ധ്യായത്തിലെ പകുതിയോളം ദുരുപദേശമാണ്; നിശ്വസിക്കപ്പെട്ടതല്ല. അവ ആരോ കെട്ടിച്ചമച്ചവയാണ്. - അതിനെ അക്കാലത്തെ പ്രതികളുമായി തട്ടിച്ചു നോക്കുമ്പോൾ അപ്രകാരമൊരു ഉപസംഹാരം ഒന്നിലും കാണുന്നില്ല. അവ ആരെങ്കിലും കൂട്ടിച്ചേർത്തതാകാം...''

   നമ്മുടെ കയ്യിലെ വചനത്തിലെ തെറ്റിക്കൂടായ്മ പൂർണ്ണമായും അവകാശപ്പെടുന്നവർ പോലും, യോഹ.5-ലെ ബെഥെസ്ദാ കുളക്കരയിലെ സംഭവം പോലുള്ളവയിൽ SBC കുത്തിത്തിരുകൽ നടന്നിട്ടു ന്ന് വിശ്വസിക്കുന്നു. യൂദായുടെ ആത്മഹത്യയെക്കുറിച്ചുള്ള ര ു തരം വിവരണങ്ങളും (മത്താ.27, അ.പ്ര.1) ഇതുപോലെയുള്ള ഒന്നാകുന്നു. ക്രിസ്‌വെൽ ഇങ്ങനെ പറയുന്നു, ''അത് ആത്മഹത്യയുടെ മറ്റൊരു മുഖമാണ്...'' ആ വൃത്താന്തം ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു എങ്കിൽ അതിനൊരു വിശദീകരണവുമു ്. യൂദയുടെ ആത്മഹത്യയുടെ ര ു വൃത്താന്തങ്ങളും നാം വചനത്തിൽ തന്നെയാണ് കാണുന്നത്.'' താൻ ഇപ്രകാരം കൂട്ടിച്ചേർക്കുന്നു; ''ടെക്സ്റ്റ്വൽ ക്രിട്ടിസിസം വളരെ നിർണ്ണായകമായ ഒരു ശാസ്ത്രശാഖയാണ്. അത് അല്പായുസുള്ള ഒന്നല്ല, അത്ര അപ്രസക്തവുമല്ല. അത് നിർണ്ണായകവും അതിശക്തവുമാണ്...'

## III. കയ്യെഴുത്തുപ്രതികളിലെ പ്രശ്നങ്ങൾ (Textual Criticism)

### A. തുടർപഠനത്തിന് സഹായകമായ പുസ്തകങ്ങൾ

1. *Biblical Criticism: Historical, Literary and Textual*, by R.H. Harrison (ബിബ്ലിക്കൽ ക്രിട്ടിസിസം; ഹിസ്റ്റോറിക്കൽ, ലിറ്ററി ആന്റ് ടെക്സ്റ്റ്വൽ).
2. *The Text of the New Testament: Its Transmission, Corruption and Restoration* by Bruce M.
   Metzger (ദ ടെക്സ്റ്റ് ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് : ഇറ്റ്സ് ട്രാൻസ്മിഷൻ ആന്റ് റെസ്റ്റോറേഷൻ യ്യ)
3. *Introduction to New Testament Textual Criticism*, by J. H Greenlee (ഇൻട്രൊഡക്ഷൻ റ്റു ന്യൂ ടെസ്റ്റമെന്റ് ടെക്സ്റ്റ്വൽ ക്രിട്ടിസിസം)

# അനുബന്ധം 3

## ഗ്രീക്ക് വ്യാകരണ പദങ്ങളുടെ ഹ്രസ്വ നിർവചനം

ഹെല്ലനിസ്റ്റിക് ഗ്രീക്ക് എന്നു സാമാന്യമായി പറയുന്ന കൊയ്നേ ഗ്രീക്ക് ആയിരുന്നു മഹാനായ അലക്സാണ്ടറുടെ (ബി.സി. 336–323) ആക്രമണം മുതൽ തുടർന്നുള്ള എണ്ണൂറു വർഷങ്ങളിൽ (ബി.സി. 300 – എ.ഡി. 500) മെഡിറ്ററേനിയൻ പ്രദേശത്തെ പൊതുഭാഷ. അത് കേവലം ലളിതമായ ക്ലാസ്സിക്കൽ ഗ്രീക്ക് മാത്രമായിരുന്നില്ല, മറിച്ച് അനേക നിലകളിൽ ഗ്രീക്കിന്റെ പുതിയൊരു രൂപവും പുരാതന സമീപ പൂർവ്വദേശങ്ങളിലെയും മെഡിറ്ററേനിയൻ പ്രദേശങ്ങളിലെയും രണ്ടാം ഭാഷയുമായിരുന്നു.

പുതിയ നിയമത്തിന്റെ ഗ്രീക്ക് ചില നിലകളിൽ അതുല്യമായിരുന്നു, കാരണം അതുപയോഗിച്ചിരുന്നവർ, ലൂക്കൊസും എബ്രായ ലേഖന രചയിതാവും ഒഴികെ അരാമ്യ പ്രഥമ ഭാഷയായി ഉപയോഗിച്ചവരായിരുന്നു. അതിനാൽ അവരുടെ എഴുത്തുകളെ അരാമ്യയുടെ ശൈലികളും ഘടനാ സവിശേഷതകളും സ്വാധീനിച്ചിരുന്നു. കൊയ്നേ ഗ്രീക്കിൽ എഴുതപ്പെട്ടിരിക്കുന്ന സെപ്റ്റ്വജിന്റ് (പഴയനിയമത്തിന്റെ ഗ്രീക്കു പരിഭാഷ) അവർ വായിക്കുകയും അതിൽനിന്നു ഉദ്ധരിക്കുകയും ചെയ്തിരുന്നു. എങ്കിലും സെപ്റ്റ്വജിന്റും രചിക്കപ്പെട്ടത് ഗ്രീക്കു മാതൃഭാഷയല്ലാത്ത യെഹൂദ പണ്ഡിതന്മാരാൽ ആയിരുന്നു.

അതിനാൽ പുതിയനിയമത്തെ ഒരു കർശനമായ വ്യാകരണ ചട്ടക്കൂട്ടിൽ ഒതുക്കുവാൻ നമുക്കാവില്ല എന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു. അത് അതുല്യമായിരിക്കുമ്പോൾ തന്നെ അത് (1) സെപ്റ്റ്വജിന്റ്; (2) ജൊസീഫസിന്റെ രചനകൾ പോലെയുള്ള യെഹൂദ രചനകൾ; (3) ഈജിപ്റ്റിൽ നിന്നും ലഭിച്ച പാപ്പിറസ് എന്നിവയുടെ പൊതുസ്വഭാവം ഉള്ളവയുമാണ്. എങ്കിൽ എങ്ങനെ നമുക്ക് പുതിയ നിയമത്തിന്റെ വ്യാകരണ വിശകലനത്തെ സമീപിക്കാൻ കഴിയും?

കൊയ്നേ ഗ്രീക്കിന്റെയും പുതിയനിയമ കൊയ്നേ ഗ്രീക്കിന്റെയും വ്യാകരണ സവിശേഷതകൾ വഴക്കമുള്ളതാണ്. പല നിലകളിലും അത് വ്യാകരണത്തിന്റെ ലളിതവത്കരണമാണ്. സന്ദർഭമാണ് നമ്മുടെ പ്രധാന വഴികാട്ടി. വിശാല സന്ദർഭത്തിൽ മാത്രമേ വാക്കുകൾക്ക് അർത്ഥമുള്ളൂ. അതിനാൽ വ്യാകരണഘടന മനസ്സിലാക്കാൻ കഴിയുന്നത് (1) ആ പ്രത്യേക എഴുത്തുകാരന്റെ ശൈലി; (2) ആ പ്രത്യേക സന്ദർഭം എന്നിവയുടെ വെളിച്ചത്തിൽ മാത്രമാണ്. ഗ്രീക്ക് രൂപങ്ങളും ഘടനയും സംബന്ധിച്ച് ഒരു അന്തിമ നിർവ്വചനം സാധ്യമല്ല.

കൊയ്നേ ഗ്രീക്ക് പ്രാഥമികമായി ഒരു വാമൊഴി ഭാഷയാണ്. മിക്കപ്പോഴും വ്യാഖ്യാനത്തിനുള്ള താക്കോൽ ഈ അക്ഷരരൂപങ്ങളുടെ ഇനവും രൂപവും ആണ്. മിക്ക പ്രധാന വാചകങ്ങളിലും ക്രിയാപദം, അതിന്റെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നതിനായി ആദ്യമാണ് ഉപയോഗിച്ചിരിക്കുന്നത്. ഗ്രീക്ക് ക്രിയകളെ വിശകലനം ചെയ്യുമ്പോൾ മൂന്നു കാര്യങ്ങൾ ശ്രദ്ധിക്കണം: (1) കാലം, പ്രയോഗം, ക്രിയാരൂപം എന്നിവയുടെ അടിസ്ഥാന ഊന്നൽ (ആക്സിഡൻസ് അഥവാ മോർഫോളജി); (2) ആ പ്രത്യേക ക്രിയയുടെ അടിസ്ഥാന അർത്ഥം (ലെക്സിക്കോഗ്രഫി); (3) സന്ദർഭത്തിന്റെ ഒഴുക്ക് (സിന്റാക്സ്).

I. കാലം

A. കാലം എന്നതിൽ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തിയോടോ അപൂർണ്ണ പ്രവൃത്തിയോടോ ഉള്ള ക്രിയകളുടെ ബന്ധം ഉൾപ്പെട്ടിരിക്കുന്നു. ഇത് മിക്കപ്പോഴും പൂർണ്ണം (പെർഫക്ടീവ്) അഥവാ അപൂർണ്ണം (ഇംപെർഫക്ടീവ്) എന്നു വിളിക്കപ്പെടുന്നു.

1. പൂർണ്ണകാലം (പെർഫക്ടീവ് ടെൻസ്) പ്രവൃത്തി നടക്കുന്നതിലാണ് ശ്രദ്ധയൂന്നുന്നത്. എന്തോ സംഭവിച്ചു എന്നതൊഴികെ കൂടുതൽ വിവരങ്ങൾ നൽകുന്നില്ല! അതിന്റെ തുടക്കവും തുടർച്ചയും പൂർത്തീകരണവും പരാമർശിക്കുന്നില്ല.
2. അപൂർണ്ണകാലം (ഇംപെർഫക്ടീവ് ടെൻസ്) ഒരു പ്രവൃത്തിയുടെ തുടർ പ്രക്രിയയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അത് നേർരേഖാ പ്രവൃത്തി, ക്രമാനുഗത പ്രവൃത്തി എന്നിങ്ങനെ വിവരിക്കാൻ കഴിയും.

B. പ്രവൃത്തിയുടെ മുന്നേറ്റത്തെ എഴുത്തുകാരൻ എങ്ങനെ കാണുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ കാലങ്ങളെ വിഭജിക്കാൻ കഴിയും.

1. അതു സംഭവിച്ചു = ഭൂതകാലം (Aorist)
2. അതു സംഭവിച്ചു ഫലം നിലനില്ക്കുന്നു = പൂർണ്ണകാലം (Perfect)
3. അതു ഭൂതകാലത്തിൽ സംഭവിച്ചുകൊണ്ടിരുന്നു, ഫലം നിലനിന്നുകൊണ്ടിരുന്നു, പക്ഷേ ഇപ്പോഴില്ല = പ്ലൂ പെർഫക്ട്
4. അതു സംഭവിച്ചുകൊണ്ടിരിക്കുന്നു = വർത്തമാനകാലം (Present)
5. അതു സംഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു = അപൂർണ്ണം (Imperfect)
6. അതു സംഭവിക്കും = ഭാവി (Future)

ഈ കാലങ്ങൾ വ്യാഖ്യാനത്തെ എങ്ങനെ സഹായിക്കും എന്നതിന്റെ ഉദാഹരണമാണ് “രക്ഷിക്കുക”

എന്ന പദം. അതിന്റെ പ്രക്രിയയെയും പൂർത്തീകരണത്തെയും കാണിക്കുവാൻ നിരവധി വ്യത്യസ്ത കാലങ്ങൾ ഉപയോഗിച്ചിട്ടുണ്ട്.

1. ഭൂതകാലം (aorist) = രക്ഷിക്കപ്പെട്ടു (ഒ.നോ. റോമർ 8:24)
2. പൂർണ്ണകാലം (Perfect) = "രക്ഷിക്കപ്പെട്ടു ഫലം തുടരുന്നു" (ഒ.നോ. എഫെ. 2:5,8)
3. വർത്തമാനകാലം (Present) = "രക്ഷിക്കപ്പെടുന്നു" (ഒ.നോ. 1 കൊരി. 1:18; 15:2)
4. ഭാവികാലം (Future) = രക്ഷിക്കപ്പെട്ടു (ഒ.നോ. റോമർ 5:9,10; 10:9)

C. ക്രിയാകാലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ യഥാർത്ഥ എഴുത്തുകാരൻ ആ പ്രത്യേക കാലത്തിൽ തന്നെത്താൻ വെളിപ്പെടുത്തുന്നത് തിരഞ്ഞെടുത്തതിന്റെ കാരണങ്ങളും വ്യാഖ്യാതാവ് അന്വേഷിക്കും. സാധാരണ ഗതിയിൽ യാതൊരു സംശയവുമില്ലാത്ത കാലം ഭൂതകാലമാണ്. അത് സാധാരണയായ "പ്രത്യേകമല്ലാത്ത", "പ്രത്യേക അടയാളമില്ലാത്ത" അഥവാ "വിശേഷതയില്ലാത്ത" ക്രിയാരൂപമാണ്. സന്ദർഭത്തിനനുസരിച്ച് ധാരാളം രീതിയിൽ അതുപയോഗിക്കാൻ കഴിയും. ഒരു കാര്യം സംഭവിച്ചു എന്നു ലളിതമായി സൂചിപ്പിക്കുകയാണത്. ഭൂതകാലത്തിലെ സമയവശം നിർദ്ദേശിക വിഭക്തിരൂപത്തിൽ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. മറ്റേതൊരു കാലം ഉപയോഗിച്ചാലും കൂടുതൽ എന്തെങ്കിലും ഊന്നൽ അതിൽ കാണും. പക്ഷേ എന്ത്?

1. പൂർണ്ണകാലം (Perfect Tense). നിലനില്ക്കുന്ന ഫലത്തോടുകൂടിയ പൂർത്തിയായ പ്രവൃത്തിയെക്കുറിച്ചാണിതു പറയുന്നത്. ചില കാര്യത്തിൽ ഇത് ഭൂതകാലത്തിന്റെയും വർത്തമാനകാലത്തിന്റെയും സംയുക്തമാണ്. സാധാരണയായി ഊന്നൽ, നിലനില്ക്കുന്ന ഫലത്തിലോ പ്രവൃത്തിയുടെ പൂർത്തീകരണത്തിലോ ആണ് (ഉദാ. എഫെ. 2:5,8, "നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു ... രക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്).
2. പ്ലൂപെർഫെക്ട് (Pluperfect Tense). നിലനിൽക്കുന്ന ഫലം നിന്നിരിക്കുന്നു എന്നതൊഴിച്ചാൽ പൂർണ്ണകാലത്തിനു തുല്യമാണിത്. ഉദാ. യോഹന്നാൻ 18:16, "പത്രൊസ് വാതില്ക്കൽ പുറത്തു നില്ക്കുമ്പോൾ...".
3. വർത്തമാനകാലം (Present Tense). പൂർത്തിയാകാത്ത അഥവാ ഇംപെർഫെക്റ്റ് പ്രവൃത്തിയാണിത്. ഊന്നൽ സാധാരണയായി സംഭവത്തിന്റെ തുടർച്ചയിലാണ്. ഉദാ. 1 യോഹന്നാൻ 3:6 & 9, "അവനിൽ വസിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല."
4. അപൂർണ്ണകാലം (Imperfect Tense). ഈ കാലത്തിൽ വർത്തമാന കാലത്തോടുള്ള ബന്ധം പെർഫെക്റ്റും പ്ലൂപെർഫെക്റ്റും തമ്മിലുള്ള ബന്ധത്തിനു സമാനമാണ്. സംഭവിച്ചുകൊണ്ടിരിക്കുന്ന പൂർത്തീകരിക്കാത്ത ഒരു പ്രവൃത്തി ഇപ്പോൾ നിന്നിരിക്കുന്നു എന്നതിനെക്കുറിച്ചോ അല്ലെങ്കിൽ ഭൂതകാലത്തിലെ ഒരു പ്രവൃത്തിയുടെ ആരംഭത്തെക്കുറിച്ചോ ഇംപെർഫക്റ്റ് പറയുന്നു. ഉദാ. മത്തായി 3:5 "യെഷശേലേമ്യരും ... അവന്റെ അടുക്കൽ ചെന്നു" അല്ലെങ്കിൽ "യെഷശേലേമ്യർ എല്ലാവരും അവന്റെ അടുക്കൽ ചെല്ലുവാൻ തുടങ്ങി."
5. ഭാവികാലം (Future Tense). ഭാവികാലത്തു സംഭവിക്കാനുള്ള ഒരു പ്രവൃത്തിയെക്കുറിച്ചാണിത് എപ്പോഴും പറയുന്നത്. ഒരു യഥാർത്ഥ സംഭവത്തെക്കാൾ ആ സംഭവം മുഖാന്തരമുള്ള സാധ്യതകളിലാണ് ഊന്നൽ. സംഭവത്തിന്റെ നിശ്ചയത്തെക്കുറിച്ചാണ് ഇതു മിക്കപ്പോഴും സംസാരിക്കുന്നത്. ഉദാ. മത്തായി 5:4–9, "ഭാഗ്യന്മാർ ... അവർ കാണും."

II. പ്രയോഗം (Voice)

A. ക്രിയയുടെ പ്രവൃത്തിയും അതിന്റെ കർത്താവും തമ്മിലുള്ള ബന്ധത്തെയാണ് പ്രയോഗം വിവരിക്കുന്നത്.

B. കർത്താവാണ് ക്രിയ ചെയ്യുന്നതെന്നു സൂചിപ്പിക്കുന്ന സാധാരണവും പ്രതീക്ഷിക്കുന്നതും, ഊന്നലില്ലാത്തതുമായ പ്രസ്താവനയാണ് കർത്തരി പ്രയോഗം.

C. പുറമെ നിന്നുള്ള ഒരു വ്യക്തി ഉളവാക്കുന്ന ക്രിയയുടെ പ്രവൃത്തി കർത്താവു സ്വീകരിക്കുന്നു എന്നർത്ഥമാക്കുന്നതാണ് കർമ്മണി പ്രയോഗം. പുറമെയുള്ള വ്യക്തി പ്രവൃത്തി ഉളവാക്കുന്നു എന്നതിനെ താഴെപ്പറയുന്ന ഗതികളും പ്രത്യയങ്ങളും ഉപയോഗിച്ചാണ് ഗ്രീക്കു പുതിയനിയമം രേഖപ്പെടുത്തുന്നത്:

1. *ഹുപ്പോ* (*ὑπο*) ഉപയോഗിച്ച് നേരിട്ടുള്ള ഒരു വ്യക്തി, സംയോജികാ വിഭക്തി (ഒ.നോ. മത്തായി 1:22; പ്രവൃത്തി 22:30)
2. *ഡിയാ* (*δια*) ഉപയോഗിച്ച് ഒരു ഇടനിലക്കാരനായ വ്യക്തി സംയോജികാ വിഭക്തി (ഒ.നോ. മത്തായി 1:22)
3. *എൻ* (*εν*) ഉപയോഗിച്ച് ഒരു ആളത്തമില്ലാത്ത മാധ്യമം പ്രയോജികാ വിഭക്തി
4. ചിലപ്പോൾ ആളത്തമുള്ളതോ ആളത്തമില്ലാത്തതോ ആയ ഒരു മാധ്യമം, പ്രയോജികാ വിഭക്തി മാത്രം

D. മാധ്യമ പ്രയോഗം അർത്ഥമാക്കുന്നത് കർത്താവു ക്രിയയുടെ പ്രവൃത്തി ഉളവാക്കുകയും ക്രിയയുടെ പ്രവൃത്തിയിൽ നേരിട്ട് പങ്കാളിയാകുകയും ചെയ്യുന്നു എന്നാണ്. ഉന്നതമായ വ്യക്തി താല്പര്യത്തിന്റെ

പ്രയോഗം എന്നിതിനെ വിളിക്കാറുണ്ട്. ഈ ഘടന, വാചകരൂപത്തിന്റെ അഥവാ വാചകത്തിന്റെ വിഷയത്തിന് ചില രീതിയിൽ ഊന്നൽ നൽകുന്നു. ഇംഗ്ലീഷിൽ ഈ ഘടന ഇല്ല. ഗ്രീക്കിൽ ഇതിന് വിശാല അർത്ഥ, പരിഭാഷാ സാധ്യതകളാണുള്ളത്. ഈ രൂപത്തിന്റെ ചില ഉദാഹരണങ്ങൾ:

1. റിഫ്ളക്സീവ് – കർത്താവിന്റെ തന്നോടുതന്നെ നേരിട്ടുള്ള പ്രവൃത്തി. ഉദാ. മത്തായി 27:5 “കെട്ടി ഞാന്നു”
2. ഇന്റൻസീവ് – കർത്താവ് അതിനായി തന്നെ പ്രവൃത്തി ഉളവാക്കുന്നു. ഉദാ. 2 കൊരി. 11:14, “സാത്താൻ താനും വെളിച്ചദൂതന്റെ വേഷം ധരിക്കുന്നു”
3. റസിപ്രോക്കൽ – രണ്ടു കർത്താക്കൾക്കിടയിലുള്ള പ്രവൃത്തി. ഉദാ. മത്തായി 26:4 “(അന്യോന്യം) ആലോചിച്ചു”

II. കിയാരൂപം (Mood)

A. കൊയ്നേ ഗ്രീക്കിൽ നാലു ക്രിയാരൂപങ്ങളുണ്ട്. ക്രിയയ്ക്ക് യാഥാർത്ഥ്യവുമായുള്ള ബന്ധത്തെ, കുറഞ്ഞത് എഴുത്തുകാരന്റെ മനസ്സിലെങ്കിലും, അവ സൂചിപ്പിക്കുന്നു. ക്രിയാരൂപങ്ങളെ രണ്ടു വിശാല വിഭാ K-ങ്ങളായി തിരിക്കാം. യാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നവയും (സൂചകം), സാധ്യതകളെ സൂചിപ്പിക്കുന്നവയും (ക്രിയാബന്ധം, വിധിരൂപം അഥവാ അനുവാദകമായ/ ആഗ്രഹം പ്രകടിപ്പിക്കുന്ന).

B. സൂചക ക്രിയാരൂപം (Indicative mood), സംഭവിച്ചതോ സംഭവിച്ചുകൊണ്ടിരിക്കുന്നതോ ആയ പ്രവൃത്തിയെ – കുറഞ്ഞത് എഴുത്തുകാരന്റെ മനസ്സിൽ – സൂചിപ്പിക്കുന്ന സാധാരണ ക്രിയാരൂപമാണ്. ഒരു കൃത്യമായ സമയത്തെ സൂചിപ്പിക്കുന്ന ഗ്രീക്കിലെ ഏക ക്രിയാരൂപമാണിത്. ഇവിടെപ്പോലും ഈ വിഷയം രണ്ടാം തരമാണ്.

C. അനുബന്ധ ക്രിയാരൂപം (Subjunctive mood) ഭാവിയിൽ സാധ്യതയുള്ള പ്രവൃത്തിയെ സൂചിപ്പിക്കുന്നു. ആ കാര്യം ഇതുവരെ സംഭവിച്ചിട്ടില്ല, പക്ഷേ അതു സംഭവിക്കാനുള്ള സാധ്യതയുണ്ട്. ഭാവിസൂചകത്തോട് സമാനതയുള്ളതാണത്. വ്യത്യാസം അനുബന്ധം ഒരളവുവരെ സംശയം പ്രകടിപ്പിക്കുന്നു എന്നതാണ്. ഇംഗ്ലീഷിൽ അത് “കഴിയും”, “ആയിരിക്കും” (could, would, may, might) എന്നീ പദങ്ങളിൽ കൊണ്ടാണു ബളിപ്പെടുത്തുന്നത്.

D. അനുവാദക ക്രിയാരൂപം (Optative mood) സൈദ്ധാന്തികമായി സാധ്യമായ ഒരു ആഗ്രഹത്തെ വെളിപ്പെടുത്തുന്നു. അത് ക്രിയാബന്ധത്തെക്കാൾ യാഥാർത്ഥ്യത്തോട് ഒരുപടി കൂടി അടുത്തതാണ്. ചില പ്രത്യേക സാഹചര്യത്തിൽ അതിന്റെ സാധ്യത അനുവാദകക്രിയാരൂപം പ്രകടിപ്പിക്കുന്നു. പുതിയനിയമത്തിൽ ഇത് അപൂർവ്വമാണ്. അതിന്റെ കൂടെക്കൂടെയുള്ള ഉപയോഗം പൗലൊസിന്റെ പ്രസിദ്ധമായ ശൈലി, “ഒരുനാളും അരുത്” (“ദൈവം വിലക്കട്ടെ”) ആണ്. ഇത് 15 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (ഒ.നോ. റോമ. 3:4,6,31; 6:2,15; 7:7,13; 9:14; 11:1,11; 1 കൊരി. 6:15; ഗലാ. 2:17; 3:21; 6:14). മറ്റ് ഉദാഹരണങ്ങൾ ലൂക്കൊ. 1:38; 20:16; പ്രവൃ. 8:20; 1 തെസ്സ. 3:11 എന്നീ വാക്യങ്ങളിൽ കാണാം.

E. വിധിരൂപം (Imperative mood) സാധ്യമായ ഒരു കല്പന ഊന്നിപ്പറയുന്നു, എങ്കിലും സംസാരിക്കുന്നവന്റെ ഉദ്ദേശ്യത്തിനാണ് ഊന്നൽ. സ്വമേധയാ ഉള്ള സാധ്യതയെയാണതു പ്രസ്താവിക്കുന്നത്, അതിന്റെ വ്യവസ്ഥ മറ്റൊരുവന്റെ തെരഞ്ഞെടുപ്പുകളാണ്. പ്രാർത്ഥനകളിലും പ്രഥമപുരുഷ അപേക്ഷകളിലും വിധിരൂപത്തിന്റെ പ്രത്യേക ഉപയോഗമുണ്ട്. പുതിയ നിയമത്തിൽ ഈ കല്പനകൾ വർത്തമാന, ഭൂതകാലങ്ങളിൽ മാത്രമേ കാണുന്നുള്ളൂ.

F. ചില വ്യാകരണ ഗ്രന്ഥങ്ങൾ അപൂർണ്ണക്രിയകളെ (Participles) മറ്റൊരു ക്രിയാരൂപമായി പ്രസ്താവിക്കുന്നു. പുതിയനിയമത്തിൽ അതു സാധാരണമാണ്, അവയെ സാധാരണയായി അലിഖിത നാമവിശേഷണങ്ങൾ എന്നു വിളിക്കുന്നു. അവ ബന്ധപ്പെട്ടിരിക്കുന്ന പ്രധാന ക്രിയയോടു ബന്ധപ്പെടുത്തിയാണത് പരിഭാഷപ്പെടുത്താറുള്ളത്. അപൂർണ്ണ ക്രിയകൾ പരിഭാഷപ്പെടുത്തുമ്പോൾ വൈവിധ്യങ്ങൾക്ക് ഏറെ സാധ്യതയുണ്ട്. നിരവധി ഇംഗ്ലീഷ് പരിഭാഷകൾ പരിശോധിക്കുന്നത് ഉത്തമമാണ്. ബേക്കർ പ്രസിദ്ധീകരിച്ച *ദ ബൈബിൾ ഇൻ ട്വന്റി സിക്സ് ട്രാൻസലേഷൻസ്* മികച്ച സഹായക ഗ്രന്ഥമാണ്.

G. ഭൂതകാല കർത്തരി സൂചകം, ഒരു സംഭവത്തെ രേഖപ്പെടുത്തുന്നതിനുള്ള സാധാരണവും അല്ലെങ്കിൽ “പ്രത്യേക തോന്നാത്ത രീതിയിലുള്ളതുമായ” മാർഗ്ഗമാണ്. മറ്റേതൊരു കാലത്തിനും പ്രയോഗത്തിനും ക്രിയാരൂപത്തിനും മൂല എഴുത്തുകാരൻ വിനിമയം ചെയ്യാനാഗ്രഹിക്കുന്ന ഏതെങ്കിലും നിലയിലുള്ള വ്യാഖ്യാനിക്കുന്ന പ്രാധാന്യമുണ്ടായിരിക്കും.

III. ഗ്രീക്ക് ഭാഷ പരിചയമില്ലാത്ത വ്യക്തിക്ക് താഴെപ്പറയുന്ന ഗ്രന്ഥങ്ങളിൽ നിന്നും കൂടുതൽ വിവരങ്ങൾ ലഭിക്കും.

A. Friberg, Barbara and Timothy. *Analytical Greek New Testament*. Grand Rapids: Baker, 1988.

B. Marshall, Alfred. *Interlinear Greek-English New Testament*. Grand Rapids: Zondervan, 1976.

C. Mounce, William D. *The Analytical Lexicon to the Greek New Testament*. Grand Rapids: Zondervan, 1993.

D. Summers, Ray. *Essentials of New Testament Greek*. Nashville: Broadman, 1950.

E. Academically accredited Koine Greek correspondence courses are available through Moody Bible Institute in Chicago, IL.

V. നാമങ്ങൾ

A. പദവിന്യാസ ക്രമ സംബന്ധമായി, നാമങ്ങൾ വിഭക്തിക്കനുസരിച്ചാണ് വിഭജിക്കാറുള്ളത്. നാമത്തിന് ക്രിയായോടോ വാചകത്തിലെ മറ്റു ഭാഗങ്ങളോടൊ ഉള്ള ബന്ധം വെളിപ്പെടുത്തുന്ന നാമരൂപത്തെയാണ് വിഭക്തി എന്നു പറയുന്നത്. കൊയ്നേ ഗ്രീക്കിൽ വിഭക്തിയുടെ ധർമ്മങ്ങളധികവും *ഗതി* ഉപയോഗിച്ചാണ് സൂചിപ്പിക്കുന്നത്. നിരവധി വ്യത്യസ്ത ബന്ധങ്ങളെ തിരിച്ചറിവാൻ വിഭക്തി രൂപങ്ങൾക്കു കഴിയുമെന്നതിനാൽ, സാധ്യമായ ധർമ്മത്തിന് വ്യക്തമായ വേർതിരിവു നൽകുന്ന വിധത്തിൽ ഗതികൾ വികസിപ്പിക്കപ്പെട്ടിരിക്കുന്നു.

B. ഗ്രീക്ക് വിഭക്തികൾ താഴെ പറയുന്ന എട്ടു രീതിയിൽ വിഭജിക്കപ്പെട്ടിരിക്കുന്നു

1. നിർദ്ദേശിക (Nominative) പേരു നല്കുന്നതിനുപയോഗിക്കുന്നു; സാധാരണയായി അതായിരിക്കും വാചകത്തിലെ അല്ലെങ്കിൽ ഉപവാചകത്തിലെ കർത്താവ്. സംയോജക ക്രിയകളായ "to be"അഥവാ "become" (ആയിരിക്കുക, ആയിത്തീരുക) എന്നിവ ഉപയോഗപ്പെടുത്തി ആഖ്യാത നാമമോ (Predicate noun) നാമവിശേഷണമോ നിർമ്മിക്കാനും അതുപയോഗിക്കുന്നു.
2. സംബന്ധിക (Genetive) വിവരണത്തിനുവേണ്ടി ഉപയോഗിക്കുന്നു; സാധാരണയായി അതു ബന്ധപ്പെടുന്ന വാക്കിന് ഒരു സവിശേഷത അഥവാ ഗുണം നൽകുന്നതിനായി ഉപയോഗിക്കുന്നു. "ഏതു തരം?" എന്ന ചോദ്യത്തിന് അതുത്തരം നല്കുന്നു. ഇംഗ്ലീഷ് ഗതിയായ 'to' (ഉടെ/ന്റെ) ഉപയോഗിച്ചാണ് പ്രകടിപ്പിക്കുന്നത്.
3. സംയോജിക (Ablative) സംബന്ധിക പോലെ പദങ്ങളുടെ അതേ രൂപഭേദം ഉപയോഗിക്കുന്നു എങ്കിലും അത് വേർതിരിവു കാണിക്കാനാണുപയോഗിക്കുന്നത്. സമയം, സ്ഥാനം, ഉറവിടം, മൂലം, അളവ് എന്നിവയിലെ ഒരു ഘട്ടത്തിൽ നിന്നുള്ള വേർതിരിവാണതു സാധാരണയായി ചെയ്യുന്നത്. ഇംഗ്ലീഷ് ഗതിയായ 'from' (ഓട്/ൽനിന്ന്) ഉപയോഗിച്ചാണ് പ്രയോഗിക്കുന്നത്.
4. ഉദ്ദേശിക (Dative) ഒരു വ്യക്തിപരമായ താല്പര്യത്തെ വിവരിക്കാനുപയോഗിക്കുന്നു. ഇത് സാധകാത്മകമോ നിഷേധാത്മാകമോ ആയ തലത്തെ സൂചിപ്പിക്കാം. മിക്കപ്പോഴും ഇത് പരോക്ഷ കർമ്മമാകാം. ഇംഗ്ലീഷ് ഗതിയായ 'to' (ക്ക്/ ന്) ഉപയോഗിച്ചാണിതു പ്രകടിപ്പിക്കുന്നത്.
5. ആധാരിക (Locative) വിഭക്തി ഉദ്ദേശികക്കു സമാനമായ വക്രരൂപമാണെങ്കിലും അത് സ്ഥാനം, സമയം അഥവാ യുക്തിപരമായ പരിധി എന്നിവയിലെ സ്ഥാനം അഥവാ സ്ഥലം വിവരിക്കാനാണുപയോഗിക്കുന്നത്. ഇംഗ്ലീഷ് ഗതികളായ "in, on, at, am, on, during, by" (ൽ/കൽ) എന്നിവ ഉപയോഗിച്ചാണിത് പ്രകടിപ്പിക്കുന്നത്.
6. പ്രായോജിക (Instrumental) വിഭക്തി ഉദ്ദേശികയും ആധാരികയും പോലെയുള്ള വക്രരൂപങ്ങളാണ്. അത് മാർഗ്ഗത്തെ അഥവാ ബന്ധത്തെ സൂചിപ്പിക്കുന്നു. "by" "with" (ആൽ/കൊണ്ട്) എന്നീ ഇംഗ്ലീഷ് ഗതികൾ കൊണ്ടാണിത് പ്രകടിപ്പിക്കുന്നത്.
7. കർമ്മ വിഭക്തി (Accusative) ഒരു പ്രവൃത്തിയുടെ സമാപനത്തെ സൂചിപ്പിക്കുന്നു. അത് പരിധിയെ വെളിപ്പെടുത്തുന്നു. പ്രത്യക്ഷ കർമ്മമാണ് അതിന്റെ പ്രധാന ഉപയോഗം. "എത്രത്തോളം," "ഏത ളവു വരെ?" എന്നീ ചോദ്യങ്ങൾക്ക് അതുത്തരം നല്കുന്നു.
8. പ്രതിഗ്രാഹിക (Vocative) നേരിട്ടുള്ള അഭിസംബോധനയ്ക്ക് ഉപയോഗിക്കുന്നു.

VI. സമുച്ചയ പദങ്ങളും സംയോജകങ്ങളും

A. ഗ്രീക്ക് ഒരു കൃത്യതയുള്ള ഭാഷയാണ്, കാരണം അതിന് കൂട്ടിച്ചേർക്കുന്ന ധാരാളം പദങ്ങളുണ്ട്. അവ ചിന്തകളെ കൂട്ടിയോജിപ്പിക്കുന്നു (വാക്യശകലങ്ങൾ, വാചകങ്ങൾ, ഖണ്ഡികൾ). അവ സർവ്വസാധാരണമായതിനാൽ അതിന്റെ അഭാവം മിക്കപ്പോഴും വ്യാഖ്യാനപരമായി പ്രാധാന്യമുള്ളതായിരിക്കും. വാസ്തവത്തിൽ ഈ സമുച്ചയ പദങ്ങളും സംയോജകങ്ങളും എഴുത്തുകാരന്റെ ചിന്തയുടെ ദിശ വെളിപ്പെടുത്തുന്നവയാണ്. അവൻ വാസ്തവത്തിൽ എന്താണ് വിനിമയം ചെയ്യാനാഗ്രഹിക്കുന്നതെന്നു മനസ്സിലാക്കുന്നതിൽ അവയ്ക്കു നിർണ്ണായക പങ്കുണ്ട്.

B. ചില സമുച്ചയ പദങ്ങളുടെയും സംയോജകങ്ങളുടെയും പട്ടിക ഇവിടെ കൊടുക്കുന്നു (എച്ച്. ഇ. ഡാനാ, ജൂലിയസ് കെ. മാന്റി എന്നിവയെഴുതിയ *എ മാന്വൽ ഗ്രാമർ ഓഫ് ദ ന്യൂ ടെസ്റ്റ്മെന്റിൽ* നിന്നെടുത്ത വിവരങ്ങളാണിവ).

1. സമയ സംയോജകങ്ങൾ
   a. *എപെയി (ἐπει), എപെയിഡി (ἐπειδη), ഹൊപൊറ്റെ (ὁποτε), ഹോസ് (ὡς), ഹോട്ടെ (ὁτε), ഹോട്ടാൽ (ὁταν* കർത്താവ്) – "When" (എപ്പോളോ അപ്പോൾ)
   b. *ഹിയോസ് (ἑος),*– "while" (അന്നേരം)

c. *ഹോട്ടൻ (ὁταν), എപാൻ (επαν -കർത്താവ്)* - "Whenever" (അപ്പോഴൊക്കെ)
d. *ഹെയോസ് (ἑος), അഖ്റി (αχρι), മെഖ്റി (μεχρι* കർത്താവ്) - "until" (അതുവരെ)
e. പ്രിൻ *(πριν*, ഇൻഫി.) - "before" മുമ്പ്
f. *ഹോസ് (ὁς)*,- "Since", "When", "as" (അതുമുതൽ, അപ്പോൾ, അതുപോലെ)

2. യുക്തിപരമായ സംയോജകങ്ങൾ
   a. ഉദ്ദേശ്യം
      (1) *ഹിനാ (ἱνα* കർത്താവ്), *ഹോപോസ് (ὁπος* കർത്താവ്), *ഹോസ് (ὁς)* - "in order that" "that" (അതിനായി, അതായത്).
      (2) *ഹോസ്ടെ (ὁστε* - Articilar Ascusative infinitive) "that" - "അതായത്"
      (3) *പ്രോസ് (προς* - Articilar Ascusative infinitive) അഥവാ *എയിസ് (εις* - Articilar Ascusative infinitive) - "that" "അത്"
   b. ഫലം (ഉദ്ദേശ്യം, ഫലം എന്നിവയുടെ വ്യാകരണ രൂപങ്ങൾ തമ്മിൽ വളരെ അടുപ്പമുണ്ട്)
      (1) *ഹോസ്ടെ (ὁστε* അപൂർണ്ണക്രിയ, ഇതാണ് സർവ്വ സാധാരണം) "in order that", "thus"
      (2) *ഹിനാ (ἱνα* കർ) - "so that" "അതിനാൽ"
      (3) *അറാ (αρα)* - "so" "അതുകൊണ്ട്/അങ്ങനെ"
   c. യാദൃശ്ചികം അഥവാ കാരണം
      (1) *ഗാർ (γαρ)* (ഹേതു/ഫലം അഥവാ കാരണം/സമാപനം) "for" "because" "അക്കാരണത്താൽ"
      (2) *ഡിയോട്ടി (διοτι), ഹോട്ടിയു (ὁτιυ)* - "because" "അതുകൊണ്ട്"
      (3) *എപെയി (επει), എപെയിഡി (επειδη), ഹോസ് (ὁς)*, - "since" "അതിനാൽ"
      (4) *ഡിയാ (δια)* (കർമ്മ വിഭക്തിയോടൊപ്പം) - "because" "എന്തുകൊണ്ടെന്നാൽ"
   d. അനുമാനസിദ്ധം
      (1) *അറാ (αρα), പോയിനൂൻ (ποιvυν), ഹോസ്ടെ (ὁστε)* - "therefore" "അതുകൊണ്ട്"
      (2) *ഡിയോ (διο)* (ശക്തമായ അനുമാന സമുച്ചയ പദം) "on which account" "whenfore" "therefore" "അക്കാരണത്താൽ" "അതുകൊണ്ട്"
      (3) ഔൻ *(ουν)* - "therefore", "so", "then", "consequently" "അക്കാരണത്താൽ" "അതുകൊണ്ട്" "തൽഫലമായി"
      (4) ടോയിനൗൻ *(τοιvουν)* - "Accordingly" "അതിനനുസരണമായി"
   e. എതിരായ അഥവാ വൈരുദ്ധ്യം
      (1) *അല്ലാ (αλλα)* (ശക്തമായ എതിര്) - "but" "except" "എങ്കിലും" "ഒഴിച്ച്"
      (2) *ഡെ (δε)* - "but", "however", "yet", "on the other hand" "എന്നാൽ," "എന്നിരുന്നാലും," "എന്നിട്ടും," "നേരെ മറിച്ച്"
      (3) *കായി (και)* - "but" "എന്നാൽ"
      (4) *മെന്റോയി (μεντοι), ഔൻ (ουν)* - "however" "എന്നിരുന്നാലും"
      (5) *പ്ലീൻ (πλην)* - "never-the-less" "എന്നിരുന്നാലും" (അധികവും ലൂക്കൊസിൽ)
      (6) *ഔൻ (ουν)* - "however" "എന്നിരുന്നാലും"
   f. താരതമ്യം
      (1) *ഹോസ് (ὁς), കാത്തോസ് (καθος)* (താരതമ്യ വാക്യവിഭാഗത്തെ അവതരിപ്പിക്കുന്നു)
      (2) *കാറ്റാ (κατα)*, (സംയുക്തങ്ങൾ *കാത്തോ (καθο), കാത്തോറ്റി (καθοτι), കാത്തോസ്പർ (καθοσπερ), കാത്താപെർ (καθαπερ)*
      (3) *ഹോസോസ് (ὁσος)* - എബ്രായ ലേഖനത്തിൽ
      (4) *ഈ (η)* - "than" "അതിനെക്കാളും"
   g. തുടരുന്നത് അഥവാ പരമ്പര
      (1) *ഡെ (δε)* - "and," "now" "ഉം," "ഇനി"
      (2) *കായി (και)* - "and" "ഉം"
      (3) *റ്റെയി (τει)* - "and" "ഉം"
      (4) *ഹിനാ (ἱνα), ഔൻ (ουν)* - "that" "അത്"
      (5) *ഔൻ (ουν)* - "then" "ഉടനെ" "അനന്തരം" - യോഹന്നാനിൽ

3. ഊന്നൽ പ്രയോഗങ്ങൾ
   a. *അല്ലാ (αλλα)* - "certainty," "yea," "in fact" "തീർച്ച," "അതേ," "വാസ്തവം"
   b. *അറാ (αρα)* - "indeed," "certainly," "really" "തീർച്ചയായും," "നിശ്ചയമായും" "വാസ്തവത്തിൽ"
   c. *ഗാർ (γαρ)* - "but really," "certainly," "indeed" "എന്നാൽ വാസ്തവമായി,""തീർച്ചയായും," "നിശ്ചയമായും"
   d. *ഡെ (δε)* - "indeed" "നിശ്ചയമായും"

e. *ഇയാൻ (εαν)* - "even" "പോലും"
f. *കായി (και)* - "even" "indeed," "really" "പോലും," "തീർച്ചയായും," "യഥാർത്ഥമായി"
g. *മെന്റോയി (μεντοι)* - "indeed" "തീർച്ചയായും"
h. *ഔൻ (ουν)* - "really," "by all means" "തീർച്ചയായും," "എല്ലാവിധത്തിലും"

VII. സോപാധിക വാചകങ്ങൾ

A. ഒന്നോ അധിലധികമോ ഉപാധികൾ അടങ്ങിയവയാണ് സോപാധിക വാചകം. ഈ വ്യാകരണ ഘടന വ്യാഖ്യാനത്തെ സഹായിക്കുന്നു, കാരണം അത് പ്രധാന ക്രിയ ചെയ്യുന്ന അഥവാ ചെയ്യാത്ത പ്രവൃത്തിയുടെ വ്യവസ്ഥകളും, കാരണങ്ങളും അഥവാ ഹേതുക്കളും നല്കുന്നു. നാലു തരത്തിലുള്ള സോപാധിക വാചകങ്ങളുണ്ട്. എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യം എന്നനുമാനിക്കുന്ന കാര്യം, അല്ലെങ്കിൽ അവന്റെ രചനോദ്ദേശ്യത്തെ പിന്തുണയ്ക്കുന്നതു മുതൽ കേവലം ഒരു ആഗ്രഹം വരെയുള്ളവ അതിലുൾപ്പെടുന്നു.

B. ഒന്നാംതരം സോപാധിക വാചകം "എങ്കിൽ" എന്ന പദത്തോടുകൂടിയായാൽ പോലും വെളിപ്പെടുത്തപ്പെട്ട പ്രവൃത്തി അല്ലെങ്കിൽ എഴുത്തുകാരന്റെ വീക്ഷണത്തിൽ സത്യമെന്നനുമാനിക്കുന്ന കാര്യം അല്ലെങ്കിൽ അവന്റെ രചനാപരമായ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളത് ഉൾപ്പെടുന്നു. നിരവധി സന്ദർഭങ്ങളിൽ അത് "അതിനാൽ," "എങ്കിൽ," "ആയതിനാൽ" എന്ന അർത്ഥത്തിൽ (ഒ.നോ. മത്താ. 4:3; റോമ. 8:31) എന്നു തർജ്ജമ ചെയ്യാൻ കഴിയും. എന്നിരുന്നാലും എല്ലാ ഒന്നാംതരം സോപാധിക വാചകങ്ങളും യാഥാർത്ഥ്യത്തിനു നിരക്കുന്നതാണെന്നു ഇത് അർത്ഥമാക്കുന്നില്ല. പലപ്പോഴും ഇത് ഒരു വാദപ്രതിവാദത്തിലെ വിഷയം ഉന്നയിക്കുന്നതിനോ അല്ലെങ്കിൽ ഒരു തെറ്റ് ചൂണ്ടിക്കാണിക്കുന്നതിനോ ഉപയോഗിക്കാറുണ്ട് (ഒ.നോ. മത്താ. 12:27).

C. രണ്ടാംതരം സോപാധിക വാചകത്തെ മിക്കപ്പോഴും "വസ്തുതാ വിരുദ്ധം" എന്നു വിളിക്കാറുണ്ട്. ഒരു വിഷയം സ്ഥാപിക്കുന്നതിനുവേണ്ടി യാഥാർത്ഥ്യത്തോടു പൊരുത്തപ്പെടാത്ത ഒന്നിനെ അതു പ്രസ്താവിക്കുന്നു. ഉദാഹരണങ്ങൾ:
1. ഇവൻ പ്രവാചകൻ ആയിരുന്നു എങ്കിൽ, അവൻ അതല്ല, തന്നെ തൊടുന്ന സ്ത്രീ ആരെന്നും എങ്ങനെയുള്ളവൾ എന്നും അറിയുമായിരുന്നു, അതവൻ അറിഞ്ഞില്ല" (ലൂക്കൊ. 7:39)
2. "നിങ്ങൾ മോശെയെ വിശ്വസിച്ചു എങ്കിൽ, അതു നിങ്ങൾ ചെയ്യുന്നില്ല, എന്നെയും വിശ്വസിക്കുമായിരുന്നു, അതു നിങ്ങൾ ചെയ്യുന്നില്ല" (യോഹ. 5:46)
3. "ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ, അതു ഞാൻ ചെയ്യുന്നില്ല, ഞാൻ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല, അതു ഞാൻ ആകുന്നു" (ഗലാ. 1:10)

D. മൂന്നാംതരം സോപാധിക വാചകം സാധ്യമായ ഭാവിപ്രവൃത്തിയെ സൂചിപ്പിക്കുന്നു. ആ പ്രവൃത്തിയുടെ സംഭവ്യതയാണ് അതനുമാനിക്കുന്നത്. സംഭവിക്കാനിടയുള്ള ഒന്നിനെ അതു സൂചിപ്പിക്കുന്നു. "എങ്കിൽ" വകുപ്പനുസരിച്ച് പ്രധാന ക്രിയയുടെ പ്രവൃത്തി സംഭവ്യതയുള്ളതാണ്. 1 യോഹന്നാനിൽ നിന്നുള്ള ഉദാഹരണങ്ങൾ: 1:6–10; 2:4,6,9,15,20,21,24,29; 3:21; 4:20; 5:14,16).

E. നാലാംതരം സോപാധിക വാചകം വിദൂര സാദ്ധ്യത മാത്രമുള്ളതാണ്. പുതിയനിയമത്തിൽ അത് അപൂർവ്വമാണ്. വാസ്തവത്തിൽ ഉപാധികളുടെ രണ്ടു ഭാഗങ്ങളും നിർവചനത്തിനു യോജിക്കുന്ന വിധത്തിലുള്ള പൂർണ്ണമായ ഒരു നാലാംതരം സോപാധിക വാചകം ഇല്ല എന്നു തന്നെ പറയാം. ഭാഗികമായ നാലാംതരത്തിന്റെ ഒരു ഉദാഹരണം 1 പത്രൊ. 3:14 ന്റെ പ്രാരംഭ ഭാഗമാണ്. സമാപനഭാഗത്തെ ഭാഗിക നാലാംതരം സോപാധിക വാചകം പ്രവൃ. 8:31 ലും കാണാം.

VIII. നിരോധനങ്ങൾ

A. *മി (μη)* ഘടകം ചേർന്ന വർത്തമാനകാല കല്പന പലപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഒരു പ്രവൃത്തി നിർത്തുക എന്ന ഊന്നൽ നല്കുന്നവയാണ്. ചില ഉദാഹരണങ്ങൾ: "ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത് (സ്വരൂപിക്കുന്നതു നിർത്തുക)" (മത്താ. 6:19); "വിചാരപ്പെടരുത് (വിചാരപ്പെടുന്നത് നിർത്തുക)" (മത്താ. 6:25); "നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിനു സമർപ്പിക്കരുത് (സമർപ്പിക്കുന്നത് നിർത്തുക)" (റോമ. 6:13); "ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത് (ദുഃഖിപ്പിക്കുന്നത് നിർത്തുക)" (എഫെ. 4:30); "വീഞ്ഞു കുടിച്ചു മത്തരാകരുത് (മത്തരാകുന്നത് നിർത്തുക)" (എഫെ. 5:18).

B. *മി (μη)* ഘടകം ചേർന്ന ഭൂതകാല അനുബന്ധത്തിന് ഒരു പ്രവൃത്തി "തുടങ്ങുകപോലും അരുത് അഥവാ ആരംഭിക്കരുത്" എന്ന ഊന്നലാണുള്ളത്. ചില ഉദാഹരണങ്ങൾ: "എന്നു നിരൂപീകരിക്കരുത് (നിരൂപിക്കാൻ ആരംഭിക്കപോലും അരുത്)" (മത്താ. 5:17); "നിങ്ങൾ വിചാരപ്പെടരുത് (വിചാരപ്പെടാൻ ആരംഭിക്കപോലുമരുത്)" (മത്താ. 6:31); "ലജ്ജിക്കാതെ (നീ ഒരിക്കലും ലജ്ജിക്കരുത്)" (2 തിമൊ. 1:18).

C. അനുബന്ധ ക്രിയാരൂപം ചേർന്ന ഇരട്ട നിഷേധം, വളരെ ശക്തമായ നിഷേധമാണ്. "ഇല്ല ഒരിക്കലു

മില്ല" അല്ലെങ്കിൽ "ഒരു സാഹചര്യത്തിലും ഇല്ല." ചില ഉദാഹരണങ്ങൾ: "ഒരുനാളും മരണം കാൺക യില്ല (അവൻ ഒരുനാളും, ഒരുനാളും മരണം കാൺകയില്ല)" (യോഹ. 8:15); "ഞാൻ ഒരുനാളും (ഞാൻ ഒരുനാളും ഇല്ല, ഇല്ല ഒരുനാളുമില്ല)" (1 കൊരി. 8:13).

IX. വിവേചകഭേദകം (Article)

A. കൊയ്നേ ഗ്രീക്കിൽ "the" എന്ന definite article ന് ഇംഗ്ലീഷിലേതിനു സമാനമായ ഉപയോഗമാണുള്ള ത്. ഒരു കൈചൂണ്ടിയുടെ അടിസ്ഥാന ധർമ്മമാണിതിനുള്ളത്: ഒരു വാക്ക്, നാമം, അഥവാ പ്രയോഗം എന്നിവയിലേക്ക് ശ്രദ്ധ ക്ഷണിക്കുക. പുതിയനിയമത്തിൽ ഓരോ എഴുത്തുകാരനും വ്യത്യസ്ത നിലക ളിലാണിതുപയോഗിക്കുന്നത്. Definite article താഴെപ്പറയുന്ന രീതിയിലും പ്രവർത്തിക്കും.

1. സൂചക സർവ്വനാമം പോലെ താരതമ്യത്തിനുള്ള ഉപാധിയായി
2. മുമ്പ് പരിചയപ്പെടുത്തിയ കർത്താവ് അഥവാ വ്യക്തിയെ സൂചിപ്പിക്കുന്നതിനുള്ള അടയാളമായി
3. ബന്ധപ്പെടുത്തുന്ന ക്രിയ ഉപയോഗിച്ച് ഒരു വാചകത്തിലെ കർത്താവിനെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗമായി. ഉദാ. "ദൈവം ആത്മാവാകുന്നു" (യോഹ. 4:24); "ദൈവം വെളിച്ചമാകുന്നു" (1 യോഹ. 1:5); "ദൈവം സ്നേഹം തന്നെ" (4:18,16).

B. ഇംഗ്ലീഷിലെ "a" "an" എന്നതിനു സമാനമായി കൊയ്നേ ഗ്രീക്കിൽ indefinite article ഇല്ല. Definite article ന്റെ അഭാവം സൂചിപ്പിക്കുന്നത്

1. ഒന്നിന്റെ സവിശേഷത അഥവാ ഗുണത്തിൽ ശ്രദ്ധയൂന്നുന്നു
2. ഒന്നിന്റെ വിഭാഗത്തിൽ ശ്രദ്ധയൂന്നുന്നു

C. വിവേചക ഭേദകം ഉപയോഗിക്കുന്ന കാര്യത്തിൽ പുതിയ നിയമ എഴുത്തുകാർ വിഭിന്നരാണ്.

X. ഗ്രീക്കു പുതിയനിയമത്തിൽ ഊന്നൽ നല്കുന്നതിനുപയോഗിച്ചിരിക്കുന്ന മാർഗ്ഗങ്ങൾ

A. പുതിയ നിയമത്തിൽ ഊന്നൽ നൽകുന്നതിനുപയോഗിച്ചിരിക്കുന്ന ടെക്നിക്കുകൾക്ക് എഴുത്തുകാർക്ക നുസരിച്ച് വ്യത്യാസമുണ്ട്. ഏറ്റവും സ്ഥിരതയുള്ളതും ഔപചാരികവുമായ എഴുത്തുകാർ ലൂക്കൊസും എബ്രായലേഖനകാരനുമാണ്.

B. ഭൂതകാല കർത്തരി സൂചകമാണ് ഊന്നലിനുള്ള സാധാരണം രീതിയെന്നും മറ്റേതൊരു കാലവും പ്രയോ ഗവും ക്രിയാരൂപവും വ്യാഖ്യാന പ്രാധാന്യമുള്ളതാണെന്നും നാം മുമ്പു പറഞ്ഞിരുന്നു. ഇതിനർത്ഥം ഭൂതകാല കർത്തരി സൂചകം സുപ്രധാന വ്യാകരണ അർത്ഥത്തിൽ കൂടെക്കൂടെ ഉപയോഗിച്ചിട്ടില്ല എന്ന ല്ല (ഉദാ. റോമ. 6:10 [2 പ്രാവശ്യം]).

C. കൊയ്നേ ഗ്രീക്കിലെ പദക്രമം

1. ഇംഗ്ലീഷിനെപ്പോലെ വാക്കുകളുടെ ക്രമത്തിൽ ആശ്രയിക്കാൻ കഴിയാത്ത ഒരു വക്രഭാഷയാണ് കൊയ്നേ ഗ്രീക്ക്. അതിനാൽ എഴുത്തുകാരന് പ്രതീക്ഷിക്കുന്ന സാധാരണ പദക്രമത്തെ മാറ്റാൻ കഴിയും. ഇത് ചെയ്യുന്നത്
   a. വായനക്കാരന്റെ മുമ്പിൽ താൻ ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നതെന്താണെന്നു എഴുത്തുകാ രന് വെളിപ്പെടുത്താൻ
   b. വായനക്കാരനെ വിസ്മയിപ്പിക്കുമെന്നു എഴുത്തുകാരൻ ചിന്തിക്കുന്നതെന്താണെന്നു വെളിപ്പെ ടുത്താൻ
   c. എഴുത്തുകാരനെ ആഴമായി സ്പർശിച്ചതെന്തെന്നു വെളിപ്പെടുത്താൻ
2. ഗ്രീക്കിലെ സാധാരണ പദക്രമം ഇപ്പോഴും പരിഹരിക്കാത്ത വിഷയമാണ്. എന്നിരുന്നാലും പ്രതീ ക്ഷിക്കാവുന്ന പദക്രമം:
   a. ബന്ധിപ്പിക്കുന്ന ക്രിയകൾക്ക്
      (1) ക്രിയ
      (2) കർത്താവ്
      (3) പൂരകം
   b. സകർമ്മക ക്രിയകൾക്ക്
      (1) ക്രിയ
      (2) കർത്താവ്
      (3) കർമ്മം
      (4) പരോക്ഷ കർമ്മം
      (5) ഉപസർഗക പ്രയോഗം
   c. നാമ പ്രയോഗങ്ങൾക്ക്
      (1) നാമം
      (2) അലങ്കാരം
      (3) ഉപസർഗക പ്രയോഗം

3. പദക്രമം അതിപ്രധാന വ്യാഖ്യാന വിഷയമാകാം. ഉദാഹരണത്തിന്
   a. "അവർ എനിക്കും ബർന്നബാസിനും കൂട്ടയ്മയുടെ വലംകരം തന്നു" (വലംകരം അവർ എനിക്കും ബർന്നബാസിനും തന്നു, കൂട്ടായ്മയുടെ – "കൂട്ടായ്മയുടെ വലങ്കരം" എന്ന പ്രയോഗം അതിന്റെ പ്രധാന്യം കാണിക്കുന്നതിനായി വിഭജിച്ചു (ഗലാ. 2:9).
   b. "ക്രിസ്തുവിനോടുകൂടെ" ആദ്യം കൊടുത്തിരിക്കുന്നു. അവന്റെ മരണം മധ്യത്തിലായി (ഗലാ. 2:20).
   c. "ഭാഗംഭാഗമായും വിവിധമായും" (എബ്രാ. 1:11) എന്നത് ആദ്യം കൊടുത്തിരിക്കുന്നു. അങ്ങനെയാണു ദൈവം തന്നെത്താൻ വെളിപ്പെടുത്തിയത്, അതു താരതമ്യപ്പെടുത്തിയിരിക്കുന്നു എന്നല്ലാതെ അതു വെളിപ്പാടിന്റെ വസ്തുതയല്ല.

D. സാധാരണയായി താഴെപ്പറയുന്ന രീതിയിൽ ഒരളവു വരെ ഊന്നൽ സാധ്യമാണ്:
   1. ക്രിയയുടെ വക്രരൂപത്തിൽ ഇതിനോടകം തന്നെ ഉൾപ്പെട്ടിട്ടുള്ള സർവ്വനാമത്തിന്റെ ആവർത്തനത്തിലൂടെ. ഉദാ. "ഞാൻ, ഞാൻ തന്നേ, ... നിങ്ങളോടുകൂടെ ഉണ്ട്" (മത്താ. 28:20)
   2. പ്രതീക്ഷിക്കുന്ന സമുച്ചയ പദത്തിന്റെ അല്ലെങ്കിൽ വാക്കുകൾ, പ്രയോഗങ്ങൾ, ഉപവാക്യങ്ങൾ അഥവാ വാചകങ്ങൾ എന്നിവയ്ക്കിടയിലുള്ള മറ്റു സംയോജകങ്ങളുടെ അഭാവത്തിലൂടെ. ഇതിനെ asyndeton ('അതിരില്ല') എന്നു വിളിക്കുന്നു. സംയോജക വസ്തു പ്രതീക്ഷിക്കുന്നിടത്ത് അതിന്റെ അഭാവം ശ്രദ്ധയാകർഷിക്കുന്നു. ഉദാഹരണങ്ങൾ:
      a. ഭാഗ്യവർണ്ണനകൾ, മത്താ. 5:3 ൽ (പട്ടികയ്ക്ക് ഊന്നൽ)
      b. യോഹ. 14:1 (പുതിയ വിഷയം)
      c. റോമർ 9:1 (പുതിയ ഭാഗം)
      d. 2 കൊരി. 12:20 (പട്ടികയ്ക്ക് ഊന്നൽ)
   3. നല്കപ്പെട്ട സന്ദർഭത്തിലൂടെ വാക്കുകളുടെയോ പ്രയോഗങ്ങളുടെയോ ആവർത്തനം. ഉദാ. "തന്റെ കൃപാ മഹത്വത്തിന്റെ പുകഴ്ചയ്ക്കായി" (എഫെ. 1:6, 12&14). ത്രിത്വത്തിലെ ഓരോ ആളത്വങ്ങളുടെയും പ്രവൃത്തി വെളിപ്പെടുത്തുന്നിനു ഈ പ്രയോഗം ഉപയോഗിച്ചിരിക്കുന്നു.
   4. പദങ്ങൾക്കിടയിലുള്ള ശൈലി അഥവാ ദ്വയാർത്ഥ പ്രയോഗം (ശബ്ദം)
      a. മൃദുക്തി (euphemisms) വിലക്കപ്പെട്ട വിഷയങ്ങൾക്ക് പകരം പദങ്ങൾ ഉദാ. മരണത്തിനു "നിദ്ര" (യോഹ. 11:11–14) അല്ലെങ്കിൽ പുരുഷന്റെ അരക്കെട്ടിന് "കാൽ" (രൂത്ത് 3:7–8; 1 ശമൂ. 24:3)
      b. വക്രോക്തി (circumlocutions) – ദൈവിക നാമത്തിന് പകരം പദങ്ങൾ, അതാ. "സ്വർഗ്ഗരാജ്യം" (മത്താ. 3:21) അല്ലെങ്കിൽ "സ്വർഗ്ഗത്തിൽ നിന്നൊരു ശബ്ദം" (മത്താ. 3:17).
      c. വാക്യാലങ്കാരം (fingurs of speech)
         (1) അസാദ്ധ്യ അതിശയോക്തി (മത്താ. 3:9; 5:29–39; 19:24)
         (2) ലഘുവായ അത്യുക്തി (മത്താ. 3:5; പ്രവൃ. 2:36)
         (3) മനുഷ്യരൂപാരോപണം (1 കൊരി. 15:55)
         (4) വൈരുദ്ധ്യം (ഗലാ. 5:12)
         (5) കാവ്യഭാഗങ്ങൾ (ഫിലി. 2:6–11)
         (6) വാക്കുകൾ തമ്മിലുള്ള ഉച്ചാരണ വ്യത്യാസം
            (a) "സഭ"
               (i) "സഭ" (എഫെ. 3:21)
               (ii) "വിളി" (എഫെ. 4:1,4)
               (iii) "വിളിക്കപ്പെട്ട" (എഫെ. 4:1,4)
            (b) "സ്വതന്ത്ര"
               (i) "സ്വതന്ത്ര സ്ത്രീ" (ഗലാ. 4:31)
               (ii) "സ്വാതന്ത്ര്യം" (ഗലാ. 5:1)
               (iii) "സ്വതന്ത്ര" (ഗലാ. 5:1)
      d. "ഭാഷാ ശൈലി – സംസ്ക്കാരത്തിനും ഭാഷയ്ക്കും തനതായുള്ളവ
         (1) "ഭക്ഷണ"ത്തിന്റെ ആലങ്കിരക പ്രയോഗം (യോഹ. 4:31–34)
         (2) "ആലയ"ത്തിന്റെ ആലങ്കാരിക പ്രയോഗം (യോഹ. 2:19; മത്താ. 26:61)
         (3) സഹാനുഭൂതിയുടെ എബ്രായശൈലി "അനിഷ്ടം" (ഉല്പ. 29:31; ആവ. 21:5; ലൂക്കൊ. 14:36; യോഹ. 12:25; റോമ. 9:31).
         (4) "എല്ലാവരും" വിപരീതം "പലർ." യെശ. 53:6 (എല്ലാവരും) 53:11 (പലർ) എന്നതുമായി താരതമ്യപ്പെടുത്തുക. റോമ. 5:18,19 കാണിക്കുന്നതുപോലെ ഇവ പര്യായപദങ്ങളാണ്.
   5. ഒരു പദത്തിനു പകരം ഒരു പൂർണ്ണ ഭാഷാപ്രയോഗത്തിന്റെ ഉപയോഗം. ഉദാ. "കർത്താവായ യേശുക്രിസ്തു"
   6. *ഔട്ടോസ് (αυτος)* ന്റെ പ്രത്യേക ഉപയോഗം
      a. വിവേചകഭേദകം ഒപ്പം വരുമ്പോൾ അത് "same" എന്നു പരിഭാഷപ്പെടുത്താം

b. വിവേചക ഭേദകം ഇല്ലാതെ അത് Reflective pronoun ആകും. “himself” “herself”

D. ഗ്രീക്ക് വായിക്കാൻ കഴിയാത്ത ബൈബിൾ വിദ്യാർത്ഥികൾക്ക് ഊന്നൽ വിവിധ നിലകളിൽ ഗ്രഹിക്കാം

1. ഒരു *അനലറ്റിക്കൽ ലെക്സിക്കൺ* അല്ലെങ്കിൽ *ഇന്റർലീനിയർ ഗ്രീക്ക്/ഇംഗ്ലീഷ് ബൈബിൾ*
2. ഇംഗ്ലീഷ് പരിഭാഷകളുടെ താരതമ്യം. ഉദാ. പദാനുപദ തർജ്ജമകളെ (KJV, NKJV, ASV, NASB, RSV, NRSV) “ഡൈനാമിക് ഇക്വലന്റ്” (ആശയപരമായ തർജ്ജമ) മായി (Williams, NIV, NEB, REB, JB, NJB, TEV) താരതമ്യപ്പെടുത്തുക. ബേക്കർ പ്രസിദ്ധീകരിച്ച *ദ ബൈബിൾ ഇൻ ട്വന്റി സിക്സ് ട്രാൻസ്ലേഷൻസ്* സഹായകരമാണ്.
3. ജോസഫ് ബ്രയന്റ് റോഥർഹാമിന്റെ *ദ എംഫസൈസ്ഡ് ബൈബിൾ*
4. ആക്ഷരിക വ്യാഖ്യാനത്തിന്റെ ഉപയോഗം
   a. *The American Standard Version* of 1901
   b. *Young's Literal Translation of the Bible* by Robert Young (Guardian Press, 1976)

ഗ്രാമർ പഠനം മുഷിപ്പനും ശ്രമകരവുമാണെങ്കിലും ശരിയായ വ്യാഖ്യാനത്തിന് അനിവാര്യമാണ്. ഈ ഹ്രസ്വ നിർവ്വചനങ്ങളും അഭിപ്രായങ്ങളും ഉദാഹരണങ്ങളും ഗ്രീക്കു വായിക്കാത്ത വ്യക്തികൾക്ക് ഈ വാല്യത്തിൽ കൊടുത്തിരിക്കുന്ന വ്യാകരണക്കുറിപ്പുകൾ മനസ്സിലാക്കുന്നതിന് സഹായമെന്ന നിലയിലാണ് ചേർത്തിരിക്കുന്നത്. തീർച്ചയായും ഈ നിർവ്വചനങ്ങൾ അതീവ ലളിതമാണ്. അവയെ ഒരിക്കലും കടുംപിടുത്തമായ, വഴക്കമില്ലാത്ത നിലയിൽ ഉപയോഗിക്കരുത്, മറിച്ച് പുതിയനിയമ പദവ്യത്യാസങ്ങൾ കൂടുതൽ മനസ്സിലാക്കുന്നതിനുള്ള ഒരു ചവിട്ടുപടി മാത്രമാണത്. പുതിയ നിയമത്തിന്റെ സാങ്കേതിക വ്യാഖ്യാനങ്ങൾ പോലെയുള്ള പഠനസഹായികളിലെ വിശദീകരണങ്ങൾ മനസ്സിലാക്കുന്നതിനും ഈ നിർവ്വചനങ്ങൾ വായനക്കാരെ സഹായിക്കുമെന്നു ആശിക്കുന്നു.

വേദപുസ്തകത്തിൽ നല്കപ്പെട്ടിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണു നമ്മുടെ വ്യാഖ്യാനം എന്നു വിലയിരുത്താൻ നമുക്ക് കഴിയണം. ഇത്തരം കാര്യങ്ങളിൽ ഏറ്റവും സഹായകരമായതാണ് വ്യാകരണം. മറ്റു കാര്യങ്ങൾ ചരിത്ര പശ്ചാത്തലം, സാഹിത്യ സാഹചര്യം, സമകാലിക പദപ്രയോഗം, സമാന്തര വേദഭാഗങ്ങൾ എന്നിവയാണ്.